11-3-1021

ട് അച്യുതമേനോൻ

തിരഞ്ഞ

ഗകൾ

മംഗളോദയം

ഏഴാംപതിപ്പ്:
1955 ഡിസമ്പർ
കോപ്പി: 2000

ഉജ്ജീവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

H.S.1021

അവതാരിക

'പിരുതൻശങ്കു'വിനു ഞാൻ ഒരു അവതാരിക എഴുതേണമെന്നു് എന്റെ ആ ഉത്തമസ്നേഹിതൻ എന്നോടാവശ്യപ്പെട്ടപ്പോൾ ഈശ്വരമതം ഇപ്രകാരമായിരുന്നുവെന്നു് ആർ വിചാരിച്ചു? കഷ്ടം! തന്റെ ബുക്കു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിക്കാനെങ്കിലും തനിക്കു യോഗമുണ്ടാകില്ലെന്നു ബുക്കു് അച്ചടിപ്പാൻ മംഗളോദയം കമ്പനിക്കാരെ ഏല്പിച്ചപ്പോഴും, ബുക്കു് അച്ചടി നടന്നുകൊണ്ടിരുന്ന ഇടയിൽ 1088 മിഥുനം ഒടുവിൽ ഞാൻ കുറെ അവധി എടുത്തു് എറണാകുളത്തുനിന്നു ചിറപ്പുക്കു പോകയും തന്റെ മരിച്ച ഭാര്യയുടെ വീടായ പട്ടഞ്ചേരി ചക്കുങ്കൽ മക്കളുടെ ശുശ്രൂഷയിൽ രോഗാതുരനായി കിടന്നിരുന്ന ആ സ്നേഹിതനെ ചെന്നു കാണുകയും ചെയ്ത അവസരത്തിൽ മേൽപ്രകാരം അവതാരിക എഴുതേണ്ട കാര്യം അദ്ദേഹം എന്നോടു പറഞ്ഞപ്പോഴും ഈ അവതാരികയ്ക്കു സംഭവിച്ച ഈ യോഗവും എന്റെ സ്നേഹിതനാകട്ടെ ഞാനാകട്ടെ ശങ്കിച്ചിരുന്നില്ല. ഈ നോവലിന്റെ കയ്യെഴുത്തുപകർപ്പാകട്ടെ അച്ചടിച്ചു കഴിഞ്ഞേടത്തോളം ഭാഗങ്ങളാകട്ടെ യാതൊന്നും ഞാൻ അന്നു കണ്ടിട്ടുണ്ടായിരുന്നില്ല. നോവലിലെ കഥതന്നെ എന്താണെന്നും എങ്ങിനെയാണെന്നുംകൂടി എനിക്കു മനസ്സിലായിട്ടുണ്ടായിരുന്നില്ല.

രോഗചികിത്സയ്ക്കുവേണ്ടി 1087 ഒടുവിൽ താൻ മദ്രാസിൽ ചെന്നു താമസിച്ചിരുന്ന കാലത്താണു് അച്ചുതമേ

നോൻ ഈ നോവൽ എഴുതിത്തുടങ്ങിയതു്. ഞാൻ തൃശ്ശി
വപേരൂർ തഹശീൽദാർ ആയിരിക്കുമ്പോൾ മദ്രാസിൽ
നിന്നും ശരീരസുഖവർത്തമാനങ്ങൾ കൂടക്കൂടെ എനിക്കു്
എഴുതി അയച്ചിരുന്ന കൂട്ടത്തിൽ ഒരെഴുത്തിൽ രോഗത്തി
ന്നു വളരെ ശാന്തിയുണ്ടെന്നും, സമയം ചിലവുചെയ്യാൻ
താൻ ഒരു മലയാളനോവൽ എഴുതുവാൻ തുടങ്ങീട്ടുണ്ടെന്നും
പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. രോഗത്തിന്നു ചികിത്സിച്ചു
താമസിക്കുന്നതുകൊണ്ടു ശരീരത്തിനേയും മനസ്സിനേയും
അമിതമായി യാതൊരു വിധത്തിലും ക്ലേശിപ്പിക്കരുതെന്നു
ഞാൻ മറുപടി അയച്ചതിൽ പ്രത്യേകമായി പ്രസ്താവിക്കു
കയും ചെയ്തിട്ടുണ്ടായിരുന്നു. പിന്നീടു് ഒന്നരണ്ടു മാസം
കഴിഞ്ഞപ്പോൾ ദീനത്തിന്നു തീരെ ഭേദം കിട്ടുവാൻ പ്രയാ
സമാണെന്നും, എന്നാൽ കുറെ ആശ്വാസമുണ്ടെന്നും, നോ
വൽ എഴുതിക്കഴിഞ്ഞു എന്നും, താൻ നാട്ടിലേയ്ക്കു മടങ്ങി
വരുന്നുണ്ടെന്നും, മുമ്പത്തെപ്പോലെ തന്റെ തൊഴിലായ
വക്കീൽപണി നടത്തി ഉപജീവനം കഴിപ്പാൻ ദുസ്സാദ്ധ്യ
മായി തോന്നുന്നു എന്നും മറും കാണിച്ചു നാട്ടിലേയ്ക്കു മട
ങ്ങിവരുന്നതിന്നു കുറച്ചു ദിവസംമുമ്പു് എനിക്കു തൃശ്ശിവ
പേരൂക്കു് ഒരു എഴുത്തു് അയച്ചിട്ടുണ്ടായിരുന്നു. നാട്ടി
ലേയ്ക്കു മടങ്ങിവന്നതിന്റെ ശേഷം പട്ടഞ്ചേരിയിൽ തന്റെ
മക്കളുടെ വീട്ടിൽത്തന്നെ പാർക്കുകയും പ്രത്യേകവേഴ്ചയുള്ള
ചില കക്ഷികളുടെ നിർബ്ബന്ധത്താൽ അടുത്തുള്ള ചി
റവൂർ മുൻസിഫ്- മജിസ്ട്രേട്ട കോർട്ടുകളിൽ ഒന്നോ രണ്ടോ
കേസ്സുകൾക്കും തൃശ്ശിവപേരൂർ ഡിസ്ട്രിക്ടു് മജിസ്ട്രേട്ട കോ
ട്ടിൽ ഒരു കേസ്സിനും ഹാജരാവുകയും ചെയ്തു.

ഡിസ്ട്രിക്ട് മജിസ്ട്രേട്ടകോട്ടിൽ കേസ്സിന്നുവേണ്ടി അച്യുതമേനോൻ തൃശ്ശിവപേരൂക്ക് വന്നതു 1087 കുംഭകത്തിലാണു്. അന്നു ഞാൻ ഒരുമിച്ചു് ഒരു ദിവസം താമസിച്ചാണു് അച്യുതമേനവൻ നാട്ടിലേയ്ക്കു മടങ്ങിപ്പോയതു്. അന്നു കണ്ടപ്പോൾ ശരീരത്തിന്നു സാമാന്യം ശോഷണം പറ്റി മുമ്പുണ്ടായിരുന്ന ദാർഢ്യവും ബലവും ധാരാളം കുറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും തക്കതായ ചികിത്സയും ക്രമമായ ദിനചര്യയും നടത്തി വലുതായ മനഃക്ലേശങ്ങൾ ഒന്നും കൂടാതെ ഇരുന്നാൽ കുറെക്കാലംകൂടി ജീവിച്ചിരിപ്പാൻ സാദ്ധ്യമായിട്ടുള്ളതായിരുന്നു എന്നതന്നെയായിരുന്നു എന്റെ വിശ്വാസം. അച്യുതമേനോൻ സ്വതേ തന്നെ ഒരു ധീരപ്രകൃതിക്കാരനായിരുന്നതിനാൽ അരോഗത സമ്പാദിപ്പാൻ കഴിയുന്ന ശ്രമം ചെയ്വാൻ ഒരുക്കമുള്ള ആളും ആയിരുന്നു.

1087 കുംഭകത്തിൽ അച്യുതമേനവൻ തൃശ്ശിവപേരൂക്ക് വന്നപ്പോൾ നോവലിന്റെ കായ്ത്തെപ്പറ്റി, ഞങ്ങൾക്കു രണ്ടുപേർക്കും ആ സംഗതി പേരെ കായ്ച്ചുകാണുമെന്നു മിത്തം കാമ്പയിൽവരാതിരുന്നതിനാൽ, യാതൊന്നും തമ്മിൽ സംസാരിക്കയുണ്ടായില്ല. തൃശ്ശിവപേരൂരിൽനിന്നു മടങ്ങിപ്പോയശേഷം മദ്രാസിൽവെച്ചു് എഴുതിയ ബുക്കു പട്ടഞ്ചേരിയിൽ അതു വെച്ചിരുന്ന സ്ഥലത്തു് ഇരുന്നു നിശ്ശേഷം ചിതൽ പിടിച്ചു നശിച്ചുപോയതായി കണ്ടുവത്രേ. ഇപ്പോൾ അച്ചടിച്ചിട്ടുള്ളതു് അതിനുശേഷം രണ്ടാമതു് എഴുതിയുണ്ടാക്കിയതാണു്. ആദ്യം എഴുതിയതു നശിച്ചുപോയതിനാൽ വലുതായ വ്യസനം തട്ടീട്ടുണ്ടായിരു

ന്നു. ആ കാരണത്താലും മറ്റു പ്രകാരത്തിലുള്ള ചില ശ
ല്യങ്ങളാലും കഠിനമായ മനോവേദന തട്ടി രോഗത്തിന്നു
വർദ്ധനയുണ്ടായി എന്നും ഊഹിപ്പാൻ മാർഗ്ഗമുണ്ടു്. ആ സ
മയത്താണു് നോവൽ മുഴുവനും രണ്ടാമതു് എഴുതുവാൻ തീ
ച്ചയാക്കിയതും അതിന്നുവേണ്ടി വലുതായ മനഃക്ലേശംചെ
യ്തതും. തൃശ്ശിവപേരൂരിൽവെച്ചു കണ്ടതിൻെറശേഷം ചി
ന്നെ ഞാൻ അച്ചുതമേനവനെ കണ്ടതു് എന്നോടു് അവ
താരിക എഴുതുവാൻ ആവശ്യപ്പെട്ട എന്നു മുൻപ്രസ്താവി
ച്ച ആ അവസരത്തിലാണു്. ഞാൻ അതിന്നു് അടുത്തു
തന്നെ കർക്കടകമാസം 15_ാംനു-യോടുകൂടി എറണാകുള
ത്തേയ്ക്കു പോകുവാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനാൽ
പോകുന്നവഴിക്കു തൃശ്ശിവപേരൂർ ഇറങ്ങി മംഗളോദയം ക
മ്പനിവക അച്ചുകൂടത്തിൽനിന്നു് അച്ചടിച്ചുകഴിഞ്ഞിട്ട
ള്ളേടത്തോളം ഭാഗങ്ങൾ മേടിച്ചുകൊണ്ടുപോയി വായി
ക്കേണമെന്നും ചിന്നീട്ടുള്ള ഭാഗങ്ങളിൽ അച്ചടി തീരുന്ന
ഥാരങ്ങൾ അപ്പപ്പോൾ വായിച്ചുനോക്കി ബുക്കു് അച്ചടി
കഴിയുന്നതോടുകൂടി പ്രസ്താവന തെയ്യാറാക്കി അയയ്ക്കേണ
മെന്നും അതിന്നു കമ്പനിമാനേജരോടു് ഏർപ്പാടു ചെയ്യേ
ണമെന്നും വേറേയും പല സംഗതികളും എന്നോടു് അച്ചു
തമേനോൻ പറകയുണ്ടായി. എൻെറ സ്നേഹിതൻ ആവ
ശ്യപ്പെട്ടപോലെ ഞാൻ എറണാകുളത്തേയ്ക്കു പോകുംവഴി
തൃശ്ശിവപേരൂർ ഇറങ്ങി മംഗളോദയം അച്ചുകൂടത്തിൽ
പോയി അതുവരെ അടിച്ചുകഴിഞ്ഞേടത്തോളം ഭാഗങ്ങൾ
7_ാംഅദ്ധ്യായംവരെ ഉള്ളതു്, മേടിച്ചതായ 1088 കർ
ടകം 19_ാംനു- വ്യാഴാഴ്ചദിവസം ആ സ്നേഹിതൻ ഇവ

ലോകവാസം ഉപേക്ഷിച്ചതായി പിറേറന്നു് എറണാകുള
ത്തു് എത്തിയശേഷം എനിക്കു വർത്തമാനം കിട്ടി. ഈ
ശപരാജ്ഞ അലംഘനീയമാണല്ലോ.

ബുക്കടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു ചില പ്രത്യേ
കനിശ്ചയത്തിന്മേൽ ഗ്രന്ഥകർത്താവു മംഗളോദയം കമ്പ
നിക്കാരെ ഏല്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. അവതാരിക
എഴുതുന്ന കാര്യം ഗ്രന്ഥകർത്താവു ജീവിച്ചിരിക്കുന്നതാണെ
ങ്കിൽ ഒരു സമയം വേണമെങ്കിൽ എനിക്കു വേണ്ടെന്നു
വെയ്ക്കാം. ഒരു പ്രകാരത്തിൽ നോക്കിയാൽ ആരുടെ ആ
വശ്യത്തിനുവേണ്ടി ഞാൻ അവതാരിക എഴുതാമെന്നു്
ഏറ്റുവോ, അയാളുടെ അഭാവത്തോടുകൂടി ആ ആവശ്യ
വും നശിച്ചുപോയിരിക്കുന്നു. പക്ഷേ എന്റെ സ്നേഹിത
ന്റെ വാക്കു 'പിരുതൻശങ്കു'വിനു ഞാൻ അവതാരിക എ
ഴുതേണമെന്നായിരുന്നതുകൊണ്ടും ആ സ്നേഹിതൻ അങ്ങി
നെ ഒരു ഭാരം ഏല്പിച്ചു മരിച്ചുപോയതുകൊണ്ടും ആ വാ
ക്കിനു് ഈശപരാജ്ഞപോലെ ഒരു പ്രാബല്യം സിദ്ധിച്ച
തായി വിചാരിക്കേണ്ടതാണെന്നു് എനിക്കു തോന്നീട്ടുള്ള
തിനാലും മംഗളോദയം കമ്പനി മാനേജർ മിസ്റ്റർ കുഞ്ഞി
രാമമേനോൻ എന്റെ അവതാരിക കൂടാതെ ബുക്കു പ്രസി
ദ്ധപ്പെടുത്തുവാൻ വൈമനസ്യം കാണിക്കുന്നതിനാലും ഇ
തു ഞാൻ എഴുതുന്നതാകുന്നു.

നോവലിലെ കഥയെക്കുറിച്ചോ അതിലെ പാത്രങ്ങ
ളെക്കുറിച്ചോ ഒരു ഗുണദോഷനിരൂപണം ചെയ്യു് ഈ പ്ര
സ്താവന ദീർഘിപ്പിച്ചിട്ടാവശ്യമോ ഈ അവതാരികയിൽ
അങ്ങിനെ ചെയ്യുന്നതിൽ ഒരു ഔചിത്യമോ ഉണ്ടെന്നു

ഞാൻ വിചാരിക്കുന്നില്ല. കഥയിലെ നായകനായ വിശ്വ
നൻശങ്കുവിനു ത്യാജ്യങ്ങളായ ചില ദുഷ്ടസംഘങ്ങളിൽ
ചേർന്നു നടക്കുന്നതിനും അവരുടെ അനാശാസ്യമായ ചി
ല നടപടികളിൽ പങ്കുകൊള്ളുന്നതിനും സംഗതി വന്ന
തു്, ഈ സംസാരസമുദ്രത്തിൽ കിടക്കുമ്പോൾ എത്ര ധീര
നായാലും ചിലപ്പോൾ മനുഷ്യനു് ഒഴിക്കുവാൻ സാധി
ക്കാതെ വരുന്നപോലെയുള്ള ചില ബന്ധനങ്ങളിൽനിന്നു
ജനിക്കുന്ന കഷ്ടകാലങ്ങളുടെ കർക്കശതനിമിത്തമാണെ
ന്നും, താൻ അതിൽനിന്നു് ഒഴിയുവാൻ തക്ക നിലയിലെ
ത്തിയപ്പോൾ ആവക ദുഷ്ടന്മാരെ സന്മാർഗ്ഗത്തിലേയ്ക്കു വീ
ണ്ടെടുക്കുകയും താൻ ചെയ്തേണ്ടിവന്ന നിസ്സാരങ്ങളും പ
രിഹാര്യങ്ങളും ആയ ഹീനകൃത്യങ്ങൾക്കു മതിയായ വിധ
ത്തിൽ പരിഹാരങ്ങൾ ചെയ്കയും ചെയ്തതിനാൽ മൻചെ
യ്ത പ്രവൃത്തികളുടെ മാലിന്യത്തിനു നിവൃത്തിയുണ്ടായി
എന്നും ആകുന്നു തന്റെ കഥകൊണ്ടു ഗ്രന്ഥകർത്താവു
ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള തത്തുല്യോപദേശം. പക്ഷേ ഈ
കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിനു വഴിയില്ലെന്നു
ഞാൻ പറവാൻ ഒരുക്കമില്ലാത്തതും ആകുന്നു. അതു് എ
ങ്ങിനെയായിരുന്നാലും 'അമ്മായിപഞ്ചതന്ത്രം' എഴുതിയ
തൂലികയുടെ പ്രത്യേകരസികതപം ഈ നോവലിലും ധാരാ
ളം പ്രതിഫലിച്ചു കാണുന്നുണ്ടെന്നു് ഈ നോവൽ വായി
ക്കുന്ന മലയാളികൾക്കു് അറിവാൻ പ്രയാസമില്ലാത്തതും,
അച്ചുതമേനോൻ ശരീരത്തിനും മനസ്സിനും ശല്യം കൂടാ
തിരിക്കുന്ന ഒരു കാലത്താണു് ഈ ഉദ്യമം ആയിരുന്നതു്
എങ്കിൽ ആ തൂലികയുടെ രസികതപം ഇതിലധികം പ്ര

കാശിച്ചുകാണുമായിരുന്നു എന്നു് എനിക്കു പൂണ്ണബോധ്യ മുള്ളതും ആകുന്നു. ഇനി ആ കഥ പ്രസ്താവിച്ചിട്ടു് ആവ ശ്യമില്ലല്ലോ.

സ്നേഹിക്കുവാൻ ഇതിലധികം നന്നായിട്ടു് ഒരു മനു ഷ്യനെ എന്റെ പരിചയത്തിൽ ഞാൻ കണ്ടിട്ടില്ല. സ്നേ ഹത്തിനു കൊഴുപ്പും വിശ്വാസത്തിനു് ഉറപ്പും പ്രകൃതി യുടെ നിഷ്കളങ്കതയും മറ്റും അനേകസൽഗുണങ്ങ ളും തികഞ്ഞ ആ മനുഷ്യന്റെ വിയോഗത്താൽ തന്റെ സ്നേ ഹിതന്മാക്കും രസകരമായ ഗദ്യരചനാവിഷയത്തിൽ മല യാളഭാഷയ്ക്കും ഒരു നല്ല നഷ്ടം വന്നിട്ടുണ്ടെന്നു പറയുന്ന തിൽ ശങ്കിക്കുന്നവർ ആരും ഉണ്ടാകുന്നതല്ല.

ചിറയർ,
1089 കന്നി 8-ാംനു-

സി. എസ്സ്. ഗോപാലപ്പണിക്കർ
ബി. എ.

1021

വിരുതൻശങ്കു

അദ്ധ്യായം ൧

മലയാളത്തു തറവാട്ടുകൾ ചിന്നിച്ചിതറി പോകുന്നതിന്നു പലേ കാരണങ്ങളുണ്ടു്. സംബന്ധക്കാരായി വരുന്നവർ എണ്ണയും കച്ചയും അത്യാവശ്യമായ പണ്ടംപാത്രങ്ങളും കൊടുക്കുക എന്നുള്ള പഴയ നടവടി വിട്ടു ഭൂസ്വത്തും കൂട്ടികൊടുക്കും സ്വകാര്യസ്വത്തു കൊടുക്കുന്ന നടവടി പതിവായി വരുന്തോറും സ്വാത്ഥങ്ങൾ വർദ്ധിച്ചും പണത്തിന്റെ ഉപ്പുകൊണ്ടു സമതലം പോയി മേന്മ നടിക്കുകനിമിത്തം സ്വരച്ചേർച്ചയില്ലായ്മ വർദ്ധിച്ചും തറവാട്ടുകൾ ഭിന്നിക്കുന്നതു പണ്ടത്തേതിലധികം സാധാരണയായിവരുന്നുണ്ടു്. തറവാട്ടിൽ കൈകാര്യകർത്തൃത്വമുള്ളവരുടെ ഭാര്യമാരായി വരുന്നവരുണ്ടാക്കുന്ന മത്സരംകൊണ്ടു പിരിയുന്നതു് അന്നുമിന്നും ഒരുപോലെതന്നെ. പൂവകത്തു വീട്ടുകാർ പിരിഞ്ഞതു സ്വകാര്യസ്വത്തുകൊണ്ടുമല്ല, വിരുന്നുകാരിയുടെ വിരുതുകൊണ്ടുമല്ല. പൂവകത്തെ കുലദൈവം മനോഭവശത്രുവായിരിക്കുന്ന വിത്രുപാക്ഷനായിരുന്നതുകൊണ്ടായിരിക്കാം. ധനികന്മാരെ ആകർഷിക്കത്തക്ക കന്യാപ്രഭവം ചേരമാൻ

പെരുമാളുടെ കാലംമുതല്ക്കു് ആ തറവാട്ടിൽ ഉണ്ടായിട്ടുള്ള തായി കേൾവിയില്ല. അവിടെ ജനിക്കുന്ന കോങ്കണ്ണന്മാക്ക് വിവാഹത്തിൽ സ്ഥിരതയും ഉണ്ടായിക്കണ്ടിട്ടില്ല. ഈ വീട്ടുകാർ ഭാഗിച്ചു പിരിയുന്നകാലത്തു കാരണവനായിരുന്ന ഉക്കോമനുണ്ണിനായരും മധുകരന്റെ വൃത്തിക്കാരനായിരുന്നു. ആ ദുർവൃത്തിക്കു പുറമെ പതിനെട്ടാം വയസ്സിൽ കാരണവസ്ഥാനവും ഉക്കോമനുണ്ണിനായക്കു കിട്ടിയെങ്കിലും അദ്ദേഹത്തിന്റെ ആയുസ്സു കൊടുങ്ങല്ലൂർകോവിലകത്തുനിന്നു കുറിച്ചു കുറിയിലും മയയവനമണിസ്ഥാടികളുടെ ആയുർദ്ദായക്കണക്കിലും കവിഞ്ഞു എന്നമാത്രമല്ല അരോഗദൃഢഗാത്രത്തിൽ ജരാനരകളും ബാധിച്ചില്ല. അങ്ങിനെ വന്നതു തൊഴത്തിൽകുത്തും തലയണമന്ത്രവും ഇല്ലാത്തതുകൊണ്ടാണെന്നറിയുന്നവർ വളരെ കുറയും. കാരണവരുടെ ദീർഘായുസ്സിന്റെ കാരണമെന്തായാലും അതു് അദ്ദേഹത്തിനു് എത്രതന്നെ സന്തോഷപ്രദമായാലും പൂവകത്തെത്തായ്വഴിക്കാരണവന്മാരായ അനന്തിരവന്മാക്കു് ഉക്കോമനുണ്ണിനായരുടെ ദീർഘായുസ്സു ദുസ്സഹദുഃഖപ്രദമായിരുന്നു. ചത്തൊഴിയാൻ വഴിയ്ക്കടത്തുകണ്ടതുകൊണ്ടും പൂവകത്തെത്തറവാട്ടിന്റെ സുകൃതക്ഷയകാലത്തിൽ സ്ഥിരത കിട്ടിയ തങ്ങളുടെ വിവാഹബന്ധത്തിൽ പത്തിലധികം മക്കളുണ്ടായിട്ടും സ്വത്തൊന്നും കൊടുക്കുന്നതിനു തരം കിട്ടാത്തതുകൊണ്ടും കഴിയുന്നവേഗത്തിൽ ഭാഗിച്ചുപിരിയേണമെന്നുള്ള വിചാരം അനന്തിരവന്മാക്കു വളർന്നുവന്നതോടുകൂടി ആ പ്രദേശത്തുള്ള വാലുപോയ കുറുക്കന്മാരുടെ പ്രേരണയും ഉണ്ടായിരിക്കുന്നതുകൊണ്ടാണു് പൂവകത്തെത്തറവാട്ടം ചിതറിപ്പോയതു്.

ഭാഗം കഴിയുന്നതിന്നുമുമ്പു പിരിഞ്ഞുപോയാൽ പലേ സുഖങ്ങളുമുണ്ടാകുമെന്നു് എല്ലാവരും വിചാരിച്ചിരുന്നുവെങ്കിലും ഭാഗം കഴിഞ്ഞതിന്നുശേഷം ഭവിച്ചതു മറിച്ചാണു്. ഭാഗപത്രം എഴുതി ഒരു പന്തീരാണ്ടു കഴിയുന്നതിന്നുമുമ്പു നാലായി പിരിഞ്ഞു പൂവകത്തെത്തറവാട്ടു നാനാവിധമായി നാമാവശേഷമായി എന്നേ പറയേണ്ടു. അവസാനത്തിൽ ശേഷിച്ച ശാഖയിലെ കാരണവർക്കു സംബന്ധമുണ്ടായതു ഭർത്തൃകുടുംബത്തിൽ കലഹമുണ്ടാക്കിത്തീർന്ന കായ്ത്തിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുണ്ടായിരുന്ന കുണ്ടിലെ എന്നൊരു വീട്ടിലായിരുന്നു. ഈ കാരണവർക്കു് ഉക്കണ്ണനുണ്ണി എന്നാണു് പേർ. കുണ്ടംകൊണ്ടു് ഉക്കണ്ണനുണ്ണിനായർ കുണ്ടിൽ ചാടിയതു് എങ്ങിനെ എന്നു സംശയിക്കുന്നവരുടെ സംശയനിവൃത്തിക്കായി ആ സംബന്ധം ഉണ്ടായതിന്റെ ചരിത്രത്തിൽ കുറഞ്ഞൊന്നിവിടെ പ്പറയാം.

ഉക്കണ്ണനുണ്ണിനായർ അടങ്കറപ്പിട്ടങ്കറ അയ്യങ്കാർ എന്നു വിളിച്ചുവരുന്ന ഒരു വക്കീലിന്റെ ഗുമസ്തനായിരുന്നു. കുണ്ടിലെ വീട്ടു് അടങ്കറപ്പിട്ടങ്കറ അയ്യങ്കാർ പണി എടുക്കുന്ന കോടതിയുടെ അയൽവളപ്പിലാണു്. ഒരു ദിവസം ഉച്ചസമയത്തു് ദാഹശമനത്തിനുവേണ്ടി ഉക്കണ്ണനുണ്ണിനായർ കുണ്ടിലെ വീട്ടിൽ കയറിച്ചെന്നു വെള്ളം ചോദിച്ചു. കുണ്ടിലെ ഭാര്യവിയമ്മ ഉക്കണ്ണനുണ്ണിനായർക്കു് ഒരു കസേരി ഇട്ടുകൊടുത്തു കാപ്പിയും പലഹാരവും മുറുക്കാനും കൊടുത്തു. മുമ്പു പരിചയമില്ലാത്തവർ ആവശ്യപ്പെട്ടതിലധികം ആതിഥ്യമാകട്ടെ ചെയ്യുമ്പോൾ 'ഹേതുരത്ര ഭവിഷ്യ

തി' എന്നു ആലോചിക്കുന്നവക്കെല്ലാം തോന്നുമെങ്കിലും വിചാരിച്ചതിലധികം കിട്ടിയതുകൊണ്ടുള്ള സന്തോഷത്തിൽ മുങ്ങുന്നവരല്ലാതെ അതിന്റെ കാരണത്തെപ്പറ്റി ദീർഘവിചാരം ചെയ്യുന്നവർ എത്രയോ ഒല്പ്പം. 'കോടതിവക്കത്തിരുന്നു് ഇങ്ങിനെ സല്ലാപം ചെയ്തുതുടങ്ങിയാൽ മുതലാകില്ല' എന്നു് ഉക്കണ്ണനുണ്ണിനായരും 'കോടതയിൽ വരുന്നവരും അവിടെനിന്നു ഇവിടെ വരുന്നവരും എല്ലാം പൂവകത്തു വീട്ടുകാരല്ലല്ലോ' എന്നു ഭാര്ഗ്ഗവിയമ്മയും പറഞ്ഞു. ഇങ്ങിനെ ഭാര്ഗ്ഗവിയമ്മ തന്നെക്കയറിവെച്ചപ്പോൾ താനറിയാതെ ഒരു പടവു കയറി. ഉക്കണ്ണനുണ്ണിനായർ കുണ്ടിലെ വീട്ടിൽനിന്നു മടങ്ങിപ്പോകുകയും ചെയ്തു. ഭാര്ഗ്ഗവിയമ്മ മുൻകരുതലോടുകൂടി പ്രയോഗിച്ച പ്രയോഗം നിഷ്ഫലമായില്ല. കുറെ ദിവസം കഴിഞ്ഞതിന്നുശേഷം ഇതുപോലെതന്നെ ഓഹിച്ചപ്പോൾ കുണ്ടിലെ വീട്ടിൽ ചെന്നു വെള്ളം കടിക്കുന്നതിന്നു് ഉക്കണ്ണനുണ്ണിനായക്കു് ആഗ്രഹമുണ്ടായി. വെള്ളത്തിനു പകരം കാപ്പി കിട്ടുമെന്നു് ഉക്കണ്ണനുണ്ണിനായർ വിചാരിച്ചിരുന്നുവെങ്കിലും കയറിച്ചെന്ന ഉടനെ തനിക്കു കാപ്പിയും മറ്റും ആവശ്യമില്ലെന്നും വെറും വെള്ളം മതിയെന്നും പറഞ്ഞു. അവിടെ ഇട്ടുകൊടുത്ത കസേരയിലിരുന്നു് ഒരു മിനിട്ടോ മറ്റോ കഴിയുന്നതിലകത്തു ഭാര്ഗ്ഗവിയമ്മയുടെ മകൾ കുമുദമെന്നു പേരായ ഒരു കന്യക ഒരു കോപ്പ കാപ്പിയും പലഹാരവും കൊണ്ടുപോയി കൊടുത്തു. തലമിനുക്കിപ്പിന്നിയിട്ടു കെട്ടി പട്ടുപാവാടയും കുട്ടിക്കുപ്പായവും കാതിലോലയും പാലക്കാമോതിരവും ധരിച്ചു കാപ്പി തൂകുമെന്നുള്ള വേടിയാൽ അതിൽത്തന്നെ നോക്കിക്കൊണ്ടു് അടിയിന്മേലടിവെച്ചു രംഗപ്രവേശനംചെ

യ്ത ആ 'പെൺകിടാവെത്തന്നെ തോന്നീടുമത്രേ സതത
മൊരുദിനം കണ്ടവന്നിരിലോകുംം'. എന്തിനു വളരെപ്പ
റയുന്നു! ഉക്കണ്ണനുണ്ണിനായർ ദിവസംപ്രതി കണ്ടിലെ വീ
ട്ടിൽ കാപ്പി കുടിക്കാൻ പോയിത്തുടങ്ങി. ഭാഗ്യവിയമ്മ
യുടെ മുഖത്തിൽനിന്നു കുമുദത്തിന്റെ ബുദ്ധിസാമർത്ഥ്യ
ങ്ങളും സത്സ്വഭാവങ്ങളും ഓരോന്നായി കേട്ടുകേട്ട ഉക്കണ്ണ
നുണ്ണിനായർക്കു കുമുദത്തിനെ ഭാര്യയായി കിട്ടാൻ ആഗ്രഹ
മുണ്ടായി വർദ്ധിച്ചുതുടങ്ങി. ഉക്കണ്ണനുണ്ണിനായരുടെ ആ
ഗ്രഹം വർദ്ധിക്കുന്തോറും ഭാഗ്യവിയമ്മ കുമുദത്തിനെ ഉക്കണ്ണ
നുണ്ണിനായരുടെ ദൃഷ്ടിയിൽനിന്നു് അകറ്റിത്തുടങ്ങി. അ
കലുംതോറും ആശ പെരുത്തുതുടങ്ങി. അഞ്ചാറുമാസത്തി
ലകത്തു കുമുദം ഉക്കണ്ണനുണ്ണിനായരുടെ ഭാര്യയായി.

ഉക്കണ്ണനുണ്ണിനായർ കണ്ടിലായതുകൊണ്ടു കുടുംബ
ക്കാർക്കെല്ലാം കരുപോലെ സങ്കടം നേരിട്ടു. കുടുംബഭരി
പാലനം ചെയ്യുന്നവർ കുടുംബത്തോടുകൂടി പാർക്കാതിരു
ന്നാൽ അതുനിമിത്തം ഉണ്ടാകുന്ന കുടുംബദുഃഖം എണ്ണി
യാലൊടുങ്ങില്ല. കാരണവന്മാർ ഇതിനെപ്പറ്റി പൂർണ്ണമാ
യി ആലോചിച്ചറിയാത്തതുകൊണ്ടു കാരണവരുടെ ഭാര്യ
യും വീട്ടുകാരുമായി അനേകവിധം ശണ്ഠകൂർമ്മം കാരണ
വരായി കൈകാര്യവ്യവഹാരത്തിനും മുതൽനാശത്തിനും
ഇടവരുന്നതു സാധാരണ കണ്ടുവരാറുള്ളതാണല്ലോ. കാ
ര്യാദികളിൽ വീഴ്ച വന്ന കുടുംബക്കാർക്കു സങ്കടം സംഭവി
ക്കുമ്പോൾ ദുഃഖകൂർമ്മം കിടവരുന്നു. അതുകളെ കുന്നിനു പ
ത്തെന്ന തോതിൽ കൂട്ടിപ്പറഞ്ഞു തലയണമന്ത്രം ഭാര്യ തുട
ങ്ങുന്നു. അങ്ങിനെ വരുമ്പോൾ കാര്യാദികളിൽ വീഴ്ച
എന്നുള്ളതു മാറി മനഃപൂർവ്വമായ കുടുംബദ്വേഷം തുടങ്ങുന്നു.

ഉടൻതന്നെ ശണ്ഠയും വ്യവഹാരങ്ങളും വർദ്ധിച്ചു കുടുംബ
സ്വത്തും കുടുംബവും നശിക്കുന്നു. ഇങ്ങിനെ എത്രയോ ത
റവാടകൾ നശിച്ചുപോകുന്നുണ്ട്.

കുടുംബക്കാരിൽ അധികകഷ്ടം അനുഭവിക്കേണ്ടിവ
ന്നതു വിക്രമൻനായർക്കാണ്. വിക്രമൻനായർ ബി. എ. പരീ
ക്ഷയിൽ ജയിച്ച ഉടനെയാണ് ഉക്കണ്ണൻനായർ കു
ണ്ടിലെ വീട്ടിൽ സംബന്ധം തുടങ്ങിയതു്. വിക്രമൻനായർ
എം.എ. പരീക്ഷയ്ക്കു പഠിക്കാൻ മദിരാശിയിൽ താമസം തു
ടങ്ങി. കുണ്ടിലെ ഭാഗ്യവിഅമ്മയുടെ മകൻ കൃഷ്ണൻ എ
ന്നൊരുവൻ വൈദ്യം പഠിക്കുന്നതിനു മദിരാശിയിൽ താ
മസമുണ്ടായിരുന്നു. സംബന്ധത്തിനുശേഷം ആവക . ചി
ലവും ഉക്കണ്ണൻനായരുടെ കയ്യാൽ നടത്തിവരുന്നതു
കൊണ്ടു രണ്ടുപേരുംകൂടി ഒരു വീട്ടിൽ താമസിക്കുന്നതാണു്
നല്ലതെന്നു ഭാഗ്യവിയമ്മ അഭിപ്രായപ്പെടുകയും ആ വിവ
രത്തിനെഴുതി അയച്ചു കൃഷ്ണനേയും വിക്രമൻനായരേയും
ഒരു വീട്ടിൽ താമസം തുടങ്ങിക്കുകയും ചെയ്തു. ഉക്കണ്ണൻ
നായർ ഇവിടെനിന്നയയ്ക്കുന്ന പണം മുഴുവനും കൃഷ്ണ
നായച്ചുകൊടുക്കണമെന്നും വിക്രമൻനായർക്കാവശ്യമുള്ളതു്
അവനോടു വാങ്ങേണമെന്നും ഏർപ്പാടായി. ഈ ഏർപ്പാടു
തുടങ്ങിയപ്പോൾത്തന്നെ വിക്രമൻനായർക്കു കഷ്ടപ്പാടായി.
എങ്കിലും അത്യാവശ്യങ്ങളെല്ലാം ഒരുവിധം നടന്നുപോ
യിരുന്നു. കൃഷ്ണന്റെ പരീക്ഷ മുമ്പിൽ കഴിഞ്ഞു് അയാൾ
നാട്ടിലേയ്ക്കു വന്നതിനുശേഷം വിക്രമൻനായർക്കയച്ചുകൊടു
ക്കേണ്ട സംഖ്യ ഇന്നതെന്നു നിർണ്ണയിക്കാൻ കൂട്ടാക്കു കൃഷ്ണ
നായിത്തുടങ്ങി. ഇതിനൊരു കാരണമുണ്ടായിട്ടുണ്ട്: വി
ക്രമനു തന്നെപ്പോലെതന്നെ അതിബുദ്ധിമാനായ ഒരു ക

ട്ടി ജനിച്ചിട്ടുണ്ട്. കുട്ടിയുടെ ബുദ്ധിവൈഭവം കണ്ടു വീ
ട്ടുകാർ മാത്രമല്ല ബന്ധുജനങ്ങളുംകൂടി അവനു് ഓരോ ആ
ഭരണങ്ങൾ ഉണ്ടാക്കുന്നതിനു പണം സമ്മാനമായി കൊ
ടുത്തിട്ടുണ്ടായിരുന്നു. വിക്രമന്റെ ഭാര്യവീട്ടുകാരും കുണ്ടി
ലെ വീട്ടുകാരും മൂവ്വുവൈരികളായതുകൊണ്ടും വിക്രമന്റെ
കുട്ടി അണിഞ്ഞൊരുങ്ങുന്ന ആഭരണങ്ങൾ അസാധാരണ
മായിട്ടുള്ളവയും അതിഭംഗിയുള്ളവയുമായതുകൊണ്ടും നാ
ട്ടുകാക്കു് അരുമതോന്നിയ കുട്ടിയുടെമേൽ ഭാര്യവിഅമ്മയ്ക്കു്
അസൂയ തോന്നി. ആഭരണങ്ങൾക്കുള്ള പണം മേൽപ്ര
കാരം കിട്ടിയവയാണെങ്കിലും പണിചെയ്തിട്ടുള്ളതു മദിരാ
ശിയിലുള്ള ചില കമ്പനിക്കാരാണു്. എല്ലാം വിക്രമൻ
മുഖാന്തരം പണിചെയ്തിട്ടുള്ളവയുമാണു്. ഈ സംഗതി
കളെ അടിസ്ഥാനമാക്കി വിക്രമന്നയയ്ക്കുന്ന പണം കുറെ
മകനു് ആഭരണത്തിനു പോകുന്നുണ്ടെന്നു ഭാര്യവിയമ്മ
ഉക്കണ്ണനുണ്ണിനായരെ ദുർബ്ബോധന ചെയ്തു. വിക്രമൻ ഉ
ദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പു സംബന്ധം തുടങ്ങ
രുതെന്നു ബലമായി ശാഠ്യംപിടിച്ചുനിന്നിരുന്ന ഉക്കണ്ണനു
ണ്ണിനായർ പിന്നീടു് അതിനു സമ്മതിച്ചതുതന്നെ ചില
പൊന്നും ചെയ്യേണ്ടിവരില്ലെന്നു വിക്രമന്റെ ഭാര്യയുടെ
അച്ഛൻ പറഞ്ഞതുകൊണ്ടും വേണ്ടുന്ന കാലത്തു സംബന്ധം
ചെയ്യാതിരുന്നാൽ തെണ്ടാനിടവരുമെന്നും ആവക നടവ
ടി വിക്രമനില്ലാത്തതിനെ ഉണ്ടാക്കിത്തീർക്കുന്നതു് ആലോ
ചനക്കുറവായി വരുമെന്നും ചില സ്നേഹിതന്മാർ ഉപദേ
ശിച്ചതുകൊണ്ടുമാണു്. ഭാര്യവിയമ്മയുടെ കൌശലവാക്കു
കളെക്കൊണ്ടു വിക്രമൻ ആഭരണത്തിനു പണം ചിലവാ
ക്കുന്നുണ്ടെന്നു ധരിച്ചുവശായ ഉക്കണ്ണനുണ്ണിനായർക്കു തന്റെ

അനുജനിൽ മുമ്പുണ്ടായിരുന്ന വിശ്വാസം നശിച്ചു. മദിരാശിയിലെ ചിലവിനെപ്പറ്റി തനിക്കു യാതൊരറിവുമില്ലായ്കയാൽ വക്രബുദ്ധിയായ കൃഷ്ണൻ പറയുമ്പോലെ പണമയയ്ക്കാൻ തീർച്ചയാക്കി.

ഭാർഗ്ഗവിയമ്മ ഉക്കണ്ണനുണ്ണിനായരുടെ ഹൃദയത്തിൽ മേല്പറഞ്ഞപ്രകാരം കടത്തിവിട്ട വിഷം ആ സ്ത്രീ ഉദ്ദേശിച്ച കാര്യത്തിനു മാത്രമല്ല ഏറ്റതു്. വിക്രമനു് ഉദ്യോഗമായാൽ എല്ലാച്ചിലവും കുറയുമല്ലോ എന്നു വിചാരിച്ചു് ഉക്കണ്ണനുണ്ണിനായർ ആ വഴിക്കു ശ്രമിച്ചുതുടങ്ങി. മുൻസിഫ്കോടതിയിൽ ഒരു ഗുമസ്തന്റെ പണി ഒഴിവായപ്പോൾ തന്റെ വക്കീലിനെക്കൊണ്ടു ശിപാശ് ചെയ്യിച്ചു് ആ പണിക്കു വിക്രമനെ നിശ്ചയിക്കുമെന്നു കണ്ടപ്പോൾ പംക്തി മാറി ഉടനെ വരണമെന്നും ഇവിടെ എത്തിയ ഉടനെ ഒരു ഉദ്യോഗം കൊടുക്കാമെന്നും ഉക്കണ്ണനുണ്ണിനായർ വിക്രമനു് എഴുതിയയച്ചു. എം. എ. പാസ്സായാൽ വിക്രമനെ 300ക. ശമ്പളത്തിൽ ഒരധ്യാപകനായി നിശ്ചയിക്കാമെന്നു് അയാളെ പഠിപ്പിച്ചിരുന്ന ചിലരെല്ലാം തീർച്ചയായി പറഞ്ഞിരുന്നതുകൊണ്ടു വിക്രമനു ജ്യേഷ്ഠന്റെ എഴുത്തുപ്രകാരം നടക്കാൻ തരമില്ലാതെവന്നു. എം. എ. പാസ്സായാൽ തനിക്കു പണി വേറെ കിട്ടുമെന്നു ജ്യേഷ്ഠനെ അറിയിക്കാൻ പാടില്ലാത്തവിധം സപകായ്മയിട്ടാണു് തന്റെ ഗുരുനാഥൻ പറഞ്ഞിട്ടുള്ളതു്. ഗോപ്യമായി ചെയ്യാമെന്നു വാശ്ചത്തംചെയ്താൽ മരിക്കുന്നതായാലും പുറത്തേയ്ക്കു പറയാത്ത സഭാവക്കാരനാണു് വിക്രമൻ. സാമാന്യം ജനങ്ങൾ ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ ഗോപ്യമായി ചെയ്യാമെന്നു താൻ പറഞ്ഞ വാക്കിനെ ഗോപ്യമാ

യി ഭേദിക്കാറുണ്ട്. പരീക്ഷവരെ പണമില്ലാതെ മദിരാശി
യിലിരുന്ന കഷ്ടപ്പെടാനിടവരുമെന്ന വിക്രമൻ കണ്ടുവെ
ങ്കിലും ഗോപ്യമായി വെയ്ക്കാമെന്ന താൻ പറഞ്ഞ വാക്കി
നെ ഇളക്കാതെ ഗ്രമസ്ഥൻപണി തല്ക്കാലം കിട്ടിയാലുള്ള
ഗ്രണത്തിനേക്കാൾ പരീക്ഷയിൽ ജയിച്ചാൽ ഗ്രണമുണ്ടാ
കുമെന്നും പഠിപ്പു മുടക്കുന്നതു യുക്തമല്ലെന്നും വിക്രമൻ മ
റുപടി അയച്ചു. അനന്തിരവന്മാരെ വലിയ പരീക്ഷകൾ
ക്കു പഠിപ്പിക്കുന്ന കാരണവന്മാക്കെല്ലാം ഇതുതന്നെയാണു
അനുഭവമെന്നും കുറച്ചുകൂടി കഴിഞ്ഞാൽ അനന്തിരവൻ
പറയുന്നതു കാരണവൻ കേട്ടനുസരിക്കണമെന്നായിത്തീരു
മെന്നും ഭാഗ്യവിയമ്മ പറഞ്ഞു. ഭാഗ്യവിയമ്മ പറഞ്ഞതു കാ
ര്യമാണെന്നു് ഉക്കണ്ണനുണ്ണിനായക്കും തോന്നി. "ഞാൻ
പറഞ്ഞാൽ ഇവൻ കേൾക്കുമോ ഇല്ലയോ എന്നു നോക്കു
ട്ടെ" എന്നുള്ള മക്കടമുഷ്ടിയും പിടിച്ചു് ഉടനെ മടങ്ങിവരു
ണമെന്ന പിന്നേയും ഉക്കണ്ണനുണ്ണിനായർ എഴുതിഅയച്ചു.
ഈ എഴുത്തോടുകൂടിത്തന്നെ ഉക്കണ്ണനുണ്ണിനായർ ചെയ്യുവ
രുന്ന കുടുംബദ്വേഷത്തെപ്പറ്റിയും കുടുംബക്കാർ അനുഭവിച്ചു
വരുന്ന കഷ്ടത്തെപ്പറ്റിയും കുണ്ടിലെ വീട്ടുകാര്യത്തിനുവേണ്ടി പു
വകത്തേയ്ക്കു സംഭവിക്കുന്ന വ്യയാധിക്യത്തെപ്പറ്റിയും കുടും
ബക്കാരുടെ ഒരെഴുത്തും വിക്രമനു കിട്ടി. ആകപ്പാടെ ആ
ലോചിച്ചതിൽ മടങ്ങിവരാതെ വല്ലവിധവും പരീക്ഷവരെ
കഴിച്ചുകൂട്ടി പരീക്ഷയിൽ ജയിക്കുന്നതാണു് നല്ലതെന്നും
കാരണവരുടെ കല്പനയെ തല്ക്കാലം ലംഘിക്കയേ തരമുള്ളൂ
എന്നും വിക്രമൻ തീർച്ചയാക്കി. ഉക്കണ്ണനുണ്ണിനായരുടെ ര
ണ്ടാമത്തെ എഴുത്തിനു മറുപടിയും അയച്ചില്ല. അതുപ്രകാ
രംപേട്ടിലേയ്ക്കു മടങ്ങിപ്പോയതുമില്ല. ഭാഗ്യവിയമ്മയുടെ ദുഃഖ

ഇതിക്കു വിക്രമൻ ചെയ്തതു നല്ലൊരു വളമായി. തരം കിട്ടു മ്പോളെല്ലാം ഓരോന്നു പറഞ്ഞു വിക്രമന്റെ നേരേയും വി ക്രമന്റെ ഭാര്യയുടെ അച്ഛന്റെ നേരേയും എത്രത്തോളം ദു രഭിപ്രായവും ശണ്ഠയും തോന്നാമോ അത്രത്തോളം ഉക്കണ്ണ നണ്ണിനായരുടെ മനസ്സിൽ തോന്നിച്ചു. വിക്രമന്റെ ഭാര്യ യുടെ അച്ഛൻ ഈ കായ്മയൊന്നുംതന്നെ അറിഞ്ഞിട്ടില്ല. അ ദ്ദേഹത്തിന്റെ ഉപദേശപ്രകാരമാണു് വിക്രമൻ കല്പന ലം ഘിച്ചുനടന്നതെന്നു ഭാര്യവിയമ്മ സൃഷ്ടിച്ചതാണു്. ഉക്കണ്ണ നണ്ണിനായരുടെ മനസ്സിന്റെ സ്ഥിതി ഇങ്ങനെയിരിക്കേ കഴിവായ ഗ്രമസ്ഥൻപണിയുടെ കായ്ത്തിൽ അടങ്കപ്പിട്ട ങ്കറ അയ്യങ്കാരുടെ അപേക്ഷയെക്കയ്ക്കൊണ്ടു യന്ത്രിച്ച മുൻ സീപ്പും ശിപാർശ ചെയ്ത അയ്യങ്കാരും വളരെ പരിഭവി ച്ചു പലതും പറഞ്ഞു. ''മക്കടസ്യ സുരാപാനം മദ്ധ്യേ വ ശ്വികദംശനം. തന്മദ്ധ്യേ ഭ്രേതസഞ്ചാരം'' എന്ന കൂട്ടത്തി ലായി. എത്രയോ സ്നേഹത്തിനു ഭാജനമായിരുന്ന വിക്ര മൻ ഉക്കണ്ണനണ്ണിനായരുടെ അത്യുഗ്രവൈരത്തിനു ല ക്ഷ്യമായി. പരീക്ഷയ്ക്കു പഠിപ്പു മുറുകിയിരിക്കുന്ന കാല ത്തു കയ്യിൽ പണമില്ലാതെ വിക്രമൻ മദിരാശിയിൽ കഴി ച്ചുകൂട്ടിയതിന്റെ ചരിത്രം കേൾക്കാതിരിക്കുന്നതാണു് ന ല്ലതു്. പഠിപ്പിന്റെ തിരക്കുകൊണ്ടു് ഉറക്കവും ഊണും വേണ്ടപോലെ ഇല്ലാഞ്ഞിട്ടും ദാരിദ്ര്യംകൊണ്ടു ബുദ്ധിമുട്ടി യും ബന്ധുക്കളും വേണ്ടത്തക്കവരും സ്നേഹിതന്മാരുമാണെ ന്നു വിക്രമൻ വിചാരിച്ചിരുന്നവരിൽ പലരും ആപ ത്തിങ്കൽ അകന്നുകണ്ടിട്ടും മനോവേദനയാൽ വിക്രമൻ പരീക്ഷ സമീപിച്ചപ്പോൾ രോഗത്താൽ കിടപ്പിലായി. എത്ര വലിയ സ്ഥിതിയിലുള്ള തറവാട്ടിൽ ജനിച്ചാലും

വിദ്യാധനം എത്രതന്നെ കയ്യിലുണ്ടായിരുന്നാലും രാജാവിന്റെ തുല്യമുള്ള സ്വർണ്ണമോ വെള്ളിയോ കയ്യിലില്ലാത്തവക്ക് ധർമ്മാസ്പത്രിയല്ലാതെ മറ്റൊന്നു ഗതി? ദീനം മൂഴുവനും ഭേദമാകുന്നതിന്നുമുമ്പുതന്നെ വിക്രമനു പരീക്ഷയ്ക്കു ഹാജരാകേണ്ടിവന്നു. പരീക്ഷ കഴിഞ്ഞ ഉടനെ പിന്നെയും ആസ്പത്രിക്കുതന്നെ പോയി. 15 ദിവസത്തോളം പിന്നേയും ആസ്പത്രിയിൽ കിടക്കേണ്ടിവന്നു. പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചു എന്നു സ്വകാര്യമായി വിക്രമനു വർത്തമാനം കിട്ടി. അപ്പോൾമുതല്ക്കു രോഗശാന്തിയും മനസ്സന്തോഷവും തുടങ്ങി. കാരണവരുടെ കല്പനയെ ലംഘിച്ചാലും, പരീക്ഷയിലെ വിജയത്താലും അതിന്നുശേഷം കിട്ടാൻ പോകുന്ന ഉദ്യോഗത്തിന്റെ വലിപ്പത്താലും അദ്ദേഹത്തെ പൂർണ്ണമായി സമാധാനിപ്പിക്കാമെന്നു വിചാരിച്ചു വിക്രമൻ വീട്ടിലേയ്ക്കു ചെന്നു.

വീട്ടിലെത്തിയപ്പോൾ വിക്രമന്റെ മനസ്സിലുണ്ടായിരുന്ന സകലസന്തോഷവും നശിച്ചു. വീട്ടിലെ കായ്മെല്ലാം തലകീഴായി മറിഞ്ഞുകിടക്കുന്നു. കാരണവരുടെ നടപ്പിൽ വെച്ചിരുന്നതും വീട്ടുവളപ്പിനോടു തൊട്ടു കൂലവും തോട്ടവും മറ്റുമുള്ളതും പടിപ്പുരയിലിരുന്നാൽ മുഴുവനും ദൃഷ്ടിയിൽ പെടുന്നതുമായ പടിക്കലെപ്പാടം ഒരു ചെട്ടിക്കു പാട്ടത്തിനു കൊടുത്തിരിക്കുന്നു. അവനോ തോട്ടത്തിൽ നിന്നു് ഒരില മുറിച്ചിൽ ലഹളകൂട്ടുന്ന സ്വഭാവി. വീട്ടുവളപ്പിനു വേലി കെട്ടാതേയും കിളപ്പണി ഒന്നും ചെയ്യിക്കാതേയും വളരെ പുഷ്ടിയായി വേണ്ടുന്ന സസ്യാദികളും ഉണ്ടായിരുന്ന സ്ഥലം കാടുപിടിച്ചു് ആളുകൾക്കു കടക്കാൻ പാടില്ലാത്തവിധം ദുർഭ്രമിയായിക്കിടക്കുന്നു. വള

രെ വലിയതും വൃത്തിയായി കിടന്നിരുന്നതുമായ പടി
ഞ്ഞാറെ മാറ്റത്തു പുല്ലും മറവും മൂടിച്ചു പറമ്പുപോലെ കി
ടക്കുന്നു. നാലുകെട്ടിൽ ഓട്ടകളും ഉടഞ്ഞുപോയതിനെ മാ
റ്റിവെയ്ക്കാഞ്ഞതിനാൽ ചോന്നൊലിച്ച ചുമരുകളിൽ കറ
പറ്റിയിരിക്കുന്നു. കാരണവർ ഉപയോഗിച്ചിരുന്ന മുറികളും
പൂട്ടിക്കിടക്കയാൽ ജനലുകളും ചിതൽ പിടിച്ചു് ഓട്ടപ്പെട്ട
പോയിരിക്കുന്നു. ചിലവിനു കിട്ടാതെ കടം വാങ്ങി ഏ
താനും മാസങ്ങൾ കഴിഞ്ഞുപെങ്കിലും മേലിൽ എല്ലാവ
ർക്കുംകൂടി കടം വാങ്ങാൻ ആരുമില്ലെന്നും പെപ്പും ഊണും
പിരിയേണമെന്നും ആലോചനയായിരിക്കുന്നു. ഇതെല്ലാം
കണ്ടു വിക്രമൻ വളരെ വ്യസനിച്ചു. മകനെക്കാണ്മാൻ ബ
ദ്ധപ്പാടോടുകൂടിയാണു് മദിരാശിയിൽനിന്നു പുറപ്പെട്ടതെ
ങ്കിലും വീട്ടിൽ വന്നു കണ്ടേടംകൊണ്ടു് ഈ കാര്യങ്ങൾ
ചൊവ്വാക്കാതെ ഭാര്യവീട്ടിലേയ്ക്കു പോകുന്നതു യുക്തമല്ലെ
ന്നു വിചാരിച്ചു പുത്രദർശനം തല്ക്കാലം നീട്ടിവെച്ചു. കുട്ടം
ബക്കാരിൽ പ്രായം ചെന്നവരും താനുംകൂടി കാരണവരെ
ചെന്നു കാണ്മാൻ തീർച്ചയാക്കി. മുമ്പൊക്കെ വിക്രമൻ വ
രുന്നുണ്ടെന്നറിഞ്ഞാൽ വീടെത്തുന്നതുവരെ കാണാതിരി
ക്കാൻ ക്ഷമയില്ലാതെ തീവണ്ടിആപ്പീസ്സിലേയ്ക്കു കാരണ
വൻതന്നെ വണ്ടി കൊണ്ടുപോകുക പതിവായിരുന്നു. ഇ
പ്പോൾ കാണായുന്ന കാരണം ഒന്നുമില്ലാതെ കാരണവരെ
വീട്ടിലുംകൂടി കാണാതായി. ക്ഷേമചക്രത്തിന്റെ നേമി
യിൽ പൂവകത്തുവീട്ടിന്റെ സ്ഥിതി അധോഗതിക്കാരംഭി
ച്ചുവെന്നും ഇനി അടിയെത്തിയല്ലാതെ ഉന്നതിക്കു ഗതി
യില്ലെന്നും വിക്രമൻ കണ്ടു. മദിരാശിയിൽനിന്നു വന്നെ
ത്തിയതിന്റെ പിറേ ദിവസം വയസ്സു ചെന്ന ചില

സ്ത്രീകളോടുകൂടി വിക്രമൻ കുണ്ടിലേയ്ക്കു പോയി. കാരണവരെ കുണ്ടിലും കുണ്ടില്ല. അദ്ദേഹം തന്റെ തറവാട്ടുകൃഷിപാട്ടത്തിനു കൊടുത്തു കുണ്ടിലെ കൃഷി നടപ്പിലാക്കിയതിനാൽ കൃഷിസ്ഥലത്തു താമസമാണു്. സ്ത്രീകളേയും കൂട്ടിക്കൊണ്ടു കൃഷിസ്ഥലത്തേയ്ക്കു പോകുന്നതു ഭംഗിയല്ലെന്നു വിചാരിച്ചു കാരണവക്കു് കരാളെ അയച്ചു. അവിടെ കുറെ പണിത്തിരക്കുണ്ടെന്നും കാണേണ്ടാവശ്യമുള്ളവർ അങ്ങോട്ടു ചെല്ലേണമെന്നും അദ്ദേഹം മറുപടി പറഞ്ഞയച്ചു. വിക്രമൻ മാത്രം കുണ്ടിലെ കൃഷിസ്ഥലത്തേയ്ക്കു ചെന്നു കാരണവരെ കണ്ടു. എന്താ വന്നതെന്നുംകൂടി ചോദിക്കാതെ കുറെ നേരം വിക്രമനെ നിരുത്തി.

വിക്രമൻ—വീട്ടിൽ ചിലവിന്നില്ലാതെ വളരെ കഷ്ടമായിരിക്കുന്നു.

കാരണവൻ—നീ സമ്പാദിച്ചുകൊട്ടക്കു്.

വിക്രമൻ—അതുവരെ കഴിയാനുള്ള വഴിയോ?

കാരണവൻ—നീ ആലോചിച്ചുണ്ടാക്കു്.

വിക്രമൻ—ഞാൻ ആലോചിച്ചതിൽ ഇവിടെനിന്നു വേണ്ടതു വാങ്ങിക്കൊണ്ടുപോകണമെന്നാണു് കണ്ടതു്.

കാരണവൻ—ആരാണു് തരുന്നതെന്നാൽ അവരോടു വാങ്ങിക്കൊണ്ടുപൊയ്ക്കോ.

വിക്രമൻ—തറവാട്ടുമുതൽ കൈവശം വെച്ചിരിക്കുന്നാൾമതന്നെ തരണം. അന്യന്മാക്കു തരാൻ ചുമതലയില്ലല്ലോ.

കാരണവൻ—ഇക്കൊല്ലം പാട്ടം മുഴുവനും പിരിഞ്ഞുകിട്ടിയില്ല. അവന്റെ മേൽ വ്യവഹാരം കൊടുക്കണം. അതിന്നിടയിൽ പണവും ഇല്ല.

വിക്രമൻ—അങ്ങനെയുള്ളവനെ എല്പിച്ചുവക്കല്ലേ അതു പിരിച്ചുകൊടുക്കാനുള്ള ചുമതല?

കാരണവൻ—എന്നാൽ അവർ പിരിച്ചുകൊടുത്തു കൊള്ളും.

വിക്രമൻ—എന്തെങ്കിലും ചെയ്യുന്നതുവരെ ജീവൻ നില നില്ക്കുണ്ടേ?

കാരണവൻ—കഴിയുമെങ്കിൽ നീ ഇന്നുതന്നെ പിരിച്ചു കൊടുക്കൂ.

വിക്രമൻ—ഞാനല്ലല്ലോ ചുമതലക്കാരൻ.

കാരണവൻ—എന്നെക്കൊണ്ടു് ഇതിലധികമൊന്നും സാധിക്കയില്ല. ഇവിടത്തെ കായ്ങ്ങൾ നോക്കാൻ ആരുമില്ല. ഞാൻ ഇതൊന്നും നോക്കാഞ്ഞാൽ ഇവർ പട്ടിണിയാകും.

വിക്രമൻ—എന്നാൽ അവിടത്തെ കായ്ങ്ങളെ വല്ലവരെയും എല്പിച്ചുകൊടുക്കണം.

കാരണവൻ—അതിനു പ്രാപ്തിയുള്ളവരെ ആരെയും കണ്ടില്ല.

വിക്രമൻ—ആരുമില്ലെങ്കിൽ ഞാനെങ്കിലും നോക്കിക്കൊള്ളാം. കൈകായ്യം കഴിഞ്ഞു് കഴിമുറി തന്നേക്കിൻ.

കാരണവൻ—എനിക്കോ കായ്യം കഴിയാൻ പറയത്തക്കവണ്ണം നിനക്കു ഞാൻ പ്രാപ്തിയുണ്ടാക്കിത്തന്നുവല്ലോ. എന്നാൽ നീ വിചാരിക്കുംപോലെ എളുപ്പമല്ല തറവാട്ടുകാരണം. നീ വല്ല ഉദ്യോഗത്തിനും പൊയ്ക്കോ. അതുതന്നെയാണു് നല്ലതു്.

വിക്രമൻ—പ്രാപ്തിയുള്ള പുരുഷന്മാരിൽ ഒരാൾ ഭാര്യവീട്ടിലും മറേറ ആൾ ഉദ്യോഗത്തിനും പോയാൽ കൂടും

ബങ്ങൾ എങ്ങനെ കഴിഞ്ഞുകൂട്ടും? ആകട്ടെ, അതെങ്ങനെയെങ്കിലുമാക്കാം. തല്ക്കാലം ഭക്ഷണത്തിന്നും മേഞ്ചിലവിന്നുമുള്ള നെല്ലും പണവും കൊടുക്കണം.

കാരണവൻ—അവക്ക് ഇക്കൊല്ലത്തേയ്ക്കു മുഴുവനും കൊടുത്തുകഴിഞ്ഞു. അതിലധികം ആവശ്യമില്ലെന്നു ഭാര്ഗ്ഗവിയമ്മയും പറഞ്ഞു. തറവാട്ടാദായത്തിൽ ബാക്കിയുള്ള പണമാണ് നിനക്കും കൃഷ്ണനും മദിരാശിക്കയച്ചതന്നതു്. ഇനി എന്റെ കയ്യിൽ ഒന്നും ഇല്ല. വേണമെങ്കിൽ കടം വാങ്ങണം.

വിക്രമൻ—നിങ്ങൾ കുറെക്കാലമായില്ലേ കായ്യം നോക്കാൻ തുടങ്ങിയിട്ടു്? നിങ്ങളുടെ സ്വന്തം അഭിപ്രായപ്രകാരം കൊടുക്കാതെ വല്ല പെണ്ണുങ്ങളും പറഞ്ഞതുപോലെ ചെയ്താൽ ഇതാണ് ഫലം. വിശേഷിച്ചു കൃഷ്ണന്റെ ചിലവിന്നു കുണ്ടിലെ വീട്ടിൽ മുതലില്ലേ? അതിരിക്കെ നമ്മുടെ പണമെല്ലാം ചിലവാക്കി നാം കടത്തിൽ പെടുന്നതു് അനീതിയല്ലേ?

കാരണവൻ—വന്നതു വന്നില്ലേ? ഇനി കൃഷ്ണനായച്ച വകകുണ്ടിലെ ആദായത്തിൽനിന്നു വകയാക്കി എടുക്കുന്നതു് അത്ര ഭ്രഷണമല്ലെന്നാണ് ഭാര്ഗ്ഗവിയമ്മ പറയുന്നതു്.

വിക്രമൻ—ഭാര്ഗ്ഗവിയമ്മ അവരുടെ കായ്യമല്ലേ പറയുള്ളൂ? ആ സ്ത്രീ പറയുമ്പോലെ എല്ലാം നടന്നാൽ പൂവകത്തെ കുടുംബം കഷ്ടത്തിലായിപ്പോകും.

കാരണവൻ—നീ ആളെ അറിയാതെയാണ് പറയുന്നതു്. ഇത്ര കായ്യപ്രാപ്തിയും സത്യവും മര്യാദയും ഉണ്ടായിട്ട ഞാൻ ഒരു സ്ത്രീയെ കണ്ടിട്ടില്ല.

വിക്രമൻ—നമ്മുടെ ആദായം അവക്കവേണ്ടി ചിലവാക്കിയതു വകയാക്കി എടുത്തുകൂടെന്നു പറയുന്ന മര്യാദ നല്ല മര്യാദയാണു്.

കാരണവൻ—അങ്ങനെ വകയാക്കി എടുക്കുന്നതു് അപമാനകരമാണെന്നു് എനിക്കും തോന്നി.

വിക്രമൻ—നിങ്ങൾ ആ സ്ത്രീയെ ഇത്ര ബഹുമാനിക്കുന്ന സ്ഥിതിക്കും ആ സ്ത്രീയുടെ മര്യാദ നമ്മളെക്കൊണ്ടു കടം വാങ്ങിക്കുന്നതായ സ്ഥിതിക്കും നിങ്ങൾ ഇനി പൂവകത്തെ കാര്യം നോക്കാതിരിക്കയാണു് നല്ലതു്.

കാരണവൻ—എങ്ങനെയാണു് വേണ്ടതെന്നു ഭാര്യവിയമ്മയോടു ചോദിച്ചിട്ടു ചെയ്യാം.

വിക്രമനും കാരണവരുമായി ഇത്രത്തോളം നടന്ന സംഭാഷണംകൊണ്ടു് ഇനി കാര്യം പറഞ്ഞിട്ടു പ്രയോജനമില്ലെന്നു വിക്രമനു തോന്നി. എന്തെങ്കിലും തന്ത്രം പ്രയോഗിച്ചു ചിലവിനു വാങ്ങിക്കൊണ്ടുപോകണമെന്നും കൈകാര്യത്തിൽനിന്നു കാരണവരെ ഒഴിപ്പിക്കേണമെന്നും തീർച്ചയാക്കി. ഭാര്യവിഅമ്മയായി ആലോചിക്കുമ്പോൾ എങ്ങനെയെല്ലാമാണു് സംഭവിക്കുക എന്നറിയുന്നതിനും വിക്രമനു താല്പര്യമുണ്ടായിരുന്നു. അന്നു വൈകുന്നേരം രണ്ടുപേരുംകൂടി കുണ്ടിലേയ്ക്കു പോകാൻ തീർച്ചയാക്കി.

കുണ്ടിലെ വീട്ടിൽ കാരണവരും വിക്രമനുംകൂടി ചെന്നുകയറുമ്പോൾ അവിടെ എന്തോ കലശൽ നടന്നപോലെ ഒച്ച കേട്ടു. ഭാര്യവിയമ്മയും പൂവകത്തെ തറവാട്ടിലമ്മയായ വിക്രമന്റെ മൂത്ത സഹോദരിയുംകൂടി തമ്മിൽ ഒന്നും രണ്ടും പറഞ്ഞു തെറി അങ്ങുമിങ്ങും അസഭ്യങ്ങൾ

പറഞ്ഞതാണു് ഒച്ച കേട്ടതു്. ചെന്നെത്തി ഒരു നാഴികസ്സുള്ളിൽ തമ്മിൽ തെറ്റിയതുകൊണ്ടു പൂവകത്തുനിന്നു ചെന്നവരാരും കുണ്ടിലെ വീട്ടിൽ ഊണു കഴിച്ചിട്ടില്ല. വിക്രമൻ വന്ന ഉടനെ മടങ്ങിപ്പോകേണമെന്ന നിലയിൽ സ്ത്രീകൾ ഒരുങ്ങിയിരിക്കയായിരുന്നു. കാരണവർ ഉള്ളിൽ കടന്നു ഭാര്യയെക്കണ്ടു സംസാരിച്ചതിൽ ആ സ്ത്രീ കാരണവരുടെ മനസ്സിനെ കഴിയുന്നേടത്തോളം ദുഷിപ്പിച്ചു. മുഖവും ഞനപ്പിച്ച കാരണവർ പുറത്തു വന്നു പൂവകത്തുനിന്നു വന്നവരെല്ലാം തൽക്ഷണം പുറത്തു പോകേണമെന്നും ഒരു മണി നെല്ലോ ഒരു കാശോ താൻ കൊടുക്കില്ലെന്നും പറഞ്ഞു.

വിക്രമൻ—അങ്ങിനെയൊന്നും കോപിക്കരുതു്. സ്ത്രീകൾക്കു് ഒന്നും വിചാരമില്ല. രണ്ടു ദിവസം കഴിഞ്ഞിട്ടുണ്ടാമെന്നു പറഞ്ഞാൽ വയറു കേൾക്കില്ല. കോപത്തിനെ ശമിപ്പിക്കാഞ്ഞാൽ കാര്യങ്ങളുടെ വാസ്തവം അറിയില്ല. താനാൻ ചെയ്യേണ്ട മുറ താനാൻ ചെയ്യണം. അവൾ അങ്ങിനെ പറഞ്ഞു, ഇവൾ ഇങ്ങിനെ പറഞ്ഞു എന്നെല്ലാം കാരണം പറഞ്ഞു ചെയ്യാൻ പാടില്ലാത്ത പ്രവൃത്തി ചെയ്താൽ പിന്നീടു വളരെ ദുഃഖിക്കേണ്ടിവരും.

കാരണവൻ—തത്വജ്ഞാനം എനിക്കുപദേശിക്കാൻ തക്കവണ്ണം നിന്നെ ഞാൻ പഠിപ്പിച്ചിട്ടുണ്ടല്ലോ. മതി മതി-ഇവറകളുടെ അഹമ്മതി മാറുമോ ഇല്ലയോ എന്നു നോക്കട്ടെ. പട്ടിണി കിടക്കുമ്പോൾ കുറുമ്പു മാറും.

വിക്രമൻ—ആകെ അഹമ്മതി ലേശംപോലും ഇല്ല. ചിലവിന്നില്ലാതെ ബുദ്ധിമുട്ടു സഹിക്കാൻ വയ്യാതായി.

കാരണവൻ—ഞാൻ ഒന്നും കൊടുക്കില്ല. നീ അതിനെ പ്പറ്റി ഇനി ഒന്നും പറഞ്ഞിട്ട കാര്യമില്ല.

വിക്രമൻ—എല്ലാവക്കുംകൂടിയുള്ള സ്വത്തു കൈവശം വെ ച്ചിട്ട ഞാൻ ഒന്നും കൊടുക്കില്ലെന്നു പറഞ്ഞാൽ വിട്ട മോ? അങ്ങിനെ പറയാൻ പാടുണ്ടോ?

കാരണവൻ—എന്നാൽ നീ വ്യവഹാരം കൊടുത്തു വസ്തു ലാക്കിക്കോ? എന്തെങ്കിലും ചെയ്യാ. ഇപ്പോൾ ഇവി ടെനിന്നു പുറത്തു പോ.

വിക്രമൻ—ഇവിടെനിന്നു് അങ്ങിനെ പോയാൽ തല്ലുകൊ ലം ഭക്ഷണത്തിന്നു നിവൃത്തിയില്ലല്ലോ.

കാരണവൻ—പട്ടിണികിടക്കു്.

വിക്രമൻ—എനിക്കും ചെങ്ങാക്കും വല്ലതും തരുമോ? ഞ ങ്ങളും കൂടെപ്പിറന്നവരല്ലേ?

കാരണവൻ—കൂടെപ്പിറന്നവരെ എപ്പോഴും പരിപാലി ക്കേണമെന്നില്ല. കൂടെപ്പിറന്നതു വ്യാധിയാണെങ്കിൽ അതിനെ ആരെങ്കിലും വളർത്തിക്കാറുണ്ടോ? ഞാൻ ആർക്കും ഒന്നും തരാൻ വിചാരിക്കുന്നില്ല. കിട്ടുന്ന വഴി നോക്കിക്കൊള്ളുവിൻ.

വിക്രമൻ—ഒന്നുരണ്ടു മാസത്തേയ്ക്കു ചിലവിന്നു വേണ്ടതു കടം തന്നാലും മതി. എനിക്കു് ഉടനെ ഉദ്യോഗം കിട്ടും. ശമ്പളം ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതാണെ ങ്കിൽ നിങ്ങൾക്കു മനസാ തോന്നി കൊടുക്കുന്നതുവരെ ഞാൻ ചിലവു നടത്തിക്കൊള്ളാം.

കാരണവൻ—നിനക്കുദ്യോഗം! ഭ്രഷ്ടപത്നീ! ഞാൻ എ ത്രയെല്ലാം യത്നിച്ചിട്ടാണു് ഒരുദ്യോഗം കിട്ടത്തക്ക നി ലയിലാക്കിയതും ഉദ്യോഗത്തിന്നു ശിപാർശ ചെയ്തി

ച്ചതും? പറഞ്ഞതു കേൾക്കാതെ നീ അതിനെക്കളഞ്ഞു കൂളിച്ചില്ലേ? പാമ്പിനു പാൽ കൊടുത്താലുള്ള ഫലം വിഷം വർദ്ധിക്കയല്ലേ ഉള്ളൂ?

വിക്രമൻ—വലിയൊരു പരീക്ഷയിലും ജയിച്ചു, നിങ്ങൾ വിചാരിച്ചതിൽ എത്രയോ അധികം ശമ്പളം കിട്ടുന്ന ഒരുദ്യോഗവും കിട്ടി, എന്നാൽ പിന്നെ നിങ്ങൾ പറഞ്ഞതു കേൾക്കാത്തതു വലിയ കുറവായി വരുമോ?

കാരണവൻ—നീ പരീക്ഷയിൽ ജയിക്കും! അതൊക്കെ സംബന്ധം ചെയ്യുന്നതിനുമുമ്പു്. ഇപ്പോൾ വേണ്ട വേണ്ട എന്നു ഞാൻ എത്ര പറഞ്ഞു! സംബന്ധവും വെച്ചു് ഒരു കുട്ടിയും ഉണ്ടായിട്ടാണു് പരീക്ഷയിൽ ജയിക്കാൻ പോകുന്നതു്! നിന്റെ ഈ പരീക്ഷയ്ക്കു ചിലവു ചെയ്തതിനാളം നഷ്ടം. ചന്ദ്രശേഖരൻ കുട്ടിക്കു പണ്ടം ഉണ്ടാക്കിക്കൊടുത്തതുമാത്രം അവിടെക്കാണാം.

വിക്രമൻ നിങ്ങൾ വല്ലതും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ? എന്നോടാരും പറഞ്ഞില്ലല്ലോ.

കാരണവൻ—ഞാൻ ഉണ്ടാക്കിച്ചുകൊടുക്കുന്നതും നീ ഉണ്ടാക്കിക്കൊടുക്കുന്നതുമായിട്ടെന്താ വ്യത്യാസം?

വിക്രമൻ—ഞാൻ ഇതേവരെ ഒന്നും ഉണ്ടാക്കിക്കൊടുത്തിട്ടില്ലല്ലോ.

കാരണവൻ—നീ മദിരാശിയിൽനിന്നു ബങ്കിയായി അയച്ചുകൊടുത്തതു് ആരും അറിയില്ലെന്നോ വിചാരിച്ചതു്?

വിക്രമൻ—അതു് അവനും് മാരോരുത്തർ ഇനാം കൊടുത്തിട്ടുള്ള പണംകൊണ്ടാണു്. നിങ്ങൾ എനിക്കു ചിലവിനായച്ച പണത്തിൽനിന്നു തപാൽകൂലിപോലും

ഞാൻ ചിലപ്പാക്കീട്ടില്ല. ഇങ്ങിനെ ധരിച്ചതു് എങ്ങിനെയാണു്?

കാരണവൻ—പൂച്ച പാൽ കട്ടുകുടിക്കുമ്പോൾ കണ്ണു ചിമ്മി കടിച്ചിട്ടു് ആരും കണ്ടില്ലെന്നു വിചാരിക്കുമത്രേ.

വിക്രമൻ—ഞാൻ പറഞ്ഞതു സത്യമല്ലെന്നു തോന്നുന്നുണ്ടെങ്കിൽ ആരൊക്കെയാണു് കൊട്ടത്തിട്ടുള്ളതെന്നു പറകയും അവരെക്കൊണ്ടു നിങ്ങളുടെ മുമ്പാകെ സമ്മതിപ്പിക്കുകയും ചെയ്യാം.

കാരണവൻ—നീ അയച്ചുകൊട്ടത്തതാണെന്നു ഭാഗ്യവിയമ്മ പറഞ്ഞുവല്ലോ?

വിക്രമൻ—അതു ശരിയാണു്. പക്ഷേ പണം നിങ്ങൾ അയച്ചതന്നതല്ല.

കാരണവൻ—എന്തായാലും ഇപ്പോൾ പണം ഒന്നും കയ്യിലില്ല. നിങ്ങളൊക്കെ ഇന്നുതന്നെ വീട്ടിലേയ്ക്കു മടങ്ങിക്കൊള്ളുവിൻ.

വിക്രമനും മറ്റും ഇപ്രകാരംഗദ്ഗദത്തോടുകൂടി പൂവകത്തയ്ക്കുതന്നെ മടങ്ങി. കാരണവർ ചിലവിനു തരാത്തതിനു വ്യവഹാരം കൊടുക്കുകയല്ലാതെ വേറെ നിവൃത്തിയില്ലല്ലോ. കാരണവരുടെ പണ്ടത്തെ സ്വഭാവവും ഇപ്പോഴത്തെ സ്വഭാവവും തമ്മിൽ വന്നിട്ടുള്ള വ്യത്യാസം നാട്ടുകാർ അറിയാൻ വഴിയില്ലാത്തതുകൊണ്ടു വിക്രമൻ അന്യായക്കാരനായി വന്നാൽ ജനാപവാദമുണ്ടാകുമെന്നു വിക്രമനു തോന്നി. ജനാപവാദം ഒഴിപ്പാനുള്ള മാർഗ്ഗം യഥാർത്ഥസ്ഥിതി ജനങ്ങളെ ധരിപ്പിക്കയാണല്ലോ. നാട്ടിൽ പ്രമാണികളെക്കൊണ്ടു 'മദ്ധ്യസ്ഥം' സംസാരിപ്പിച്ചതിനുശേഷമല്ലാതെ വ്യവഹാരം കൊടുക്കുന്നതു യുക്തമല്ലെന്നു കരുതി

കണ്ടിലെ വീട്ടിൽനിന്നു വരുന്ന വഴിക്കുതന്നെ വിക്രമൻ പ്രമാണികളുടെ വീടുകളിൽ കയറി തല്ക്കാലസ്ഥിതിയെല്ലാം അവരോടു പറഞ്ഞു് അവരോടു വ്യവഹാരംകൂടാതെ കായ്യം നേടിത്തരേണമെന്നു് അപേക്ഷിച്ചു. പിന്നെ ദിവസം അവരെയെല്ലാം കണ്ടു കാരണവരുടെ അടുക്കൽ അവരേയും കൂട്ടിക്കൊണ്ടുപോയി. 'മദ്ധ്യസ്ഥം' സംസാരിച്ചതിൽ കാരണവക്കു മുമ്പുണ്ടായിരുന്ന സംബുദ്ധി പോയി ഭാര്യവിയമ്മ പറഞ്ഞപോലെ കേൾക്കുക എന്നായിരിക്കുന്നു എന്നു മദ്ധ്യസ്ഥന്മാർ മനസ്സിലാക്കി. മദ്ധ്യസ്ഥന്മാർ പറഞ്ഞതും കാരണവർ കേൾക്കാതായപ്പോൾ അവർക്കും അല്പം ശണ്ഠ തോന്നി. അവരെല്ലാവരുംകൂടി പൂവകത്തേയ്ക്കു ചിലവിനു വേണ്ടതു കടം കൊടുക്കുകയും വ്യവഹാരത്തിനു വേണ്ട ധനം സഹായിക്കുകയും ചെയ്തു. പൂവകത്തു ചീട്ടുകാർ ചിലവിനു വ്യവഹാരം കൊടുത്തു.

അദ്ധ്യായം ൫

വിക്രമൻ മദിരാശിയിൽനിന്നു പുറപ്പെട്ടപ്പോൾ വീട്ടിൽ എത്തിയതിനു പിന്നാദിവസം ഭാര്യവീട്ടിലേയ്ക്കു പോകണമെന്നും മകനെക്കാണേണമെന്നും നിശ്ചയിച്ചിരുന്നു. വിക്രമന്റെ ഭാര്യയോ? ഭർത്താവിന്റെ വരവിനെ കാത്തുകാത്തു ദിവസങ്ങൾ വേഗം കഴിയാത്തതിനാൽ ആദിത്യനെ ശപിച്ചുകൊണ്ടിരിക്കയായിരുന്നു. വെറുതെ ഇരിക്കുമ്പോഴെല്ലാം വിക്രമന്നു് ഓരോ ദിവസം എന്തെന്തു പലഹാരങ്ങൾ ഉണ്ടാക്കിക്കൊടുക്കേണമെന്നും താൻ മറ്റുള്ള

യരോട്ട് എന്തെല്ലാം കഴികഴിവുകൾ പറഞ്ഞു ഭർത്താവി
നോടുകൂടിയിരിക്കേണമെന്നും എതെല്ലാം വിശേഷവസ്തു
ങ്ങൾ ധരിക്കേണമെന്നും എങ്ങിനെയെല്ലാം വൃത്തിയോടും
സുഗന്ധത്തോടും ഇരിക്കേണമെന്നും മറും ആലോചിക്ക
പതിവായിരുന്നു. നാട്ടിൽ വന്നെത്തിയതിന്നു പിറേദി
വസം തമ്മിൽ കാണാമെന്നു വിക്രമൻ എഴുതി അയച്ച
പ്രകാരം മിനുക്കിത്തുടച്ചു കാത്തിരുന്നു കാണാതായപ്പോൾ
ഉണ്ടായ ഇച്ഛാഭംഗവും വ്യസനവും പരിഭ്രമവും അനുഭവി
ച്ചവക്കേ അളന്നുകൂട്ടൂ. അതിൽപിന്നെ ഓരോ ദിവസം കഴി
യുംതോറും മൌഢ്യവും വ്യസനവും പോയി ഏകദേശം ചി
ത്തഭ്രമത്തിന്റെ പരിചിലായി. അതോടുകൂടി ആ സ്ത്രീയു
ടെ മുഖഭാവംകൊണ്ടും മറും ഹേതുവിനെ അനുമാനിച്ചറി
ഞ്ഞിട്ടുള്ള സമവയസ്സുകാർ 'ഇതാ വരുന്നു', 'അതാ വരുന്നു'
എന്നും മറും പരിഹാസാർത്ഥം നൊണ പറഞ്ഞതിനെ
തന്റെ ഇഷ്ടത്തിന്നനുകൂലിച്ച കാര്യമാകയാൽ നൊണയാ
ണെന്നു ശങ്കിക്കാതെ ചിലപ്പോൾ വിശ്വസിച്ചു വിഡ്ഢിയാ
യും ചിലപ്പോൾ വിശ്വസിച്ചിട്ടും വിശ്വസിച്ചില്ലെന്നു ന
ടിച്ചു വിശ്വസിച്ചപോലെ ഗ്രഹിച്ചിട്ടും പ്രവർത്തിച്ചും മന
സ്സിന്നു ചാഞ്ചല്യമുണ്ടാകയാൽ പൂർവ്വസ്വഭാവം നിശ്ശേഷം
മാറി ചിത്തഭ്രമക്കാരിയുടെ നിലയിലായി. അങ്ങിനെ കു
ഴിഞ്ഞുവരുമ്പോൾ തന്റെ പ്രിയപുത്രനായ ചന്ദ്രശേഖര
നെ കാണാതായി. അച്ഛൻ വരുമെന്നു വിചാരിച്ചു് ആ
ഭരണങ്ങളെല്ലാം അണിഞ്ഞു കുട്ടികളുടെ കൂട്ടത്തിൽ കളി
ക്കാൻ വിട്ടിരുന്ന ചന്ദ്രശേഖരൻ എവിടെപ്പോയി എന്നു
മറുള്ള കുട്ടികൾക്കും അറിവുണ്ടായിരുന്നില്ല. വല്ല കിണ
റിലോ കുളത്തിലോ വീണു മരിച്ചിട്ടുണ്ടാകുമെന്നു വിചാ

രിച്ചു മുങ്ങാൻ ശീലമുള്ളവരെക്കൊണ്ടു മംഗലത്തെ വീട്ടിലും അടുത്ത വീടുകളിലെ കുളങ്ങളിലും കിണറുകളിലും അന്നു രാത്രിതന്നെ തിരഞ്ഞുനോക്കി. ഏകദേശം സന്ധ്യാസമയമാകുന്നതുവരെ കുട്ടിയെ പലരും കണ്ടവരുണ്ടു്. സന്ധ്യാസമയത്തു് അവന്റെ അമ്മ കാമാക്ഷിയമ്മ മേൽക്കഴുകാൻ പോയതിൽപ്പിന്നെയാണു് കുട്ടിയെ കാണാതായിട്ടുള്ളതു്. വീട്ടിലുള്ള സ്ത്രീകളും പുരുഷന്മാരും കുട്ടിയെ അന്വേഷിച്ചു സമീപമുള്ള വീടുകളിലും വളപ്പുകളിലും തിരഞ്ഞുനടക്കുകയായിരുന്നു. കാമാക്ഷിയമ്മയും കണ്ണുകാണാത്ത ഒരു മുത്തശ്ശിയും മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളു. കുട്ടിയെക്കണ്ടുകിട്ടിയ വർത്തമാനവുംകൊണ്ടു് ആരെങ്കിലും ഓടിവരുന്നുണ്ടോ എന്നു നോക്കാൻ മുകളിൽ അഴിയില്ലാത്ത ഒരു ജനലിൽ ഇരുന്നു കാമാക്ഷിയമ്മ കരഞ്ഞുംകൊണ്ടു പുറത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കയായിരുന്നു. കൈകാലുകൾ ദുഃഖത്താൽ തളർന്നിരുന്നതിനാൽ ഒന്നിലും പിടിക്കാതെ ശവംപോലെയാണു് ഇരുന്നിരുന്നതു്. അങ്ങിനെ ഇരിക്കുമ്പോൾ കാമാക്ഷിയമ്മ ജനലിൽനിന്നു താഴത്തേയ്ക്കു വീണു. താഴ്ചാരമില്ലാതിരുന്നതിനാൽ മാറത്തേയ്ക്കാണു് വീണതു്. ബോധമില്ലാതെ തലകുത്തി വീഴുകയാൽ തലതകർന്നു കാമാക്ഷിയമ്മ തൽക്ഷണം മരിച്ചു. ഉമ്മറത്തു രാമനാമം ജപിച്ചുകൊണ്ടിരുന്ന മുത്തശ്ശി നാളികേരം വീണതാണെന്നു വിചാരിച്ചു. കുട്ടിയെ അന്വേഷിക്കാൻ പോയ സ്ത്രീകളിൽ ഒരാൾ മടങ്ങിവന്നപ്പോൾ മുറത്തു് ഒരു നാളികേരം വീണിട്ടുണ്ടെന്നും എടുത്തുവെയ്ക്കണമെന്നും മുത്തശ്ശി പറഞ്ഞതു കേട്ടു് ആ സ്ത്രീ ചെന്നു നോക്കിയപ്പോൾ നാളികേരത്തിനു പകരം തലതകർന്നു

രക്തമണിഞ്ഞു കിടക്കുന്ന കാമാക്ഷിയുടെ ശവശരീരത്തെ യാണു് കണ്ടതു്. ആ സ്ത്രീ മുറവിളി കൂട്ടുകയാൽ അയൽ വക്കത്തുള്ളവരിൽ ചിലരും കാമാക്ഷിയുടെ അമ്മയും വന്നു ചേർന്നു. ആപത്തു് വരുത്തിയതു കൂട്ടത്തോടെ. കുട്ടിയെക്കാണാഞ്ഞതിനാലുള്ള ചേതനയുടെ വർദ്ധന കഴിഞ്ഞിട്ടില്ല. അതിന്നിടയിൽ തള്ളയുടെ ദുർമ്മരണം. ഇങ്ങിനെ കൂനിന്മേൽ കുരുപോലെ നാരായണിയമ്മയ്ക്കു വന്ന യാതനാശക്തിയാൽ ആ സ്ത്രീ മോഹാന്ധയായി ഛിന്നഭിന്നമായി കിടക്കുന്ന കാമാക്ഷിയുടെ ശവശരീരത്തിന്നടുത്തു് ആ മുറ്റത്തു കിടന്നുരുണ്ടു. ദുഃഖം ദുസ്സഹമായി വരുന്തോറും കണ്ണീരും കരച്ചിലും അടങ്ങിവന്നു. അംഗങ്ങളുടെ തളർച്ച കൊണ്ടു തൊണ്ട വെടിക്കുന്നതിന്നു വെള്ളം ചോദിപ്പാൻ കഴിയാതായി. ഈ ആപത്തുകളാൽ വീട്ടിലുള്ളവരെല്ലാം കുരുപോലെ ദുഃഖിച്ചിരുന്നതിനാൽ നാരായണിയമ്മയ്ക്കു വേണ്ടതറിഞ്ഞു പ്രവർത്തിപ്പാനോ അനുവർത്തിപ്പാനോ ആരും ഉണ്ടായിരുന്നില്ല. ആ സ്ത്രീ മേല്ക്കുമേൽ വർദ്ധിച്ചുവരുന്ന ശോകത്താൽ അന്തർദ്ദാഹം സഹിച്ചു മണ്ണിൽ ഉരുണ്ടു പിരണ്ടു കിടക്കുന്നു.

സംഭവങ്ങൾ പൊല്ലീസ്സുകാരറിഞ്ഞു് ഇൻസ്പെക്ടരും ചില പൊല്ലീസ്സുകാരും സ്ഥലത്തെത്തീട്ടുണ്ടു്. ആഭരണത്തോടുകൂടി ചന്ദ്രശേഖരൻ കുട്ടിയെ കാണാതായ വർത്തമാനം കേട്ടു് അതിന്നു വേണ്ടതെല്ലാം ആലോചിക്കുന്നതിന്റെ മദ്ധ്യത്തിലാണു് കാമാക്ഷിയമ്മയുടെ ദുർമ്മരണത്തെപ്പറ്റി റിപ്പോർട്ടു കിട്ടിയതു്. ഇൻസ്പെക്ടർ കുറ്റക്കാരെക്കണ്ടുപിടിക്കുന്ന വിഷയത്തിൽ വളരെ കീർത്തി സമ്പാദിച്ചിട്ടുള്ള കരാളനാണു്. അദ്ദേഹത്തിന്നു് ഈ പ്രദേശത്തെയ്ക്കു സ്ഥല

മാറാം കിട്ടിയതിന്നുശേഷം ഈ പ്രദേശത്തെങ്ങും കളവും
മറ്റും ഉണ്ടായിട്ടില്ല. മംഗലത്തെ വീട്ടിൽ വന്ന സംഭവാ
പ്പോർട്ട തയ്യാറാക്കുന്ന മദ്ധ്യേ ചിലരെ ഇൻസ്പെക്ടർ വിസ്ത
രിച്ചു മൊഴി എടുത്തു. ഇൻസ്പെക്ടരുടെ ചോദ്യങ്ങളുടെ
ചോക്ക നോക്കുമ്പോൾ കാമാക്ഷിയമ്മയെ ആരോ തള്ളി
യിട്ടതായി ഇൻസ്പെക്ടർ വിശ്വസിക്കുന്നതായി തോന്നും.
വിസ്താരംകൊണ്ടു കാമാക്ഷിയമ്മയ്ക്കു ശത്രുക്കൾ ആരുംത
ന്നെ ഉണ്ടായിട്ടില്ലെന്നും ശത്രുത തോന്നാൻ പാടില്ലാത്ത
വിധം സ്വഭാവശ്രേഷ്ഠമുള്ളവളാണെന്നും സിദ്ധിച്ചപ്പോൾ
ഇൻസ്പെക്ടർ കുറേനേരം മൌനമായി ആലോചിച്ചുകൊ
ണ്ടിരുന്നു. കുട്ടിയെ കട്ടുകൊണ്ടുപോയതു് ഒരു സംഘക്കാ
രായ കള്ളന്മാരുടെ പണിയായിരിക്കാമെന്നും പിന്തുടർ
ന്നുപിടിക്കുന്നതിൽ പൊല്ലീസ്സുകാക്കു് ആ വീട്ടുകാക്കും താ
മസം വരാൻവേണ്ടി ആ കൂട്ടത്തിൽ ആരോ ഒരുവൻ തള്ളി
യിട്ടതായിരിക്കുമെന്നും ഇൻസ്പെക്ടർ ഊഹിച്ചു. ഉടനെത്ത
ന്നെ അദ്ദേഹവും ഏതാനുംചില പൊല്ലീസ്സുകാരുംകൂടി
വീടു വളഞ്ഞു് ഉള്ളിൽ പരിശോധന നടത്തി. വീട്ടി
ന്റെ വടക്കേക്കെട്ടിടത്തിൽ നിന്നു പുറത്തേയ്ക്കുള്ള വാതിൽ
തുറന്നുകിടക്കുന്നതു കണ്ടപ്പോൾ തന്റെ ഊഹം ശരിയാ
ണെന്നു തോന്നി. വീട്ടിനുള്ളിൽ ആരേയും കണ്ടതുമില്ല. ആ
വാതിലിന്നു നേർക്കുള്ള മുറ്റത്തെ മണ്ണിൽ ചില കാലടികൾ
പതിഞ്ഞിട്ടുള്ളതിന്റെ അളവു കുറിച്ചു് ഓരോ ചിത്രവും
വരച്ചു് അതുകളേയും അവിടെ ഉണ്ടായിരുന്നവരുടെ അടി
കളേയും കൂട്ടിനോക്കിയതിൽ ആരുടേയും യോജിക്കാ
ഒരടി കണ്ടു. അതിനെ പിന്തുടർന്നു നോക്കിയപ്പോൾ വേ
ലിന്റെ വടക്കെ അറ്റത്തുള്ള മതിൽവരെ ആ കാലടി

പോയതായി കണ്ടു. അതിനു നേരുകണ്ടു് അപ്പുറത്തു് അടി കണ്ടില്ല. സമീപത്തിലും ഇല്ല. പിന്നെയുള്ള സ്ഥലമെല്ലാം പുല്ലുള്ള പറമ്പായതുകൊണ്ടു് ഇൻസ്പെക്ടരുടെ പിന്തുടച്ചു് അവസാനിക്കേണ്ടിവന്നു. പൊല്ലീസ്സുകാരുടെ അന്വേഷണം ഇങ്ങിനെ ഇരിക്കുന്നു.

ചിലവിനുള്ള വ്യവഹാരത്തിൽ തറവാട്ടിലേയ്ക്കുള്ള വരവുചിലവുകളുടെ കണക്കിനെപ്പറ്റി വിക്രമനും വക്കീലുമായി കാരോന്നു പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യത്തിൽ മംഗലത്തെ വാലിയക്കാരൻ അമംഗലവൃത്താന്തവുംകൊണ്ടു് അവിടെച്ചെന്നു കയറി. എത്ര വലിയ കായ്മുണ്ടായിരുന്നാലും അതു് എത്ര അടിയന്തരമായിരുന്നാലും ഒരാൾ വന്ന ഉടനെ എന്താ വന്നതെന്നു ചോദിച്ചാൽ ഒന്നുമില്ലെന്നു പറയുന്നതു നാട്ടുനടപ്പാണു്. വാലിയക്കാരനോടു വിക്രമൻ വിശേഷിച്ചൊന്നുമില്ലല്ലോ എന്നു ചോദിച്ചപ്പോൾ നാട്ടുനടപ്പിനെ അനുസരിച്ചു് 'ഇല്ല' എന്നു് അയാൾ പറഞ്ഞില്ല. എന്താ മറുപടി പറയേണ്ടതെന്നറിയാഞ്ഞതുകൊണ്ടാണു് വാലിയക്കാരൻ ഒന്നും പറയാഞ്ഞതു്. കാമാക്ഷിയമ്മ മുറത്തു വീണു മരിച്ച സമയം വിക്രമൻ ഉണ്ണാനിരിക്കയായിരുന്നു. ഹേതുവില്ലാതെ വിളക്കു കെട്ടു. പിന്നെയും കൊളുത്തി ഉണ്ണാൻ ഭാവിച്ചപ്പോൾ ചോറിൽ ഏകദേശം വേവായിരിക്കുന്ന ഒരു എട്ടുകാലിയെക്കണ്ടതുകൊണ്ടു പിന്നെ ഉണ്ടില്ല. രാത്രി ഉറക്കവും ഉണ്ടായില്ല. പിറ്റേന്നു കാലത്തു വ്യവഹാരത്തിനു വേണ്ട ഉപദേശം കൊടുപ്പാൻ വക്കീലിനെച്ചെന്നു കണ്ടു കായ്മുതൽ പറഞ്ഞുതുടങ്ങിയപ്പോഴാണു് മംഗലത്തെ വാലിയക്കാരൻ ചെന്നു കയറിയതു്. വാലിയക്കാരൻ മറുപടി ഒന്നും പറയാഞ്ഞതു

പ്പോൾ വിക്രമനും ശ്രുണിവനും "എന്തെടാ നീ ഊമയാണോ?" എന്നു ചോദിച്ചു.

വാലിയക്കാരൻ—അതെ എയമാന്നേ. എനിക്കൊന്നും പറയാനറിഞ്ഞുകൂടാ.

എന്നു പറഞ്ഞു കരഞ്ഞുതുടങ്ങി.

വിക്രമൻ—സാധു! ഞാൻ ശകാരിച്ചതിനു സുഖക്കേടു വേണ്ട. നീ വന്ന കാര്യമെന്താണെന്നു പറ.

വാലിയക്കാരൻ—അന്യന്റെ ചോറു തിന്നുമ്പോൾ പറഞ്ഞതു കേൾക്കാതെ കഴിയില്ലല്ലോ. അല്ലെങ്കിൽ ഞാൻ ഇതിനു വരുമോ?

വിക്രമൻ—എന്തെടാ, കാര്യംപറയാതെ വല്ലതും പറയുന്നതു്?

വാലിയക്കാരൻ—എന്റെ പൊന്നെയമാന്നേ, ദേഷ്യപ്പെടേണ്ട. എനിക്കു പറയാൻ വയ്യാഞ്ഞിട്ടാണേ.

വക്കീൽ—നമുക്കിതു പിന്നെ നോക്കാം. നിങ്ങൾ ഇവനായിട്ടു രാത്രമാനം പറഞ്ഞിരിക്കിൻ.

വിക്രമൻ—എന്നാൽ അങ്ങിനെയാവാം.

എന്നു പറഞ്ഞു വക്കീലിന്റെ അട്ടക്കൽനിന്നു് എഴുനീറ്റു വാലിയക്കാരൻരാമനേയും വിളിച്ചുകൊണ്ടു പുറത്തു സ്സ്കൂറങ്ങി. പടിപ്പുര കടന്നപ്പോൾ അവിടെ ഇരുന്നു.

വിക്രമൻ—എന്താ രാമ, വർത്തമാനം പറയാതെ വിഷ്ടിത്തം പറയുന്നതു്?

രാമൻ—എയമാന്നേ, ദൈവങ്ങളെല്ലാം നമ്മളോടു കോപിച്ചിരിക്കുന്നേ. ഇന്നലെ സന്ധ്യയ്ക്കു ചന്ദ്രശേഖരൻകുട്ടിയെ ക്കാണാതായി. ഇതേവരെ കണ്ടുകിട്ടീട്ടില്ല.

ഇതു കേട്ട ഉടൻതന്നെ വിക്രമൻ ഇരുന്നോടത്തു മല

ന്നുവീണു. പുത്രവാത്സല്യം എല്ലാവക്കും കുറെപോലെയാ
ണെങ്കിലും ചന്ദ്രശേഖരന്റെ കളങ്കമില്ലാത്ത ഗുണത്തിലും
മധുരമായ പ്രകൃതിയിലും ആശ്ചര്യജനകമായ ബുദ്ധിപൈ
ശിഷ്യത്തിലും ബന്ധുക്കൾകൂടി മയങ്ങി ആഭരണങ്ങളും
മറ്റും സമ്മാനിച്ചിരിക്കുന്ന സ്ഥിതിക്കു വിക്രമനും ആ പ്ര
ഥമപുത്രന്റെ മേൽ എത്ര സ്നേഹമുണ്ടായിരിക്കുമെന്നു് ആ
ലോചിച്ചുതന്നെ അറിയണ്ടതാണു്. വെള്ളം വറ്റി വെ
യിൽകൊണ്ടു വാടിയിരിക്കുന്ന സസ്യത്തിനു തൽക്ഷണം
മഴ തട്ടിയാലെന്നപോലെ വിക്രമന്റെ തലയെ രാമൻ മ
ടിയിൽവെച്ചു കുറേനേരം തോണ്ടുമുണ്ടുകൊണ്ടു വീശിയ
പ്പോൾ അംഗസാദം തീർന്നു കണ്ണു മിഴിച്ചു. കാമാക്ഷിയ
മ്മയുടെ മരണവൃത്താന്തവും ആദ്യംതന്നെ പറഞ്ഞതായി
രുന്നുവെങ്കിൽ രണ്ടിനുംകൂടി ഒരു മോഹാലസ്യംകൊണ്ടു കു
ഴിയുമായിരുന്നുവെന്നും പറയാഞ്ഞതു തന്റെ തെറ്റാണെ
ന്നും ഇനി പറയാതിരിക്കുന്നതാണു് നല്ലതെന്നും മറ്റും രാ
മൻ വിചാരിച്ചു. എന്തായാലും കാമാക്ഷിയമ്മയെപ്പറ്റി
ച്ചോദ്യം വരുമ്പോഴോ ആ വൃത്താന്തം കേട്ടിട്ടുണ്ടാകുന്ന
ദുഃഖം സഹിക്കാറായി എന്നു തനിക്കു ബോധ്യമാകുമ്പോ
ഴോ പറയാമെന്നു രാമൻ നിശ്ചയിച്ചു. വിക്രമനു മോഹാ
ലസ്യം തെളിഞ്ഞ ഉടനെ 'എല്ലാ ടിക്കിലും തിരഞ്ഞുനോ
ക്കിയോ' എന്നു വിക്രമൻ ചോദിച്ചു. കുന്തം പോയിട്ടു
കുടത്തിനുള്ളിൽ തിരഞ്ഞ കൂട്ടത്തിൽ ഉണ്ടാകാൻ ഒരുവി
ധത്തിലും തരമില്ലാത്ത സ്ഥലങ്ങളിലുംകൂടി അന്വേഷിച്ചു
എന്നു രാമൻ പറഞ്ഞു. പിന്നെ വളരെ നേരത്തിനു ശേ
നികളായി രണ്ടുപേരും പൂവകത്തേയ്ക്കു നടന്നു. വീട്ടിലെ
ത്താറായപ്പോൾ:

വിക്രമൻ—ഞാൻ ഇത്ര വേദനിക്കുമ്പോൾ കാമാക്ഷി എ
ത്ര വേദനിക്കണം. എങ്ങിനെ സഹിക്കുന്നോ ആവോ?
രാമൻ—അവരുടെ ദുഃഖമെല്ലാം ഇന്നലെത്തന്നെ തീർന്നു.
ഞങ്ങളൊക്കെ വളപ്പിലും കുളത്തിലും തേടി മടങ്ങിച്ചെ
ന്നപ്പോൾ കാമാക്ഷിയമ്മ പടിഞ്ഞാറെ മുറ്റത്തു തല
യും തകർന്നു കിടക്കുന്നു. മകളിലെ അഴിയില്ലാത്ത ജന
ലിൽനിന്നു വീണതായിരിക്കണം.

വിക്രമൻ മുന്നോട്ടു നടക്കാൻ കാൽ വരാതെ വഴി
യിൽ നിന്നു രാമനെ പിടിച്ചു് അവിടെ ഇരുന്നു.

ചന്ദ്രശേഖരനെക്കാണാതായതോ കാമാക്ഷിയമ്മയ്ക്കു്
അപമൃത്യു വന്നതോ പൂവകത്തുവീട്ടുകാർ ആരും ഒന്നും അ
റിഞ്ഞിരുന്നില്ല. രാമൻ ആദ്യം പൂവകത്തേയ്ക്കാണു് ചെ
ന്നതെങ്കിലും വിക്രമനെ അന്വേഷിച്ചു് ഉടൻതന്നെ വ
ക്കീലിന്റെ വീട്ടിലാണെന്നറിഞ്ഞു വർത്തമാനങ്ങൾ ചോ
ദിക്കാനോ പറയാനോ സമയം കൊടുക്കാതെ പൂവകത്തുനി
ന്നു പോകയാണു് ചെയ്തതു്. വിക്രമൻ രാമനെപ്പിടിച്ചു
വഴിയിൽ ഇരിക്കുന്നതു പൂവകത്തെ പടിപ്പുരയിൽനിന്നു
തറവാട്ടിലമ്മ കണ്ടു. എന്തോ എന്നു പേടിച്ചു് അകായിൽ
ചെന്നു താൻ കണ്ടതു പറഞ്ഞു. സ്ത്രീകളെല്ലാം പടിപ്പു
രയിൽ വന്നു നോക്കിത്തുടങ്ങി. രാമൻ വിക്രമനെ മരുവിധം
കയ്യിൽ പിടിച്ചു് എഴുന്നേല്പിച്ചു രണ്ടുപേരുംകൂടി പടിപ്പുര
യിൽ എത്തിയപ്പോൾ എന്താണു് വഴിയിലിരുന്നതെന്നു
തറവാട്ടിലമ്മ ചോദിക്കുകയും തീവ്രദുഃഖംകൊണ്ടു വിക്രമ
നും, ഈ ദുഃഖവർത്തമാനം രണ്ടാമതും പറയാൻ വയ്യാതെ
രാമനും മറുപടി പറയാതെ അകത്തേയ്ക്കു പോകയും ചെ
യ്തതുകൊണ്ടു് അവിടെ നിന്നിരുന്നവരെല്ലാം വളരെ പരി

ഭേമിച്ചു. വിക്രമൻ വീട്ടിന്നകത്തു കടന്നു തളത്തിൽ വെ
റുംനിലത്തു കിടന്നപ്പോൾ രാമനെ ഭേദ്യംചെയ്തു് ഉണ്ടായ
സംഭവമെല്ലാം ഒന്നൊഴിയാതെ പറയിച്ചു. കാമാക്ഷിയ
മ്മയുടെ മരണത്തിനുകാരണം ചന്ദ്രശേഖരനെക്കാണാതായ
താണു് പൂവകുഞ്ഞുവീട്ടുകാരെ ദുഃഖിപ്പിച്ചതു്. 'കുട്ടിയെ
ആഭരണങ്ങളണിഞ്ഞു വെളിക്കു വിടുന്നതിൽ അപകടമു
ണ്ടെന്നു നൂറുവട്ടം ഞാൻ പറഞ്ഞിട്ടുണ്ടു്" എന്നു വിക്ര
മൻ്റെ സഹോദരി പറഞ്ഞു 'അവനെ ആക്കം കൊല്ലാൻ
തോന്നില്ല. അനുഭവിച്ചാൽ കിട്ടും. നമ്മുടെ വെളുത്തേ
ടൻ ഈച്ചരൻ മിടുക്കനാണു്. അവൻ പോയാൽ കൊണ്ടേ
വരുള്ളു. ഇപ്പോത്തന്നെ അവനെ വിളിച്ചുകൊണ്ടു വര
ണം. രാമൻതന്നെ പോയി കുട്ടിക്കൊണ്ടുവാ' എന്നു പ
റഞ്ഞു താമാട്ടിലമ്മ രാമനെ അയച്ചു. കണ്ണശ്ശപ്പണിക്ക
രെ കുട്ടിക്കൊണ്ടുവന്ന കുട്ടി ജീവിച്ചിരിക്കുന്നുണ്ടോ എന്നും
ഏതു ദിക്കിലാണെന്നും അറിഞ്ഞതിന്നുശേഷം ആളെ അ
യയ്ക്കുന്നതാണു് ഉത്തമമെന്നും ഒരു പിടിത്തവുമില്ലാതെ വ
ല്ലടിക്കിലും അലഞ്ഞുതിരിഞ്ഞു നടന്നിട്ടു ഫലമില്ലെന്നും
വിക്രമൻ്റെ ഇളയമ്മ പറഞ്ഞതു കേട്ടു് അവരുടെ മകൻ
കുട്ടികൃഷ്ണൻ പണിക്കരെ വിളിക്കാൻ പോയി. പണിക്കരും
വെളുത്തേടൻ ഈച്ചരനും കൂടെ വന്നെത്തി. പണിക്കർ
ഒരു പ്രശ്നംവെച്ചു കുട്ടി ജീവിച്ചിരിക്കുന്നുണ്ടെന്നും ആഭരണ
ങ്ങൾ അവൻ്റെ ദേഹത്തിൽത്തന്നെ ഉണ്ടെന്നും പറഞ്ഞു.
ആഭരണങ്ങൾ തട്ടിപ്പറിക്കാൻവേണ്ടി കള്ളന്മാർ കുട്ടിയെ
കൊണ്ടുപോയതാണെന്നും ഇപ്പോൾ അവരുടെ അധീ
നത്തിൽ അമ്മയെക്കാണാതെ കരഞ്ഞുംകൊണ്ടിരിക്കയാ
ണെന്നും പ്രശ്നത്താൽ കണ്ടു. വളരെക്കാലതാമസംകൂടാതെ

കുട്ടിയെ അച്ഛൻ കാണുമെന്നും ഈച്ചരൻ തിരഞ്ഞുപോയാൽ കണ്ടുകിട്ടില്ലെന്നും പണിക്കർ പറഞ്ഞു. ഇതെല്ലാം കേട്ടുകൊണ്ടു കിടന്നിരുന്ന വിക്രമൻ അപ്പോൾ പുറത്തുവന്നു. വിക്രമനു ജ്യോതിശ്ശാസ്ത്രത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. കണ്ണശ്ശപ്പണിക്കർ പറഞ്ഞ ഭവിഷ്യത്തുതന്റെ ആഗ്രഹത്തിനനുകൂലിച്ചിരുന്നതുകൊണ്ടു വിശ്വാസം തോന്നി അല്പംകൂടി വിവരം അറിയേണമെന്നുദ്ദേശിച്ചാണു് വിക്രമൻ പ്രശ്നംവെയ്ക്കുന്നേടത്തുവന്നതു്. കുട്ടിയെ അച്ഛൻ കാണുമെന്നു പറഞ്ഞതു് എപ്പോഴാണെന്നും എങ്ങിനെയാണെന്നും വിക്രമൻ ചോദിച്ചു. യദൃച്ഛയായി കണ്ടെത്തുമെന്നുമാത്രം പണിക്കർ പറഞ്ഞു. കണ്ടുകിട്ടിയാൽ പണിക്കർക്കു നല്ല സമ്മാനം തരാം എന്നു വിക്രമൻ വാഗ്ദത്തം ചെയ്തു് അകത്തേയ്ക്കുതന്നെ പോയി മുമ്പു കിടന്നിരുന്നപോലെ കിടന്നു. ദുഃഖത്തിനുള്ള ഹേതുവിനെത്തന്നെ പിന്നേയും പിന്നേയും വിചാരിച്ചുകൊണ്ടു കിടക്കുന്നതു ദുഃഖികളുടെ സ്വഭാവമാണല്ലൊ. മദിരാശിയിൽനിന്നു വന്ന ഉടൻതന്നെ ഭാര്യവീട്ടിലേയ്ക്കു പോകാതിരുന്നതെറ്റിനായും ചന്ദ്രശേഖരന്റെ അസ്പഷ്ടമണിയവാക്കുകളേയുംപറ്റി വിക്രമൻ വിചാരിച്ചു വിചാരിച്ചു കണ്ണീർകളഞ്ഞും 'ജാതസ്യ ഹി ധ്രുവോ മൃത്യുഃ ധ്രുവം ജന്മ മൃതസ്യ ച' എന്നുള്ള തത്വങ്ങളെ ആലോചിച്ചു് അപരിഹാര്യമായ മരണത്തെപ്പറ്റി വ്യസനിക്കുന്നതു് ഇതുരയും അറിവുള്ള തനിക്കു യോഗ്യതയല്ലെന്നു വിചാരിച്ചു സമാധാനിച്ചും ആ നിലത്തു കിടന്നുരുളുമ്പോൾ ഒരു കമ്പിയുണ്ടെന്നാരോ പറയുന്നതു കേട്ടു. പരീക്ഷയുടെ വർത്തമാനമായിരിക്കുമെന്നൂഹിച്ചു് ഉടനെ എഴുനീറ്റു കമ്പി വാങ്ങിപ്പൊട്ടിച്ചു

ച്ചു വായിച്ചുനോക്കി. വിക്രമൻ എം. എ. പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചു എന്നും വിക്രമന്നു് ഉദ്യോഗം കൊടുക്കാമെന്നു വാശ്ത്തം ചെയ്തിരുന്ന സായ്പു് ഒരു കൊല്ലത്തെ അവുധി എടുത്തു ജർമ്മനിക്കു പോയി എന്നും പോകുമ്പോൾ വിക്രമനെ തനിക്കു് ഓമ്മയുണ്ടെന്നു പറഞ്ഞുവെന്നുമാണു് കമ്പിയിലെ വൃത്തമാനം. ദുഃഖമുദ്യേ സുഖം സുഖമുദ്യേ ദുഃഖമെന്നിങ്ങിനെ സുഖദുഃഖങ്ങൾ ഇടകലന്നതാണു് മനുഷ്യജീവിതമെന്നും സുഖത്തിൽ സ്സ്വഹയോ ദുഃഖത്തിൽ ഉദ്വേഗമോ ഇല്ലാതെ ക്ഷോഭരഹിതരായിരിക്കയാണു് പണ്ഡിതന്മാർ ചെയ്യേണ്ടതെന്നും വിക്രമന്നറിവുണ്ടായിരുന്നുവെങ്കിലും അയാളുടെ ചെറുപ്പം കൊണ്ടു ഹൃദയത്തിൽ തത്വജ്ഞാനത്തിന്നും ബുദ്ധിക്കും മുൻകൈ കിട്ടാതെ പരീക്ഷാവിജയത്തിൽ സന്തോഷിക്കുകയും തൽക്ഷണംതന്നെ തനിക്കു് ഉദ്യോഗം തരാനുള്ള സായ്പു് പോയതിൽ വ്യസനിക്കുകയും ചെയ്തു. എന്തായാലും നടപടിമൂഷ്യം വരാതിരിക്കാൻവേണ്ടി മാത്രം സംബന്ധംചെച്ചു വിക്രമൻ ആ പ്രവൃത്തികൊണ്ടു കെട്ടുപോയി എന്നു പൂർണ്ണമായി വിശ്വസിച്ചുകൊണ്ടിരിക്കുന്ന കാരണവർക്കും ഭാര്യവിയമ്മയ്ക്കും കമ്പിവൃത്തമാനം അറിവു കൊടുപ്പാൻ ഉന്മേഷം തോന്നി. ആ കമ്പിയുടെ പുറത്തുതന്നെ അതിലെ വൃത്തമാനത്തിന്റെ പരിഭാഷ എഴുതി ഒരാളെ വിളിച്ചു കാരണവക്കു കൊടുത്തയച്ചു. ഭാര്യവിയമ്മയുടെ വലയിൽപ്പെട്ട വികൃതനായിട്ടുണ്ടെങ്കിലും വിക്രമന്റെ വിജയവൃത്താന്തത്തിൽ കാരണവക്കു കലർപ്പില്ലാത്ത സന്തോഷമുണ്ടായില്ലെന്നില്ല. എഴുത്തു കൊണ്ടുപോയി കൊടുത്ത കൂലിക്കാരനു 2ണ. കൂലി കൊടുക്കുന്നതിനുപകരം ഒരു മുഴുവറുപ്പിക കൊടുത്തുപോൽ!

തനിക്കും തറവാട്ടിലേയ്ക്കും വന്ന സംഭവിച്ചിട്ടുള്ള കഷ്ടാവസ്ഥയുടെ വേദനനിമിത്തം പരീക്ഷയിൽ ജയിച്ച സന്തോഷത്തിനെ കൊണ്ടാടി അനുഭവിപ്പാൻ വിക്രമന്നിടവന്നില്ല. ഒന്നരണ്ടു ദിവസത്തോളം മാത്രമേ ആ സന്തോഷത്തിന്നു വിക്രമന്റെ ഹൃദയത്തിൽ ആസ്പദമുണ്ടായുള്ളൂ. വിക്രമൻ വിചാരിച്ചതോ കാരണവൻ യത്നിച്ചുകിട്ടാറായതോ ആയ ഉദ്യോഗം ഒന്നും കിട്ടിയതുമില്ല. സ്ഥിരമായിരിപ്പാൻ വീട്ടിൽ സൌഭാഗ്യവുമില്ല. ചിലവിന്നുള്ള വ്യവഹാരം നടന്നുകൊണ്ടിരിക്കുന്നതുമദ്ധ്യേ വിക്രമൻ വേദാന്തം പഠിക്കാൻ നിശ്ചയിച്ചു. വിക്രമന്റെ വിശേഷബുദ്ധിക്കിരകൊടുക്കത്തക്കവണ്ണം പഠിപ്പിക്കുന്നതിന്നു് ഒരു ഗുരുവിനേയും ലഭിച്ചു. ത്രിജഗദ്ദീപശാസ്ത്രികൾ എന്ന യഥാർത്ഥനാമധേയനായ ഇദ്ദേഹത്തെപ്പറ്റി അല്പം അറിയേണ്ടതു് ആവശ്യമാണു്.

ത്രിജഗദ്ദീപശാസ്ത്രികളുടെ കുടുംബത്തിൽ വാദ്ധ്യായി അധിവസിപ്പാൻ തുടങ്ങീട്ടു കുറേക്കാലമായി. കമലാലയയും കമലാസനന്റെ പത്നിയുംകൂടി വാഴ്ക പതിവില്ലാത്തതാണു്. എന്നാൽ ശാസ്ത്രികളുടെ കുടുംബത്തിൽ അങ്ങനെയല്ല. ഇതിനുള്ള കാരണം ശാസ്ത്രികളുടെ വംശം കമലിയുടെ കുട്ടത്തിൽ, ഒന്നു കലച്ചുണങ്ങുന്നതായതുകൊണ്ടു ജ്യേഷ്ഠാനുജന്മാരുടെ ഭാര്യമാർക്കുടി ഒരു ഭവനത്തിൽ താമസിപ്പാനിടവന്നിട്ടില്ലാത്തതുകൊണ്ടാണെന്നു പ്രസിദ്ധിയുണ്ടു്. അഞ്ചെട്ടു തലമുറയായി ഒന്നു പൊറു മച്ചിയാകുന്ന സ്ത്രീകളല്ലാതെ ആ കുടുംബത്തിൽ വന്നു ചേർന്നിട്ടില്ല. സത്തോ, വളരെയുണ്ടതാനും.

ശാസ്ത്രികളുടെ മഠം പെരിയാർ പർവ്വതങ്ങളിൽനി
ന്നു കൊണ്ടുവന്നു നിക്ഷേപിച്ചിട്ടുള്ള ഗൈരികവസ്ത്രങ്ങളെ
ക്കൊണ്ടുണ്ടായ ഒരു ദ്വീപിലാണു്. 'ചാത്തിരിത്തുരുത്തു്'
എന്നാണു് ഇദ്ദേഹത്തിന്റെ ദ്വീപിന്നു പേർ. ചാത്തി
രിത്തുരുത്തിനു കാലരയ്ക്കാൽ നാഴിക കിഴക്കുപടി
ഞ്ഞാറു നീളവും കാൽനാഴിക വീതിയുമുണ്ടു്. ചാത്തിരി
ത്തുരുത്തിലില്ലാത്ത വിശേഷവൃക്ഷങ്ങളും സസ്യങ്ങളും ഇ
ല്ലെന്നുതന്നെ പറയാം. തുരുത്തിന്റെ കിഴക്കെ അറ്റ
ത്തൊരു ക്ഷേത്രവും പടിഞ്ഞാറെ അറ്റത്തു മഠവുമാണു്.
ക്ഷേത്രത്തിൽ അന്നന്നുള്ള ശാസ്ത്രികൾ മാത്രമേ പൂജ കഴി
ക്കാറുള്ളൂ. അതുനിമിത്തം ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചി
ട്ടുള്ള യോഗേശ്വരസ്വാമിക്കു് ഒരു പ്രത്യേകചൈതന്യം
കാണുന്നുണ്ടു്. ത്രിജഗദ്ദീപശാസ്ത്രികൾ മഹാവിശിഷ്ടനാ
ണു്. അദ്ദേഹം യോഗേശ്വരസ്വാമിയെ പ്രാർത്ഥിച്ചു തീ
ർത്ഥമോ പുഷ്പമോ കൊടുത്താൽ അതു വാങ്ങുന്നവർക്കു് അ
ന്നുമുതൽക്കു രോഗശാന്തിയും മറുമുണ്ടായതായി എത്രയോ
ദൃഷ്ടാന്തങ്ങളുണ്ടു്. ശാന്തിക്കു വേണ്ടുന്നതും തന്റെ നിത്യ
വൃത്തിക്കു വേണ്ടുന്നതുമായ സമയം കഴിച്ചു ബാക്കിയുള്ള
സമയം അദ്ദേഹത്തിന്റെ ശിഷ്യന്മാക്കായി ചെലവിട്ടിട്ടുണ്ടു്.
ജ്യോതിശ്ശാസ്ത്രത്തിന്റെ കരകണ്ട മനുഷ്യനാണെങ്കിലും
ആ ശാസ്ത്രത്തിന്റെ സഹായം കൂടാതെതന്നെ വരും ഫ
ലങ്ങൾ ഇദ്ദേഹം അറിയാറുണ്ടു്. ഇങ്ങനെയുള്ള ഒരു മഹാ
നെയാണു് വിക്രമൻ ഗുരുവായി വരിച്ചതു്. വിക്രമനെ
ശിഷ്യനായി സ്വീകരിപ്പാൻ യാതൊരു പ്രയാസവും ഉ
ണ്ടായില്ല. പാശ്ചാത്യശാസ്ത്രങ്ങളിൽ പരിചയമുള്ള ഒരുവ
നെ തന്റെ ശിഷ്യനായി കിട്ടിയാൽക്കൊള്ളാമെന്നു് ഇ

ദ്ദേഹം ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന കാലത്താണു് വിക്രമന്റെ അഭീക്ഷ ചെന്നതു്. ശാസ്ത്രികൾ സാധാരണയായി ഒന്നുംതന്നെ ആഗ്രഹിക്കാത്ത ഒരാളാണു്. വല്ല ആഗ്രഹവും വല്ലപ്പോഴും ഉണ്ടായാൽതന്നെ ആയതു സാദ്ധ്യസംബന്ധമുള്ളതായിരിക്കയില്ല. ആഗ്രഹവിശേഷംകൊണ്ടോ ശാസ്ത്രികളുടെ ഭാഗ്യവിശേഷംഹേതുവായിട്ടോ യോഗേശ്വരനായ കൃഷ്ണന്റെ അനുഗ്രഹം ഹേതുവായിട്ടോ ശാസ്ത്രികളുടെ ആഗ്രഹങ്ങളെല്ലാം കാലതാമസംകൂടാതെ സാധിച്ചതായിട്ടേ കണ്ടിട്ടുള്ളൂ വിക്രമനെപ്പോലെ ബുദ്ധിഹീനമുണ്ടായിട്ടൊരു ശിഷ്യൻ അദ്ദേഹത്തിന്നുണ്ടായിട്ടില്ലെന്നതന്നെ പറയാം. ശിഷ്യസ്ഥാനം വഹിച്ചു് അല്പനാൾ കഴിയുമ്പോഴേയ്ക്കു വിക്രമൻ ശാസ്ത്രികളുടെ അതിവാത്സല്യത്തിന്നു ഭാജനമായിത്തീർന്നു. സാധാരണ വിദ്യാർത്ഥികൾ പഠിക്കുന്നതിന്റെ പത്തിരട്ടി വിക്രമൻ പഠിക്കാറുണ്ടായിരുന്നു. അങ്ങനെ പഠിച്ചുവരുമ്പോൾ ഒരു ദിവസം "എന്താ വിക്രമാ, പഠിപ്പിന്നൊരു മുടക്കം വരാൻ പോകുന്നു? പ്രതിവിധികൊണ്ടു നീങ്ങുന്ന മുടക്കമല്ല" എന്നു ശാസ്ത്രികൾ പറഞ്ഞു. മുടക്കം വരാൻ ഒരു വഴിയും വിക്രമൻ കണ്ടില്ല. ആ പറഞ്ഞതു ശാസ്ത്രികളല്ലെങ്കിൽ വരാൻപോകുന്ന മുടക്കത്തെപ്പറ്റി വിക്രമൻ ലവലേശം ഗൌനിക്കയില്ലായിരുന്നു. മിഥ്യാവാക്കു പറയാത്ത ശാസ്ത്രികൾ പറഞ്ഞതുകൊണ്ടു് വിക്രമൻ ദീർഘമായി ആലോചിച്ചു. "വരും ഫലങ്ങളൊന്നുമേയറിഞ്ഞിടാത്ത മൂഢനാം മനുഷ്യനുള്ള ബുദ്ധിയും പ്രഭാവവും വൃഥാ വൃഥാ." എം. എ. പാസ്സായിട്ടെന്താ കാര്യം? തീർത്താൽ തീരാത്തതായി അടുത്ത ഭാവിയിൽ വരാൻപോകുന്ന വിഘ്നത്തെപ്പറ്റി ശാ

ശാസ്ത്രികളുടെ മഠം പെരിയാർ പർവ്വതങ്ങളിൽനി
ന്നു കൊണ്ടുവന്ന നിക്ഷേപിച്ചിട്ടുള്ള ശൈരികവസ്തുക്കളെ
ക്കൊണ്ടുണ്ടായ ഒരു ദ്വീപിലാണു്. 'ചാത്തിരിത്തുരുത്തു്'
എന്നാണു് ഇദ്ദേഹത്തിന്റെ ദ്വീപിനു പേർ. ചാത്തി
രിത്തുരുത്തിനു കാലരയ്ക്കാൽ നാഴിക കിഴക്കുപടി
ഞ്ഞാറു നീളവും കാൽനാഴിക വീതിയുമുണ്ടു്. ചാത്തിരി
ത്തുരുത്തിലില്ലാത്ത വിശേഷവൃക്ഷങ്ങളും സസ്യങ്ങളും ഇ
ല്ലെന്നുതന്നെ പറയാം. തുരുത്തിന്റെ കിഴക്കെ അറ
ത്തൊരു ക്ഷേത്രവും പടിഞ്ഞാറെ അറ്റത്തു മഠവുമാണു്.
ക്ഷേത്രത്തിൽ അന്നന്നുള്ള ശാസ്ത്രികൾ മാത്രമേ പൂജ കഴി
ക്കാറുള്ളു. അതുനിമിത്തം ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചി
ട്ടുള്ള യോഗേശ്വരസ്വാമിക്കു് ഒരു പ്രത്യേകചൈതന്യം
കാണുന്നുണ്ടു്. ത്രിജഗദ്ദീപശാസ്ത്രികൾ മഹാവിശിഷ്ടനാ
ണു്. അദ്ദേഹം യോഗേശ്വരസ്വാമിയെ പ്രാർത്ഥിച്ചു തീ
ർത്ഥമോ പുഷ്പമോ കൊടുത്താൽ അതു വാങ്ങുന്നവർക്കു് അ
ന്നുമുതൽക്കു രോഗശാന്തിയും മറ്റുമുണ്ടായതായി എത്രയോ
ദൃഷ്ടാന്തങ്ങളുണ്ടു്. ശാന്തിക്കു വേണ്ടുന്നതും തന്റെ നിത്യ
വൃത്തിക്കു വേണ്ടുന്നതുമായ സമയം കഴിച്ചു ബാക്കിയുള്ള
സമയം അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കായി ചെലവിട്ടുണ്ടു്.
ജ്യോതിശ്ശാസ്ത്രത്തിന്റെ കരകണ്ട മനുഷ്യനാണെങ്കിലും
ആ ശാസ്ത്രത്തിന്റെ സഹായം കൂടാതെതന്നെ വരും ഫ
ലങ്ങൾ ഇദ്ദേഹം അറിയാറുണ്ടു്. ഇങ്ങനെയുള്ള ഒരു മഹാ
നെയാണു് വിക്രമൻ ഗുരുവായി വരിച്ചതു്. വിക്രമനെ
ശിഷ്യനായി സ്വീകരിപ്പാൻ യാതൊരു പ്രയാസവും ഉ
ണ്ടായില്ല. പാശ്ചാത്യശാസ്ത്രങ്ങളിൽ പരിചയമുള്ള ഒരുവ
നെ തന്റെ ശിഷ്യനായി കിട്ടിയാൽക്കൊള്ളാമെന്നു് ഇ

ദ്ദേഹം ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന കാലത്താണു് വിക്രമന്റെ അഭീക്ഷ ചെന്നതു്. ശാസ്ത്രികൾ സാധാരണയായി ഒന്നുംതന്നെ ആഗ്രഹിക്കാത്ത ഒരാളാണു്. വല്ല ആഗ്രഹവും വല്ലപ്പോഴും ഉണ്ടായാൽതന്നെ ആയതു സ്വാർത്ഥസംബന്ധമുള്ളതായിരിക്കയില്ല. ആഗ്രഹവിശേഷംകൊണ്ടോ ശാസ്ത്രികളുടെ ഭാഗ്യവിശേഷംഹേതുവായിട്ടോ യോഗേശ്വരനായ കൃഷ്ണന്റെ അനുഗ്രഹം ഹേതുവായിട്ടോ ശാസ്ത്രികളുടെ ആഗ്രഹങ്ങളെല്ലാം കാലതാമസംകൂടാതെ സാധിച്ചതായിട്ടേ കണ്ടിട്ടുള്ളു വിക്രമനെപ്പോലെ ബുദ്ധിഗ്രണമുണ്ടായിട്ടൊരു ശിഷ്യൻ അദ്ദേഹത്തിന്നുണ്ടായിട്ടില്ലെന്നതന്നെ പറയാം. ശിഷ്യസ്ഥാനം വഹിച്ചു് അല്പനാൾ കഴിയുമ്പോഴേയ്ക്കു വിക്രമൻ ശാസ്ത്രികളുടെ അതിവാത്സല്യത്തിന്നു ഭാജനമായിത്തീർന്നു. സാധാരണ വിദ്യാർത്ഥികൾ പഠിക്കുന്നതിന്റെ പത്തിരട്ടി വിക്രമൻ പഠിക്കാറുണ്ടായിരുന്നു. അങ്ങനെ പഠിച്ചുവരുമ്പോൾ ഒരു ദിവസം "എന്താ, വിക്രമാ, പഠിപ്പിന്നൊരു മുടക്കം വരാൻ പോകുന്നു? പ്രതിവിധികൊണ്ടു നീങ്ങുന്ന മുടക്കമല്ല" എന്നു ശാസ്ത്രികൾ പറഞ്ഞു. മുടക്കം വരാൻ ഒരു വഴിയും വിക്രമൻ കണ്ടില്ല. ആ പറഞ്ഞതു ശാസ്ത്രികളല്ലെങ്കിൽ വരാൻപോകുന്ന മുടക്കത്തെപ്പറ്റി വിക്രമൻ ലവലേശം ഗൌനിക്കയില്ലായിരുന്നു. മിഥ്യാവാക്കു പറയാത്ത ശാസ്ത്രികൾ പറഞ്ഞതുകൊണ്ടു് വിക്രമൻ ദീർഘമായി ആലോചിച്ചു. "പരം ഫലങ്ങളൊന്നുമേയറിഞ്ഞിടാത്ത മൂഢനാം മനുഷ്യനുള്ള ബുദ്ധിയും പ്രഭാവവും വൃഥാ വൃഥാ." എം. എ. പാസ്സായിട്ടെന്താ കായ്യം? തീർത്താൽ തീരാത്തതായി ആട്ടത്ത ഭാവിയിൽ വരാൻപോകുന്ന വിഘ്നത്തെപ്പറ്റി ശാ

സ്ത്രീകൾക്കുള്ള ചെളിച്ചം എനിക്കില്ലല്ലോ എന്നൊക്കെ വിചാരിച്ചുകൊണ്ടു വിക്രമൻ കുറേനേരം ഇരുന്നു. ശാസ്ത്രികളും മൌനിയായിരുന്നു "വരുമ്പോൾ വരട്ടെ. അതുവരെ പഠിക്കുക, അല്ലേ?" എന്നു ശാസ്ത്രികൾ പറഞ്ഞു പുസ്തകം തുറന്നപ്പോൾ വിക്രമനും പുസ്തകം തുറന്നു വായിക്കാൻ തുടങ്ങി. മൌനിയായിരുന്നു കുറേനേരം ആലോചിച്ചപ്പോൾ ശാസ്ത്രികളുടെ മുഖമൊന്നു കറുത്തു. വിക്രമനും അതും ദീർഘവിചാരത്തിനു വിഷയമായി. അവിടുന്നഞ്ചാറു ദിവസം കഴിഞ്ഞപ്പോൾ വിക്രമനു അഹേതുവായി ഒരു പനിയുണ്ടായി. അതോടുകൂടി ശ്വസിപ്പാൻ ഒരു തടസ്ഥവും കണ്ടു. അധികം താമസംകൂടാതെ ക്ഷയമെന്ന മഹാരോഗം രംഗപ്രവേശനംചെയ്തു യവനിക നിക്കി.

വിക്രമന്റെ വിജയവൃത്താന്തത്തിൽ മംഗലത്തെ വീട്ടുകാരോടുള്ള മത്സരംനിമിത്തം ഭാർഗ്ഗവിയമ്മയ്ക്കു ലവലേശം സന്തോഷമുണ്ടായിരുന്നില്ല. വിക്രമന്റെ പരീക്ഷ അത്രയൊന്നും പ്രയാസമുള്ളതല്ലെന്നും കൃഷ്ണന്റെ പരീക്ഷയാണു അതിലെത്രയോ അധികം പ്രയാസമുള്ളതെന്നും ഭാർഗ്ഗവിയമ്മ പറഞ്ഞു. ഉള്ളതായിരിക്കുമെന്നു കാരണവർ വിചാരിച്ചുവെങ്കിലും തന്റെ സന്തോഷത്തിനു കുറവുണ്ടായിരുന്നില്ല. വ്യവഹാരം ഫയലായതിനുശേഷം തനിക്കു മതിയായൊരു സംഖ്യ ചിലവിനു കിട്ടിയാൽ കായ്യങ്ങളെല്ലാം വിക്രമനെ ഏല്പിച്ചുകൊടുക്കാമെന്നുള്ള ഒരാലോചനയുണ്ടായിരുന്നു. അങ്ങിനെ ഉക്കണ്ണനുണ്ണിനായരാലോചിച്ചതു വിക്രമന്റെ പരീക്ഷാവിജയംകൊണ്ടാണെന്നു ഭാർഗ്ഗവിയമ്മ വിചാരിച്ചതുകൊണ്ടും പരീക്ഷ വളരെ വലുതാകുന്നതു തന്റെ ഹൃദയത്തിനത്ര സമ്മതമില്ലാത്തതുകൊണ്ടു

മാണ് കൃഷ്ണന്റെ ഫാസ്പിറൽ അസിസ്റ്റാൻറ് പരീക്ഷ
യാണ് വല്ലതെന്നു പറഞ്ഞുതുടങ്ങിയിരിക്കുന്നതു്. ഭാഗ്യ
വിയമ്മ പറയുമ്പോലെ ജയിക്കാൻ പ്രയാസമുള്ളതുകൊ
ണ്ടായിരിക്കാം കൃഷ്ണൻ പരീക്ഷയിൽ ജയിച്ചില്ല. കൃഷ്ണനു
പിന്നെയും മദിരാശിക്കു പോകേണ്ടാലോചനയായി. വി
ക്രമനെക്കണ്ടു യാത്ര പറയുന്നതിനും വിക്രമൻ പരീക്ഷ
യിൽ ജയിച്ചതിനു് അനുമോദിക്കുന്നതിനും പൂവകത്തേ
ക്കു പോയി. ഈ യാത്ര വിക്രമൻ ജയിച്ച വർത്തമാനം കി
ട്ടിയ ഉടൻതന്നെ വേണ്ടതായിരുന്നു. ഇങ്ങിനെ ചിലർ
ജയിച്ചതായി കേട്ടിട്ടും പിന്നീടു ഗസറ്റുനോക്കുമ്പോൾ
തോറ്റതായി കണ്ടിട്ടുള്ളതുകൊണ്ടു ഗസറ്റിൽ കണ്ടതിനു
ശേഷം വിക്രമനെ കണ്ടാൽ മതിയെന്നു വിചാരിച്ചാണു്
ഇത്രയും കൃഷ്ണൻ താമസിച്ചതു്. കൃഷ്ണൻ ചെന്നു നോക്കു
മ്പോൾ വിക്രമൻ ക്ഷയക്കുരുവും കുരുമുളകുചോരയും തുപ്പിക്കിട
ക്കുന്നു. ക്ഷയരോഗം പകരുന്ന വ്യാധിയാണെന്നും വിഷ്ണു
ചികയും മസ്സൂരിയും വന്നാൽ നാം എത്ര അകന്നിരിക്കുന്നു
വോ അത്രയും അകന്നിരിക്കേണമെന്നും എന്തു ചികിത്സ
ചെയ്താലും ജീവിക്കില്ലെന്നും ശുദ്ധവായുവും വെയിലും മാ
ത്രമേ ഈ രോഗത്തിന്നൊരു ശാന്തി കൊടുക്കുകയുള്ളു എന്നും
വളപ്പിൽ നാലുഭാഗവും തുറന്നു് ഒരു ചെറിയ പുര കെട്ടി
വിക്രമനെ അതിൽ പാർപ്പിക്കണമെന്നും മറ്റും വിസ്താര
മായി കൃഷ്ണൻ പറഞ്ഞതു കേട്ടപ്പോൾ വീട്ടിലുള്ളവരെല്ലാം
ഭയപ്പെട്ടു കൃഷ്ണനെക്കൊണ്ടുതന്നെ വളപ്പിന്നുള്ളിൽ ഒരു ചെ
റിയ പുര പണിചെയ്യിച്ചു. വിക്രമനെ അതിലേയ്ക്കു നീ
ക്കിക്കിടത്തി, കൃഷ്ണൻ യാത്രപറഞ്ഞു പോകയും ചെയ്തു.

കൃഷ്ണൻ കുണ്ടിലെ വീട്ടിലെത്തിയപ്പോൾ കാരണവ

ക്കു വത്തമാനം മനസ്സിലായി. ചികിത്സിച്ചാൽ മാറുന്ന രോഗമാണെങ്കിൽ വല്ലതും ചിലവുചെയ്യാമെന്നു കാരണവക്കു വിചാരമുണ്ടായിരുന്നു. ജീവിക്കാൻ പ്രയാസമാണെന്നു കൃഷ്ണൻ തീർച്ചയായി പറഞ്ഞപ്പോൾ കാരണവർ കുറെ വ്യസനിച്ചു; ചികിത്സിക്കാനുള്ള ആലോചന തീരെ വിട്ടുകളകയും ചെയ്തു. വിക്രമനെ ഒന്നു കണ്ടു പോരണമെന്നു കാരണവക്കുണ്ടായിരുന്ന വിചാരത്തെ പകരുന്ന വ്യാധിയാണെന്നും മറ്റും പറഞ്ഞു ഭയപ്പെടുത്തി കൃഷ്ണൻ നശിപ്പിച്ചു.

വീട്ടുവളപ്പിൽ ഒരു മരച്ചുവട്ടിൽ ചെറുതായൊരു പുരയിൽ രാവും പകലും താനേ കിടന്നു വിക്രമൻ അനുഭവിച്ച കഷ്ടത്തിനു് അവസാനമില്ല. അവിടെനിന്നു വിളിച്ചാൽതന്നെ കേൾക്കില്ല. അഥവാ വല്ലവരും കേട്ടാൽതന്നെ അടുക്കെച്ചെല്ലേണ്ടിവരുമെന്നു വിചാരിച്ചു കേട്ടവർ കേട്ടതു നടിക്കാതെ താന്താങ്ങളുടെ പ്രവൃത്തി നോക്കിപ്പോകയേ ഉള്ളൂ. മരണത്തിനെ ഭയം ഉണ്ടായിരുന്നുവെങ്കിലും അത്യാവശ്യത്തിനൊക്കെ വിക്രമന്റെ സഹോദരി അടുക്കെപ്പോയിരുന്നു. ആക്കുവേണ്ടി താൻ അതിയതാം ചെയ്തിരുന്നുവോ, ആരെ വിചാരിച്ചു തന്നെക്കാത്തുകൊണ്ടിരുന്ന ഭാര്യയെ ഒരു നോട്ടമെങ്കിലും നോക്കാതെ വീട്ടിലിരുന്നു കഷ്ടപ്പെട്ടവോ അവർ തന്നെ തിരിഞ്ഞുനോക്കാതെ ഉടഞ്ഞ ചിമ്മിണിപോലെ വളപ്പിലെറിഞ്ഞതു വിചാരിച്ചു വിചാരിച്ചു വിക്രമന്റെ വ്യാധിയോടുകൂടെ ആധിയും മുഴുത്തുവന്നു. മനോവിചാരം അധികരിച്ചുണ്ടായിരുന്നതിനാൽ ദേഹത്തിനു യാതൊരനക്കവുമില്ലാതെ കുറേനാൾ മരച്ചുവട്ടിൽ കിടന്നു. സ്വസ്ഥതകൊണ്ടു ജ്വരത്തിനു്

അല്പം ശമനമുണ്ടായി. മരണപര്യന്തം ആ മരച്ചുവട്ടിൽ അശുദ്ധവസ്തുവിനെപ്പോലെ കഴിച്ചുകൂട്ടുന്നതെങ്ങിനെയാണെന്നും രോഗം വർദ്ധിച്ചു് ഒരാളെ വിളിക്കാൻകൂടി തനിക്കു വയ്യാതായാൽ എങ്ങിനെ നിവർത്തിക്കുമെന്നും മറും ആലോചിച്ചിട്ടു് ഒരു സമാധാനവും ഉണ്ടായില്ല. സത്യമായും മര്യാദയായും ഈശ്വരനെ വണങ്ങിയും താൻ ഇതേവരെ ഇരുന്നതിനുള്ള പ്രതിഫലം ഇതാണോ? കുടുംബത്തിലുള്ളവരെ ഒരുപോലെ സ്നേഹിച്ചതിനുള്ള സമ്മാനം ഇതാണോ? എന്നെല്ലാം വിചാരിക്കുംതോറും വിക്രമനു് ഈശ്വരനിലും മനുഷ്യനിലുമുള്ള വിശ്വാസം അകന്നകന്നു വശായി. ഇങ്ങിനെ ആക്കം വേണ്ടാതെ താൻ ജീവിച്ചിരുന്നിട്ടുള്ള കാര്യമെന്താണെന്നു തന്നോടുതന്നെ വിക്രമൻ ചോദിച്ചുതുടങ്ങി. ആത്മഹത്യ ചെയ്തു ദുഃഖത്തെ അവസാനിപ്പിക്കുന്നതിലുള്ള മനസ്സു ചരിഞ്ഞു മരത്തിന്റെ കൊമ്പും ബലമുള്ള കയറും തേടിത്തുടങ്ങി. "മരിക്കത്തക്കതായ ഒരു മഹാരോഗം വന്നു ബാധിച്ചിരിക്കെ മരണത്തിന്നിതരമാർഗ്ഗം എന്തിനു ചിന്തിക്കുന്നു! തുങ്ങിമരിക്കുന്നതു തന്റെ പൌരുഷത്തിനു ചേർന്നതല്ല. രോഗത്താൽ മരിക്കുന്നതുവരെ ക്ഷമിക്കാൻ വയ്യെങ്കിൽ കാട്ടിലേയ്ക്കു ചെന്നാൽ വല്ല കാട്ടുമൃഗങ്ങളും ഭക്ഷിക്കുമല്ലോ. എന്തെങ്കിലും നന്ദികേടും സ്വാർത്ഥവും സഹതാപമില്ലായ്മയും അളവില്ലാതെ വർദ്ധിച്ചിരിക്കുന്ന ഈ കുടുംബക്കാരുടെ ഇടയിൽ മരിക്കുന്നതിനേക്കാൾ പക്ഷിമൃഗാദികളോടുകൂടി വനവാസംചെയ്തു മരിക്കുന്നതാണു് സുഖപ്രദമെന്നു വിചാരിച്ചു് ഒരുദിവസം രാത്രി വീട്ടിൽ കയറിച്ചെന്നു തോക്കും തിരകളും ഉണ്ടായിരുന്നോടത്തോളും പണവും ഒരു ബ്ലാങ്കറും ഒരു കത്തിയും കയ്യി

ലെടുത്തു വിക്രമൻ മരച്ചുവട്ടിൽ വിട്ടു പുറപ്പെട്ടു. പുറപ്പെട്ടമുത
ല്ലുതന്നെ കുടുംബം, യോഗ്യത, ധനം, വിദ്യ മുതലായതുക
ളിലും സഹോദരൻ, സഹോദരി, ഭാര്യാമക്കൾ എന്നിവരിലും കാകവിഷ്ടയിലെന്നപോലെ വെറുപ്പു തോന്നി. വീട്ടു
വിട്ടു ദൂരം പോകുന്തോറും കാട്ടിലുള്ള സ്ഥിതികളും ഉള്ളിൽ
കടന്നു സംസാരചിന്തയെപ്പുറത്താക്കി. നേരം ചെല്ലുത്ത
പ്പോൾ കാട്ടിന്നരികിലെത്തി കടക്കാവുന്ന ദിക്കിൽക്കൂടി
ഉള്ളിൽ കടന്നു നടക്കാവുന്ന മാർഗ്ഗത്തിൽക്കൂടി എത്തുന്നോ
ടത്തേയ്ക്കുനടന്നു. മാൻ, മുയൽ, മക്കടൻ മുതലായ മൃഗങ്ങളെ
അടുത്തുചെല്ലുകണ്ടുവെങ്കിലും തല്ക്കാലത്തെ മനസ്സിന്റെ
സ്ഥിതി കണ്ടു് അവയെ ഒന്നിനേയും ഹിംസിക്കാൻ കൈ
വന്നില്ല. നടന്നുനടന്നു ഫലഭരത്താൽ കൊമ്പുകൾ താ
ഴ്ന്നിരിക്കുന്ന ഒരു പ്ലാവിൻചുവടെത്തി. വിശപ്പുകൊണ്ടു്
ഒരു ചക്കപ്പഴം മുറിച്ചുഭക്ഷിക്കാനുദ്ദേശിച്ചു് അടുത്തു ചെന്ന
പ്പോൾ ആ വൃക്ഷത്തിന്റെ കൊമ്പുകളിലുണ്ടായിരുന്ന കു
രികളെല്ലാംകൂടിത്തങ്ങളുടെ ധനത്തെ അപഹരിക്കാൻ
വന്നവന്റെ നേരെ എന്നപോലെ എതിർത്തു. മക്കടന്മാർ
തിന്നിട്ടുള്ള ചക്കയുടെ കുരുക്കളെക്കൊണ്ടു നാലുഭാഗത്തുനി
ന്നും ഏറുതുടങ്ങി. ഏറു കൊണ്ടിട്ടും വിക്രമൻ അവയെ
ഹിംസിച്ചില്ല. ഒരു കൊമ്പു പിടിച്ചു താഴ്ത്തി അതിലുണ്ടാ
യിരുന്ന ഒരു ചക്കപ്പഴം കത്തികൊണ്ടറുത്തെടുത്തു സുഖ
പ്രദമായ ഒരു തരുച്ഛായ നോക്കി വിക്രമൻ നടന്നുതുടങ്ങി
ങ്ങു. ആ വൃക്ഷത്തണലിലിരുന്നു ചക്ക മുറിച്ചു തനിക്കു വേ
ണ്ടുവോളം ഭക്ഷിച്ചു. അവിടെ സമീപത്തിൽ വളർന്നിരു
ന്ന പുല്ലുകളെ കുറേ അരിഞ്ഞുകൊണ്ടുവന്നു് ഒരു കിടക്കയു
ണ്ടാക്കി അതിന്മേൽ ബ്യാങ്കറു വിരിച്ചു കിടന്നു. തോക്കു

നിറച്ചു സമീപത്തിലും വെച്ചു. രാത്രി ഉറക്കമില്ലാത്തതു കൊണ്ടും നടന്ന ക്ഷീണംകൊണ്ടും കുറഞ്ഞൊന്നുറങ്ങി. അപ്പോൾ കുരയുണ്ടായിരുന്നില്ല. ഒട്ടു വൈകുന്നേരമായപ്പോൾ പനിയും കുരയും സാധാരണയിലധികമുണ്ടായി. ഇനി നടക്കാൻ കഴികയില്ലെന്നു നിശ്ചയിച്ചു സമീപത്തു് ഒരു കുന്നിൻചുവട്ടിൽക്കൂടി ഒഴുകിയിരുന്ന ഒരു തോട്ടിൽ ചെന്നു് അല്പം വെള്ളം കുടിച്ചു തൻറെ പുൽക്കിടക്കയിൽത്തന്നെ വന്നുകിടന്നു. അന്നു രാത്രി കാട്ടുമൃഗങ്ങളുടെ യാതൊരു ശല്യവുംകൂടാതെ ആ മരച്ചുവട്ടിൽത്തന്നെ സുഖമായി കിടന്നു. പിറ്റെന്നാൾ കാലത്തുണർന്നു കുറേ കുരച്ചു. കുരശമിച്ചപ്പോൾ പിന്നെയും കാട്ടിനുള്ളിലേയ്ക്കു നടക്കാനാണു നിശ്ചയിച്ചതു്. കുറെ നടന്നു് ഒരു കുന്നിൻമുകളിൽ കയറി നാലു ദിക്കിലും നോക്കിയപ്പോൾ ഏകദേശം അരനാഴിക ദൂരത്തിൽ നാലഞ്ചു ചെറിയ പുരകളെക്കണ്ടു. തനിക്കു വെറുപ്പു വന്നിട്ടുള്ള മനുഷ്യന്മാർ വസിക്കുന്ന സ്ഥലമാണെന്നു വിക്രമനു തോന്നിയെങ്കിലും അവിടെ ചെല്ലുന്നതിനുനിശ്ചയിച്ചു. അവിടെച്ചെന്നപ്പോൾ ആ കുടികളിൽ വസിച്ചിരുന്ന ചില മലയരും മലച്ചികളും വിക്രമനെ കുമ്പിട്ടു തൊഴുതു ചക്കപ്പഴവും മാമ്പഴവും ഒരു മുളങ്കുഴൽ നിറച്ചു തേനും കൊണ്ടുവന്നു കാഴ്ചവെച്ചു. ഈ ഉപചാരത്തിനു കാരണമെന്താണെന്നു വിക്രമനു മനസ്സിലായില്ല. എന്തെങ്കിലും വിശേഷമായി നോക്കുന്നു കിട്ടിയതിനെ ഭക്ഷിക്കുകതന്നെ എന്നുറച്ചു് ഒരു വൃക്ഷച്ചുവട്ടിലിരുന്നു ഭക്ഷണം തുടങ്ങി. അപ്പോൾ മധുരമുള്ള ഒരു ജാതി കിഴങ്ങു ചുട്ടതുംകൂടി മലയർ കൊണ്ടുവന്നു കൊടുത്തു. അതെല്ലാം സുഖമായി ഭക്ഷിച്ചതിനുശേഷം മലയർ എന്തു കൂടിക്കാനു

ന്നെന്നും ഈ കാടെല്ലാം ആരുടേതാണെന്നും വിക്രമൻ ചോദിച്ചു. ഈ കാടെല്ലാം വിക്രമന്റെതന്നെയാണെന്നും വിക്രമന്റെ അടിമകളായ മുന്നൂറു കുടികളിൽ പത്തു കുടിക്കാർ മാത്രമേ അവിടെ വാസമുള്ളു എന്നും ബാക്കിയുള്ളവർ ഇരിക്കുന്ന സ്ഥലം കാണിച്ചുകൊടുക്കാമെന്നും ഒരു മലയൻ പറഞ്ഞു. അവരുടെ മുതലാളനാണെന്നു തന്നെ തെറ്റിദ്ധരിച്ചിരിക്കയാണെന്നു വിക്രമന്നപ്പോൾ മനസ്സിലായി. ഇങ്ങിനെ അയഥാർത്ഥധാരണകൾനിമിത്തം കിട്ടുന്ന ബഹുമാനത്തേയോ സഹായത്തേയോ ലവലേശം കാംക്ഷിക്കാത്തതാണു് വിക്രമന്റെ സ്വഭാവം. എങ്കിലും തനിക്കു ദോഷം സ്വാധീനമല്ലാത്തതുകൊണ്ടും വനത്തിൽ ജീവിക്കുന്നതിന്റെ മാഹാത്മ്യങ്ങളൊന്നും അറിവില്ലാത്തതുകൊണ്ടും മലയരുടെ ധാരണയെ ശരിപ്പെടുത്താതിരിക്കുന്നതാണു് യുക്തമെന്നു തോന്നി. ആ വനത്തിന്റേയും മലയരുടേയും മുതലാളന്റെ ഗൌരവം നടിച്ചുതന്നെ ഇരിക്കാനുറച്ചു. തനിക്കു ശരീരസുഖത്തിനുവേണ്ടി കുറച്ചുനാൾ ആ കാട്ടിൽതന്നെ കഴിക്കേണ്ടതായി വന്നിരിക്കുന്നു എന്നും മലയരുടെ കുടികളുള്ള താഴ്വരയുടെ വടക്കുഭാഗത്തുള്ള ചെറിയ കുന്നിന്മുകളിൽ നല്ല തണലുള്ള വൃക്ഷങ്ങളുടെ മുഴുട്ടിലായി ഒരു ചെറിയ പുര കെട്ടേണമെന്നും തനിക്കു വേണ്ടുന്നതെല്ലാം അന്വേഷിക്കുന്നതിനു് ആരെങ്കിലും ഒരാൾ എപ്പോഴും കൂടെയുണ്ടായിരിക്കേണമെന്നും വിക്രമൻ കല്പിച്ചു. മുതലാളൻ കാട്ടിൽ വന്നു താമസിക്കുന്നു വിവരം മറ്റുള്ള മലയരെ അറിയിക്കുകയോ തന്റെ ആവശ്യത്തിനായി കുന്നിനും അവരെ ശല്യപ്പെടുത്തുകയോ ചെയ്യരുതെന്നും ശട്ടം കെട്ടി. മലയരെല്ലാവരുംകൂടി രണ്ടുനാലു നാഴികകൊണ്ടു

ഒരു പുര വെച്ചുകെട്ടി. വെച്ചുണ്ണാൻ വേണ്ടുന്ന മണ്പാത്രങ്ങളും മറ്റും നാട്ടുപ്രദേശത്തുപോയി വാങ്ങിക്കൊണ്ടുവരുന്നതിന്നു് ഒരു മലയനെ ഏല്പിച്ചു. സന്തോഷസൂചകമായി വിക്രമൻ മലയക്കു് ഒരു ഉറുപ്പിക സമ്മാനവും കൊടുത്തു. സമ്മാനം കിട്ടിയതിൽ മലയക്കുണ്ടായ സന്തോഷത്തിന്നു് അതിരില്ലായിരുന്നു. അവരുടെ ദൈവത്തിന്നു് ഒരു ബലിയും ആ ദൈവസ്ഥലത്തു പാട്ടും കളിയും എല്ലാം വിക്രമന്റെ ക്ഷേമത്തെ ഉദ്ദേശിച്ചു മലയർ അന്നുതന്നെ ചെയ്തു. അന്നു രാത്രിമുതൽക്കു വിക്രമന്റെ വനവാസം വളരെ സുഖമായിരുന്നു. സ്വയം പാകംചെയ്യുന്ന ഒരു പ്രവൃത്തി മാത്രമേ വിക്രമനുണ്ടായിരുന്നുള്ളു. നല്ല പക്ഷികളുടേയും മുയൽ മാൻ മലയാട മുതലായ മൃഗങ്ങളുടേയും മാംസം മലയർ ധാരാളം കൊണ്ടുവന്നു പതിവായി കൊടുത്തിരുന്നതുകൊണ്ടു വിക്രമന്റെ തോക്കിരുന്നു തുരുമ്പുപിടിക്കയായിരുന്നു. വിക്രമന്റെ ശുശ്രൂഷയ്ക്കായി നിന്നിരുന്ന ഒരു മലയനും അവന്റെ മലച്ചിയും ആ തോക്കുകൊണ്ടു വെടിവെച്ചു കാണേണമെന്നു താല്പര്യപ്പെട്ടപ്പോൾ ഒരുദിവസം വിക്രമൻ നായാട്ടിന്നൊരുമ്പെട്ടു. മലയനും മലച്ചിയും കൂടിപ്പുറപ്പെട്ടു. ഒരുസമയം പുലികളിളകി വന്നു വിക്രമനെ ഭയപ്പെടുത്തിയാലോ എന്നു വിചാരിച്ചു നാലുപേർ വില്ലും അമ്പും ധരിച്ചു വിക്രമനോടു ചേർന്നു നടന്നിരുന്നു. കൂടിളകിയപ്പോൾ കണ്ടതു് ഒറ്റയായ ഒരു വാരണവീരനെയാണു്. മലയർ സാധാരണയായി ആ കൊമ്പനെക്കണ്ടാൽ ഓടി ഒളിക്കയേ പതിവുള്ളു. മലയരുടെ കയ്യിലുള്ള അമ്പുകളും അവന്റെ മേൽ എത്രയോ ഏറിട്ടുണ്ടു്. അമ്പുകൾ ദേഹത്തിൽ തറയ്ക്കുമ്പോൾ അവനു് അല്പംകൂടി

വേദനയില്ലാത്ത ഭാവത്തിൽ നില്ക്കുന്നതു കണ്ടിട്ടാണു് മല
യർ അവനോടു തോറ്റിട്ടുള്ളതു്. കൊമ്പൻ പരിഭ്രമിച്ചു
വരുന്നതു കണ്ടപ്പോൾ സമീപത്തുണ്ടായിരുന്ന ഒരു ഗുഹ
യിൽ ഒളിച്ചിരിപ്പാനാണു് മലയർ ഉപദേശിച്ചതു്. വി
ക്രമനു് അവനെ നേരിട്ടനിന്നു സംഹരിപ്പാൻ ധൈര്യ
മുണ്ടായിരുന്നുവെങ്കിലും ദൈവഗത്യാ മലയർ പറഞ്ഞതു
കേൾക്കാനാണു് തോന്നിയതു്. നേരിട്ടു വെടിവെക്കാൻ
ശ്രമിച്ചതായിരുന്നുവെങ്കിൽ വിക്രമന്റെ കഥ കഴിയു
മായിരുന്നു. അവൻ നേരിട്ടുവരുമ്പോൾ തലയനക്കംകൊ
ണ്ടു നല്ല ശീലമുള്ള മലയക്കുടി അവന്റെ തലയിൽ ഒര
മ്പെല്പിക്കാൻ കഴിഞ്ഞിട്ടില്ല. എത്രയോ മലയരെ കുത്തിമ
റിച്ചിട്ടു് ഒരു കൈകൊണ്ടു ചവുട്ടി തുമ്പിക്കൈകൊണ്ടു് ഒരു
കാലിൽ പിടിച്ചു ചീന്തിക്കൊന്നിട്ടുണ്ടു്. വിക്രമനും സ
ഹായികളും ഒളിവിലിരുന്ന ഗുഹാമുഖം കുന്നിന്റെ തെക്കേ
ച്ചെരുവിൽ തെക്കോട്ടെയ്ക്കായിരുന്നു. ഗുഹാമുഖം വലിയ
തായ ഒരു പാറക്കല്ലുകൊണ്ടു് അടഞ്ഞിട്ടുണ്ടായിരുന്നതിനാ
ലും ഗുഹയുടെ ഉള്ളിലേയ്ക്കു പോകാൻ ആ പാറയുടെ കിഴ
ക്കും പടിഞ്ഞാറുമുള്ള ദ്വാരങ്ങൾ ഒരു പശുവിനു കടക്കാൻ
മാത്രം വലിപ്പമുള്ളതായിരുന്നതിനാലും ഇവരെല്ലാം ഗുഹ
യിലുള്ളതു കൊമ്പൻ അറിഞ്ഞാൽക്കുടി അവനു് ഇവരെ
ഉപദ്രവിക്കാൻ സാധിക്കയില്ലായിരുന്നു. കൊമ്പൻ വന്നു
വന്നു ഗുഹാമുഖത്തിന്റെ കിഴക്കേഭാഗത്തു് അഗ്നികോണി
ലേയ്ക്കു നോക്കി നില്പായപ്പോൾ വിക്രമനു ഗുഹയുടെ ഉ
ള്ളിൽ ഇരിക്കക്കൊള്ളാതായി. അവിടെനിന്നു് ഒരിത്തിരി
അനങ്ങുന്നതിനു മലയർ സമ്മതിക്കുന്നതുമില്ല. ഇപ്പോൾ
വെടിവെച്ചു കൊല്ലുന്നതിനു നല്ല തരമാണെന്നു് അവരോ

ട പറഞ്ഞാൽ, ആ ശബ്ദം കേട്ട കോമ്പന്റെ സ്ഥിതി ഭേ
പ്പെട്ടാലോ എന്നുള്ള ഭയത്താൽ വിക്രമനും അവരോടു ഒ
ന്നും പറയാനും തരമില്ല. തന്നെ തട്ടുക്കരുതെന്നും ശബ്ദി
ക്കരുതെന്നും വളരെ ഗൌരവം നടിച്ചു് അവരോട കല്പി
ച്ചു, വിക്രമൻ ഗ്രഹാമുഖത്തേയ്ക്കു ചെന്നു. തന്നെ വിക്രമൻ
ശിരച്ഛേദം ചെയ്താലും ആനയ്ക്കിരയായി കൊടുക്കയില്ലെ
ന്നറിച്ചു വിക്രമനെ ശുശ്രൂഷിച്ചിരുന്ന മലയൻ പിന്നാലെ
ചെന്നു വിക്രമന്റെ ഉടുപ്പിൽ പിടിച്ചു. വിക്രമൻ ഗ്രഹാ
മുഖത്തുനിന്നു പുറത്തേയ്ക്കു പോകാതെ തോക്കെടുത്തുപിടി
ച്ചു് ഒന്നു കുരച്ചു. കോമ്പൻ തിരിഞ്ഞു വിക്രമനെ നോക്കി
യപ്പോൾ നെറ്റിക്കൊരു വെടിയും വെച്ചു. വെടികൊണ്ടു
ണ്ടായ ക്രോധത്തോടുകൂടി ആന ഗ്രഹയുടെ നേക്കു വന്നു ഗ്ര
ഹാദ്വാരത്തിലേയ്ക്കു കുത്തി. വിക്രമനെ മലയൻ പിമ്പോ
ട്ടെടുത്തിടുകയാൽ വിക്രമനു കുത്തു കൊണ്ടില്ല. ആനയുടെ
ഒരു കൊമ്പു ഗ്രഹാദ്വാരത്തിലേയ്ക്കും മറേറ കൊമ്പു പാറയി
ലും ഏല്പുകയാൽ പാറ പൊളിഞ്ഞു കൊമ്പിന്നിടയിൽ
ഒരു വലിയ കല്ലു് ഉണ്ടായിരുന്നതിനെ ഗ്രഹയുടെ ഉള്ളിലേ
യ്ക്കു മറിച്ചിട്ടു. മലയർ തുമ്പിക്കയ്യിൽ അമ്പുകൊണ്ടു തിരുകി.
വിക്രമന്റെ വെടിക്കൊണ്ടതന്നെ ആനയുടെ പ്രാണഹാനി
വന്നുപോയിരിക്കുന്നു. പ്രാണവേദനയോടുകൂടി ആന ശ
ത്രുവിനെ ഒന്നു കുത്തി എന്നു മാത്രമേയുള്ളു. വിക്രമൻ ഗ്ര
ഹയുടെ പടിഞ്ഞാറെദ്വാരത്തിൽകൂടി പുറത്തുവന്നു നോ
ക്കിയപ്പോൾ ആനയുടെ ദേഹം വിറച്ചു വീഴാറായി എ
ങ്കിലും ഹൃദയത്തിന്റെ സ്ഥാനം ലാക്കുവെച്ചു് ഒരു വെടി
കൂടി വെച്ചു. പർവ്വതം മറിഞ്ഞുപോലെ ആനയുടെ ശരീരം
മറിഞ്ഞുവീണു. വിക്രമൻ വിജയോന്മേഷത്തോടുകൂടി അ

ട്ടത്തുചെന്നു് ആ വലിയ ശരീരത്തിൽ കയറി തോക്കിന്റെ പിടി ആ ശരീരത്തിൽ കുത്തിപ്പിടിച്ചു മനസ്സമാധാനത്തോടുകൂടി ഇരുന്നു. മലയരും ഒന്നായി വന്നു് ആ ഗജശരീരത്തിൽ കയറി തോക്കിനെ നോക്കിക്കൊണ്ടു ചുറ്റും ഇരുന്നു.

കാലതാമസംകൂടാതെ കാടിളക്കാൻ പോയ മലയരും വന്നുചേർന്നു. ആനയുടെ തോൽ ഉരിച്ചു തലയും കൊമ്പും വേർപെടുത്തി വിക്രമനെടുപ്പാനും തോലും അസ്ഥിയും മലയർ എടുപ്പാനും തീർച്ചയാക്കി. കാട്ടിന്റെ ഉടമസ്ഥൻ വിക്രമനാണെന്നു മലയർ ധരിച്ചിരിക്കുന്നതുകൊണ്ടു മുതലാളിനു് അറിവുകൊടുക്കേണ്ട ആലോചനതന്നെ ഉണ്ടായില്ല. മൂന്നു ദിവസത്തിലകത്തു് എല്ലും തോലും മലയർ ഭാഗിച്ചു. തലയും കൊമ്പും കഴുകി ഉണക്കി പെട്ടപ്പാക്കി വിക്രമന്റെ പുരയിലെത്തി. അതിനെ വിക്രമൻ ആലുവാ ചന്തയ്ക്കയച്ചു വില്പിച്ചു. 250ക. വില കിട്ടിയതിൽ നിന്നു 50ക.യോളം ചിലവുചെയ്തു മലയർക്കു മൂന്നു ദിവസത്തെ സദ്യ കഴിച്ചു. ഇങ്ങിനെ രണ്ടു മാസത്തോളം വിക്രമൻ മലയരുടെ കൂട്ടത്തിൽ വനവാസംചെയ്തു. രോഗം നിശ്ശേഷം മാറി ശരീരത്തിനു പൂർവ്വാധികം പുഷ്ടിയുണ്ടായി. വിക്രമന്റെ വാനപ്രസ്ഥത്തിനുണ്ടായിരുന്ന സംഭവങ്ങളുടെ ശക്തികൊണ്ടോ വനവാസത്തിലുള്ള സൌഖ്യാതിരേകംകൊണ്ടോ വൈരാഗ്യം ബുദ്ധിയിൽ പേർത്തുണ്ടായതുകൊണ്ടോ വീടെന്നും വീട്ടുകാരെന്നുമുള്ള വിചാരം ഉണ്ടായതേ ഇല്ല. ആനത്തലയെ ആലുവായിൽ കൊണ്ടുപോയി വില്പാൻ പറഞ്ഞപ്പോൾ അതിനാൽ വരുന്ന ഭവിഷ്യത്തെന്തായിരിക്കുമെന്നു വിക്രമൻ ആലോചിച്ചില്ല. തല

യും കൊമ്പും അസാധാരണമായ വലിപ്പമുള്ളതാണെന്നു വില കിട്ടിയപ്പോൾ വിക്രമനു ബോദ്ധ്യമായി. ഇതു് എവിടെനിന്നു കിട്ടിയതാണെന്നു് ആരെങ്കിലും അന്വേഷിപ്പാനും യഥാർത്ഥം അറിഞ്ഞാൽ സത്യത്തിൽ ഉടമസ്ഥന്മാരുടെ വഴിക്കു തനിക്കു കുറമുണ്ടാകാനും ഇടവരുമെന്നാലോചിച്ചു തല വില്ക്കാൻ കൊണ്ടുപോയ മലയരെ വിളിച്ചു് ഈ തല ഏതു കാട്ടിൽനിന്നു കിട്ടിയതാണെന്നു വാങ്ങാൻ വന്നവരിൽ ആരെങ്കിലും ചോദിച്ചുപോ എന്നന്വേഷിച്ചു. വാങ്ങാൻവന്നവരെല്ലാം അന്വേഷിച്ചിട്ടുണ്ടെന്നും മുതലാളൻ കൊടുത്തയച്ചതുകൊണ്ടു വില്ക്കാൻ കൊണ്ടുവന്നിട്ടുള്ളതാണെന്നും ഇന്നകാട്ടിൽനിന്നു കിട്ടിയതാണെന്നും എല്ലാവരോടും പറഞ്ഞിട്ടുണ്ടെന്നും മലയർ പറഞ്ഞു. ഇനി അവിടെ പാർക്കുന്നതു മലയരുടെ കയ്യിൽനിന്നു തല്ലുകൊള്ളുവാനുള്ള വഴിയാണെന്നും അന്നു രാത്രിതന്നെ ആ കാട്ടുവിട്ടു മലയർ അന്വേഷിച്ചാൽ എത്താത്ത ഒരു ദിക്കിലേയ്ക്കു പോകണമെന്നും വിക്രമൻ ഉറച്ചു. അർദ്ധരാത്രിക്കു തോക്കും നിറച്ചു കയ്യിൽപിടിച്ചു നിർഭയനായി പോകയും ചെയ്തു. നേരം വെളുത്തപ്പോൾ കിഴക്കുപടിഞ്ഞാറായി രണ്ടുനാലു നാഴിക ദൂരം നീണ്ടുകിടക്കുന്ന ഒരു മലയുടെ അടിവാരത്തെത്തി. ആ മല കയറി മറിഞ്ഞാൽ മലയരുടെ ദൃഷ്ടിയിൽനിന്നു രക്ഷപ്പെടാമെന്നു വിക്രമനു തോന്നി. തിരിച്ചും മറിച്ചും നോക്കിയപ്പോൾ മലമുകളെത്താൻ എളുപ്പത്തിൽ സാധിക്കയില്ലെന്നു കണ്ടു സന്തോഷിച്ചു. പഠിക്കുന്ന കാലം സ്കൂളിൽ താൻ ശീലിച്ച ദേഹാഭ്യാസത്തേയും കയ്യിലുള്ള ആയുധത്തേയും വിശ്വസിച്ചു കയറാൻ തുടങ്ങി. നട്ടുച്ച തിരിഞ്ഞപ്പോഴേ മലമുകളിൽ എത്തിയുള്ളു. വിശപ്പും ദാഹ

വും ക്ഷീണവും വളരെ ഉത്സാഹമായിത്തുടങ്ങി. മലമുകളിൽ തണുത്ത കാറുണ്ടെങ്കിലും വെള്ളം ഒരു തുള്ളിപോലും കിട്ടാൻ വഴികണ്ടില്ല. അപ്പുറത്തേയ്ക്കു കടക്കാതെ മലമുകളിൽ സഞ്ചരിച്ചാൽ തന്നെ ആരെങ്കിലും കാണുമെന്നുള്ളതുകൊണ്ടു മലയുടെ കൊടുമുടി കയറിമറിയാൻ ഉറച്ചു. ശിലാപരിഭാഗങ്ങളിൽ പിടിച്ചു സിംഹക്കുട്ടിയെപ്പോലെ കയറി. അപ്പുറം നോക്കിയപ്പോൾ ഒരിത്തിരിപോലും ചരിവു കണ്ടില്ല. കീഴ്പ്പോട്ടിറങ്ങാൻ ഒരു വിധത്തിൽ നിവൃത്തി കാണുന്നതുവരെ കിഴക്കോട്ടേയ്ക്കു നടക്കാൻ നിശ്ചയിച്ചു. അങ്ങനെ നിശ്ചയിച്ചതു കുറെ ദൂരത്തുനിന്നു നോക്കിയപ്പോൾ അടിമുതൽ മുടിവരെ വൃക്ഷങ്ങളും ചെടികളും ലതകളും മലയിൽ പറ്റിപ്പിടിച്ചതായി കണ്ടതുകൊണ്ടാണു്. ലാക്കുവെച്ച സ്ഥലമെത്തിയപ്പോൾ താൻ കണ്ട വൃക്ഷങ്ങളും ചെടികളും വളരെ അകന്നകന്നാണെന്നും താൻ കയറിമറിഞ്ഞപ്പോൾ കണ്ട സ്ഥലമാണു് ഇതിലും ഭേദമെന്നും തോന്നി. ക്ഷീണംകൊണ്ടും ദാഹംകൊണ്ടും ഒരടി നടക്കാൻ വെയ്യാതെയുമായി. കഠിനമായ ദാഹം സഹിച്ചുകൊണ്ടു കുറെ ഇരുന്നു വിശ്രമിച്ചു. ക്ഷീണത്തേക്കാൾ ദാഹം ഉത്സാഹമായി വന്നതുകൊണ്ടു കുറച്ചു ജലം കിട്ടാൻ മാർഗ്ഗമുണ്ടോ എന്നു് ആ സമീപമെല്ലാം ചുറ്റിത്തിരിഞ്ഞു നോക്കിയപ്പോൾ ഒരു പാറയിൽ വളരെ ആഴത്തിലുള്ള കിണറുപോലെ ഒന്നു കണ്ടു. സൂര്യൻ ഏകദേശം നേരെ മുകളിലായതുകൊണ്ടു് ആ കിണറിന്നടിയിൽ വെള്ളമുണ്ടെന്നു കണ്ടു. ഇനി അതു കിട്ടാനൊരു വഴി? ഇലകളെ കൊണ്ടൊരു പാത്രമുണ്ടാക്കി മുകളിൽനിന്നു താഴത്തെ ചൊറിയാത്ത ഇലകളെ ഉള്ളൂ. വിക്രമൻ പ്രത്യുല്പ

ന്നമതിയായതുകൊണ്ടു് ഉടനെ ഒരു യുക്തി തോന്നി. കു
റെ പുല്ലുകളേയും ചെടികളേയും അറുത്തെടുത്തു് ഒരു കെ
ട്ടാക്കി. വള്ളികളെ ഏച്ചുകൂട്ടി ആദ്യം ഉണ്ടാക്കിയ കെട്ടി
നെ വള്ളിയുടെ തലയ്ക്കൽ കെട്ടി. വെള്ളത്തിൽ നനച്ചു
മേല്പോട്ടെടുത്താൽ ആ കെട്ടിൽനിന്നു ഗളിച്ചു വീഴുന്ന
വെള്ളം അല്പമെങ്കിലും കിട്ടുമെന്നും അങ്ങനെ പലതവണ
ചെയ്യുമ്പോൾ ദാഹശമനം വരുമെന്നും സംശയമില്ലല്ലോ.
താനടുത്തിരിക്കുന്ന മുണ്ടോ പുതപ്പോ നനച്ചെടുത്താൽ
വെള്ളം ധാരാളം കിട്ടുമെന്നു വിക്രമനു തോന്നായ്കയല്ല.
വിഴുപ്പു നനച്ചാൽ കിട്ടുന്ന അഴുക്കുവെള്ളം കുടിക്കാൻ വ
യ്യാഞ്ഞിട്ടാണു് പുല്ലുകെട്ടിനെ മുക്കാൻ നിശ്ചയിച്ചതു്. പു
ല്ലിൽ ചിലതു കുഴലുപോലുള്ളതായിരുന്നതിനാൽ വിക്ര
മൻ വിചാരിച്ചതിലധികം വെള്ളം കിട്ടി. രണ്ടു പ്രാവ
ശ്യം മുക്കി എടുത്തപ്പോൾ കുടിപ്പാനും കാലും മുഖവും കു
ഴുകുവാനുംകൂടി വെള്ളം കിട്ടി. പാറയിൽ ഒരു കുഴിയുണ്ടാ
യിരുന്നതിലാണു് വെള്ളം ശേഖരിച്ചതു്. വെള്ളം കുടി
ച്ചു വയറു നിറഞ്ഞപ്പോൾ വിശപ്പും ദാഹവും നീങ്ങി ഉറ
ക്കം വന്നു. ബ്ലാങ്കറിനെ മടക്കി ആ പാറമേൽ വിരി
ച്ചു് അല്പനേരം കിടന്നുറങ്ങി. ഉണർന്നപ്പോൾ നേരം 3 മ
ണിയായി. വിശപ്പോടുകൂടിയാണു് ഉണർന്നതു്. ആ കുഴി
യിൽ ശേഖരിച്ചുനിൽപ്പുണ്ടായിരുന്ന വെള്ളംതന്നെ കുടി
ച്ചു വിശപ്പു തീർത്തു. ഉറക്കം കഴിഞ്ഞപ്പോൾ ആ മലയെ
പ്പോലെ രണ്ടു മല കയറി ഇറങ്ങാനുള്ള ശക്തിയും ഉന്മേ
ഷവും തോന്നി. ബലമുള്ളതായ വള്ളികൾ അറുത്തു് ഏ
ച്ചുകൂട്ടി മലയുടെ അടിവാരത്തിലെത്താൻ തക്ക നീള
ത്തിൽ ഒരു കയറുണ്ടാക്കി. തന്റെ ശരീരത്തിന്റെ ഘനം

താങ്ങാനുള്ള ഒരു മരമോ ചെടിയോ കണ്ടുകിട്ടാതെ ആ കൊടുമുടിയുടെ മുകളിൽ കുറെ ചുറ്റിത്തിരിഞ്ഞു. തുടവണ്ണത്തിൽ പാറയിൽ പടിച്ചിരിക്കുന്ന ഒരു വേരു കണ്ടപ്പോൾ സന്തോഷിച്ചു് അടുത്തു ചെന്നു തന്റെ കയ്യിലുള്ള വള്ളിയെ അതിൽ കെട്ടാൻ നോക്കി. അതു വലുതായ വേരുണ്ടാകത്തക്ക വൃക്ഷങ്ങളൊന്നും സമീപത്തു കാണാഞ്ഞതിനാൽ ആലോചനയിലായി. ആ വേരിൽ പിടിച്ചു നോക്കിയപ്പോൾ അതു ഞെഞ്ങ്ങിക്കണ്ടു. ഉടനെ മലമ്പാമ്പാണെന്നറിഞ്ഞു് അതിനെ ഒരു വെടിവെച്ചു കൊന്നു. വള്ളിയെ കെട്ടുന്നതിനു മലയുടെ തെക്കെ ചരിവിൽ ഒരു വലിയ കല്ലു മാത്രമേ കണ്ടുകിട്ടിയുള്ളു. വള്ളിയുടെ കുറേള്ളടി നീളംകൂട്ടി ആ കല്ലിൽ വള്ളിയെ ദൃഢമായി കെട്ടി. നോക്കിയാൽ തല തിരിയുമാറു കുത്തനേയുള്ള വടക്കെ ചരിവിലേയ്ക്കു ധീരനായ വിക്രമൻ വള്ളി പിടിച്ചിറങ്ങി. താൻ മുകളിൽനിന്നു നോക്കി സുമാറായി കണക്കാക്കിയ നീളം പോരാതെ വന്നു് അടിയെത്തുന്നതിനു മുമ്പു വള്ളി അവസാനിച്ചു. സമീപത്തെങ്ങും വള്ളികളുണ്ടായിരുന്നില്ല. നീളം മതിയാകയില്ലെന്നു കുറച്ചു നേരത്തേതന്നെ അറിഞ്ഞുവെങ്കിലും കീഴ്പ്പോട്ടു ചാടത്തക്ക ഉയരമേ ഉണ്ടാകയുള്ളു എന്നു വിചാരിച്ചാണു് പിന്നേയും ഇറങ്ങിയതു്. വള്ളി അവസാനിച്ച ടിക്കിൽനിന്നു കീഴ്പോട്ടേയ്ക്കു നോക്കിയപ്പോൾ അംഗഭംഗം വരാതെ ചാടാൻ തരമില്ലെന്നു കണ്ടു. മേല്പോട്ടേയ്ക്കുതന്നെ കയറുവാൻ തനിക്കു മനസ്സുമില്ല; ക്ഷീണവുമുണ്ടു്. വള്ളി മുകളിലെങ്ങാനും അറ്റുപോയാൽ തന്റെ കഥ കഴിയുമെന്നുള്ള വിചാരവുമായി. അല്പംകൂടി മുകളിലേയ്ക്കുതന്നെ കയറി ആ

പാറയുടെ രണ്ടു മുഴകളിൽ കാലുറപ്പിച്ചു വള്ളിയിൽ അധികം ബലം കൊടുക്കാതെ വിക്രമൻ ആ ചെങ്കുത്തിൽ തൂങ്ങി നില്പായി.

ആ നിലയിൽ തൂങ്ങിനിന്നു താൻ ഇറങ്ങാൻ പോകുന്ന സ്ഥലത്തെ വിക്രമൻ ഒന്നു സൂക്ഷിച്ചുനോക്കി. പരിഭാധയില്ലാതെ വസിക്കാൻ നല്ല സ്ഥലമാണു്. വിക്രമൻ തൂങ്ങിനിന്നിരുന്ന മല ഏകദേശം ഒരു നാഴിക ദൂരം കീഴ്ക്കോട്ടു പോയി വടക്കോട്ടു തിരിഞ്ഞു് അവിടെനിന്നു വടക്കുപടിഞ്ഞാറെ മൂലയ്ക്കു ചരിഞ്ഞവസാനിക്കുന്നതായിരുന്നു. പടിഞ്ഞാറെ ഭാഗം നോക്കിയാൽ നോട്ടമെത്തുന്നേടത്തോളം മൂന്നാൾക്കുയരത്തിലധികം ചട്ടകക്കല്ലി പിടിച്ചുകിടന്നിരുന്നു. താഴത്തു സമഭൂമിയിൽ രണ്ടുമൂന്നു തോട്ടകളെ വിക്രമൻ കണ്ടു. എന്നാൽ ആ തോട്ടകളുടെ മാത്രമായി ചട്ടകക്കല്ലി പിടിച്ച കാട്ടിൽ ഒഴിവു കണ്ടതുമില്ല. എന്നു മാത്രമല്ല അവിടത്തെ ഭ്രസ്ഥിതി ആ ചട്ടകക്കല്ലിക്കാട്ടു ക്രമേണ പടിഞ്ഞാട്ടേയ്ക്കു് ഉയർന്നിട്ടായിരുന്നതിനാൽ തോട്ടകൾക്കു പടിഞ്ഞാട്ടേയ്ക്കു് ഒഴുകുവാൻ തരമില്ല. തോട്ടകൾ പുറത്തേയ്ക്കു പോകുന്നുണ്ടോ എന്നും ഇല്ലെങ്കിൽ ഏതു തടാകത്തിലാണു് ചെന്നു വീഴുന്നതു് എന്നും കണ്ടുപിടിപ്പാൻ സാധിച്ചില്ല.

അദ്ധ്യായം ൪

വിക്രമൻ വനവാസത്തിനു പോയതിന്റെ പിറ്റേദിവസം പതിവുപോലെ പ്രാതലും കൊണ്ടുപോയ തന്റെ ചെങ്ങാതി ആ മരച്ചുവട്ടിൽ ആളെക്കാണാഞ്ഞപ്പോൾ വ

ഉപ്പിലോ കുളത്തിലോ മുഖപ്രക്ഷാളനാദികഠക്കു പോയതായിരിക്കുമെന്നു വിചാരിച്ചു കാപ്പിയും പലഹാരവും വന്നെത്തിയ തൽക്ഷണം കാണത്തക്ക സ്ഥലത്തു് അടച്ചുവെച്ചു് അകായിലേയ്ക്കു ചെന്നു തന്റെ ജേലി നോക്കിക്കൊണ്ടിരുന്നു. കുടുംബക്കാരുടെ ശ്രദ്ധയില്ലായ്മ പ്രത്യക്ഷപ്പെട്ടന്നോടും ഓരോ ആവശ്യങ്ങഠക്കു വീട്ടിലുള്ളവരെ വിളിക്കുക എന്നുള്ളതു കുറഞ്ഞുവന്നിരുന്നതുകൊണ്ടു് അന്നേദിവസം ഉണ്ണാറാകുന്നതുവരെ മാച്ചുവട്ടിൽനിന്നു വിളികേഠക്കാഞ്ഞതിൽ ആക്ഷം ഒരു പുതുമ തോന്നുകയോ ഹേതുവിനെപ്പറ്റി വിചാരിക്കുകയോ ഉണ്ടായില്ല. കാപലില്ലാതെ കാപ്പിയും പലഹാരവും അവിടെ വെച്ചിട്ടു വന്നതിനെ ശുനകൻ നിഷ്പയമായി ഭക്ഷിക്കുകയാൽ പാത്രങ്ങഠ കഴിഞ്ഞുകണ്ടതു വിക്രമൻ ഭക്ഷിച്ചതല്ലെന്നുള്ള സംശയം കൂടി തോന്നാതെ ഭക്ഷണസാധനങ്ങളെല്ലാം കാലത്തു ചെയ്തപോലെ അടച്ചുവെച്ചു ശുനകന്റെ എച്ചിലെടുത്തുംകൊണ്ടു് അകായിലേയ്ക്കു ചെന്നു. വിക്രമൻ നാട്ടുവിട്ടു പോയിരിക്കാമെന്നുള്ള വിചാരം ഉള്ളിൽ കടക്കുന്നതിനു മൂന്നുനാലു ദിവസം വേണ്ടിവന്നു.

വിക്രമൻ കുടുംബത്തിലിരിക്കുന്നതുകൊണ്ടുള്ള ഉപകാരം ആയാഠ വനവാസത്തിനു പോയപ്പോഠ മാത്രമേ കുടുംബക്കാർ ഗ്രഹിച്ചുള്ളു. ഇനി ആർ വ്യവഹാരം നടത്തും? ആർ കടം വാങ്ങി കുടുംബച്ചിലവു നടത്തും? കായ്യസംബന്ധമായി അടുത്തു വല്ല ദിക്കിലും പോയിട്ടുണ്ടായിരിക്കാം. പക്ഷേ വ്യവഹാരത്തിന്റെ വിചാരണസമയമാകുമ്പോഴേയ്ക്കും വന്നെത്തുമായിരിക്കാം. എന്നിങ്ങിനെ വിചാരിച്ചുകൊണ്ടു കുടുംബക്കാർ ചിലവിനു കടം വാങ്ങിക്കി

ട്ടിയ നെല്ലും പണവും തിന്നു തീരുന്നതുവരെ സ്വസ്ഥമാ
യിരുന്നു. കേസ്സിന്റെ വിചാരണദിവസമായി. ഭക്ഷണ
ച്ചിലവിനു് കുറഞ്ഞതൊന്നു ഇല്ലാതായി. ഫീസ്സിനും കോർ
ട്ടുചിലവിനുമുള്ള ഉറുപ്പികയുംകൊണ്ടു് ഉടനെ വരണമെ
ന്നു വക്കീലിന്റെ എഴുത്തും വന്നു. ഇതിന്നൊന്നും കുറവ
ലംബമില്ലാതേയും ഉപയോഗമുള്ള കുറച്ചാലോചന കൂടാതേ
യും വീട്ടിലെ സ്ത്രീകൾ സ്വസ്ഥമായിരുന്നു. ഫീസ്സു കിട്ടാ
ഞ്ഞതുകൊണ്ടു വക്കീൽ കേസ്സിന്നു ഹാജരായില്ല. കോട
തി അന്യായം ചിലവുസഹിതം നീക്കി. അതിന്നുശേഷം
പൂവകത്തു വീട്ടുകാർ അനുഭവിച്ച കഷ്ടത്തിന്നു് അളവില്ല.
സ്ത്രീകളുടെ കൈവശമുണ്ടായിരുന്ന പണ്ടംപാത്രങ്ങളെ
ല്ലാം വിറ്റു. സംബന്ധക്കാരുള്ള സ്ത്രീകൾ ഒന്നെങ്കിലുമി
ല്ല. ഉടുപ്പാനുള്ള വസ്ത്രം മുതലായതു തറവാട്ടിൽനിന്നായി
രുന്നു കൊടുത്തിരുന്നതു്. അതുകളും പഴക്കംകൊണ്ടു കീറി
മാനം മറച്ചു വെളിക്കിറങ്ങാനും വല്ലവരോടും ഇരക്കാനും
പാടില്ലാതായി. എത്രയോ മാന്യസ്ഥിതിയിൽ കഴിഞ്ഞു
വന്നവരായതുകൊണ്ടു് ഇരന്നുണ്ണുന്നതിനേക്കാൾ തൂങ്ങിമ
രിക്കയാണു് നല്ലതെന്നു ചില പെണ്ണുങ്ങൾ വിചാരിക്കാ
ഞ്ഞിയില്ല. പക്ഷേ ആത്മഹത്യ ചെയ്യുന്നതിന്നു ദേഹികൾ
ക്കു സ്വഭാവജമായിട്ടുള്ള വൈമനസ്യംകൊണ്ടും ആവക
പ്രവൃത്തിക്കുണ്ടെന്നു പറഞ്ഞുവരുന്ന നരകത്തെ കാത്തു ഭ
യപ്പെട്ടും പൂവകത്തു മരണമൊന്നും സംഭവിക്കാഞ്ഞിയാണു്.
പൂവകത്തുവീട്ടിൽനിന്നു പുക കണ്ടിട്ടു കുറെ ദിവസമായി
എന്നു നാട്ടിലൊക്കെപ്പറഞ്ഞുതുടങ്ങി. യഥാശക്തി ഈ
സന്ദർഭത്തിൽ സഹായിക്കേണമെന്നു് ആർക്കും ധർമ്മബുദ്ധി
തോന്നിയതുമില്ല. ആ വീട്ടുകാരെ ഈ കഷ്ടത്തിൽനിന്നു

മോചിപ്പിക്കുന്നതിനു ദൈവംകൂടി വിചാരിക്കാത്തതു് എ
ന്താണെന്നു ജനങ്ങൾ തമ്മിൽത്തമ്മിൽ ചോദിക്കുകയല്ലാ
തെ ധനസഹായംചെയ്യാൻ തങ്ങൾക്കു കഴികയില്ലെങ്കിൽ
എതുവിധമാണു് നിവൃത്തിയുണ്ടാക്കിക്കൊടുക്കേണ്ടതെന്നു
ഒരുവനെങ്കിലും ആലോചിച്ചില്ല. കുടുംബത്തിന്നാണിയാ
യും ആശയ്ക്കാസ്പദമായും വിക്രമൻ എന്നൊരു ബുദ്ധിമാനു
ണ്ടായിരുന്നതും പോയി. പൂവകത്തു വീട്ടുകാർ സഹിക്കു
വയ്യാത്ത സങ്കടത്തിലായിരിക്കുന്നു എന്നു ത്രിജഗദ്ദീപശാ
സ്ത്രികൾ കേട്ടു. തന്റെ ശിഷ്യനായ വിക്രമൻ നാട്ടുവിട്ടു
പോയതു മഹാരോഗം ബാധിച്ചതുകൊണ്ടായിരിക്കാമെന്നു
മാത്രമേ ജനങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നുള്ളു. വിക്രമന്റെ
നേരെ കുടുംബക്കാർ കാണിച്ച നന്ദികേടിനെപ്പറ്റി ആ
പ്രദേശത്താരോടും ആ മഹാമനസ്കൻ പറഞ്ഞിട്ടില്ലാത്ത
തുകൊണ്ടു് ആ വൃത്താന്തം ആരും മനസ്സിലാക്കിയിരുന്നി
ല്ല. ത്രിജഗദ്ദീപശാസ്ത്രികൾ കുറേനേരം ശിഷ്യവാത്സല്യം
നിമിത്തം വ്യസനിച്ച പൂവകത്തെയ്ക്കു കുറെ ഭക്ഷണം കൊ
ടുപ്പാൻ മനസ്സുകൊണ്ടുറച്ചു. നായന്മാരുടെ കയ്യിൽനിന്നു
വല്ലതും മുഖസ്തുതി പറഞ്ഞു തട്ടിക്കൊണ്ടു പോകുന്നതും
സ്വാർത്ഥം മാത്രം നോക്കുന്നതും സാധാരണ പട്ടന്മാരുടെ
സ്വഭാവമായിരിക്കകൊണ്ടു് ത്രിജഗദ്ദീപശാസ്ത്രികളുടെ
ഈ നിശ്ചയം കേവലം കെട്ടുകഥയാണെന്നു വിചാരിക്കു
ന്നവരുണ്ടു് ജനങ്ങൾക്കിടയിൽ. വാസ്തവത്തിൽ. "ജാ
തിനാമാടികൾക്കില്ല ഗണഗണം." നായരിൽ അത്യന്ത
സ്വാർത്ഥികളും പട്ടരിൽ അത്യന്തം ധാർമ്മികന്മാരും ഏതു
നാട്ടിലുമുണ്ടു്. ശാസ്ത്രികൾ മനസ്സുകൊണ്ടുറച്ചതിനുശേഷം
വൃഥാ കാലം കളഞ്ഞില്ല. എന്നു മനസ്സുകൊണ്ടുറച്ചുവോ

അന്നതന്നെ ഒരു നൂറ് ഉറുപ്പികയും കയ്യിലെടുത്തു പുറപ്പെട്ടു. ഇദ്ദേഹം മഞ്ചലിലാണ് സാധാരണ യാനം ചെയ്യാറുള്ളതു്. യാത്രകാരും ചുരുക്കമാണു്. എന്നാൽ പോകുന്ന ദിവസം മഞ്ചൽ ചുമക്കുന്നവക്കു കണക്കും കയ്യുമില്ലാതെ സമ്മാനം കൊടുക്കും. അദ്ദേഹത്തെച്ചുമക്കുന്നതുപോലെ മഞ്ചൽക്കാക്കു് അത്ര ആഹ്ലാദകരമായി ഒരു പ്രവൃത്തിയില്ല. ഇദ്ദേഹത്തിന്റെ യാത്രകളിൽ മഞ്ചൽക്കാരുടെ സന്തോഷസൂചകമായ മൂളൽ അസാധാരണമായ്ം കേൾക്കാം.

ഒരു ദിവസം പട്ടിണി കിടന്ന ബുദ്ധിമുട്ടി ചെറിയ കുട്ടികാൾ വിശക്കുന്നു എന്നു പറഞ്ഞു കരയുന്നതിനെ കേട്ടിരിപ്പാൻ വയ്യാതെ വിക്രമന്റെ പെങ്ങൾ തട്ടിൻപുറത്തു വിട്ടത്തിൽ തുങ്ങിമരിക്കാൻ നിശ്ചയിച്ചു കയറു കെട്ടുന്ന സമയം ശാസ്ത്രികളുടെ മഞ്ചൽക്കാരുടെ മൂളൽ കേട്ടു. ആരോ പൂവകത്തേയ്ക്കു വരികയാണെന്നും കഷ്ടനിവൃത്തി വരുമെന്നും ആ സ്ത്രീക്കു തോന്നി. ഇതൊന്നറിഞ്ഞിട്ടു തുങ്ങിച്ചാവാമെന്നു വിചാരിച്ചു് ആ സ്ത്രീ കയറഴിച്ചു കീഴ്പോട്ടിറങ്ങി. കായ്ം താൻ വിചാരിച്ചപോലെത്തന്നെയായിരുന്നു. ആ സ്ത്രീ ഉമ്മറത്തെത്തുമ്പോൾ മഞ്ചൽ പൂവകത്തേയ്ക്കുള്ള വഴിക്കു തിരിഞ്ഞു എന്നു ശബ്ദംകൊണ്ടു മനസ്സിലായി. ഉല്ക്കണ്ഠയോടെ നോക്കിക്കൊണ്ടിരിക്കെ മഞ്ചൽ പൂവകത്തെ പടിപ്പുരയിലെത്തി. നടക്കാൻ ശക്തിയുണ്ടായിരുന്ന മറ്റുള്ള സ്ത്രീകളും ഉമ്മറത്തു വന്നെത്തിനോക്കി. ശാസ്ത്രികാൾ പടിപ്പുരയിറങ്ങി വരുന്നതു കണ്ടപ്പോൾ ആക്ഷം ആളെ മനസ്സിലായില്ല. എങ്കിലും ബ്രാഹ്മണനാണെന്നു കണ്ടപ്പോൾ ആവണപ്പുലക എടുത്തുകൊണ്ടുവന്നിട്ടുകൊടുത്തു. മലയാളത്തറവാട്ടിലെ സാധാരണനടപടിപോലെ

അഭ്യാഗതന്നു വെറിലത്താലം കൊണ്ടുപോയി കൊടുക്കു
ന്നതിന്നു് ആ വീട്ടിൽ താലവുമില്ല; വെറിലയുമില്ല. ഉ
ണ്ടായിട്ടു കൊണ്ടുപോയി ആതിഥ്യം ചെയ്യായ്കയല്ലെന്നു
ശാസ്ത്രികൾ ധരിപ്പാൻവേണ്ടി "ഈ വീട്ടിൽ വെറിലയും
വെറിലത്താലവും ഇല്ലായ്കകൊണ്ടും വാങ്ങാൻ കാശില്ലാ
യ്കകൊണ്ടും ഉപചാരം ചെയ്യാത്തതാണേ സ്വാമികളേ!
മറിച്ചൊന്നും ധരിക്കരുതേ. വീട്ടിന്റെ വലിപ്പവും കാഴ്ചയി
ലുള്ള യോഗ്യതയും മാത്രമേ തല്ക്കാലം ഇവിടെയുള്ളു. മുമ്പു
ണ്ടായിരുന്ന മുതലൊന്നും നശിച്ചിട്ടില്ലെങ്കിലും ഇവിടെ തീ
ക്കുട്ടീട്ടു കുറേ ദിവസമായി. ഞങ്ങളൊക്കെപ്പട്ടിണികൊണ്ടു
ണങ്ങി കൊണ്ടാട്ടംപോലെയായി" എന്നു ലജ്ജവിട്ടു പറ
ഞ്ഞു "അതൊക്കെ മനസ്സിലാക്കീട്ടാണു് ഞൻ ഇങ്ങോട്ടു വ
ന്നതു്. നിങ്ങളുടെ വാക്കുതന്നെ എനിക്കു വലിയ ഉപചാ
രമായി. കൊണ്ടാട്ടംപോലെയെങ്കിലും നിങ്ങൾ എല്ലാവ
രും ജീവിച്ചിരിക്കുന്നതുതന്നെ എനിക്കു വളരെ സമാധാന
മായി." ഇതുയും പറഞ്ഞു തന്റെ ഭൃത്യനെ വിളിച്ചു് ഓ
ടിച്ചെന്നു പലഹാരം വാങ്ങിക്കൊണ്ടു വരുന്നതിന്നു് ഒരുറു
പ്പിക കൊടുത്തയച്ചു. ശാസ്ത്രികൾ എന്തിനാണു് ഭൃത്യ
നെ വിളിച്ചതും അയച്ചതുമെന്നു് ആർക്കും മനസ്സിലായി
ല്ല. ശാസ്ത്രികൾ പലഹാരത്തിന്നുള്ള ഉറുപ്പിക എടുത്തു
ബാക്കി ഉറുപ്പിക മടിശ്ശീലയോടുകൂടി ഇരുന്നേടത്തു വെ
ച്ചിരുന്നു. അതിനെ വിക്രമന്റെ മരുമകളായ അമ്മാളുക്കു
ട്ടി എന്നൊരു കുട്ടി കണ്ടു് "അമ്മേ ഈ സാമിയുടെ കൈ
യ്യിൽ കാശുണ്ടു്. നമ്മ കടംവാങ്ങി എന്തെങ്കിലും വാങ്ങി
ത്തരു അമ്മേ! വിശന്നു ചാവാറായി" എന്നു പറഞ്ഞു. ഇ
തു ശാസ്ത്രികൾ കേട്ടു. അദ്ദേഹത്തിന്റെ ഉള്ളെല്ലാം ഉരു

കിപ്പോയി. കുറേനേരം വാക്കു സ്തംഭിച്ചു നിന്നുപോയി. ആ കുട്ടിയെ അദ്ദേഹം കണ്ണുനീരോട്ടക്കുടി കണ്ടപ്പോൾ അതിശാന്തമായ തന്റെ മനസ്സിളകി. കോപാഗ്നി ജ്വലിച്ചു. കടക്കണ്ണ് ചുവന്നു. ദേഹമെല്ലാം കുന്നു വിറച്ചു. "ഛാ ഛാ മഹാപാതകി! ഇത്ര ചെറിയ കുട്ടിയെ പട്ടിണി കിടത്തിയോ? നിനക്കിന്നുമുതല്ക്കു് അധോഗതി വരട്ടെ. ഇവനനുഭവിച്ചതിന്നിരട്ടി കഷ്ടം നീ അനുഭവിച്ചു പെരുവഴിയിൽ കിടന്നു മരിക്കു" എന്നു ശപിച്ച സമയം കോപാന്ധനായിരുന്നതിനാൽ അദ്ദേഹം എന്താ ചെയ്തതെന്നു പ്രജ്ഞയുണ്ടായിരുന്നില്ല. ക്ഷണനേരംകൊണ്ടു കോപം ശമിച്ചു. കുട്ടിയെ വിളിച്ചു തന്റെ മടിയിലിരുത്തി രണ്ടു കയ്യിലും ഓരോ ഉറുപ്പിക കൊടുത്തു് "ഇപ്പോൾ പലഹാരം കൊണ്ടുവരും" എന്നു പറഞ്ഞു സമാധാനിപ്പിച്ചു. വളരെക്കാലമായി കോപാദികളാൽ ഇളക്കം വരാതിരിക്കുന്ന തന്റെ മനസ്സിന്നു് ഇപ്പോൾ വരാൻ തോന്നിയതും പ്രജ്ഞയില്ലാതെ ശപിച്ചതും എല്ലാം സുകൃതക്ഷയമാണെന്നു വിചാരിച്ചു ശാസ്ത്രികൾ കുറെ പശ്ചാത്തപിച്ചു. അപ്പോഴേയ്ക്കും ഭൃത്യൻ ഒരു പലഹാരഭാണ്ഡവുംകൊണ്ടെത്തി. വിക്രമനെസ്സംബന്ധിച്ചേടത്തോളം ആയാളുടേയോ കുടുംബക്കാരുടേയോ ഉദ്ദിശ്യപരിപാകംകൊണ്ടു ദയയില്ലാതേയും അത്യന്തം സ്വാർത്ഥമായും പ്രവർത്തിച്ചു എന്നു മാത്രമല്ലാതെ പൂർവകർത്തൃ വീട്ടുകാരുടെ ഹൃദയങ്ങളിൽ സതൃഗ്രണങ്ങളും കൃതജ്ഞതയും നിഃശ്ശേഷം നശിച്ചിട്ടുണ്ടായിരുന്നില്ല. അഥവാ അവരുടെ ഹൃദയങ്ങളെ ബാധിച്ചിരുന്ന കന്മഷം വിക്രമന്റെ വേർപാടുനിമിത്തം അവരനുഭവിച്ച കഷ്ടങ്ങളെക്കൊണ്ടു നീങ്ങിപ്പോയതായിരിക്കാം. അവർക്കു സംഭവി

ച്ച ദാരിദ്ര്യം വിക്രമന്റെ നേരെ കാണിച്ച നിർദ്ദയതയുള്ള ദൈവശിക്ഷയായിട്ടും വിചാരിക്കാം. പണ്ടു കണ്ടറിവില്ലാത്ത ഒരു ബ്രാഹ്മണൻ അത്യന്തകഷ്ടകാലത്തിൽ പെട്ടെന്നു വന്നു ചേർന്ന വലിയ സഹായത്തിനൊരുമ്പെട്ടതിന്റെ ബന്ധം മനസ്സിലാകാതെ പൂവകത്തുള്ള സ്ത്രീകൾ വളരെ പരിഭ്രമിച്ചു. സങ്കടംകൊണ്ടു തുങ്ങിമരിക്കാൻ ഒരുമ്പെട്ട സമയത്തു പെട്ടെന്നവതരിച്ചു രക്ഷിക്കുന്ന ദൈവത്തിനെ താൻ ആരെന്നറിഞ്ഞതില്ലെന്നും അറിഞ്ഞു ദീർഘായുസ്സിനായി പ്രാർത്ഥിക്കാൻ സംഗതി വരുത്തിയാൽ കൊള്ളാമെന്നും വിക്രമന്റെ സഹോദരി അപേക്ഷിച്ചപ്പോൾ താൻ ഒരു സാധുബ്രാഹ്മണനാണെന്നും വിക്രമന്റെ ഗുരുവാണെന്നും ശിഷ്യവാത്സല്യംനിമിത്തം യഥാശക്തി പ്രവർത്തിപ്പാൻ തുനിഞ്ഞതാണെന്നും ശാസ്ത്രികൾ പറഞ്ഞു. ത്രിജഗദ്ദീപശാസ്ത്രികളാണെന്നറിഞ്ഞപ്പോൾ പൂവകത്തുള്ള സ്ത്രീകളും കുട്ടികളും ഓരോന്നായി വന്നു് അദ്ദേഹത്തിന്റെ പാദത്തിൽ സാഷ്ടാംഗം നമസ്കരിച്ചു് അനുഗ്രഹം യാചിച്ചു. അന്നുമുതൽ ശുഭം ഭവിക്കുന്നതിന്നു ശാസ്ത്രികൾ എല്ലാവരേയും അനുഗ്രഹിക്കയും ചെയ്തു. പിന്നെ ശാസ്ത്രികൾ കൊണ്ടുവരുവിച്ച പലഹാരങ്ങളെ ഭക്ഷിച്ചു വിശപ്പടക്കി. വെള്ളം കുടിച്ചു ദാഹവും തീർത്തു. പൂവകത്തേയ്ക്കു വന്നിട്ടുള്ള കഷ്ടകാലം ഇനി അധികതാമസം കൂടാതെ നീങ്ങിപ്പോകുമെന്നും അതുകൊണ്ടു താൻ പൂവകത്തെ ഭക്ഷണച്ചിലവിന്നായി കൊണ്ടുവന്നിട്ടുള്ള 100ക.യിൽ ഏതാനും എടുത്തു വസ്തുമില്ലാത്തവർക്കു വസ്തും വാങ്ങാമെന്നും ശാസ്ത്രികൾ പറഞ്ഞു. ശാസ്ത്രികൾ പറഞ്ഞാൽ മറിച്ചു വരില്ലെന്നു ലോകപ്രസിദ്ധമായതുകൊണ്ടു പൂവകത്തുകാർ

അദ്ദേഹം പറഞ്ഞതിനെ പൂർണ്ണമായി വിശ്വസിച്ച വളരെ സന്തോഷിച്ചു. "സ്വാമി അവർകളുടെ അനുഗ്രഹത്താൽ ഞങ്ങൾ അല്പകാലത്തിനുള്ളിൽ പൂർവ്വസ്ഥിതിയിൽ എത്തുമെങ്കിൽ ഇപ്പോൾ അച്ഛൻ മക്കളെ എന്നപോലെയുള്ള വാത്സല്യഭാവത്തോടുകൂടി സഹായിച്ച പണം മടക്കിത്തന്നാൽ വാങ്ങുന്നതിനു തിരുവുള്ളമുണ്ടോ?" എന്നു വിക്രമന്റെ സഹോദരി ചോദിച്ചു. "ഞാൻ ഒരു പ്രവൃത്തിയും ഫലേച്ഛയോടുകൂടി ചെയ്യാറില്ല. ബ്രഹ്മാർപ്പണമായി പ്രവർത്തിച്ചതാണു്. മടക്കിക്കിട്ടേണ്ട ആവശ്യമില്ല. മടക്കി വാങ്ങിയേ കഴിയുള്ളൂ എന്നുള്ള അവസ്ഥയും യോഗേശ്വരസ്വാമിയുടെ കൃപകൊണ്ടു് എന്റെ മഠത്തിലേയ്ക്കു വന്നിട്ടില്ല" എന്നു ശാസ്ത്രികൾ പറഞ്ഞു. അതിനുശേഷം രണ്ടുമൂന്നു മാസമായി കാണാതായിട്ടുള്ള വിക്രമനെപ്പറ്റി ശാസ്ത്രികൾ ചോദിച്ചു. വിക്രമനു ക്ഷയമെന്ന മഹാരോഗം പിടിച്ചു എന്നും അതു പകരുന്ന രോഗമാണെന്നും ഇടപഴകുന്നവർ വളരെ സൂക്ഷിക്കേണമെന്നും കണ്ടിലെ കൃഷ്ണൻ വന്നു പറകയാൽ വളപ്പിനുള്ളിൽ മാവിന്റെ ചുവട്ടിലായി ഒരു പുരയുണ്ടാക്കി അതിൽ രാവും പകലും ഏകാകിയായി താമസിച്ചിരുന്നുവെന്നും അങ്ങനെ വളപ്പിൽ വൃക്ഷച്ചുവട്ടിൽ പാപ്പാക്കിയതു്, ശുദ്ധവായുവും വെയിലും രോഗശാന്തി വരുത്തുന്നതാണെന്നു കൃഷ്ണൻ പറഞ്ഞതുകൊണ്ടാണെന്നും വിക്രമന്റെ ഭാര്യ മരിച്ചതിലും കുട്ടിയെ കാണാതായതിലും ആയാൾക്കു സഹിക്കവയ്യാത്ത ദുഃഖമുണ്ടായിരുന്നുവെന്നും വിക്രമന്റെ സോദരി വിസ്തരിച്ചു ശാസ്ത്രികളോടു പറഞ്ഞു. പറഞ്ഞതു കേട്ടേടം കൊണ്ടു കുടുംബക്കാരുടെ അനാദരംകൂടി ഉണ്ടായിട്ടുണ്ടാക

മെന്നു ശാസ്ത്രികൾ ഊഹിച്ചു. വിക്രമൻ വല്ല തീൎത്ഥയാത്രയ്ക്കും പോയതായിരിക്കുമെന്നും മടങ്ങിവരുമെന്നും കുടുംബക്കാർ വിചാരിച്ചപോലെ ശാസ്ത്രികൾ വിചാരിച്ചില്ല. വിക്രമന്നു് ഐഹികവാസം നിശ്ശേഷം വെറുക്കത്തക്കവണ്ണം സംഭവങ്ങളുണ്ടായിട്ടുണ്ടെന്നു ശാസ്ത്രികൾ പ്രത്യക്ഷമായി കണ്ടു. സൎവ്വദുഃഖങ്ങളും കാലക്രമംകൊണ്ടു ഹൃദയത്തിൽനിന്നു മാഞ്ഞുപോകുന്നതല്ലാതെ ദുഃഖം കഠിനമായി അനുഭവിച്ചുവരുമ്പോൾ സാന്ത്വനവാക്കുകളെക്കൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു ശാസ്ത്രികൾക്കു ബോദ്ധ്യമുണ്ടായിരുന്നതിനാൽ വിക്രമനെ തേടിപ്പിടിക്കുന്നതിന്നാളെ അയച്ചുനോക്കിയാലോ എന്നു മനസ്സിലുദിച്ച വിചാരം മനസ്സിൽത്തന്നെ ലയിച്ചു. ഉറുപ്പിക വിക്രമന്റെ സഹോദരിയുടെ കയ്യിൽ കൊടുത്തു പരസ്പരം സ്നേഹത്തോടും ക്ഷേമത്തോടുംകൂടി ഇരിപ്പാനുപദേശിച്ചു ശാസ്ത്രികൾ മടങ്ങിപ്പോകയും ചെയ്തു.

ത്രിജഗദ്ദീപശാസ്ത്രികൾ ഉക്കണ്ണനുണ്ണിനായരെ ശപിച്ചതിന്റെയും പൂവകത്തു വീട്ടുകാരെ അനുഗ്രഹിച്ചതിന്റെയും ഫലം വാസ്തവത്തിൽ തൽക്ഷണംമുതല്ക്കു കണ്ടുതുടങ്ങി. "അതിപരിചയാദവജ്ഞാ" എന്നു പറഞ്ഞകൂട്ടത്തിൽ ഉക്കണ്ണനുണ്ണിനായർ താൻ പറഞ്ഞതെല്ലാം കേട്ടു നടന്നിട്ടല്ലാതെ മറിച്ചു കാണാത്തതുകൊണ്ടു് ഉക്കണ്ണനുണ്ണിനായർ സ്വാതന്ത്ര്യമുള്ളൊരാളാണെന്നോ ഒരു പുരുഷനാണെന്നോ ഭാൎഗ്ഗവിയമ്മ വിചാരിക്കാതായി. 'പശു കുത്തിയതിലല്ല അപമാനം, അതു മണ്ണാൻ കണ്ടതിലാണു്' എന്നുള്ള പഴമൊഴിയെ ഉദാഹരിച്ചപോലെ ഉക്കണ്ണനുണ്ണിനായർ ഒരു യോഗ്യനാണെന്നു വിചാരിച്ചിരുന്ന

തന്റെ ഒരു സ്നേഹിതൻ കൂടെ ഇരിക്കുമ്പോൾ ശിഷ്യരെ ശ
കാരിക്കുമ്പോലെ ഭാര്യവിയമ്മ അകായിലിരുന്ന തന്നെ പ
റയുന്നതു് ഉക്കണ്ണനണ്ണിനായരും ആ സ്നേഹിതനും കേട്ടു.
മേനകയായിട്ടുള്ള സഹവാസംകൊണ്ടു തന്റെ തപോബ
ലം പോയതു വിശ്വാമിത്രനറിഞ്ഞു വിഷാദിച്ചപോലെ
എങ്ങോ കിടക്കുന്ന ഒരു സ്ത്രീക്കു് ഇത്രയും പറയത്തക്കവ
ണ്ണം ധൈര്യം വന്നതു സ്വയംകൃതാനർത്ഥമാണെന്നുള്ള
ബോധം തൽക്ഷണം ഉക്കണ്ണനണ്ണിനായക്കുണ്ടായി. ത
ന്നെത്താൻ നിന്ദിച്ചു കുറെ വിഷാദിച്ചു. ഉക്കണ്ണനണ്ണിനാ
യരുടെ ഉള്ളിൽ തോന്നിയതിനെപ്പറ്റി അപ്പോൾത്തന്നെ
സംസാരിച്ചിരുന്നുവെങ്കിൽ ഉക്കണ്ണനണ്ണിനായരുടെ പരി
ഭവം കഴുകിക്കളഞ്ഞു് അദ്ദേഹത്തെ പൂർവ്വസ്ഥിതിയിൽ അ
ടിമയാക്കുവാൻ ഭാര്യവിയമ്മയ്ക്കു കഴിയുമായിരുന്നു. വെളി
ക്കൊന്നും പറയാതെ വിചാരത്തെ അദ്ദേഹം ഉള്ളിൽ അ
ടക്കിവെച്ചതുകൊണ്ടു ഭാര്യവിയമ്മയുടെ വാക്കിനു ദിവസം
തോറും ശക്തി വർദ്ധിച്ചുവന്നു. അന്നു രാത്രിതന്നെ പതി
വിൻപടി ഓരോ നാട്ടുവർത്തമാനവും പറഞ്ഞുകൊണ്ടു
ഭാര്യവിയമ്മ ചെന്നപ്പോൾ ഉക്കണ്ണനണ്ണിനായർ വിരസ
ഭാവത്തോടുകൂടി മറുപടി പറയാതെ കിടന്നുറങ്ങാൻ പോ
യി. 'സുഖക്കേടൊന്നുമില്ലല്ലോ?' എന്നു ഭാര്യവിയമ്മ ചോ
ദിച്ചതിനും യാതൊരു മറുപടിയും പറഞ്ഞില്ല. സന്ധ്യാ
സമയത്തു് ഉക്കണ്ണനണ്ണിനായരെപ്പറ്റി താൻ പറഞ്ഞതു്
അധികമായി എന്നുള്ള ബോധം ഭാര്യവിയമ്മയ്ക്കുണ്ടാകാൻ
തരമുമില്ല, ഉണ്ടായതുമില്ല. സ്നേഹിതനായിട്ടു സംസാരി
ച്ചിരുന്നതിൽ മനസ്സിനു സുഖക്കേടു തട്ടത്തക്കതായി
വല്ലതുമുണ്ടായിരിക്കാമെന്നു വിചാരിച്ചു ഭാര്യവിയമ്മ പോ

യി കിടന്നുറങ്ങി ചിറെ ദിവസം കാലത്തു കളത്തിൽ പോയി ഉച്ചയിലകുത്തു കുറേ നെല്ലു കൊടുത്തയയ്ക്കേണമെന്നു ഭാര്യയമ്മ ഉക്കണ്ണനണ്ണിനായരോടു പറഞ്ഞു. അതിന്നും അദ്ദേഹം മറുപടി പറഞ്ഞില്ല. കളത്താക്കോലെടുക്കാതെ പുറത്തേയ്ക്കു പോകുന്നതും ഭാര്യയമ്മ കണ്ടു. കുമുദത്തിനെ വിളിച്ചു് എന്താണു് അദ്ദേഹത്തിന്റെ പ്രസാദക്കുറവിന്നു കാരണമെന്നു ചോദിച്ചു. "ഞാൻ സാധാരണപോലെയല്ലാതെ ഒന്നും കണ്ടില്ല" എന്നു കുമുദം പറഞ്ഞു. എന്താ ഒരു പിണക്കമുണ്ടെന്നും തലേന്നു രാത്രി താൻ സംസാരിച്ചുകൊണ്ടു സമീപം ചെന്നപ്പോൾ ഒന്നും മറുപടി പറയാതെ പോയി കിടന്നു എന്നും അന്നു കാലത്തു കളത്തിൽ പോയി ചിലവിന്നുള്ള നെല്ലു കൊടുത്തയയ്ക്കേണമെന്നു പറഞ്ഞപ്പോൾ താക്കോലെടുക്കാതെ പെട്ടിക്കിറങ്ങിപ്പോയി എന്നും ഉള്ളിൽകൊണ്ട ഭാവത്തോടെ ഭാര്യയമ്മ പറഞ്ഞപ്പോൾ കുമുദത്തിന്നും വിചാരമായി. അവിടുന്നു കുറേ നേരം കഴിഞ്ഞു് ഉക്കണ്ണനണ്ണിനായർ വന്നപ്പോൾ കുമുദം സകായ്മയായി വിളിച്ചു് അറയ്ക്കകത്തു പോയി പരിഭവത്തിന്റെ ഹേതുവെന്താണെന്നു ചോദിച്ചു. തന്റെ പൌരുഷം വാസ്തവത്തിൽ പോയിട്ടുണ്ടെന്നുള്ള ബോധം അദ്ദേഹത്തിന്നുണ്ടായിരുന്നതുകൊണ്ടു് അതിനെപ്പറ്റി ഒന്നും പറയാൻ മനസ്സു വന്നില്ല. തനിക്കു് ആരുടെ നേരേയും പരിഭവമില്ലെന്നു മറുപടി പറഞ്ഞു.

കുമുദം—പിന്നെ എന്തുകൊണ്ടാണു് അമ്മ ഇന്നലെ സംസാരിച്ചുകൊണ്ടു വന്നപ്പോൾ ഒന്നും മിണ്ടാതെ വന്നു കിടന്നതു്?

ഉ—ഞാൻ എന്തെല്ലാമോ വിചാരിച്ചുംകൊണ്ടിരുന്നു. അമ്മ എന്തോ പറഞ്ഞുംകൊണ്ടു വന്നു എന്നുള്ള ഓർമ്മയുണ്ടു്. വിചാരംകൊണ്ടു് അതൊന്നും എന്റെ ചെകിട്ടിൽ പോയില്ല.

കുമുദം—ഇന്നു കാലത്തു കളത്തിൽ പോയി നെല്ലു കൊട്ടത്തയയ്ക്കണമെന്നു പറഞ്ഞപ്പോൾ മറുപടി പറയാതെ പോയതു് എന്തുകൊണ്ടാണു്?

ഉ—അതിനെന്താ മറുപടി പറയാനുള്ളതു്? പോയി നെല്ലു കൊട്ടത്തയയ്ക്കുയല്ലേ വേണ്ടു?

കുമുദം—അമ്മ ഇതൊക്കെക്കണ്ടു വളരെ സുഖക്കേടായി എന്നോടു കുറെയൊക്കെ പറഞ്ഞു.

ഉ—അതിനാരാ ഉത്തരവാടി? അമ്മയുടെ നേരെ എനിക്കു യാതൊരു സുഖക്കേടും ഇല്ല.

കുമുദം—എന്നാൽ അങ്ങിനെ അമ്മയോടു പറയണം. അല്ലെങ്കിൽ അവരുടെ സുഖക്കേടു മാറില്ല.

ഉ—നീ പറഞ്ഞാൽ മതി.

താനും ഭർത്താവുമായിട്ടുണ്ടായ സംഭാഷണം മുഴുവൻ ഇടവിടാതെ കുമുദം അമ്മയോടു പറഞ്ഞു. ഇതു കേട്ടിട്ടും ഭാർഗ്ഗവിയമ്മയ്ക്കു നല്ല സമാധാനമുണ്ടായില്ല. "പാണ്ടൻ നായുടെ പല്ലിനു ശൌര്യം പണ്ടെപ്പോലെ ഫലിക്കുന്നില്ല" എന്നുള്ള അനുഭൂതി ഭാർഗ്ഗവിയമ്മയ്ക്കുണ്ടായി. അന്നുച്ചയ്ക്കു് ഊണുകഴിഞ്ഞു് ഉക്കണ്ണനുണ്ണിനായർ കുണ്ടിലെ കളത്തിലേയ്ക്കു പോയി. അവിടെത്താമസിച്ചിട്ടു് അക്കാലത്തു യാതൊരാവശ്യവുമില്ലെങ്കിലും ഉക്കണ്ണനുണ്ണിനായർ അവിടെ താമസിച്ചു. അങ്ങിനെ കാര്യമില്ലാതെ കളത്തിൽ താമസിക്കുപതിവില്ലാത്തതുകൊണ്ടു ഭാർഗ്ഗവിയമ്മയ്ക്കു പിന്നെയും

വിചാരമായി. വല്ലതും മനസ്സിൽ കടന്നുകൂടീട്ടുണ്ടെങ്കിൽ തീർക്കേണമെന്നുള്ള ഉദ്ദേശത്തിന്മേൽ ഉടനെ വരേണമെന്നു പറയാൻ ഭാഗ്യവിയമ്മ ഒരാളെ അയച്ചു. മറുപടിയില്ലാതെ ആയാൾ മടങ്ങിവന്നപ്പോൾ എന്തോ കാര്യമായ സുഖക്കേടുണ്ടെന്നു ഭാഗ്യവിയമ്മയ്ക്കു തീർച്ചയായി. അറിഞ്ഞും കൊണ്ടു് ഇങ്ങിനെ സുഖക്കേടു വരത്തക്കവണ്ണം താൻ ഒന്നും ചെയ്തിട്ടില്ലെന്നും, അറിയാതെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കേണമെന്നും, ഒരെഴുത്തെഴുതി രണ്ടാമതും വരുവാൻ താല്പര്യപ്പെട്ടു് ആളെ അയച്ചു. ഭാഗ്യവിയമ്മ ഒരു തെറ്റും ചെയ്തതായി താൻ വിചാരിക്കുന്നില്ലെന്നും, അതു വിചാരിച്ചു ഭാഗ്യവിയമ്മ ദുഃഖിക്കുന്നതു് ആവശ്യമില്ലാത്തതാണെന്നും ഈ വിവരം കുമുദത്തിനോടു് അന്നേ പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം മറുപടി അയച്ചു. തന്നെ സ്നേഹമുണ്ടെങ്കിൽ ഉടൻതന്നെ കുണ്ടിലേയ്ക്കു വരേണമെന്നെഴുതി മൂന്നാമതും ആളെ അയച്ചു. സ്നേഹമുണ്ടോ ഇല്ലയോ എന്നു് ഇതേവരെ അറിഞ്ഞിട്ടില്ലെങ്കിൽ ഇപ്പോൾ വന്നതുകൊണ്ടും അറിയില്ലെന്നും ഇനിമേൽ ഈ കാര്യത്തിന്നാളെ അയയ്ക്കരുതെന്നും മറുപടി അയച്ചു. ഭാഗ്യവിയമ്മയ്ക്കു തൃപ്തിയായില്ല. ഉക്കണ്ണനുണ്ണിനായർ കളത്തിൽത്തന്നെ പിന്നേയും താമസിച്ചു. പാത്രങ്ങളും മറ്റും സൂക്ഷിപ്പാനായി വാലിയക്കാരൻ അകത്തും അദ്ദേഹം ഒരു കട്ടിലിൽ പുറത്തുമാണു് കിടന്നിരുന്നതു്. ഭാഗ്യവിയമ്മയുമായി എഴുത്തുകുത്തുകൾ നടന്നതിന്റെ പിറേന്നു രാത്രി വേഷച്ഛന്നന്മാരായി നാലുപേർ കളത്തിന്നുള്ളിൽ കടന്നുവന്നു. ഒരുത്തന്റെ കയ്യിൽ ഒരു ചൂരലും മറ്റൊരുത്തന്റെ കയ്യിൽ ഒരു തോക്കും പിന്നെ ഒരുത്തന്റെ കയ്യിൽ ഒരു

വാളും നാലാമത്തേവന്റെ കയ്യിൽ ഒരു കുന്തവും ഉണ്ടായിരുന്നു. അവർ ഉക്കണ്ണനുണ്ണിനായരെ ഉണർത്തി. വാഠക്കാരൻ കഴുത്തിനുസമീപം വാളിനെ പിടിച്ചു. കുന്തക്കാരൻ കണ്ണിന്നുനേരെ കുന്തം ഓങ്ങിക്കൊണ്ടു നിന്നു. തോക്കുകാരൻ ഹൃദയത്തിന്നുനേരെ തോക്കും പിടിച്ചു നിന്നു. ചൂരൽക്കാരൻ ഉക്കണ്ണനുണ്ണിനായരുടെ വസ്ത്രം അഴിച്ചു് ഉറങ്ങുന്നാളകഥ ഉണരുത്തുകവണ്ണം ശബ്ദിച്ചാൽ ആ പെടിയും കുത്തും വെട്ടും ഒരേസമയത്തു വീഴുമെന്നു പറഞ്ഞു. 'പത്താഠക്കുള്ള മുതൽ കയ്യിൽപെച്ചു സ്ത്രീകളേയും കുട്ടികളേയും പട്ടിണികിടത്തുന്നതിന്നു നിന്നെ ശിക്ഷിക്കാൻ പോകുന്നു. നിലവിളിച്ചാൽ തൽക്ഷണം മരിക്കും' എന്നു പ്രത്യേകം കാമ്മവെയ്ക്കാൻ പറഞ്ഞു് ആസനത്തിൽ അടി തുടങ്ങി. ഒന്നുരണ്ടടി കഴിഞ്ഞപ്പോഴേയ്ക്കുതന്നെ സകല മുതലും കുടുംബക്കാരെ എല്പിച്ചു കൈവശം കൊടുക്കയോ പണ്ടത്തെപ്പോലെ വീട്ടിൽ പോയി താമസിച്ചു് അവരെ സംരക്ഷണചെയ്കയോ ചെയ്യാമെന്നും ഇനി അതിലേയ്ക്കായി അടിക്കേണ്ടാവശ്യമില്ലെന്നും ഉക്കണ്ണനുണ്ണിനായർ പറഞ്ഞു. ഇതേവരെ കുട്ടികളും സ്ത്രീകളും പട്ടിണികിടന്നതിന്നുള്ള ശിക്ഷയാണെന്നും പറഞ്ഞു് ആ മുഷ്കൻ മൂന്നു ഡസൻ അടി അടിച്ചു. ഉക്കണ്ണനുണ്ണിനായരുടെ ആസനത്തിൽനിന്നു രക്തം ധാരാളം ഒഴുകിയിരുന്നു. എങ്കിലും ആ വേദനയെല്ലാം സഹിച്ചു നിലവിളി പല്ലിന്നു കീഴടക്കി അടി കഴിയുന്നതുവരെ കഴിച്ചുകൂട്ടി. ഇങ്ങനെ അടികൊണ്ടതു് ആരോടും പറകയില്ലെന്നും ക്രിമിനൽകേസ്സുകൊടുക്കില്ലെന്നും മുഷ്കന്മാർ സത്യം ചെയ്യിക്കുകയും അങ്ങിനെ വല്ലതും ചെയ്താൽ അന്നുതന്നെ കൊല്ലുമെന്നു ഭയ

പ്പെട്ടത്തുകയും ചെയ്തു. ഇപ്രകാരം തല്ലു കൊള്ളുന്നതിനേ
ക്കാൾ സ്വതന്ത്രനായിട്ടില്ലാതെ ഇരിക്കുകയാണു് നല്ലതെന്നു
വാസ്തവത്തിൽ തോന്നീട്ടുതന്നെയാണു് ഉക്കണ്ണനുണ്ണിനാ
യർ സത്യം ചെയ്തതു്. അതിനുശേഷം അദ്ദേഹത്തെ അ
വിടെത്തന്നെ കിടത്തി മുഷ്ണന്മാർ പോകയും ചെയ്തു. നേരം
വെളുത്ത ഉടൻതന്നെ ഒരു മഞ്ചലിൽ കയറി ഉക്കണ്ണനു
ണ്ണിനായർ കുണ്ടിലയ്ക്കുപോയി. അവിടെച്ചെന്നു സംഭ
വിച്ചതെല്ലാം ഭാര്യവിയമ്മയോടു് പറഞ്ഞു. ഇനി കുണ്ടി
ലെ കൃഷിസ്ഥലത്തേയ്ക്കു താൻ പോകയില്ലെന്നും കൃഷിയെ
മുമ്പത്തെപ്പോലെ പാട്ടത്തിനു കൊടുക്കണമെന്നും ഭാര്യ
വിയമ്മയോടു് അദ്ദേഹം തീർച്ചയായി പറഞ്ഞു. കുടുംബ
ക്കാരാണു് മുഷ്ണന്മാരെ അയച്ചതെന്നു് അവരുടെ വാക്കുകൊ
ണ്ടും പ്രവൃത്തികൊണ്ടും പ്രത്യക്ഷമായല്ലോ. ഉക്കണ്ണനുണ്ണി
നായക്കും ഭാര്യവിയമ്മയ്ക്കും പൂവകത്തു വീട്ടുകാരുടെ നേരെ
തോന്നിയ വൈരത്തിന്റെ അളവു കാണാൻ കഴിയുന്നവ
രാരുമില്ല. പൂവകത്തുള്ള പെണ്ണുങ്ങൾക്കു് ഇത്ര സാമർത്ഥ്യ
വും ശക്തിയും ഉള്ളതുകൊണ്ടു് അടിക്കു് അടിതന്നെ കൊ
ടുക്കാതെ താൻ പെണ്ണായിരുന്നിട്ടു കാര്യമില്ലെന്നു ഭാര്യവി
യമ്മ നിശ്ചയിച്ചു. പിറേന്നു കാലത്തു കൃഷ്ണനൊരു
കമ്പി അയച്ചു. എന്തു തിരക്കായാലും എന്തു പരീക്ഷയിൽ
തോറ്റാലും വരാതിരിക്കരുതെന്നാണു് കമ്പിയിലെ താല്പ
ര്യം. കൃഷ്ണൻ ഈ കമ്പി കിട്ടിയപ്പോൾ വളരെ പരിഭ്രമി
ച്ചു് അന്നത്തെ മെയിൽവണ്ടിക്കുതന്നെ മദിരാശിയിൽ
നിന്നു പുറപ്പെട്ടു. പുറപ്പെട്ടതിന്റെ പിറേന്നു വൈകുന്നേ
രം കൃഷ്ണൻ വീടെത്തി വർത്തമാനങ്ങൾ അറിഞ്ഞു. അടിയു
ടെ പാട്ടനോക്കിയപ്പോൾ കൃഷ്ണൻ വല്ലാതെ വ്യസനിച്ചു. പി

ക്രമൻ നാട്ടിലുണ്ടായിരുന്നുവെങ്കിൽ ആയാളെ സംശയിച്ചു കൃഷ്ണൻ വെടിവെച്ചു കൊല്ലുകയുമായിരുന്നു. പൂവകത്തെ സ്ത്രീകളെ ഇതിചിരട്ടി അടിക്കയും അപമാനിക്കയും ചെയ്യേണമെന്നായിരുന്ന കൃഷ്ണൻറേയും അഭിപ്രായം. ഭാഗ്യവിയമ്മയും കൃഷ്ണനുംകൂടി പൂവകത്തെ പെണ്ണുങ്ങളെ കഴിയുന്നതോപദ്രവമേല്പിക്കുന്നതിനും അപമാനിക്കുന്നതിനും ഉറപ്പു കൃഷ്ണൻ 50ക. ചീതം കൊടുത്തു് ആറാളുകളെ ശട്ടം കെട്ടി. ഉക്കണ്ണനുണ്ണിനായരെ പ്രഹരിച്ചവർ അവരുടെ ഓറുകാർമൂലം കൃഷ്ണൻറെ ഏർപ്പാടിൻറെ വിവരങ്ങളെല്ലാം മനസ്സിലാക്കി, ദീവെട്ടിക്കൊള്ളക്കാർ പൂവകത്തുവീട്ടിൽ കൊള്ളയ്ക്കായി ഇന്ന ദിവസം പോകുന്നുണ്ടെന്നും പൂവകത്തുപോയി ഒളിവിലിരുന്നാൽ അവരെ എല്ലാം പിടിക്കാമെന്നും പൊല്ലീസ്സിലേയ്ക്കറിയുകൊടുത്തു. ഇൻസ്പെക്ടരും 40 പൊല്ലീസുകാരുംകൂടി ദീവട്ടിക്കൊള്ളക്കാരെ പിടിക്കുന്നതിനു പൂവകത്തുവീട്ടിനകത്തും പുറത്തുമായി ഒരുങ്ങിയിരുന്നു. ദീവെട്ടിക്കാരും കൃഷ്ണനുംകൂടി പൂവകത്തുവീടിനെ അതിക്രമിക്കാൻ പോയ സമയം ഉക്കണ്ണനുണ്ണിനായരെ കണ്ടിലെ കുളത്തിൽവെച്ചു പ്രഹരിച്ച മുഷ്ണന്മാരും മറുചിലരുംകൂടി കണ്ടിലെ വീട്ടിൽ കടന്നു് ഉക്കണ്ണനുണ്ണിനായരുടെ ദേഹരക്ഷയ്ക്കായി നിയമിച്ചിരുന്ന കാവൽക്കാരെ ബന്ധിച്ചു് അകത്തുകടന്നു. ശബ്ദിച്ചാൽ കൊന്നുകളയുമെന്നു് എല്ലാവരേയും ഭയപ്പെടുത്തി ഓരോരുത്തരെ ഓരോ മുഷ്ടൻ കാത്തുകൊണ്ടുനിന്നു. ചൂരൽക്കാരൻ ഭാഗ്യവിയമ്മയെ പിടിച്ചു കൈ രണ്ടുംകൂട്ടി ജനലിൽ കെട്ടിയിട്ടു "പീ പുരുഷന്മാരെ വശത്താക്കി അവരുടെ കുടുംബങ്ങളിൽ മത്സരമുണ്ടാക്കിത്തീർത്തു വളരെ താറാറുകൾ ചെയ്തു

ണ്ടു്. ഇനിമേലിൽ അങ്ങിനെ ചെയ്യാതിരിക്കുന്നതിനു നിന്നെ ശിക്ഷിക്കാൻ പോകുന്നു. നീ നിമിത്തം ഉക്കണ്ണനണ്ണിനായർ വളരെ ദുഷ്ടനായിത്തീർന്നു. പൂവകത്തുള്ള കുഞ്ഞുകുട്ടികളേയും സ്ത്രീകളേയും ആയാൾ പട്ടിണിയിടാൻ സംഗതിവന്നിരിക്കുന്നു. അതിനു ഞാൻ അയാളെ ശിക്ഷിച്ചപ്പോൾ നീയും നിൻറെ മകനുംകൂടി അവരെ ദോഷപദ്രവം ഏല്പിക്കാനും അപമാനിക്കാനും തുനിഞ്ഞിരിക്കുന്നു. നിന്നെ അടിച്ചു സന്മാർഗ്ഗിയാക്കാനാണു് ഞാൻ പുറപ്പെട്ടിരിക്കുന്നതു്. ഇനി പുരുഷന്മാരെ ദുരുപദേശം ചെയ്തു കുടുംബങ്ങളിൽ മത്സരമുണ്ടാക്കുമോ?"

എന്നു ചോദിച്ചു വേദനകൊണ്ടു പിടയത്തക്കവണ്ണം പന്ത്രണ്ടടി ആസനത്തിലേയ്ക്കടിച്ചു.

"പൂവകത്തു വീട്ടുകാർക്കു നാളെമുതല്ക്കു ചിലചിന്നകൊടുപ്പിയ്ക്കില്ലേ?"

എന്നു ചോദിച്ചു. 'കൊടുപ്പിക്കാം, കൊടുപ്പിക്കാ'മെന്നു ശ്വാസംവിടാതെ പറയുന്നതു കേട്ടുംകൊണ്ടു് ഒരു പന്ത്രണ്ടടി പിടിച്ചുയും അടിച്ചു.

"ഇനി എപ്പോഴും അവരുടെ സുഖവും ക്ഷേമവും നോക്കി പ്രവർത്തിക്കില്ലേ?"

എന്നു ചോദിച്ചു പിന്നേയും ഒരു പന്ത്രണ്ടടി അടിച്ചു. അവരുടെ ദാസിയെപ്പോലെ അവരുടെ ഇഷ്ടം നോക്കിയും കല്പനപ്രകാരവും ചെയ്യാമെന്നു മക്കളേയും കുടുമ്മദൈവങ്ങളേയും പിടിച്ചു സത്യം ചെയ്തു് അടി നിർത്താൻ അപേക്ഷിച്ചു.

ഇപ്പോൾ സത്യം ചെയ്തു പറഞ്ഞപോലെ പ്രവർത്തിച്ചില്ലെങ്കിൽ ഒരാഴ്ചയ്ക്കകം നിൻറേയും നിൻറെ മകളുടേയും

മൂക്കും മുലയും അരിഞ്ഞു വിരൂപകളാക്കി വിടുമെന്നു ഭയപ്പെടുത്തി. പിന്നെ മുഷ്ടന്മാർ ഉക്കണ്ണനുണ്ണിനായരെ കടന്നുപിടിച്ചു.

"നിനക്കു കിട്ടിയ ശിക്ഷ മതിയായില്ലെന്നു തോന്നുന്നു. അവക്കു് ഇനിയും ചിലവിനു കൊടുത്തില്ലല്ലോ. അതുകൊണ്ടു നിന്നെ ഇനിയും ശിക്ഷിക്കാൻ പോകുന്നു."

"എജമാനന്മാരേ, എന്നെ ഇനി ഒന്നും ചെയ്യരുതേ. ഞാൻ കുണ്ടിലെ കൃഷിനടപ്പു് ഉപേക്ഷിച്ചു. എനിക്കു നിങ്ങടെ അടി കൊണ്ടതിനുശേഷം അനങ്ങാൻ വയ്യാതെയായതുകൊണ്ടാണു് ഞാൻ ഇതുവരെ ചിലവിനു കൊടുത്തയയ്ക്കാഞ്ഞതു്. നാളെ സന്ധ്യയിലകത്തു് അവക്കു വേണ്ടതെല്ലാം എത്തിച്ചുകൊടുക്കാം." എന്നു വളരെ താഴ്മയോടെ അപേക്ഷിച്ചു പറഞ്ഞു. ഇനി കായ്ങ്ങളെല്ലാം ശരിയായി നടക്കുമെന്നുള്ള വിശ്വാസത്തിനുമേൽ മുഷ്ടന്മാരെല്ലാവരുംകൂടി കുണ്ടിലെ വീട്ടിൽനിന്നിറങ്ങിപ്പോകയും ചെയ്തു.

കുടെ നിന്നും ആളെ വെളിയിൽ കാണിക്കാതേയും പൂവകത്തു വീട്ടുകാരെ ഉപദ്രവിപ്പാൻ പോയ കൃഷ്ണൻ ആ വീട്ടിലെത്തുന്നതിനുമുമ്പു താനയച്ച ആറു പേരേയും പൊല്ലീസ്സുകാർ കയ്യാമംവെച്ചു കൊണ്ടുവരുന്നതു ദൂരത്തു നിന്നു കണ്ടപ്പോൾ അയാൾക്കുണ്ടായ ജാള്യതയും തന്നോടു തന്നെയും പിടിച്ചാലോ എന്നുള്ള ഭയവും ഇത്രയാണെന്നു പറഞ്ഞാൽ ഒടുങ്ങില്ല. പൊല്ലീസ്സുകാരും തടവുകാരും ദൂരപ്പെട്ടതുവരെ കൃഷ്ണൻ ഒരു പാലത്തിൻകീഴ് ഒളിവിലിരുന്നു. ഉദ്ദേശിച്ച കായ്മോ സാധിച്ചില്ല. ഇനി താനും അമ്മയും

ക്രിമിനൽ കേസ്സിൽ പെടാതെയെങ്കിലും കഴിച്ചുകൂട്ടാനുള്ള മാർഗ്ഗമെന്താണെന്നാലോചിച്ചിട്ട് അവന്റെ മന്ദബുദ്ധിയിൽ ഒരു വെളിച്ചവും ഉണ്ടായില്ല. പൊല്ലീസ്സുകാർ ഭേദ്യം ചെയ്യുമ്പോൾ ഇന്നിന്നാളുകൾ പറഞ്ഞയച്ചിട്ടാണ് ഈ പ്രവൃത്തിക്കൊരുങ്ങിയതെന്നു തടവുകാർ പറയാതിരിക്കയില്ല. അങ്ങനെ പറഞ്ഞാൽ തനിക്കും അമ്മസ്സും ആപത്തായി എന്നതിനു സംശയമില്ല. ഇതിനെന്താനിവൃത്തി? ഇങ്ങിനെ ആലോചിച്ചുകൊണ്ട് കൃഷ്ണൻ തന്റെ വീട്ടിലെത്തി. പടിക്കൽനിന്നുതന്നെ തീവ്രവേദനയാൽ അമ്മ മന്ദസ്വരത്തിൽ കരയുന്നതു കേട്ടു. കൃഷ്ണൻ പരിഭ്രമിച്ചു് ഉല്ലണ്ണയോടുകൂടി ഉള്ളിൽ കടന്നു് അമ്മയോടെന്താ കരയുന്നതെന്നു ചോദിച്ചു.

ഭാ—ഇവിടെ കുറെ ആളുകൾ വേഷംമാറി വന്നു് എന്നെ ജനലിൽ പിടിച്ചുകെട്ടിയിട്ടു തല്ലി. ആസനത്തിലെ തോലൊക്കെപ്പോയി രക്തം ഒലിക്കുന്നതു് ഇനിയും നിന്നിട്ടില്ല. എന്തെങ്കിലും മരുന്നുണ്ടെങ്കിൽ ചെയ്യണം. എനിക്കു വേദന സഹിപ്പാൻ വയ്യാ.

കൃഷ്ണ—നമ്മുടെ കാവല്ലൂർ ഇവിടെ ഉണ്ടായിരുന്നില്ലേ?

ഭ—കാവൽക്കാരെ അവർ ആദ്യംതന്നെ പിടിച്ചു കെട്ടിയിട്ടു. ഞങ്ങളെയെല്ലാം മിണ്ടിയാൽ കൊല്ലുമെന്നു പറഞ്ഞു പേടിപ്പിച്ചു! അവരുടെകയ്യിൽ തോക്കും വാളും കുന്തവും ഒക്കെ ഉണ്ടായിരുന്നു. മരണഭയംകൊണ്ടു ഞങ്ങളാരും നിലവിളിച്ചില്ല. ഇയ്യാളുടെ സംബന്ധംകൊണ്ടല്ലേ ഈ ആപത്തൊക്കെ വന്നതു്? എന്റെ മകൾക്കു സംബന്ധക്കാരനില്ലെങ്കിലെന്താ? ആയാളുടെ വീട്ടിൽ ചിലവിനു കൊടുപ്പിക്കില്ലേ എന്നു പറഞ്ഞുകൊണ്ടാണു്

അവർ തല്ലിയതു്. ഞാൻ പറഞ്ഞിട്ടാണോ ചിലവിനു കൊടുക്കാത്തതു്? ഇനിയും ആയാൽ ചിലവിനു കൊടുത്തിട്ടില്ലെങ്കിൽ കരാഴ്ചയ്ക്കുള്ളിൽ ശൂർപ്പണഖയെപ്പോലെ മൂക്കും മുലയും അരിഞ്ഞു വിടുമെന്നു പറഞ്ഞിട്ടാണു് അവർ പോയിരിക്കുന്നതു്. ഇതെന്തൊരാപത്താണു് മകനേ?

ഭാർഗ്ഗവിയമ്മ മകനോടു് പറഞ്ഞതെല്ലാം ഉക്കണ്ണനുണ്ണിനായർ കേട്ടു. ആക്കവേണ്ടിയാണു് താൻ പൂവകത്തെ കൃഷി പാട്ടത്തിനേല്പിച്ചു കുണ്ടിലെ കൃഷി നടക്കാൻ തുടങ്ങിയതു്? പൂവകത്തെപ്പാട്ടമെല്ലാം ആരുടെ ചിലവിലേയ്ക്കാണുപയോഗിച്ചു. വന്നതു്? ഇതൊന്നും ആലോചിക്കാതേയും തിന്ന പണത്തിനു നന്ദി കാണിക്കാതേയും ഈ സ്ത്രീ പറയുന്നതെന്താണു്? ഇവൾ ഏതൊരു ദിഷ്ടപ്പിശാചു്? ഇത്ര നന്ദികേടുള്ളവളുടെ ബന്ധുവായിട്ടെങ്ങനെ ഭ്രമിയിലിരിക്കും? ഇവളുടെ മകളല്ലേ കുമുദം? എത്രയോ സ്നേഹമായിരുന്ന നിരപരാധിയായ കുടുംബത്തെ ഉപേക്ഷിച്ചു സ്വീജിതനായി ഇത്ര ദിഷ്ടകളായ കുലടകളെ അവലംബിച്ചിരിക്കുന്ന താനെത്ര ഭോഷൻ! എന്നിങ്ങനെയുള്ള ചിന്തകൊണ്ടു ഭാർഗ്ഗവിയമ്മ പറഞ്ഞ വാക്കുകളാൽ ക്ഷോഭമേല്ക്കാതെ ഉക്കണ്ണനുണ്ണിനായർ ഉറക്കം അഭിനയിച്ചു കിടന്നു.

കു—ഒരാപത്തല്ല അമ്മേ, നമുക്കു് ആപത്തുകൾ ഓരോന്നായി വരാൻ തുടങ്ങീട്ടുള്ളു. ഇന്നു ഞാൻ പോയ കാര്യത്തിന്റെ കലാശം കേൾക്കണ്ടേ? ഞാൻ പൂവകത്തെത്തുന്നതിനുമുമ്പു നമ്മുടെ ആളുകളെ കയ്യാമംവെ

ച്ചു പൊല്ലീസ്സുകാർ പുറത്തെയ്ക്കു കൊണ്ടുവരുന്നതു കണ്ടു. പൊല്ലീസ്സുകാർ എങ്ങനെയോ മുമ്പെല്ലുട്ടി നാം ചെയ്യാൻ പോകുന്നതറിഞ്ഞു കാവലിരുന്നിട്ടുള്ളതായി കാണുന്നതുകൊണ്ടു് ഈ കഴുതകൾക്കു് അവരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടായിരിക്കയില്ല. അവർ ഭേദ്യം ചെയ്യുമ്പോൾ നമ്മളെയച്ചിട്ടു പോയതാണെന്നുംകൂടി പറഞ്ഞാൽ ഒന്നാന്തരമായി.

ഭാ—അവരെയച്ചാലുകൾ ഒരിക്കൽ വന്നു യാതൊരു തടസ്ഥവുംകൂടാതെ ഉക്കണ്ണനുണ്ണിനായരെ മതിയാകുവോളം അടിച്ചിട്ടു പോയി. ഇന്നു വന്നു് എന്നെയും തല്ലിച്ചതച്ചിട്ടു പോയി. നമ്മൾ പത്തുമുന്നൂറുറുപ്പിക കൊടുത്തു് ആളെ ഉണ്ടാക്കി അയച്ചു. അവർ ഒന്നും ചെയ്യാതെ നമ്മളെ ജേലിൽ ആക്കാറുമായി. കൊള്ളാവുന്നവരും കൊള്ളരുതാത്തവരും തമ്മിലുള്ള വ്യത്യാസം ഇതാണു്. എന്നെയോ അദ്ദേഹത്തിനെയോ തല്ലുമ്പോൾ വേണ്ട എന്നു പറയാൻ നമ്മളാക്കീട്ടുള്ള കാവൽക്കാരുംകൂടി ഇല്ല. അവരുടെ വീട്ടിൽ കടക്കുന്നതിന്നുമുമ്പു കയ്യാമം വെയ്ക്കാൻ പൊല്ലീസ്സുകാരുണ്ടു്. കണ്ണിൽ കണ്ടവരുടെ തല്ലുകൊണ്ടിരിക്കാൻ കഴിയില്ല. ഇനി മൂക്കും മുലയും അരിയുമെന്നുംകൂടി പേടിപ്പെടുത്തീട്ടുണ്ടു്.

കൃ—വല്ലവരുടേയും തല്ലുകൊള്ളേണ്ടതാണെങ്കിൽ ഏട്ടന്റെ ചെലവിനു കൊടുപ്പിക്കാഞ്ഞതു് എന്നല്ലേ പേരു്?

ഈ സംഭാഷണത്തിന്റെ ഇടയിൽ കടന്നു് ഒന്നും പറയാതിരിക്കാൻ ഉക്കണ്ണനുണ്ണിനായക്കു വയ്യാതായി.

ഉ—എന്റെ പണം നിങ്ങൾക്കു തരുന്നതുകൊണ്ടു് ഇനി മേലിൽ തല്ലുകൊള്ളാൻ ഇടവരില്ല. ഭാഗ്യവിയമ്മ പറഞ്ഞിട്ടല്ല പൂവകത്തെ കൃഷി പാട്ടത്തിനു കൊടുത്തതും കണ്ടിലെ കൃഷി നടക്കാൻ തുടങ്ങിയതും കൃഷ്ണനു മദിരാശിക്കു പണം അയയ്ക്കുന്നതും എന്നാണിപ്പോൾ പറയുന്നതെങ്കിൽ ആ കുറവമെല്ലാം ഞാൻ വഹിച്ചുകൊള്ളാം. ഇനി അവരുടെ ഇടയിൽ പോയിരിക്കുമ്പോൾ തരാത്ത കാരണവരുടെ കയ്യിൽനിന്നു് അടിച്ചുവാങ്ങി എന്നു് അവർ ധാർഷ്ട്യം പറയുമായിരിക്കാം. ആ വാക്കും അതുകൊണ്ടുള്ള അപമാനവും നന്ദികേടിനെക്കാൾ സഹിക്കാവുന്നതാണു്. നാളെ നേരം പുലരുമ്പോൾ ഞാൻ പൂവകത്തേയ്ക്കുതന്നെ പോകാൻ നിശ്ചയിച്ചു.

ഭാ—പൂവകത്തു പോയാലും വേണ്ടില്ല, കായകത്തു പോയാലും വേണ്ടില്ല, സംബന്ധം ഉപേക്ഷിച്ചാലും വേണ്ടില്ല. ഇങ്ങിനെ ഒരിക്കൽക്കൂടി തല്ലുകൊണ്ടാൽ ഞാൻ ചത്തുപോകും.

ഉ—നന്ദികേടിനോടുകൂടി നിന്ദയും തുടങ്ങിയോ? ഇനി വീട്ടിൽനിന്നു പുറത്തുപോകാനും പറയും. അതിനിടയുണ്ടാക്കുന്നില്ല.

കുമുദം—അതിനൊക്കെ അധികാരമില്ല. അമ്മയുടെ അപ്പൻ കെട്ടിയ വീടല്ല. എന്റെ അച്ഛൻ ഉണ്ടാക്കിയ വീടാണു്. അവിടത്തെ കൃഷി പാട്ടത്തിനു കൊടുക്കുന്നതാണു് നല്ലതെന്നും ഇവിടത്തെ കൃഷി നടപ്പിൽ വെയ്ക്കാഞ്ഞാൽ കൊല്ലംതോറും പാട്ടം കുറയുമെന്നും അമ്മ പറയുന്നതു പലതവണ ഞാൻ കേട്ടിട്ടുണ്ടു്. ഇപ്പോൾ ഞാനുമല്ല എന്റെ കയ്യുമല്ല എന്നു പറയുന്നു.

ഇന്നാൾ അവരൊക്കെ ഇവിടെ വന്നപ്പോൾ അമ്മയെ നിന്ദിച്ച വാക്കുകൾ പറഞ്ഞു എന്നതുകൊണ്ടല്ലേ അവരെ ഇവിടുന്നു മറയത്താട്ടിയതു്?

ഭാ—ഓഹോ! എല്ലാവക്കും ഞാൻതന്നെ കുറക്കാരി. എനിയ്ക്കതിനു തല്ലും കൊണ്ടില്ലേ?

കു—അതൊക്കെ ഇരിക്കട്ടെ. നേരം പുലരുമ്പോൾ പൊല്ലീസ്സുകാർ മറ്റത്തുണ്ടാകും. അതിനെന്താ വഴി?

ഉ—അതു് അമ്മയും മകനുംകൂടി ആലോചിച്ചു വരുത്തിക്കൂട്ടിയതല്ലേ? അതിനു മറെറാരാളാണോ വഴിയുണ്ടാക്കിത്തരാൻ? ഉപായം ചിന്തിക്കുമ്പോൾ അപായം ചിന്തിക്കാനാണു് മനുഷ്യനു ബുദ്ധി.

കു—ഞാനും അമ്മയുംകൂടി ആലോചിച്ചു ചെയ്തതാണെങ്കിലും അതു നിങ്ങൾക്കുവേണ്ടി ചെയ്തതല്ല? നിങ്ങൾക്കു മുതല യാതൊന്നുമില്ലെന്നു പറഞ്ഞാൽ പറയുമോ?

ഉ—എനിക്കുവേണ്ടി ഇതു ചെയ്യാൻ ഞാൻ പറഞ്ഞുവോ? ഞാൻനിമിത്തമാണു് അടി കൊണ്ടതു് എന്നല്ലേ നിന്റെ അമ്മ വിചാരിക്കുന്നതു്? എനിക്കുണ്ടായ സകല ആപത്തും നിങ്ങൾ നിമിത്തവും നിങ്ങൾക്കുവേണ്ടിയുമാണെന്നു കാണാൻ നിങ്ങൾക്കാക്കും ബുദ്ധിയില്ലേ? നാളെ പൊല്ലീസ്സുകാർ വന്നാൽ എന്നേയും പിടിക്കാൻ വഴിയില്ലേ? എനിക്കു തല്ലുകൊണ്ടതിനു പ്രതിക്രിയ ചെയ്യുന്നതിൽ ഞാൻ ഒന്നും അറിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അങ്ങിനെ എനിക്കു വരാൻപോകുന്ന ആപത്തും നിങ്ങൾനിമിത്തമല്ലേ?

ക്യ—ആർനിമിത്തം ആക്കാണു് ആപത്തു വന്നിട്ടുള്ളതു് എന്നു തീച്ചയാക്കീട്ടു് ഇപ്പോൾ യാതൊരു പ്രയോജനവുമില്ല. അതു തീച്ചയായാൽ മേലിൽ ദോഷത്തിന്നു ഹേതുവായി എന്നു മാത്രമല്ലാതെ വരുന്ന ആപത്തിന്നു നിവൃത്തിമാർഗ്ഗമായില്ല. ആർനിമിത്തം ആക്ക് വന്നാലും തമ്മിൽത്തമ്മിൽ ചെയ്യേണ്ട പ്രവൃത്തി ചെയ്യേണ്ടേ? ഇനി ആ തക്കം ആവശ്യമില്ല. നിങ്ങൾക്കെല്ലാവക്കും എനിക്കും ആപത്തു വന്നതു് എന്റെ ആലോചനക്കുറവുകൊണ്ടും എന്റെ പ്രവൃത്തികൊണ്ടുമാണെന്നതന്നെ വിചാരിച്ചുകൊള്ളുവിൻ. കഴിയാൻ വഴിയെന്താണു്?

ഉ—പൊല്ലീസ്സുകാർ വന്നാൽ അവക്കു പണം കൊടുത്തയയ്ക്കണം. പണം കയ്യിൽ ഇല്ലെങ്കിൽ കടം വാങ്ങണം.

ഭാ—തല്ലുകൊണ്ടതിന്നുള്ള വിലയാണിതു്. അവരെത്ര ചോദിക്കുമോ എന്തോ?

ക്യ—പണം കയ്യിൽ ഇല്ലല്ലോ; ആരോടാണു് കടം വാങ്ങേണ്ടതു്? ആരാണു് പണം കൊടുത്തു തീർക്കേണ്ടതു്?

ഭാ—ഉക്കണ്ണനുണ്ണിനായരുടെ കുടുംബക്കാർ നമ്മളെ തല്ലിയാൽ അതുനിമിത്തം വരുന്ന കേണ്ടാമണ്ടിക്കൊക്കെ നമ്മൾ പണവും ചിലവാക്കണോ?

ഉ—അമ്മയും മകനുംകൂടി കുറ്റം ചെയ്യാൻ പുറപ്പെട്ടിട്ടു് അതിന്നു ശിക്ഷ വരുമ്പോൾ അനുഭവിക്കാൻ ഉക്കണ്ണനുണ്ണിനായരാണോ? ഞാൻ പണമൊന്നും ചിലവാക്കാൻ ഭാവിച്ചിട്ടില്ല. എന്നെപ്പിടിക്കുമ്പോൾ അതിന്നു വേണ്ട വഴിമാത്രം ഞാൻ ആലോചിച്ചുകൊള്ളാം. നിങ്ങടെ കാര്യം നിങ്ങൾക്കു്.

ക്കു—ഏട്ടൻ അങ്ങിനെ പറയുന്നതു വലിയ സങ്കടമാണു്. ഏട്ടനൊയുള്ള സ്നേഹംകൊണ്ടല്ലേ പകരം വല്ലതും ചെയ്യണമെന്നു വിചാരിച്ചതു്. പിന്നെ തല്ലുകൊള്ളാനുള്ള കാരണം ഏട്ടൻ ചിലവിനു കൊടുക്കാത്തതാണെന്നല്ലേ തല്ലിയവർതന്നെ പറഞ്ഞതു്? എന്റെ അമ്മ വയസ്സുകാലത്തു് ഏട്ടനുവേണ്ടി തല്ലുംകൊണ്ടു പണവും ചിലവാക്കണോ?

ഉ—എനിക്കുവേണ്ടി ആരും തല്ലുകൊണ്ടിട്ടില്ല. ഞാൻ ചിലവിനു കൊടുക്കാത്തതുകൊണ്ടു് എന്നെത്തല്ലി. അപ്പോൾ എന്തുകൊണ്ടാണു് ഭാര്ഗ്ഗവിയമ്മയേയും തല്ലാഞ്ഞതു്? നിങ്ങൾ ആളെക്കൂട്ടി പകരം ചോദിക്കാൻ പോയപ്പോളല്ലേ ഭാര്ഗ്ഗവിയമ്മയെ തല്ലിയതു്? അതെന്തിനു ചെയ്യാൻ പോയി?

ക്കു—മറ്റൊരാളുടെ മേൽ മാത്രം കുറ്റം ചുമത്താൻ ആരും ശ്രമിക്കേണ്ട. പൂവകത്തുവീട്ടിലേയ്ക്കു വന്നിട്ടുള്ള സകല കഷ്ടവും ഏട്ടൻ ഇവിടെ സംബന്ധം തുടങ്ങിയതിനു ശേഷമാണു്. അവരെ ഏട്ടനു വെറുപ്പുവരാൻ അമ്മ ഒന്നും ചെയ്തിട്ടില്ലെന്നു പറഞ്ഞാൽ ഇരിക്കില്ല. അവിടെ ചിലവിനു കൊടുക്കാത്ത പണമെല്ലാം ഇവിടെച്ചിലവാകയോ കുമുദത്തിന്റെ പേരിൽ മുതലാകയോ ചെയ്യുന്നുണ്ടു്. അതുകൊണ്ടു നാമെല്ലാവരും ഒരുപോലെ കുറ്റക്കാരാണു്.

ഉ—ആട്ടെ. നിനക്കെങ്കിലും ഈ ബോധമുണ്ടല്ലോ. നിങ്ങൾക്കുവേണ്ടി ഞാൻ ഇത്രയും ചെയ്തിട്ടു് അതിനു നന്ദിയുംകൂടി ആക്കം ഇല്ലാതായിപ്പോയല്ലോ എന്നു വിചാരിച്ചു ഞാൻ വളരെ വ്യസനിച്ചു.

കൃ—ഉറപ്പിക എവിടന്നാണു് വാങ്ങേണ്ടതു്? ആരാണാ
ക്കടം വീട്ടേണ്ടതു്?

ഉ—പൂവകത്തെ താവാട്ടുവക മുതൽ കുമുദത്തിന്റെ പേരി
ലായി കിടപ്പുണ്ടല്ലോ. അതുതന്നെ ചിലവാക്കട്ടെ.

കുമുദം—എന്നെ എന്തിനു പെരുവഴിയിലാക്കുന്നു? ഞാൻ
ഒരു കുറവും ചെയ്തിട്ടില്ലല്ലോ. എന്റെ പേരിൽ എ
ന്റെ ഭർത്താവു വല്ല മുതലും തന്നിട്ടുണ്ടെങ്കിൽ അതു്
ആരെങ്കിലും ചെയ്ത കുറത്തിനു ചിലവാക്കാനാണോ?
എനിക്കു കുട്ടികളുണ്ടായാൽ അവർ എന്തു തിന്നു പിഴ
യ്ക്കും? എന്റെ ഉറപ്പിക എടുക്കാൻ ഞാൻ സമ്മതിക്ക
യില്ല.

ഉ—നീ ചിലവാക്കില്ലെങ്കിൽ പേറെ ഒരാൾ ചിലവാക്കാ
നില്ല. ഞാൻ ജേലിൽ പൊയ്ക്കൊള്ളാം.

കുമുദം—വന്നുവന്നു് ഒടുവിൽ ഒന്നും ചെയ്യാത്ത എനിക്കാ
ണോ ചിലവിനു്? എന്റെ പണം ഞാൻ തരില്ല.

ഉ—നീ തരാത്തതുകൊണ്ടു ഞാൻ ജേലിൽ പോകേണ്ടിവ
രുമെങ്കിലും തരില്ലേ?

കുമുദം—അങ്ങിനെ ഞാൻ പറഞ്ഞില്ല.

കൃ—ഞാനും അമ്മയും ജേലിൽ പോകയാണെങ്കിൽ നി
നക്കു വിരോധമില്ല, അല്ലേ?

കുമുദം—ആരും ജേലിൽ പോകാൻ പാടില്ല. ആരും എ
ന്നെ കഷ്ടത്തിലാക്കയും വേണ്ട.

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നേരം
വെളുത്തു. വരും വരുമെന്നു പറഞ്ഞുകൊണ്ടിരുന്ന പൊ
ല്ലീസുകാരും വന്നെത്തി. അവർ വന്ന വരവു കൃഷ്ണനേ

യും ഉക്കണ്ണനുണ്ണിനായരേയും ഭാര്യവിയമ്മയേയും കയ്യാമം വെച്ചു. അപമാനിക്കരുതെന്നും ചോദിച്ച സംഖ്യ കോഴ കൊടുക്കാമെന്നും ഭാര്യവിയമ്മയും കൃഷ്ണനും വളരെയെല്ലാം പറഞ്ഞുനോക്കി. അവരുടെ പേരിൽ തെളിവു കുറെ അധികം റിക്കാട്ടിലായിപ്പോയി എന്നും കേസ്സില്ലെന്നു വരുത്താൻ പ്രയാസമാണെന്നും മറ്റും പറഞ്ഞു കൃഷ്ണനേറയും ഭാര്യവിയമ്മയുടേയും മനസ്സുകളിൽ അങ്കുരിച്ചിരുന്ന ആധിയെ വളർത്തി. ഉക്കണ്ണനുണ്ണിനായർക്ക് ഇങ്ങിനെ പൊല്ലീസ്സുകാർ പറഞ്ഞതിൽ ലവലേശം കൂസലുണ്ടായിരുന്നില്ല. വക്കീൽഗുമസ്തനായിരുന്ന കാലത്തു പൊല്ലീസ്സുകാരുടെ തന്ത്രങ്ങളും കളവുകളും എല്ലാം താൻ മനസ്സിലാക്കീട്ടുള്ളതുകൊണ്ടു കയ്യാമം വെച്ചപ്പോഴാകട്ടെ കോഴ വാങ്ങില്ലെന്നു പറഞ്ഞപ്പോഴാകട്ടെ അദ്ദേഹം ഒന്നുംതന്നെ പറയാതെ മൌനിയായിരുന്നു. കുറേ നേരം കഴിഞ്ഞപ്പോൾ ഇൻസ്പെക്ടർ സ്ഥലത്തു വന്നു. ഉക്കണ്ണനുണ്ണിനായരും ഇൻസ്പെക്ടരും തമ്മിൽ വളരെ പരിചയമുണ്ടായിരുന്നു. ഉക്കണ്ണനുണ്ണിനായരുടെ തറവാട്ടിന്റെ സ്ഥിതിയും അദ്ദേഹം സമ്പാദിച്ചിട്ടുള്ള ധനത്തിന്റെ തുകയും എല്ലാം ഇൻസ്പെക്ടർക്കറിവുണ്ടായിരുന്നു. ഇൻസ്പെക്ടർ വന്ന ഉടൻതന്നെ ഉക്കണ്ണനുണ്ണിനായരെ കയ്യാമം വെച്ചിരുന്നതു കണ്ടപ്പോൾ 'ഇതാരെടാ ചെയ്തതു?' എന്നു ചോദിച്ചു.

ഹേഡ്—ഉക്കണ്ണനുണ്ണിനായർക്കു തല്ലു കൊണ്ടതല്ലാ ഈ പ്രവൃത്തിയ്ക്കു കാരണമായിത്തീർന്നിട്ടുള്ളതു്. പകരം പ്രവൃത്തിയ്ക്കുന്നതിൽ അദ്ദേഹത്തിനോടാലോചിക്കാതേയും അദ്ദേഹത്തിന്റെ അറിവു കൂടാതേയും ഇരിക്കാൻ തരമില്ലെന്നു വിചാരിച്ചാണു് ആമംപെച്ചതു്.

ഇൻസ്പെക്ടർ—അദ്ദേഹം സകലനിയമവും അറിയുന്നൊരാളാണു്. ഇങ്ങിനെ ചെയ്യാൻ അദ്ദേഹം ഉത്സാഹിച്ചു എന്നതിനു തെളിവുണ്ടെങ്കിൽ മാത്രമേ കയ്യാമം വെയ്ക്കാൻ പാടുള്ളു. ആളെ അറിയാതെ പ്രവർത്തിച്ചാൽ ഒടുവിൽ തിരിച്ചുതയ്ക്കും. പൊല്ലീസിനെ വഷളാക്കാൻ അദ്ദേഹം വിചാരിച്ചാൽ എളുപ്പത്തിൽ സാധിയ്ക്കും. ഉടനെ ആമം എടുക്കു. ബാക്കി കാര്യം പറയാം.

ഹെഡ്—(സ്വകാര്യത്തിൽ) അദ്ദേഹം ഒന്നും പറഞ്ഞില്ല. ബാക്കി രണ്ടുപേരും അപമാനത്തിൽനിന്നു രക്ഷിച്ചാൽ ചോദിച്ച സംഖ്യ തരാമെന്നു പറഞ്ഞു.

ഇൻസ്പെക്ടർ—കോഴ വാങ്ങില്ലെന്നു പറഞ്ഞതു വളരെ നന്നായി. ഉക്കണ്ണനണ്ണിനായരുടെ ആമം ഇപ്പോൾത്തന്നെ എടുക്കു. മറവർ രണ്ടുപേരും ഇങ്ങിനെ എല്ലാവരും കാണത്തക്കനിലയിൽ ഇവിടെ ഇരിക്കേണ്ടാവശ്യമില്ല. അവർ വീട്ടിനുള്ളിൽത്തന്നെ പോയിരിക്കട്ടെ.

ഇൻസ്പെക്ടർ കല്പിച്ചപോലെ ഹെഡ്കാൻസ്റ്റബിൾ ഉക്കണ്ണനണ്ണിനായരുടെ ആമം എടുത്തു. മറവരെ വീട്ടിനുള്ളിലും ഇരുത്തി. സൂര്യോദയമായപ്പോൾ നാട്ടുകാരും സമീപസ്ഥന്മാരും ഓരോരുത്തരായി വന്നുതുടങ്ങി. ഇവിടെ ഗ്രാമമായി ഒരന്വേഷണം നടത്തുകയാണെന്നും ജനങ്ങൾ വന്നുകൂടാൻ പാടില്ലെന്നും പറഞ്ഞു് ഇൻസ്പെക്ടർ അവരെയെല്ലാം അകറ്റി.

ഉക്കണ്ണനണ്ണിനായരായി കുറേനേരം സംഭാഷണം ചെയ്തപ്പോൾ ഭാര്യ്യയമ്മയുടെ ദുരുപദേശങ്ങൾകൊണ്ടു

ത്തം കുടുംബക്കാരെ കാലക്രമംകൊണ്ടു വെറുത്തു ചിലവി
ന്നു കൊടുക്കാതിരുന്നതാണെന്നും അതിന്റെ ഉണ്മ താൻ
അറിഞ്ഞുതുടങ്ങി ആ സ്ത്രീയായി അല്പം അകലാൻ ഭാവി
ച്ചു കളത്തിൽ ചെന്നു താമസിക്കുമ്പോൾ അടി കിട്ടിയ
താണെന്നും കൃഷ്ണനെ കമ്പി അയച്ചു വരുത്തി ആലോച
ന കൂടാതെ അമ്മയും മകനുംകൂടി മുഷ്ടിനു പുറപ്പെട്ടതാ
ണെന്നും ദീവെട്ടിക്കാരെക്കൊണ്ടു തന്റെ കുടുംബത്തിലുള്ള
സ്ത്രീകളെ അപമാനിക്കാനും ഉപദ്രവിക്കാനും ഉ
ക്കണ്ണനുണ്ണിനായർ സ്വപ്നത്തിൽപ്പോലും വിചാരിച്ചിട്ടി
ല്ലെന്നും ഇൻസ്പെക്ടക്ക് മനസ്സിലായി. കുണ്ടിലെ വീട്ടുകാ
രുടെ ചരിത്രം ലോകപ്രസിദ്ധമായിരുന്നതിനാൽ ഭാഗ്യവി
യമ്മയെ അടിച്ചു നന്നാക്കാൻ ഒരുമ്പെട്ട പോക്കിരി ആ
രായാലും അവന്റെ ബുദ്ധിയിൽ തോന്നിയ മാർഗ്ഗത്തി
ന്റെ രസികതയെപ്പറ്റിയും ഭാഗ്യവിയമ്മയ്ക്ക് അടി കൊ
ള്ളാറുള്ള അഫ്തയെപ്പറ്റിയും ഇൻസ്പെക്ടർ ആലോചി
ച്ചു പിന്നേയും പിന്നേയും വിനോദിച്ചു. ഉക്കണ്ണനുണ്ണിനാ
യർ ഈ വീട്ടുകാക്ക് വശഗതനായതിനെപ്പറ്റി ആശ്ചര്യ
പ്പെടുകയും നേരിട്ടു കുറെ ശകാരിക്കുകയും പൂവകത്തു ചെ
ന്നിരുന്ന പൂർവ്വസ്ഥിതിയിലിരിപ്പാൻ ഉപദേശിക്കുകയും
ചെയ്തതിനുശേഷം പൂവകത്തേയ്ക്കു ചിലവിനുള്ള നെല്ലും
പണവും തൽക്ഷണം അയപ്പിച്ചു. ഇൻസ്പെക്ടരുടെ അനു
മാനത്തിൽ പൂവകത്തുള്ള സാധുസ്ത്രീകൾ ഈമാതിരി പ്ര
യോഗങ്ങൾക്കു മതിയായിട്ടുള്ളവരല്ലെന്നും അവരെ ശങ്കി
ച്ചു് അവരുടെ നേരെ മുഷ്ടിനു പുറപ്പെട്ടതു ഭാഗ്യവിയമ്മയു
ടേയും മകന്റേയും ബുദ്ധിയില്ലായ്മയാണെന്നും പൂവകത്തു

വീട്ടുകാരുടെ ഗുണകാംക്ഷിയായി കുറെ പ്രബലനായ ഒരു രസികന്റെ പണിയാണിതെല്ലാമെന്നും ഇൻസ്പെക്ടർ ഉ ക്കണ്ണനുണ്ണിനായരോട് പറഞ്ഞു. ഭാർഗ്ഗവിയമ്മയുടെ നന്ദി കെട്ട വാക്കുകളാൽ ഉക്കണ്ണനുണ്ണിനായരുടെ ഹൃദയത്തിൽ നിന്നു കുണ്ടിലെ വീട്ടുകാരായുള്ള മമത പോയിട്ടുള്ളതു് ഉ ക്കണ്ണനുണ്ണിനായർ വെളിക്കു വീട്ടില്ല. ഇൻസ്പെക്ടർ സാവ കാശത്തിലിരുന്നു് ഉക്കണ്ണനുണ്ണിനായരായി സംസാരി ക്കാൻ തുടങ്ങിയതിന്റെ ഉദ്ദേശം കൃഷ്ണനേയും ഭാർഗ്ഗവിയ മ്മയേയും കേസ്സിൽ കുടുക്കുന്നതിൽ ഉക്കണ്ണനുണ്ണിനായക്കു് എത്രത്തോളം നീരസമുണ്ടാകുമെന്നു ഗണിപ്പാനായിരുന്നു. ഉക്കണ്ണനുണ്ണിനായർ സിവിലും ക്രിമിനലും വ്യവഹാരങ്ങ ളിൽ വളരെ പഴക്കമുള്ളാളായതുകൊണ്ടു് അദ്ദേഹത്തി ന്റെ ഒത്താശയോടുകൂടിയല്ലാതെ കയ്ക്കുലി വാങ്ങുന്നതി നു് ഇൻസ്പെക്ടക്കു് ധൈര്യമുണ്ടായിരുന്നില്ല. ഈ കേസ്സി ന്റെ ചുമതല തന്റെ കയ്യിലല്ലാത്തതുകൊണ്ടു വളരെ ഒ ന്നും സഹായിക്കാൻ തന്നാലാവില്ലെന്നു് ഇൻസ്പെക്ടർ പ റഞ്ഞു. പൂവകുത്തേയ്ക്കു ചിലവിനു കൊടുക്കാഞ്ഞതുകൊണ്ടു് ഉക്ക ണ്ണനുണ്ണിനായരും ബാക്കി കുടുംബക്കാരും തമ്മിൽ ശണ്ഠ യാണെന്നും കുടുംബക്കാർ കുണ്ടിലെ വീട്ടിൽ വന്നപ്പോൾ ഭാർഗ്ഗവിയമ്മയായി വാക്കേറ്റങ്ങളുണ്ടായി എന്നും അതുനി മിത്തം ഉക്കണ്ണനുണ്ണിനായക്കു ശണ്ഠ മൂഴുത്തു എന്നും തല്ലു കൊണ്ടപ്പോൾ കുടുംബക്കാരുടെ പണിയായിരിക്കുമെന്നു വിചാരിച്ചു പകരം ചോദിക്കാൻ കൃഷ്ണനെ കമ്പി അയ ച്ചു വരുത്തി എന്നും 50 ഉറുപ്പിക വീതം കൊടുത്തു് ആളു കളെ ഉണ്ടാക്കി എന്നും ഉള്ള സംഗതികൾ തടവുകാരുടെ

മൊഴികളാൽ വെളിപ്പെട്ടതുകൊണ്ടു കേസ്സായാൽ ശിക്ഷ കിട്ടാനാണു് അധികം എളുപ്പമെന്നും എന്തു ചിലവായാലും കേസ്സിൽ പ്രതിയാകാതെ കഴിക്കേണമെന്നും ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു. കാലത്തു വന്നു തന്നെയുംകൂടി കയ്യാമം വെച്ചു പൊല്ലീസ്സുകാർ ഉപായത്തിൽ സാധീനം വരുന്നവരല്ലെന്നു് ഉക്കണ്ണനുണ്ണിനായരും കണ്ടു. പണം കൊടുത്തു് ഒതുക്കേണമെങ്കിൽ പൂവകത്തേയ്ക്കു ചിലവിനു കൊടുക്കാതെ കുഞ്ഞുകുട്ടികളെ ദ്രോഹിച്ചു കുമുദത്തിന്റെ പേരിൽ ഉറപ്പിച്ചിട്ടുള്ള സംഖ്യയല്ലാതെ മറെറാന്നും ഇല്ല താനും. അതുതന്നെ 2500ക.യേ ഉള്ളു. അതു മുഴുവനും ചിലവാകാതെ ഈ കുടുക്കിൽനിന്നു രക്ഷപ്പെടുവാൻ വഴിയും കണ്ടില്ല. ഉക്കണ്ണനുണ്ണിനായരുടെ നടപടിക്കുറെറത്തിലൊന്നിലും കുമുദത്തിനു് ഓഹരി ഇല്ല. എന്നിട്ടും കുമുദത്തിന്റെ മുതലിലാണല്ലോ പിടിത്തംകൂടിയിരിക്കുന്നതു്. തനിക്കു ഭർത്താവു തന്ന മുതലിനു ശുദ്ധമില്ലെന്നും ഒരു കുടുംബമായിരിക്കുമ്പോൾ "ഒരുത്തൻ പാപകർമ്മം ചെയ്താടിലതിൻഫലം പരക്കേയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടു"മെന്നും മറും വിചാരിച്ചു മനസ്സിനെ സമാധാനപ്പെടുത്തി തന്റെ പേരിലുള്ള മുതൽ മുഴുവനും ഈ കായ്യത്തിലേയ്ക്കുപയോഗിപ്പാൻ കുമുദം അനുവാദം കൊടുത്തു. പരകുടുംബത്തെ വഞ്ചിച്ചു തട്ടിപ്പറിച്ചതു് ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ പൊട്ടിത്തെറിച്ചുപോയിട്ടേ ഈ ലോകത്തിൽ കണ്ടിട്ടുള്ളു. "നാണംകെട്ടും പണം നേടിക്കൊൾവിൻ നാണക്കേടാപ്പണം തീർത്തുകൊള്ളും" എന്നുള്ളതിനെ ഒരു മുദ്രാവാചനമായി പ്രമാണിച്ചു വല്ല കാട്ടംകാട്ടി പണം നേ

ട്ടുന്നവർ കുമുദത്തിന്നുണ്ടായ സംഭവങ്ങളിൽനിന്നു പാഠം പഠിക്കേണ്ടതാണു്. ഭാർഗ്ഗവിയമ്മയുടെ ഒരു ദിവസത്തെ ദുരാലോചനയും ദുഷ്പ്രവൃത്തിയുംകൊണ്ടു 2500ക. ഒരു തള്ളായി തള്ളിപ്പോയി. പണം ചിലവായാലും സെഷൻകോടതിയിൽ കാറക്കാരിയായി നാണംകെട്ടു നില്ക്കാതെ കഴിഞ്ഞതിൽ ഭാർഗ്ഗവിയമ്മ സന്തോഷിച്ചു. പൊല്ലീസ്സുകാർ 2500ക.യും കോഴ വാങ്ങി. അതിൽ നല്ലൊരോഹരി ഉക്കണ്ണനുണ്ണിനായരുടെ സ്നേഹിതനായ ഇൻസ്പെക്ടരും ഗ്രഹിച്ചു. കാര്യം മോഹിച്ചു ദുഷ്പ്രവൃത്തിക്കു തുനിഞ്ഞവക്കു കഠിനതടവും ഫലം കിട്ടി.

അദ്ധ്യായം ൪

മനുഷ്യർ തമ്മിൽ പറയുന്ന വാക്കുകളെ എടുത്തു സൂക്ഷ്മമായി വിചാരിച്ചുനോക്കുമ്പോൾ അതുകൾ മനുഷ്യന്റെ വായിലും മൂക്കിലും കൂടി ശബ്ദമുണ്ടാകുത്തക്കവണ്ണം ശക്തിയോടുകൂടി പുറത്തേയ്ക്കു വരുന്ന വെറും കാറ്റുമാത്രം. ഇങ്ങിനെ നരശരീരത്തിൽനിന്നു പുറത്തേയ്ക്കു വരുന്ന മലിനവായുവിനാലുണ്ടാകുന്ന സംഭവങ്ങളോ, തുടരുന്നതോറും അവസാനമുള്ളവയായി കാണുന്നതുമില്ല. ഭാർഗ്ഗവിയമ്മയുടെ വാങ്മാധുര്യംകൊണ്ടു് ഉക്കണ്ണനുണ്ണിനായർ കുമുദബന്ധുവായിത്തീർന്നു. ആ സ്ത്രീയുടെ വശത്തിലായി സചകുടുംബത്തെ ഉപേക്ഷിച്ചു കണ്ടിലിരിപ്പായി. ഒരു ദിവസം സന്ധ്യാസമയത്തു് അന്യൻ കേൾക്കെ ആ സ്ത്രീ പറഞ്ഞ വാക്കിന്റെ പാരുഷ്യംകൊണ്ടു് നമ്പൂതിരിയോ ചോഴിയ

മനസ്സിൽ പലേ വിചാരങ്ങളും തുടങ്ങി. കാറു മറിച്ചു വീശിത്തുടങ്ങി. സ്തീജിതനായി സ്വജനദ്വേഷം ചെയ്തു താൻ ഭാഗ്യസ്ഥ സ്വത്തു കൊടുത്തതും ഒരു ദിവസത്തെക്കോഴകൊണ്ടു നശിച്ചുപോയി എന്നു കണ്ടപ്പോൾ ഉക്കണ്ണനുണ്ണിനായർ കുണ്ടിലെ വീടു വിട്ടു തന്റെ വീട്ടിൽത്തന്നെ മുമ്പത്തെപ്പോലെ താമസിക്കാനുറച്ചു. "ലങ്കയിൽനിന്നു വാങ്ങീ മലർമങ്കയും" എന്ന കൂട്ടത്തിൽ ഉക്കണ്ണനുണ്ണിനായരോടുകൂടിത്തന്നെ പൂമാതാവു പൂവകത്തേസ്സും പുറപ്പെട്ടു. ഉക്കണ്ണനുണ്ണിനായർ പൂവകത്തിരിക്കാൻ തുടങ്ങിയമുതല്ക്കു് ആ വീട്ടിലെ ക്ഷേമം മുമ്പത്തെപ്പോലെ വർദ്ധിച്ചുവന്നു.

കാര്യകാരണന്യായപ്രകാരം കാരണാന്വേഷണം ചെയ്യുന്നോക്കുമ്പോൾ ഈ പുസ്തകത്തിലുള്ള ശേഷം ചരിത്രവും മനുഷ്യന്റെ വാക്കുനിമിത്തമുണ്ടായതായി കാണും. ചിരുതൻശങ്കുവിനോടു് ഒരു വെളുത്തേടൻ നാണുവിന്റെ അതിഭാഷണംകൊണ്ടു് ആക്കെല്ലാം എന്തെല്ലാം സംഭവിച്ചു എന്നാണു് ഇനി പറയാൻ പോകുന്നതു്.

പക്ഷികളിൽ ചില ജാതി ഉണർന്നു കൂകിത്തുടങ്ങിയ സമയത്തിൽ ഇരുഭാഗത്തും വരിയായി വെച്ചുവളർത്തിയിരുന്ന വൃക്ഷങ്ങളുടെ നിഴൽകൊണ്ടു നക്ഷത്രവെളിച്ചം നിഷ്പ്രയോജനമായിരിക്കുന്ന ഒരു നിരത്തുവഴിയിലൂടെ ചിരുതൻശങ്കു നടക്കയായിരുന്നു. അങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ശബ്ദം കേട്ടു. വ്യക്തമായി കേൾപ്പാൻ വേണ്ടി ചെവിക്കു പിമ്പുറം കൈ വെച്ചു ശ്രദ്ധയെ കൂർമ്മിപ്പിച്ചു [illegible] എന്നൊക്കെയാണു് തിരിഞ്ഞതു്.

[illegible] മന്ത്രോച്ചാരണം ചെയ്യുന്നതാ

രനു വിചാരിച്ചു ശബ്ദം കേട്ട ഭാഗത്തേയ്ക്കു നോക്കിയപ്പോൾ ഒരു തണ്ണീർപ്പുര കണ്ടു. അതിനുള്ളിൽനിന്നാണു് ശബ്ദം പുറപ്പെട്ടിരുന്നതു്. അടുത്തു ചെല്ലുന്തോറും ശബ്ദത്തിന്റെ പ്രകൃതം മാറി. ശങ്കു പലമാതിരി ജന്തുക്കളെ കണ്ടിട്ടുണ്ടായിരുന്നിട്ടും ഈ ശബ്ദം ഏതൊരു ജന്തുവിന്റേതാണെന്നു തിരിച്ചറിവാൻ സാധിച്ചില്ല. സമയഭേദംകൊണ്ടും വിജനസ്ഥലമായതുകൊണ്ടും കുറെത്തൊരു പേടി തോന്നി. ശങ്കുവിനു സഹജമായ ധൈര്യം ആ പേടിയെക്കാൾ വളരെ അധികമായിരുന്നതിനാൽ നില്ക്കാതെ തണ്ണീർപ്പുരയ്ക്കുതന്നെ നടന്നു. ചെന്നു നോക്കിയപ്പോൾ ധവളവസ്ത്രംകൊണ്ടു മൂടിയിരിക്കുന്നതും മദ്ദളംപോലെ നടുവിൽ വീർത്തിട്ടുള്ളതുമായ എന്തോ ഒന്നിന്റെ ഒരറ്റത്തുനിന്നാണു് ശബ്ദമുണ്ടാകുന്നതു് എന്നു മനസ്സിലായുള്ളൂ. പുരയ്ക്കകത്തു കയറി സമീപത്തിരുന്നു നോക്കിയപ്പോൾ കുടവയറും മുൻകുടുമയുമുള്ള ഒരു മനുഷ്യന്റെ ക്ലേശംവലിയാണെന്നു മനസ്സിലായി. ശങ്കു പിന്നെയും സൂക്ഷിച്ചുനോക്കിയപ്പോൾ മടിയിൽ ഘനമില്ലാത്തതുകൊണ്ടുള്ള സമാധാനത്തോടുകൂടി ഒരു വഴിയാത്രക്കാരൻ പെരുവഴിയമ്പലത്തിൽ കിടന്നുറങ്ങുന്നതാണെന്നാണിഞ്ഞു. ഉറങ്ങുന്നാളുടെ ആകപ്പാടെയുള്ള ധനം രണ്ടണങ്ങിയ പെറാലിയും ഒരടയ്ക്കുറുക്കും പിടിയില്ലാത്ത ഒരു ചൂരിയും ഒരു കട്ട ഉണങ്ങിയ ചുണ്ണാമ്പും ഒരു ചെറുക്കു പുകയിലയുമുള്ള ഒരു പാളപ്പൊതിമാത്രമായിരുന്നു. പാളപ്പൊതിയും കുടവയറും കണ്ടപ്പോൾ പോയേടത്തെല്ലാം കാത്തു കൊടുക്കാതെ അണ്ണാക്കുവരെ ഉണ്ണാൻ കിട്ടുന്ന ഒരു നമ്പൂതിരിയോ ചോഴിയ

നോ ആയിരിക്കുമെന്നു ശങ്കു ഊഹിച്ചു. പൂണൂൽ മുഷിഞ്ഞു കറുത്തു കണ്ണാഭരണംപോലെ കിടന്നിരുന്നു. ഉറങ്ങിയിരുന്നവൻ ഉണരാതെ പൂണൂലിനെ ശങ്കു ഊരി എടുത്തു നോക്കി. ഉറങ്ങിയ മനുഷ്യൻ തല പൊന്തിക്കാതെ പൂണൂൽ എടുക്കാൻ പാടില്ലായിരുന്നു. പാകത്തിൽ പിടിച്ചു് ഒന്നിഴുത്തപ്പോൾ നിലത്തിനേറയും തലയുടേയും ഇടയിലൂടെ പൂണൂൽ കയ്യിലായി. ഉറങ്ങിയിരുന്നാൾ ഒട്ടും ഉണരുന്നയില്ല. എലിയോ പെരുച്ചാഴിയോ തന്നെ ഉപദ്രവിച്ചതായിരിക്കുമെന്നു വിചാരിച്ചു. "ഹു-ഹു" എന്നു കൺമിഴിക്കാതെ പറഞ്ഞു ചരിഞ്ഞുകിടന്നു. ശങ്കു ആ പൂണൂലും കൈക്കലാക്കി നടക്കയും ചെയ്തു.

വഴിയമ്പലത്തിൽ കിടന്നുറങ്ങിയിരുന്ന മനുഷ്യൻ ചേന്നൻ എന്നു പേരായ ഒരു നമ്പൂതിരിയായിരുന്നു. അദ്ദേഹം കാലത്തുണർന്നു ജലമലവിസർജ്ജനത്തിനു പോയി ചെവിയിൽ വെയ്ക്കാൻ പൂണൂൽ തപ്പിനോക്കിയപ്പോൾ കാണാഞ്ഞതുകൊണ്ടുള്ള പരിഭ്രമവും വേറെ ഒന്നുണ്ടാകുന്നതിനോ വാങ്ങുന്നതിനോ തല്ക്കാലം തരമില്ലാത്തതുകൊണ്ടുള്ള വ്യസനവും ആരോ തന്നെ ഇങ്ങിനെ ചെണ്ടകൊട്ടിച്ചതിലുള്ള കോപവും അരക്കാശുപോലും കയ്യിലില്ലാതിരിക്കെ പ്രായശ്ചിത്തത്തിനു പണച്ചിലവു വേണ്ടിവരുമല്ലോ എന്നുള്ള ഭയവും ഇത്രയും പഴക്കമായി മുഷിഞ്ഞിരിക്കുന്ന പൂണൂൽ കൂട്ടുകൊണ്ടുപോകത്തക്ക ഏരപ്പാളിബ്രാഹ്മണൻ ഭൂമിയിലുണ്ടെന്നു കണ്ടപ്പോൾ അവനിലും ഭേദമാണു് താനെന്നുള്ള വിചാരത്താലുദിച്ച സന്തോഷവും അല്പനേരം ഇടയാടുകൂടി ഇരുന്നു് ആലോചിച്ചുറിയേണ്ടതേ ഉള്ളൂ.

ശങ്കു പോകുന്ന വഴിയിൽ ഒരു തോട്ടമുണ്ടായിരുന്നു. അതിലിറങ്ങി മണലും മറ്റും കൂട്ടിത്തിരുമ്പി പൂണൂലിനെ ഒന്നു വെളുപ്പിച്ചു. പൂണൂലിനെ ധരിച്ചു, ഒരു ഊട്ടുപുരയെത്തിയപ്പോൾ അതിനോടു ചേർന്നുണ്ടായിരുന്ന ഒരു കുളത്തിൽ പട്ടന്മാക്കു കുളിക്കാൻ കെട്ടിയിരുന്ന കുളിപ്പുരയിൽ ചെന്നിറങ്ങി. അപ്പോൾ അവിടെ കുളിച്ചിരുന്നവരെല്ലാം ഏതു ദിക്കുകാരാണെന്നു ചോദിച്ചു മനസ്സിലാക്കി. ശങ്കു സംസാരിച്ചതെല്ലാം ചോഴിയന്റെ തമിഴിലായിരുന്നതുകൊണ്ടു മറുള്ളവർക്കു ശങ്കുവിന്റെ ജാതി പറയാതെതന്നെ മനസ്സിലായി. ശങ്കു ഏതു ദിക്കുകാരനാണെന്നു ചോദിച്ചതിനു് അവിടെ കുളിച്ചിരുന്നവരുടെ ദിക്കുകളിൽനിന്നു് ഏതുരീയും അകന്നിരിക്കേണമെന്നുള്ള വിചാരത്തിന്മേൽ കണ്ണരാണെന്നു പറഞ്ഞു. കുളി കഴിഞ്ഞു വിഷ്ണുസഹസ്രനാമം ചൊല്ലിക്കൊണ്ടു മുണ്ടൊറി ഉണക്കി ഉടുത്തു. ഊട്ടുപുരയിൽ ചെന്നു ക്ലേശമൽകൂടാതെ പഴക്കമുള്ളപ്പോലെ പന്തിയിലിരുന്നു. വിളമ്പനോടു നീരു വാങ്ങി അന്നത്തിനെ മൂന്നു ചുറ്റു ചുറ്റി നാരായണ മാധവ ഗോവിന്ദ എന്നു പറഞ്ഞു മൂന്നു പ്രാവശ്യം ഒറവറു പെരുക്കിത്തിന്നു വളരെ വൃത്തിയായി ഊണുകഴിച്ചു. ആ പന്തിയിലിരുന്ന ഒരു വൃദ്ധബ്രാഹ്മണൻ മുക്കുമ്പോൾ കൂടെച്ചെന്നുകൂടി മുക്കി, അദ്ദേഹത്തിന്റെ ചെല്ലത്തിലുണ്ടായിരുന്ന പേനക്കത്തിയെ മോഷ്ടിച്ചു. പെരുവഴിയിൽ ചെന്നുചേർന്നു, കുറെ നടന്നപ്പോൾ രാത്രി ഉറക്കമില്ലാഞ്ഞതുകൊണ്ടും വയറു നിറച്ചു ഭക്ഷിച്ചിരുന്നതുകൊണ്ടും വഴിവക്കത്തുണ്ടായിരുന്ന ഒരു കല്ലത്താണിയിൽ കയറിക്കിടന്നുറങ്ങി. ഉണർന്നപ്പോൾ സന്ധ്യാസമയമായിരുന്നു. ആ കല്ലത്താണിയിലിരുന്ന പ

ടിഞ്ഞാട്ടു നോക്കിയപ്പോൾ രംഗത്തിൽനിന്നു തിരശ്ശീല ചിടിച്ചു പിന്നാക്കം കാൽവെയ്ക്കുന്ന ചുകന്ന താടിയെപ്പോലെ ആദിത്യൻ രക്തകിരണനായി വൃക്ഷസമൂഹത്തിന്നപ്പുറത്തു മെല്ലെ മെല്ലെ മറയുന്നതിനൊക്കുണ്ടു. ആകാശത്തിൽ ആദിത്യന്റെ പന്ഥാവിന്നിരുപുറത്തുമുണ്ടായിരുന്ന രണ്ടു കാളമേഘങ്ങൾ രണ്ടു കപ്പലുകൾ തമ്മിൽ വെളിച്ചംകൊണ്ടു വത്തമാനം പറയുമ്പോലെ കുറേനേരം മിന്നിക്കൊണ്ടിരുന്നു. ഭഗവാൻ സഹസ്രാംശു മരച്ചുവട്ടിലേയ്ക്കു മറഞ്ഞുപോയി എങ്കിലും രശ്മികളിൽ ചിലവ യാത്രാഖേദത്താൽ ക്ഷീണിച്ചു പിൻപെട്ടുപോലെ മുമ്പാഞ്ഞ മേഘങ്ങളുടെ മദ്ധ്യത്തിൽ ശേഷിച്ചിരുന്നു. സപ്തഹരിതങ്ങളിലേയ്ക്കു മടങ്ങി എഴുന്നുണ്ട സമയം തൊറിയപോലെ പക്ഷികൾ ആകാശത്തിൽ ബദ്ധപ്പെട്ടു പറന്നിരുന്നു. സത്യധർമ്മാദികൾ വിടാതെ നിത്യവൃത്തിക്കു കായക്ലേശം ചെയ്യുന്ന ജനങ്ങളുടെ സുഖസുപ്തിസൂചകമായ നിശയുടെ മുഖം ക്ഷണന്തോറും കറുത്തുവശായി; ശങ്കുവിന്റെ കിടയ്ക്കയും കസേരയുമായി ഉപയോഗപ്പെട്ട അത്താണിക്കു സമീപം മാലകൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു തണ്ണീർപ്പന്തലുണ്ടായിരുന്നു. അതിലിരുന്ന വഴിയാത്രക്കാർക്കു വെള്ളം കൊടുത്തിരുന്ന വൃദ്ധയായ ഒരു നായർസ്ത്രീ തന്റെ വീട്ടിലേയ്ക്കു പുറപ്പാടായി. ആ സ്ത്രീയുടെ വീട്ടിൽ ചെന്നു കിടന്നുറങ്ങിയാലോ എന്നാലോചിച്ചു് ഒരിക്കൽ മുറുക്കാനിരുന്ന വാങ്ങിച്ചില ചോദ്യങ്ങൾ ചെയ്തപ്പോൾ വീട്ട യാത്രക്കാർക്കു കിടക്കാൻകൂടി കൊള്ളരുതാത്തതാണെന്നും അതുതന്നെ രണ്ടു നാഴിക ദൂരത്താണെന്നും ആ സ്ത്രീ പറഞ്ഞു. ശങ്കുവിന്നു് ഇനി എന്താ വേണ്ടതു് എന്നുള്ളാലോചനയായി. തെക്കും

വടക്കും നോക്കിക്കൊണ്ട് ആ കല്ലുത്താണിയിൽത്തന്നെ ഇരുന്നു. വടക്കോട്ട നോക്കിയപ്പോൾ നിരത്തുവഴിയിലൂടെ ഒരു ധാവള്യപുഞ്ജം ആകാശവും ഭൂമിയും തൊടാതെ അടുത്തടുത്തു വരുന്നതായി തോന്നി. ആ ധാവള്യപുഞ്ജം ഒരു ഇരുളിൻതൂണിനാൽ താങ്ങപ്പെട്ടതായി കണ്ടു. അടുത്തിരിക്കുന്ന രാത്രിക്കു് അദ്ധ്വഗാളം മുഴുവനും ആകാശം കലന്നു നേപ്പിച്ചു പരത്തേണ്ടാവശ്യത്തിലേയ്ക്കു് ആരോ കൊണ്ടുവരുന്ന ഇരുട്ടിന്റെ ഭണ്ഡമാണെന്നു ശങ്കുവിനു തോന്നി. പിന്നേയും നോക്കിക്കൊണ്ടിരുന്നപ്പോൾ ഒരു വെളുത്തടൻ അലക്കിയ കെട്ടും തലയിലെടുത്തുവരികയാണെന്നു മനസ്സിലായി. രാത്രി പിരിച്ചുകിടക്കാൻ വല്ലതും കിട്ടുമെങ്കിൽ ഇവന്റെ കയ്യിൽനിന്നു തട്ടാമെന്നു വിചാരിച്ചു് അവന്റെ വരവു നോക്കിക്കൊണ്ടുതന്നെ ഇരുന്നു. പുകടിറക്കി അല്പം ആശ്വസിക്കാൻ വെളുത്തേടനും അത്താണിയെത്തന്നെയായിരുന്നു നോക്കിനടന്നിരുന്നതു്. വെളുത്തേടൻ ശങ്കുവിനെ ആപാദമൂഡം നോക്കിക്കൊണ്ടടുത്തുചെന്നു് അലക്കുകെട്ടിനെ അത്താണിയിൽ ഇറക്കി അതോട്ട തൊട്ടുനിന്നിരുന്ന ഒരു മരച്ചുവട്ടിൽ ഇരുന്നു മൂക്കാൻ തുടങ്ങി.

ശങ്കു—എവിടെയ്ക്കാടോ, അലക്കിയതുംകൊണ്ടു പോകുന്നതു്?

വെളുത്തേടൻ—ഇതാ, ഈ കാണുന്ന പ്ലാക്കാപ്പിള്ളിക്കും കുറുമാക്കുന്നത്തുള്ളവർക്കാണു്. ഈ പ്രദേശത്തിൽ ഈ രണ്ടു വീട്ടിൽ മാത്രമേ നാണുവിനു് അലക്കുള്ളു. അതിൽ പ്ലാക്കാപ്പിള്ളിയിൽനിന്നുമാത്രമേ കാശു വല്ലതും കിട്ടുള്ളു. കുറുമാക്കുന്നത്തു് ഉണ്ണാസുഖമാണു്. പക്ഷേ ഭാര

ഫിട്ടണ്ട തരുന്ന അലക്കുകൂലി കഞ്ഞിക്കും ചാരത്തിനും കഷ്ടിയാണു്. അഴുക്കെണ്ണികൊട്ടിയാൽ ചില ദിവസം നാണു തന്നെ എടുത്തു തലയിൽ വെയ്ക്കില്ല.

ശങ്കുവിന്റെ ചോദ്യത്തിനു് ഇത്രയെല്ലാം മറുപടി കിട്ടുമെന്നു് ആയാൾ ആദ്യം ആലോചിച്ചില്ല. വേണ്ടതിലധികം പറയുന്നവനാണിവനെന്നു കണ്ടപ്പോൾ അവൻ പറയുന്നേടത്തോളം പറയിക്കാൻ ശങ്കുവിനു് ഉന്മേഷം തോന്നി. കരുത്തന്റെ സ്വഭാവത്തിൽ വല്ല പ്രത്യേകതയോ ഈ ജാതിയിൽ വല്ല ന്യൂനതയോ ഉണ്ടെങ്കിൽ അവനെപ്പറഞ്ഞു കയറി ആ പ്രത്യേകതയേയും ന്യൂനതയേയും പ്രകാശിപ്പിച്ചു വിനോദിക്കുന്നതു ലോകസ്വഭാവമാണല്ലോ.

ശങ്കു—പ്ലാക്കാപ്പിള്ളിയിൽനിന്നു മാസത്തിൽ എന്തു കിട്ടും?

നാണു—രണ്ടു തവണ അലക്കിക്കൊണ്ടുപോയാൽ മാസത്തിൽ മൂന്നുറുപ്പിക കിട്ടും. പതിനഞ്ചമ്പക്കമെന്നുള്ളതു സാധാരണയായി ഇരുപതാമ്പക്കമാകും. എന്നാലും നാണുവിനു കിട്ടേണ്ടതു കിട്ടും. എന്നുമാത്രമല്ല, വല്ലവക്കും വാടകയ്ക്കു കൊടുക്കാനും യോഗ്യതയുള്ള മുണ്ടു വേണമെങ്കിൽ പ്ലാക്കാപ്പിള്ളികെട്ടിലേ ഉണ്ടാകൂ. അലക്കിനു് അലക്കിനു നാലഞ്ചണ അങ്ങിനേയും കിട്ടും. എന്റെ പെണ്ണിനു് ഉത്സവങ്ങൾക്കു പോണെങ്കിലും അതിൽനിന്നു പുതയ്ക്കാൻ മുണ്ടു കിട്ടാറുള്ളൂ. കുറുമാക്കുന്നത്തുനിന്നു മാസം ഒരുറുപ്പികയേ തരുള്ളൂ. മുണ്ടുകഠം രണ്ടു പുഴുക്കു പുഴുക്കിയാലേ വെളുക്കുള്ളൂ. തോത്തുമുണ്ടുംകൂ

ടി അവരുടെ കയ്യിൽ ഇത്തിരി ഭംഗിയുള്ളതില്ല. പക്ഷേ നാണു ആ അലക്കു ചിടാത്തതെന്താണെന്നു ചോദിച്ചാൽ, വളരെക്കാലമായിട്ടുള്ളതാണു്. ഇവിടെ വരുമ്പോളെല്ലാം ഊണു സുഖമായി കിട്ടും. മുട്ടിനു ചോദിച്ചാൽ മുൻകൂറായി പണവും തരും. ഇപ്പോഴും പ്ലാക്കാപ്പുള്ളിയിൽനിന്നു് 6ക.യും കുറുമാക്കുന്നത്തുനിന്നു 3ക.യും നാണുനു കിട്ടാനുണ്ടു്. അതു വാങ്ങി ഭരണിക്കു പോയി മടങ്ങിവന്നിട്ടേ അഴുക്കു കൊണ്ടുപോകുള്ളു. പ്ലാക്കാപ്പുള്ളിയിൽനിന്നു മുഴുവനും കണക്കുതീർത്തു തന്നില്ലെങ്കിൽ പോരാത്ത സംഖ്യ കുറുമാക്കുന്നത്തുനിന്നു മുൻകൂറായിട്ടെങ്കിലും വാങ്ങണം. അഞ്ചെട്ടുറുപ്പികയില്ലാതെ എങ്ങിനെയാണു് ഭരണിക്കു പോയി വരുന്നതു്?

ശങ്കു—പ്ലാക്കാപ്പുള്ളിയിൽ ആരാണിത്ര നല്ല മുണ്ടും മറുമുടുക്കുന്നതു്?

നാണു—പ്ലാക്കാപ്പുള്ളി കല്യാണിയമ്മയെ അറിയില്ലയോ? കല്യാണിയമ്മയുടെ സംബന്ധക്കാരനു മുതലൊരുപാടുണ്ടു്. ഒരു പെൺകൊതിയനുമാണു്. ഇവക്കും പണം ധാരാളമുണ്ടു്. സംബന്ധക്കാരന്റെ കയ്യിൽനിന്നു് ഇങ്ങിനെയുള്ള മുണ്ടുകളും മറുമല്ലാതെ സ്വന്തമായി വാങ്ങുന്ന ശട്ടമില്ല. കല്യാണിയമ്മയുടെ സംബന്ധക്കാരൻ 66ക. കൊടുത്തു തിരുവനന്തപുരത്തുനിന്നു നാലു മുണ്ടു നെയ്യിച്ചുകൊണ്ടുവന്നു. മുണ്ടിന്റെ എഴകണ്ടാൽ എട്ടുകാലിയാണു് ഉണ്ടാക്കിയതു് എന്നു തോന്നുള്ളു. കസവോ, തനിത്തങ്കം. മുണ്ടിന്നൊട്ടണയാണു് അലക്കുകൂലി തരാമെന്നു പറഞ്ഞിട്ടുള്ളതു്. ഇക്കുറി രണ്ടു മുണ്ടേ അലക്കാൻ തന്നിട്ടുള്ളു.

ശങ്കു—എട്ടണ കൊലക്കിന്നോ? എന്താടോ ഇതു്?

നാണു—നാണ്ണന്റെ അലക്കും മുണ്ടിന്റെ യോഗ്യതയും കണ്ടാൽ നിങ്ങളങ്ങിനെ പറയില്ല. കോട്ടയിലെ പാറുക്കുട്ടിയമ്മ തോട്ടിൽ കുളിക്കാൻ വന്നപ്പോഴാ നാണു മുണ്ടു വെളുപ്പിച്ചു ചെറുപുഴയുടെ വെളുത്ത മണലിൽ വിരിച്ചിരുന്നു. പാമ്പിനെക്കണ്ടാൽ നമ്മളൊക്കെ നില്ക്കുമ്പോലെ ആയമ്മ അര നാഴിക നേരം അവിടെ നിന്നു. ഒരു മുണ്ടു കൊട്ടത്താൽ വിലയിലധികം രണ്ടുറുപ്പിക തരാമെന്നു പറഞ്ഞു. നാണു അല്ല, വേറെ ഒരു വെളുത്തേടനാണെങ്കിൽ തെരുക്കനെ വിറ്റു തീപ്പിടിച്ചുപോയി എന്നു നൊണ പറഞ്ഞു് ഇവിടെ വിലയും കൊടുത്തു ലാഭം കയ്യിൽ പറും. പക്ഷേ നാണു ഇരിക്കുന്നകാലത്തു നാണ്ണന്റെ പീട്ടകാരും അങ്ങിനെ ചെയ്യില്ല. നാണ്ണന്റെ പെണ്ണു് ഒരുനേരം ഉടുത്തുകൊണ്ടു പോയി എന്നൊക്കെ വരാം. അതു പിന്നെ ആരാണു് ചെയ്യാത്തതു്? എണ്ണിത്തന്നതിനെ പിറിറിട്ടോ കളഞ്ഞിട്ടോ നാണു ഇതുവരെ കയ്യം മലത്തി നിന്നിട്ടില്ല.

ശങ്കു—ആ വിശേഷപ്പെട്ട മുണ്ടും തന്റെ അലക്കും ഒന്നു കാണാമോ?

നാണു—ഈ നേരത്തു നോക്കിയാൽ അലക്കിന്റെ ഗുണം അറിയില്ല. ശീമക്കഞ്ഞിയാണിട്ടിരിക്കുന്നതു്. മുണ്ടു കൈകൊണ്ടെടുക്കുന്നതുതന്നെ തോത്തുമുണ്ടു കൂട്ടിപ്പിടിച്ചെടുക്കണം.

എന്നു പറഞ്ഞു നാണു കെട്ടഴിച്ചു മുണ്ടെടുത്തു ശങ്കുവിന്റെ തോത്തുമുണ്ടിൽ ഇട്ടുകൊടുത്തു. ഒരു ചാണിൽ അല്പം അധികം നീളമുള്ള ഒരു വടിപോലെയായിരുന്നു

നാണു മടക്കിത്തല്ലിയ മുണ്ടിന്റെ ആകൃതി. മുണ്ടിന്റെ നേമ്മ അലക്കി മടക്കിയതിന്റെ വണ്ണക്കുറവുകൊണ്ടതന്നെ ശങ്കുവിനു പ്രത്യക്ഷപ്പെട്ടു. സമയം അനുകൂലിച്ചതല്ലായിരുന്നുവെങ്കിലും മുണ്ടിന്റേയും അലക്കിന്റേയും വൈശിഷ്ട്യങ്ങൾ തൽക്ഷണം ശങ്കുവിനു ശിരഃകമ്പമുണ്ടാക്കി. 'ഛേഷ്' എന്നു പറഞ്ഞപ്പോൾ മുറുക്കിയ വായിൽനിന്നു കുടകോളുമുള്ള ഒരു ബിന്ദു മുണ്ടിൽ തെറിച്ചു. മുണ്ടിനെ നോക്കീട്ടു മതിയായില്ലെങ്കിലും അതിൽ അടയാളപ്പെട്ടിരുന്ന തന്റെ തുപ്പു നാണു കണ്ടാലോ എന്ന ഭയത്തിന്മേൽ 'മടക്കിനെ ഉലയ്ക്കേണ്ട' എന്നു പറഞ്ഞു ശങ്കുതന്നെ കൈയ്യിൽ വെച്ചുകൊടുത്തു.

നാണു — ഈ മുണ്ടുടുക്കാൻ പ്ലാക്കാപ്പിള്ളി കല്യാണിയമ്മയേക്കാൾ പാറുക്കുട്ടിയമ്മയ്ക്കുതന്നെയാണു് യോഗ്യത. ഇതുടുക്കാനുള്ളാൾ അതും അല്ല. പാറുക്കുട്ടിയമ്മയുടെ അനുജത്തി കുഞ്ഞിക്കാവമ്മ ഉടുക്കണം. എന്തേ, നാണു പറഞ്ഞതു ശരിയല്ലേ?

ശങ്കു — ഞാൻ അവരെ രണ്ടുപേരേയും കണ്ടിട്ടില്ല. എവിടെയാണു് കോട്ടയിലെ വീടു്?

നാണു — വീടു് അന്നിക്കരയിലാണു്. നാണുവും അന്നിക്കരക്കാരനാണു്. ഛേ! കുഞ്ഞിക്കാവമ്മയെ നിങ്ങൾ കണ്ടിട്ടില്ലല്ലോ. അവരെക്കാണാത്ത കണ്ണുണ്ടായിട്ടു കായ്യമില്ല. ഇത്ര സുന്ദരിയായിട്ടു ദേവസ്ത്രീകളുംകൂടിയില്ലെന്നാണു് അവിടെയൊക്കെ പ്രസിദ്ധി. ഇനിപ്പിന്നെ — നാണു അലക്കു കൊണ്ടേക്കൊടുത്തോട്ടെ.

നാണു ഭാണ്ഡവും തലയിലേറ്റി പ്ലാക്കാപ്പിള്ളിക്കു പോയി. നാണുവിന്റെ അതിഭോഷണത്താൽ ശങ്കുവി

നെറ മനസ്സിൽ പലതും ഉദിച്ചു. എന്താണിനി വേണ്ടതു് എന്നുള്ള ശൂന്യാവസ്ഥ പോയി "ഇതിനെല്ലാം സമയം മതിയാകയില്ലല്ലോ" എന്നായലോചനയായി. ഭാണ്ഡവും തലയിലറി നടക്കുന്ന നാണുചിന്റെ പൃഷ്ഠംതന്നെ നോക്കിക്കൊണ്ടു ശങ്കു പിന്നെയും കുറെ നേരം ആ കല്ലുത്താണിയിൽത്തന്നെ ഇരുന്നു. നാണു പ്ലാക്കാപ്പിള്ളിക്കാരുടെ പടിപ്പുര കടന്നുള്ളിലേയ്ക്കു പോയി. ശങ്കുവിന്റെ ദൃഷ്ടിമാർഗ്ഗത്തിൽനിന്നു മറഞ്ഞിട്ടും ശങ്കുവിന്റെ നോട്ടം ആ വഴി വിട്ടില്ല. കുറെ നേരം കഴിഞ്ഞപ്പോൾ ഒരു ചെറിയ കെട്ടുംകൊണ്ടു നാണു പുറത്തേയ്ക്കു വരുന്നതു കണ്ടു. "കുറുമാക്കുന്നത്തേയ്ക്കു പോകയായിരിക്കും, പോയി മടങ്ങട്ടെ" എന്നു വിചാരിച്ചു ശങ്കു പിന്നെയും ആ ഇരിപ്പുതന്നെ ഇരുന്നു. ഏകദേശം അഞ്ചുനാഴിക രാച്ചെന്നിട്ടും നാണുവിന്റെ വരവു കാണാതായപ്പോൾ അവനെ യദൃച്ഛയായി പിന്നെയും കണ്ടപോലെ കാണാനുദ്ദേശിച്ചു ശങ്കു എഴുനീറു നടന്നു. അരയ്ക്കാൽ നാഴിക നടന്നപ്പോൾ നാണുവിനെ കണ്ടുമുട്ടി.

ശങ്കു—എന്താ, നാണു, പണമൊക്കെക്കിട്ടിയോ?

നാണു—പ്ലാക്കാപ്പിള്ളിയിൽനിന്നു രണ്ടുറുപ്പിക അലക്കുകൂലിയും ഒരുറുപ്പിക കുസവുമുണ്ടിന്റെ കൂലിയും മാത്രമേ കിട്ടിയുള്ളൂ. ബാക്കി നാളെ ഉച്ചയിലകത്തു തരാമെന്നു പറഞ്ഞു. നാണു പറഞ്ഞപോലെ കുറുമാക്കുന്നത്തുനിന്നു മൂന്നുറുപ്പികയും കിട്ടി. ഒരുറുപ്പിക മുൻകൂറായും വാങ്ങി. നാണുവിനെക്കാത്തു ചിലർ ഇരിക്കുന്നുണ്ടു്. ഇന്നുതന്നെ കൊടുങ്ങല്ലൂക്കു പുറപ്പെടാനാണു് നിശ്ചയം. ഇ

വരുടെ തൃപ്തിയായി താമസിക്കാൻ തരമില്ല. അഞ്ചെ
ട്ടു ദിവസം കഴിഞ്ഞിട്ടേ ഇനി മടങ്ങുള്ളൂ. ആ വഴിക്കു
തന്നെ വയ്ത്തേയ്ത്തും പോയാൽക്കൊള്ളാമെന്നു വിചാ
രമുണ്ട്. നാണു ഇപ്പോൾ പോകട്ടേ. നാണുവിന്നു മന
സ്സിലായില്ല. ഇവിടത്തെ വീട്ടുപേരെന്താണാവോ?

ശങ്കു—നാണു കൊട്ടങ്ങല്ലൂക്കും മറ്റും പോയി മടങ്ങിവരൂ.
അപ്പോൾ കാണണം. എനിക്കും നാണുതന്നെ അല
ക്കണം.

നാണു—അതിനെന്താണു്? നാണുന്റെ തൊഴിൽ അതു
ല്ലേ?

നാണു ചോദിച്ചതിനുള്ള ശങ്കു മറുപടി പറഞ്ഞതെ
ങ്കിലും ആ മറുപടികൊണ്ടു് ആ സാധു തൃപ്തിപ്പെട്ടു പോ
കയുംചെയ്തു. ചോദ്യത്തിനുത്തരം പറയാതെ ഇഷ്ടമായി
ട്ടുള്ള വല്ലതും പറഞ്ഞു തൃപ്തിപ്പെടുത്തുന്നതു ശങ്കുവിന്റെ
സാധാരണ പതിവാണു്. അങ്ങിനെ തൃപ്തിപ്പെട്ടുപോകു
ന്ന പോരാത്തവരും ആവശ്യമില്ലാതെ ചോദിക്കുന്നവരും
ലോകത്തിൽ നൂറിന്നൊരുത്രയുണ്ടെന്നാലോചിച്ചു ശങ്കു ആ
ശ്വസിപ്പെടാറുണ്ടു്.

വിശപ്പില്ലാതിരുന്നതിനാൽ ശങ്കു അന്നു രാത്രി ആ
തണ്ണീർപ്പന്തലിൽത്തന്നെ കിടന്നുറങ്ങാൻ നിശ്ചയിച്ചു.
നാണു യാത്ര പറഞ്ഞു പിരിഞ്ഞതിനുശേഷം കുറെ നേരം
കൂടി അവിടെത്തന്നെ നിന്നു. പിന്നെ തണ്ണീർപ്പന്തലി
നകത്തു ചെന്നു കിടന്നു. നേരം വെളുത്തപ്പോൾ ആ ത
ണ്ണീർപ്പന്തലിന്റെ ആവശ്യത്തിന്നായി കുഴിച്ചിരുന്ന കി
ണറ്റിൽനിന്നു വെള്ളം മുക്കി കാലും മുഖവും കഴുകി പു
ന്നാലിനെ അരയിൽ കെട്ടി അതിന്നു മേലെ തോർത്തുമുണ്ടും

കെട്ടി പ്ലാക്കാപ്പിള്ളിക്കു ചെന്നു. ഭവനമുഖത്തു കോലാ
യിൽ ചെറിയ മുറുക്കിക്കൊണ്ടു ചിലരൊക്കെ ഇരിപ്പുള്ളവ
രെ കണ്ണു നോക്കി വീട്ടിന്റെ വടക്കുപുറത്തേയ്ക്കു പോയി.
പോകുന്നവൻ അപരിചിതനെപ്പോലെ പരിഭ്രമിച്ചു കാ
ണാഞ്ഞതുകൊണ്ടു് അവിടെ ഇരിപ്പുണ്ടായിരുന്നവരാരും
ശങ്കുവിനോടൊന്നും ചോദിച്ചില്ല. വീട്ടിന്റെ വടക്കുഭാഗ
ത്തു കിഴക്കേക്കോലായിൽ മുറത്തേയ്ക്കു തലയും അഴിച്ചിട്ടു
കമ്പിട്ടു വേർപെടുത്തിക്കൊണ്ടിരുന്ന ഒരു സ്ത്രീയെ കണ്ട
പ്പോൾ കല്യാണിയമ്മയാണെന്നൂഹിച്ചു. ശങ്കു സമീപ
ത്തു ചെന്നു വായുംപൊത്തി നിന്നു. നല്ല മുണ്ടുടുത്തിരുന്ന
തുകൊണ്ടും ശങ്കു വിചാരിച്ചിരുന്ന പ്രായം ഏകദേശം ക
ത്തുകണ്ടതുകൊണ്ടുമാണു് കല്യാണിയമ്മയാണെന്ന ശങ്കു
തീച്ചയാക്കിയതു്. വാസ്തവത്തിൽ കല്യാണിയമ്മതന്നെ
യായിരുന്നു.

കല്യാ—ആരാ?

ശങ്കു—വെളുത്തേടനാണു്.

കല്യാ—എന്താ വന്നതു്?

ശങ്കു—നാണു പറഞ്ഞയച്ചിട്ടു വന്നതാണു്. നാണു വയ്യു
ത്തുകൂടിച്ചെന്നു ഭജനം കഴിഞ്ഞേ വരുള്ളു എന്നും ക
ലക്കു് ഇവിടെ അലക്കിക്കൊടുക്കേണമെന്നും ഇവിടുന്നു്
ഇനി കൊടുക്കാനുള്ള നാലുറുപ്പിക വാങ്ങി നാണുന്റെ
വീട്ടിൽ കൊടുക്കേണമെന്നും എല്പിച്ചു പോയി.

കല്യാ—ബാക്കി കൊടുക്കാനുള്ളതു വരുന്ന മാസത്തിൽ
കൊടുത്താൽ മതിയെന്നു സമ്മതിച്ചിട്ടാണല്ലോ നാണു
പോയതു്.

ശങ്കു—അപ്പോൾ വസ്തുത്തു പോയി ഭജനം കഴിച്ചുവരാമെന്നുള്ള വിചാരമുണ്ടായിരുന്നില്ല. ഇന്നലെ അതുംകൂടി കഴിച്ചുവരാമെന്നാണു് തീച്ചയാക്കിയതു്. അപ്പോൾ കുറെ അധികദിവസം ഇവിടെ നാണ ഇല്ലാതിരിക്കും. വീട്ടിലെച്ചിലവു് ഇവിടുന്ന വാങ്ങി നടത്താനാണു് ഏല്പിച്ചുപോയതു്. ഇവിടുന്നു് ഇന്നച്ചയിലകം കൊട്ടക്കാമെന്ന പറഞ്ഞിട്ടുണ്ടെന്നും തീച്ചയായും കിട്ടുമെന്നും പറഞ്ഞു് ഒരു കാശുപോലും ബാക്കിവെയ്ക്കാതെ എടുത്തുകൊണ്ടുപോയി. ഇവിടന്ന തന്നിട്ടില്ലെങ്കിൽ നാണ്ണന്റെ വീട്ടിൽ പട്ടിണിയാകും.

കല്യാ—ഇന്നച്ചയ്ക്കു കൊടുക്കാമെന്ന ഞാൻ പറയായ്കയില്ല. പക്ഷേ അത്യാവശ്യമില്ലെന്നും വരുന്ന മാസത്തിൽ കൊടുത്താൽ മതിയെന്നും അവൻ സമ്മതിച്ചിട്ടാണു് പോയതു്.

ശങ്കു—വസ്തുത്തെ ആലോചന അപ്പോൾ ഇല്ലാത്തതുകൊണ്ടായിരിക്കാം, അങ്ങിനെ പറഞ്ഞതു്.

കല്യാ—വസ്തുത്തേയ്ക്കും പക്ഷേ പോകുമെന്നും പറഞ്ഞു.

ശങ്കു—അതിന്റെ കായ്യം തീച്ചയായിരുന്നില്ല. ഇന്നലെ ഇവിടെനിന്ന മടങ്ങിയതിന്നുശേഷം തീച്ചയാക്കിയതാണു്.

കല്യാ—നിന്റെ കയ്യിലെങ്ങിനെയാ ഉറുപ്പിക തരിക? നിന്നെ ഞാൻ ഇതിന്നുമുമ്പെ കണ്ടിട്ടേ ഇല്ല. അലക്കം എങ്ങിനെയാ തരിക? എന്നല്ല, നാണ അലക്കുമ്പോലെ നിന്നെക്കൊണ്ടലക്കാറാകുമോ? അവനെപ്പോലെ നന്നായി അലക്കുന്ന ഒരു വെളുത്തേടനെ ഈ വയസ്സിലകത്തു ഞാൻ കണ്ടിട്ടില്ല.

ശങ്കു—നാണ എന്നെ ഏല്പിച്ചിട്ടില്ലെങ്കിൽ ഇവിടുന്നു കൊടുക്കാനുള്ള ബാക്കി സംഖ്യ ഇന്നതാണെന്നു ഞാനറിയാൻ വഴിയുണ്ടോ? നാണു ഭരണിക്കു പോയതറിയാൻ വഴിയുണ്ടോ? വയ്യത്തെയ്യു പോണതറിയാൻ വഴിയുണ്ടോ? എന്താണമ്മേ, അങ്ങിനെയൊക്കെ ഒരുത്തൻ നൊണ പറഞ്ഞു കൊണ്ടുവരുമോ?

കല്യാ—അതെന്തോ, നിന്നെക്കണ്ടപ്പോൾ ഒരു വെളുത്തേടനാണെന്നതന്നെ എനിക്കു തോന്നിയില്ല. നീ പറഞ്ഞതൊക്കെ ശരിയാണെങ്കിലും എനിക്കു വിശ്വാസം തോന്നുന്നില്ല.

ശങ്കു—കഴുത്തറുത്താലും കൺകെട്ടാണെന്നു തോന്നിയാൽ. എന്താ നിവൃത്തി?

കല്യാ—എന്താ നിന്നെ ഏല്പിക്കാൻ? നീ നാണുന്റെ ആരാണു്?

ശങ്കു—ഞാൻ നാണുന്റെ മരുമകനാണു്.

കല്യാ—ഞാൻ പറഞ്ഞില്ലേ? നാണുനു മരുമകനോ? കാളി പെറ്റിട്ട ഇല്ലല്ലോ!

ഇതു ശങ്കു വിചാരിക്കാത്തതാണു്. താൻ ദീഘ്രമായി ആലോചിച്ചു കെട്ടിയുണ്ടാക്കിയ നൊണക്കോട്ട ഇടിഞ്ഞുപൊളിഞ്ഞു വീണു. വേറെ ഒരുവനാണെങ്കിൽ അവിടെനിന്നു വല്ലവിധവും ചാടിപ്പോകയേ ചെയ്യുമുള്ളൂ. മരുമകൻ എന്ന വാക്കിന്നു് എത്രത്തോളം അർത്ഥമുണ്ടാ അത്രത്തോളം പറഞ്ഞുനോക്കാൻ ശങ്കു ഉറച്ചു.

ശങ്കു—കാളിയുടെ മകനല്ല. നാണുവിന്റെ മകളുടെ സംബന്ധക്കാരനാണു്.

നാണുവിന്റെ മകളുണ്ടോ എന്നോ അവൾക്ക് സംബന്ധക്കാരനുണ്ടോ എന്നോ ഒന്നും കല്യാണിയമ്മയ്ക്ക് നിശ്ചയമില്ലാതിരുന്നതിനാൽ ശങ്കുവിന്റെ ഈ മറുപടിയിൽ കല്യാണിയമ്മ കുറച്ചു വിഡ്ഢിയായപോലെ പരുങ്ങി. എന്നിട്ടും കല്യാണിയമ്മ ശങ്കുവിനു് അലക്കു കൊടുക്കാമെന്നു സമ്മതിച്ചില്ല.

കല്യാ—ഇവിടെ തരാനുള്ളതൊക്കെ നല്ല മുണ്ടുകളാണു്. അലക്കു നന്നായിരിക്കണമെന്നുള്ളതിൽ എനിക്കു കുറെ ശാഠ്യവുമുണ്ടു്. എന്റെ ഇഷ്ടപ്രകാരം നാണുവിനെപ്പോലെ ഇതേവരെ ആരും അലക്കിത്തന്നിട്ടില്ല. നിന്റെ കയ്യിൽ തന്നിട്ടു നീ വഷളാക്കിക്കൊണ്ടുവന്നാലോ?

ശങ്കു—നാണുവിന്റെ അലക്കാണെന്നു വിചാരിച്ചു നിങ്ങൾ തുപ്പിപ്പെട്ടിരിക്കുന്നതു വാസ്തവത്തിൽ എന്റെ അലക്കാണെന്നു ഞാനിപ്പോൾ പറഞ്ഞാൽ നിങ്ങൾ ഒട്ടും വിശ്വസിക്കയില്ല. സത്യസ്ഥിതിയിൽ അമ്മ തിരുവനന്തപുരത്തുനിന്നു കൊണ്ടുവരുവിച്ച 16½ക. യുടെ കസവുമുണ്ടു നാണുവിന്നലക്കാൻ ധൈര്യമില്ലാഞ്ഞിട്ടു ഞാനാണു് അലക്കിക്കൊടുത്തതു്. ഒരു ദൃഷ്ടാന്തം പറഞ്ഞുതരാം. ഇന്നലെയാണു് ഞാൻ മുണ്ടലക്കിക്കൊടുത്തതു്. നാണു മുണ്ടു വണ്ണൊട്ടുത്തു നോക്കിയപ്പോൾ അതിശയിച്ചു 'ഭേഷ്' എന്നു പറഞ്ഞു. നാണു മുക്കിയിരുന്നതിനാൽ വായിൽനിന്നു തെറിച്ച തുപ്പൽ മുണ്ടിൽ ഒരടയാളമുണ്ടാക്കി. ഇപ്പോൾ നോക്കിയാൽ കസവു പിടിച്ചു ഉള്ളിലേയ്ക്കു രണ്ടു വിരൽ അകലെ ആ തുപ്പൽ തെറിച്ചതു കാണാം. നിങ്ങൾ എന്നെ വിശ്വസിച്ച കൂ

ഴിയൂ എന്നില്ല. പക്ഷേ എനിക്കലക്കാനറിഞ്ഞുകൂടാ എന്നും മറും പറയേണ്ടാവശ്യമില്ല. ഞാൻ കളവു പറഞ്ഞുംകൊണ്ടു വന്നിരിക്കയാണെന്നും പറയേണ്ട.

മുണ്ടു തിരുവനന്തപുരത്തുനിന്നു കൊണ്ടുവന്നതാണെന്നും 16½ക. ഓരോന്നിനു വിലയാണെന്നും തന്നെ വിശ്വസിക്കാനുള്ള തെളിവായി ഉപയോഗിക്കാൻ വിചാരിക്കുന്നില്ലെന്നുള്ള നാട്യത്തിൽ ശങ്കു കൊടുത്ത തെളിവുകൊണ്ടു ഫലിച്ചു. വിശ്വാസം ജനിച്ചതോടുകൂടി തുപ്പു തെറിച്ച മുണ്ടു നാണു കൊണ്ടുവന്നു തന്നതിലുള്ള കോപം പിന്നെ സംസാരിക്കുന്നതിനു കല്യാണിയമ്മയെ അനുവദിച്ചില്ല. ആ സ്ത്രീ ഉടനെ ചെന്നു മുണ്ടെടുത്തു നോക്കിയപ്പോൾ തുപ്പിന്റെ അടയാളം കണ്ടു. നാണുവിന്റെ ഈ മരുമകൻ കള്ളി വെളിച്ചത്തിട്ടില്ലെങ്കിൽ ഒരു വെളുത്തേടന്റെ വെറ്റില തിന്നു തുപ്പു തെറിച്ച മുണ്ടെടുത്തു് അമ്പലത്തിൽ കടന്നു ക്ഷേത്രവും അറിയാതെ അശുദ്ധപ്പെട്ടുത്തിക്കളഞ്ഞു ദേവകോപം സമ്പാദിക്കുമായിരുന്നല്ലോ എന്നു വിചാരിച്ചു തിളച്ചു പുളച്ചു വന്ന കടുങ്കോപത്തോടുകൂടി മുണ്ടിനെ കൊണ്ടുവന്ന ശങ്കുവിന്റെ മുഖത്തയ്ക്കുറിഞ്ഞു.

കല്യാ—ആ കഴുതയുടെ തുപ്പും പേറിക്കൊണ്ടു ഞാൻ അമ്പലത്തിൽ പോകുന്നതു കണ്ടു് ഉള്ളിൽ രസിക്കാനല്ലേ അവൻ ഈ പണി ചെയ്തതു്? അവനിവിടെ വരട്ടെ. ഞാൻ കാണിച്ചുകൊടുക്കാം. വൈകുന്നേരത്തിലകത്തു നീ മുണ്ടിനെ ഒന്നുകൂടി അലക്കിക്കൊണ്ടുവരണം. നാണുവും നാണുവിന്റെ വംശക്കാരും എനിയ്ക്കു് അലക്കി

യതു മതി. അതിനെന്താ കൂലി എന്നു പറഞ്ഞാ. മുണ്ടു കൊണ്ടുവരുമ്പോൾ തന്നേയ്ക്കാം.

ശങ്കു—വൈകുന്നേരത്തിലകത്തു് ഇതു് ഒരിക്കൽകൂടി പുഴുക്കി അലക്കാൻ എന്നെക്കൊണ്ടാവില്ല. വിശേഷിച്ചു കാളറും മറും അലക്കുന്ന ശീമക്കഞ്ഞിപ്പുശയാണു് അതിൽ ചേർത്തിരിക്കുന്നതു്. ഒരു പെട്ടിയുണ്ടായിരുന്നതു് ഇന്നലത്തോടെ തീർന്നുപോയി. ആ പശ ഈ ഒരു മുണ്ടിനു വേണ്ടതുമാത്രമായി വാങ്ങാൻ കിട്ടില്ല. ഒരു ടിൻ വാങ്ങേണമെങ്കിൽ ഒരു രൂപ കൊടുക്കണം. ഇവിടെ ബാക്കി കിട്ടാനുള്ളതുകൂടി അമ്മ തരേണ്ട ഭാവമില്ല. ഈ മുണ്ടിനു വേണ്ടി കഞ്ഞിപ്പശ വാങ്ങീട്ടു ബാക്കി വരുന്നതിനെ ഞാനെന്തു ചെയ്യട്ടേ? അമ്മയുടെ കയ്യിൽ ബാക്കിയുള്ള രണ്ടു മുണ്ടിനുപയോഗിക്കാമെന്നുവെച്ചാൽ അമ്മ അലക്കു മതിയാക്കി എന്നും പറയുന്നു.

കല്യാ—എടാ പിന്നെ നിന്റെ തുപ്പായതു ഞാൻ ഉടുത്തുകൊണ്ടു നടക്കണോ? മുണ്ടിനുപയുപ്പിക തന്നതു വെറുതെയാണോ? മുണ്ടിൽ തുപ്പിക്കൊണ്ടുവന്നു തരാനാണോ അര രൂപ കൂലി തന്നതു്? നിന്നെക്കൊണ്ടാവില്ലെങ്കിൽ നിന്റെ പാടു്. വൈകുന്നേരത്തിലകത്തു മുണ്ടലക്കിക്കൊണ്ടുവന്നു തന്നില്ലെങ്കിൽ അതിന്റെ ശേഷമുണ്ടു്. നല്ല ഓമ്മവെച്ചു കളിച്ചോ.

ശങ്കു—അമ്മേ, ഈ നില്ക്കുന്നതു ഞാനാണു്; നാണുവല്ല. എനിക്കാണോ നിങ്ങൾ അര ഉറുപ്പികവീതം കൂലി തന്നതു്? ഞാനാണോ തുപ്പായ മുണ്ടു കൊണ്ടുവന്നു തന്നതു്? എനിക്കു നിങ്ങടെ മുണ്ടലക്കാൻ മനസ്സില്ലെങ്കിൽ

എന്നെ നിബ്ബന്ധിക്കാൻ നിങ്ങൾക്കധികാരമുണ്ടോ? ആലോചിക്കാതെ നിങ്ങൾ ദേഷ്യപ്പെട്ട വാക്കേറിപ്പറയരുതു്. നിങ്ങളെല്ലാം ഭേദമായിട്ടുള്ളാളുകളാണു്. ഇങ്ങനെയെല്ലാം ഒരു പരിചയവുമില്ലാത്തവന്റെ നേരെ കോപിച്ചുപറയുന്നതു നിങ്ങൾക്കു ഭ്രഷണമല്ല. വന്നവരവേ ഞാൻ നൊണയും പറഞ്ഞു വരുന്നതാണെന്നു പറഞ്ഞു നിങ്ങൾ എന്നെ അവമാനിച്ചു. ആക്ഷം വിശ്വാസം ജനിക്കത്തക്ക മാതിരിയിൽ നിങ്ങൾക്കു ഞാൻ സംഗതികൾ കാണിച്ചുതന്നു. അതെല്ലാം നിങ്ങൾ വിശ്വസിക്കാതിരുന്നതിനു പുറമേ എന്നെ മുണ്ടുകൊണ്ടു മുഖത്തേയ്ക്കെറിയുകയും ചെയ്തു. ഇതൊക്കെ എന്താണു്? ഞാൻ ആരെയാണപ്പാ ശകുനം കണ്ടതു്?

ശങ്കുവിന്റെ ഈ പ്രസംഗം കഴിഞ്ഞപ്പോൾ കല്യാണിയമ്മ ചെയ്തതെല്ലാം ആദ്യംമുതൽ അവസാനംവരെ തെറ്റാണെന്നു് ആ സ്ത്രീക്കുതന്നെ ബോദ്ധ്യമായി. കുറെ എഴുന്നേറ്റുകയും മുണ്ടുകൊണ്ടു് ഇവനെ എറിയുകയും ചെയ്തതിനു പ്രതിവിധി എന്താണെന്നാലോചനയായി.

കല്യാ—നീ പറഞ്ഞതൊക്കെ ശരിയാണു്. ഞാനിക്കാണിച്ചതെല്ലാം നിന്റെ നേരെയുള്ള ദേഷ്യമല്ല. ഇതെല്ലാം നാണുവിന്റെ നേരെയുള്ളതാണു്. നീ നാണുവിന്റെ മരുമകനാണെന്നു പറഞ്ഞതു ഞാൻ വിശ്വസിക്കായ്കയില്ല. അന്യനൊരുത്തൻ എന്റെ മുണ്ടിനെപ്പറ്റിയും എന്നെപ്പറ്റിയും ഞാൻ കൊടുക്കാനുള്ള സംഖ്യയെപ്പറ്റിയും നാണു ഇന്നലെ ഇവിടെ വന്നു പറഞ്ഞതിനെപ്പറ്റിയും ഇത്രയും അറിയാൻ സംഗതിയില്ലെന്നാലോചിക്കാൻ എനിക്കു ബുദ്ധിയില്ലേ? വെറുതേ

തക്കിച്ചു എന്നു മാത്രമേ ഉള്ളു. വൈകുന്നേരത്തിലകത്തു നീ മുണ്ടലക്കിക്കൊണ്ടുവന്നു തരണം. അപ്പോഴേയ്ക്കു് അഴുക്കെണ്ണിക്കണക്കാക്കിവെയ്ക്കാം. ബാക്കി ഉറുപ്പികയും ഉണ്ടാക്കിവെയ്ക്കാം. ഇപ്പോൾ വിഷു സമീപിച്ചില്ലേ? മുണ്ടു് എനിക്കത്യാവശ്യമായതുകൊണ്ടു ഞാൻ തിടുക്കപ്പെട്ടതുന്നതാണു്. കഞ്ഞി വാങ്ങാനുള്ള ഉറുപ്പികയും ഇപ്പോൾ തരാം. നീ അന്യനാണെന്നു ഞാൻ വിചാരിച്ചിരുന്നാൽ ഈ മുണ്ടുകൊണ്ടു നിന്നെ ഞാൻ എറിയുമോ? എനിക്കത്ര ബുദ്ധിയില്ലേ? നാണുവിനെ ഇതിനപ്പുറവും ഞാൻ ചെയ്യും. നീ അവന്റെ മരുമകനായതുകൊണ്ടു് ആ സ്വാതന്ത്ര്യം നിന്റെ അടുക്കലും പ്രയോഗിച്ചു; അത്രയേ ഉള്ളു.

കാര്യം ശങ്കു വിചാരിച്ചേടത്തു ചെന്നു ഘടിച്ചു എന്നു കണ്ടു.

ശങ്കു—ഉറുപ്പിക കൊണ്ടുവരുവിൻ. ഞാൻ വരുമ്പോൾ കുറെ രാത്രിയായി എന്നു വരാം. എത്ര നേരമായാലും കാത്തിരിക്കണം. അപ്പോൾത്തന്നെ ഞാൻ നാണുവിനോടു പറഞ്ഞു; പക്ഷേ രണ്ടാമതലക്കുമ്പോൾ മുണ്ടിന്നു പഴക്കം അധികം കാണുമെന്നു ഭയപ്പെട്ടും ഭരണിക്കു പോവാനുള്ള ബദ്ധപ്പാടുകൊണ്ടും ഇങ്ങനെ ഒരു തെറ്റു നാണു ചെയ്തതാണു്. ഞാൻ അതിനെ വെളിക്കിട്ടതാണു് അധികം തെറ്റിയതു്.

കല്യാ—ഒന്നുമല്ല. മുണ്ടു കീറിയാൽത്തന്നെ എന്തു വരും? ഇങ്ങനെയൊന്നും ചെയ്യരുതു്. അമ്പലത്തിൽ ഉടുത്തുകൊണ്ടു പോകുന്ന മുണ്ടല്ലേ? നീ പറഞ്ഞുതന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്.

കല്യാണിയമ്മ അകത്തു ചെന്നു 1 ക. എടുത്തുകൊണ്ടുവന്നു ശങ്കുവിന്റെ കയ്യിൽ കൊടുത്തു. ശങ്കു അതും വാങ്ങി മുണ്ടുംകൊണ്ടു വെളുത്തേടൻ നാണുവിന്റെ ഇല്ലാത്ത മകളുടെ ഭർത്താവായി നടക്കുകയും ചെയ്തു.

ഈ മുണ്ടിൽ ഭ്രമിച്ചിരിക്കുന്ന കോട്ടയിലെ പാറുക്കുട്ടിയമ്മയോടു മുണ്ടു കൊടുത്തു വില വാങ്ങാനാണു് ശങ്കുവിന്റെ പിന്നത്തെശ്രമം. കോട്ടയിലെവീടു് അന്നിക്കരയിലാണെന്നു മാത്രമേ നാണുവിന്റെ വാക്കിൽനിന്നു ശങ്കുവിനു മനസ്സിലായിട്ടുള്ളു. അന്നിക്കരയ്ക്കുള്ള വഴി ഏതാണെന്നറിയില്ല. പ്ലാക്കാപ്പിള്ളിയിൽനിന്നു പുറത്തിറങ്ങി അന്നിക്കരയ്ക്കുള്ള വഴി ഏതാണെന്നു വഴിപോക്കരോടു ചോദിച്ചറിഞ്ഞു. ഇപ്പോൾ ഭക്ഷണത്തിനു കയ്യിൽ ഉറുപ്പികയുണ്ടായതുകൊണ്ടു് ഊട്ടുപുരയിൽ പോകേണ്ട ആവശ്യമില്ലല്ലോ. അന്നവിക്രയം ബ്രാഹ്മണർക്കു പാടില്ലാത്തതാണെന്നു ധർമ്മശാസ്ത്രത്തിൽ മാത്രമേ കാണുള്ളു. ഇക്കാലത്തുള്ള പ്രവൃത്തികണ്ടു ജാതി നിർണ്ണയിക്കാൻ പുറപ്പെട്ടാൽ ബ്രാഹ്മണരാണെന്നു പറഞ്ഞു പൂണൂലിട്ടു നടക്കുന്നവരുടെ ഇടയിൽ നാലുവർണ്ണങ്ങളെ മാത്രമല്ല പഞ്ചമന്മാർക്കും പഞ്ചമമില്ല. പട്ടന്മാരും തൊട്ടാൽചാടിയും ആ പ്രദേശത്തു ധാരാളമുണ്ടു്. ഏതു മഠത്തിലാണു് തനിക്കു ഭക്ഷണം കിട്ടുക എന്നു ശങ്കു അന്വേഷിച്ചപ്പോൾ എല്ലാ മഠക്കാരും ക്ഷണിച്ചുതുടങ്ങി. ഊട്ടുപുരയിൽ പോയി ഒരു നേരത്തെ ഭക്ഷണം കഴിക്കത്തക്ക ധനപുഷ്ടിയേ ആ പ്രദേശത്തുള്ളു എന്നു കണ്ടപ്പോൾ ഈ മഠക്കാരിൽ വല്ലവരും തന്നെ ഊട്ടുപുരയിൽ കണ്ടിട്ടുണ്ടായിരിക്കുമെന്നു ശങ്കിച്ചു പൂണൂലിനെ യഥാസ്ഥാനത്താക്കി. ഭക്ഷണത്തിനു് എന്തു കൊടുക്കണമെന്നു ചോ

ടിച്ചപ്പോൾ 4 ചക്രം എന്നൊരാളും 3½ എന്ന മറൊരാളും താൻ മൂന്നരയ്ക്ക കൊടുക്കാമെന്ന വേറെ ഒരാളും പറഞ്ഞു ശങ്കുവിന്റെ അടുക്കൽ വന്ന പിടിക്കൂടാൻ തുടങ്ങി. ഇവരുടെ ലേലംവിളി കേട്ട ശങ്കുവിന്ന വളരെ വിനോദമായി. ചുരുങ്ങിയ സംഖ്യ പറഞ്ഞാളുടെ മഠത്തൽ പോകുമെന്ന വിചാരിച്ചാണല്ലോ പട്ടന്മാർ ലേലംവിളി തുടങ്ങിയതു്. മൂന്നരച്ചക്രക്കാരൻ തന്റെ മഠത്തിലേ വരുള്ളു എന്നുള്ള വിശ്വാസത്തിന്മേൽ കൂളിക്കുന്നോ എന്നും മറ്റും ചോദിച്ചു തുടങ്ങി. "ഉവ്വമ്മാടെ ശാപ്പാട്ട മൂന്നര ചക്രത്തുക്കുതാനോ? ബ്രാഹ്മണാ ഭോജനപ്രിയാഃ എന്നല്ലപോ ചൊൽറാം. നമുക്ക കൊഞ്ചം സുഖമാച്ചാപ്പിടണം." എന്ന ചോഴിയത്തമിഴിലും ചോഴിയമട്ടിലും പറഞ്ഞു ശങ്കു തന്റെ ജാതി വെളിപ്പെടുത്തിയതോടുകൂടി മൂന്നരച്ചക്രക്കാരന്നു് ഇച്ഛാഭംഗവും വരുത്തി. "ചക്രം അധികം വാങ്കിനാൽ ശാപ്പാട്ട നന്നായിരിക്കണം എന്നുണ്ടോ? ഇന്ത ഗ്രാമത്തിലെ ശാപ്പാടെല്ലാം ഒരേ മട്ടുതാൻ. അപ്പടി ശാപ്പാട്ടിനോടെ ഗുണത്തെപ്പാത്തു ചക്രം കൊടുക്കറതായിരുന്താൽ നേക്കഞ്ചു ചക്രം തറതുക്ക സങ്കടമേ ഇരാതു്. ഇഞ്ചെ ആത്തുക്കാരി ശമയ്ക്കറാപ്പോലെ ഇന്തൂരിലെ ആരു ശമെപ്പാം?" എന്നു മൂന്നരച്ചക്രക്കാരൻ പറഞ്ഞു. "ഓയി ഒരു വാത്തെ ശൊല്ലൈട്ടമാ? നാൻ അരച്ചക്രം ജാസ്തിയാകക്കേട്ടതു. എന്നുടെയ ഗൃഹത്തിനാലെയാ ഭോജനസാമഗ്രിയിനുടെയ വിശേഷത്തിനാലെയാ എൻറു തെരിയ വേണുമാനാൽ ഉൺമൈ ശൊല്ലുകിറേൻ കേളും. ഇന്ത ഗ്രാമത്തിലെ എവ്വിടം പോകിലും നെയ്യില്ലാമലെ ശാപ്പിടവേണം. നീരില്ലാ നെറാപിഴയ് നെയ്യില്ലാ ഉണ്ടിപിഴയ്

എൻറു കൗവ്വെയാർ കൂടെപ്പാടിയിരുക്കറതുക്കുത്തെരിയാത വിഷയമായിരാതെ. പണത്തെക്കൊട്ടുത്തുപ്പാഴൺ തേടിപ്പോവാനെ? നാളുപാകമായിരുന്താലും അന്നശുദ്ധി വരാമൽ പുശിക്കിറതു വിരാമണാളുക്കു പുശിപ്പോ? ഒരു പോശനത്തുക്കു വേണ്ടിയ നൈക്കു ഇന്തകാലത്തിലെ വിലൈ എന്നവെൻറു വിശാരിത്തുപ്പാരും" എന്നു 4 ചക്രക്കാരൻ പറഞ്ഞു. 4 ചക്രക്കാരൻ ഈ പ്രദേശത്തുകാരനല്ലെന്നു ഭാഷാശുദ്ധി കണ്ടും ബ്രാഹ്മണവൃത്തിയിൽ ഇരിക്കുന്നാളാണെന്നു കൂലിയും കുറിയും കണ്ടും ശങ്കു മനസ്സിലാക്കി. വിശിഷ്ടബ്രാഹ്മണാചാരത്തോടുകൂടി അദ്ദേഹത്തിൻെറ മഠത്തിൽ ചെന്നു ഭക്ഷണം കഴിച്ചുപോരുന്നതിനു ശങ്കുവിനു് അറിവും ധൈര്യവും ഉണ്ടായിരുന്നുവെങ്കിലും പന്തിഭോജനം നിത്യപരിചയമല്ലാത്തതുകൊണ്ടു് ആചാരവീഴ്ചകൊ വല്ലതും വന്നാലും അത്ര വിലയെഴുന്നാത്തവരുടെ മഠമാണു് തനിക്കു ചേരുന്നതെന്നു വിചാരിച്ചു വല്ല കാരണവും പറഞ്ഞു 4 ചക്രക്കാരൻെറ മഠത്തിൽനിന്നൊഴിയാനുറച്ചു. "പാഴൺ എൻറു നീർ ശൊന്നതുമൈതാൻ ആകിനും ചോഴിയാനുക്കു ഇന്തൂർ ശമൈയൽ പോ ഉങ്കളുടൈയ ശമയൽ രുചികരമായിരുക്കാതു. നൈ ഇല്ലാവിട്ടാൽ കൊഞ്ചം വെണ്ണൈ വേറെ വിലൈ കൂടുത്തു വാങ്കിനാലും തീരുമേ. താളിക്കറതിലെ ഉങ്കളുക്കെല്ലാം തേങ്കായെണ്ണൈ എവ്വളവു വിരോധമായിരിക്കൊ അവ്വളവും എങ്കളുക്കു എണ്ണൈ വിരോധം താൻ." എന്നൊരു കാരണം പറഞ്ഞു ശങ്കു മൂന്നരച്ചക്രക്കാരൻെറ മഠത്തിൽ കയറി. അദ്ദേഹം ശങ്കുവിനോടു 'കൂലിക്കുന്നുണ്ടോ?' എന്നു ചോദിച്ചതുകൊണ്ടു കൂലിക്കാതേയും സന്ധ്യാവന്ദനം കഴിക്കാതേ

യും നടക്കുന്ന സഹിണ്ടിക്കൊറന്മാക്കും അവിടെച്ചെന്നു ഭക്ഷിച്ചു വരാൻ വിരോധമില്ലെന്നു ശങ്കുവിന്നു മനസ്സിലായി. എങ്കിലും കുളിച്ചു കുറിയിട്ടാണു് ശങ്കു ഭക്ഷണം കഴിച്ചതു്. ഉണ്ണുമ്പോൾ ഏതു ദിക്കാണെന്നും വീടും പതിവുപോലെ ചോദിച്ചതിന്നു ബ്രിട്ടീഷുകാരനാണെന്നും അവിടെ കുറെ നിലം വാങ്ങാനുദ്ദേശിച്ചു നോക്കാൻ വന്നതാണെന്നും പറഞ്ഞു. താൻ വലിയ ധനികനാണെന്നും നടിച്ചു. അപ്പോൾമുതല്ലു പട്ടരും അമ്മ്യാരും വളരെ ബഹുമാനിച്ചുതുടങ്ങി. ഊണു കഴിഞ്ഞതിന്നുശേഷം കുറെ വിശ്രമിച്ചിട്ടു പോയാൽ മതി എന്നും മറും ക്ഷണിച്ചു് ഇടനേരത്തു കാപ്പിക്കു് എങ്ങിനെയാണു് പതിവെന്നു പറഞ്ഞാൽ അപ്രകാരമെല്ലാം ഉണ്ടാക്കിക്കൊട്ടക്കാമെന്നും പറഞ്ഞു് ആ ബ്രാഹ്മണൻ തേച്ചുകുളിക്കാൻ പോയി. ഹോട്ടൽക്കാരൻപട്ടരുടെ മകളെ അടുത്തകാലത്തിൽ വിവാഹം ചെയ്തിരുന്നതും ഇംഗ്ലീഷു പഠിക്കുന്നതുമായ ഒരു ചെറുപ്പക്കാരൻ അകത്തിരുന്നു വായിച്ചിരുന്നു. പുതുമാപ്പിളയായിരുന്നതു കൊണ്ടു് അദ്ദേഹത്തിന്നു നല്ലൊരു മെത്തപ്പായ ഇരിക്കാൻ കൊടുത്തിരുന്നു. ശങ്കുവിനെ സല്ക്കരിക്കാൻ ആ പായ ചോദിച്ചപ്പോൾ താനിരിക്കുന്ന പായിനെ കൊടുക്കാൻമാത്രം ആരാണൊരു യോഗ്യൻ വന്നിരിക്കുന്നതെന്നറിയാൻ ആഗ്രഹിച്ചുകൊണ്ടു് അദ്ദേഹം ശങ്കുവിന്റെ അടുക്കൽ വന്നു് എവിടുന്നാണെന്നും മറും ചോദിച്ചുതുടങ്ങി. അദ്ദേഹവും ശങ്കുവുംതമ്മിലുണ്ടായ സംഭാഷണത്തിൽ ചില ഇംഗ്ലീഷുവാക്കുകൾ അദ്ദേഹം ഉപയോഗിക്കയാൽ ശങ്കു അദ്ദേഹം ഇംഗ്ലീഷു പഠിക്കുന്നുണ്ടോ എന്നും മറും ഇംഗ്ലീഷിൽ ചോദിച്ചു. ശങ്കുവിന്റെ ഇംഗ്ലീഷിലുള്ള അറിവു

കണ്ടു് അദ്ദേഹം പരിഭ്രമിച്ചു. പിന്നെ വളരെ വിനയത്തോടുകൂടി സംസാരിച്ചുകൊണ്ടു കൂടി. പുതുമാപ്പിള്ളയുടെ കയ്യിൽ രണ്ടുരൂപാമോതിരവും ഒരു കല്ലുവെച്ച മോതിരവും ഉണ്ടായിരുന്നു. ശങ്കു അതു വാങ്ങി തന്റെ കയ്യിലിട്ടു.

ശങ്കു—ഇതു രണ്ടും എന്നുടെ ചിരൽ അളന്തുണ്ടാക്കിനാപ്പോലിരുക്കെ!

പുതുമാപ്പിള്ള—റൊമ്പ ഫിറാറായിരുക്കു്.

ശങ്കു—ഇന്തക്കല്ലുവെച്ച മോതിരം എങ്കുത്തെ വേലൈ?

പുതുമാപ്പിള്ള—ഇതുവാ? മദ്രാസിലെ ഗ്രാംജി പ്രൊസ്റ്റൺജി ബങ്കാറാ ഷാപ്പിലെ നാനേ പോയി വാങ്കിനതാക്കും. 110 രൂപാ കൊടുത്തേൻ.

ശങ്കു—ടാക്കർ ആൻറ് സൺസിലെ ഇതൈപ്പാക്കിലും നല്ല വേലൈ ശെയ്യറാളെ. എൻ അന്ത ഷാപ്പുക്കു് പോകവില്ലൈ?

പുതുമാപ്പിള്ള—അങ്കെയും ആർ ഷാപ്പിലെയും പോയി പാത്തേൻ. എന്നോടെ വിരലുക്കുപ്പാകമാ അങ്കെ ഒന്നും അപ്പടലെ.

ശങ്കു—ഇതുക്കും മൂഷ്യം ശൊല്ലത്താമില്ലൈ—കാ! ഒരു കാരിയം ശൊല്ലുതുക്കുണ്ടു. മദ്ധ്യാഹ്നം സാപ്പാടാനാൽ കൊഞ്ചം മധുരം സാപ്പിടവെന്നുക്കു പഴക്കമായിരുക്കു്. ഇന്ത പ്രദേശത്തിലെ ലസ്സു ജിലേബി ഒന്നും കിടയാതോ?

പുതുമാപ്പിള്ള—അരനാഴിക ദൂരം പോനാൽ ഒരു കടൈയിരുക്കു്. കോയമ്പുത്തൂർക്കാരനൊരുത്തൻ ഒരു കടൈ വെച്ചിരുക്കാൻ.

ശങ്കു—നീർ ദയവുചെയ്തു കൊഞ്ചം വാങ്കിക്കൊണ്ടുവന്താൽ നമുക്കു രണ്ടുപേർക്കും സുഖമാത്തിങ്കലാം.

പുതുമാപ്പിള—അതുക്കെന്ന തടൈ? ഒരോട്ടത്തുക്കു വന്തുടറേൻ.

ശങ്കു—കാട്ടവും ചാട്ടവും ഒന്നും വേണ്ടാം. മുക്കാൽ രൂപാസ്സു വാങ്കിനാൽ മതിയാകാതോ?

പുതുമാപ്പിള—യഥേഷ്ടം.

ശങ്കുവിന്റെ കയ്യിലുണ്ടായിരുന്ന ഒരുറുപ്പിക എടുത്തുകൊടുത്തു. ആ ചെറുപ്പക്കാരൻ ആദ്യം പറഞ്ഞതുപോലെ കാടുകയാണു് ചെയ്തതു്. ശങ്കുവിന്റെ കയ്യിൽ കൊടുത്തിരുന്ന മോതിരം മടക്കിവാങ്ങാൻ കാമ്മയില്ലാത്ത ആ ചെറുപ്പക്കാരന്റെ ജിഹ്വാചാപല്യം ശങ്കുവിന്റെ മനസ്സിൽ കുറെ ആശ്ചര്യം ജനിപ്പിച്ചു. ഉടൻതന്നെ ആ ചാപല്യത്തിനും ആ ചെറുപ്പക്കാരനെ അല്പം കൂടെ ശിക്ഷിക്കാൻ നിശ്ചയിച്ചു താഴെ പറയുംപ്രകാരം ഒരെഴുത്തെഴുതി:

"മോതിരം മടക്കിവാങ്ങാതെ കാടിപ്പോയതു തെറ്റാണു്. ഞാൻ കള്ളനോ മയ്യാടക്കാരനോ എന്നുള്ള യാഥാർത്ഥ്യം അറിയത്തക്കവണ്ണം മുമ്പു പരിചയമുണ്ടായിട്ടില്ലല്ലോ. അതുകൊണ്ടു കുറച്ചു ദിവസം ഈ മോതിരം ഞാൻതന്നെ കയ്യിലിടാൻ നിശ്ചയിച്ചു. ജിഹ്വാചാപല്യം കുറെ അധികം കാണുന്നതുകൊണ്ടു നിങ്ങൾ വാങ്ങിക്കൊണ്ടുവരുന്ന പലഹാരം നിങ്ങൾതന്നെ തിന്നുകൊള്ളുവിൻ. ബാക്കി 4ണ. ഊണിന്റെ വകയ്ക്കു് ഇവിടെ കൊടുത്തുകൊള്ളു."

എഴുത്തു മടക്കി പുതുമാപ്പിളയ്ക്കു മേൽവിലാസവും വെച്ചു താൻ ഇരുന്നേടത്തു പ്രത്യക്ഷമായി കാണത്തക്ക

നിലയിൽ ചെന്നു ശങ്കു അവിടെ ആരോടും യാത്ര പറയാതെ അന്നിക്കരയ്ക്കു തിരിച്ചു. ശങ്കു പോയി ഒരു നാഴികയോളം കഴിഞ്ഞിട്ടാണു് പുതുമാപ്പിള മിറായിയുംകൊണ്ടു മഠത്തിലെത്തിയതു്. ശങ്കു ഇരുന്നേടത്തു് എഴുത്തു ചെച്ചിരിക്കുന്നതു കണ്ടപ്പോൾ ഉടനെ എടുത്തു വായിച്ചു. "ഇയ്യാൾ കുറച്ചു ദിവസം കയ്യിലിടാൻ നിശ്ചയിച്ചു എന്നാല്ലേ എഴുതിയിരിക്കുന്നതു്. മടക്കിത്തരുമായിരിക്കാം. മടക്കിത്തന്നില്ലെങ്കിൽ ഉറുപ്പിക എത്ര പോയി? ആരാ ഏതു ദിക്കുകാരനാണെന്നുംകൂടി ചോദിച്ചു മനസ്സിലാക്കീല്ലല്ലോ., പേരും ചോദിച്ചില്ല. ആയാളുടെ പ്രത്യക അടയാളങ്ങളോ ആകൃതിയുടെ വിവരങ്ങളോ ശ്രദ്ധചെച്ചു നോക്കിയതുമില്ല. അതുകൊണ്ടു പൊല്ലീസ്സിൽ അറിവു കൊടുത്തിട്ടും ഫലമില്ല. കള്ളന്റെ കയ്യിൽ മോതിരം ഊരിക്കൊടുത്തിട്ടു വെറുങ്കയ്യോടെ ഇരിക്കാൻ നാണക്കേടാകുന്നു. മോതിരം പോയാലും നല്ലൊരു പാഠം പഠിച്ചു. ഇയ്യാളെ കണ്ടുപിടിക്കാൻ ശ്രമിക്കാതിരിക്കുന്നതും പെടിപ്പില്ല. ഞാൻ തിരഞ്ഞുപോകുന്ന വഴി നേരെ വിപരീതവഴിയായാൽ അതും വിഡ്ഢിത്തമാകും. തിരഞ്ഞുപിടിക്കാതെ മോതിരവും കളഞ്ഞു് ആരെങ്കിലും പെറുതെ ഇരിക്കുമോ? എന്തെങ്കിലും പൊല്ലീസ്സിൽ അറിവു കൊടുക്കുകതന്നെ. പൊല്ലീസ്സുകാർ കണ്ടുപിടിച്ചുതരേണ്ടതു് അവരുടെ ചുമതലയല്ലേ? എന്നാൽ കഴിയുന്നതു ഞാനും ചെയ്യാം."

ഇങ്ങിനെ മനസ്സിൽ വിചാരിച്ചുകൊണ്ടു കുറഞ്ഞു പോയ കുറവനെപ്പോലെ ആ സാധുബ്രാഹ്മണൻ പൊല്ലീസ് സ്റ്റേഷനിലേയ്ക്കു നടന്നു. പൊല്ലീസ് സ്റ്റേഷൻ അവിടെനിന്നു നാലഞ്ചു നാഴിക ദൂരത്താണു്. ഈ പട്ടർ ഇതേ ചെ

സ്സുയുള്ളു എന്നു ശങ്കു വിചാരിച്ചിരുന്നതിനാൽ തന്റെ പി
ന്നാലെ ഓടിയെത്തുമെന്നുള്ള ഭയം കുട്ടമില്ലാതെ ശങ്കു സ
മാധാനത്തോടുകൂടി അന്നിക്കരയ്ക്കു നടന്നു.

കേരളീയരുടെ അനാചാരങ്ങൾ കിഴക്കോട്ടു കടക്കാ
തിരിക്കാൻ ഭ്രമിദേവി വരമ്പിട്ടപോലെ കേരളത്തിന്റെ
കിഴക്കേ അതിരായി തെക്കുവടക്കു നീണ്ടുകിടക്കുന്ന പശ്ചി
മഘട്ടങ്ങൾ എന്ന മലയിലുള്ള ഒരു ഉയർന്ന പ്രദേശമാണു്
അന്നിക്കര. കടൽനിരപ്പിൽനിന്നു് എത്രയോ ഉയർന്ന പ്ര
ദേശമാണെങ്കിലും അവിടെ ചെന്നാൽ ആ പ്രദേശം വള
രെ താണതാണെന്നു തോന്നും. അന്നിക്കരയുടെ നാലുപുറ
വും ഉയർന്ന മലകളാണു്. അന്നിക്കരയിൽനിന്നു നോക്കു
ണ്ടു തെക്കോട്ടും വടക്കോട്ടും തുടർന്ന മലകളേ ഉള്ളു. കിഴ
ക്കും പടിഞ്ഞാറും ഓരോ മലകൾ കഴിഞ്ഞാൽ പിന്നെ
വളരെ വിസ്തീർണ്ണമായി കിടക്കുന്ന പറമ്പുകളാണു്. വട
ക്കേ മലകളിൽനിന്നുത്ഭവിച്ചു് അന്നിക്കരയുടെ ഈശാന
കോണിൽ ചെന്നു സമഭൂമിയിലേയ്ക്കിറങ്ങിയിരിക്കുന്ന ഒരു
തോടും അതുപോലെ തെക്കേ മലകളിൽനിന്നുത്ഭവിച്ചു്
അഗ്നികോണിൽ ഇറങ്ങിയിരിക്കുന്ന ഒരു തോടും മദ്ധ്യ
ത്തിലേയ്ക്കൊഴുകി രണ്ടും കൂടിച്ചേരുന്നേടത്തു് ഒരു തടാക
മായി അന്നിക്കരയുടെ വായുകോണിൽക്കൂടി പുറത്തേയ്ക്കു
കടന്നു പടിഞ്ഞാട്ടൊഴുകുന്ന ഒരു പുഴയുണ്ടു്. ഈ ജലപ്ര
വാഹത്തിനു് ഒരു പുഴ എന്നു പറയത്തക്ക വലിപ്പമില്ലെ
ങ്കിലും തടാകത്തിൽനിന്നു പുറപ്പെടുന്ന വലിയ തോടിനു
ചെറുപുഴ എന്നാണു് തദ്ദേശക്കാർ പറഞ്ഞുവരുന്നതു്. പ
ങ്കളം എന്നു പേരായ ആ തടാകത്തിന്റെ സാമാന്യം ന
ടുവിലായി ഏതു വർഷ്കാലത്തിലും മുഴുവനും മുങ്ങാത്ത ഒരു

പാറയുണ്ടു്. വഷ്ടാധിക്യമുള്ളപ്പോൾ വങ്കുളത്തിലെ ജലത്തിന്നൊഴുക്കണ്ടാകും. എങ്കിലും വങ്കുളത്തിലെ പാറയുടെ ചുറ്റും താമരയും ചുവന്നാമ്പലും വെള്ളാമ്പലും കരുമ്പായലും ആപത്തിങ്കൽ വിട്ടൊഴിയാതുള്ള ബന്ധുക്കളെപ്പോലെ ശാശ്വതമായി വേരുന്നി വളരുന്നുണ്ടു്. വഷ്ക്കാലത്തിൽ തെക്കും വടക്കുമുള്ള മലകളിൽനിന്നു് എന്തോ ബദ്ധപ്പാടുള്ളതുപോലെ കുട്ടിക്കരണം കുത്തിക്കലങ്ങി മറിഞ്ഞുവരുന്ന ജലപ്രവാഹത്തിലുള്ള കാട്ടുവളങ്ങൾ മുൻപറഞ്ഞ തോട്ടകളിൽക്കൂടി വങ്കുളത്തിൽ വന്നു് അതിന്റെ നടുവിൽ പ്രതിഷ്ഠിച്ചപോലെ കിടക്കുന്ന പാറയെ പ്രദക്ഷിണംവെച്ചു് അടിയാണ്ടു പോകാറുണ്ടു്. ഇങ്ങനെ വഷ്ംതോറും വന്നുചേരുന്ന വളം നിമിത്തമായിരിക്കും ആ കുളത്തിലെ സഹസ്രപത്രങ്ങളും ശതപത്രങ്ങളും ആ പോരുകളുടെ വ്യൽപത്തിയെക്കാണിച്ചുതരുന്നതു്. മറുള്ള ദേശങ്ങളിൽ തുലാമാസംമുതല്ലോ പകൽ കുറവുള്ളു. അന്നിക്കരയിൽ കിഴക്കും പടിഞ്ഞാറുമുള്ള മലകളുടെ ഔന്നത്യംകൊണ്ടു വാസരസങ്കോചം മേഷാദിയിലുംകൂടി ഉണ്ടാകും. ഇങ്ങനെ കുറവു തട്ടീട്ടുള്ള ദിവസങ്ങളുടെ ശരിയായ നീളം താമരയും ആമ്പലുമാണു് അന്നിക്കരക്കാരെ അറിയിക്കുന്നതു്. അന്നിക്കരയ്ക്കും അന്നിക്കരക്കാക്കും ഏതു കാലത്തും അന്ധകാരവൃദ്ധിയുണ്ടു്.

ഇതരദേശങ്ങളിൽ ശാസ്ത്രപരിജ്ഞാനം വർദ്ധിച്ചുവരുന്തോറും അന്നിക്കരയിലെ അന്ധവിശ്വാസങ്ങൾ പൂർവ്വാധികം വർദ്ധിച്ചുവരികയാണു് ചെയ്യുന്നതു്. ഓണക്കാലത്തു താമരപ്പൂപറിക്കാൻ ചെമ്പിലിരുന്നു കൈകൊണ്ടു തുഴഞ്ഞു വങ്കുളത്തിന്റെ നടുവിലെത്തു പോയപ്പോൾ എങ്ങ

നെയോ ചെന്നു മറിഞ്ഞു് ആ പാറയ്ക്കു സമീപം ഉദകക്രിയ കഴിഞ്ഞതായി കേട്ടുകേൾവിയുള്ള ഉഴത്തുവാരിയരുടെ പിശാചു് എല്ലാ രാത്രിയിലും പതിനെട്ടാംനാഴികയ്ക്കു് ആ പാറയിൽ കുളിക്കാറുണ്ടെന്നും ആണ്ടുകിടക്കുന്ന ചെമ്പിലിരുന്നു പാറയ്ക്കു ചുറ്റും തുഴഞ്ഞുപോകാറുണ്ടെന്നും അന്നിക്കരക്കാർ ഇന്നും വിശ്വസിച്ചുവരുന്നുണ്ടു്. വഷ്ക്കാലങ്ങളിൽ ഇക്കരയിലുള്ള എഴുത്തുപള്ളിക്കാർക്കു കിഴക്കേച്ചിറവിൽനിന്നു വരുന്ന വഴിക്കു മുൻപറഞ്ഞ തോട്ടുകാൽ കടക്കുമ്പോൾ ഒഴുക്കിന്റെ ശക്തികൊണ്ടു് ഒലിച്ചുപോയി അന്നോ പിറ്റെന്നോ വങ്കുളത്തിലെ പാറയ്ക്കു സമീപം ചത്തു വീർത്തു പൊങ്ങിക്കണ്ട അനേകം കുട്ടികളുടെ ബാലപ്പിശാചുക്കളെല്ലാംകൂടി പതിനെട്ടാംനാഴികയ്ക്കു പാറയുടെ മുകളിലിരുന്നു പഠിച്ചതു ചൊല്ലുന്നുണ്ടെന്നും അതു കുട്ടികളാരെങ്കിലും കണ്ടാൽ ഒരു മണ്ഡലത്തിനുള്ളിൽ മുങ്ങിച്ചത്തുപോകുമെന്നും അതുകൊണ്ടു രാത്രിസമയത്തു വങ്കുളത്തിലേയ്ക്കു നോക്കരുതെന്നും അമ്മമാർ മക്കളോടുപദേശിക്കാറുണ്ടു്. അന്നിക്കരയിലുള്ള സമഭ്രമിയിൽ വഷ്ക്കാലങ്ങളിൽ ജലപ്രവാഹമുണ്ടായി അവിടം മുഴുവനും ഏകദേശം തുടയ്ക്കു വെള്ളത്തിൽ ആണ്ടുകിടക്കാറുള്ളതുകൊണ്ടു് ആ നാട്ടുകാരെല്ലാം കൂടിയിരിക്കുന്നതു നാലുപുറവുമുള്ള മലഞ്ചെരുവുകളിലാണു്. കുളത്തിന്റെ ചുറ്റുമുള്ള സമഭ്രമി മുഴുവനും നെൽവയലുകളും തോട്ടങ്ങളുമാണു്. വീടുകളുടെ മുൻചുറ്റും വങ്കുളവും പിൻപുറം കാട്ടുമാകയാൽ രാത്രിസമയത്തു പുറത്തേയ്ക്കു നോക്കുവാൻ എല്ലാവർക്കും ഭയമാണു്. അന്നിക്കരയുടെ പടിഞ്ഞാറെച്ചെരിവിലുള്ള കാലകാലേശ്വരക്ഷേത്രത്തിൽ രാത്രി അഞ്ചു നാഴികയ്ക്കു പൂജ കഴിഞ്ഞു ശംഖു

വിളിക്കാറുണ്ടു്. ആ ശംഖനാദം കേട്ടതിന്നശേഷമല്ലാതെ ആ പ്രദേശത്തെ കുട്ടികാംകൂടി ഭക്ഷണം കഴിക്കയില്ല. ആ ശംഖനാദത്തിന്നശേഷം യക്ഷികളും ഗന്ധവ്വന്മാരും കണ്ടി ചെക്കറുപ്പനും അന്നിക്കരയിൽ സഞ്ചരിക്കുന്നുണ്ടെന്നും മനുഷ്യരാണെന്നു വിചാരിച്ചു് അവരോട സംസാരിച്ചാൽ ഒരു ശബ്ദം പുറപ്പെട്ടവിച്ചു് അന്തർദ്ധാനം ചെയ്യുമെന്നും അങ്ങിനെ സംഭവിച്ചാൽ കണ്ടവൻ 7 ദിവസത്തിന്നുള്ളിൽ വല്ല ദീനവും പിടിച്ചു മരിക്കുമെന്നും അന്നിക്കരക്കാർ എല്ലാവരും വിശ്വസിക്കുന്നുണ്ടു്. ഈ വിശ്വാസംനിമിത്തം ആക്കെത്ത ദീനം പിടിച്ചാലും വൈദ്യന്മാരുംകൂടി മുമ്പിൽ ചോദിക്കുന്നതു കണ്ടിലെക്കറുപ്പനേയോ ഗന്ധവ്വനേയോ കണ്ടുവോ എന്നാണു്. ഇല്ലെന്നു പറഞ്ഞാലും 7 ദിവസത്തിന്നുള്ളിൽ മരിച്ചാൽ ഇതാണു് കാരണമെന്നു തീർച്ചയാക്കിക്കഴിയും.

അന്നിക്കരക്കാരുടെ അന്ധവിശ്വാസംകൊണ്ടു് അവിടങ്ങളിൽ മോഷണംചെയ്തു നിത്യവൃത്തി കഴിക്കുന്ന കള്ളന്മാരെല്ലാം രാത്രിയായാൽ നിർഭയമായി സഞ്ചരിക്കാറുണ്ടു്.

പുതുമാപ്പിളയുടെ മോതിരം ഭദ്രമാക്കണമെന്ന വിചാരം ശങ്കുവിന്നുണ്ടായിരുന്നില്ല. ഉടമസ്ഥനോ പോലീസ്സുകാരോ പിന്നാലെ ഓടിവന്നു തന്നെ പിടിച്ചാൽപ്പോലും അല്പകാലത്തേയ്ക്കു് എരവൽ വാങ്ങിയതാണെന്നു പറയാൻ നിശ്ചയിച്ച ഭയംകൂടാതെ മോതിരത്തിനെ കയ്യിലിട്ടുംകൊണ്ടാണു് ശങ്കു നടന്നിരുന്നതു്. അന്നിക്കരയ്ക്കുള്ള വഴിയെപ്പറ്റി ഒരു നായരോട ചോദിച്ചപ്പോൾ ആയാൾ ചെറുചുഴ കടന്നു വടക്കോട്ടു പോകേണ്ടോളാണെന്നും അതുവരെ

കൂടെത്തന്നെ വരാമെന്നും പറഞ്ഞു. ആ നായരും ശങ്കുവും കൂടി നടക്കുമ്പോൾ അന്നിക്കരയിലുള്ള വിശേഷങ്ങളെപ്പറ്റിയും അന്നിക്കരക്കാരുടെ അന്ധവിശ്വാസങ്ങളെപ്പറ്റിയും പറയാൻ തുടങ്ങി. ആ വൃത്താന്തം ഭൂതപ്രേതപിശാചുക്കളിൽ പൂർണ്ണവിശ്വാസത്തോടുകൂടിയും വിവിധരസങ്ങളോടും അതുകളുടെ ശാരീരികചേഷ്ടകളോടും കൂടിയും നായർ ശ്വാസംവിടാതെ പറഞ്ഞുകൊണ്ടും ശങ്കു അതെല്ലാം കേട്ടു രസിച്ചുകൊണ്ടും നടന്നിരുന്നതിനാൽ വഴിയുടെ ദൈഘ്ര്യം കുറഞ്ഞതുപോലെ യാത്രാക്ലേശം അറിയാതെ രണ്ടുപേരും ചെറുപുഴയെത്തി. നായർക്ക് അന്നിക്കരയെപ്പറ്റിപ്പറയാനുള്ളതു മുഴുവനും പറഞ്ഞുകഴിഞ്ഞിരുന്നില്ല. എങ്കിലും ശങ്കു അന്നതന്നെ മടങ്ങുമെന്നു പറഞ്ഞിരുന്നതിനാൽ ഇരുട്ടിയും അപകടമായ ദേശത്തിൽനിന്നു സന്ധ്യയ്ക്കുമുമ്പ ശങ്കുവിനു മടങ്ങേണ്ടതാണല്ലോ എന്നു പറഞ്ഞു വൃത്താന്തം അവസാനിപ്പിച്ചു രണ്ടുപേരും തമ്മിൽ പിരിഞ്ഞു. പിരിയുമ്പോൾ പിന്നെ ആരോടും ചോദിച്ചറിയേണ്ടാവശ്യമില്ലാത്തവിധത്തിൽ വിവരമായി കോട്ടയിലെ വീട്ടിൽ ചെന്നു കയറുന്നതുവരെയുള്ള വഴി നായർ പറഞ്ഞുകൊടുത്തു. അതിനുശേഷം അന്നിക്കരയിൽ താൻ ആദ്യമായി പോകയാണെന്നുള്ള ഭാവം മാറി സാധാരണ പോകാറുള്ളവനെപ്പോലെ ശങ്കു നടന്നു. അന്നിക്കരയുടെ വായുകോണിൽ ചെറുപുഴയുടെ വക്കത്തുകൂടിയുള്ള വഴിയിൽക്കൂടി ശങ്കു അന്നിക്കരയ്ക്കകത്തു കടന്നു. അങ്ങുമിങ്ങും അപരിചിതനെപ്പോലെ നോക്കിനില്ക്കാതെ കോട്ടയിലെ വീട്ടിലേയ്ക്കുതന്നെ പോകണമെന്നു ശങ്കു വിചാരിച്ചുപോലെ ഒന്നും സാധിച്ചില്ല. കേട്ടേടംകൊണ്ട് അന്നിക്കരയു

ടെ അതിരുകളായിക്കിടന്നുറങ്ങുന്ന മലകൾ പരിഷ്കാരപ്പട
യെത്തടുത്തുനിത്താൻ കെട്ടീട്ടുള്ള കോട്ടമതിലുകളാണെന്നു
ശങ്കുവിന്നു തോന്നിയെങ്കിലും ഉള്ളിൽക്കടന്നു് അവിടെയു
ള്ള വയലുകളേയും തോട്ടങ്ങളേയും മലഞ്ചരിവുകളിലുള്ള
കെട്ടിടങ്ങളേയും ഒന്നു നോക്കിയപ്പോൾ നേത്രാനന്ദംകൊ
ണ്ടു ശങ്കു കുറേ നേരം നോക്കിക്കൊണ്ടുതന്നെ നിന്നു. വങ്കു
ളത്തിലെ പാറയ്ക്കു ചുറ്റും ഇടതൂർന്നു വികസിച്ചുനില്ക്കുന്ന
താമരപ്പൂക്കളേയും അതുകളിലെ മധു മതിയാവോളം കുടി
ച്ചു മദത്തോടുകൂടി പാട്ടു പാടിക്കോലാട്ടം കളിക്കുന്ന വണ്ടു
കളേയും കണ്ടപ്പോൾ കമലാമ്മാളുടെ നാലുകെട്ടിന്റെ നു
ടമുറ്റത്തിൽ കാണപ്പെടിട്ടിരിക്കുന്നതിന്റെ ചുറ്റും ഉർവ്വ
ശി, മേനക, രംഭ, തിലോത്തമ മുതലായ ദേവസ്ത്രീരത്നങ്ങൾ
മുറ്റത്തു കളിക്കുകയാണെന്നും ശങ്കുവിന്നു തോന്നി.
നോക്കിനോക്കി ശങ്കുവിന്റെ നിത്രപ്രണശക്തിക്കു കലി
വന്നു. വങ്കുളത്തിലെ കമലങ്ങൾ കമലങ്ങളല്ലെന്നും കുജ
ബുധഗുരുശുക്രാദിഗ്രഹങ്ങളിൽനിന്നു ഭൂഗോളത്രുപലാവ
ണ്യത്തെ നിരവധി ദൂരദർശിനീയന്ത്രങ്ങളാൽ നോക്കി അ
തിശയിക്കുന്നവരുടെ നേത്രകോടിപ്രതിബിംബങ്ങളാണെ
ന്നും കേരളശ്രീയുടെ നെറ്റിയിൽ പഞ്ചവർണ്ണങ്ങളിലും
പൊട്ടിന്മേൽ പൊട്ട തൊട്ടിട്ടുള്ളതാണു് അന്നിക്കരദേശമെ
ന്നും സുരഗംഗയെ ഭഗീരഥൻ ഭൂലോകത്തേയ്ക്കു കൊണ്ടുപോ
രികനിമിത്തം സപ്തർഷിയിൽ സ്നാനാദികർക്കുള്ള ജലത്തി
ന്നു വറുതി പിടിച്ചതുകൊണ്ടു ദേവന്മാരെല്ലാം ഭൂമിയിൽ
അവതരിച്ചപ്പോൾ വങ്കുളത്തിലെ ജലശുദ്ധി കണ്ടു് അ
വിടെത്തന്നെ കൂടിച്ചു തേവാരം കഴിക്കയാണെന്നും അവർ
പ്രതിഷ്ഠിച്ചിട്ടുള്ള വിഷ്ണുബിംബമാണു് വങ്കുളത്തിലെ പാറ

യെന്നും അവർ അപ്പിച്ചിട്ടുള്ള പുഷ്പങ്ങളാണു്
ടക്കുന്നതെന്നും ഖണ്ഡുകളുടെ ഝങ്കാരം അവർ പൂ
ചെയ്യുമ്പോൾ ഉച്ചരിക്കുന്ന മന്ത്രോച്ചാരണശബ്ദമാ
സുരലോകതരംഗിണി ഭൂമിയിൽ പതിക്കാൻ ഇടം
ടിച്ചപ്പോൾ അവളുടെ ഭപ്പം ശമിപ്പിക്കാൻ ശംഭു കാണ
ച്ച ശിരോമദ്ധ്യമാണു് അന്നിക്കരയെന്നും, പിന്നീട് ഗംഗ
യെ പുറത്തേയ്ക്കു വിട്ടതാണു് ചെറുപുഴയെന്നും, സൂര്യഭഗ
വാൻ ആദ്യമായി ഭൂമിയിൽ ഉദിച്ചപ്പോൾ എതിരേറ്റു
സ്വാഗതം പറയാൻ പുഷ്പഫലാദികളോടുകൂടിക്കൊണ്ടു
പോകുന്ന താലമാണു് അന്നിക്കരെ ദേശമെന്നും മറ്റുമി
ങ്ങിനെ പലവിധത്തിലും മനസ്സിൽ തോന്നുകയാലുണ്ടായ
വാചാമഗോചരമല്ലാത്ത ആഹ്ലാദംകൊണ്ടു നമ്മുടെ കഥാ
നായകൻ മിഴിച്ചുനോക്കിയ കണ്ണടയ്ക്കാതെ കുറേ നേരം
നിന്നുപോയി. മനസ്സിലുള്ള അന്ധകാരംകൊണ്ടോ അതി
പരിചയംകൊണ്ടോ സ്ഥലമഹിമയറിയാത്ത മൂഢനല്ല ഇ
വിടെ വസിക്കണ്ടതെന്നും നോക്കുന്തോറും ആനന്ദവും ആ
ഹ്ലാദവും വർദ്ധിക്കുന്ന മനസ്സുള്ള തന്നെപ്പോലെ ഇരിക്കുന്ന
വരാണു് ഇവിടെ സ്ഥിരവാസം ചെയ്യേണ്ടതെന്നും ശങ്കു
വിചാരിച്ചു. തനിക്കുണ്ടായ മനോവികാരങ്ങളും പുതുതായി
കണ്ടതുകൊണ്ടാണെന്നുള്ള ബോധമില്ലാതേയും ആദ്യം
നിന്നപോലെ നോക്കിക്കൊണ്ടുതന്നെ നില്ക്കാതെ തനിക്കു
കോട്ടയിലെ വീട്ടിലേയ്ക്കു പോകാൻ തോന്നിയതു് എന്തു
കൊണ്ടാണെന്നും ആലോചിക്കാതെ അന്നിക്കരക്കാരെ നി
ന്ദിച്ചു ശങ്കു നടന്നുതുടങ്ങി.

കോട്ടയിലെ വീട്ടിൽ പലേ തായ്വഴികളും അനവ
ധി ആളുകളും ഉള്ളതിനാൽ തറവാട്ടുവകയും വളരെ വല്ല

തായിട്ടാണു് കെട്ടിയിറിക്കുന്നതു്. ആളുകൾ വളരെയുള്ളതുകൊണ്ടു് പുതിയ മുഖം വല്ലതും കണ്ടാൽ വല്ലവരുടേയും പുതിയ വാലിയക്കാരനായിരിക്കുമെന്നു വിചാരിച്ചു് അവനോടു് ഒന്നും ചോദിക്കാതെ പോകുന്നതു ആ വീട്ടിലെ എല്ലാവരുടേയും ശീലമാണു്. ശങ്കു കയറിച്ചെന്നപ്പോൾ കണ്ടവരാരും ഒന്നും ചോദിച്ചില്ല. നാണുവിന്റെ വാക്കിൽനിന്നു കിട്ടിയ അറിവുപ്രകാരം ശങ്കുവിനു് ആയാൾ കണ്ട സ്ത്രീകളാരും പാറുക്കുട്ടിയമ്മയോ കുഞ്ഞിക്കാവമ്മയോ ആണെന്നു തോന്നിയില്ല. കുഞ്ഞിക്കാവു് ഒന്നോരണ്ടോ പ്രാവശ്യം അകായിൽനിന്നു നോക്കിയപ്പോൾ ശങ്കുവിനെക്കണ്ടു. സാധാരണ നടപടിപ്രകാരം പുതിയതായ ഒരാളെക്കണ്ട വിവരം താൻ ആരോടും പറഞ്ഞതുമില്ല. പാറുക്കുട്ടിയമ്മയുടെ ഒരു മുണ്ടു് ഉണങ്ങാൻ എറയത്തു കെട്ടിയിരുന്നതു് എടുത്തുകൊണ്ടു വരുവാൻ കുറെ മുമ്പെ പാറുക്കുട്ടിയമ്മ കുഞ്ഞിക്കാവിനോടു പറഞ്ഞിട്ടുണ്ടായിരുന്നു. അതിനാണു് ഒന്നരണ്ടു തവണ ഉമ്മറത്തേയ്ക്കു പോവാൻ ശ്രമിച്ച ശങ്കുവിനെക്കണ്ടു ശങ്കിച്ചു മടങ്ങിയതു്. മുണ്ടു കിട്ടാൻ പാറുക്കുട്ടിയമ്മയ്ക്കു ബദ്ധപ്പാടായപ്പോൾ മുഖം ഒന്നു കറുപ്പിച്ചു. "കുഞ്ഞിക്കാവു പറഞ്ഞതു കേൾക്കാതായിത്തുടങ്ങിയോ?" എന്നു ചോദിച്ചു.

കു—അവിടെ കോലായിൽ ആരോ ഒരാളുണ്ടു്.

പാ—വല്ല വാലിയക്കാരനുമായിരിക്കും.

കു—വാലിയക്കാരനല്ല. എജമാനൻതന്നെ.

പാ—അങ്ങനെ ഒരു യോഗ്യൻ ഇവിടെ വന്നിട്ടു് ആരും ഒരു പായ കൊട്ടക്കാതേയോ മുറുക്കാൻ കൊട്ടക്കാതേയോ ഇരിക്കുമോ?

കു—അതെന്തോ ചെറുപ്പമായിട്ടൊരാളാണു്. കണ്ടാൽ യോഗ്യനാണു്.

പാ—ഞാൻ പോയി നോക്കട്ടെ.

ശങ്കു കുറെ നിന്നു കുഴങ്ങിയപ്പോൾ തോത്തുമുണ്ടു വിരിച്ചു് ഉമ്മറത്തേയ്ക്കു നോക്കിക്കൊണ്ടു തൂണും ചാരി ഇരുന്നു. പാറുക്കുട്ടിയമ്മ ഉമ്മറത്തു ചെന്നപ്പോൾ നഖശിഖപര്യന്തം ശങ്കു കുനു നോക്കി. കുറച്ചു പ്രായാധിക്യമായിരുന്നില്ലെങ്കിൽ കുഞ്ഞിക്കാവാണെന്നു വിചാരിക്കത്തക്ക രൂപലാവണ്യം ആ സ്ത്രീക്കു ഉണ്ടായിരുന്നു.

ശ—നിങ്ങളല്ലേ പാറുക്കുട്ടിയമ്മ?

പാ—അതേ.

ശ—നിങ്ങൾക്കു് ഈ മുണ്ടാവശ്യമുണ്ടെന്നു കേട്ടു. വേണമെങ്കിൽ എടുക്കാം.

എന്നു പറഞ്ഞു മുണ്ടു് അവിടെ വെച്ചുകൊടുത്തു.

പാ—എനിക്കു് ഈ മുണ്ടു് ആവശ്യമുണ്ടെന്നു് ആരാണു് പറഞ്ഞതു്?

ശ—അതിനെപ്പറ്റി അറിഞ്ഞിട്ടും പറഞ്ഞിട്ടും ഇപ്പോൾ ആവശ്യമില്ല. വേണമെങ്കിൽ എടുത്തുകൊള്ളൂ.

പാ—മുണ്ടു കിട്ടിയാൽക്കൊള്ളാമെന്നു താല്പര്യമുണ്ടു്. തല്ക്കാലം ഉറുപ്പിക കയ്യിലില്ല. അദ്ദേഹം നാളയേ വരുള്ളൂ. ഉറുപ്പിക രണ്ടു ദിവസം കഴിഞ്ഞിട്ടു തന്നാൽ മതിയോ?

ശങ്കു—മുണ്ടു വിറ്റു മുതലാക്കാൻ വന്ന കച്ചവടക്കാരനല്ല ഞാൻ. നിങ്ങൾക്കു് ഈ മുണ്ടിൽ വളരെ വളരെ ആഗ്രഹമുണ്ടെന്നു കേട്ടപ്പോൾ അതിനെ സാധിപ്പിപ്പാൻ വേണ്ടി മാത്രം വന്നതാണു്.

ചാ—നിങ്ങടെയാണോ മുണ്ടു്? അതാ മുണ്ടിന്റെ ഉടമസ്ഥൻ നിങ്ങളുടെ കയ്യിൽ തന്നയച്ചതോ?

ശങ്കു—മുണ്ടിന്റെ ഉടമസ്ഥൻ എന്റെ കയ്യിൽ തന്നതാണു്.

ചാ—ഉടമസ്ഥൻ ഇന്നാളാണെന്നറിഞ്ഞാൽ രണ്ടു ദിവസത്തെ കാര്യത്തിനു ഞാൻ എഴുതി അയച്ചു നിത്തിക്കൊള്ളാം.

ശങ്കു—ഉടമസ്ഥൻ നിങ്ങളെ അറികതന്നെ ഇല്ല. എഴുതി അയച്ചാൽ നില്ലുമെന്നു തോന്നുന്നില്ല. എന്നു മാത്രമല്ല ഇപ്പോൾ വില കയ്യിൽ തരാഞ്ഞാൽ പിന്നെ ഈ മുണ്ടു നിങ്ങൾക്കു കിട്ടുകയുമില്ല.

ചാ—എന്താ വില?

ശ—16½ക യാണു് വില. 8ണ അലക്കുകൂലിയും കൊടുത്തിട്ടുണ്ടു്. പിന്നെ നിങ്ങൾ വല്ലതും കൂട്ടിക്കൊടുക്കുമെന്നും പറഞ്ഞു കേട്ടു.

ചാ—പെരുത്തേടൻ നാണുവായിരിക്കുമോ പറഞ്ഞതു്?

ശ—അങ്ങനെ വിചാരിച്ചു കൊള്ളുവിൻ.

ചാ—കുഞ്ഞിക്കാവേ! എവിടുന്നാ കുറെ ഉറുപ്പിക കിട്ടുന്നതു്? വീട്ടിൽ കടവും മുട്ടിൽ കുരുവും ഒരുപോലെയാണു്. ഞാൻ ഈ വീട്ടിൽ ആരോടും ചോദിക്കില്ല. കുന്നത്തെ ഇച്ചിക്കാവിന്റെ കയ്യിൽ ഉറുപ്പികയുണ്ടു്. തെക്കെച്ചെരുവിൽ പോകാൻ ആ കുരുത്തംകെട്ടവൾ വീട്ടിലേയ്ക്കു പോയിട്ടു് ഇനിയും വന്നിട്ടില്ല.

ഈ സംഭാഷണം മുഴുവനും കേട്ടുകൊണ്ടാണു് ശങ്കു ഇരുന്നിരുന്നതു്.

ശ—തുണയില്ലാതെ പോകാതിരിക്കണ്ട. അതു പക്ഷേ ഞാൻതന്നെ വരാം—ഞാൻ മതിയെങ്കിൽ.

പാ—നിങ്ങളായിട്ടും പരിചയമില്ലല്ലോ.

ശ—ഇതൊക്കെ അന്യനെ കൊപ്പിക്കാനല്ലേ? ഞാനും നിങ്ങളും തമ്മിൽ പരിചയമില്ലാത്തതു ഇച്ചിക്കാവമ്മ അറിയില്ലല്ലോ?

പാ—എങ്കിലും ഒരു പരിചയവും ഇല്ലാത്താളുടെ കൂടെ പ്പോകേണ്ട കായ്മമല്ലേ?

ശ—അതുകൊണ്ടൊരു ദൂഷ്യം തട്ടില്ലെന്ന മാത്രം പറയാനേ എനിക്ക ഭാരമുള്ളു. ബാക്കിയെല്ലാം നിങ്ങടെ ഉറപ്പുപോലെ.

പാറുക്കുട്ടിയമ്മയ്ക്ക മുണ്ടിലുള്ള കൊതികൊണ്ടും അമ്പലത്തിൽ പോകാൻ നേരം അതിക്രമിക്കുന്നതുകൊണ്ടും അപരിചിതനായ ശങ്കുവിനെ തുണകൂട്ടിപ്പോകുന്നതിലുള്ള അനൌചിത്യം അത്ര പ്രബലമായി തോന്നിയില്ല. പാറുക്കുട്ടിയമ്മ ഉടൻതന്നെ അവരുടെ മുറി തുറന്നു കട്ടിൽ പന്തലിൽ മുണ്ടിനെ ചെല്ല പെട്ടി തുറന്നു എന്തോ ഒരാഭരണം എടുക്കുന്നതു തുറന്നുകിടന്നിരുന്ന ജനലിൽക്കൂടി ശങ്കു കണ്ടു. പാറുക്കുട്ടിയമ്മ അകംപൂട്ടി "എന്നാൽ പോകയല്ലേ?" എന്നു ചോദിച്ചു നടയിൽ വന്നുനിന്നു. ക്രിയാകേവലമുത്തരമായി ശങ്കുവും പുറപ്പെട്ടു. പാറുക്കുട്ടിയമ്മയുടെ അനുജത്തിയെ ഒരു നോട്ടം കണ്ടാൽക്കൊള്ളാമെന്നു ശങ്കുവിനു തോന്നിയിരുന്നു. അങ്ങനെ തോന്നിയതു് എത്രത്തോളം സുന്ദരരൂപമാണെന്നറിയാൻവേണ്ടി മാത്രമാണു്. ജ്യേഷ്ഠത്തിയും അനുജത്തിയും തമ്മിൽ സംസാരിക്ക

മ്പോൾ ഒന്നെത്തിനോക്കിയാലോ എന്നു തോന്നായ്കയില്ല. അതു തനിക്കു യോഗ്യതയല്ലെന്നു പ്രബലമായി തോന്നുകയാലാണ് അനങ്ങാതിരുന്നതു്. പാറുക്കുട്ടിയമ്മയുടെ പിമ്പെ പോകുമ്പോൾ കണ്ണിനു ഭാഗ്യമുണ്ടെങ്കിൽ കാണട്ടെ എന്നു വിചാരിച്ചു് ഒന്നു പിന്തിരിഞ്ഞു നോക്കി. ഇയ്യാൾ പിന്തിരിഞ്ഞു നോക്കുമെന്നുള്ള വിചാരമില്ലാതെ ജ്യേഷ്ഠത്തി പോകുന്നതിനെയും നോക്കിക്കൊണ്ടു കുഞ്ഞിക്കാവു വാതിലിന്നരികത്തു നിന്നിരുന്നു. ശങ്കു തിരിഞ്ഞു നോക്കിയപ്പോൾ മറവില്ലാതെ കണ്ടു. രണ്ടുപേരും വിചാരിയാതെ അന്യോന്യം ഒന്നു നോക്കി.

"നിലവിട്ടൊന്നു പകച്ചു നിന്നുപോയി
കല വെട്ടീടിന കുറിവാഴപോലെ."

എന്നു പറഞ്ഞ കൂട്ടത്തിൽ ശങ്കു ശങ്കുവിനെപ്പോലെ നിന്നു. കുഞ്ഞിക്കാവു കടക്കണ്ണിനെ ഇഴത്തെടുത്തുകൊണ്ടു മുഖം തിരിച്ചു. ശങ്കുവിന്റെ മനസ്സു മുഖത്തിൽനിന്നു പിരിഞ്ഞിട്ടില്ലാതിരുന്നതിനാൽ കുചഭാരത്തിനെ അധികം കാണാൻ കഴിഞ്ഞില്ല. മുഴുവൻ കാണായ്കയുമില്ല.

പിന്നാലെ ആരോ വരുന്ന കാൽശബ്ദം കേൾക്കാതായപ്പോൾ പാറുക്കുട്ടിയമ്മ ഒന്നു തിരിഞ്ഞുനോക്കി. ഭാഗ്യവശാൽ അതിനുമുമ്പുതന്നെ കുഞ്ഞിക്കാവു ശങ്കുവിന്റെ ദൃഷ്ടിമാർഗ്ഗം വിട്ടു മറഞ്ഞിരുന്നു.

പാ—എന്താ നോക്കിക്കൊണ്ടു നില്ക്കുന്നതു്?

ശ—ഇത്ര വലിയ വീട്ടിൽ പത്തിരുപതുരുപ്പിക എടുക്കാനില്ലാഞ്ഞതു വിചാരിച്ചു് അത്ഭുതപ്പെട്ടു നിന്നുപോയതാണു്.

ശങ്കുവിന്റെ ഈ സമാധാനം അനുതമായി തല്ലൂാ ലം സൃഷ്ടിച്ചതാണെന്നു പാറുക്കുട്ടിയമ്മയ്ക്കു തോന്നാൻ യാ തൊരു കാരണവുമുണ്ടായിരുന്നില്ല. അങ്ങനെ തോന്നിയ തുമില്ല. എന്നു മാത്രമല്ല ശങ്കു വിചാരിക്കുംപോലെ ആളു കൾ വിചാരിക്കുന്നതിൽ ആശ്ചര്യമില്ലെന്നും തോന്നി. ര ണ്ടുപേരും മൌനികളായി കുറെ ദൂരം നടന്നു.

ശ—നിങ്ങടെ സംബന്ധക്കാരൻ ആരാണു്?

പാ—അതൊക്കെ നിങ്ങൾക്കറിഞ്ഞിട്ടെന്താ കാര്യം?

ശ—ഈ ദാരിദ്ര്യം നിങ്ങടെ കൊള്ളരുതായ്മകൊണ്ടോ ഭ ർത്താവിന്റെ ഇല്ലായ്മകൊണ്ടോ എന്നറിയാനാണു്.

പാ—അദ്ദേഹത്തിന്റെ കയ്യിൽ ഇല്ലായ്മയൊന്നുമില്ല. സ്വകാര്യമായി പന്തീരായിരം പറ നെല്ലു പാട്ടം വരാ നുണ്ടു്. മുട്ടത്തെ ശേഖരമേനോൻ എന്നു കേട്ടിട്ടുണ്ടോ?

ശ—കേട്ടിട്ടില്ല. പിന്നെ എന്താ നിങ്ങൾ കയ്യിൽ കാ ശില്ലാതെ ഇരിക്കുന്നതു്? ഇങ്ങിനെ വല്ല ആവശ്യവും വ രീല്ല?

പാ—ഇതുവരെ അങ്ങിനെ തിട്ടക്കം വന്നിട്ടില്ല. മേലിൽ കരുതാം.

ശ—മുട്ട വന്നിട്ടില്ലെന്നു പറഞ്ഞതു വിശ്വസിക്കാൻ പ്രയാ സമായിരിക്കുന്നു. മുട്ടില്ലാത്താളുകൾ ആരുടെ കയ്യിലാ ണു് പണമുണ്ടായിരിക്ക എന്നുള്ളതു നിങ്ങളെപ്പോലെ അറിഞ്ഞിരിക്കയില്ല.

പാ—നിങ്ങൾ ആൾ വല്ലാത്തവനാണു്. ഞാൻ പറഞ്ഞ തു നൊണയാണു്. അദ്ദേഹത്തിന്നും വേണ്ട മുതലുണ്ടു്. എന്റെ തറവാട്ടിലും അതുപോലെതന്നെ. പക്ഷേ എ നിക്കു മുട്ടൊഴിഞ്ഞിട്ടുള്ള ദിവസമില്ല.

ശ—കടം വാങ്ങിയാൽ കൊടുത്തു വീട്ടേണ്ട കായ്യവും അ മാന്തിച്ചിട്ടുമെന്ന തോന്നുന്നു.

പാ—വാങ്ങിയതു കൊടുക്കാഞ്ഞാൽ വല്ലവരും സമ്മതി ക്കുമോ?

ശ—കൊടുക്കില്ല എന്നല്ല ഞാൻ പറഞ്ഞതിന്റെ താ ല്പര്യം. ആദ്യം പറഞ്ഞ കാലത്തിനുള്ളിൽ കൊടുക്കാ റില്ല.

പാ—നിങ്ങൾ മഹാവിരുതനായിരിക്കുന്നുവല്ലോ? ഇതെങ്ങ നെയാണു് നിങ്ങൾ അറിഞ്ഞതു്?

ശ—മുട്ടുള്ളാളുകൾക്കു അതു സാധിക്കാറില്ല. എന്നു മാത്രമ ല്ല പണയം വെയ്ക്കാനുള്ള പണ്ടവും കയ്യിലെടുത്തല്ലേ നിങ്ങൾ പുറപ്പെട്ടിട്ടുള്ളതു്? നിങ്ങടെയും നിങ്ങടെ സം ബന്ധക്കാരന്റെയും സ്ഥിതിക്കു നിങ്ങളോടു് ഈടു വാ ങ്ങാതെ പണം തരണ്ടേ?

പാ—കായ്യം ശരിയാണു്. വലിയ നിലയിലിരുന്നാൽ വ ലിയ ചിലവുണ്ടാകും. അപ്പോൾ കുറെയൊക്കെ മുട്ടില്ലാ തെ നടക്കില്ല. ഇപ്പോൾ ഇങ്ങിനെ ഒരു മുണ്ടിന്നാഗ്ര ഹം തോന്നുമെന്നും അതിങ്ങിനെ കിട്ടുമെന്നും. അ പ്പോൾ കൊടുപ്പാൻ പണം കയ്യിൽ വേണമെന്നും എ ല്ലാം മുൻകൂട്ടി ആക്കെങ്കിലും വിചാരിക്കാൻ തരമുണ്ടോ?

ശ—നിങ്ങടെ അനുജത്തി കുഞ്ഞിക്കാവമ്മയ്ക്കു സംബന്ധ ക്കാരനുണ്ടായിട്ടുണ്ടോ?

പാ—ഇതെല്ലാം അറിഞ്ഞിട്ടു നിങ്ങൾക്കെന്താ കായ്യം?

ശ—അറിഞ്ഞാൽ നിങ്ങൾക്കുതന്നെയാണുപകാരം.

പാ—അതെങ്ങിനെയാ?

ശ—ഞാൻ അറിഞ്ഞിരുന്നാൽ വല്ലവരും സംബന്ധം ചെയ്യാനാലോചിക്കുമ്പോൾ പറയാനും അതുനിമിത്തം സംബന്ധക്കാരനുണ്ടാകാനും ഇടയില്ലല്ലോ?

പാ—അങ്ങിനെ വല്ലവരും ആലോചിക്കുമ്പോൾ ഇവിടെ സമ്മതിക്കാനൊരുക്കമാണെങ്കിൽ അവൾ ഇത്ര വയസ്സായിരിക്കാൻ സംഗതിയുണ്ടോ?

ശ—എത്ര വയസ്സായി?

പാ—20 കഴിഞ്ഞ കന്നിയിൽ കഴിഞ്ഞു.

ശ—ആരാലോചിച്ചാലാണു് നിങ്ങൾ സമ്മതിക്കുക?

പാ—കണ്ടാൽ നന്നായിട്ടും കൈമുതലുണ്ടായിട്ടും വല്ല തമ്പുരാക്കന്മാരോ പ്രഭുക്കളോ വന്നാലേ കൊടുക്കുള്ളൂ.

ശ—കണ്ടാൽ ദൃഷ്യമില്ലാതെയും നല്ല വിദ്വാനായും മുതലുള്ളവനായാലും തമ്പുരാനും സ്ഥാനിയുമല്ലാത്തവർ വന്നാൽ നിങ്ങൾ കൊടുക്കില്ലെന്നു തീച്ചയാണോ?

പാ—ദൈവം എങ്ങിനെയാണു് വരുത്തുക എന്നറിഞ്ഞവരില്ലല്ലോ. വരുന്നതെങ്ങിനെയോ വരട്ടേ. ഉള്ളിലെ ആശ ഞാൻ പറഞ്ഞതാണു്. നിങ്ങൾ എങ്ങിനെയാണു് എനിക്കൊരനുജത്തിയുണ്ടെന്നും സംബന്ധക്കാരൻ വന്നിട്ടില്ലെന്നും ഒക്കെ അറിഞ്ഞതു്? ഈ അന്വേഷണം വല്ലതും ഉദ്ദേശിച്ചാണോ?

ശ—എല്ലാവരും അറിയത്തക്ക സൌന്ദര്യം നിങ്ങടെ അനുജത്തിക്കുണ്ടു്. ഞാൻ ഇപ്പോൾ ചോദിച്ചതു് ഒന്നും ഉദ്ദേശിച്ചല്ല. എന്താ നിങ്ങടെ ജാതി?

പാ—ഞങ്ങൾ ചാന്നാരുമാന്മാരാണു്.

ശ—നിങ്ങൾക്കു മുതലുണ്ടു് എന്നു നിങ്ങൾ പറഞ്ഞില്ലേ? എന്തുണ്ടു് തറവാട്ടിലു്? എന്തു സ്വകാര്യമുണ്ടു്?

പാ—വാസ്തവം പറയുന്നതാണെങ്കിൽ നിങ്ങടെ ചോദ്യങ്ങളൊന്നും എനിക്കു രസിക്കുന്നില്ല. ഇങ്ങിനെയെല്ലാം ചോദിക്കുമെന്നറിഞ്ഞിരുന്നാൽ ഞാൻ നിങ്ങളെ തുണകൂട്ടി വരില്ലായിരുന്നു.

ശ—അതെനിക്കു മനസ്സിലായി. പക്ഷേ ആ രസക്കേടു പരിചയക്കുറവുകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതല്ല എന്നു വിചാരിച്ചു നിങ്ങളെ ബുദ്ധിമുട്ടിച്ചതാണു്. രസക്കേടുണ്ടെങ്കിൽ മറുപടി പറയാൻ ആവശ്യപ്പെടുന്നില്ല.

പാ—എന്റെ സകല വൃത്തമാനവും നിങ്ങൾ ചോദിച്ചു മനസ്സിലാക്കി. നിങ്ങൾ ആരാണെന്നോ എന്താണെന്നോ ഒന്നും പറയുന്നതുമില്ല.

ശ—ഞാൻ നിങ്ങൾക്കു മുണ്ടുകൊണ്ടുവന്നുതരാൻ വന്ന ഒരാളാണു്.

പാ—അതു ശരി. പേരെന്താണു്? എന്താണെനിക്കു മുണ്ടു തരണമെന്നു തോന്നിയതു്? ഉടമസ്ഥൻ ആരാണു്?

ശ—ഉടമസ്ഥൻ ആരെങ്കിലും ആകട്ടെ. ഒരു മുണ്ടിൽ നിങ്ങൾ വളരെ ആഗ്രഹിച്ചിരിക്കുന്നു. ഉടമസ്ഥനു് അതുപോലെ വേറെ മുണ്ടും ഉണ്ടു്. അതു പോയാലും നെയ്തു വരുത്താൻ സാധിക്കും. ആ സ്ഥിതിക്കു് ഒരു മുണ്ടു നിങ്ങളും ഉടുക്കട്ടെ എന്നൊരു ധർമ്മബുദ്ധി തോന്നിക്കൂടേ?

പാ—പുരുഷന്മാർക്കു സ്ത്രീകളുടെ മനസ്സിന്റെ സ്ഥിതി അറിഞ്ഞുകൂടാ. വസ്ത്രാഭരണാദിവിഷയത്തിൽ മറ്റുള്ളവർക്കുള്ളതിനേക്കാൾ എന്തെങ്കിലും ഒരു വിശേഷം തനിക്കുണ്ടായിരിക്കേണമെന്നാഗ്രഹമില്ലാത്ത സ്ത്രീയില്ല. ത

ന്നെപ്പോലെ മറുള്ളവക്കുണ്ടാകുന്നതിൽ അ
ന്നാതിരിക്കേണമെങ്കിൽത്തന്നെ ജരാനര വന്നു
വം നിലച്ചു സ്ത്രീതപം പോയ കാലം വരണം. അപ്പോ
തന്നെപ്പോലെ മറുള്ളവരും അനുഭവിക്കട്ടേ എന്നു
ധമ്മബുദ്ധി തോന്നണമെങ്കിൽ എത്രയെത്ര അറിവും
വാദ്ധ്യവും വേണം? അങ്ങിനെയുള്ളവർ ഈ മുണ്ടത
ന്നെ വാങ്ങുമോ? നിങ്ങൾക്കു സ്ത്രീസ്വഭാവത്തിൽ പരി
ചയം കുറയും.

ശ—നിങ്ങൾ പറഞ്ഞപ്രകാരമേ ലോകത്തിൽ സ്ത്രീകളുള്ളൂ
എങ്കിൽ ഈ മുണ്ടിന്റെ ഉടമസ്ഥൻ ഒരു പെണ്ണല്ല എ
ന്നു വരണം. വാസ്തവത്തിൽ പ്രായാധിക്യമില്ലാത്ത ഒ
രു തരുണിയാണു് ഉടമസ്ഥ.

ചാ—അങ്ങിനെയാണെങ്കിൽ ആ സ്ത്രീ അസാമാന്യഗുണ
മുള്ളവളാണു്. ബഹുമാനിക്കേണ്ട കൂട്ടത്തിലാണു്. അ
തുകൊണ്ടാണു് ഉടമസ്ഥനെപ്പറ്റി ഞാൻ നിങ്ങളോടു
ചോദിച്ചതു്.

ശ—ശരിതന്നെ. ആ സ്ത്രീ ബഹുമാനത്തിനും അഥവയു
ള്ളവളാണു്. ഏതാ കുന്നത്തെ പീടു്?

ചാ—ഇതാ ഇനിയത്തെപ്പടിയാണു്.

ശ—അകത്തു ചെന്നു വെറുതേ താമസിക്കരുതേ. നേരം
വളരെ കഴിഞ്ഞുപോയി.

തനേറയും മുണ്ടുടമസ്ഥനേറയും പേരുകളേയും മറും
വെളിപ്പെടുത്താതെ മുൻകാണിച്ചവിധം സംഭാഷണം
ചെയ്തുകഴിഞ്ഞപ്പോഴെയ്ക്കും ശങ്കുവും പാറുക്കുട്ടിയമ്മയും കു
ന്നത്തെപ്പടിയെത്തി. ശങ്കു കുറച്ചു നേരം മാറത്തു നിന്നു

പിന്നെ കോലായിൽ ഇരുന്നു. പാറുക്കുട്ടിയമ്മ ഇച്ചിക്കാ പിനെക്കണ്ടു പതിനെട്ടുറുപ്പിക പത്തിന്നു കാൽ പലിശയ്ക്കു വാങ്ങി യാത്ര പറഞ്ഞിറങ്ങി. നടവരെ ഇച്ചിക്കാവും വഴി യാക്കാൻ വന്നു. ശങ്കുവും പാറുക്കുട്ടിയമ്മയും കുന്നത്തെപ്പു ടി കടന്നു നടക്കാൻ തുടങ്ങി. പാറുക്കുട്ടിയമ്മ പിന്നെയും പേരും മറവും ചോദിക്കുമെന്നു ഭയപ്പെട്ട ശങ്കു വിഷയാന്ത രത്തിൽ പ്രവേശിച്ചു ചോദ്യങ്ങൾ തുടങ്ങി.

ശ—എന്തു പലിശയ്ക്കാണിവിടങ്ങളിൽ സാധാരണ പണ ങ്ങൾ കൊടുക്കലും വാങ്ങലും.

പാ—വലിയ സംഖ്യയാണെങ്കിൽ ഒരു പണം. അല്ലെ ങ്കിൽ ഞാൻ ഇതാ കൊടുത്തപോലെ 10-നു കാൽ പ ലിശ കൊടുക്കണം. ഞാൻ എന്തിനാ ഇതിനെപ്പോ നടക്കുന്നതു്? ഇതാ.

എന്നു പറഞ്ഞു് ഉറുപ്പിക പതിനെട്ടും പാറുക്കുട്ടിയ മ്മ ശങ്കുവിന്റെ കയ്യിൽ കൊടുത്തു.

ശ—ഇതിൽ ഒരുറുപ്പിക അധികം ഉണ്ടു്. പതിനാറര ഉ റുപ്പിക വിലയും അര രൂപ വെള്ളത്തോടനു കൊടുത്ത തുംകൂടി പതിനേഴുറുപ്പിക മാത്രമേ വിലയുള്ളു.

പാ—വില എനിക്കറിയാം. അലക്കുകൂലിയും അറിയാം. ഒരുറുപ്പിക അധികം തന്നതു നിങ്ങൾക്കുള്ള പ്രതിഫല മാണു്.

ശ—സന്തോഷം. ഇവിടെക്കുറെ പണവുംകൊണ്ടു വന്നിരു ന്നാൽ നല്ല പലിശ കിട്ടും. രണ്ടു ദിവസത്തിലകം ശേ ഖരമേനോൻ വന്നാൽ നിങ്ങൾക്കു പണം കിട്ടുമല്ലോ. ആ ദിവസത്തിന്നുള്ള പലിശമാത്രം ഇച്ചിക്കാവമ്മയ്ക്കു കൊടുത്താൽ പോരേ?

പാ—നാളെക്കൊണ്ടുവന്നു കൊടുക്കുന്നതായാലും ഒരു മാസത്തെ പലിശ കൊടുക്കണം. ഒരു മാസം കഴിഞ്ഞാൽ പിന്നെ നിന്നു ദിവസങ്ങൾക്കു മാത്രം മതി. ഇന്നുതന്നെ മടക്കിക്കൊടുത്താൽ പലിശ ചോദിക്കില്ല. അദ്ദേഹം ഇന്നു വരുമോ? എന്തോ ആർ കണ്ടു?

ഇവർ ഇത്രത്തോളം സംസാരിച്ചപ്പോൾ വേറെ ഒരു വീട്ടിന്റെ പടിപ്പുരയെത്തി. അവിടെ നിന്നിരുന്ന ഒരു സ്ത്രീ പാറുക്കുട്ടിയമ്മയെ അകായിലേയ്ക്കു ക്ഷണിച്ചു. അസമയമായതുകൊണ്ടു പോകേണമെന്നു പാറുക്കുട്ടിയമ്മ പറഞ്ഞപ്പോൾ എന്നാലൊന്നു മുക്കീട്ടു പോകാമെന്നു പറഞ്ഞു പാറുക്കുട്ടിയമ്മയെ ആ സ്ത്രീ പടിപ്പുരയിൽ പിടിച്ചിരുത്തി.

ശ—എന്റെ പേനക്കത്തി—(എന്നു പറഞ്ഞുതുടങ്ങിയ വാചകം മുഴുമിയാക്കാതെ മടിയിൽ തപ്പിനോക്കുന്ന ഭാവം നടിച്ചു) പാറുക്കുട്ടിയമ്മേ! ഒരു നിമിഷംകൊണ്ടു പോയിവരാം എന്റെ പേനക്കത്തി കുന്നത്തു വെച്ചു മറന്നു.

എന്നും പറഞ്ഞു ശങ്കു ബദ്ധപ്പെട്ടു കുന്നത്തേയ്ക്കുതന്നെ മടങ്ങി. പടിയകത്തു കടന്ന ഉടനെ ഇച്ചിക്കാവമ്മയെ വിളിച്ചു; മോതിരങ്ങൾ കയ്യിലിട്ടു് ഉമ്മറത്തേയ്ക്കു ചെന്നു, പിന്നെയും വിളിച്ചു. ഇച്ചിക്കാവമ്മ വന്നു.

ശ—അതാ ആ പടിപ്പുരയുള്ള വീട്ടിലെ ഒമ്മ പാറുക്കുട്ടിയമ്മയ്ക്കു 20ക. കൊടുക്കാനുണ്ടായിരുന്നതു കൊടുത്തു. നീങ്ങൾ ഇപ്പോൾ കൊടുത്തതു പതിനെട്ടുറുപ്പികയാണെന്നും അതു് ഇവിടെത്തന്നെ പണ്ടം മടക്കിവാങ്ങിക്കൊണ്ടുവരണമെന്നും എന്നോടു പറഞ്ഞു.

എന്നു പറയുന്നതോടുകൂടി മോതിരം ഇട്ടിട്ടുള്ള കൈ കൊണ്ടു് ഉറുപ്പിക അട്ടിയെപ്പിടിച്ചു ശങ്കു കൈ നീട്ടിക്കാണിച്ചു. പണ്ടം ഇച്ചിക്കാവമ്മയുടെ മടിയിൽത്തന്നെ ഉണ്ടായിരുന്നു. എങ്കിലും പണം ആ സ്ത്രീ മേടിച്ചില്ല.

ഇച്ചി—പാറുക്കുട്ടിയമ്മ എവിടെ? അവർ തന്ന പണ്ടം നിങ്ങടെ കയ്യിൽ തരുന്നതു വെടിപ്പുണ്ടോ?

ഇച്ചിക്കാവമ്മ ഇങ്ങിനെ പറഞ്ഞതു് എങ്ങിനെയെങ്കിലും ഒന്നരണ്ടു നാഴിക തൊറിയാൽ പിന്നെ രാത്രി ആരും സഞ്ചരിക്കയുമില്ല. നേരം വെളുത്താൽ തനിക്കു പലിശയും കിട്ടും എന്നൊക്കെ വിചാരിച്ചാണു്. എന്തു വിഷ്യ പറഞ്ഞിട്ടാണു് ഉറുപ്പിക മടക്കി അയയ്ക്കേണ്ടതെന്നാലോചിച്ചും ശങ്കുവിന്റെ വിളി കേട്ടു പുറത്തു വന്നതിനെപ്പറ്റി വ്യസനിച്ചും ഇച്ചിക്കാവമ്മ നില്പായി.

"ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ കള്ളനല്ലാത്തവൻ നേരിട്ടു പണ്ടം മടക്കിക്കൊടുത്തുകൊള്ളുവാൻ ക്ഷണിക്കയാണു് ചെയ്യേണ്ടതു്. ഞാൻ അതു പറഞ്ഞാൽ കഷ്ടകാലത്തിന്നു് ഈ സ്ത്രീ പിന്നാലെ വന്നാൽ എന്റെ കള്ളി വെളിച്ചത്താകും. ഇത്ര പലിശ കിട്ടുന്നപക്ഷം ഞാൻതന്നെ രണ്ടോ നാലോ ദിവസത്തിന്നു നിന്നുകൊള്ളാമെന്നു പറഞ്ഞാൽ പാറുക്കുട്ടിയമ്മ ഉണ്മയാണെന്നു വിശ്വസിക്കില്ലേ? കൂടെ വന്നാൽ അങ്ങിനെ ചെയ്യാം. നേരിട്ടു കൊടുക്കാൻ പറയാതിരിക്കുന്നതു സംശയത്തിന്നു വഴിയുണ്ടു്. പറഞ്ഞാൽ പാറുക്കുട്ടിയമ്മ എന്നെ വിശ്വസിക്കുന്നതിന്നും ഒരു വഴിയുമായി."

എന്നിങ്ങിനെ അരക്ഷണംകൊണ്ടു ശങ്കു വിചാരി

ച്ചു. അവിടെപ്പോയേണ്ടതിന്നവിധത്തിലാണെന്നുംകൂടി
വീരൻ ആലോചിച്ചുറച്ചു.

ശ—എന്തെങ്കിലും കഴികഴിവും പറഞ്ഞു് ഒരു ദിവസം
തൊറിയാൽ പലിശ കിട്ടുമെന്നു വിചാരിച്ചല്ലേ നി
ങ്ങൾ ഇങ്ങിനെ പറയുന്നതു്? പാറുക്കുട്ടിയമ്മ ഇരിക്കു
ന്ന പടിപ്പുര ഇവിടുന്നു നോക്കിയാൽ കാണാം. പി
ന്നെ ഇതു ക്ഷണത്തിൽ പണമുണ്ടാക്കി ഞാൻ ഇവി
ടെ വന്നതല്ലെന്നും നിങ്ങൾക്കറിയാം. ഞാൻ പണ്ടു
പുംകൊണ്ടു് ഓടിപ്പോകുന്നപക്ഷം എന്നെപ്പിടിക്കാനും
പ്രയാസമില്ല. ഇങ്ങിനെ ഇരിക്കെ നിങ്ങൾ ഈ പറയു
ന്നതു് ഒരു ന്യായമായിപ്പറയാമെങ്കിലും ഇപ്പോൾ പറ
ഞ്ഞതിന്റെ ഉദ്ദേശം ഇന്നതാണെന്നറിയാൻ കഴിയാ
ത്ത മനുഷ്യരുണ്ടോ? പണ്ടം നിങ്ങൾക്കു വിശ്വാസമി
ല്ലെങ്കിൽ എന്റെ കയ്യിൽ തരണമെന്നില്ല. നിങ്ങൾ
തന്നെ കൊണ്ടുപോയിക്കൊട്ടത്തുകൊള്ളുവിൻ. ഉറുപ്പി
ക കടം നിൽക്കുണ്ട. അതു വാങ്ങിക്കിൻ.

ഇച്ചു—പണ്ടം മടക്കിത്തരാതെ പണം വാങ്ങാൻ പാട
ണ്ടോ?

ശ—പാറുക്കുട്ടിയമ്മയെത്തന്നെ ഇതിന്നുവേണ്ടി ഇതുവരെ
നടത്താനാണു് നിങ്ങൾ ഒരുങ്ങീട്ടുള്ളതെങ്കിൽ അതു
പറഞ്ഞാൽ ഞാൻ ഒരു നടകൂടി നടന്നു കൂട്ടിക്കൊണ്ടു
വരാം. പലിശയിലുള്ള കൊതി ഇതു വല്ലിച്ചാൽ ന
ന്നാവു. പണം എന്നു പറയുന്നതു കുഞ്ഞുകുട്ടികൾക്കു്
അനുഭവിക്കാനുള്ളതല്ലേ? ഇങ്ങിനെ പണം സമ്പാദി
ച്ചാൽ അതും തങ്ങില്ല.

ഇച്ചു—അതൊന്നുമല്ല. ഞാനും നിങ്ങളുമായി ഒരു പരി

ചയവും ഇല്ലാത്തതുകൊണ്ടു പറഞ്ഞതാണു്. കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തവരുടെ കയ്യിൽ പണ്ടം കൊടുക്കാൻ പാടുണ്ടോ?

ശ—എന്റെ കയ്യിൽ തരേണമെന്നില്ല. നിങ്ങൾതന്നെ എന്റെ കൂടെ വന്നു കൊടുത്തുകൊൾവിൻ.

ഇച്ചി—പിന്നെയോ? എനിക്കതുവരെ നടക്കാൻ തോന്നുണ്ടോ?

ശ—എന്നാൽ ദുസ്സങ്കം ഒന്നും പറയാതെ പണ്ടം തരു.

ശങ്കുവിന്റെ ധീരൽമോതിരവും ധൈര്യവും ഇച്ചിക്കാവമ്മയ്ക്കു് അല്പംപോലും ശങ്കയുണ്ടാവാൻ ഇട കൊടുത്തില്ല. ശങ്കു കള്ളനാണെന്നു വിചാരിച്ചല്ല ആ സ്ത്രീ തർക്കം പറഞ്ഞതും. ഒരു ദിവസത്തെത്തെറ്റിക്കാൻ തരമില്ലെന്നു കണ്ടപ്പോൾ ഇച്ചിക്കാവമ്മ ഉറപ്പികയ്ക്കു കൈകൊട്ടി മടയിൽനിന്നു് അഡ്ഡിക എടുത്തു ശങ്കുവിന്റെ കയ്യിൽ കൊടുത്തു.

ശ—ഞാൻ ഇതുംകൊണ്ടോടിപ്പോകാതിരിപ്പാൻ വല്ലവരേയും പറഞ്ഞയച്ചുകൊള്ളിൻ. അല്ലെങ്കിൽ അബദ്ധം പിണയും.

ഇച്ചി—മതി മതി പരിഹസിച്ചതു്. എല്ലാവർക്കും സംശയം തോന്നുന്നപോലെയേ എനിക്കും തോന്നീട്ടുള്ളൂ.

ശ—ഉത്തമവിശ്വാസമായി പറഞ്ഞതാണെങ്കിൽ ഞാൻ പരിഹസിക്കുകയല്ല ചെയ്തു. എന്നെക്കണ്ടിട്ടു് ഇതുവരെ അഡ്ഡിക കക്കുന്ന കള്ളനാണെന്നു് ആർക്കും തോന്നീട്ടില്ല. നിങ്ങൾക്കും തോന്നീട്ടല്ല നിങ്ങൾ പറഞ്ഞതു്. നിങ്ങളിൽ ഒട്ടും കുറയാത്തവരു തറവാട്ടിലാണു്

ഞാനും ജനിച്ചതു്. ഞങ്ങളും പണ്ടും പണയം വാങ്ങി പണം കടം കൊടുത്തിട്ടും വാങ്ങീട്ടും ഒക്കെയുണ്ടു്.

ശങ്കുവിനെ സംശയിച്ചില്ലെങ്കിലും സംശയിച്ചപോലെ പറഞ്ഞൊടുത്തോളം വിസ്തീർത്തമായി; ഇനി അങ്ങോട്ടു വിസ്തീർത്തം ഒന്നും ചെയ്യണ്ട എന്നു വിചാരിച്ചു് ഇച്ചിക്കാവമ്മ ശങ്കു പടി കടന്നുപോ എന്നുകൂടി നോക്കാതെ അകായിലേയ്ക്കു പോയി. പണ്ടത്തിനേയും മോതിരത്തിനേയും ദൃഢമായി മടിയിൽ മറച്ചുകെട്ടി ഒരു കൂസലുംകൂടാതെ വിരുതൻ പാറുക്കുട്ടിയമ്മയുടെ അടുക്കൽ ചെന്നു പേനക്കത്തികിട്ടി എന്നു പറഞ്ഞു കാണിച്ചുകൊടുത്തു. നേരം അതിക്രമിച്ചതുകൊണ്ടു പാറുക്കുട്ടിയമ്മ പിന്നെ അവിടെ നിന്നില്ല. രണ്ടുപേരുംകൂടി നടക്കാൻ തുടങ്ങിയപ്പോൾ വിഷയം മാറി ഓരോന്നു പറഞ്ഞുംകൊണ്ടു കുറെ ദൂരം നടന്നു. ഇനി വീട്ടിൽ പോയി മടങ്ങിവന്നു കൂളിക്കാൻ നേരമില്ലെന്നും കുളംവരെ തുണവന്നാൽ വേണ്ടില്ലെന്നും പാറുക്കുട്ടിയമ്മ പറകയാൽ രണ്ടുപേരും വങ്കുളത്തിലേയ്ക്കു നടന്നു. വങ്കുളത്തിൽ എങ്ങും പടവു കെട്ടീട്ടില്ല. കൂളിക്കുന്ന കടവുകളിൽ ഒന്നോ രണ്ടോ കല്ലു കൂട്ടീട്ടു മുലയ്ക്കാഴം വെള്ളത്തിൽ പോകാവുന്നതുവരെ ചവിട്ടിയും ചണ്ടിയും നീക്കീട്ടുണ്ടു്. ഇങ്ങിനെ പത്തും പതിനഞ്ചും കോൽ ദൂരത്തിൽ അനേകം കടവുകൾ ഉണ്ടാക്കീട്ടുണ്ടു്. വളരെക്കടവുകൾക്കു പേരും ഉണ്ടു്. പാറുക്കുട്ടിയമ്മ ഒരു കടവെത്തിയപ്പോൾ അകത്തെ കുറത്താക്കോലിനെ കൂരയിൽ ഇട്ടു വെള്ളത്തിലിറങ്ങി. കൂളിച്ചു് അമ്പലത്തിൽ പോകുന്നവരുടെ കൂട്ടത്തിൽ വീട്ടിലേയ്ക്കു പോയ്ക്കൊള്ളാമെന്നു പറഞ്ഞു പാറുക്കുട്ടിയമ്മ ശങ്കുവിനു പോവാൻ അനുവാദം കൊടുത്തു. കാലും മുഖവും

കഴുകാനെന്നുള്ള നാട്യത്തിൽ അതിന്റെ കീഴക്കെക്കെടയിൽ ശങ്കു ഇറങ്ങി കാലും മുഖവും കഴുകുമ്പോൾ പിന്നെ ചെയ്യേണ്ടുന്നതെല്ലാം ആലോചിച്ചുറച്ചു. പാറുക്കുട്ടിയമ്മ ഇറങ്ങിയ കടവിൽക്കൂടി പടിഞ്ഞാട്ടപോകുന്ന പോക്കിൽ കാൽവിരലുകൊണ്ടു താക്കോൽ ഇറുക്കി പിന്നെയും കുറെ ദൂരം പോയപ്പോൾ ഒരു മുള്ളു കുത്തി എന്നഭിനയിച്ചു് ആ മുള്ളെടുക്കാനെന്നുള്ള നാട്യത്തിൽ താക്കോലിനെ കയ്യിലാക്കി, വേഗം നടന്നു. പാറുക്കുട്ടിയമ്മ കൂളി ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളു. ശങ്കു ആ വഴിയേ കോട്ടയിൽ ചെന്നു കുഞ്ഞിക്കാവമ്മയെ വിളിച്ചു. ആ സ്ത്രീ വാതിൽ മറഞ്ഞു നിന്നു് എന്താണെന്നു ചോദിച്ചപ്പോൾ,

ശ—ഇച്ചിക്കാവമ്മയ്ക്കു മുണ്ടൊന്നു കാണോണമെന്നു പറഞ്ഞു ശാഠ്യംപിടിച്ചു. ഇവിടെ അകത്തു കട്ടിൽപന്തലിൽ വെച്ചിട്ടുണ്ടെന്നും നിങ്ങളോടു പറഞ്ഞാൽ എടുത്തു തരുമെന്നും പറഞ്ഞു് എന്നെ അയച്ചു. താക്കോൽ തന്നയച്ചിട്ടുണ്ടു്. എനിക്കോ ഇങ്ങിനെ കളിക്കാൻ നേരമില്ല. വേഗം കൊണ്ടുത്തുതന്നാൽക്കൊള്ളാം. താക്കോലിതാ.

കു—ഇങ്ങോട്ടിട്ടേയ്ക്കു.

ശ—ഞാൻ നരിയും മറ്റും അല്ല. പെണ്ണുങ്ങളെക്കണ്ടാൽ പൊത്തിപ്പിടിക്കുന്നവനുമല്ല. അമ്മയും പെങ്ങന്മാരുമെനിക്കും ഉണ്ടു്. താക്കോൽ എന്റെ കയ്യിൽനിന്നു വാങ്ങുന്നതിനു വിരോധമില്ല.

എന്നു പറഞ്ഞതല്ലാതെ ശങ്കു താക്കോൽ ഇട്ടുകൊടുത്തില്ല.

കു—താക്കോൽ ഇട്ടുതരുന്നില്ലെങ്കിൽ ഞാനിതാ എന്റെ വാട്ടിൽ പോകുന്നു.

ശങ്കു താക്കോൽ ഇട്ടുകൊടുത്തു കിഴക്കോട്ടു തിരിഞ്ഞിരുന്നു. കുഞ്ഞിക്കാവു താക്കോൽ എടുക്കുമ്പോൾ ഓട്ടക്കണ്ണിട്ടു് ഒരു നോട്ടം നോക്കിയപ്പോൾ കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നതു കണ്ടു. പൃഷ്ഠഭാഗം രണ്ടുമുന്നു പ്രാവ്യശം നോക്കി വാതിൽ തുറന്നു് അകത്തു കടന്നു മുണ്ടെടുത്തുകൊണ്ടുവന്നു മുമ്പത്തെപ്പോലെ വാതിൽ മറഞ്ഞുനിന്നു് 'ഇതാ മുണ്ടും താക്കോലും' എന്നു പറഞ്ഞു മുണ്ടിനേയും താക്കോലിനേയും ഉമ്മറപ്പടിയിൽ വെച്ചു. ശങ്കു തിരിഞ്ഞുനോക്കാതെ 'അവിടെ വെച്ചിട്ടു പോയ്ക്കോള്ളു' എന്നു പറഞ്ഞു. ശങ്കു എന്തു ചെയ്യുമെന്നറിയാൻ വാതിൽ കട്ടളയോടു ചേർന്നു നടത്തുള്ള ദ്വാരത്തിൽക്കൂടി നോക്കിക്കൊണ്ടുനിന്നു. ഇങ്ങിനെ പറഞ്ഞിനിന്നു പക്ഷേ നോക്കുന്നുണ്ടായിരിക്കുമെന്നു ശങ്കു ഊഹിച്ചിരുന്നു. ശങ്കു മുഖമൊന്നു ഘനപ്പിച്ചു് അതിശൈഘ്രയത്തോടുകൂടി ആ മുണ്ടിനെയ്ക്കു മാത്രം നോക്കി മുണ്ടും താക്കോലും എടുത്തു പിന്നെത്തിരിഞ്ഞുനോക്കാതെ നടന്നു. ഭാവഭേദംകൊണ്ടു് ഇനി തിരിഞ്ഞുനോക്കില്ലെന്നു കുഞ്ഞിക്കാവു ധരിച്ചിരുന്നതുകൊണ്ടു മറവിൽനിന്നു മാറി കുഞ്ഞിക്കാവു് ഉമ്മറത്തു വന്നു നോക്കിക്കൊണ്ടുനിന്നു. ശങ്കു തിരിഞ്ഞുനോക്കിയതേ ഇല്ല. ശങ്കു പടികടന്നപ്പോൾ നേരം സന്ധ്യയായി. ഇനി ആരും വീട്ടിൽ കടന്നുവരില്ലെന്നു വിചാരിച്ചു ചിന്താമഗ്നയായി കുഞ്ഞിക്കാവു കിഴക്കേക്കോലായിന്റെ തെക്കേത്തലയ്ക്കൽ വന്നിരുന്നു.

കുഞ്ഞിക്കാവിന്റെ മനോവിചാരം.

ഇയ്യാൾക്കും എന്നെ വെറുത്തു എന്നു തോന്നുന്നു. ഒരു നോട്ടം കൂടെ ഉള്ളു. ആളുകൾക്കു് ഇത്രവേഗം എന്നോ

വെറുക്കുന്നുവല്ലോ? സുന്ദരിയാണെന്നും ഇവരൊക്കെപ്പറയുന്നുമുണ്ട്. കോണിക്കലെ കമാക്ഷി കണ്ടാൽ എത്ര മോശമാണു്? ഈന്തക്കവിളും പുളിയെലക്കണ്ണും. അവൾക്കും നല്ലൊരു സംബന്ധക്കാരൻ വന്നു. ആയാൾ കുതിരപ്പുറത്താണത്രേ വരുന്നതു്. വളരെ ഇഷ്ടമാണത്രേ. അവൾ എനിക്കു് ഒരു വയസ്സിനു താഴെയാണത്രേ. നടയ്ക്കലെ പാറുവും ഞാനും ഒരു പ്രായമല്ലേ? അവൾക്കു് ഒരു കുട്ടിയായി. ഞാൻ അവരോക്കാൾ സുന്ദരിയാണെന്നും പറഞ്ഞു് ഇവിടെ ഇരിക്കുന്നു. ആണുങ്ങൾ ഒരു നോട്ടം കണ്ടാൽ സുന്ദരിയെ വെറുക്കുകയും ചെയ്യും. എന്തോ എന്റെ സ്വഭാവത്തിൽ വല്ലതായൊരു കേടുണ്ടു്. അല്ലെങ്കിൽ ആരും ആലോചിക്കയുംകൂടി ചെയ്യാതെ ഇത്രകാലം ഇരിക്കാൻ വഴിയില്ല. വല്ല ദുഷ്പേരും സമ്പാദിച്ചിട്ടുണ്ടോ ആവോ? ഇയ്യാൾ എന്തിനാണു് മുഖം കറുപ്പിച്ചതു്? സ്ത്രീകൾക്കു സമീപം പോകത്തക്ക നടപടിശുദ്ധി ഇല്ലാത്തതുകൊണ്ടാണു് ഞാൻ താക്കോൽ ഇങ്ങോട്ടിടാൻ പറഞ്ഞതു് എന്നും വിചാരിക്കാം. എങ്കിലും എനിക്കു പുരുഷന്മാരുടെ സമീപം അങ്ങനെ പോവാൻ പാടുണ്ടോ? അതിലെന്താ തെറ്റുള്ളതു്? ഈ മനുഷ്യൻ യോഗ്യനാണെന്നു തോന്നുന്നുണ്ടു്. ആ കണ്ണു കണ്ടാൽ നല്ല സൂക്ഷ്മബുദ്ധിയുള്ളവനാണെന്നു തോന്നാതിരിക്കയില്ല. നില്ക്കുന്നതായാലും നടക്കുന്നതായാലും ഒരാണത്തമുണ്ടു്. ആയാൾ മതി എന്നു ഞാൻ വിചാരിച്ചാൽ ആയാൾ വരുമോ? ചേച്ചി സമ്മതിക്കുമോ? സുന്ദരിയാണെന്നു പറഞ്ഞു് ഇങ്ങനെ ഇരുന്നു കഴിയും ജന്മം. 20 വയസ്സു കഴിഞ്ഞു. ഇനി എപ്പോഴാണു് ഒരു ഭർത്താവോടുകൂടി സുഖമായിരിക്കുക? പുരുഷന്മാർ

ഇങ്ങോട്ടാലോചിക്കുമ്പോലെ സ്ത്രീകൾക്ക് അങ്ങോട്ടാലോചിക്കാമെങ്കിൽ എത്ര നന്നായിരുന്നു. അതു പാടില്ലല്ലോ. പെണ്ണായി ജനിക്കരുതു്. സഹിക്കാൻ വയ്യാത്ത സങ്കടമുണ്ടായാലും പെണ്ണായാൽ പറയാൻ പാടില്ല. അറിഞ്ഞു വല്ലതും ചെയ്യാൻ അമ്മയോ അച്ഛനോ ജീവിച്ചിരിക്കണം. എന്റെ തല പെളിക്കുകണ്ടതിൽപ്പിന്നെ അധികകാലം അവർ ഇരുന്നിട്ടില്ല. ആകപ്പാടെ ഒരു ചേച്ചിയുണ്ടു്. അവൾക്കു രണ്ടും നാലും ദിവസം കൂടുമ്പോൾ ഏട്ടൻ വരും. പിന്നെ അവരെങ്ങനെ എന്റെ സങ്കടം അറിയും? എനിക്കാരുമില്ല. ദശുജാതകം—

കുഞ്ഞിക്കാവിന്റെ മനോവിചാരം ഇത്രത്തോളം എത്തിയപ്പോൾ പാറുക്കുട്ടിയമ്മ കൂളിച്ചീറനോടെ പടിപ്പുര കടന്നു വന്നു.

പാ—അകത്തിന്റെ താക്കോൽ പോയല്ലോ കുഞ്ഞിക്കാവേ!

കു—എങ്ങനെ പോയി?

പാ—സാധാരണ പതിവുപോലെ താക്കോലിനെ കുരയിൽവെച്ചു കൂളിക്കാനിറങ്ങി. കൂളി കഴിഞ്ഞു നോക്കിയപ്പോൾ അതിനെ പെച്ചേടത്തു കണ്ടില്ല. പിന്നെ ആ സമീപം ഒക്കെ നോക്കി. കണ്ടതേ ഇല്ല.

കു—ചേച്ചി മേക്കഴുകുകയോ കൂളിക്കയോ എന്താ ചെയ്യുന്നു?

പാ—ഞാൻ ഒന്നു മുങ്ങി.

കു—അപ്പിടെ ഒക്കെ നോക്കിയോ?

പാ—എല്ലാം നോക്കി. അല്ലെങ്കിൽ അര നാഴിക മുമ്പു ഞാനെത്തേണ്ടതാണു്.

കു—അതൊന്നുമല്ല. ആയാൾ ഇവിടുന്നു മുണ്ടും താക്കോലും കൊണ്ടുപോയിട്ടതന്നെ കഷ്ടിച്ചുരനാഴികയേ ആയിട്ടുള്ളൂ. അതു കൊണ്ടുചെന്ന ചേച്ചിയുടെ കയ്യിൽ കൊടുക്കാനും ചേച്ചി വങ്കുളത്തററം വന്നു കുളി കഴിഞ്ഞു തല തോത്തി അരനാഴികനേരം തേടിനോക്കാനും ഒക്കെക്കൂടി സമയമായിട്ടില്ല. മുണ്ടെവിടെ?

പാ—ആരു വന്നു മുണ്ടും താക്കോലും കൊണ്ടുപോയിട്ടു?

കു—ആ മുണ്ടു കൊണ്ടുവന്നാളേ.

പാ—അയാൾ ഇവിടെ വന്നു് ഏതു മുണ്ടും താക്കോലും കൊണ്ടുപോയി?

കു—ചേച്ചി അല്ലേ താക്കോലും കൊടുത്തു പറഞ്ഞയച്ചതു്?

പാ—ഞാൻ ആരെയും പറഞ്ഞയച്ചില്ല. ആയാൾ അകത്തിന്റെ താക്കോലാണോ കൊണ്ടുവന്നതു്?

കു—ഇച്ചിക്കാവമ്മയ്ക്കു മുണ്ടൊന്നു കാണേണമെന്നു ശാഠ്യം പിടിക്കുന്നു എന്നും താക്കോൽ കൊണ്ടുവന്നു് എന്റെ കയ്യിൽ തന്നു കട്ടിൽപന്തലിൽ വെച്ചിരിക്കുന്ന കസവുമുണ്ടു കൊണ്ടുചെല്ലാൻ തന്നെ പറഞ്ഞയച്ചു എന്നും മറും പറഞ്ഞു് ആയാൾ താക്കോൽ എനിക്കിട്ടതന്നു. ഞാൻ അകം തുറന്നു മുണ്ടെടുത്തു് ആ മുണ്ടും താക്കോലുംകൂടി ഇതാ ഈ ഉമ്മറപ്പടിയിൽ വെച്ചിട്ടുണ്ടെന്നു പറഞ്ഞു വാതിലിന്റെ മുക്കിൽ പററിനിന്നു നോക്കി. ആയാൾ അതിനേയും എടുത്തുകൊണ്ടു പോകയും ചെയ്തു.

പാ—ഇതെന്തൊരത്ഭുതമാണു്? അവൻ എന്റെ കടവിന്റെ മുകൾഭാഗത്തുകൂടി കടന്നുപോകുമ്പോൾ ഞാൻ

നോക്കിക്കൊണ്ടു നിന്നിരുന്നു. താക്കോലെടുക്കുന്നതു കണ്ടില്ല.

കു—നടക്കുമ്പോൾ കാലുകൊണ്ടെടുത്തിരിക്കും.

പാ—അതിനൊന്നും നില്ക്കുന്നതു കണ്ടില്ല. വെറുതെ സാധാരണ ആളുകളെപ്പോലെ നടന്നതേ ഉള്ളു.

കു—ആട്ടെ. ചേച്ചി താക്കോൽ ഇട്ടിരുന്നതിലെക്കുടിയാണോ പോയതു്?

പാ—അതൊക്കതേ.

കു—എന്നാൽ കാലിന്റെ വിരലുകൊണ്ടിറുക്കി എടുത്തതായിരിക്കണം, സമർത്ഥൻ.

പാ—മുണ്ടും പോയി. താക്കോലും പോയി. പത്തിനു കാൽ പലിശയ്ക്കു മേടിച്ചുകൊടുത്ത ഉറുപ്പികയും പോയി.

കു—എനിക്കതിലും അത്ഭുതം ആ കള്ളൻ എന്നെക്കൊണ്ടു മുണ്ടെടുപ്പിച്ചു് അവന്റെ കയ്യിൽ കൊടുപ്പിച്ചതാണു്. ഞാനാണു് ഒരു പാട്ട വിഡ്ഢിയായതു്.

പാ—കുഞ്ഞിക്കായേ, നമുക്കിപ്പോൾ വളരെ ചീത്തക്കാലമാണു്. ഇതു് ഇരുട്ടത്തു കൊണ്ടെ അടിയാണു്. ആരോടും ഇതിനെപ്പറ്റി ഒന്നും പറയേണ്ട.

കു—ഏട്ടനറിയാതെ തരമുണ്ടോ?

പാ—ഏട്ടനെ അറിയിച്ചാൽ ഞാൻ അന്നു തൂങ്ങിച്ചാകണം. ഒന്നാമതു് അദ്ദേഹത്തിനോടു ചോദിക്കാതെ മുണ്ടു വാങ്ങി. പിന്നെ അതിന്റെ വില പത്തിനു കാൽ പലിശയ്ക്കു കടം വാങ്ങി. അഡ്ഡിക കൊണ്ടുപോയി പണയവും വെച്ചു. ചെയ്തതൊക്കെ ആദ്യംമുതൽ അവസാനംവരെ തെറ്റാണു്.

കു—പണ്ടം മടക്കി എടുക്കണമെങ്കിൽ ഉറുപ്പിക വേണ്ടേ? എട്ടനല്ലാതെ ആരാ ഉറുപ്പിക തരാൻ?

പാ—വേറെ വല്ല കാരണവും പറഞ്ഞു പണം കരുതണം.

കു—ആട്ടെ, എട്ടനേ നമുക്കൊരു ബന്ധുവുള്ളൂ. അദ്ദേഹത്തിന്റെ മുഖത്തു നോക്കി നൊണ പറയണോ?

പാ—ഉള്ളതു പറഞ്ഞാൽ എന്നെപ്പറ്റി എന്തൊക്കെ തോന്നുമോ ആവോ? ഒരു മുണ്ടിൽ അങ്ങനെ കൊതി വന്നതുതന്നെ ചെടിപ്പില്ല. പിന്നെ ആ കരുങ്കള്ളനെ തുണകൂട്ടിപ്പായതു പറഞ്ഞാൽ എട്ടനു രസിക്കില്ല. പണ്ടം പണയം വെച്ചതറിഞ്ഞാൽ തല്ലു കൂട്ടാനാണു് എളുപ്പം. അല്ലെങ്കിൽ അദ്ദേഹം മുഷിയും. അതൊക്കെ അപകടമാണു്. നിനക്കെന്തറിയാം? ഉള്ളതു മുഴുവൻ പറഞ്ഞാൽ ഇപ്പോളുള്ള അഭിപ്രായവും സ്നേഹവും ഒക്കെപ്പോകും. അതുകൊണ്ടു ഞാൻ കൊന്നാലും പറയില്ല.

കു—ഇതെങ്ങനെയെങ്കിലും വെളിച്ചത്തു വന്നാലോ? പിന്നെ ചേച്ചി എങ്ങനെ എട്ടന്റെ മുഖത്തു നോക്കും?

പാ—ഞാനും നിയ്യും പറയാതെ എങ്ങനെയാ വെളിച്ചത്തു വരിക?

കു—അഞ്ചിക പണയത്തിലല്ലേ? അതിനെപ്പറ്റി അന്വേഷിച്ചാലോ?

പാ—ആരെങ്കിലും വാസ്തവങ്ങിക്കൊണ്ടുപോയിരിക്കുന്നു എന്നു പറയണം.

കു—ആ പറയുന്നാളോടു ചോദിച്ചാലോ?

പാ—ആരോടു ചോദിച്ചാൽ സത്യം പറയരുതെന്നു മുമ്പിൽകൂട്ടി ശട്ടം കെട്ടണം.

കു—എത്ര നൊണ പറയണം? എത്രാളോട് നൊണ പറയാൻ പറഞ്ഞേല്പിക്കണം?

പാ—എത്ര ആയാലും വേണ്ടില്ല. ഈ താഴ്ന്നാന്നിത്തം കാണിച്ചതു മുഴുവനും അദ്ദേഹം അറിഞ്ഞാൽ പിന്നെ എന്താ വന്നുകൂടാത്തതു്?

കു—ഇങ്ങിനെയൊരു തെറ്റു വന്നുപോയി എന്നു പറകയല്ലേ നല്ലതു്? എന്നാൽ ഒരു തെറ്റേ ഉള്ളു. അതത്ര വലിയ കുറവുമല്ല. ഏട്ടനോട് നൊണ പറഞ്ഞാൽ ഏട്ടനെ വഞ്ചിച്ചു എന്നുംകൂടി തോന്നില്ലേ? നമുക്കു് ഏട്ടനുംകൂടി ഇല്ലാതായാൽ പിന്നെ ആരാണുള്ളതു്?

പാ—തല്ക്കാലം ആരും അറിയാതെ സഹായിക്കാൻ ഒരു അനുജനുണ്ടാവാൻ ഞാൻ ഭാഗ്യം ചെയ്തില്ലല്ലോ.

ഇതു കേട്ടപ്പോൾ കുഞ്ഞിക്കാവിന്റെ മുഖം ഒന്നു കറുത്തു. മനസ്സു മുമ്പത്തെ മനോവിചാരത്തിന്റെ വഴിയിൽ ചെന്നു ചാടി.

"വല്ലവരും ആലോചിച്ചാൽ യോഗ്യത പോരാ, മുതൽ പോരാ, പഠിപ്പു പോരാ എന്നൊക്കെപ്പറഞ്ഞു മുടക്കയും ചെയ്യും. എനിക്കു് ഇയ്യാളായാലും മതിയായിരുന്നു. കണ്ടാൽ നല്ലൊരു യോഗ്യൻ. പക്ഷേ മുണ്ടു കട്ടകൊണ്ടുപോയല്ലോ. അഥവാ കട്ടതല്ലായിരിക്കുമോ? താക്കോലിനെ കരയിലിട്ടു കൂസൽകൂടാതെ കുളിക്കാനിറങ്ങിയതിനു കുളിപ്പിക്കാൻ കൊണ്ടുപോയ തായിരിക്കുമോ? അയാൾ കള്ളനാണെന്നു വിചാരിക്കാൻ തരമില്ല. എന്നെ വല്ലാതെ ഒന്നു നോക്കി. ഇനിയും ഇവിടെ വരാൻ ഒരു വഴി ചെച്ചതായിരിക്കുമോ? അല്ലല്ല, മുഖഭാവം കണ്ടിട്ടില്ല? എന്നെ വെറുത്തിട്ടുണ്ടു്. ഇപ്പോൾ ഇവിടെ അടുത്ത വട്ടത്തിൽ

ഉണ്ടായിട്ടുള്ള സംബന്ധക്കാരന്മാരുടെയൊക്കെയും യാഗ്യനാണു് ച്ഛേ! ഈ മനുഷ്യൻ ഈ പ്രവൃത്തി ചെയ്യുവല്ലോ.”

കുഞ്ഞിക്കാവു് ഇങ്ങിനെ ഓരോന്നു വിചാരിച്ചുകൊണ്ടിരുന്നുപോയി.

പാ—നീ എന്താ വല്ലാതെ ഒക്കെ ഇരിക്കുന്നതു്?

കു—എനിക്കു വല്ലാതിരിക്കാൻ കാരണമൊന്നുമില്ലല്ലോ. അപ്പൊശപ്പുവും തികഞ്ഞിട്ടില്ലേ? അമ്മയുണ്ടു്, അച്ഛനുണ്ടു്, ആങ്ങളയുണ്ടു്, ജ്യേഷ്ഠത്തിയുണ്ടു്, സൌന്ദര്യമുണ്ടു്. എനിക്കെന്താ കുറവു്?

കുഞ്ഞിക്കാവിങ്ങിനെ പറഞ്ഞതു പാറുക്കുട്ടിഅമ്മയുടെ ഉള്ളിൽ തറച്ചു. അനുജത്തി ഓരോന്നു വിചാരിച്ചു ദുഃഖിക്കയാണെന്നും വിഷയം മാറണമെന്നും വിചാരിച്ചു.

പാ—ഞാൻ ഈറനാണുടുത്തിരുന്നതു്. ഒരൊന്നരയും മുണ്ടും തരു.

രണ്ടുപേരും അകായിലേയ്ക്കു പോയി. പാറുക്കുട്ടിയമ്മയ്ക്കുടുക്കാൻ വേണ്ടുന്നതെല്ലാം കുഞ്ഞിക്കാവു് എടുത്തുകൊടുത്തു. രണ്ടുപേരുംകൂടി കിഴക്കേക്കോലായിലേയ്ക്കുതന്നെ ചെന്നിരുന്നു. മനസ്സിനു വല്ല സുഖക്കേടും വന്നാൽ വീ ജനസ്ഥലം തേടുന്നതു മനുഷ്യസ്വഭാവമാണല്ലോ. ഈറൻ മാറി വന്നിരുന്നതിനു ശേഷം കുറെ നേരത്തിനു രണ്ടുപേരും തമ്മിൽ ഒന്നും പറഞ്ഞില്ല. പാറുക്കുട്ടിയമ്മ മുണ്ടുകച്ചവടത്തിനെപ്പറ്റിയും പണ്ടം വീണ്ടെടുക്കാൻ ഉറുപ്പികയുണ്ടാക്കുന്നതിനെപ്പറ്റിയും ആലോചിച്ചുകൊണ്ടിരുന്നു. കുഞ്ഞിക്കാവു തനിക്കു ഭർത്താവില്ലാത്തതിനെപ്പറ്റിയും ആലോചിച്ചുകൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ര

ണ്ടുപേരും അങ്ങുമിങ്ങും ഒന്നും മിണ്ടാതെയാണിരിക്കുന്നതെ
ന്നുള്ള പ്രജ്ഞ പാറുക്കുട്ടിയമ്മയ്ക്കുണ്ടായി.

പാ—കുഞ്ഞിക്കാവെന്താ ആലോചിക്കുന്നത്?

കു—ഒന്നും ആലോചിക്കുന്നില്ല.

പാ—പത്തിരുപതുറുപ്പിക എങ്ങിനെയുണ്ടാകും?

കു—ഉറുപ്പിക പക്ഷേ ഞാനുണ്ടാക്കിത്തരാം. അതിനുവേ
ണ്ടി ഏട്ടനെ വഞ്ചിക്കാൻ പുറപ്പെടേണ്ട.

പാ—നിന്റെ കയ്യിൽ എവിടുന്നാ ഉറുപ്പിക?

കു—പതിമ്മൂന്നു കൊല്ലത്തെ വിഷുക്കണിനേട്ടമുണ്ട്. കു
റെ ഗോപാലൻകുട്ടിയുടെ വകയുണ്ട്. ഏട്ടൻ ഒരുറു
പ്പിക തരില്ലേ? അമ്മാമ കാൽ, മണ്ണിലെ എജമാനൻ
കാൽ ഇങ്ങിനെ ഒന്നര ഉറുപ്പിക എന്റെ വകയുണ്ട്.
ഗോപാലൻകുട്ടിക്കു പലഹാരവും മറ്റും വാങ്ങിക്കൊട
ുക്കുന്നതു കഴിച്ചാൽ കൊല്ലംതോറും അര ഉറുപ്പികയെ
ങ്കിലും ബാക്കിയുണ്ടാകാറുണ്ട്.

പാ— ഇതൊക്കെ നിന്റെ ചിലവിനുപയോഗിക്കുന്നു
എന്നു വിചാരിച്ചാണ് ഗോപാലൻകുട്ടിയോടു ഞാൻ
ചോദിച്ചു വാങ്ങാത്തതു്. ആട്ടെ, എന്റെ അനുജത്തി
അതൊക്കെ സൂക്ഷിച്ചുചെച്ചിട്ടുണ്ടല്ലോ; ഞാനായിട്ടു് അ
തു കളഞ്ഞുകുളിക്കുന്നില്ല. എനിക്കിങ്ങിനെ ബുദ്ധി തോ
ന്നിയിരുന്നാൽ ഇപ്പോൾ എത്ര ഉറുപ്പികയുണ്ടാകുമായി
രുന്നു. നീ പത്തുപതിമൂന്നു കൊല്ലം ഈട്ടംകൂട്ടി വരു
ന്നതിനെ ഞാൻ ഒരു നിമിഷംകൊണ്ടു ധ്വംസനം ചെ
യ്യുന്നതു നന്നോ? അതവിടെ ഇരിക്കട്ടെ. നിനക്കു വ
ല്ലതും വേണമെങ്കിൽ ആരാണു് തരാൻ?

കു—എനിക്കിതുവരെ വേണ്ടതെല്ലാം തന്നതു ചേച്ചിയല്ലേ? ഇനി ഒന്നും തരാൻ വിചാരിക്കുന്നില്ലെങ്കിൽ ആ ഉറുപ്പിക എടുക്കേണ്ട. എനിക്കു വേണ്ടതെല്ലാം പതിവുപോലെ ചേച്ചി ഇനിയും തരുന്നതാണെങ്കിൽ പിന്നെ എനിക്കീ ഉറുപ്പികകൊണ്ടു കായ്മെന്താ?

ചാ—ഇനിത്തരില്ലെങ്കിൽ എന്നോ പറഞ്ഞതു്? നിനക്കല്ലാതെ ആക്കാണു് കൊടുക്കാനുള്ളതു്? എന്റെ മക്കളാണെന്നു വിചാരിക്കുന്നപക്ഷം സൂക്ഷ്മം ആലോചിച്ചുനോക്കു, ആ രക്തത്തിൽ അവന്റെ അച്ഛന്റെ ബീജം കലർപ്പില്ലേ? നിന്റെ രക്തവും എന്റെ രക്തവുമായിട്ടു് എന്താ വ്യത്യാസം? ഞാൻതന്നെ നീ, നീതന്നെ ഞാൻ. മക്കളെ ഇനിയും പെറാം. ഒരനുജത്തിയെ പെറേണമെങ്കിൽ അമ്മയും അച്ഛനും ജീവിച്ചുവരണ്ടേ? തല്ക്കാലത്തിനു പറകയല്ല കുഞ്ഞിക്കാവേ. എനിക്കു നിന്നെയുള്ള സ്നേഹം എന്റെ കുട്ടിയേയുമില്ല; അവന്റെ അച്ഛനേയുമില്ല. ഇനിമേലിൽ എന്തോ? ഇപ്പോൾ അങ്ങിനെയാണു്.

കു—ചേച്ചീടെ കയ്യിലാണു് ആ ഉറുപ്പികയെങ്കിൽ ഈ നാണംകെട്ട കച്ചോടത്തിനു പോകുമോ? ഇത്ര വിലപിടിച്ച പണ്ടം പണയം വെയ്ക്കുമോ?

ചാ—അതു സംശയമെന്താ? നീ പണം ഉണ്ടെന്നും തരാമെന്നും പറഞ്ഞപ്പോഴേ ഉറുപ്പിക എന്റെ കയ്യിലായില്ലേ? എന്നിട്ടും അതു ചിലവാക്കാൻ തോന്നുന്നില്ലല്ലോ?

കു—അതു ഞാൻ പിച്ചക്കാരിയാണു്, എനിക്കാരും തരുന്നവരില്ല എന്നു വിചാരിച്ചിട്ടല്ലേ?

ചാ—നീ പിച്ചക്കാരിയോ? നിനക്കെന്താ ഇല്ലായ്മ?

കു—ചേച്ചി ഇങ്ങിനെ അനേപഷിച്ച വേണ്ടതെല്ലാം തരുന്നതുകൊണ്ടു ഞാൻ പിച്ചക്കാരിയല്ല. ചേച്ചിക്കു് എന്നെ വെറുത്താലോ? ഞാൻ പിച്ച എടുക്കണ്ടേ?

പാ—ആരും വെറുക്കത്തക്ക ദുർഗ്ഗുണം നിനക്കില്ല. എന്നിട്ടവേണ്ടേ എനിക്കു വെറുപ്പു തോന്നാൻ?

കു—ചേച്ചി എന്തറിഞ്ഞു? ആരെങ്കിലും എന്നെ കുറ്റം കണ്ടാൽ മതി. പിന്നെ അയാൾക്കു നോക്കാൻ തോന്നില്ല. ഞാൻ ഇങ്ങിനെ എത്രയോ അനുഭവത്തിൽ കണ്ടിട്ടുണ്ടു്.

പാ—അന്യസ്ത്രീകളെ വെറുതെ അങ്ങിനെ നോക്കുന്നവർ പിടിച്ചാരാണു്. നിന്റെ മുഖം കണ്ടാൽ പിടിച്ചാക്കു പിന്നെയും നോക്കാൻ ഭയമായിരിക്കും. ഒരു പുരുഷൻ നോക്കുമ്പോൾ എന്തെങ്കിലും ഒരായം കൊടുത്താലേ അവൻ പിന്നെയും നോക്കുള്ളു. നീ അങ്ങിനെ ആയം കൊടുക്കാറില്ല. അവർ നോക്കാറും ഇല്ല. ഞാൻ വളർത്തിയപോലെ നീ വളർന്നിട്ടുണ്ടെന്നു കാണുന്നതുകൊണ്ടു് എനിക്കെത്ര സന്തോഷമുണ്ടെന്നറിയാമോ?

കു—ചേച്ചി എപ്പോഴും ഇങ്ങിനെതന്നെ. എനിക്കു് അത്ര സൌന്ദര്യമുണ്ടു്, ഇത്ര സൌന്ദര്യമുണ്ടു്, ആ ഗുണമുണ്ടു്, ഈ ഗുണമുണ്ടു് എന്നൊക്കെ വെറുതെ പറയും. നാട്ടിലുള്ളോർക്കാർക്കും അങ്ങിനെ തോന്നുന്നില്ലെന്നുള്ളതു ദൃഷ്ടാന്തമായില്ല?

പാ—എങ്ങിനെയാ ദൃഷ്ടാന്തമായതു്?

കു—എന്റെ തരക്കാർക്കൊക്കെ സംബന്ധക്കാരുണ്ടായി കാരോ കുട്ടിയും ഉണ്ടായില്ല? ഇവിടെയാണെങ്കിൽ ആരും ആലോചിക്കാൻതന്നെ വരുന്നില്ല.

പാ—നിന്നെ ഭാര്യയായി വെച്ചിരിക്കത്തക്ക യോഗ്യത തനിക്കുണ്ടെന്നു് ഒരു പുരുഷൻ വിചാരിക്കണ്ടേ?

കു—മതി ചേച്ചി കളിയാക്കിയതും പരിഹസിച്ചതും. ഞാനിങ്ങിനെയൊരു ദേവകന്യ! ശിവ! ശിവ! അങ്ങിനെ വിചാരിക്കുന്ന പുരുഷന്മാരുണ്ടോ ലോകത്തിൽ?

പാ—കുഴിപ്പുള്ളിനായരു് എത്ര പണക്കാരനാണു്? എന്തൊരവസ്ഥയിലുള്ളാളാണു്? ഏട്ടൻ അദ്ദേഹത്തിനോടു നിന്റെ സംബന്ധത്തെപ്പറ്റി ആലോചിച്ചപ്പോൾ എന്താ പറഞ്ഞതു്, അറിയാമോ? "എനിക്കു കാരണവന്മാർ സമ്പാദിച്ച പണം കുറെ കയ്യിലുണ്ടെന്നേ ഉള്ളു. അതുണ്ടെന്നുള്ള തിളപ്പുകൊണ്ടു വിദ്യയും പഠിച്ചില്ല. കുഞ്ഞിക്കാവിനു വിദ്യയുമുണ്ടു്. എത്രയോ സുന്ദരനെക്കിട്ടാൻ അഹിക്കുന്ന സൌന്ദര്യവും ഉണ്ടു്! അത്ര വിശിഷ്ടപാത്രത്തിൽ ഈ ആഭാസന്റെ ബീജം കൊണ്ടുപോയി ഇട്ട സന്തതിപരമ്പരയെ വഷളാക്കുന്നതു് എനിക്കു ധർമ്മമല്ല. പണം അത്ര വലുതാണെന്നു ഞാൻ വിചാരിക്കുന്നതുമില്ല. കുഞ്ഞിക്കാവിനെ ഭാര്യയാക്കാനുള്ള യോഗ്യത എനിക്കുണ്ടെന്നു് ഇതേവരെ തോന്നീട്ടുമില്ല" എന്നാണു് പറഞ്ഞതു്. നിന്നെക്കാണുന്ന അധികം ആളുകളും ഇങ്ങിനെ വിചാരിക്കുന്നുണ്ടായിരിക്കാം.

കു—അങ്ങിനെ വിചാരിക്കാത്ത പച്ചക്കാമദേവനെ ഒട്ടു കാണാനുമില്ല.

പാ—കഷ്ടം! സാധുക്കുട്ടി! ഇതാണു് നീ വിചാരിച്ചുംകൊണ്ടിരിക്കുന്നതു്. നിന്നെക്കണ്ടു വെറുപ്പു തോന്നുന്നവർ മനുഷ്യജന്മത്തിൽ പെട്ടതായിരിക്കയില്ല. നിന്റെ ജാതകത്തിൽ പറഞ്ഞിട്ടുള്ളതു ജീർണ്ണപണ്ഡാശനന്മാരായ

മഹർഷിമാരുടെ ചിത്തംകൂടി ഇളകുത്തക്ക സൌന്ദര്യം നിനക്കുണ്ടാകുമെന്നും വൈരാഗ്യം വന്നിട്ടുള്ള ഒരു മഹാവിദ്വാനാണ് നിന്റെ ഭർത്താവായി വരിക എന്നുമാണ്.

കു—ജ്യോതിഷശാസ്ത്രംകൊണ്ട് ഇതിലധികവും പറയാം. പക്ഷേ ഗ്രഹങ്ങളുടെ ബലാബലങ്ങളെ ശരിയായി ഗണിച്ചു ഫലം കൃത്യമായി പറയാൻ കുറെ പണിയുണ്ട്. കവിടിസ്സഞ്ചിയുംകൊണ്ടു നടക്കുന്നവർക്കു നാം കൊടുക്കുന്ന പ്രതിഫലം നോക്കുമ്പോൾ അത്ര പണി എടുക്കാൻ ആർക്കും തോന്നില്ല. കഷ്ടം എന്നെ എഴുത്തശ്ശൻ ഗ്രഹഗണിതം മുഴുവനും പഠിപ്പിച്ചു. അപ്പോഴേയ്ക്ക് എഴുത്തുമാറി. അല്ലെങ്കിൽ എന്റെ ദശാജാതകത്തിനെ എനിക്കുതന്നെ നോക്കാമായിരുന്നു.

പാ—അതൊക്കെ ഞാൻ കണ്ടുവെച്ചിട്ടുണ്ട്. നീ വലിയ ഉന്നതസ്ഥിതിയിലിരിക്കും. അപ്പോൾ ഈ സാധുക്കളെ മറക്കരുതു്.

കു—ഇങ്ങിനെ ദുഃഖം വഴിഞ്ഞുവരുമ്പോൾ ഉന്നതസ്ഥിതിക്കുതന്നെയാണ് നോട്ടമുണ്ടാകാൻ വഴിയുള്ളതു്. എന്തു സമ്പത്തുണ്ടായിട്ടും വിദ്യയുണ്ടായിട്ടും കാര്യമില്ല. പെണ്ണായി പിറന്നാൽ ഭർത്തൃയോഗം വേണം. അതു യൌവനത്തിന്റെ ആരംഭത്തിൽത്തന്നെ ഉണ്ടാകയും വേണം. മുതലില്ലെങ്കിൽ പണി എടുത്തെങ്കിലും കഴിയാം. പട്ടിണി കിടക്കുമ്പോഴും പങ്കിനാളുണ്ടെങ്കിൽ അതിന്റെ ദുഃഖം അറിയില്ല.

പാ—കുറച്ചുകാലം ക്ഷമിക്ക. തോണിയിൽ ഓടിയാൽ കരയെത്തുമോ? കാരോരുത്തർക്കും ഇന്നിന്ന കാലം എന്നു

ദൈവം വെച്ചിട്ടുണ്ട്! ആ കാലം വന്നല്ലാതെ ഒന്നും സാധിക്കില്ല. നിന്റെ നല്ല കാലം വളരെ ദൂരത്തല്ല. അതു വരുമ്പോൾ വരട്ടെ. വരുന്നതു വരട്ടെ. എനിക്കു് ആ വിദ്വാൻ മുണ്ടും താക്കോലും കൊണ്ടുചാടിയതാലോചിക്കുമ്പോൾ വളരെ അത്ഭുതം തോന്നുന്നുണ്ടു്. ആദ്യം ഞങ്ങൾ കുന്നത്തെയ്ക്കു പോകുമ്പോൾ ആ വിദ്വാൻ സംസാരിച്ചതു കേട്ടാൽ കള്ളനാണെന്നു് ആരും സംശയിക്കയില്ല. എനിക്കപ്പോൾ തോന്നിയതു് ഇയ്യാൾ ഒരു യോഗ്യനും തറവാട്ടുകാരനുമായിരിക്കും എന്നാണു്.

കു—എനിക്കിപ്പോഴും തോന്നുന്നതു് അങ്ങിനെയാണു്. കണ്ടാൽ നല്ല യോഗ്യൻ. ബുദ്ധിമാൻ. കുട്ടനടക്കാൻ തോന്നിയതു വിധിയല്ലേ? പക്ഷേ രണ്ടു ദിവസം കഴിഞ്ഞിട്ടു് കക്കെ മടക്കിത്തരുമെന്നു തോന്നുന്നു.

ചാ—നിനക്കുണ്ടോ ഭ്രാന്തു്? അതു് ഇരിമ്പു കുടിച്ച വെള്ളംതന്നെ. ആ മുണ്ടും കൈവിടാൻ തോന്നില്ല. അയാൾക്കു ഭാര്യയുണ്ടെങ്കിൽ ഞാൻ വില കൊടുത്തു വാങ്ങിയ മുണ്ടു് അവൾ ഉടുത്തു ഞെളിയില്ലേ?

കു—ചേച്ചിക്കു തന്നെയായിട്ടു വാങ്ങിയതുകൊണ്ടാണു് ആ മുണ്ടു പോയതു്. എനിക്കുടി ഒന്നു വാങ്ങിയതായിരുന്നുവെങ്കിൽ പോകില്ലായിരുന്നു.

ചാ—നിനക്കുംകൂടി ഒന്നു വാങ്ങാൻ കിട്ടാഞ്ഞിട്ടല്ലേ? ഒന്നല്ലേ കൊണ്ടുവന്നുള്ളു? എനിക്കു മാത്രമല്ല ഇതു നിന്റെ പുടമുറിദിവസം നിനക്കുടുക്കാനാണെന്നു സങ്കല്പിച്ചാണു് വാങ്ങിയതു്. എനിക്കിനി എന്തുതന്നെ വേണം?

കു—നേരം വളരെയായി. ഇങ്ങിനെ ഓരോന്നു പറഞ്ഞു കൊണ്ടിരുന്നാൽ അത്താഴം മുടങ്ങും.

എന്നു പറഞ്ഞു രണ്ടുപേരും അകത്തേയ്ക്കു പോയി.

അദ്ധ്യായം ൫

കോട്ടയിലെ വീട്ടിൽനിന്നു മുണ്ടും താക്കോലും എടുത്തു ശങ്കു പോയതു ചെറുപുഴവക്കത്തേയ്ക്കാണു്. അന്നിക്കരയിൽനിന്നു പടിഞ്ഞാട്ടുള്ള വഴി വിസ്തീർണ്ണമായിക്കിടക്കുന്ന ഒരു വെമ്പാമ്പിന്റെ നടുവിൽക്കൂടിയാകയാലും സാധാരണ നിരത്തുവഴിവക്കത്തുള്ള വൃക്ഷങ്ങൾ പെട്ടെന്നുണ്ടാകുമ്പോലെ ആ വഴിയിൽ വൃക്ഷങ്ങളില്ലാഞ്ഞതുകൊണ്ടും ശങ്കുവിനെ ചിന്തുടൻ ആരെങ്കിലും പോകുന്നുപക്ഷം ചെറുപുഴവക്കത്തുനിന്നു കാണാവുന്നതാണു്. അങ്ങിനെ തന്നെ ക്കാണാതിരിപ്പാൻവേണ്ടി ശങ്കു വഴി വിട്ടു കാട്ടിൽക്കൂടി നടക്കാൻ തുടങ്ങി. വഴിയിൽക്കൂടി ഗതാഗതം ചെയ്യുന്നവരെ ശങ്കുവിനു കാണാമായിരുന്നു. വഴി നടക്കുന്നവർക്കു ശങ്കുവിനെ കാണാൻ എളുപ്പത്തിൽ സാദ്ധ്യവുമല്ലായിരുന്നു. രണ്ടുമൂന്നു പ്രാവശ്യം നോക്കീട്ടും അന്നിക്കരയ്ക്കു പോകുന്നവരെയോ അന്നിക്കരയിൽനിന്നു പോകുന്നവരെയോ ആരേയും കാണാഞ്ഞതിനാൽ പാമ്പിനേയും കാട്ടുമൃഗങ്ങളേയും ഭയമുള്ള വഴി വിട്ടു ശരിയായ വഴിയിൽക്കൂടി നടക്കാൻ ശങ്കുവിനു തോന്നി. എങ്കിലും അസ്ത്രികയുംകൂടി മോഷ്ടിച്ചുകൊണ്ടുപോകുന്നതാകയാൽ വല്ലവരും തന്നെക്കണ്ടു പിടിച്ചാൽ വീണ്ടെടുത്തുരുളാൻ പക്ഷേ സാധിച്ചി

ല്ലെന്നു വന്നേയ്ക്കാമെന്നു ഭയപ്പെട്ടു പിന്നെയും കാട്ടിൽക്കൂടി നടന്നു. പിന്നെ ഒരിക്കൽ പടിഞ്ഞാട്ടു നോക്കിയപ്പോൾ കുറെ ദൂരത്തു കുതിരപ്പുറത്തു കയറി ഒരാൾ അന്നിക്കരയ്ക്കു പോകുന്നതു കണ്ടു. ഉടനെ ശങ്കുവിന്റെ ബുദ്ധിയിൽ മേഘത്തിൽ മിന്നലെന്നപോലെ ഒരു കൃത്യവും തോന്നി. ശങ്കു തൽക്ഷണം വഴിയിൽ ചെന്നുചേർന്നു. കുറെ അധികം ദൂരം ഓടിയവന്റെ നാടുത്തിൽ വലിയ കിതപ്പോടും ഭയപ്പെട്ടമാതിരിയിലുള്ള മുഖത്തോടും കായ്യദ്ധ്യം സാധിക്കാനുള്ള പിന്തിരിഞ്ഞ നോട്ടത്തോടും പടിഞ്ഞാട്ടു് ഓടിത്തുടങ്ങി. കുതിരപ്പുറത്തു വരുന്നാളുടെ ഒരു ചെറുമപ്പാട്ട ദൂരമായപ്പോൾ തോത്തുമുണ്ടു കയ്യിൽ പിടിച്ചുയത്തി നില്ലൂണേ! നില്ലൂണേ! എന്നു വിളിച്ചുപറഞ്ഞു. കുതിരക്കുളമ്പിന്റെ ശബ്ദംകൊണ്ടു ശങ്കു പറയുന്നതെന്താണെന്നു പുറത്തിരിക്കുന്നാൾ കേട്ടില്ല. പിന്നെയും കുറെ സമീപിച്ചപ്പോൾ ശങ്കു നില്ലൂണമെന്നു പറഞ്ഞതു കേട്ടു കുതിരയെ നിത്തി.

ശ—(കിതപ്പുംകൊണ്ടു്) ജീവ—ജീവനെ—ക്കൊതിയുണ്ടെങ്കിൽ കുതിരയെ തിരിച്ചുകൊള്ളു.

കുതിരപ്പുറത്തുള്ളാൾ—എന്തിനാ?

ശ—ഒരു തെങ്ങോലവരിയൻ വഴി ഇട മുറിച്ചു കിടക്കുന്നു. ഞാൻ ആദ്യം എന്തോ എന്നു വിചാരിച്ചു. അവൻ പടിഞ്ഞാട്ടു തിരിഞ്ഞപ്പോൾ തീക്കട്ടപോലെ രണ്ടു കണ്ണു കണ്ടു. പേടിച്ചു പ്രജ്ഞയില്ലാതെയാണു് ഞാൻ ഇതുവരെ ഓടിയതു്.

കുതിരപ്പുറത്തുള്ളാൾ—അവൻ അവിടെത്തന്നെ കിടക്കുമോ? ഇപ്പോൾ പോയിട്ടുണ്ടാകും.

ശങ്കു—എന്നാൽ പോയ്ക്കോള്ളൂ. എനിക്കിവിടെ നില്ക്കാൻ ധൈര്യമില്ല.

എന്നു പറഞ്ഞു ശങ്കു പിന്നെയും പടിഞ്ഞാട്ടോടി. കുതിരപ്പുറത്തു പോയിരുന്നാൽ കോണിക്കലെ കാമാക്ഷിയമ്മയുടെ സംബന്ധക്കാരൻ കുഞ്ഞികൃഷ്ണപ്പണിക്കരാരുന്നു. നിന്നു വർത്തമാനം പറയാനിടയില്ലാതെ ശങ്കു പടിഞ്ഞാട്ടോടിയപ്പോൾ പണിക്കരുടെ ധൈര്യവും പടിഞ്ഞാട്ടു തിരിഞ്ഞു. ക്ഷൌരം കഴിച്ചവരുന്ന വയറൻവാദ്ധ്യാരെ ശകുനം കണ്ടതിന്റെ കാര്യമുടെ ഉദയവും പണിക്കരുടെ ധൈര്യാസ്തമയവും ഏകകാലത്തുതന്നെസംഭവിച്ചു. അന്നിക്കരയ്ക്കുള്ള വഴിയുടെ ആറാമായ വലിയ നിരത്തുവഴി എത്തിയപ്പോൾ ശങ്കു ഒരു മരത്തിന്റെ വേരിൽ ഇരിക്കുന്നതു കണ്ടു.

കു-കു-പ—നിങ്ങൾക്കു് എങ്ങോട്ടാ പോകേണ്ടതു്?

ശ—എനിക്കു കോട്ടയിലെ വീട്ടിലേയ്ക്കു പോകണം.

കു-കു-പ—ഇനി എന്താ നിശ്ചയിച്ചിരിക്കുന്നതു്?

ശ—രണ്ടുമൂന്നു് ആളെക്കൂട്ടി ചൂട്ടും മറുമായി പോയാൽ ഭയപ്പെടാനില്ല.

കു-കു-പ—നിങ്ങൾക്കു് ആളെ ഉണ്ടാക്കാൻ കഴിയുമോ?

ശ—ഞാൻ ഈ ദിക്കിൽ ആരേയും അറിയില്ല.

കു-കു-പ—നിങ്ങൾ ഏതു ദിക്കുകാരനാണു്?

ശ—ഞാൻ തലശ്ശേരിക്കാരനാണു്. ഒരു പിഷാരോടിയാണു്.

കു-കു-പ—ഞാൻ പോയി ആളെ വിളിച്ചുകൊണ്ടു പോരായിരുന്നു. പക്ഷേ ആ വഴിയിൽക്കൂടി കുതിരയ്ക്കു പോകാൻ പ്രയാസം.

ശ—കുറെ ബുദ്ധിമുട്ടായാലും ആളെ വിളിച്ചുകൊണ്ടുവരാതെ കഴിയില്ല. ആളെ കിട്ടാത്തപക്ഷം മടങ്ങാനാണു് ഞാൻ തീച്ചയാക്കിയിരിക്കുന്നതു്.

കു-കു-പ—കുതിരയെ ഇവിടെ കെട്ടിയിട്ടു പോയാലോ?

ശ—കെട്ടഴിഞ്ഞാൽ എന്നെക്കൊണ്ടു പിടിച്ചുകെട്ടാൻ സാധിക്കില്ല. അതു കടിക്കില്ലല്ലോ?

കു-കു-പ—ഈ കുതിര കടക്കില്ല.

ശ—എന്നാലും നിങ്ങൾ വെട്ടപ്പായി ഉറപ്പുള്ള കയറുകൊണ്ടു കെട്ടിയിട്ടു പോയാൽക്കൊള്ളാം. അധികം നേരം ഇവിടെക്കണ്ടിവരുമോ?

കു-കു-പ—ഏറിവന്നാൽ അര നാഴിക ഇരിക്കണം. ഇവിടെ ചെടിക്കാരൻ അബ്ദുള്ള എന്നു പേരായി ഒരു ജോൻകറാണ്ടു്. അവനെക്കിട്ടിയാൽ പിന്നെ ആളും വേണ്ടു, പൂട്ടും വേണ്ട.

ശ—എന്നാൽ ഇനി നേരം കളയാതെ പോയി വിളിച്ചുകൊണ്ടു വരുവിൻ.

കുഞ്ഞികൃഷ്ണപ്പണിക്കർ കുതിരയെ വഴിവക്കത്തുള്ള ഒരു വൃക്ഷത്തിന്റെ പേരിൽ കെട്ടിയിട്ടു് അബ്ദുള്ളയെ വിളിക്കാൻ പോയി. ശങ്കു നോക്കിക്കൊണ്ടിരുന്നു. പണിക്കർ കുറെ ദൂരത്തായപ്പോൾ ശങ്കു കുതിരയുടെ അടുക്കൽ ചെന്നു. കോപ്പുകളുടെ ഉറപ്പൊന്നു പരിശോധിച്ചു. കോപ്പുകൾ പുതിയവയായിരുന്നതുകൊണ്ടു ശങ്കുവിനു സന്തോഷമുണ്ടായി. കുതിരയെ കെട്ടഴിച്ചു ലഗാനിൽ പിടിച്ചു കഴത്തിൽ ഒന്നു തട്ടിക്കൊടുത്തു. ആഭരണവും അലക്കിയതുമുണ്ടും വേഗത്തിലോടുമ്പോൾ വീണുപോകാതിരിക്കത്തക്കവണ്ണം മടിയിൽ തിരുകിക്കെട്ടിയും മറ്റും ഉറപ്പിച്ചു. കുതി

രയെ വഴിയിൽ കൊണ്ടുവന്ന തെക്കും വടക്കും കന്നു നോക്കി.. ആരെയും കണ്ടില്ല. എങ്കിലും നടയിൽ വിടാഞ്ഞാൽ കുളമ്പിന്റെ ശബ്ദം പണിക്കർ കേട്ടേയ്ക്കാം എന്നു വിചാരിച്ചു കുതിരപ്പുറത്തു കയറിയിരുന്നു. കുതിരയെ 'നടയിൽ' വിട്ടു. കുറെ ദൂരം പോയപ്പോൾ 'ഗാലോപ്പിൽ' വിട്ടു. സമ്മാനം കിട്ടുന്ന കുതിരയോട്ടത്തിൽ എത്ര വേഗതയുണ്ടോ അത്ര വേഗത്തിൽ ഓടിച്ചാൽ കുതിരപ്പുറത്തു നിന്നു തെറിക്കാതിരിക്കാൻ തക്കവണ്ണം കോപ്പിനു ബലമുണ്ടോ എന്നാണു് ശങ്കു ആദ്യം നോക്കി മനസ്സിലാക്കിയതു്. കുറെ ഓടിച്ചപ്പോൾ കോപ്പിന്റെ ഉറപ്പിനെപ്പറ്റി ശങ്കുവിനു സംശയമെല്ലാം തീർന്നു.

കുഞ്ഞിക്കുഞ്ഞുപ്പണിക്കർ പെടിക്കാരൻ അമ്പ്ദുള്ളയേയും കൂട്ടി കൊണ്ടുവന്നു നോക്കിയപ്പോൾ കുതിരയേയും കാവലിരുത്തിയ കള്ളപ്പിഷാരടിയേയും കണ്ടില്ല. പണിക്കർ കന്നു പരുങ്ങി. ആ സമീപത്തെങ്ങും കുടിയിരുപ്പുകാരും നിരത്തുവഴി വക്കത്തുണ്ടായിരുന്നില്ല. കുറെ വടക്കോട്ടു പോയാൽ 'തവാണ്ണ' എന്നു പറയുന്ന ഒരു കള്ളുകടയുണ്ടു്. വടക്കോട്ടു പോയിട്ടുണ്ടെങ്കിൽ ആ ഷാപ്പുകാർ കാണാൻ സംഗതിയുണ്ടു്. അവിടെപ്പോയി ചോദിച്ചു വടക്കോട്ടു പോയിട്ടില്ലാത്തപക്ഷം തെക്കോട്ടാണു് ആളെ അയയ്ക്കാമെന്നു വിചാരിച്ചു് അമ്പ്ദുള്ളയും പണിക്കരുംകൂടി തവാണ്ണയ്ക്കു പോയി.

കു-കു-പ—ഏടാ! അതുവഴിക്കെങ്കിലും ഈ വഴിയിൽക്കൂടി കുതിരപ്പുറത്തു പോകുന്നതു കണ്ടുവോ?

തവാണ്ണക്കാരൻ—തോത്തുമുണ്ടു വാലിട്ടു തലയിൽ കെട്ടി കയ്യിൽ പത്രാസുകാരൻ തെക്കോട്ടു പോകുന്നതു കണ്ടു.

ആ പത്രാസുകാരൻ ഈ ചോദിക്കുന്ന പണിക്കർതന്നെ ആയിരുന്നു എന്നു തവാണ്ണക്കാരൻ അറിഞ്ഞില്ല. തന്നെ പത്രാസുകാരൻ എന്നു പറഞ്ഞതു് അബ്ദുള്ള കേട്ടില്ലായിരിക്കുമെന്നു വിചാരിച്ചു പിന്നെയും ചോദിച്ചു.

കു-കു-പ—വടക്കോട്ടാരെങ്കിലും പോകുന്നതു കണ്ടിട്ടുണ്ടോ?

തവാണ്ണക്കാരൻ—ആ അധികപ്രസംഗിതന്നെ കാലത്തു വടക്കോട്ടും പോകുന്നതു കണ്ടു.

ഇപ്പറഞ്ഞതു് അബ്ദുള്ള കേട്ടു: പണിക്കരുടെ കണ്ണൊന്നു മിന്നി.

കു-കു-പ—തന്നോടു വൈകുന്നേരം പോകുന്ന കണ്ടുവോ എന്നു ചോദിച്ചാൽ കാലത്തു പോയതാണോ പറയുക? ഈ കൂപ്പികളിലുള്ള സാധനം താൻ വില്ക്കുകയല്ല കൂടിക്കുകയാണെന്നാണു് തോന്നുന്നതു്.

തവാണ്ണക്കാരൻ—എന്റെ സംശയം താനിപ്പോൾ ഇവിടുന്നു വല്ലതും മോഷ്ടിച്ചു കൂടിച്ചുവോ എന്നാണു്. ഇപ്പോൾ പോകുന്നതു കണ്ടുവോ എന്നു താൻ എന്നോടു ചോദിച്ചില്ലല്ലോ? ഞാനാണു് കൂടിച്ചതെങ്കിൽ അമലൊക്കെ തനിക്കാണു്.

കുഞ്ഞിക്കൃഷ്ണപ്പണിക്കരെ ആരും 'താൻ' എന്നു വിളിക്കാറില്ല. കേവലനായ ഒരു കള്ളുകടക്കാരൻ തന്നെ താൻ എന്നു വിളിച്ചുകേട്ടപ്പോൾ ഇവനെ രണ്ടു കൊടുത്താലെന്താ എന്നു തോന്നി. അബ്ദുള്ളയെ വിളിച്ചു് ഇവനു രണ്ടു കൊടുക്കാൻ വയ്യേ എന്നു ചോദിച്ചു. 'തല്ലും പോലീസുമായി ഇവിടെ നിന്നാൽ കുതിരയെ കിട്ടില്ല' എന്നു് അബ്ദുള്ള പറഞ്ഞപ്പോൾ പണിക്കരുടെ കോപത്തിനു

ള്ള ഫലപ്രദാനം പിന്നൊരിക്കലേയ്ക്കു നീട്ടിവെച്ചു. കുതിരയെക്കൊണ്ടുപായത്തു തെക്കോട്ടേയ്ക്കാണെന്നു തീച്ചയായി. അബ്ദുള്ള ഓടി പിന്നാലെ ചെന്നു കള്ളപ്പിഷാരോടിയേയും കുതിരയേയും പിടിച്ചുകൊണ്ടുവന്നാൽ 15ക. ഇനാം കൊടുക്കാമെന്നു വാശത്തം ചെയ്തു. അബ്ദുള്ള തോക്കും കയ്യിൽ പിടിച്ചു കുതിരയെത്തേടി ഓടിത്തുടങ്ങുകയും ചെയ്തു.

കള്ളപ്പിഷാരോടിയുടെ തൊള്ളപ്പിട്ടിലകപ്പെട്ട കുതിരയെക്കളഞ്ഞു കുരങ്ങു പോയ കുവനെപ്പോലെ വഴിവക്കത്തു തനിയേ ശേഷിച്ച കുഞ്ഞിക്കൃഷ്ണപ്പണിക്കർ കുറേനേരം അബ്ദുള്ളയുടെ ഗതിവേഗത്തിൽ സന്തോഷിച്ചുകൊണ്ടു നില്പായി. നായാട്ടുനായ്ക്കളെപ്പോലെ പിന്തിരിഞ്ഞുനോക്കാതെ ഇടത്തുകയ്യിൽ തോക്കും പിടിച്ചു് അതിവേഗത്തിൽ ഓടിയിരുന്ന അബ്ദുള്ള ക്ഷണനേരംകൊണ്ടു കൺമറഞ്ഞുപോയി. കു-കു-പണിക്കർക്കു കുതിര പോയതിനേക്കാൾ പിഷാരോടിയുടെ തൊള്ളപ്പിട്ടിലകപ്പെട്ടതിലാണു് അധികം ജാള്യത തോന്നിയതു്. തനിക്കു വന്ന ബുദ്ധിമോശത്തിൽനിന്നു പാഠം പഠിക്കാതെ പിഷാരോടിയെ പിടികിട്ടിയാൽ അബ്ദുള്ളയെക്കൊണ്ടു് അവന്റെ മുഖത്തു ചവിട്ടിക്കേണമെന്നും മറ്റു സാഹസങ്ങൾ പ്രവർത്തിക്കേണമെന്നും മനപ്പാൽ കുടിച്ചുകൊണ്ടു സപ്പുത്തിനെപ്പോലെ കോപിച്ചു് അമ്മംകടിച്ചതും പല്ലുകടിച്ചതും മുഷ്ടി ബന്ധിച്ചതും കണ്ടു ചിരിക്കാൻ അന്ധകാരമല്ലാതെ ആരും സമീപത്തില്ലാഞ്ഞതിനാൽ ആ കോപജ്വാല വർദ്ധിക്കാതെ ഹൃദയത്തിൽത്തന്നെ ലയിച്ചു. പണിക്കരുടെ ചൈതന്യത്തെ ഭസ്മീകരിച്ചു കോപാഗ്നി കുത്തിയടങ്ങി ക്രൂരത

ട്ടോടുകൂടി ലയിച്ചപ്പോൾ മാത്രമേ പണിക്കർ തന്റെ ത
ല്ക്കാലസ്ഥിതിയെപ്പറ്റി പ്രജ്ഞയുണ്ടായുള്ളൂ. ഭാര്യവീട്ടി
ലേയ്ക്കു പോയാലോ എന്നു വിചാരിക്കുമ്പോൾ വഴിയിട
വിലങ്ങത്തിൽ കിടക്കുന്ന വരിയൻ പുച്ചി ശ്രുതി കലക്കുന്നു.
വീട്ടിലേയ്ക്കുതന്നെ നടക്കാനാലോചിക്കുമ്പോൾ അവിടേയ്ക്കു
ള്ള നാലു നാഴിക ദൂരം കാലിനെ പിന്നാക്കം നടത്തുന്നു.
ആ സമീപത്തുതന്നെ വല്ല വീട്ടിലും ചെന്നു പട്ടിണി കി
ടന്നു നേരം പുലർത്താമെന്നു വെച്ചാൽ വീടുകളും സമീപ
ത്തില്ല. ഉണ്ടെങ്കിൽത്തന്നെ നായന്മാരുടെ വീടൊന്നും
ഇല്ല. വിശപ്പാ വയറിനുള്ളിൽ കിടന്നു മാന്തിത്തുടങ്ങി.
യിരുന്നുണ്ണാൻ കൊതിച്ചു പോയ വായയ്ക്കു മരുന്നായൊരു
വറു കിട്ടാൻ വഴി കണ്ടില്ല. മനോവിചാരം ഇങ്ങിനെ
തെണ്ടി നടന്നതിനു ശേഷം വിരമിച്ചു ചാടിപ്പോയ
മൂഢക്കുട്ടിയെന്നപോലെ വീടു ഗതിനമുക്കെന്നു തിരിഞ്ഞു.
നാലുനാഴിക വഴി നടന്നു കാലു കുഴഞ്ഞാലും അവിടെ എ
ത്തുന്ന സമയഭേദംനിമിത്തം അഷ്ടി കുന്തമാകാനാണെളു
പ്പം. വീടും പടിപ്പുരയുമായി ദൂരം അധികമുള്ളതുകൊണ്ടു
കുരുക്കൻ കുരയ്ക്കുമ്പോലെ നിലവിളിച്ചിച്ചാലേ ഉണർന്നിരിക്കു
ന്നവർക്കുകൂടി കേൾക്കാവൂ. പിന്നെ ഉറക്കത്തിന്റെ മുഖ
മുരയിൽ താൻതന്നെ 'ക്രോഷ്ടശബ്ദം' ചെയ്തുകൊണ്ടു കിട
ക്കുന്നാളുടെ കഥ എടുക്കാനുണ്ടോ? വീടെത്തിയാൽ പ്രാകി
പ്പൊലിച്ചെങ്കിലും വല്ലവരും അടുക്കളയിൽചെന്നു വെയ്ക്കും.
വെച്ചൊരുങ്ങുന്ന സമയം ഇച്ചരിത്രം മൂടിവെയ്ക്കാൻ സാധി
ച്ചു എന്നും വരില്ല. ഉണ്ടായ വർത്തമാനം സത്യമായി പറ
ഞ്ഞാൽ ഇത്തിരി പോരാത്തവനായി വരുമെന്നുള്ളതു നി
ശ്ചിതമാണു്. എന്തായാലും അന്ധതമസ്സിക്കൽ വഴിവ

ത്തു കണ്ണും തുറിച്ചിരുന്ന വരിയൻപുലിയുടെ വായ്പീരയ്ക്കു വട്ടം കൂട്ടുന്നതിനേക്കാൾ വീട്ടിലേയ്ക്കു പോകുതന്നെ നല്ലതെന്നുറച്ചു ഏകാകിയായി നടന്നുതുടങ്ങി. താൻ ഭാര്യവീട്ടിലേയ്ക്കു പുറപ്പെട്ടപ്പോൾ ശകുനമായി വന്ന വയറൻ വാദ്ധ്യാരുടെ ചൊട്ടത്തല ചൊട്ടിപ്പൊളിക്കേണമെന്നും വഴിയിടുറിച്ചു കടന്ന കാടൻപൂച്ചയെ ഒരു സഞ്ചിയിലിട്ടു കെട്ടി നാട്ടുകടത്തണമെന്നും നിമിത്തോപകരണങ്ങളെ കാരണമായി തെറ്റിദ്ധരിച്ച ശ്രദ്ധയില്ലാതെ നടന്ന നടന്ന നായാടിപ്പാട്ട ദൂരമായപ്പോൾ നാട്ടരാഗത്തിൽ നീട്ടിത്തുടങ്ങിയ മുതുകുറുക്കന്റെ മുക്കുറാളും കൂട്ടുകാരായ കുട്ടിക്കുറുക്കന്മാരുടെ കുറുകുവിളിയും കേട്ട് ഒരു ഞെട്ടു ഞെട്ടി. 'കരച്ചൽ ഓരിമുമ്പായി' എന്നു പറഞ്ഞ ദുശ്ശകുനം പിടിച്ചായും കാണുന്നവല്ലോ! ഇനിയും എന്താണാവോ വരാൻ പോകുന്നതു്? അഥവാ വളരെ ആലോചിച്ചിട്ടു കാര്യമില്ല. വരുംഫലം വഴിയിൽ തങ്ങില്ല. വരുന്നതെല്ലാം അനുഭവിപ്പാൻ ഒരുങ്ങിയിരിക്കയല്ലാതെ ഭാവിജ്ഞാനമില്ലാത്ത മനുഷ്യനു് എന്തു ചെയ്യാൻ കഴിയും? ഭാവിജ്ഞാനമുണ്ടെങ്കിൽത്തന്നെ എന്താ കാര്യം? 'ഭവിതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര.' വരാൻ പോകുന്നതു് അനിഷ്ടമാണെങ്കിൽ അതു നിനച്ചു നിനച്ചു മാനം നോക്കീട്ടൊരു സാദ്ധ്യവുമില്ല. ഇഷ്ടമാണെങ്കിലും മുൻകൂട്ടി അറിഞ്ഞു സന്തോഷിക്കാൻ തുടങ്ങി സംഭവസമയമാകുമ്പോൾ അന്യഥാ അനുഭവിക്കുന്ന പുതുമയെക്കളയുന്നതും യുക്തമല്ല. വരുന്നതെന്തോ വരട്ടെ. പാശാവുപോലെ വാരിക്കുട്ടാമെന്നു തോന്നത്തക്കവിധം തുടുത്തു നടന്നാൽ കാലിരടാം, മുള്ളു കുത്താം, വല്ലതിലും ചെന്നു മുട്ടാം, പാമ്പിനെച്ചവിട്ടിക്കടികൊള്ളാം. ഇങ്ങിനെ

വ്യക്തമായി കാണുന്നതിനെ ഒഴിക്കാനാണു് മനുഷ്യനു ബുദ്ധി. ഒരു ചൂട്ടോ വിളക്കോ സമ്പാദിപ്പാൻ കഴുതക്കാൽ പിടിക്കുതന്നെ എന്നുറച്ചു പണിക്കർ തവാണ്ണയുടെ ഉള്ളിലേയ്ക്കു കടന്നു. പണിക്കർ ഉള്ളിലേയ്ക്കു കടന്നതും തവാണ്ണയുടെ പിന്നാമ്പുറത്തുണ്ടായിരുന്ന വാതിലിൽക്കൂടി ഗോവിന്ദൻകുട്ടി പുറത്തേയ്ക്കു ചാടിയതും ഒരേ സമയത്തായിരുന്നു. ഗോവിന്ദൻകുട്ടിയാണു് പുറത്തേയ്ക്കു പോയതെന്നുള്ളതിനു പണിക്കർക്കു യാതൊരു സംശയവുമില്ലാതിരുന്നതിനാൽ ഗോവിന്ദൻകുട്ടിയെ പിടിപ്പാൻ 'ഗോവിന്ദൻകുട്ടി, ഗോവിന്ദൻകുട്ടി' എന്നു വിളിച്ചുംകൊണ്ടു പണിക്കർ പിന്തുടരാൻ ഭാവിച്ചു. തത്സമയം തവാണ്ണക്കാരൻ പണിക്കരെ പിടിച്ചുനിത്തി.

തവാണ്ണക്കാരൻ—നിങ്ങൾ എന്താ ഇത്ര മയ്യാദകേട്ട കാണിക്കുന്നതു്? എന്റെ അനുവാദംകൂടാതെ ഇവിടെ വന്നു നിങ്ങൾക്കു് ഇങ്ങിനെയെല്ലാം ചെയ്യാമോ?

പണിക്കർ—എന്നെ വിട്ട. ആ ചാടിപ്പോയതു് എന്റെ മരുമകനാണു്. ഞാൻ അവനെപ്പിടിക്കാതിരിക്കയില്ല.

തവാണ്ണക്കാരൻ—ഇവിടുന്നാരും ചാടിപ്പോയതു ഞാൻ കണ്ടില്ല.

പണിക്കർ—തനിക്കു മുഖത്തു കണ്ണില്ലായിരിക്കും. വിട്ട, വിട്ട.

തവാണ്ണക്കാരൻ—എന്നെ 'താൻ' എന്നു വിളിക്കാൻ തക്ക യോഗ്യത തനിക്കില്ലെന്നു ഞാൻ ഒരിക്കൽ പറഞ്ഞിട്ടില്ലേ?

പണിക്കർ—പിന്നെ കള്ളു വില്ക്കുന്നവരെ ആരെങ്കിലും എജമാനനേ എന്നു വിളിക്കാറുണ്ടോ?

തവാണ്ണക്കാരൻ—എടോ! കള്ള വിറ്റാലും കഞ്ഞാവു വിറ്റാലും നായരു ചോവനാകുമോ?

പണിക്കർ—തനിയ്ക്കു് ഇത്തിരിയെങ്കിലും തറവാടിത്തമുണ്ടെങ്കിൽ എന്നെ എടോ എന്നും മറ്റും വിളിക്കുമോ?

തവാണ്ണക്കാരൻ—ഞാൻ തറവാടിയാകേണമെങ്കിൽ കണ്ട ചെറ്റകളെ എല്ലാം എജമാന്നോ എന്നു വിളിയ്ക്കുണോ? തരക്കേടില്ല.

ഈ സംഭാഷണം ഇനിത്തുടരാൻ കൊള്ളില്ല. "യൌവനം ധനസമ്പത്തിഃ പ്രഭുതപമവിവേകതാ ഏകൈകമപ്യനർത്ഥായ കിമു യത്ര ചതുഷ്ടയം" എന്നു ചൊല്ലിച്ച കൂട്ടത്തിൽ രണ്ടുപേരും തറവാട്ടുകാർ—രണ്ടുപേരും പണക്കാർ—രണ്ടുപേരും 'മുറിമുപ്പതു്" എന്ന പ്രായക്കാർ—അങ്ങുമിങ്ങും സ്ഥിതികളും അറിഞ്ഞിട്ടില്ലെന്നു മാത്രമല്ല കണ്ടാലുള്ളാകൃതികൊണ്ടു കുഞ്ഞിക്കൃഷ്ണപ്പണിക്കരെ തവാണ്ണക്കാരനും, കള്ള വില്ക്കുന്ന നികൃഷ്ടപ്രവൃത്തിയിൽ തവാണ്ണക്കാരനെ പണിക്കരും മോശക്കാരനാണെന്നു ധരിച്ചിട്ടുണ്ടു്. അങ്ങിനെ ഇരിക്കെ അവർ തമ്മിലുള്ള ശണ്ഠ വർദ്ധിച്ചതിൽ ആശ്ചര്യമെന്താ? നന്മയുണ്ടെങ്കിൽ ഇതരഹീനഭാവത്തിൽക്കൂടി സജ്ജനമായി കാലം കഴിക്കാമെന്നുള്ള തത്വം തനിക്കറിവുണ്ടെങ്കിലും കോപാവേശംകൊണ്ടു കമ്പിതശരീരനായ കുഞ്ഞിക്കൃഷ്ണപ്പണിക്കർ അന്നു രാത്രി ഉപയോഗിച്ച വാക്കുകളെ കേട്ടാൽ സരസ്വതി സുരാപനം ചെയ്തതാണെന്നുതന്നെ തോന്നും. ഗോവിന്ദൻകുട്ടിയുടെ കൂട്ടുകാരായി നിരപരാധികളായി വെറുതെ ഇരുന്നിരുന്നവരെ തന്റെ ദുർഭാഷണത്തിന്റെ മദ്ധ്യേ ആഭാസവാക്കുകളാൽ ചൂണ്ടുകയാൽ കലാശത്തിങ്കൽ അവരും പണി

ക്കരുമായി കൊണ്ടോറു എന്നു മാത്രമല്ല അടികലശലും തുടങ്ങി. അവരെല്ലാവരുംകൂടി പണിക്കരെ തെക്കോട്ടെടുക്കുട്ടിക്കൊണ്ടുപോയി. ആയാൾ ഉടുത്തിരുന്ന മുണ്ടു ചീന്തി പണിക്കരുടെ കൈ രണ്ടും പിന്മുറത്താക്കി ഒരു മരത്തിന്റെ ഇരുവശത്തുംകൂടി വളച്ചുകെട്ടി. കാൽ രണ്ടും മരത്തോടു ചേത്തി മുണ്ടിന്റെ മറെറാരു ചീന്തുകൊണ്ടു കെട്ടിയിട്ടു. ആ ചെറുപ്പക്കാരെ കള്ളുകുടിയന്മാർ എന്നു പലപ്രാവശ്യവും പണിക്കർ പറഞ്ഞതിനുള്ള ശിക്ഷാവിധിയായി ഒരു കുപ്പി കള്ളു കൊണ്ടുവന്നു കുറെ പണിക്കരുടെ വായിൽ ഒഴിച്ചു ബാക്കികൊണ്ടു് അഭിഷേകം ചെയ്തു്, ചെറുപ്പക്കാരെല്ലാം അവർവരുടെ ചവിട്ടുവണ്ടികളിൽ കയറി പ്പോകുകയും ചെയ്തു.

പണിക്കർ ആ നിലയിൽ നിന്നു കുറെ നിലവിളിച്ചു നോക്കി. ആരേയും കെട്ടഴിച്ചുവിടാൻ കിട്ടാഞ്ഞു വ്യസനിച്ചു. അന്നിക്കരയ്ക്കു തിരിയുന്ന വഴി സമീപത്താകയാൽ നിലവിളി കേട്ടു വരിയൻപുലി വന്നു ഭക്ഷിച്ചാലോ എന്നു ഭയത്തിന്മേൽ പിന്നെ മൌനിയായി നിന്നു. അന്നിക്കരയ്ക്കോ അവിടെനിന്നു് അന്യദേശത്തിലേയ്ക്കോ പോകുന്നവർ ആരെങ്കിലും തന്നെ ഈ സ്ഥിതിയിൽ കാണുന്നതിനേക്കാൾ വരിയൻപുലിക്കിരയാകുന്നതാണു് നല്ലതെന്നു് കരിക്കൽ മാനപ്രിയനായും ഭാര്യയെ ഉപേക്ഷിച്ചാൽത്തന്നെ എന്തു വരും, ആത്മരക്ഷ എങ്ങനേയും ചെയ്യാം, എന്നും മറും മറെറാരിക്കൽ ദേഹപ്രിയനായും നരനെ ഭയന്നും നരിയെ ഭയന്നും പണിക്കർ പുലരുന്നതുവരെ കഴിച്ചുകൂട്ടിയതു് എങ്ങനെയാണെന്നു വർണ്ണിക്കാൻ സാക്ഷാൽ അനന്തനുംകൂടി സാധിക്കില്ല. നേരം പുലർന്നപ്പോൾ കാ

ട്ടിലേയ്ക്കു വിറകിനു പോകുന്ന ഒരു ചെറുമൻ കണ്ടു പണി
ക്കരെ കെട്ടഴിച്ചു വിട്ടു.

തവാണ്ണയിൽനിന്നു ചാടിപ്പോയതു മടിക്കുലേഷൻ പരീക്ഷയ്ക്കു വായിച്ചിരുന്നവനും കുഞ്ഞിക്കുഞ്ഞുപ്പണിക്കരുടെ മരുമകനുമായ ഗോവിന്ദൻകുട്ടിതന്നെ ആയിരുന്നു. ഗോവിന്ദൻകുട്ടിയും അയാളുടെ ചില സ്നേഹിതന്മാരുംകൂടി ചവിട്ടുവണ്ടി കാടിക്കുന്നതിൽ മത്സരിച്ചു് ആർ മുമ്പെത്തുമെന്നു പരീക്ഷിക്കാൻ ഓടിച്ചുപോയപ്പോൾ ശ്രമംകൊണ്ടു് എല്ലാവർക്കും ദാഹമുണ്ടായി. ആ പ്രദേശത്തിൽ ഈ തവാണ്ണയല്ലാതെ തുള്ളി വെള്ളം കിട്ടുന്ന സ്ഥലം കാണാത്തതിനാൽ മനസ്സില്ലാമനസ്സോടുകൂടിയും രാത്രിയല്ലേ എന്നും ആപത്തിനു പാപമില്ലെന്നും മറ്റും വിചാരിച്ചു കള്ളുകടയിൽ വെള്ളം കുടിക്കാൻ ചെന്നതാണു്. കള്ളുകടയിൽ ചെന്നു വെള്ളം കുടിച്ചാലും കള്ളു കുടിച്ചു എന്നു പേർ കേൾക്കുമെന്നിവരെല്ലാം ആദ്യം പറഞ്ഞതുപോലെത്തന്നെ അനുഭവത്തിലും കണ്ടു. പുറപ്പെട്ടതിനുശേഷം സുമാർ ഒരു മണിക്കൂറിനകത്തു് എല്ലാവരും മടങ്ങിഎത്തിയതുകൊണ്ടും കുളിയെ വെറും മോറലാക്കിയതുകൊണ്ടും ചവിട്ടുവണ്ടിയിൽ പോയ സമയനഷ്ടം പ്രത്യക്ഷത്തിൽ കാണാതെ എല്ലാവരും അവരവരുടെ വീടു ചേർന്നു.

ഗോവിന്ദൻകുട്ടിയ്ക്കു ശല്യംകൂടാതെ ഇരുന്നു വായിക്കാൻ ശ്രാമ്പിയിൽ ഒരു മുറി അകം പ്രത്യേകിച്ചു കൊടുത്തിട്ടുണ്ടു്. ആ മുറി അടിച്ചുവാരി വിളക്കു തുടച്ചു് എണ്ണയൊഴിച്ചു വെയ്ക്കുന്നതും കിടയ്ക്കയിട്ടു വിരിച്ചുകൊടുക്കുന്നതും ദിവസന്തോറും കാരണവരുടെ ഭാര്യയാണു് ചെയ്യുവ

താറുള്ളതു്. ഗോവിന്ദൻകുട്ടി സ്കൂളിൽനിന്നു വന്നാൽ പിന്നെ രാത്രി $7\frac{1}{2}$ മണിവരെ ഒന്നും വായിക്കാറില്ല. സ്കൂൾ വിട്ടതിന്നുശേഷം $7\frac{1}{2}$ മണിവരെയുള്ള സമയം കളി-കളി-ഉണ്ണു് ഇതുകഠിക്കായി ആയാളം നീക്കിവെച്ചിട്ടുണ്ടു്. അമ്മായിഅമ്മ സന്ധ്യാസമയത്തു കാലും മുഖവും കഴുകി വന്നു ജപിക്കാനിരുന്നു. സുമാർ 6 മണി സമയമാകുമ്പോൾ അകത്തിന്റെ താക്കോൽ അമ്മായിഅമ്മയുടെ മടിയിൽ ഇട്ടേച്ചു കളിക്കാൻപോകുകയാണു് പതിവുള്ളതു്. ആയാൾ ചങ്ങാതിമാരോടുകൂടി ചവിട്ടുവണ്ടി ഓടിക്കാൻ പോയ ദിവസവും അകത്തിന്റെ താക്കോൽ കൊടുത്തതിന്റെ ശേഷമാണു് പോയിട്ടുള്ളതു്. പക്ഷേ 6 മണിക്കും $6\frac{1}{4}$ മണിക്കും കൊടുക്കാറുള്ളതു് അന്നു $5\frac{3}{4}$ മണിക്കു കൊടുത്തു എന്നു മാത്രമേ ഒരു പ്രത്യേകതയുള്ളു. ഗോവിന്ദൻകുട്ടി മടങ്ങിഎത്തിയ ഉടൻതന്നെ ആളെക്കാട്ടാൻവേണ്ടി അകായിലേയ്ക്കു ചെന്നു. അതിന്നു നാലോ അഞ്ചോ മിനിട്ടു മുമ്പു പതിവുപോലെ അകത്തു വിളക്കു കൊളുത്തിവെച്ചു ഗോവിന്ദൻകുട്ടിയുടെ ഊണിന്നു വേണ്ടതെല്ലാം അമ്മായിഅമ്മ ഒരുക്കുകയായിരുന്നു. ഗോവിന്ദൻകുട്ടിക്കു പെറ്റമ്മ ജീവിച്ചിരിക്കെ അയാളുടെ ഭക്ഷണാദികളിൽ അമ്മായിഅമ്മ ചുമതലവഹിച്ചിരിക്കുന്നതിന്റെ കാരണം മരുമക്കത്തായക്കാർക്കെല്ലാം വളരെ ആലോചിക്കാതെതന്നെ അറിയാവുന്നതാണു്.

ഗോ—അമ്മായിഅമ്മേ! നല്ല വെള്ളത്തിൽ കുളിക്കാൻ പോകുമെന്നു വിചാരിച്ചു് ആകാത്ത വെള്ളത്തിലും കുളിയില്ലാതെയാണു് വന്നു സംഭവിച്ചതു്.

അ-അ—അതെന്തു?

ഗോ—ഈ ഇരുട്ടത്തു ഞാൻ തനിയേ പോയി എങ്ങനെയാണു് കൂളിച്ചുവരുന്നതു്? ഞങ്ങൾ മൂന്നുനാലാളുകൾ കൂടിപ്പോകാനാണു് നിശ്ചയിച്ചിരുന്നതു്. ഞാൻ ഇത്ര നേരം പടിപ്പുരയിൽ കൂട്ടരെ കാത്തിരുന്നു. ആരും വന്നില്ല. ഒരു വിളക്കു തന്നാൽ നമ്മുടെ കുളത്തിൽത്തന്നെ പോയി കൂളിച്ചിട്ടു വരാം.

അ-അ—കോണിച്ചുവട്ടിൽ അമ്മാമടെ റാന്തലുണ്ടു്. വേഗം കൂളിച്ചു വരൂ.

ഗോവിന്ദൻകുട്ടി വിളക്കുകൊടുത്തു കൊണ്ടുപോയി കൂളിച്ചു വന്നു് ഊണു കഴിച്ചു. സാധാരണപോലെ $7\frac{1}{2}$ മണിക്കു വായന തുടങ്ങി.

ബന്ധമോചനം വന്ന ഉടനെ കുഞ്ഞിക്കൃഷ്ണപ്പണിക്കരുടെ മനസ്സിനു വല്ലാതെയൊരു മാറ്റം വന്നു. അവയവങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായാലുള്ള സുഖം എന്താണെന്നു് അപ്പോൾ മാത്രമേ അറിഞ്ഞുള്ളൂ. അന്നിക്കരുണ്ടു പോകുന്നതാണു് എളുപ്പമെങ്കിലും അപമാനത്തിനെയുള്ള ഭയംകൊണ്ടു് ആ വഴിക്കു തിരിഞ്ഞുനോക്കിയതുംകൂടി ഇല്ല. തലേന്നു രാത്രിയിലെ സുരാഭിഷേകത്താലുണ്ടായിരുന്ന ദുർഗ്ഗന്ധത്തെ കുളയാനായിരുന്നു പ്രഥമശ്രമം. തോഴ്ത്തുമുണ്ടിനെ ചീന്തീട്ടില്ലായിരുന്നതുകൊണ്ടു് അതുടുത്തു മാനം മറച്ചു വഴി നടക്കാനുറച്ചു. വീട്ടിനടുത്തെത്തുന്നതുവരെ കൂളിക്കത്തക്ക കുളമൊന്നും ഉണ്ടായിരുന്നില്ല. സാധാരണ താൻ കൂളിക്കുന്ന കുളത്തിൽത്തന്നെയാണു് കൂളിച്ചതു്. ഉടുക്കുന്ന മുണ്ടു നടുവെ കീറിയിരുന്നതിനാൽ അതിനെ എറാറി നനച്ചിടാൻ ശ്രദ്ധവെച്ചില്ല. കൂളി കഴിഞ്ഞപ്പോൾ സുരാഗന്ധം പോയപോലെ തനിക്കു തോന്നിയെ

ങ്കിലും മറുള്ളവക്കറിയത്തക്ക ഗന്ധം പിന്നേയും ദേഹ
ത്തിലുണ്ടായിരുന്നു. ഉടുത്ത മുണ്ടു കീറിയതാണെങ്കിലും
അതിനെ വേണ്ടംവണ്ണം നനച്ചിടാഞ്ഞാൽ കള്ളുനാറാ
പോകില്ലെന്നുള്ള ആലോചന പണിക്കക്കെത്താത്തതി
നാൽ ദേഹപ്രക്ഷാളനം പൂർണ്ണമായിരുന്നാൽത്തന്നെയും ഗ
ന്ധപ്രചാരത്തിന്നു് ആ മുണ്ടു മതിയായിരുന്നു. ഇപ്പോൾ
കുളിച്ചു ചെന്നിട്ടും കുടിച്ചു ചെന്നപോലെയായി. ഈറൻ
മാറി വിശപ്പടക്കാൻ അടുക്കളയിൽ ചെന്നിരുന്നു. വിള
മ്പിക്കൊടുക്കാൻ പോയവർ മദ്യഗന്ധം ഏറ്റതുകൊണ്ടും
തലേന്നു രാത്രി മുഴുവനും ഉറക്കമില്ലാത്തതിനാൽ കുണ്ടി
ലായിരിക്കുന്ന കൺമിഴികളെക്കൊണ്ടും കുതിര പോയതി
നാലും ബന്ധനത്താലും പണിക്കരുടെ മനസ്സിലുണ്ടായിരു
ന്ന മൌഢ്യം താനറിയാതെ മുഖഭാവത്തിൽ പ്രത്യക്ഷ
പ്പെട്ടിരുന്നതുകൊണ്ടും പണിക്കർ തലേന്നു രാത്രി അളവി
ല്ലാതെ മദ്യപാനം ചെയ്തതാണെന്നു വിചാരിച്ചു മുക്കി
ലും, മൂലയിലും ചെന്നു പിറുപിറുത്തുതുടങ്ങി. തറവാട്ടില
മ്മ ഇതു കേട്ടു കുഞ്ഞിക്കൃഷ്ണപ്പണിക്കർ ഉണ്ണുന്നേടത്തു ചെ
ന്നു. അടുക്കന്നോറും മദ്യഗന്ധം വമിച്ചിരുന്നതുകൊണ്ടു
തന്നെ തറവാട്ടിലമ്മയ്ക്കു ബോദ്ധ്യം വന്നു. "കുഞ്ഞിക്കൃഷ്ണൻ
തറവാട്ടിന്റെ മാനമൊക്കെ കളഞ്ഞുകുളിച്ചു കള്ളും കു
ടിച്ചു കുഞ്ഞി കുടിക്കാനിരിക്കുന്നു. ഉടനെ അരികത്തു വി
ളിച്ചു നോക്കിയാൽ ആ കോലമൊന്നു കാണാം. സുകൃത
ക്ഷയം. ഇതൊക്കെ കാണാതെ മരിക്കാൻ ദൈവം അനു
വദിക്കുന്നതുമില്ല" എന്നു തറവാട്ടിലമ്മ കാരണവരോടു
പറഞ്ഞപ്പോൾ അദ്ദേഹം ഒന്നു പരിഭ്രമിച്ചു. തറവാട്ടില
മ്മയുടെ മനസ്സിൽ കലർപ്പില്ലാത്ത സങ്കടമുണ്ടെന്നു കാര

ണവക്കു തോന്നി. കുഞ്ഞിക്കൃഷ്ണൻ മദ്യപാനം ചെയ്യുവന്നിരിക്കുന്നു എന്നു പറഞ്ഞതു് അദ്ദേഹം വിശ്വസിച്ചതുമില്ല. കയ്യിൽ പുണ്ണിനു കണ്ണാടി വേണ്ടല്ലോ എന്നു പറഞ്ഞു കുഞ്ഞിക്കൃഷ്ണനെ വിളിച്ചുകൊണ്ടുവരാൻ കാരണവർ കൂട്ടികളെ അയച്ചു. കുഞ്ഞിക്കൃഷ്ണപ്പണിക്കർ കൈകഴുകി തുടച്ചുംകൊണ്ടു കാരണവരുടെ സന്നിധിയിൽ ചെന്നു.

കാര—എന്തെടാ നീ വന്ന ഉടനെ കള്ളു നാറുന്നതു്?

കു-കൃ-പ—ഞാൻ കള്ളു കുടിച്ചിട്ടില്ല. അതു വിചാരിച്ചു ഖേദിക്കണ്ട. നമ്മുടെ തറവാട്ടിനുള്ള ഉൗഢ്യഗതി അവസാനിച്ചു. ഗോവിന്ദൻകുട്ടി കുടി തുടങ്ങിയിരിക്കുന്നു. ഇന്നലെ രാത്രി അവൻ കുടിക്കുന്നതു് എന്റെ കണ്ണുകൊണ്ടു കണ്ടപ്പോൾ സഹിക്കാതെ ഞാനക്കള്ളുകടയിൽ കയറിച്ചെന്നു. അവന്റെ കൂട്ടുകാരെല്ലാവരുംകൂടി എന്നെ പിടിച്ചുകൊണ്ടുപോയി എന്റെ ഉടുത്ത മുണ്ടിനെ ചീന്തി അതുകൊണ്ടു് എന്നെ ഒരു മരത്തോടു ചേത്തി കെട്ടിയിട്ടു. അവർ എന്റെ വായിലും തലയിലും മേലും കുറെ കള്ളു കൊണ്ടുവന്നൊഴിച്ചു. അതാണു് എന്നെ കള്ളു നാറുന്നതു്.

കാര—നീ എന്തിനു കള്ളു വില്ക്കുന്നോടത്തു പോയി?

കു-കൃ-പ—എനിക്കിന്നലെ എന്തോ വലുതായ കഷ്ടകാലമായിരുന്നു. അന്നിക്കരയ്ക്കുള്ള വഴിയിൽ ഒരു പുലി കിടക്കുന്നു എന്നു് ഓടിക്കിതച്ചുകൊണ്ടു വന്നിരുന്ന ഒരാൾ പറഞ്ഞു. ആയാൾ അന്നിക്കരയ്ക്കു പോകുന്നവനാണത്രേ. അയാളോടു നോക്കിക്കൊള്ളാൻ പറഞ്ഞു ഞാൻ കുതിരയെ വഴിവക്കത്തു കെട്ടിയിട്ടു സഹായത്തിന്നായെ വിളിക്കാൻ പോയി. ഞാൻ മടങ്ങിച്ചെന്നപ്പോൾ അ

യാളെയും കുതിരയേയും കണ്ടില്ല. ഇരുട്ടായിരുന്നതു കൊണ്ടു് അന്നിക്കരയ്ക്കു നടന്നു പോകാൻ ധൈര്യമുണ്ടായിരുന്നില്ല. ഇങ്ങോട്ടു വരുന്നതിനു് ഒരു വെളിച്ചം കിട്ടിയാൽ കൊള്ളാമെന്നു വിചാരിച്ചു തപാൽപ്പുരയിലേയ്ക്കു പോയതാണു്. അപ്പോഴാണു് ഗോവിന്ദൻകുട്ടി കുള്ളു കുടിക്കുന്നതു കണ്ടതു്.

കാര—കുതിര പോയോ?

കു-കു-പ—പോകില്ല. പിടിച്ചുകൊണ്ടുവരാൻ വെടിക്കാരൻ അമ്പുള്ളയെ അയച്ചിട്ടുണ്ടു്.

കാര—ഇവന്റെ കൂട്ടുകാരിൽ ആരെ എങ്കിലും നീ അറിയുമോ?

കു-കു-പ—ആരേയും അറിയില്ല. ഒന്നും ഈ നാട്ടുകാരല്ല. എന്നെ ഇങ്ങനെയൊക്കെ ചെയ്തതു് അവൻ അറിഞ്ഞിട്ടില്ലായിരിക്കാം. കള്ളുകുടിച്ചു സുബോധം വിട്ടിരിക്കുന്നവക്കു് എന്താ ചെയ്യുകൂടാത്തതു്?

കാര—നിന്നെ കെട്ടിയിടാൻ കാരണമെന്താണു്?

കു-കു-പ—അവരൊക്കെക്കൂടി കുടിക്കുന്നതു ഞാൻ കണ്ടതുകൊണ്ടായിരിക്കാം.

കുഞ്ഞിക്കൃഷ്ണപ്പണിക്കരുടെ കാരണവൻ മാധവപ്പണിക്കർ മഹാശുദ്ധനും സത്യവാനും കുടുംബത്തെ വളരെ സ്നേഹിക്കുന്നാളുമാണു്. അടുത്ത അനന്തിരവനാണു് കുഞ്ഞിക്കൃഷ്ണപ്പണിക്കർ. കാരണവക്കു വയസ്സായപ്പോൾ കായ്യാദികൾ കുഞ്ഞിക്കൃഷ്ണപ്പണിക്കരെ ഏല്പിച്ചു എങ്കിലും എന്തെങ്കിലും വിശേഷാൽ ചിലവുചെയ്യണമെങ്കിൽ തന്റെ അനുവാദംകൂടാതെ ചെയ്യരുതെന്നേല്പിച്ചിട്ടുണ്ടായിരുന്നു. തറവാട്ടുവക കൃഷിസ്ഥലവും ഭായ്വീടും ദൂരത്താക

യാൽ ഒരു കുതിരയെ വാങ്ങിയാൽ കൊള്ളാമെന്നു കുഞ്ഞി കൃഷ്ണപ്പണിക്കർക്കു വളരെ ആഗ്രഹമുണ്ടായിരുന്നു. "വാച്ചും കുതിരയും——ത്തു സംബന്ധവും അധികാരിപ്പണിയും നാശകാലത്തേ വന്നുചേരൂ" എന്നു കാരണവർ അടിക്കടി പറയാറുള്ളതുകൊണ്ടു കാരണവരോടു ചോദിച്ചാൽ കുതിരയെ വാങ്ങാൻ അനുവദിക്കില്ലെന്നു ഭയപ്പെട്ടു തന്റെ ഉള്ളിലുണ്ടായിരുന്ന ആഗ്രഹം കാരണവരോടു പറഞ്ഞതേ ഇല്ല. കുഞ്ഞികൃഷ്ണപ്പണിക്കരുടെ അച്ഛന്റെ മരുമകൻ തിമ്മപ്പണിക്കരുടെ കുതിരയെ വില പിന്നീടു കൊടുക്കാമെന്ന നിശ്ചയത്തിന്മേൽ കുഞ്ഞികൃഷ്ണപ്പണിക്കർ വാങ്ങി. കൃഷിക്കും അന്നിക്കരയ്ക്കും വളരെ ദൂരം നടക്കേണ്ടിവരുന്നു എന്നും നിവൃത്തിയില്ലാഞ്ഞിട്ടു വാങ്ങിയതാണെന്നും തന്നിക്കു വെച്ചിട്ടുള്ള മേഞ്ചിലചിൽനിന്നു കൊല്ലംതോറും പകുതി കണ്ടു പിടിച്ചുവെച്ചു വില കൊടുത്താൽ മതി എന്നും മറ്റും വളരെ സങ്കടത്തോടുകൂടി കാരണവരോടു പറഞ്ഞപ്പോൾ "എതായാലും വാങ്ങിക്കഴിഞ്ഞുവല്ലോ. വില ഞാൻ കൊടുക്കാം" എന്നു് ആ ദയാവാൻ സമ്മതിച്ച വഴിക്കാണു് കുഞ്ഞികൃഷ്ണപ്പണിക്കർക്കു കുതിരയുണ്ടായതു്. വില കൊടുത്തിട്ടില്ലെങ്കിലും കുതിര പോയി എന്നു കേട്ടപ്പോൾ കാരണവർക്കു സന്തോഷമാണുണ്ടായതു്. ഗോവിന്ദൻകുട്ടിയുടെ ചരിത്രത്തിൽ വൃദ്ധനു സഹിക്കവയ്യാത്ത സങ്കടമുണ്ടായി. "ദേവകിക്കു മരുന്നുപോലെ ഒരു മകനേ ഉള്ളു. അവൻ ഇംഗ്ലീഷു പഠിച്ചു നന്നായി വലിയ ഉദ്യോഗസ്ഥനായിരിക്കുമെന്നാശപ്പെട്ടു ഞാൻ അരുമയായി വളർത്തുന്ന ചെക്കന്റെ ചരിത്രം ഇതാണോ?" എന്നൊരു ചോദ്യവും ചോദിച്ചു മൂക്കിൽ വിരലുംവെച്ചു് ആ ശുദ്ധാത്മാവു കുറെ നേ

രം ഇരുന്നു. ഇടയ്ക്കു ദേവകിയമ്മയെ വിളിക്കാൻ പറഞ്ഞിട്ടുണ്ടായിരുന്നു. കാരണവർ വിചാരിച്ചുംകൊണ്ടിരുപ്പായിരുന്നതിനാൽ നേരം പോയതറിഞ്ഞില്ല. ദേവകിഅമ്മ ചെന്നു നിന്നിട്ടു കുറെ നേരമായി. എങ്കിലും കാരണവർ തിരിഞ്ഞുനോക്കുകയോ ശബ്ദിക്കുകയോ ചെയ്യുന്നില്ല. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ സാധാരണ ചെയ്യുവരുമ്പോലെ തുഴയുടെ ശബ്ദപ്പെട്ടെന്നു വാതിൽ മഞ്ഞുനിന്നു.

കാര—ആരാ? ദേവകിയാണോത്?

ദേ—അതെ.

കാര—നിന്റെ സന്തതി കള്ളുകുടി തുടങ്ങിട്ടുണ്ട്. കുഞ്ഞികൃഷ്ണൻ ഇന്നലെ കണ്ണുകൊണ്ടു കണ്ടു. കുഞ്ഞികൃഷ്ണൻ കണ്ടുപിടിച്ചതിനു നിന്റെ മകന്റെ കൂട്ടുകാർ അവനെച്ചെയ്ത അക്രമങ്ങൾ ഓരോന്നാഴിക ഞാൻ സഹിച്ചിരിക്കില്ല. അവൻ സ്കൂളിൽനിന്നു വന്നാൽ ഉടനെ ഇവിടെ പിടിച്ചുകൊണ്ടുവരണം. ഇന്നു് അവനു സ്കൂളിലേയ്ക്കു കാപ്പിയും പലഹാരവും കൊടുത്തയയ്ക്കരുത്.

ദേവ—അവൻ ഇന്നലെ സ്കൂളിൽനിന്നു വന്നമുതല്ലു് ഇവിടെത്തന്നെ ഉണ്ടായിരുന്നവല്ലോ!

കാര—അവൻ എപ്പോഴാ ഇന്നലെ ഉണ്ണാൻ വന്നതു്?

ദേ—സാധാരണ ഉണ്ണുന്ന സമയംതന്നെയാണു്. വേറെ ചില കുട്ടികളോടുകൂടി കളിക്കാൻ പോകാൻ നിശ്ചയിച്ചിരുന്നു. കുറെ നേരം അവൻ പടിപ്പുരയ്ക്കൽ അവരെ കാത്തിരുന്നു. അവരാരും വരാഞ്ഞപ്പോൾ ഇവിടുന്നു് അമ്മാമടെ വിളിക്കു കൊണ്ടുപോയിട്ടാണു് നമ്മുടെ കുളത്തിൽ കുളിച്ചതു്. കുളിക്കാൻ അവനു കുഴിച്ചു കാൽ

നാഴികയേ വേണ്ടിവന്നുള്ളൂ. അമ്മായിയാണു് വിള
മ്പിക്കൊടുത്തതു്.

കാര—കുഞ്ഞിക്കൃഷ്ണാ! എത്ര ദൂരമുണ്ടു് ആ കള്ളുകടയ്ക്കു്? എ
പ്പൊഴാ നീ അവനെ കണ്ടതു്?

കു-കൃ-പ—ഇവിടന്നു് ഏകദേശം 4 നാഴികയുണ്ടു്. ഇന്ന
ലെ സുമാർ ഏഴുമണിക്കാണവനെ കണ്ടതു്.

കാര—ആ സമയത്തു് അവനെ ഇവിടെ ആരെങ്കിലും കാ
ണ്ടിട്ടുണ്ടോ?

ദേ—ഞങ്ങളൊക്കെ കണ്ടിട്ടുണ്ടു്. ഏഴുമണിയാകുന്നതിനു
മുമ്പാണു് അവൻ അമ്മാമടെ വിളക്കു കൊണ്ടുപോ
യതു്.

കാര—അതായിരിക്കില്ല. കുഞ്ഞിക്കൃഷ്ണൻ നൊണ പറ
യുമോ?

ദേ—ഇന്നലെ ഗോവിന്ദൻകുട്ടി സ്കൂളിൽനിന്നു വന്ന മുത
ല്ക്കു് ഇവിടെത്തന്നെ ഉണ്ടായിരുന്നു. ഈ നാലു നാഴി
ക വഴി ദൂരം പോയി കള്ളു കുടിക്കാൻ ഇന്നലെ സമയ
മുണ്ടായിരുന്നില്ല. കുഞ്ഞിക്കൃഷ്ണൻ സാധാരണ നൊണ
പറയില്ലായിരിക്കാം. ഈ പറഞ്ഞതു സത്യമല്ല.

കാര—അവൻ എന്നോടു നൊണ പറഞ്ഞിട്ടില്ല. പറയു
മെന്നു് എനിക്കു തോന്നുന്നതുമില്ല.

ദേ—കുഞ്ഞിക്കൃഷ്ണൻ ഉണ്ണാൻ വന്നപ്പോൾ കള്ളു നാറീട്ടു്
അടുക്കെപ്പോകാൻ വയ്യ എന്നു പിള്ളരൊക്കെപ്പറയുന്നു.
ഇതാ എനിക്കും നാറുന്നുണ്ടു്. മുത്തച്ഛനിങ്ങനെ
കാണിച്ചാൽ കുട്ടികൾ കണ്ടുപഠിക്കില്ലേ?

കാര—കള്ളു നാറുന്നതു് അവൻ കുടിച്ചിട്ടല്ല. നിന്റെ

ദുർബ്ബീജത്തിന്റെ കൂട്ടുകാർ അവനെപ്പിടിച്ചു കെട്ടിയിട്ടു് അവന്റെ വായിലും മൂക്കിലും ഒക്കെ കള്ളൊഴിച്ചുവത്രേ! എന്തൊരക്രമമാണിതു്? എന്തൊരു കലിയാണിതു്?

ദേ—കോണിക്കലെ ആണങ്ങളൊക്കെ കൂടിയന്മാരാണു്. അതുകൊണ്ടേ എനിക്കിത്തിരി സംശയമുള്ളു.

കാര—കോണിക്കലെ ആണങ്ങളുടെ കേടൊന്നും അവനെ ബാധിച്ചിട്ടില്ല. മേലിൽബാധിക്കയുമില്ല. അവനെ ഞാൻ അടിച്ചുപുളത്തിയതാണു്. നിന്റെ മകൻ ഒന്നല്ലേ ഉള്ളു, എന്നു വിചാരിച്ചു നീയും ലാളിച്ചു. അതുകൊണ്ടതന്നെ ഞാനും ലാളിച്ചു. മകൾക്കു സംബന്ധക്കാരനായെടുക്കാൻ കുഞ്ഞുക്കുട്ടിയും ലാളിക്കുന്നുണ്ടു്. "ലാളനാൽ ബഹവോ ദോഷാസ്താഡനാൽ ബഹവോ ഗുണാഃ തസ്മാൽ പുത്രഞ്ച ശിഷ്യഞ്ച താഡയേന്നതു ലാളയേൽ" എന്നു പറഞ്ഞിട്ടെന്താ കായ്യം? എല്ലാവരുംകൂടി നല്ലൊരു ചെക്കനെ കെടുത്തു.

ദേ—എനിക്കെന്തോ വിശ്വാസമാകുന്നില്ല. ഗോവിന്ദൻകുട്ടിക്കു് ഒരു പ്രകൃതഭേദവും ഇന്നലെ കണ്ടില്ല. മോരു വിളമ്പിയതു ഞാനാണു്. എനിക്കൊരു ഭാവഭേദവും വന്നില്ല.

ഈ സന്ദർഭത്തിൽ കാരണവരുടെ ഭാര്യ കുഞ്ഞുക്കുട്ടിയമ്മ കൂടിച്ചെന്നു.

കാര—കേട്ടില്ലേ കുഞ്ഞുക്കുട്ടി? (കുഞ്ഞുക്കുട്ടിക്കു പേരക്കുട്ടികളുണ്ടായിട്ടുണ്ടു്) ഗോവിന്ദൻകുട്ടി കള്ളുകുടി തുടങ്ങീട്ടുണ്ടത്രേ! ഈ തറവാട്ടുണ്ടായതിന്നുശേഷം ഇങ്ങിനെയൊന്നും കേട്ടിട്ടില്ല.

കു-കു—പറയുമ്പോലെ ഇവിടെ എന്തും കള്ളു നാറുന്നതു്? സ്കൂളിലേയ്ക്കു പോയ ഗോവിന്ദൻകുട്ടി കള്ളു കുടിച്ചു വന്നിട്ടുണ്ടോ?

കാര—നാറണതു കുഞ്ഞിക്കൃഷ്ണനെയാണു്.

കു-കു—ഓഹോ! ഗോവിന്ദൻകുട്ടി കള്ളു കുടിച്ചാൽ നാറണതു കുഞ്ഞിക്കൃഷ്ണനെ. അമലു് അതിലും വലിയ കാരണവക്കു്!

കാര—നിന്റെ ഗോവിന്ദൻകുട്ടിയുടെ കൂട്ടുകാർ കുഞ്ഞിക്കൃഷ്ണനെ കെട്ടിയിട്ടു വായിൽ കള്ളൊഴിച്ചു.

കു-കു—വയറു നിറയുന്നതുവരെ കുഞ്ഞിക്കൃഷ്ണൻ വായ പൊളിച്ചുകൊണ്ടിരുന്നു അല്ലേ? പിന്നെ അവരു മതിയാക്കി. ഇതൊക്കെ ഞാൻ മുമ്പെ കണ്ടിട്ടുണ്ടു്. കോണിക്കലെ പെണ്ണുങ്ങളുംകൂടി കൂടിക്കുമെന്നാണു് കേൾപ്പു. "സംസർഗ്ഗതോ ദോഷഗുണാ ഭവന്തി."

കാര—എന്താ കുഞ്ഞിക്കൃഷ്ണനെ അറിയാത്തപോലെ സംസാരിക്കുന്നതു്?

കു-കു—എങ്ങിനെയൊക്കെയാണുണ്ടായതു്? ഞാനും കേൾക്കട്ടെ.

കാരണവരോടു പറഞ്ഞപോലെതന്നെ ഉണ്ടായ സംഭവങ്ങൾ ഒന്നും ഇടവിടാതെ കുഞ്ഞിക്കൃഷ്ണപ്പണിക്കർ അമ്മായിഅമ്മയോടും പറഞ്ഞു.

കു-കു—ഇങ്ങിനെയൊന്നും ഉണ്ടാവാൻ തരമില്ല. ഞാൻ സന്ധ്യുള്ള ജപിക്കാനിരുന്നപ്പോൾ സാധാരണ പതിവുപോലെ അവൻ അകത്തെത്താക്കോൽ എന്റെ മടിയിലിട്ടു. ജപം കഴിഞ്ഞു ഞാൻ അകം അടിച്ചുവാരി വിളക്കു തുടച്ചു കൂട്ടി പുറത്തു വന്നപ്പോഴും ഗോവിന്ദൻ

കുട്ടിയെ കണ്ടു. കുളിക്കാൻ ഭൃത്യക്കുളത്തിൽ പോകാൻ ചങ്ങാതിമാരെ കാത്തിരുന്നിട്ട് ആരും വന്നുകണ്ടില്ലെന്നും ഇവിടെത്തന്നെ കുളിക്കാൻ വിളക്കു വേണമെന്നും പറഞ്ഞു. അപ്പോൾ എഴുമണിയായിട്ടില്ല. പിന്നെ കാൽ നാഴികകൊണ്ടു കുളിച്ചുവന്നു ഉണ്ടു. പഠിച്ചു. ആ അകത്തുതന്നെ കിടന്നുറങ്ങി. ഞാൻ ചോറു വിളമ്പാൻ അരികത്തു ചെന്നപ്പോഴോ എന്നോടു വിളക്കു ചോദിക്കുമ്പോഴോ മദ്യഗന്ധം അല്പംപോലും ഉണ്ടായിരുന്നില്ല. കുഞ്ഞിക്കൃഷ്ണൻ വേറെ ആരേയോ കണ്ടു ഗോവിന്ദൻകുട്ടിയാണെന്നു വിചാരിച്ചതായിരിക്കും.

കു—കു—പ—ഗോവിന്ദൻകുട്ടിയല്ലാതൊരുവനെക്കണ്ടു ഗോവിന്ദൻകുട്ടിയാണെന്നു വിചാരിക്കാൻമാത്രം എനിക്കു ബുദ്ധിഭ്രമമോ കാഴ്ചക്കുറവോ ഉണ്ടായിരുന്നില്ല.

കു—ആരുടെ വാക്കാണു് ഞാൻ വിശ്വസിക്കേണ്ടതു്? നീ ഇങ്ങിനെ പറയുന്നു. കുഞ്ഞിക്കുട്ടിയും ദേവകിയും നേരെ മറിച്ചും പറയുന്നു. ഗോവിന്ദൻകുട്ടി സ്കൂളിൽ നിന്നു വന്നതിന്നു ശേഷം വിസ്തരിച്ചിട്ടു തീർച്ചയാക്കാം.

കുഞ്ഞിക്കൃഷ്ണപ്പണിക്കർ കുതിര വാങ്ങിയതു കാരണവർക്കു നല്ല സമ്മതമായിട്ടില്ലല്ലോ. കുതിരനിമിത്തം ചിലവു് അധികരിച്ചുകണ്ടാൽ കുതിരയെ വില്ലൂൻ പറഞ്ഞാലോ എന്നു ഭയപ്പെട്ടു കുതിരച്ചിലവു കുടുംബച്ചിലവിലൊതുക്കിക്കഴിക്കയായിരുന്നു. ഇതുനിമിത്തം ആ വീട്ടിൽ മുതിരക്കുട്ടാനും ഉപ്പേരിയും ഇല്ലാത്ത ദിവസം ചുരുക്കമായി. എത്ര നല്ല സാധനമായാലും അധികം ഉപയോഗിച്ചാൽ അതീങ്കൽ വെറുപ്പു തോന്നുന്നതു മനുഷ്യസ്വഭാവമാണല്ലോ. കുടുംബക്കാര്യത്തിൽ ഇക്കായ്യത്തിൽ കുഞ്ഞിക്കൃഷ്ണപ്പ

ന്നിക്കരോട്ട് ഉള്ളുകൊണ്ട രസക്കേടണ്ടായിരുന്നു. ഈവക അല്പകാര്യങ്ങളെപ്പറ്റി ആക്ഷേപിക്കുന്നതു വലിയ കുടുംബങ്ങളിൽ അനുചിതമാകയാൽ ആരും അതിനെപ്പറ്റി ഒന്നും പറഞ്ഞിരുന്നില്ല. മൂന്നു വയസ്സു പ്രായമുള്ള അപ്പുക്കുട്ടൻ എന്ന ഒരു കുട്ടി മാത്രം ദിവസന്തോറും "കുഞ്ഞിക്കിണ്ണമ്മാമടേ കുതിര ചത്തുപോട്ടേ" എന്നു ശപിക്കാറുള്ളതിനെ കേട്ടു ബാക്കിയുള്ളവർ ചിരിയ്ക്കയല്ലാതെ മുതിർന്ന അടിക്കുടി കിണ്ണത്തിനു പുവട്ടിൽ കാണാതിരിക്കാൻ ശ്രമിച്ചില്ല. കുതിര പോയി എന്നു കേട്ടപ്പോൾ ആ കുട്ടിക്കു ബഹുരസമായി. "ഛേ! എന്നെ കല്ലൊക്കെ വെറുതേ കളയണ്ടേ?" എന്നു് അപ്പുക്കുട്ടൻ തന്നോടുതന്നെ സംസാരിച്ചതു് അമ്മായിഅമ്മ കേട്ടു. അത്ഥം മനസ്സിലായില്ല.

കു-കു—എന്താ അപ്പുക്കുട്ടൻ പറഞ്ഞതു്?

അപ്പുക്കുട്ടൻ—ഒന്നും ഇല്ല. ഞാൻ പറയില്ല.

കു-കു—എന്നോടു പറയില്ലേ? ഞാൻ പലഹാരം തരാം.

അപ്പുക്കുട്ടൻ—മായിക്കും ഇനിക്കും ഇനി മുതിരക്കുട്ടാൻ കൂട്ടേണ്ടല്ലോ. ഇല്ലേ മായി?

കു-കു—എന്തുകൊണ്ടു്? ഇനി മുതിരക്കുട്ടാൻ ചെയ്യില്ലേ?

അപ്പുക്കുട്ടൻ—കുഞ്ഞിക്കിണ്ണമ്മാമടെ കുതിര ചത്തുപോയി. ഇനി എന്തിനാ മുതിര?

കു-കു—അതല്ലല്ലോ നീ പറഞ്ഞതു്? കല്ലു വെറുതേ കളയണം എന്നു പറഞ്ഞില്ലേ? എന്തു കല്ലു്?

അപ്പുക്കുട്ടൻ—അതോ? കുതിരടെ കണ്ണിട്ടെറിയാൻ ഞാൻ ഒരുപാടു കല്ലു പെറുക്കിവെച്ചിട്ടുണ്ടു്. കുതിര ചത്തുപോയില്ലേ? ഇനി ആരെ എറിയണം?

കുഞ്ഞിക്കുഞ്ഞുപ്പണിക്കരെ പലവിധത്തിലും കുറച്ചുകെ ടുത്തിച്ചെയ്യാഞ്ഞാൽ ഗോവിന്ദൻകുട്ടിക്ക് ദുഷ്യം തട്ടുമെന്നു കുഞ്ഞിക്കുട്ടിയമ്മയ്ക്കു വിചാരമുണ്ടായിരുന്നു. അപ്പുക്കുട്ടൻ പറഞ്ഞതു കേട്ടപ്പോൾ കുഞ്ഞിക്കുഞ്ഞുപ്പണിക്കരുടെ മേൽ ഒരു കേസ്സുണ്ടാക്കാൻ വഴിയായി എന്നു കുഞ്ഞിക്കുട്ടിയമ്മ കണ്ടു. അപ്പുക്കുട്ടൻ പറഞ്ഞ വിഷയം കാരണവരുടെ ദു ഷ്ടിയിൽ പെടുത്തി അദ്ദേഹത്തിനു് അനന്തിരവനെപ്പ റ്റിയുള്ള അതിബോധ്യം ഒന്നു കേടുവരുത്തിച്ചെയ്യാമെന്നു വച്ചു കാരണവരുടെ അടുക്കൽ അപ്പുക്കുട്ടനേയും കൂട്ടിക്കൊ ണ്ടുപോയി. ആ കുട്ടിയെ അദ്ദേഹത്തിനു് അളവറ്റ സ്നേ ഹമുണ്ടായിരുന്നു.

കു-കു—അപ്പുക്കുട്ടന്റെ ഒരു ചോദ്യത്തിൽ ഞാനും മുട്ടി.

കാരണവർ—എന്താ അപ്പുക്കുട്ടാ, മായിനെ മുട്ടിച്ച ചോദ്യം?

കു-കു—ഞാൻതന്നെ പറയാം. അവൻ പെറുക്കിവെച്ചിട്ട ള്ള കല്ലിനെ ഇനി എന്തു ചെയ്യും എന്നാണു് ചോദ്യം.

കാര—എന്തിനാ കല്ലു പെറുക്കിവെച്ചിരിക്കുന്നതു്?

കു-കു—അതു് അവനോടതന്നെ ചോദിക്കണം.

കാരണവൻ കുട്ടിയെ മടിയിലിരുത്തി.

കാ—എന്തിനാ കുട്ടി കല്ലു പെറുക്കിവെച്ചിരിക്കുന്നതു്?

അ—ഞാൻ പറയില്ല! എന്നെ കുഞ്ഞിക്കിണ്ണമ്മാമ തല്ലും.

കാ—ഞാനില്ലേ? അവനെ ഞാനും തല്ലും.

അ—ഉവ്വുവ്വ്. വലിയമ്മാമെ ഒടിക്കു വീഴും. കുഞ്ഞിക്കി ണ്ണമ്മാമടെ കയ്യുകൊണ്ടൊരു ചൊട്ട കൊണ്ടാൽ മണ്ട മുഴുപ്പും.

കാ—കുഞ്ഞിക്കിണ്ണമ്മാമ കുട്ടിയെ തല്ലാറുണ്ടോ?

അ—അമ്മയോ അമ്മാമയോ ഉണ്ടെങ്കിൽ തല്ലില്ല. ആരും ഇല്ലെങ്കിൽ മണ്ടയ്ക്കു ചൊട്ടും.

കാ—എന്തിനാ ചൊട്ടുന്നതു്?

അ—വികൃതി കാട്ടീട്ടു്.

കാ—കുട്ടി എന്തു വികൃതിയാണു് കാട്ടാറുള്ളതു്?

അ—അതോ? കുതിരയുടെ കുണ്ണിട്ടെറിഞ്ഞു.

കാ—പിന്നെത്തല്ലിയതു കുറവാണോ?

അ—പിന്നെ വെറുതേ വെറുതേ മുതിരക്കുട്ടാൻ വെച്ചാലോ?

കാ—കുതിരയാണു് കൂട്ടാൻ വെയ്ക്കുന്നതു്?

അ—കുതിരടെ അല്ലേ മുതിര?

കാ—എന്താ കുഞ്ഞുകുട്ടി ഇവൻ പറയുന്നതു്?

കു—കു—അവൻ പറയുന്നതു വാസ്തവമാണു്. കുതിരയെ വാങ്ങിയതിനുശേഷം ഞങ്ങളൊക്കെ കുതിരവട്ടക്കാരായി. ഇവിടെയ്ക്കു മാത്രം പ്രത്യേകിച്ചു വല്ലതും ഉണ്ടാക്കും. കുട്ടിക്കു മുതിര മഹാപിരോധം. ഇവിടേയ്ക്കു വെയ്ക്കുമ്പോലെ അവനു് ആരെങ്കിലും പ്രത്യേകിച്ചു കൂട്ടാൻ വെച്ചു കൊടുക്കുമോ?

കാ—എനിക്കു് പ്രത്യേകിച്ചു് എന്നു് ഒരു നടവടി ഈ തറവാട്ടിൽ പണ്ടുണ്ടായിട്ടില്ലല്ലോ. അങ്ങനെ ഉണ്ടാക്കിയാൽത്തന്നെ കുട്ടിക്കല്പം കൊടുക്കരുതേ?

കു—കു—ഇവിടത്തെ ഊണു കഴിഞ്ഞാൽ ബാക്കിയുള്ളതു കുഞ്ഞികൃഷ്ണനും കൊടുക്കും. കുഞ്ഞികൃഷ്ണനുതന്നെ മതിയാകാറില്ല. പിന്നെ കുട്ടിക്കു കൊടുക്കാൻ എവിടുന്നു കിട്ടും?

കാ—"സമ്പന്നമാകുംവണ്ണം തനിക്കു ഭുജിക്കണം തന്നുടെ പുത്രമിത്രകളത്രഭൃത്യാദികൾക്കൊന്നുമേ പൊരുതിക്കു കൊടുക്കയില്ലതാനും" തരക്കേടില്ല. ഞാനിരിക്കുമ്പോൾ ഇങ്ങനെയായാൽ എന്റെ പിൻകാലത്തെക്കഥ എന്താ? അതിരിക്കട്ടെ. അപ്പുക്കുട്ടനെ കുഞ്ഞിക്കൃഷ്ണൻ തല്ലുന്നു ചൊട്ടന്നു എന്നാല്ലേ പറഞ്ഞതു്. അവന്റെ ചൊട്ട കൊണ്ടാൽ കുട്ടീടെ തല പൊളിയില്ലേ?

കു—കു—കുട്ടികളുണ്ടായിട്ടുള്ളവക്കേ കുട്ടീടെ അരുമ അറിയുള്ളൂ.

കാ—അപ്പുക്കുട്ടാ, ഇനി കുഞ്ഞിക്കിണ്ണമ്മാമ തല്ലിയാൽ ഇവിടെ വന്നു പറയണം.

അപ്പുക്കുട്ടൻ—എന്നാൽ കുഞ്ഞിക്കിണ്ണമ്മാമയ്ക്കു ചോറു കൊടുക്കില്ല, അല്ലേ? അല്ലെങ്കിൽ മുതിരക്കുട്ടാൻ അങ്ങിനെ വെച്ചു കൊടുക്കണം അല്ലേ?

കാ—ഇവന്റെ മുതിരക്കുട്ടാൻ കുട്ടിയെ വളരെ ദണ്ഡിപ്പിച്ചിട്ടുണ്ടല്ലോ. അപ്പുക്കുട്ടൻ ഇനി എന്റെ കൂടെ ഉണ്ടാൽ മതി. ഞാനുണ്ണുന്നതിനുമുമ്പു് ഉണ്ണരുതു്.

അപ്പുക്കുട്ടൻ—അപ്പോൾ ഇനിക്കൊറക്കം വന്നാലോ?

കാ—ഞാൻ ഇനി നിനക്കുവേണ്ടി നേരത്തെ ഉണ്ണാം.

വൃദ്ധൻ ഇങ്ങനെ അപ്പുക്കുട്ടന്റെ കാര്യത്തിൽ വളരെ മനസ്സലിഞ്ഞിരിക്കെ വെടിക്കാരൻ അബ്ദുള്ള പടികടന്നു വന്നു.

കാര—എന്തെടാ? കുതിരയെ കണ്ടുവോ?

അബ്ദുള്ള—ഉവ്വു്, ഒരെഴുത്തുണ്ടു്.

കാരണവർ ആ എഴുത്തു വാങ്ങി വായിച്ചു. ഇതായിരുന്നു എഴുത്തിലെ വാചകം:

"ഇന്നലെ രാത്രി ഞാൻ കുളിക്കാൻ പുറപ്പെട്ടപ്പോൾ ജീനിയോട്ടക്കുടി കുതിര പടി കടന്നു് അകത്തേയ്ക്കു വന്നു. വഴിയെ താനും ഉണ്ടായിരിക്കുമെന്നു വിചാരിച്ചതുകൊണ്ടു കുറെ നേരം കാത്തിരുന്നതിന്നുശേഷം ഞാൻ വിളിച്ചു നോക്കി. പിന്നെ അന്വേഷിച്ചപ്പോളാണു് കുതിരമാത്രമേ വന്നിട്ടുള്ളു എന്നറിഞ്ഞതു്. കുതിരയുടെ രണ്ടു പള്ളയും മുള്ളുകൊണ്ടു കീറുമ്പോലെ കീറിയിരിക്കുന്നു. കുതിരയ്ക്കു കിടക്കാനും മറ്റും എപ്പാട്ട ചെയ്തുകൊണ്ടു നില്ക്കുമ്പോൾ അബ്ദുള്ള വന്നു. ഉണ്ടായ സംഗതികൾ അറിഞ്ഞു. താൻ കുറച്ചുകുടി കരുതി പ്രവർത്തിക്കേണ്ടതായിരുന്നു. എന്തായാലും ഇനി ഞാൻ കുതിരയെ അയയ്ക്കാൻ വിചാരിക്കുന്നില്ല. ഇപ്പോൾത്തന്നെ പകുതി വിലയേ വെയ്ക്കുള്ളു. താൻ തരാൻ വെച്ചിട്ടുള്ള വിലയും വേണ്ടാ. ഇതുവരെ ഉപയോഗിച്ചു കേടുവരുത്തിയതിന്നു നഷ്ടവും തരേണ്ട.

എന്നു കോപ്പുണ്ണി."

കാര—'അച്ഛനിച്ഛിച്ചതും പാലു്, വൈദ്യൻ കല്പിച്ചതും തഥാ.' ഉറങ്ങിയതുമില്ല സ്വപ്നം കണ്ടിട്ടുമില്ല എന്നു വിചാരിച്ചിരുന്നോട്ടെ.

കാരണവർ ഇതും പറഞ്ഞു തിരിഞ്ഞുനോക്കിയപ്പോൾ കുത്തിക്കുണ്ണപ്പണിക്കർ പിന്നുറത്തു നില്പുണ്ടായിരുന്നു.

കാര—ഇതാ കോപ്പുണ്ണിയുടെ എഴുത്തു്. ഈ മാപ്പിളയ്ക്കു കൊടുക്കാനോറ്റിട്ടുള്ളതു കൊടുക്കു്.

അബ്ദുള്ളയ്ക്കു കൊടുക്കാനുള്ള സംഖ്യയെപ്പറ്റി വലിയ തർക്കമായി. കുതിരയേയും കുള്ളപ്പിഷാരാടിയേയും

കൊണ്ടുവന്നാൽ 15ക. കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു വാസ്തവമാണെന്നും രണ്ടിനെയും കൊണ്ടുവന്നിട്ടില്ലെന്നും കള്ളപ്പിഷാരോടിയുടെ തുമ്പുംകൂടി ഉണ്ടായിട്ടില്ലെന്നും ആ സ്ഥിതിക്കു വല്ലതും ഒരു രൂപ കൊടുക്കാമെന്നല്ലാതെ അധികം കൊടുപ്പാൻ പാടില്ലെന്നും കുഞ്ഞിക്കൃഷ്ണപ്പണിക്കർ പറഞ്ഞു. കുതിരയെത്തേടിപ്പിടിക്കാനാണു് തന്നെ അയച്ചതെന്നും കുതിരയുടെ തുമ്പുണ്ടാക്കിയെന്നും മുഴുവൻസംഖ്യ കിട്ടേണമെന്നും അബ്ദുള്ള പറഞ്ഞു. കാരണവർ മദ്ധ്യസ്ഥനായിനിന്നു് അബ്ദുള്ളയ്ക്കു രണ്ടുറുപ്പിക കൊടുക്കാൻ വിധിച്ചു. അബ്ദുള്ള ആ സംഖ്യ വാങ്ങാതെ 'എനിക്കു കിട്ടാനുള്ളതു വാങ്ങുമ്പോലെ ഞാൻ വാങ്ങിക്കൊള്ളാം' എന്നു പറഞ്ഞു പോകയും ചെയ്തു.

അന്നു വൈകുന്നേരം നാലരമണിക്കു ഗോവിന്ദൻകുട്ടി സ്കൂളിൽനിന്നു വന്നു. ഉടനെ കുഞ്ഞുകുട്ടിയമ്മ കുറെ കാപ്പിയും പലഹാരവും കൊണ്ടുപോയി കൊടുത്തു കുഞ്ഞിക്കൃഷ്ണപ്പണിക്കർ പറഞ്ഞ വർത്തമാനമെല്ലാം പറഞ്ഞു. അപ്പോൾത്തന്നെ കാരണവർ വിളിക്കുമെന്നും വിസ്താരത്തിനൊരുങ്ങിക്കൊള്ളണമെന്നും പറഞ്ഞു കുഞ്ഞുകുട്ടിയമ്മ അകായിലേയ്ക്കു പോയി. പറഞ്ഞപോലെത്തന്നെ കുഞ്ഞുകുട്ടിയമ്മ അകായിലെത്തുന്നതിനു മുമ്പായി കാരണവർ ഗോവിന്ദൻകുട്ടിയെയും കുഞ്ഞിക്കൃഷ്ണപ്പണിക്കരേയും വിളിച്ചു. രണ്ടുപേരും ഒരേസമയത്തു് അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരായി.

കാര—എടാ നീ കള്ളു കുടിക്കാൻ തുടങ്ങിയോ?

ഗോ—ഇല്ല.

കാര—എടാ ചെറുമാ, നീ കോലായിൽ കയറിനില്ക്കണ്ട. മുറ്റത്തിറങ്ങി നില്ക്ക്. ദുർഭ്രീജമേ!

ഗോ—കള്ളു കുടിച്ചവരെ അങ്ങിനെതന്നെ ചെയ്യണം. എന്നെ എന്തിനു മുറ്റത്തിറങ്ങാൻ പറയുന്നതു്?

കാര—കുഞ്ഞിക്കൃഷ്ണൻ ഇന്നലെ രാത്രി നിന്നെ ഒരു കള്ളു കടയിൽ കണ്ടു എന്നും നിന്റെ കൂട്ടാളികൾ അവനെ പിടിച്ചു കെട്ടിയിട്ടു വലിയ അതിക്രമങ്ങളെല്ലാം പ്രവർത്തിച്ചു എന്നും പറയുന്നു. അവൻ എന്നോടു നൊണ പറയില്ല. അവൻ പറഞ്ഞതു മുഴുവനും ഞാൻ വിശ്വസിക്കുന്നു.

ഗോ—ഇന്നലെ സന്ധ്യാസമയത്തു് അമ്മായിടെ കയ്യിൽ താക്കോലും കൊടുത്തു ഞാൻ നമ്മുടെ പടിപ്പുരയ്ക്കൽ ഇരുന്നു. പിന്നെ അല്പനേരം കഴിഞ്ഞിട്ടു് അമ്മാമടെ വിളക്കു കൊണ്ടുപോയി കൊടുത്തു. പിന്നെ ഉണ്ടു. പിന്നെ പത്തരമണിവരെ അകത്തിരുന്നു വായിച്ചു. അകത്തുതന്നെ കിടന്നുറങ്ങി. കാലത്തു് അമ്മ വിളിച്ചുണർത്തി. ഇതു് ഈ വീട്ടിലുള്ളവർക്കെല്ലാം അറിയാം. ജനനശേഷം ഇന്നുവരെ കള്ളോ മദ്യമോ ഞാൻ കൈകൊണ്ടു തൊട്ടിട്ടുകൂടിയില്ല. അമ്മാമടെ അനുഗ്രഹമുണ്ടെങ്കിൽ മരുന്നിനുകൂടി അതു തൊടാൻ എനിക്കു സംഗതി വരില്ല.

കുഞ്ഞിക്കൃഷ്ണപ്പണിക്കർ—ഛെ ഛെ! ഈ ചെക്കൻ എന്തു നൊണയാണു് പറയുന്നതു്. എടാ തെമ്മാടി! നീ ഇന്നലെ രാത്രി അന്നിക്കരയ്ക്കു പോകുന്ന വഴിയിലുള്ള കള്ളുഷാപ്പിൽ ചില പിള്ളരോടുകൂടി കള്ളു കുടിച്ചുകൊ

ണ്ടിരുന്നില്ലേ? ഞാൻ നിന്നെ വിളിച്ചപ്പോൾ നീ ഷാപ്പിന്റെ പിന്നുറത്തുള്ള വാതിലിൽക്കൂടി പുറത്തു ചാടിയില്ലേ? അമ്മാമടെ മുഖത്തു നോക്കി നൊണപറഞ്ഞാൽ നീ ഒരു പരീക്ഷയിലും ജയിക്കില്ല. കുരുത്തംകെട്ടപോകും. സത്യം പറഞ്ഞാൽ നീ കുട്ടിയല്ലേ എന്നു വിചാരിച്ചു ക്ഷമിക്കും. അദ്ദേഹം നമുക്കൊക്കെ ഈശ്വരനെപ്പോലെയാണു്. അദ്ദേഹത്തിന്റെ കാൽ തൊട്ടു നിനക്കു സത്യം ചെയ്യാമോ? ഞാൻ അങ്ങിനെ സത്യം ചെയ്യാം.

ഗോ—നൊണ പറയാൻ ഒരുങ്ങിയവനു് അമ്മാമടെ കാൽതൊട്ടു സത്യം ചെയ്യാൻ മടിയുണ്ടാകുമോ? ഒന്നാമതു കള്ളു കുടിയ്ക്കുന്ന ആളുകളായിട്ടു് ഇതേവരെ എനിക്കു സംസർഗ്ഗമുണ്ടായിട്ടില്ല. ഇനി ഉണ്ടാകയുമില്ല. രണ്ടാമതു് എനിക്കു കള്ളു കുടിക്കേണമെന്നു തോന്നിയാൽ അന്നിക്കരയിലേയ്ക്കു പോകുന്ന വഴിയിൽ മാത്രമല്ല കള്ളുകടയുള്ളു. മൂന്നാമതു് എന്റെ അച്ഛൻ വിശിഷ്ടനായ ഒരു ബ്രാഹ്മണനാണു്. ദുർബ്ബീജം എന്നു് അമ്മാമ എന്നെ ഒരു വാക്കു പറഞ്ഞതു് എന്റെ മമ്മങ്ങളെ പിളുക്കുന്നുണ്ടു്. ഞാൻ ദുർബ്ബീജമാണെങ്കിൽത്തന്നെ അതിന്റെ കുറ്റം അമ്മാമയ്ക്കുതന്നെയാണു്. അങ്ങിനെയുള്ളവരെ എന്തിനു തറവാട്ടിൽ കടത്തി? ഞാൻ ചെയ്യാത്ത കുറ്റത്തെപ്പറ്റി കുഞ്ഞിക്കൃഷ്ണമ്മാമ തെളിഞ്ഞുനിന്നു് ഇങ്ങനെ പറയുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. ഞാൻ കള്ളുകുടിച്ചു തെമ്മാടിയായി നടക്കുന്നതിനെ വാസ്തവത്തിൽ കുഞ്ഞിക്കൃഷ്ണമ്മാമ കണ്ടിരുന്നാലാകട്ടെ, ഇല്ലെങ്കിലാകട്ടെ, എന്റെ കൂട്ടുകാരാണെ

ങ്കിൽ അദ്ദേഹത്തിനെ വല്ല അതിക്രമവും പ്രവർത്തിക്കുമോ? ഞാൻ പറഞ്ഞതു സത്യമാണു്. കുഞ്ഞിക്കൃഷ്ണമ്മാമ കണ്ടതും സത്യമാണെങ്കിൽ ഇതെങ്ങിനെ സംഭവിക്കുമെന്നാലോചിക്കേണ്ടതാണു്. ഇന്നലെ സന്ധ്യാസമയം മുതല്ക്കു പുലരുന്നതുവരെ ഞാൻ ഇവിടെത്തന്നെ ഉണ്ടായിരുന്നു. പിന്നെ കള്ളു കുടിച്ചാൽ കുറച്ചെങ്കിലും ഒർമ്മയില്ലാതിരിക്കുമോ? ഇന്നലെ എനിക്കു ചോറു വിളമ്പിത്തന്നവരോടും അടുത്തു വന്നു സംസാരിച്ചിട്ടുള്ളവരോടും ചോദിച്ചാൽ ഗന്ധമുണ്ടായിരുന്നുവോ എന്നും തലയ്ക്കു വെളിവുണ്ടായിരുന്നുവോ എന്നും അറിയാം. കുഞ്ഞിക്കൃഷ്ണമ്മാമ ആരേയോ കണ്ടു ഞാനാണെന്നു വിചാരിച്ചിരിക്കാം.

കു-കൃ-പ—ആളെ അറിയാതിരിക്കാൻമാത്രം എന്റെ കണ്ണിനു കേടില്ല. പേറെ ഒരുവനെക്കണ്ടു ഗോവിന്ദൻ കുട്ടിയാണെന്നു വിചാരിക്കാൻ മാത്രമല്ല എനിക്കവന്റെ ആകൃതിയെപ്പറ്റി അറിവുള്ളു. ഞാൻ കണ്ടതു വാസ്തവമാണു്. എന്നെ ഇവന്റെ ചങ്ങാതിമാർ ഉപദ്രവിച്ചതും വാസ്തവമാണു്. ഇന്നലെ രാത്രി ഏകദേശം ഏഴമണിക്കാണു്.

ഗോ—ആ ഷാപ്പിലേയ്ക്കു് ഇവിടുന്നെത്ര ദൂരമുണ്ടു്?

കു-കൃ-പ—നാലു നാഴിക ദൂരമുണ്ടു്.

ഗോ—കുഞ്ഞിക്കൃഷ്ണമ്മാമ പറയുന്ന സമയത്തു ഞാൻ അമ്മാമടെ വിളക്കുംകൊണ്ടു കൂലിക്കാനിറങ്ങിയ സമയമാണു്. ഇതിനു് അമ്മായിഅമ്മയും ഈ വീട്ടിലുള്ളവരും ഒക്കെ സാക്ഷിയാണു്.

കാര—കുഞ്ഞിക്കൃഷ്ണൻ പറയുന്നതിനെ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ വീട്ടിലുള്ളവരൊക്കെ ഇവിടെ വരട്ടെ!

ആ വീട്ടിലെ കുട്ടികളും മുതിർന്നവരും എല്ലാം കാരണവരുടെ മുമ്പാകെ ഹാജരായി. ഗോവിന്ദൻകുട്ടി സന്ധ്യമുതല്ക്കു പുലരുന്നതുവരെ വീട്ടിൽത്തന്നെ ഉണ്ടായിരുന്നു എന്നു് എല്ലാവരും പറഞ്ഞു.

കാര—ആരെന്തു പറഞ്ഞാലും കുഞ്ഞിക്കൃഷ്ണൻ എന്നോടു പറഞ്ഞതെല്ലാം സത്യമാണെന്നേ എനിക്കു തോന്നുള്ളൂ.

കു-കൃ-പ—ഇല്ലാത്തൊരു കായ്ക്കം കെട്ടിച്ചമച്ചു ഉണ്ടാക്കി ഗോവിന്ദൻകുട്ടിയെ ഞാൻ ദൃഷ്യപ്പെടുത്തുമോ? നിങ്ങളൊക്കെ ഈ വീട്ടിലുള്ളവരല്ലേ? എനിക്കു് അവനെറ നേരെ വല്ല ശണ്ഠയുമുണ്ടാകാൻ കാരണമുണ്ടോ എന്നും ഉണ്ടായിട്ടുണ്ടോ എന്നും നിങ്ങൾക്കറിയാമല്ലോ. എന്നല്ല ഇവൻ കള്ളുകുടിയനാണെന്നു പറയുന്നതു് എനിക്കു ദ്രഷണമാണോ? ഞാൻതന്നെ കള്ളിൽ കൂലിച്ചു് ഉടുത്ത മുണ്ടിനെ രണ്ടായി കീറിവരാൻ എനിക്കു ഭ്രാന്തുണ്ടോ? എന്റെ കൂതിര പോയി എന്നും വേറെ ഒരു ദിക്കിലെത്തി എന്നും നിങ്ങൾക്കെല്ലാം ദൃഷ്ടാന്തമായില്ലേ?

കാരണവരാണു് കുഴക്കിലായതു്. ഗോവിന്ദൻകുട്ടിക്കു വീട്ടുകാരെല്ലാം സാക്ഷി. കുഞ്ഞിക്കൃഷ്ണപ്പണിക്കർക്കു സാക്ഷിയില്ലെങ്കിലും ആയാൾ പറയുന്നതെല്ലാം സത്യമായിരിക്കാനല്ലാതെ അസത്യം പറയാൻ യാതൊരു സംഗതിയു

മില്ല. അസത്യമാണെന്നു കാരണവക്കു ലവലേശം തോന്നീട്ടുമില്ല. ഇവർ പറയുന്നതു രണ്ടും സത്യമായി വരാൻ പാടുള്ളതുമല്ല. ആകപ്പാടെയുള്ള സ്ഥിതി ഗോവിന്ദൻകുട്ടി ആലോചിച്ചുനോക്കി. ഏതാണ്ടൊന്നു മനസ്സിലുറച്ചു എന്നാണു് തോന്നുന്നതു്. എന്തെന്നാൽ ആളുകൾ വിളിച്ചതിനും പറഞ്ഞതിനും മറുപടി പറയാതെ ആയാൾ ബദ്ധപ്പാടോടുകൂടി കുളത്തിലേയ്ക്കു പോയി. മേലൊന്നും തേച്ചുകഴുകാതെ ഒന്നു മുങ്ങി. കുളക്കരയിൽ നിന്നിരുന്ന ഒരു ആൽത്തറയ്ക്കു സമീപമുണ്ടായിരുന്ന ഒരു ചെമ്പരത്തിയിൽനിന്നു് അഞ്ചാറു ചെമ്പരത്തിപ്പൂ പറിച്ചു് ഒരു മാലയുണ്ടാക്കി കഴുത്തിലിട്ടു. അതിഃവശത്തിൽ പടിഞ്ഞാറേകത്തിന്റെ ഉമ്മറത്തു പോയി. വേണ്ട വേണ്ട എന്നു സ്ത്രീകളും മറ്റും പറയുന്നതു കേൾക്കാതെ വാതിൽ തുറന്നു പീഠത്തിൽനിന്നു വാളെടുത്തു കഴുത്തിൽ വെച്ചു. എന്താ ഗോവിന്ദൻകുട്ടി സാഹസം പ്രവർത്തിക്കുന്നതെന്നു ചോദിച്ചുകൊണ്ടു വൃദ്ധൻ കാരണവരും കുഞ്ഞുക്കുട്ടിയമ്മയും പടിഞ്ഞാറേകത്തിന്റെ ഉമ്മറത്തെത്തി. ആർ പറഞ്ഞതിനേയും ഗണിക്കാതെ വാളിനെ കഴുത്തിൽത്തന്നെ വെച്ചു്, "എന്റെ കുലദേവതയായ കൊട്ടങ്ങല്ലൂർ ഭഗവതി! ഞാൻ ഇന്നാലേയോ ഈ വയസ്സിലകത്തു് എപ്പോഴെങ്കിലുമോ കള്ളു കുടിച്ചിട്ടാണു് എന്നെപ്പറ്റി ഈ ആക്ഷേപം ഉണ്ടായിട്ടുള്ളതെങ്കിൽ എട്ടു ദിവസത്തിലകത്തു കള്ളിമുള്ളൻ വന്നു് എന്നെ ഒറ്റമൂളയിൽ കൊട്ടിക്കൊണ്ടുപോകട്ടെ. ഞാൻ കള്ളു കുടിക്കാതെയാണു് എന്റെ പേരിൽ ആക്ഷേപമെങ്കിൽ—"

അരുതരുതു്. എന്തു്? എന്നു പറഞ്ഞു കാരണവർ ഗോവിന്ദൻകുട്ടിയുടെ വായ പൊത്തി. വാക്കു കയ്യിൽനിന്നു പിടിച്ചുപറിച്ചു.

ഗോ—ഞാൻ ഒബ്ബീജമാണെന്നും കള്ളുകുടിയനാണെന്നും കോലായിൽ നില്ക്കാൻ പാടില്ലെന്നും അമ്മാമ എന്റെ മുഖത്തുനോക്കി പറഞ്ഞില്ലേ? ദൈവത്തിന്നു ശക്തിയുണ്ടെങ്കിൽ സത്യം വെളിക്കു വരട്ടെ. അല്ലെങ്കിൽ ഈ വാളു ഞാൻ ചക്കമുറിക്കാൻ എടുക്കും.

കാര—ഗോവിന്ദൻകുട്ടി! നിനക്കു കൊടുങ്ങല്ലൂർ ഭഗവതിയുടെ ശക്തിയെപ്പറ്റി അറിവില്ല. നീ പ്രവൃത്തിച്ചതു വലിയ സാഹസമായിപ്പോയി.

ഗോ—അമ്മാമ എന്റെ മുഖത്തു നോക്കേണ്ട. എന്നെ ഒന്നിനും വിളിക്കയും വേണ്ട. കള്ളു കുടിക്കുന്ന ചെറുമനല്ല ഞാൻ എന്നുള്ള ബോദ്ധ്യം എന്നു വരുന്നുവോ അന്നു് എന്നെ വിളിച്ചാൽ മതി.

ദേവകി—അവനും. ഈ വീട്ടിലുള്ളവരും തന്റെ ഭാര്യയും പറഞ്ഞതിനെ വിശ്വാസിക്കാൻ പാടില്ലെന്നും കുഞ്ഞികൃഷ്ണൻ പറഞ്ഞതിനെയാണു് വിശ്വസിക്കുന്നതെന്നും അമ്മാമ പറഞ്ഞില്ലേ? എനിക്കൊന്നേ ഉള്ളുവെങ്കിലും അവൻ കള്ളുകുടിയനായിരിക്കുന്നതിനേക്കാൾ കള്ളിമുള്ളൻ വന്നു ചത്തുപോകയാണു് എനിക്കു സമ്മതം. അവനെപ്പറ്റി ഉണ്ടായ ആക്ഷേപം അസത്യമാണെങ്കിൽ അതുണ്ടാക്കിയവക്കു ഫലം കാണട്ടെ. അല്ലെങ്കിൽ എന്തിന്നീ ഭഗവതി ഇതിന്റെ ഉള്ളിലിരിക്കുന്നതു്?

കു-കു-വ—എന്റെ ഭഗവതി! എനിക്കൊന്നും ഉണ്ടാകരുതേ. ഗോവിന്ദൻകുട്ടി കള്ളു കുടിക്കുന്നതു ഞാൻ കണ്ടിട്ടില്ല.

കൃ-കൃ—കേട്ടില്ലേ ഇപ്പോൾ പറയുന്നതു്? കള്ളു കുടിക്കുന്നതു കണ്ണുകൊണ്ടു കണ്ടു എന്നല്ലേ ഇവൻ ഇതുവരെ പറഞ്ഞതു്.

കൃ-കൃ-പ—എന്തോ കുടിക്കുന്ന കണ്ടു. കള്ളാണെന്നു ഞാൻ ഊഹിച്ചതാണു്.

കാര—എടാ കഴുതേ, നിന്റെ ഊഹം ഇവിടെ ആരെങ്കിലും ആവശ്യപ്പെട്ടുവോ? നീ കണ്ണുകൊണ്ടു കണ്ടു എന്നു പറഞ്ഞതുകൊണ്ടല്ലേ ഞാൻ അവനെ മുറത്തിറങ്ങാൻ പറഞ്ഞതും ഒളിച്ചുജമെന്നു പറഞ്ഞതും? ആ കുട്ടിയുടെ നേരെ എനിക്കു സുഖക്കേടു തോന്നിയതു് എത്ര അബദ്ധം! ഈ ലഹള ഒക്കെ നീയല്ലേ ഉണ്ടാക്കിത്തീർത്തതു്? ഇപ്പോൾ കുടിക്കുന്നതു കണ്ടില്ല എന്നു പറയുന്നോ? നിന്റെ കുതിരയും കോണിക്കലെ സംബന്ധവും അപ്പുക്കുട്ടനെ ചൊട്ടലും കുട്ടികളെ ദൂഷ്യാരോപണം ചെയ്യലും കുടുംബദോഷവും മുതിരക്കുട്ടാനും കൂടാതെ ഇവിടുന്നു പുറപ്പെടു പോ. നിന്റെ മുഖമേ എനിക്കു കാണേണ്ട. താക്കോൽ അവിടെ വെയ്ക്കു്. ആ കുട്ടി കൂളിച്ചു വന്നു ചെമ്പരത്തിപ്പൂമാല കഴുത്തിലിട്ടു സത്യം ചെയ്യാനിടവരുത്തിയില്ലേ? നിന്റെ മുഖാവലോകനം ഞാൻ ചെയ്യില്ല.

ദേവകി—ഇതിന്റെ ഉള്ളിലിരിക്കുന്നു പണ്ടം കൂളിക്കേണ്ട പണ്ടമല്ല. ഇപ്പോൾത്തന്നെ ഫലം കണ്ടുതുടങ്ങിയില്ലേ? എന്റെ ഭഗവതി! തുപ്പിക്കായിട്ടു ഞാൻ എന്തെങ്കിലും വഴിപാടു ചെയ്യാം. ഒരു നൈവിളക്കും മാലയും കഴിക്കാം. കുഞ്ഞിക്കൃഷ്ണന്റെ നേരെ കോപിക്കരുതേ. സത്യം വെളിപ്പെട്ടു. ഇനി കോപിക്കരുതേ ഭഗവതി!

കു-കു-പ—എനിക്കൊന്നും ഉണ്ടാകില്ല. എന്റെ കണ്ണിൽ കണ്ടതു് എനിക്കു വിശ്വസിക്കാതെ കഴിയുമോ?

കാര—എടാ മതി. ഉലയ്ക്കേ! നീ ഇനിയെങ്കിലും വായ മൂടി ഇരിക്കു്. കഷ്ടം കുഞ്ഞുക്കുട്ടി! ഞാൻ ആ കുട്ടിയുടെ നേരെ വെറുതെ ദ്വേഷ്യപ്പെട്ടു. അവൻ കെട്ടപോയി എന്നു വിചാരിച്ചു ഞാൻ എത്രയോ ദുഃഖിച്ചതു കുഞ്ഞുക്കുട്ടി അറിയുമോ? എന്നേക്കാൾ കുഞ്ഞുക്കുട്ടിക്കുതന്നെയാണു് ബുദ്ധി. മിടുക്കത്തി! ആദ്യമേ ഈ ഉലയ്ക്കയെ വിശ്വസിച്ചില്ലല്ലോ.

കു-കു—ഇവിടുന്നു് ഓരോരുത്തർ പറഞ്ഞുകേട്ടതല്ലേ ഉള്ളു? സന്ധ്യയ്ക്കു ഞാനവന്റെ കയ്യിൽനിന്നു താക്കോൽ വാങ്ങി വാതിൽ തുറന്നു് അകം അടിച്ചുവാരി വിളക്കു കൊളുത്തി വെളിക്കു വന്നപ്പോൾ അവൻ വിളക്കും ചോദിച്ചുകൊണ്ടു വന്നു. വിളക്കു കൊണ്ടുപോയി ക്ഷണനേരം കൊണ്ടു കൂളിച്ചുവന്നു. ഊണു കഴിഞ്ഞ ഉടൻതന്നെ വായിക്കാനിരുന്നു. ഞാൻ ഉറങ്ങുന്നതുവരെ അവൻ വായിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. ഇങ്ങിനെ ഒക്കെ ഇരിക്കെ അവൻ കള്ളു കുടിക്കാൻ പോയിരുന്നു എന്നു് ഇവിടുന്നുതന്നെ പറഞ്ഞാലും ഞാനെങ്ങിനെയാണു് വിശ്വസിക്കുക?

കാ—ശരിയാണു്. എനിക്കു വയസ്സായിട്ടെന്താ കായ്യം? നാസ്സുരണ മൂക്കുന്തോറും ചൊറികുയേ ഉള്ളു. ഞാൻ ഈ മഹാപാപം ചെയ്തുവല്ലോ. ഇനി എന്താ അതിനൊരു പ്രതിവിധി? ഗോവിന്ദൻകുട്ടിയെ വിളിക്കു്.

ഗോവിന്ദൻകുട്ടി കാരണവരുടെ മുമ്പാകെ വന്നു.

കാര—കുട്ടി! നിന്നെ ഞാൻ പറഞ്ഞതെ: ക്കെ തെറ്റിപ്പോ യി. അമ്മാമന്റെ വയസ്സായില്ലേ? ബുദ്ധിക്ക ശക്തിയി ല്ലാതായി. നിന്റെ മനസ്സിൽ സുഖക്കേട്ട ഒട്ടും ഉണ്ടാ കരുതു്. നീ കെട്ടപോകുന്നതിലുള്ള സങ്കടംകൊണ്ടാണു് ഞാൻ അത്ര ദോഷ്യപ്പെട്ടതു്.

ഗോ—അമ്മാമ എന്നെപ്പറഞ്ഞതിലല്ല എനിക്ക വേദന യായതു്. ഞാൻ കള്ള കൂടിച്ച എന്നമ്മാമ വിശ്വസി ച്ചതിലാണു് സങ്കടം തോന്നിയതു്.

കാര—വയസ്സായാൽ അങ്ങിനെയൊക്കെത്തെറ്റു വരും. അതിന്നൊന്നും നീ സുഖക്കേട്ട വിചാരിക്കരുതു്.

ഗോ—അമ്മാമ ചെയ്തത നന്യായമായാലും അന്യായമായാ ലും എനിക്ക സുഖക്കേട്ട തോന്നാൻ പാടില്ലെന്നെനിക്ക റിയാം. മനുഷ്യസ്വഭാവംകൊണ്ട തല്ക്കാലം പരിഭവം തോന്നിപ്പോകും. എങ്കിലും എന്റെ ഹൃദയത്തിൽ അ മ്മാമയെ ഉള്ള ഭക്തിക്കും സ്നേഹത്തിന്നും ഇതുവരെ കു റവു വന്നിട്ടില്ലാത്തതിന്നാൽ സംഭവത്തിന്റെ നൂതന ത്വം പോയാൽ പരിഭവത്തിന്നു പകരം 'അമ്മാമക്കി ങ്ങിനെ തോന്നിയതു് എന്റെ കഷ്ടകാലമാണു്' എന്നു ള്ള തോന്നലിന്നു് ഉജ്ജിതത്വം കിട്ടും. എന്റെ തോ ന്നലിന്നും അമ്മാമടെ തോന്നലിന്നും വളരെ വ്യത്യാസ മുണ്ടു്. അമ്മാമന്റെ എന്റെ നേരെ നീരസം തോന്നി യാൽ ഞാൻ കെട്ടേ പോകും.

കാര—ശരിയാണു്. എനിക്ക തോന്നാതിരിക്കാൻ അന ന്തിരവന്മാരും കുറെ സൂക്ഷിച്ചനടക്കണം. കള്ള വീ ല്ലുന്ന സ്ഥലത്തോ കുലടകളുടെ വീട്ടകളിലോ നിന്നെ

ങ്കിലും ആ പറഞ്ഞതെല്ലാം അസത്യമാണെന്ന സകടം ബം ബോദ്ധ്യമായി. തലേന്ന ഭാര്യവീട്ടിലേയ്ക്ക പോകുമ്പോൾ കാടൻപൂച്ചയേയും, ക്ഷൗരം ചെയ്യിച്ചുവരുന്ന വയറൻ പൈത്തിവാദ്ധ്യാരേയും ശകുനം കണ്ടു. പൂച്ചയേയും പട്ടരേയും കണ്ടതുകൊണ്ടാണ് ഭാര്യവീട്ടിൽ എത്താൻ കഴിയാഞ്ഞതും കുതിര പോയതും തല്ല കൊണ്ടതും രാത്രി മുഴുവനും പ്രാണഭയത്തോടുകൂടി മരച്ചുവട്ടിലിരുന്നതുമെന്നാണ് കുഞ്ഞിക്കൃഷ്ണപ്പണിക്കർ ധരിച്ചതു്. ശകുനവും മറ്റു നിമിത്തങ്ങളും ഭാവിയായ ശുഭാശുഭങ്ങളെ സൂചിപ്പിക്കുന്നവ മാത്രമാണു്. ഭാവിസംഭവങ്ങളുടെ കാരണങ്ങളല്ല. സ്വാനുഭവത്തിന്റെ കാലക്രമം നോക്കുമ്പോൾ നിമിത്തങ്ങൾ മുമ്പിലും അനുഭവങ്ങൾ പിമ്പിലും വരുന്നതുകൊണ്ടു ബുദ്ധിഹീനന്മാർ നിമിത്തങ്ങളെ കാരണമായി വിചാരിച്ചുവരുന്നുണ്ടു്. തത്പത്തിങ്കൽ കാര്യകാരണന്യായത്തിൽ കാരണസ്യാനന്തരം കാര്യം എന്നുള്ള സാധാരണചട്ടത്തിന്റെ ഒരു വ്യത്യസ്തമായി നിമിത്താനുഭവങ്ങളെ വിചാരിക്കേണ്ടതാണു്. അനിഷ്ടം സംഭവിക്കുമെന്നു തീച്ചപ്പെട്ടുപോയതുകൊണ്ടു് അതിനെ സൂചിപ്പിക്കുന്ന അനിഷ്ടനിമിത്തങ്ങളെ നാം കാണുന്നതാണു്. നാം മുമ്പിൽ കാണുന്ന നിമിത്തങ്ങളും പിമ്പിൽ അനുഭവിക്കുന്ന സംഭവങ്ങളും തമ്മിലുള്ള ബന്ധമെന്തെന്നും അനുഭവിക്കാൻ പോകുന്നവനു നിമിത്തംമൂലം സുഖാസുഖതത്വം അറിവു കിട്ടുന്നതു് എന്തിനാണെന്നുമാലോചിച്ചാൽ അതിനു് എളുപ്പത്തിൽ സമാധാനം കാണുന്നില്ല. യാത്രാസമയത്തുദിക്കുന്നിമിത്തങ്ങളോ ദുശ്ശകുനങ്ങളോ കണ്ടാൽ ഉടനെ ആയാത്ര മുടക്കുന്നതാണു് ഉത്തമം. ഇതെല്ലാം ഇംഗ്ലീഷുകാർ നോക്കുന്നില്ല.

ക്കണ്ടാൽ മതി. നീ കൂടാം ഒന്നും ചെയ്തിട്ടില്ലെങ്കിലും ഞാൻ ധരിക്കാൻ മാത്രമുള്ളതു നിന്റെ നടപടി ചീത്തയായി എന്നാണു്. അതുകൊണ്ടു് എനിക്കു് ഓരോന്നു ധരിക്കാൻ വഴിയാക്കാതെ നടക്കേണ്ട ചുമതല നിന്റേതാണു്. അപശ്രുതി വരുത്തിപ്പിക്കാനോ അപകടം ധരിപ്പിക്കാനോ ജനങ്ങൾക്കു് അടിസ്ഥാനമൊന്നും വേണമെന്നില്ല. വളരെ സൂക്ഷിച്ചേ ജനങ്ങളായിട്ടു സംസർഗ്ഗം ചെയ്യാവൂ. നീ ഒന്നും ചെയ്തിട്ടില്ലെങ്കിലും നിന്റെ ചങ്ങാതിമാരുടെ പ്രവൃത്തി നീയും ചെയ്യാറുണ്ടെന്നു ലോകം ധരിക്കും. എനിക്കിനി വളരെ കുറച്ചു കാലമേ ഭൂമിയിൽ ഇരിപ്പുള്ളൂ. അതിന്നിടയ്ക്കു നിങ്ങളെപ്പറ്റി ഇങ്ങിനെ വല്ല ആക്ഷേപവും കേൾക്കുന്നതു് എനിക്കു വളരെ സങ്കടമാണു്. അതുകൊണ്ടു കുറെ സൂക്ഷിച്ചു നടന്നാൽക്കൊള്ളാം. കുഞ്ഞിക്കൃഷ്ണന്റെ നേരേയും നിനക്കു സുഖക്കേടുണ്ടാകരുതു്. അവൻ സത്യവാനാണു്. അവൻ ആരെ എങ്കിലും കണ്ടു ഗോവിന്ദൻകുട്ടിയാണെന്നു ധരിച്ചിട്ടുണ്ടാകും. അവനു നിന്നെ വളരെ താല്പര്യമാണെന്നു് എനിക്കറിയാം. അപ്പോൾ വെറുതെ ഒന്നു കൂട്ടിക്കെട്ടി ഉണ്ടാക്കില്ല. പോയി പ്പറിച്ചോ.

ഗോവിന്ദൻകുട്ടിക്കു വൃദ്ധനെ വളരെ ബഹുമാനമായി. കുഞ്ഞിക്കൃഷ്ണപ്പണിക്കർ സത്യവാനാണെന്നു ഗോവിന്ദൻകുട്ടിക്കു ബോധ്യമാണല്ലോ. എന്തുതന്നെ കൺകെട്ടു കാണിച്ചാലും കാരണവരുടെ അഭിപ്രായത്തിനു വ്യത്യാസം വരുന്നില്ലെന്നുള്ളതു് പ്രത്യക്ഷമായി.

കുഞ്ഞിക്കൃഷ്ണപ്പണിക്കർ ഗോവിന്ദൻകുട്ടിയെപ്പറ്റി പറഞ്ഞതു മുഴുവനും തന്റെ മനസ്സാക്ഷിക്കു സമ്മതമാണെ

ങ്കിലും ആ പറഞ്ഞതെല്ലാം അസത്യമാണെന്നു സകൂടം ബം ബോദ്ധ്യമായി. തലേന്നു ഭാര്യവീട്ടിലേയ്ക്കു പോകുമ്പോൾ കൂടൻപൂച്ചയേയും, ക്ഷൌരം ചെയ്യിച്ചുവരുന്ന വയറൻ പൈത്തിപാദ്ധ്യാരേയും ശകുനം കണ്ടു. പൂച്ചയേയും പട്ടരേയും കണ്ടതുകൊണ്ടാണു് ഭാര്യവീട്ടിൽ എത്താൻ കഴിയാഞ്ഞതും കുതിര പോയതും തല്ലു കൊണ്ടതും രാത്രി മുഴുവനും പ്രാണഭയത്തോടുകൂടി മരച്ചുവട്ടിലിരുന്നതുമെന്നാണു് കുഞ്ഞിക്കൃഷ്ണപ്പണിക്കർ ധരിച്ചതു്. ശകുനവും മറ്റു നിമിത്തങ്ങളും ഭാവിയായ ശുഭാശുഭങ്ങളെ സൂചിപ്പിക്കുന്നവ മാത്രമാണു്. ഭാവിസംഭവങ്ങളുടെ കാരണങ്ങളല്ല. സംഭവത്തിന്റെ കാലക്രമം നോക്കുമ്പോൾ നിമിത്തങ്ങൾ മുമ്പിലും അനുഭവങ്ങൾ പിമ്പിലും വരുന്നതുകൊണ്ടു ബുദ്ധിഹീനന്മാർ നിമിത്തങ്ങളെ കാരണമായി വിചാരിച്ചുവരുന്നുണ്ടു്. തത്പത്തിങ്കൽ കാര്യകാരണന്യായത്തിൽ കാരണസ്യാനന്തരം കാര്യം എന്നുള്ള സാധാരണചട്ടത്തിന്റെ ഒരു വ്യത്യസ്തമായി നിമിത്താനുഭവങ്ങളെ വിചാരിക്കേണ്ടതാണു്. അനിഷ്ടം സംഭവിക്കുമെന്നു തീർച്ചപ്പെട്ടുപോയതുകൊണ്ടു് അതിനെ സൂചിപ്പിക്കുന്ന അനിഷ്ടനിമിത്തങ്ങളെ നാം കാണുന്നതാണു്. നാം മുമ്പിൽ കാണുന്ന നിമിത്തങ്ങളും പിമ്പിൽ അനുഭവിക്കുന്ന സംഭവങ്ങളും തമ്മിലുള്ള ബന്ധമെന്തെന്നും അനുഭവിക്കാൻ പോകുന്നവനു നിമിത്തംമൂലം സുഖാസുഖതാപം അറിവു കിട്ടുന്നതു് എന്തിനാണെന്നുമാലോചിച്ചാൽ അതിനു് എളുപ്പത്തിൽ സമാധാനം കാണുന്നില്ല. യാത്രാസമയത്തുദിക്കുന്നിമിത്തങ്ങളോ ദൃശ്യകാരങ്ങളോ കണ്ടാൽ ഉടനെ ആയാത്ര മുടക്കുന്നതാണു് ഉത്തമം. ഇതെല്ലാം ഇംഗ്ലീഷുകാർ നോക്കുന്നില്ല.

മുഹമ്മദീയർ നോക്കുന്നില്ല. അതുകൊണ്ടു നമ്മുടെ കാരണവന്മാർ അജ്ഞാനംനിമിത്തം ഏർപ്പെടുത്തിയ ചട്ടങ്ങളാണു് എന്നും മറ്റും വിചാരിച്ചു താൻ മുമ്പുണ്ടായിരുന്നവരേക്കാൾ നാഗരികതയും ജ്ഞാനവുമുള്ളവനാണെന്നു നടിച്ചു നീരസിച്ചാൽ കുഞ്ഞിക്കുണ്ണപ്പണിക്കർക്കു പിണഞ്ഞമാതിരി സംഭവിക്കുമെന്നു് അറിഞ്ഞുകൊള്ളേണ്ടതാണു്. കുഞ്ഞിക്കുണ്ണപ്പണിക്കർക്കു് അടി കിട്ടിയതും ബന്ധനമുണ്ടായതും തന്റെ വാഗ്ദൂഷണംകൊണ്ടാണെന്നും അതുകൊണ്ടു നാവിനെ നന്നാക്കിയാൽ മതി എന്നും വിചാരിക്കുന്നതിനു വിരോധമില്ല. ഗോവിന്ദൻകുട്ടിയെപ്പറ്റി കാരണവരോടു യഥാർത്ഥം പറകയല്ലാതെ കുഞ്ഞിക്കുണ്ണപ്പണിക്കർ യാതൊരു കുറ്റവും ചെയ്തിട്ടില്ലാതിരിക്കെ മറുള്ളവർക്കു താൻ പറഞ്ഞതെല്ലാം കളവാണെന്നു തോന്നിയതു് എന്തുകൊണ്ടാണു്? എന്തോ കൂടിക്കുന്നതു കണ്ടു എന്നു പറയുന്നതിനു പകരം തന്റെ അന്നമാനസിദ്ധമായ സുരാപാനം ചെയ്യുന്നതു കണ്ടു എന്നു പറഞ്ഞതും ആ വൃത്താന്തം കേൾക്കുന്നവർക്കു് അനിഷ്ടമായതുകൊണ്ടുമായിരിക്കാം. "സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ ന ബ്രൂയാൽ സത്യമപ്രിയം പ്രിയഞ്ചാനൃതം ബ്രൂയാൽ ഏഷ ധർമ്മഃ സനാതനഃ" എന്നുള്ള വിധിയെ ലംഘിച്ചു നടന്നാൽ ഇങ്ങിനെയാണു് സംഭവിക്കുക എന്നും അറിഞ്ഞുകൊള്ളേണ്ടതാണു്.

അദ്ധ്യായം ന്യ

പണിക്കരുടെ കുതിരപ്പുറത്തു കയറി അതിവേഗത്തിൽ ഓടിച്ചുകൊണ്ടുപോയ ശങ്കുരണ്ടു നാഴിക ദൂരം പോയപ്പോൾ ക്ഷീണിച്ചു. സോഡയും ലെമൊണേഡും വില്ക്കുന്ന ഒരു ഷാപ്പിന്റെ അരികത്തെത്തിയപ്പോൾ ഷാപ്പിനു നേരു കണ്ടു കുതിരയെ നിറുത്തി ഒരു കുപ്പി ലെമൊണേഡും അതിന്റെ വില കഴിച്ചു 5 കെ-യുടെ ഒരു നോട്ടിനുള്ള ചില്ലറയും കൊണ്ടുവരാൻ ഷാപ്പുകാരനോടു കല്പിച്ചു. ഷാപ്പുകാരൻ അതു രണ്ടും എടുത്തു കൊണ്ടുവരുന്ന മദ്ധ്യത്തിൽ നിറുത്തിയാൽ വെറുതെ നില്ക്കാത്ത കുതിരയാണെന്നു കാണിക്കാൻ താൻ അറിഞ്ഞില്ലെന്നുള്ള ഭാവത്തിൽ കുതിരയെ ഒന്നുരണ്ടു ചാടിച്ചു. ശങ്കു കുതിരപ്പുറത്തിരുന്നു ലെമൊണേഡു കുടിച്ചു് അഞ്ചുറുപ്പികയുടെ ഛാക്കി നാലുമുക്കാലേ അരയ്ക്കാൽ ഉറുപ്പികയും വാങ്ങി മടിയിൽ കെട്ടിത്തുടങ്ങി. അങ്ങിനെ മടിയിൽ കെട്ടിക്കഴിയാറായപ്പോൾ ഷാപ്പുകാരൻ നില്ക്കുന്നതിന്റെ മറുപുറത്തുള്ള അങ്കവടിയുടെ കൂർത്ത ഭാഗംകൊണ്ടു കുതിരയുടെ പള്ളയ്ക്കു കുത്തുകയും കുതിര ചാടുകയും ചെയ്തു. "എടാ! ഒരിടത്തു നില്ക്കുന്നില്ലല്ലോ! എന്നാൽ കുറെ ചാടീട്ടു മതി" എന്നു പറഞ്ഞു കുതിരയെ ഓടിച്ചു. കുതിരയുടെ മദം അടങ്ങിയാൽ മടങ്ങിവന്നു നോട്ടു തരുമെന്നു വിശ്വസിച്ചു ഷാപ്പുകാരൻ ഇരുന്നു. പക്ഷേ ഇപ്പോഴും അങ്ങനെതന്നെ ഇരിക്കുന്നുണ്ടായിരിക്കാം.

ക്ഷണനേരംകൊണ്ടു ശങ്കു പ്ലാക്കാപ്പിള്ളിക്കുതിരയുന്നടിക്കിലെത്തി. കുതിരപ്പുറത്തുനിന്നിറങ്ങി, സമീപ

ത്തു നിന്നിരുന്ന ചട്ടുകക്കള്ളിയുടെ രണ്ടു കൈ മുറിച്ചെടുത്തു കുതിരയുടെ ഇരുവശത്തും തറയ്ക്കത്തക്കവണ്ണം അങ്കവടികളിൽ കെട്ടി. കുതിരയെ നിരത്തുവഴിയിൽ കൊണ്ടുവന്നു തെക്കോട്ടഭിമുഖമായി നിത്തി രണ്ടുമൂന്നടിച്ചു. അടിയുടേയും കള്ളിമുള്ളിന്റേറയും വേദനകൊണ്ടു കുതിര ഓടിത്തുടങ്ങി. അവസാനത്തിൽ മുമ്പു നിന്നിരുന്ന സ്ഥലത്തെത്തി എന്നും മറും അബ്ധിയുള്ള കൊണ്ടുവന്ന എഴുത്തിൽ കാണുന്നുണ്ടല്ലോ.

ശങ്കു മുണ്ടുംകൊണ്ടു വെളുത്തേടനായി പ്ലാക്കാപ്പള്ളിക്കു പോയി. പറഞ്ഞപോലെ അന്നു രാത്രിതന്നെ മുണ്ടലക്കിക്കൊണ്ടുചെന്നതിൽ കല്യാണിയമ്മയ്ക്കു വളരെ സന്തോഷമായി. ശങ്കു ചുണ്ണാമ്പു തേച്ചു മറച്ചുവെച്ചിട്ടുള്ള തുപ്പുടയാളം പോയിട്ടുണ്ടോ എന്നു നോക്കാതെ കല്യാണിയമ്മ മുണ്ടിനെ അകത്തു് ഓവറയിൽ ജനലിനുനേരെ വെച്ചിരുന്ന ഒരു മരപ്പെട്ടിയുടെ മുകളിൽ വെച്ചു. അകത്തിരുന്നു വല്ലതും എഴുതുകയോ വായിക്കുകയോ ചെയ്യേണ്ടിവന്നാൽ മതിയായ വെളിച്ചം കിട്ടണമെന്നും ചിലപ്പോൾ കാറുകൊള്ളാൻ ഇരിക്കാമെന്നും ഉദ്ദേശിച്ചു വെച്ചിട്ടുള്ളതായിരുന്ന ആ പെട്ടി. അതിന്റെ മേലെ മുണ്ടു വെയ്ക്കുന്നതു ശങ്കു നോക്കി മനസ്സിലാക്കി. കല്യാണിയമ്മയുടെ പ്രീതികൊണ്ടു് ഉണ്ടിട്ടു പോയാൽ മതി എന്നു ശങ്കുവിനെ ക്ഷണിക്കുകയും ആയാൾ സുഖമായി ഭക്ഷിക്കുകയും ചെയ്തു. ശങ്കു ഊണു കഴിക്കുന്ന സമയംകൊണ്ടു് അഴുക്കുകളും കണക്കുംകൂടി ഒത്തുനോക്കി കല്യാണിയമ്മ കെട്ടിവെച്ചു; ആദ്യം അലക്കാൻ കൊടുക്കേണമെന്നു വിചാരി

ക്കാത്തതായ ചില പാവുമുണ്ടുകളേയും കസവുമുണ്ടുകളേയും ശങ്കുവിന്റെ കൊട്ടക്കാരനുള്ള ഉറുപ്പികയേയും കല്യാണിയമ്മ കാത്തുനില്ക്കുകയായിരുന്നു. ശങ്കു ഊണു കഴിഞ്ഞു പോയപ്പോൾ അലക്കാനുള്ള കെട്ടും ഉറുപ്പികയും കല്യാണിയമ്മ കൊണ്ടുവന്നു കൊടുത്തു. കണക്കിലെഴുതാതെ ചില കസവുമുണ്ടുകളും പാവുമുണ്ടുകളും തരുന്നതു വിഷ്ണുവിന്റെ മുമ്പു് അലക്കിക്കിട്ടാനാണെന്നും പറഞ്ഞു. ശങ്കു മർവ്വാഡിക്കാരന്റെ നിലയിൽ കണക്കിൽ എഴുതാത്തതു് ഒന്നും കൊണ്ടുപോകില്ലെന്നു ശാഠ്യം പിടിച്ചു കണക്കെഴുതിച്ചു. പിന്നെ കല്യാണിയമ്മ അകായിലേയ്ക്കു പോയി.

തുറന്നുകിടക്കുന്ന ജനലിന്നരികത്തു പെട്ടിമേൽ മൂണ്ടു വെച്ചതിന്നു കല്യാണിയമ്മയെ ഒരു പാഠം പഠിപ്പിക്കേണമെന്നുള്ള വിചാരത്തിന്മേൽ ആ മുണ്ടിനെ മോഷ്ടിച്ചുകൊണ്ടുപോകാനുള്ള വഴിയെന്തെന്നു ശങ്കു ആലോചിച്ചുതുടങ്ങി. ആ ജനലിന്നു നേരെ താഴത്തു പുറത്തേക്കോലായിൽ ഒരു ദാസി മൂളിപ്പാട്ടും പാടിക്കൊണ്ടു കിടന്നിരുന്നു. എന്നു മാത്രമല്ല ഉമ്മറത്തു തൂക്കിയിരുന്ന വിളക്കിന്റെ വെളിച്ചവും ധാരാളമുണ്ടായിരുന്നു. ഇതെല്ലാം സാധാരണ കള്ളന്മാക്കു പ്രതിബന്ധങ്ങളാണെങ്കിലും ചിന്തൻശങ്കുവിന്നു നിസ്സാരമായിരുന്നു. ശങ്കു ആ ദാസിയുടെ സമീപത്തു ചെന്നു. "എന്റെ പൊന്നമ്മേ, ഒരു ചീന്തു വെറില കിട്ടിയാൽ ഞാൻ എന്റെ പാട്ടിൽ പോയ്ക്കൊള്ളാമായിരുന്നു. നിങ്ങടെ മുണ്ടു് അസ്സലായി അലക്കിക്കൊണ്ടു വരാം. ഒരിക്കൽ മുറുക്കാൻ കൊണ്ടുവന്നു തരൂ" എന്നു പറഞ്ഞു. ആ സ്ത്രീ മുറുക്കാനെടുക്കാൻ പോയ തരത്തിൽ ജനലഴികളുടെ ഇടയിൽക്കൂടി കൈകടത്തി മു

ണ്ടെടുത്തു മാറാപ്പിൽവെച്ചു നേരസ്ഥനായി നിന്നു. പി
ന്നെ ആ സ്ത്രീ കൊണ്ടുവന്ന മുറുക്കാനും വാങ്ങി ശങ്കു പ്ലാ
ക്കാപ്പിള്ളിയിൽനിന്നു നടന്നു. വെളുത്തേടൻ നാണു ഭര
ണി കഴിഞ്ഞു മടങ്ങി വരുന്നതുവരെ തന്റെ പ്രയോഗ
ങ്ങളും വെളിപ്പെടില്ലെന്നുള്ള പൂർണ്ണവിശ്വാസം ശങ്കുവിനു
ണ്ടായിരുന്നതുകൊണ്ടു താൻ ചെയ്ത കളവിനെപ്പറ്റി ലവ
ലേശം ചാഞ്ചല്യമുണ്ടായിരുന്നില്ല.

ഇതാണല്ലോ മാരന്റെ ചിരുതുകാൾക്കുള്ള അവസരം. ആ സ്ത്രീരത്നത്തിന്റെ നിറമാകുന്ന വെളിച്ചത്തിൽ അം ഗംപ്രതിയുള്ള സൌന്ദര്യം മനസാ പരിശോധിച്ചു് ആ സ്വഭാവഗുണത്തിൽ സമാധിയായി നടന്നുനടന്നു് ഒരു വീട്ടിന്റെ പടിക്കലെത്തി. ആ വീട്ടിന്നകത്തുനിന്നു് ഒരു സംഭാഷണം കേട്ടു.

"അകത്തു് അയക്കോലിൽ കൊണ്ടുപോയ്ത്തൂക്കു. പു റത്തിട്ടാൽ വല്ല കള്ളനും കട്ടുകൊണ്ടുപോയാലോ?"

"ഇപ്പോഴാരാണിവിടെ ഇതു കട്ടുകൊണ്ടു പോകാൻ വരുന്നതു്? കുറച്നേരം കഴിഞ്ഞാൽ ഞാൻ വന്നു കൊ ണ്ടുപോകില്ലേ?"

"ഷട്ടിൽ സ്വർണ്ണക്കട്ടക്കല്ലേ ഉള്ളതു്? അതെങ്കിലും ഊരി മടിയിൽ കെട്ടു."

"വലിയമ്മ ഇവിടെ ജപിച്ചുകൊണ്ടിരിക്കുന്നില്ലേ? അവരിരിക്കുമ്പോൾ ഒരു കള്ളനു് ഇതെടുത്തു കൊണ്ടുപോ കാൻ ധൈര്യം വരുമോ?"

"പറഞ്ഞതു കേൾക്കാൻ എന്താ ഇത്ര ശാഠ്യം?"

"പറഞ്ഞതു കേൾക്കാൻ മടിച്ചിട്ടല്ല. ഈ ഷട്ടിലെ

ചിയപ്പിനെക്കൊണ്ട് അകത്തു മട്ടിപ്പാൽ പുകയ്ക്കാൻ മനസ്സു വരാഞ്ഞിട്ടാണ്.”

“എന്നാൽ ഷർട്ട മാത്രം ഉണങ്ങാനിട്ടാൽ പോരേ?”

“ഷട്ടിന്നൊരിക്കൽ, കോട്ടിന്നൊരിക്കൽ, തലേക്കെട്ടിന്നൊരിക്കൽ ഇങ്ങിനെ മൂന്നും നാലും പ്രാവശ്യം കോണികയറി ഇറങ്ങാൻ ഞാൻതന്നെ വേണ്ടേ?”

“ഓ! ഒരു കായ്യം തീരെ മറന്നു. ആ കോട്ടിന്റെ വാച്ചുപോക്കറ്റിൽ ഒരു സാധനമുണ്ട്. അതെങ്കിലും എടുത്തു കയ്യിൽ വെയ്ക്കു.”

ഈ സംഭാഷണം കഴിഞ്ഞ ഉടനെ ഒരാൾ തോർത്തുമുണ്ടുമാത്രം ഉടുത്തു കുളിക്കാനെന്നപോലെ പടി കടക്കുന്നതു ശങ്കു കണ്ടു. ശങ്കുവിനെ ആയാൾ കണ്ടതുമില്ല. കുളിക്കാൻ പോയ മനുഷ്യൻ ഒരു റിക്കാർട്ടുകീപ്പറാണ്. ആയാളും ഭാര്യ നാണിക്കുട്ടി എന്ന സ്ത്രീയും തമ്മിലുണ്ടായ സംഭാണമാണ് ശങ്കു പുറത്തുനിന്നു കേട്ടതു്. വേലുമേനോൻ ആ പടി വിട്ടു കുറേ ദൂരം പോയപ്പോൾ ശങ്കു പടിക്കൽ വന്നു് ഉള്ളിലേയ്ക്കുത്തിനോക്കി. കുപ്പായങ്ങളെ രണ്ടു തുണ്ടിൽ കെട്ടിയിരുന്ന ഒരു കയറിന്മേൽ കാറുകൊണ്ടുണങ്ങാൻ ഇട്ടിരിക്കുന്നു. സംഭാഷണത്തിൽ കേട്ട വലിയമ്മയായിരിക്കാം, കോലായിന്റെ വക്കത്തു് ഒരു തൂണിൽ ചാരി ജപിച്ചുകൊണ്ടിരിക്കുന്നു. ഭർത്താചിത്രയും പറഞ്ഞിട്ടും കേൾക്കാത്ത ആ സ്ത്രീയെ ഒരു പാഠം പഠിപ്പിക്കേണമെന്നും വലിയമ്മ ജപിച്ചുകൊണ്ടിരിക്കേ ആ കുപ്പായങ്ങളെ മോഷ്ടിച്ചു കൊണ്ടുപോകേണമെന്നും ശങ്കുവിനു തോന്നി. ഇങ്ങിനെ തോന്നാൻ കാരണം കുളിക്കാൻ പോയ മനുഷ്യൻ തന്റെ വലിപ്പമേയുള്ളു എന്നും നാട്ടുവെളിച്ചം

മാത്രം ഉള്ളതായ ആ സന്ദർഭത്തിൽ ആൾമാറാപ്രയോഗം സഫലമായി വരുമെന്നും ശങ്കു കണ്ടിട്ടാണു്. ഉടൻതന്നെ തന്റെ കയ്യിലുള്ള മാറാപ്പിനെ അധികദൂരത്തല്ലാതെ വളർന്നിരുന്ന ചില ചെടികളുടെ ഇടയിൽ കൊണ്ടുപോയി വെച്ചു് ഒരു തോൽമുണ്ടെടുത്തുടുത്തു നിർഭയനായി ആ വീട്ടിന്റെ പടികടന്നു "വല്ല കള്ളന്മാരും കട്ടുകൊണ്ടുപോകുമെന്നു ഞാൻ പറഞ്ഞതിനെ കേൾക്കാതെ ഇവിടെത്തന്നെ ഇട്ടിട്ടുപോയതു കണ്ടോ? ഇതാ സഞ്ചിക്കുടുക്കും എടുത്തു വെച്ചിട്ടില്ല. കാണിച്ചുകൊടുക്കാം" എന്നു കീഴ്സ്വരത്തിൽ പറഞ്ഞു കൂപ്പായങ്ങളെ എടുത്തുകൊണ്ടു പടി കടന്നു. വേലുമേനോൻതന്നെയാണെന്നു വിചാരിച്ചു ജപിച്ചുകൊണ്ടിരിക്കുന്ന വലിയമ്മ ആദ്യം ഒന്നു നോക്കി. പിന്നെയും കണ്ണടച്ചു ജപിച്ചുകൊണ്ടുതന്നെ ഇരുന്നു. ശങ്കു പുറത്തുവന്നു വാച്ചുപോക്കറ്റു നോക്കിയപ്പോൾ അതിൽ ഒരു പവനുള്ളതായിക്കണ്ടു. താൻ മാറാപ്പു വെച്ച പൊന്തയിൽച്ചെന്നു കെട്ടഴിച്ചു കൂപ്പായങ്ങളെ അതിന്നുള്ളിൽ വെച്ചു കെട്ടി. പവൻ മാത്രം കയ്യിലെടുത്തു. ആ പൊന്തയ്ക്കു് ഒരു ചെറുപ്പാടകലെ ജീർണ്ണിച്ചു കാടുപിടിച്ചു കിടക്കുന്ന ഒരു ക്ഷേത്രമുണ്ടായിരുന്നു. അവിടെച്ചെന്നു നോക്കിയപ്പോൾ പകൽസമയത്തുകൂടി ജനസഞ്ചാരമില്ലാത്ത സ്ഥലമാണെന്നറിഞ്ഞു മാനിച്ച ഭാണ്ഡത്തിനെ ആ ക്ഷേത്രത്തിനുള്ളിൽ കൊണ്ടുപോയി വെച്ചു. കൂലിക്കാൻ പോയ മനുഷ്യൻ കൂലിച്ചുവന്നു കൂപ്പായങ്ങൾ കാണാതായാൽ എന്തു ചെയ്യുമെന്നും മറ്റും അറിയേണമെന്നും അന്നത്തെ രാത്രി ആ വീട്ടിൽത്തന്നെ കിടന്നുറങ്ങണമെന്നും ശങ്കു ആലോചിച്ചു.

വിരുതൻശങ്കുവിന്നല്ലാതെ മറ്റു കള്ളന്മാർക്കു് ഇങ്ങിനെ

തോന്നാൻ പ്രയാസമാണു്. ശങ്കുവിനു് ഈ വിചാരം ഉണ്ടായതോടുകൂടി അതിന്റെ ക്രിയാമാർഗ്ഗം എന്താണെന്നും തോന്നി. തന്റെ ഭാണ്ഡത്തിൽനിന്നു് ഒരു കോടിപ്പുവുമെടുത്തു. കുളിക്കാൻ പോയ മനുഷ്യൻ കുളിച്ചു മടങ്ങണ്ട നേരമായിരുന്നില്ല. അതുകൊണ്ടു ശങ്കു കുളത്തിലേയ്ക്കു പോയി. തത്സമയം വേലുമേനോന്റെ കുളി കഴിഞ്ഞിരിക്കുന്നു. ശങ്കു കുളത്തിൽ എത്തിയപ്പോൾ പരസ്പരം ആരാണെന്നു ചോദിച്ചു. വേലുമേനോനാണെന്നു വേലുമേനോനും ഒരു നമ്പൂരിയാണെന്നു ശങ്കുവും മറുപടി പറഞ്ഞു.

ശങ്കു—കണ്ടുപരിചയം ഇല്ല, ഉവ്വോ?

വേ—കണ്ടിട്ടുള്ളതുപോലെ തോന്നുന്നില്ല. തിരുമനസ്സിലെ ഇല്ലപ്പേരു്?

ശങ്കു—വാഴത്തോട്ടത്തിൽ എന്നാണു്. ഇല്ലത്തെ വളപ്പിൽ വാഴ നന്നാക്കഷ്ടിയാണേനും. മേനോന്റെ—എവിടെയാ?

വേ—അടിയൻ പാലക്കാട്ടുകാരനാണു്. ഇവിടെ ഉദ്യോഗമായി വന്നു താമസിക്കുന്നതാണു്. ഭാര്യവീടു് ഇവിടെയാണു്.

ശങ്കു—ശമ്പളം എത്രയാ?

വേ—ഇപ്പോൾ 30 ക.യുണ്ടു്. അടുത്തു 40 ആകും.

ശങ്കു—ഭാര്യവീട്ടിൽത്തന്നെയാണോ താമസം? അതോ വീടു വാടകയ്ക്കു മേടിച്ചിട്ടോ?

വേ—ഭാര്യവീട്ടിൽ സ്ഥലം വളരെ ഒഴിവായി കിടക്കുന്നുണ്ടു്. ആളുകൾ അധികം ഇല്ല. തിരുമനസ്സിലെ നാടെതാ?

ശങ്കു—നാട്ട കുമ്പർനാട്ട് എന്നു പറയും. കുറമ്പു വളരെ ഇല്ലതാനും.

ഗോ—ഇവിടെ വരാൻ കാരണം?

ശങ്കു—കേട്ടേ കഴിയുള്ളു എങ്കിൽ പറയാം. കൊച്ചിക്കോവിലകത്തു് ഒരു തമ്പുരാനു് ഒരു നായർസ്ത്രീയെ നോക്കിപ്പോകാൻ വന്നിരിക്കയാ. ഈ ദിക്കിൽനിന്നു വേണമെന്നാണു് അവിടത്തെ ഇഷ്ടം.

ഗോ—വല്ലവരേയും പ്രത്യേകിച്ചു നോക്കാൻ ഏല്പിച്ചിട്ടുണ്ടോ?

ശങ്കു—അതൊന്നുമില്ല. ഞാൻ നോക്കി എനിക്കു ബോദ്ധ്യമായാൽ അവിടെച്ചെന്നു പറയും. പിന്നെ അവരവരുടെ ഇഷ്ടംപോലെ.

ഗോ—തിരുമനസ്സിന്നു് ഇവിടെ എഴുനെള്ളീട്ടു് എത്ര ദിവസമായി? വല്ല വീട്ടിലും നോക്കിയോ?

ശങ്കു—ഇന്നു വൈകുന്നേരം എത്തീട്ടേള്ളു. അമ്പലത്തിൽ ചെന്നു് ഊണു കഴിച്ചു. ശാന്തിക്കാരന്റെ മഠത്തിൽ കിടക്കാമെന്നു് ആയാൾ പറഞ്ഞു. കുളത്തിലേയ്ക്കിറങ്ങി എന്നേള്ളു.

ഗോ—കിട്ടാൻ അവിടെയൊന്നും പോകേണ്ട. ശാന്തിക്കാരനുതന്നെ ഒരു കൊട്ടപ്പായും മുഷിഞ്ഞ ചകിരിത്തലയണയും മാത്രമേ ഉണ്ടാകുള്ളു. പിന്നെ തിരുമനസ്സിലെ സല്ലൂരിക്കുന്നതു് എന്തുകൊണ്ടാ?

ശങ്കു—വേറെ ഒന്നും എടുപ്പാടാകാത്ത സ്ഥിതിക്കു് അങ്ങിനെ നിരീച്ചു, അത്രേ ഉള്ളു. ഇപ്പോൾ മേനോൻ ക്ഷണിച്ചു കിടപ്പിന്റെ വട്ടം നന്നാക്കാനാ ഭാവമെങ്കിൽ അങ്ങിനെ ആവാം.

വേ—അടിയൻ ആ കായ്യം നന്നാക്കാൻതന്നെയാണു് ഖീ
ചാരിക്കുന്നതു്. എന്നാൽ കൂടെ എഴുനെള്ളുന്നോ?

ശങ്കു—ഓഹോ! കാലും മുഖവും കഴുകിക്കളയാം.

കോടിപ്പാവുമുണ്ടുടുത്തപ്പോൾത്തന്നെ ശങ്കു നമ്പൂരിയായി. നമ്പൂരിമാർ സംസാരിക്കുമ്പോലെ സംഭാഷണവും തുടങ്ങിയാൽപിന്നെ സംശയിക്കാനുണ്ടോ? നമ്പൂരിയെ പിടികിട്ടിയതിൽ വേലുമേനോനു് ഒരു നിധി കിട്ടിയ സന്തോഷമുണ്ടായിരുന്നു. തന്റെ ഭാഗ്യയുടെ അനുജത്തി പൂത്തിരുപ്പായിരുന്നു. കണ്ടാലും നല്ല രൂപലാവണ്യമുണ്ടായിരുന്നതുകൊണ്ടു വല്ല സംഖ്യയും നമ്പൂരിക്കു കോഴകൊടുത്തെങ്കിലും തമ്പുരാനെക്കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. രണ്ടുപേരും ശങ്കരത്തെ പീടത്തി. വേലുമേനോൻ ഈറൻ മാറുന്നതിനുമുമ്പു നമ്പൂരിക്കു നല്ലൊരു പായയും വെറ്റിലത്താലവും കൊണ്ടുപോയികൊടുത്തു. നാണിക്കുട്ടിയമ്മയെ വിളിച്ചു് അദ്ദേഹത്തിനോടു സംസാരിച്ചുകൊണ്ടിരിക്കാൻ പറഞ്ഞു. വേലുമേനോൻ നമ്പൂരിയോടു കരിക്കാടി കഴിക്കുന്നതിന്നനുവാദം വാങ്ങി ഉണ്ണാൻ പോയി. നാണിക്കുട്ടിയമ്മ രംഗപ്രവേശം ചെയ്തു.

നാണിക്കുട്ടി—തിരുമനസ്സിലേയ്ക്കു കിടക്കേണ്ട സമയമായെങ്കിൽ അതു മുമ്പിൽ ഒരുക്കിക്കളയാം.

ശങ്കു—ബദ്ധപ്പാടില്ല. മേനോൻ ഊണു കഴിഞ്ഞു വന്നില്ലാതെ കിടന്നുറങ്ങുന്നതു ശരിയല്ലല്ലോ.

നാണിക്കുട്ടി—മേനോൻ ഇവിടുന്നെഴുന്നള്ളിയതിന്റെ കായ്യമൊക്കെ അടിയത്തിനോടു പറഞ്ഞു. കായ്യമൊക്കെത്തിരുമനസ്സിലെക്കയ്യിലാണെന്നു് അടിയത്തിനു മനസ്സിലായി. അടിയത്തിനൊരു അനുജത്തിയുണ്ടു്. അ

വളെ തിരുമനസ്സിലേയ്ക്കു ബോധിച്ചാൽ ഭാഗ്യമായല്ലോ എന്നു വിചാരിച്ചു മേനോൻ കൂട്ടിക്കൊണ്ടുവന്നതാ. അങ്ങനെ വിചാരിച്ചതിൽ വളരെ അത്യാഗ്രഹമില്ല. ഇപ്പോൾ അവളോളം സൌന്ദര്യമുണ്ടായിട്ട് ഈ പ്രദേശത്തിൽ ആരുമില്ല. വിദ്യാഭ്യാസവും അതിമാന്തിച്ചിട്ടില്ല. പാട്ടറിയാം. കാച്ചു് ഇംഗ്ലീഷറിയാം. സംസ്കൃതം കാവ്യങ്ങളും ഇപ്പോഴും വായിക്കുന്നുണ്ടു്.

ശങ്കു—എന്തുണ്ടായാലും കണ്ടാൽ നന്നായാലേ ഇയ്യുള്ളവനു ശിപാശ ചെയ്യാൻ യോഗ്യതയുള്ളു. കണ്ടാൽ നന്നല്ലെങ്കിൽ കാര്യം എന്റെ കയ്യിലല്ല.

നാണിക്കുട്ടി—കണ്ടാൽ ഒരു കുറവും അവൾക്കു പറവാൻ കഴിയില്ല. അടിയത്തിന്റെ ആയതുകൊണ്ടു പറകയല്ല.

ശങ്കു—കണ്ടാൽ നന്നായിരിക്കുമെന്നു ഞാൻ തീച്ചയാക്കിക്കഴിഞ്ഞു.

നാണിക്കുട്ടി—എങ്ങിനെ? കാണുക ഉണ്ടായോ?

ശങ്കു—അറയത്തി എന്നല്ലേ പറഞ്ഞതു്? അപ്പോൾ നിശ്ചയിച്ചുകൂടേ?

മുഖസ്തുതിയിങ്കൽ അഭിരുചിയില്ലാത്ത സ്ത്രീ ഇല്ലെന്നു ശങ്കുപിന്നാറിയാം. വിശേഷിച്ചു സൌന്ദര്യമുണ്ടെന്നു പറഞ്ഞാൽ സന്തോഷിക്കാത്ത വിരുതിയെ ബ്രഹ്മാവു സൃഷ്ടിച്ചിട്ടില്ല. ശങ്കുവിന്റെ പ്രയോഗത്താൽ നാണിക്കുട്ടിയമ്മ പുഞ്ചിരിതുകിപ്പുമുഖം മറച്ചു. ഫലിച്ചു എന്നു ശങ്കുവും നിനച്ചു.

നാണിക്കുട്ടി—അടിയത്തിന്റെ സൃഷ്ടിയിൽ ബ്രഹ്മാവു് അത്ര മനസ്സു വെച്ചില്ല. അടിയത്തിനെപ്പോലെയാ

ണെങ്കിൽ വളരെ സുന്ദരിയാണെന്നു പറവാൻ തര മുണ്ടോ?

ശങ്കു—സൌന്ദര്യം കണ്ണാടിയിലേക്കാൾ കണ്ണിലാ പ്രവേശിക്കാറുള്ളതു്. വിനയമുള്ള സ്ത്രീരത്നങ്ങൾക്കു താൻ വളരെ സുന്ദരിയാണെന്നു തോന്നില്ലെന്നാ ഞാൻ മനസ്സിലാക്കീട്ടുള്ളതു്.

നാണിക്കുട്ടിയമ്മ ഒരു പടവുകൂടെക്കയറി. നമ്പൂരി തന്നെപ്പറ്റിപ്പറയുന്നതു വേലുമേനോൻ കേട്ടാൽക്കൊള്ളാമെന്നാഗ്രഹിച്ചു. കേൾപ്പിക്കാൻ വഴിയും കണ്ടു.

വേലുമേനോൻ കൂട്ടിയുണ്ണുന്ന പദാർത്ഥങ്ങളെന്താണെന്നുള്ള പ്രജ്ഞയില്ലാതെ ഒരുവിധം വയറു നിറച്ചു കയ്യും തുടച്ചുകൊണ്ടു നമ്പൂരിയുടെ സമീപത്തെത്തി.

നാണിക്കുട്ടി—തിരുമനസ്സിലേയ്ക്കു മുഖസ്തുതി നല്ല വശമുണ്ടു്.

വേ—എന്താ അതു്? എന്താ അരുളിച്ചെയ്തതു്?

ശങ്കു—ഞാനതന്നെ പറയാം. ജ്യേഷ്ഠത്തിയെക്കണ്ടാൽ അനുജത്തിയുടെ സൌന്ദര്യം ഗണിക്കാവുന്നതാണെന്നു ഞാൻ പറഞ്ഞു. ഇതു മുഖസ്തുതിയാണോ?

നാ—അരുളിച്ചെയ്തതിന്റെ സത്തു് ഇതുതന്നെയാണെങ്കിലും പറഞ്ഞതു് അങ്ങനെയല്ല.

ശങ്കു—ജ്യേഷ്ഠത്തിയെക്കണ്ടാൽ അനുജത്തി മോശമല്ലെന്നു തീച്ചയാക്കാമെന്നു പറഞ്ഞു. വാസ്തവമല്ലേ? മോശമാണെങ്കിൽ മേനോനെ കിട്ടുമോ?

വേ—മേനോനെ അത്ര സാരമാക്കീട്ടില്ല.

നാ—ഇതുവരെ വേറെ സംബന്ധക്കാരെ ആലോചിച്ചില്ലല്ലോ.

വേ—അതിരിക്കട്ടെ. കായ്മൊക്കെപ്പറഞ്ഞുകഴിഞ്ഞുവോ?

നാ—തോടയത്തിന്നു വളരെസ്സമയം എടുത്താൽ അവിട്ടത്തെ ഉറക്കത്തിന്നു വിഘ്നമല്ലേ? എനിക്കു വളയ്ക്കാനും തിരിക്കാനും മധുരമായി പറയാനും ഒന്നും അറിഞ്ഞുകൂടാ.

വേ—ഇനി അടിയനു വിടകൊള്ളാൻ ഒന്നേ ബാക്കിയുള്ളൂ. അതെന്തെന്നാൽ, കായ്മ സഫലമായാൽ തിരുമനസ്സിലേയ്ക്കു മതിയായ പ്രതിഫലം തരാം. അതു നാണിക്കുട്ടി പറഞ്ഞില്ല, ഉവ്വോ?

ശങ്കു—അതു പറഞ്ഞില്ല. ഇല്ലത്തെ ദാരിദ്ര്യം ഇതുകൊണ്ടു തീരുമോ? ഞാൻ മടങ്ങിച്ചെല്ലുമ്പോൾ കുചേലൻ കണ്ടപോലെ കാണുമോ?

വേ—അതുയൊന്നുമില്ലെങ്കിലും ആരു കേട്ടാലും സമ്മതിക്കത്തക്ക സംഖ്യ തരാൻ ഇവക്കു ധനപുഷ്ടിയുണ്ടു്.

ശങ്കു—എന്നാൽ അതു കേവലം ഒരു കോഴയാണെന്നു നിരീക്കണ്ട. സാധാരണ പുടമുറിക്കു് എന്തിനാ ദക്ഷിണകൊടുക്കുന്നതു്? ഇതൊരു വലിയ ദക്ഷിണ എന്നു വിചാരിച്ചാൽ മതി. എന്തു തരാമെന്നാ തീച്ചയാക്കുന്നതു്?

വേ—കായ്മ സഫലമാക്കാൻ അവിടേയ്ക്കു് എന്തു വേണം?

ശങ്കു—ഒരു സഞ്ചി എവിടേയും കിട്ടും. എന്തുകൊണ്ടെന്നാൽ ഭാഗ്യവശാൽ സിംഹാസനാരോഹണം ചെയ്താൽ പിന്നെ നിങ്ങൾക്കു ലകാരമായിട്ടല്ലാതെ കണക്കുണ്ടോ?

വേ—ഇദ്ദേഹം എത്രാംക്കൂറാണു്?

ശങ്കു—എത്രയാ ആകട്ടെ. രാജാവാകും എന്നു വിചാരിക്കാതെയാണല്ലോ ഇങ്ങനെയുള്ള കായ്ങ്ങൾ ആലോചിക്കേണ്ടതു്. ഒരു സഞ്ചിയിൽ കുറയരുതെന്നല്ല, ഉടനെത്തന്നെ 500ക. തരണം. പിന്നെ 500ക. സംബന്ധം നടക്കുന്നതിനു മുമ്പു തരണം. എന്താണെന്നു ചോദിച്ചാൽ സംബന്ധം നടന്നുപോയാൽ നിങ്ങൾ സംഖ്യ തന്നില്ലെങ്കിൽ വ്യവഹാരം കൊടുക്കുന്നതു ഭംഗിയല്ല. അതിനൊന്നിനും എനിക്കു കഴികയുമില്ല.

വേ—ആ കായ്യം കാരണവരോടു ചോദിക്കണം. ഞാൻ ഒന്നു ചോദിച്ചു വരാം.

വേലുമേനോൻ കാരണവരുടെ സ്രാമ്പിയിലേയ്ക്കു പോയി. കാരണവർ രാമൻകുട്ടിമേനോൻ വളരെ ചെറുപ്പക്കാരനായിരുന്നു. നമ്പൂരിയായിട്ടുള്ള സംഭാഷണം നേരിട്ടാവാമെന്നു വിചാരിച്ചു രാമൻകുട്ടിമേനോൻ നമ്പൂരിയെ കാണാൻ വന്നു.

രാമ—മുമ്പിൽക്കൂട്ടിത്തരാൻ തല്ക്കാലം കയ്യിലില്ലല്ലോ.

ശങ്കു—പിന്നെ എങ്ങനെയാ കായ്യം നിവർത്തിക്കുക?

ഇദ്ദേഹത്തെ പരിചയമില്ലാത്ത സ്ഥിതിക്കു മുമ്പിൽക്കൂട്ടി പണം കൊടുത്തിട്ടു് ഒടുവിൽ കായ്യം സാദ്ധ്യമാകാഞ്ഞാലോ എന്നു് ഇംഗ്ലീഷിൽ വേലുമേനോനോടു ചോദിച്ചു. കൊടുക്കുന്ന സംഖ്യയ്ക്കു് അദ്ദേഹത്തിനോടു ലക്ഷ്യം എഴുതി വാങ്ങിയാൽ പോരേ? എന്നു വേലുമേനോനും ചോദിച്ചു. മതി എന്നു തീർച്ചയാക്കി. നമ്പൂരിക്കു് ഇംഗ്ലീഷറിയില്ലെന്നാണു് രണ്ടുപേരും വിചാരിച്ചതു്.

രാമ—മുമ്പിൽക്കൂട്ടിത്തരുന്ന സംഖ്യയ്ക്കു തിരുമനസ്സിന്നു ലക്ഷ്യം ചെയ്യുന്നതുമോ?

ശങ്കു—ഞാൻ ലക്ഷ്യം എഴുതിക്കൊട്ടുത്തു കടം വാങ്ങേണ്ടതാ വശ്യമെന്താ? നിങ്ങൾക്കു് എന്നെപ്പരിചയമില്ലാത്തതുകൊണ്ടു് ധൈര്യം തികയുന്നില്ലായിരിക്കും. ഈവക കാര്യങ്ങളിൽ മനുഷ്യർ തമ്മിൽ കുറച്ചൊക്കെ വിശ്വസിച്ചു പ്രവർത്തിക്കാതെ നിവൃത്തിയില്ല. അങ്ങനെ വിശ്വസിച്ചു പ്രവർത്തിക്കാൻ എത്രയോ ആളുകളുള്ളപ്പോൾ ഞാനെന്തിനാ ലക്ഷ്യം എഴുതുന്നതു്?

രാ—തല്ക്കാലം 300ക.യേ കയ്യിലുള്ളു. 200ക.യ്ക്കു പ്രോനോട്ടു് എഴുതിത്തരാം, പോരേ?

ശങ്കു—മതി. ഇപ്പോൾത്തന്നെ തരാമോ?

രാ—ഇപ്പോൾ വേണമെങ്കിൽ ഇപ്പോൾ. അല്ലെങ്കിൽ കാലത്തു തരാം.

ശങ്കു—കാലത്തു കിട്ടിയാൽ മതി. പിന്നെ ഒന്നുകൂടിച്ചെയ്യാനുണ്ടു്. ശേഖരവാരിയരെക്കൊണ്ടു് ഒരു ചിത്രം എഴുതിക്കൊണ്ടുപോയി കാണിച്ചാൽ ശല്യമില്ല. ശേഖരവാരിയരെ അഡിറ്റേഴ്സു സമ്മതമാണു്.

രാ—എന്നാൽ നാളത്തെ വണ്ടിക്കു പോയി വാരിയരെ കൂട്ടിക്കൊണ്ടുവരാം.

ശങ്കു—അദ്ദേഹം ഇപ്പോൾ മദിരാശിയിലാണു്.

രാ—തിരുമനസ്സിനും കൂടെ ഉണ്ടായിരുന്നാലല്ലാതെ അതൊന്നും ശരിപ്പെടില്ല.

ശങ്കു—ഞാനും കൂടെ വരാം. എന്റെ കയ്യിൽ 20ക.യ്ക്കുമേ ഉള്ളു.

രാ—വഴിച്ചിലവൊന്നും തിരുമനസ്സിലെ കയ്യിൽനിന്നു ചെയ്യേണ്ട.

ശങ്കു—എന്നാൽ നാളെത്തന്നെ പുറപ്പെടാം.

രാ—തിരുമനസ്സിലേയ്ക്കു തീവണ്ടി കയറി യാത്രചെയ്യ ശീലമുണ്ടോ?

ശങ്കു—കാശിവരെ അഞ്ചാറു തവണ പോയിട്ടുണ്ടു്.

രാ—അടിയൻ ഒരിക്കൽ കോഴിക്കോട്ടേയ്ക്കു പോയിട്ടുണ്ടു്. ആ പരിചയമേ അടിയനുള്ളു.

ശങ്കു—യാത്രയുടെ കായ്മെല്ലാം ഞാൻ ഏറ്റുകൊള്ളാം.

രാ—എന്നാൽ ഇനി ഉറക്കം കളയേണ്ട. എല്ലാം കാലത്തു്.

ശങ്കു—അങ്ങിനെയാട്ടേ.

രാമൻകുട്ടിമേനോൻ സ്നാനിയിലേയ്ക്കുതന്നെ കിടന്നുറങ്ങാൻ പോയി. നമ്പൂരിക്കു കിടക്കുന്നതിനുള്ള കിടയ്ക്കയും മറ്റും എടുക്കാൻ നാണിക്കുട്ടിയമ്മ അകത്തിന്റെ വാതിൽ തുറന്നു. അകത്തു മട്ടിപ്പാൽ പുകച്ചിരുന്നതുകൊണ്ടു വാതിൽ തുറന്നപ്പോൾ പീടി മുഴുവൻ സുഗന്ധമായി.

വേലു—എന്താ നാണിക്കുട്ടി വാസന കലശലായിരിക്കുന്നുവല്ലോ. എന്റെ കുപ്പായത്തിന്റെ വാസനയാണോ?

കുപ്പായത്തിന്റെ കായ്മം നാണിക്കുട്ടിയമ്മയ്ക്കു് ഈ ചോദ്യം കേട്ടപ്പോൾ മാത്രമേ ഓർമ്മ വന്നുള്ളു. വേലുമേനോന്റെ ചോദ്യത്തിനുള്ള മറുപടി ബദ്ധപ്പാടോടുകൂടി കിഴക്കുപുറത്തേയ്ക്കു് ഓടിച്ചെല്ലുകയായിരുന്നു. കുപ്പായങ്ങളെ അവിടെ കാണാതായപ്പോൾ ഉടനെ വലിയമ്മയുടെ അടുക്കൽ ചെന്നു ചോദിച്ചു.

വലിയമ്മ—നിന്റെ കുപ്പായത്തിനു കാവലിരിക്കാൻ ഞാൻ ഏറ്റിട്ടുണ്ടോ?

നാ—തെറ്റിപ്പോയി വലിയമ്മേ. നമ്പൂരി വന്നപ്പോൾ ഞാൻ കുപ്പായത്തിന്റെം കായ്മം അര ഓർമ്മവെച്ചില്ല.

ഇനി അങ്ങിനെ തൊറു വരില്ല. ഇങ്ങറി മാപ്പു തരണം.

വലിയമ്മ—നീ എന്തിനാ എന്നോട്ടു തൊറു പറയുന്നതു്? എനിക്കതിന്റൊ കുമ്മയുണ്ടായിരുന്നില്ല. ജപം കഴിഞ്ഞപ്പോൾ ഞാനിങ്ങോട്ടു പോന്നു. ആരെങ്കിലും എടുത്തുവെച്ചിട്ടുണ്ടോ എന്നു ചോദിയ്ക്കു്.

വലിയമ്മ കൂപ്പായം എടുത്തുവെച്ചിട്ടില്ലെന്നു കണ്ടപ്പോൾ നാണിക്കുട്ടിയമ്മയുടെ ഉള്ളൊന്നു കത്തി. കഷ്ടകാലത്തിനു് ആരെങ്കിലും കട്ടുകൊണ്ടുപോയിരിക്കുമോ എന്നു പേടി തുടങ്ങി. ആ വീട്ടിലുള്ള എല്ലാവരോടും ചോദിച്ചു. ആരും എടുത്തുവെച്ചില്ലെന്നു പറഞ്ഞു. വലിയമ്മതന്നെ എടുത്തുവെച്ചിരിക്കുമെന്നു നാണിക്കുട്ടിയമ്മയ്ക്കു തോന്നി. തന്നെക്കളിപ്പിക്കാൻവേണ്ടി എടുത്തുവെച്ചില്ലെന്നു പറകയാണെന്നു വിചാരിച്ചു പിന്നെയും വലിയമ്മയുടെ അടുക്കൽ ചെന്നു് അപേക്ഷിച്ചു. തമ്പുരാന്റെ സംബന്ധക്കാര്യത്തിൽ മനസ്സു ലയിച്ചിരുന്നതുകൊണ്ടു വലിയമ്മ ഉള്ളതു പറയാൻ നിശ്ചയിച്ചു.

വലിയമ്മ—നിനക്കെന്താ ഇത്ര സംശയം? കോടതിശുദ്ധമായതിനെ ഊണുകഴിക്കുന്നതിനു മുമ്പേ ഞാൻ തൊടുമോ? അശുദ്ധിയില്ലാതായി. ഈ വീട്ടിലുള്ളവരുടെ കണ്ണിക്കെ പൊട്ടാറായി.

നാണി—നിങ്ങൾ എടുത്തുവെച്ചിട്ടില്ലെങ്കിലും നിങ്ങൾ അറിയാതെ പോകില്ല.

വലിയമ്മ—ഭർത്താവു പറഞ്ഞാൽ പെണ്ണുങ്ങൾ കേൾക്കാതിരുന്നാൽ ഇങ്ങനെയൊക്കെ വരും. ഉള്ളിൽ കൊണ്ടുപോയി ചെയ്യാൻ വേലുമേനോൻ എത്ര പറഞ്ഞു.

നാണി—ശരിയാണു് വലിയമ്മേ. ഞാൻ ചെയ്തതു വളരെ തെറ്റാണു്. ഇക്കുറി മാപ്പു തരണം.

എന്നു പറഞ്ഞു നാണിക്കുട്ടി വലിയമ്മയുടെ കാൽ പിടിച്ചു.

വലിയമ്മ—നിന്റെ ഭർത്താവുതന്നെയാണു് എട്ടത്തുവെച്ചിരിക്കുന്നതു്. വേലുമേനോൻ കൂട്ടിച്ചുവന്നപ്പോൾ കുപ്പായങ്ങൾ അവിടെത്തന്നെ കിടക്കുന്നതു കണ്ടു. 'ഞാൻ എത്ര പറഞ്ഞിട്ടും കേട്ടില്ലല്ലോ' എന്നു പറഞ്ഞുംകൊണ്ടാണു് എട്ടത്തുകൊണ്ടു പടിപ്പുറത്തു ചോയതു്.

ഇതു കേട്ടപ്പോൾ മനസ്സമാധാനം വന്ന നാണിക്കുട്ടിയമ്മ ശയനഗൃഹത്തിലേയ്ക്കു പോകയും ചെയ്തു.

വേ—കുറേ നേരമായല്ലോ പോയിട്ടു്. എങ്ങോട്ടായിരുന്നു സക്കീട്ടു്?

നാണി—വേലുമേനോന്റെ മേൽ ഒരു ക്രിമിനൽ കേസ്സു കൊടുക്കാൻ വക്കീലിന്റെ മന്ത്രിഃലയ്ക്കു പോയതാണു്.

വേലുമേനോൻ കുപ്പായപ്പോക്കറ്റിൽ ഇട്ടിരുന്ന പവൻ ഒരു റിക്കാട്ടെടുത്തു നശിപ്പിച്ചതിന്നു കയ്ക്കുലി കിട്ടിയതാണു്. ആ പവൻ കയ്ക്കുലിയായിരിക്കുമെന്നൂഹിച്ചുതന്നെ ശകാരിക്കയാണെന്നു വേലുമേനോൻ വിചാരിച്ചു.

വേ—മെല്ലേപ്പറയൂ. 'പകൽ പക്ഷം പാത്തു ശൊല്ലു. രാ വെയ്തുതാനും പെടാതു്' എന്നു പട്ടന്മാരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ടു്. ഞാൻ ചെയ്തതു കട്ടകയ്യാണെങ്കിലും മുമ്പുണ്ടായിരുന്ന റിക്കാർട്ടുകീപ്പർമാരുടെ യോഗ്യതകൊണ്ടു് എന്നെ ശങ്കിക്കാനോ കുറ്റപ്പെടുത്താ

നോ തരമില്ല. ഒരു കടലാസ്സെടുത്തു ചുട്ടാൽ ഒരു പവൻ തരാമെന്നു് ഒരുവൻ പറഞ്ഞു. ഒരു തീപ്പെട്ടിക്കോലിനു ഒരു പവൻ കിട്ടി.

ഇതു കേട്ടപ്പോൾ നാണിക്കുട്ടിയമ്മയ്ക്കു് ഉള്ളൊന്നു കലങ്ങി. വേലുമേനോൻ പറഞ്ഞേടംകൊണ്ടു വാച്ചുപോക്കറിൽ ഉണ്ടായിരുന്നതു് ഒരു പവനാണെന്നു പ്രത്യക്ഷം. പക്ഷേ കോട്ടം മറും പോയതോടുകൂടി അതും പോയിരിക്കാം. അല്ലെങ്കിൽ തന്നെ കളിപ്പിക്കാൻവേണ്ടി ഒരു പവനുംകൂടിപ്പോയി എന്നു വരുത്താൻ ആലോചിച്ചു നൊണ പറയുന്നതായിരിക്കാം. രണ്ടായാലും കാര്യത്തിന്റെ യാഥാർത്ഥ്യം അറിയുന്നതിനുള്ള ഉല്ക്കണ്ഠ അസ്സഹമായി.

നാണി—കെട്ടകഥയും നാട്യങ്ങളും കൊണ്ടു അവിടെ കെട്ടിവെച്ചേയ്ക്കു. എവിടെയാണു് കോട്ടം മറും കൊണ്ടുപോയി വെച്ചതു്? കയ്ക്കൂലി വാങ്ങിയ പവനെ അന്യന്റെ കയ്യിൽ കൊടുത്തു വന്നതു നന്നായോ? വല്ല അക്ഷേപവും വെളിക്കു വന്നാൽ സാക്ഷി ഇല്ലാതിരിക്കേണ്ട എന്നു വിചാരിച്ചാണോ ഇങ്ങനെ ചെയ്യുന്നതു്? എന്റെ അജാഗ്രതയ്ക്കു് എന്നെ ശിക്ഷിക്കേണ്ടതു് അവശ്യംതന്നെ. അതു തന്നെത്താനപകടത്തിലാക്കിട്ടു വേണോ?

വേ—എന്താ ഈ പറയണതു്?

നാണി—തിരുമനസ്സിലേയ്ക്കു് ഉറങ്ങാൻ പൈകിയിരിക്കും. ഇതു കൊണ്ടുപോയി കൊടുത്തിട്ടു വരട്ടേ.

എന്നു പറഞ്ഞു നാണിക്കുട്ടിയമ്മ പുറത്തേയ്ക്കു കടന്നപ്പോൾ ശങ്കുവിനെ ഉമ്മറത്തുതന്നെ കണ്ടു. നടന്ന സംഭാഷണം മുഴുവൻ ആയാൾ കേട്ടു. നാണിക്കുട്ടിയമ്മ പുറത്തേ

സ്സ് വരാൻ ഭാവമുണ്ടെന്നു സംഭാഷണംകൊണ്ടു മനസ്സിലാ
യപ്പോൾ താനിരുന്നോടത്തുനിന്നു് അപ്പോൾ എഴുനീറേ
ഉള്ളു എന്ന നാട്യത്തോടുകൂടി നടന്നു് ആ സ്ത്രീ അകത്തു
നിന്നു പുറത്തു കാൽവെച്ച ഉടനെ 'ഞാൻ എവിടെയാ
കിടക്കേണ്ടതു്?' എന്നു ചോദിച്ചു.

നാണി—അകത്തോ തളത്തിലോ എവിടെയാണിഷ്ടം?

ശങ്കു—എവിടെ ആയാലും വിരോധമില്ല.

നാണി—എന്നാൽ തളത്തിൽത്തന്നെ ഇടാം.

നമ്പൂരിക്കു കിടക്കാൻ തളത്തിൽ കിടസ്സായിട്ടു വിരി
ച്ചു. വിളക്കു കെടുത്തു ശങ്കു കിടക്കയും ചെയ്തു. നാണിക്കു
ട്ടിയമ്മ അകത്തേസ്സു പോയി വാതിൽ അടച്ചു. ഉടൻത
ന്നെ ശങ്കുവും ഉമ്മറത്തു പോയി നിന്നു.

വേ—എന്താ നാണിക്കുട്ടി? കോട്ടം മറവും കളവു പോയി
എന്നാണോ പറഞ്ഞുകൊണ്ടു വരുന്നതു്?

നാണി—എന്നല്ലല്ലോ ഞാൻ പറഞ്ഞതു്. എന്നെ പഠി
പ്പിക്കാൻ വല്ലതും ചെയ്യുന്നതു നോം രണ്ടാളും അറി
ഞ്ഞാൽ പോരേ? നാടൊക്കെ അറിയിക്കണോ?

വേ—ഈ പറയുന്നതെല്ലാം എനിക്കു് അസംബന്ധംപോ
ലെ തോന്നുന്നു. കോട്ടം ഷർട്ടും പവനും പോയോ?
സത്യം പറയൂ.

നാണി—എന്നോടെന്തിനാ ഇത്രയൊക്കെ കാണിക്കുന്നു
തു്? ഞാൻ ഒരു പെണ്ണല്ലേ? കൂലിച്ചു വന്നാ വരവേ ഞാൻ
പറഞ്ഞതു കേട്ടില്ലെന്നു കണ്ടു ദേഷ്യപ്പെട്ടു 'സ്വർണ്ണക്ക
ട്ടുകുംകൂടി എടുത്തുകൊണ്ടുപോയി വെച്ചിട്ടില്ല കണ്ടോ'
എന്നു പറഞ്ഞു് എല്ലാം എടുത്തു പുറത്തേസ്സു പോയി

എന്നു വലിയമ്മ എന്നോടു പറഞ്ഞുവല്ലോ. ഇനി എ
ന്തിനാ മായംതിരിയുന്നതു"?

ഭേ—എന്നാൽ വലിയമ്മയോടൊന്നു ചോദിക്കണമല്ലോ?

വേലുമേനോൻ ഈ വാക്കുകൾ പറഞ്ഞപ്പോൾ ശങ്കു
വിനു സംഭവം മുഴുവനും മനസ്സിലായി. പക്ഷേ വാതിൽ
തുറന്നു പുറത്തേയ്ക്കു വന്നേയ്ക്കാമെന്നു വിചാരിച്ചു ശങ്കു കി
ടക്കയിൽ പോയി കിടന്നു. പിന്നെ വല്ലതും സംസാരി
ച്ചുവോ ഇല്ലയോ എന്നു നിശ്ചയമില്ല. ശങ്കു പോയി
കിടന്ന ഉടൻതന്നെ അകത്തിന്റെ വാതിൽ തുറന്നു വേ
ലുമേനോനും ഭാര്യയുംകൂടി വലിയമ്മയുടെ അകത്തേയ്ക്കു
പോകുന്നതു കണ്ടു.

വേ—നിങ്ങൾ എന്താ നാണിക്കുട്ടിയോടു പറഞ്ഞതു"?

വലി—നിങ്ങൾ വന്ന കൂപ്പായം എടുത്തുകൊണ്ടുപോയ വ
ർത്തമാനം കഴിഞ്ഞപോലെപ്പറഞ്ഞു.

വേ—സത്യമായിട്ടും ഞാനല്ല വന്നതു്. ഞാൻ കുളി കു
ഴിയാറായപ്പോൾ തിരുമനസ്സിന്നു കുളത്തിലയ്ക്കു നെ
ല്ലി. പിന്നെ ഞാൻ കുളി കഴിയുന്നതുവരെ ഞങ്ങൾ
തമ്മിൽ അങ്ങുമിങ്ങും അറിയാനുള്ളതു ചോദിച്ചുകൊണ്ടു
നിന്നു. പിന്നെ അദ്ദേഹവും കാൽ കഴുകി ഞങ്ങൾ
രണ്ടുപേരുംകൂടി ഇവിടെ വന്നു" അദ്ദേഹത്തിന്നിരി
ക്കാൻ കൊടുത്തു; ഞാൻ ഉണ്ണാറായം പോയി. അദ്ദേഹം
ഒരു സാക്ഷിയായി വന്നതു ദൈവാനുഗ്രഹം.

വലി—അദ്ദേഹത്തിനോടു ചോദിച്ചാൽത്തന്നേ എനിക്കു
വിശ്വാസമാകുള്ളൂ. നിങ്ങൾ വന്ന വരവേ കൂപ്പായ
ത്തിന്റെ അടുക്കൽ പോയതും ഷർട്ടു നോക്കി 'സ്വർണ്ണ
ക്കുടുക്കുംകൂടി എടുത്തുവെച്ചില്ലല്ലോ' എന്നു പറഞ്ഞതും

'കാണിച്ചുകൊടുക്കാ'മെന്നു പറഞ്ഞു് എടുത്തുകൊണ്ടു പോയതും എന്റെ കണ്ണിൽത്തന്നെ ഇരിക്കുന്നു. ഇപ്പോൾ നിങ്ങൾ അല്ല എന്നു പറഞ്ഞാൽ എങ്ങിനെയാണു് വിശ്വസിക്കുക? അദ്ദേഹത്തിനെ ഒന്നുണർത്തിയാലും വേണ്ടില്ല. ഒന്നു ചോദിച്ചേ കഴിയൂ.

വേ—പോയിച്ചോദിക്കു.

എന്നു പറഞ്ഞു നാണിക്കുട്ടിയമ്മയും വലിയമ്മയും വേലുമേനോനുംകൂടി ശങ്കു കിടക്കുന്നേടത്തു പോയി. 'തിരുമനസ്സിനുറങ്ങിപ്പോയോ?' എന്നു ചോദിച്ചു. നല്ല ഉറക്കം പിടിക്കേണ്ട സമയമായിട്ടില്ലാത്തതിനാൽ ഉറങ്ങി എന്നു നാട്യത്തോടുകൂടിയും ഉറങ്ങിയിട്ടില്ലെന്നുള്ള ഭാവം പറഞ്ഞും ശങ്കു എഴുനീറ്റിരുന്നു. കുപ്പായങ്ങൾ കയറിടുന്നതിൽ ഇട്ടതും വേലുമേനോൻ കൂട്ടിക്കാൻ പോയതും കുറെ നേരം കഴിഞ്ഞപ്പോൾ മടങ്ങി വന്നതും കുപ്പായങ്ങൾ എടുത്തുവെയ്ക്കാൻ ഭാര്യയോടു പറഞ്ഞതു കേൾക്കായ്കയാൽ പരിഭവിച്ചു പറഞ്ഞതും എല്ലാം ഉണ്ടായപോലെ വലിയമ്മ ശങ്കുവിനോടു പറഞ്ഞു.

ശങ്കു—ഇപ്പോൾ കേട്ടേടംകൊണ്ടു പറയുന്നതാണെങ്കിൽ ഒരുപക്ഷേ വേലുമേനോൻ കൂട്ടിയ്ക്കുന്നതിനു മുമ്പുതന്നെ തിരിയെ വന്നു് എടുത്തുകൊണ്ടു പോയിരിക്കണം. അല്ലെങ്കിൽ വേലുമേനോനും ഭാര്യയും തമ്മിൽ പറയുന്നതെല്ലാം കേട്ടുകൊണ്ടു നിന്നിരുന്നവനും തന്നെക്കണ്ടു പിടിച്ചാലും കക്കാനാണെന്നുള്ള ശങ്ക ജനിക്കാൻ വഴിയില്ലാത്തവനുമായ ഒരുവനായിരിക്കണം കട്ടുകൊണ്ടുപോയതു്.

ഖലി—ഇവിടെ പുരുഷന്മാരായിട്ടു രാമൻകുട്ടിയും ഒരു വാലിയക്കാരൻ ചെറുക്കനും മാത്രമേ ഉള്ളു. അവരാണെങ്കിൽ ഞാൻ അറിയില്ലേ? തീച്ചയായിട്ടും അവരല്ല. തോല്ത്തുമുണ്ടേ ഉടത്തിട്ടുണ്ടായിരുന്നുള്ളു. വേലുമേനോന്റെ ഉയരമേ ഉള്ളു. വേലുമേനോൻ പറഞ്ഞതിനെ കേൾക്കാഞ്ഞതിൽ പരിഭവിച്ചിട്ടുള്ളതു ഞാൻ കേൾക്കത്തക്കവണ്ണം പറഞ്ഞുംകൊണ്ടാണു് എടുത്തുകൊണ്ടുപോയതു്. പുറമെ ഒരു കള്ളനു് അത്ര ധൈര്യമുണ്ടാകുമോ?

ശങ്കു—പുറമെ ഒരു കള്ളനു് ഇത്ര ധൈര്യം സാധാരണ കേൾക്കാറില്ല. ആകട്ടെ. വേലുമേനോൻ പുറത്തിറങ്ങിയപ്പോൾ വല്ലവരേയും പടിപ്പുറത്തു കണ്ടുവോ?

വേ—ഞാൻ തെക്കോട്ടു നോക്കിയതേ ഇല്ല. വടക്കോട്ടു കുളത്തിലെത്തുന്നതുവരെ ആരേയും കണ്ടതുമില്ല.

ശങ്കു—കുളി കഴിയാറായപ്പോളല്ലേ നാം തമ്മിൽ കണ്ടുകുടിയതു്? അതിനുശേഷം പോയിട്ടുള്ളതല്ല. കുളിച്ചുവരുമ്പോൾ വേലുമേനോൻ നോക്കിയോ?

വേ—ഉവ്വല്ലോ. എടുത്തു കൊണ്ടുപോയി വെച്ചിരിക്കുമെന്നാണു് ഞാൻ വിചാരിച്ചതു്.

ശങ്കു—കള്ളൻ ഇവിടെത്തന്നെ ഉണ്ടായിരിക്കണമെന്നാണു് എനിക്കു തോന്നുന്നതു്. നാണിക്കുട്ടിയമ്മയെ ശാസിക്കാൻ തക്ക സ്ഥിതിയിലുള്ള ഒരാളായിട്ടും വരാം.

ഖലി—എനിക്കു സംശയമേ ഇല്ല. വേറെ ഒരാളാണെങ്കിൽ ഞാൻ അറിയില്ലേ? വേലുമേനോൻ കുളത്തിലേയ്ക്കു പോകുന്നതിനു മുമ്പെ കൊണ്ടുപോയതാണു്. അല്ലാതെ അങ്ങിനെ ഒരു കള്ളനുണ്ടോ?

ശങ്കു—എന്താ മേനോൻ സത്യം പറയൂ.

വേ—ഞാൻ കളിയല്ല പറയുന്നതു്. സത്യമായിട്ടും ഞാനല്ല. എന്റെ മുതൽ എടുത്തുകൊണ്ടുപോയിട്ടു് എന്നെത്തന്നെ സംശയിക്കത്തക്ക സ്ഥിതിയിൽ ആക്കിയ കള്ളൻ മഹാസമർത്ഥനാണു്. പോയ മുതലെല്ലാം അവനു സമ്മാനമായി കൊടുക്കാൻ എനിക്കു യാതൊരു വിരോധവുമില്ല.

ശങ്കു—ഇതിന്റെ തെറ്റെല്ലാം നാണിക്കുട്ടിയമ്മയുടെ കയ്യിലാണു്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നു പറയാറുള്ളതു ശരിയാണു്. ആ പാവൻ എടുത്തുവെയ്ക്കാൻ പറഞ്ഞതു നിങ്ങൾക്കുതന്നെ എടുത്തു കൊടുക്കായിരുന്നില്ലേ? മേനോന്റെ കയ്യിലും കുറച്ചു തെറ്റുണ്ടു്. ആകെ എത്ര രൂപടെ മുതൽ പോയിരിക്കും?

വേ—ഒക്കെക്കൂടി ഒരു മുപ്പത്തഞ്ചുറുപ്പികയുടെ മുതൽ പോയി.

ശങ്കു—ഇവിടെ കിടന്നുറങ്ങുന്നതിൽ പേടിക്കാനുണ്ടോ? നമ്മുടെ കയ്യിൽ മോതിരങ്ങളും പണവുമുണ്ടു്. ഇത്ര മിടുക്കന്മാരായ കള്ളന്മാർ ഉണ്ടെങ്കിൽ എന്നെ ചെണ്ട കൊട്ടിക്കാൻ പ്രയാസമില്ല. പക്ഷേ വല്ല അകത്തും വാതിൽ അടച്ചു കിടക്കേണമോ?

നാണി—കുറേ പേടിക്കേണ്ട ദിക്കായി. തിരുമനസ്സീന്നു് അകത്തുതന്നെ കിടന്നുകൊള്ളു.

ശങ്കു—അകത്തുനിന്നു വല്ലതും കാണാതായാൽ നമ്മെ ശങ്കിക്കും. ഛെ! അതു വയ്യ.

വേ—ഒന്നും വേണ്ടാ. ഇതിന്റെ ഉള്ളിൽ ഇപ്പോൾ ആരു വരണു? മോതിരം കയ്യിൽനിന്നു് ഊരിയാൽ തിരുമനസ്സീന്നു് അറിയാതിരിക്കുമോ?

ശങ്കു—നിശ്ചയിക്കേണ്ട. പ്രജ്ഞ ഇല്ലാതെ കിടക്കുന്ന സമയമല്ലേ? കള്ളനു് എന്താ ചെയ്യുകൂടാത്തതു്?

വേ—പോയതു പോകട്ടെ. ഇനി വ്യസനിച്ചിട്ടെന്താ കായ്യം?

നാണി—ശുദ്ധമുള്ള മുതലാണെങ്കിൽ കിട്ടും; ഇല്ലെങ്കിൽ വന്ന വെള്ളം നിന്ന വെള്ളത്തിനേയുംകൂടി കൊണ്ടു പോകും.

വേ—ഏതു ശുദ്ധമുള്ള മുതലായാലും സൂക്ഷിക്കാഞ്ഞാൽ പോകും.

ശങ്കു—"നഷ്ടമായതു ചിന്തിച്ചതുമേ ഖേദിയാതെ, തുഷ്ടനായപ്രാപ്യമായുള്ളതു കാമിയാതെ, ആപത്തു വരുന്നേരമേതുമേ മോഹിയാതെ, താപത്തെ തൃജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ." പോയി കിടന്നുറങ്ങിൻ. ഇനി വ്യസനിച്ചിട്ടെന്താ കായ്യം?

എല്ലാവരും അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു പോയി കിടന്നുറങ്ങി. നേരം പുലർന്നപ്പോൾ ശേഖരവാരിയരെക്കൊണ്ടുവരാനുള്ള ശ്രമമായി. അക്കോടയത്തിനുമുമ്പുതന്നെ ശങ്കുവും രാമൻകുട്ടിമേനോനുംകൂടി തീവണ്ടി കയറാൻ പുറപ്പെട്ടു. ആപ്പീസ്സിലെത്തിയപ്പോൾ സമയം വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളൂ. വഴിച്ചെലവിനുള്ള നൂറുറുപ്പികയും നമ്പൂരിക്കു കൊടുക്കാനേറ്റ മുന്നൂറുറുപ്പികയും ശങ്കു വാങ്ങി. രാമൻകുട്ടിമേനോനോടു രണ്ടാംക്ലാസ്സുവണ്ടിയിൽ പോയി ഇരുന്നുകൊള്ളാൻ പറഞ്ഞു. രാമൻകുട്ടിമേനോൻ പോയി ഇരിക്കയും ചെയ്തു. രണ്ടുപേക്കം ശീട്ടു വാങ്ങാനാണെന്നുള്ള നാട്യത്തിന്മേൽ തീവണ്ടി ആപ്പീസ്സിനുള്ളിലേയ്ക്കു പോയ ശങ്കു ശീട്ടു വാങ്ങുകയല്ല ചെയ്തിരുന്നതു്.

തീവണ്ടിആപ്പീസ്സിലെ ചുമരിൽ ചാരിവെച്ചിരുന്ന മൂന്ന ചവിട്ടവണ്ടികളുടെ ഉടമസ്ഥന്മാരിൽ ആരെങ്കിലും അവിടെ ഉണ്ടോ എന്ന നോക്കുകയായിരുന്ന. ചവിട്ടവണ്ടിയിൽ സഞ്ചരിക്കുന്നവക്ക് കാലുറയെ കുതുക്കിപ്പിടിക്കാനായി ഒരുമാതിരി കാൽവളയോ പിടിവിദ്യോ ഉപയോഗിക്കാറുണ്ടല്ലോ. അങ്ങനെ കാൽച്ചട്ടയെ കുതുക്കീട്ടുള്ള രണ്ടുപേർ രണ്ടാംക്ലാസ്സുവണ്ടിയുടെ സമീപം നിന്ന സംസാരിക്കുന്നതു കണ്ടു. അതുകൊണ്ടു മേത്തരം വണ്ടികളുടെ ഉടമസ്ഥന്മാർ അവരാണെന്നൂഹിച്ചു. പിന്നെ ഒരു വണ്ടിയുടെ ഉടമസ്ഥനേയും കണ്ടില്ല; വല്ലവരും കാവൽ നില്ക്കുന്നുണ്ടോ എന്ന നിശ്ചയമില്ല. നല്ല വണ്ടിയിൽ ശങ്കു കുന്നുതുപ്പി. ആരും കുന്നും പറയാഞ്ഞപ്പോൾ കാവല്ക്കാരൻ ഉണ്ടെങ്കിൽത്തന്നെ സമീപത്തില്ല എന്ന തീച്ചയാക്കി. പിന്നെ വണ്ടിയെ ചുമരിൽനിന്ന വേർപെടുത്തി കാവല്ക്കാരൻ കണ്ടാൽ തുപ്പു തുടയ്ക്കാനാണെന്ന പറയാമെന്നാണ് കരുതിയിരുന്നതു്. അതിന്നും ആരും കുന്നും പറഞ്ഞില്ല. ഉടമസ്ഥൻ 2-ാം ക്ലാസ്സുവണ്ടിയിൽ ആരോ പോകുന്നവരെ വഴിയാക്കാൻ വന്നിരിക്കയാണെന്നും കാവലില്ലാതെ വെച്ചിട്ടു പോയതാണെന്നും ശങ്കു ഊഹിച്ചു് ആ ചവിട്ടവണ്ടിയിൽ കയറി ഓടിച്ചുകൊണ്ടുപോയി. തുപ്പു തുടയ്ക്കാനെന്നുള്ള ഭാവത്തിൽ നോക്കിയതു വല്ലവരും വല്ല അടയാളവും വെച്ചിട്ടുണ്ടോ എന്നാണു്. കുന്നും കണ്ടില്ല. വല്ലവരും പിടിച്ചാൽ വണ്ടി തന്റേതാണെന്ന പറയാനുറച്ചു. പേനക്കത്തികൊണ്ടു് ഒരടയാളമിട്ടിട്ടാണു് വണ്ടിയിൽ കയറിയതു്. ആരും തടസ്ഥം പറയാഞ്ഞതിനാൽ ശങ്കുവിന്റെ കരുതലെല്ലാം അനാവശ്യമായി. തീവണ്ടി

ഇളകുന്നതിന്നുമുമ്പു ശങ്കു ആപ്പീസ്സിന്നു പുറത്തു പോയതു കൊണ്ടും യാത്രയാക്കാൻ വന്ന മനുഷ്യൻ വണ്ടി പോയതിന്നുശേഷം മാത്രം പുറത്തു വന്നതുകൊണ്ടും വണ്ടി കളഞു പോയതു് ഉടമസ്ഥൻ അറിയുന്നതിന്നുമുമ്പു ശങ്കു ഒരു ടിക്കെത്തി. ഉടമസ്ഥൻ വന്നു നോക്കി വണ്ടിയെക്കാണാതായപ്പോൾ കുറേ അന്വേഷിച്ചു സമയം കളഞ്ഞു. പൊല്ലീസ്സിൽ അറിവു കൊടുക്കാമെന്നു വിചാരിച്ചാൽ തന്റെ വണ്ടിക്കു് ഇന്നതാണു് അടയാളമെന്നു പറവാൻ ഒന്നുംതന്നെ അറിഞ്ഞുകൂടാതിരുന്നതിനാൽ വ്യസനിച്ചു കാൽനടയായി ആരോടും ഒന്നും പറയാതെ വീട്ടിലേയ്ക്കു മടങ്ങി. ആ മനുഷ്യൻ വണ്ടി വാങ്ങി രാഷ്ട്രയോ മറേറാ കഴിഞ്ഞേ ഉള്ളു. തന്റെ അടയാളം വെച്ചാൽ കേട്ടു വരുമെന്നു വിചാരിച്ചോ അടയാളം വെയ്ക്കുക പതിവില്ലാത്തതുകൊണ്ടോ അടയാളം വെച്ചിരുന്നില്ല. തന്റെതാണെന്നു കാണിപ്പാൻ ഒരു മാർഗ്ഗവുമില്ലാതിരുന്നതിനാൽ പാസ്സവത്തിൽ താൻ കണ്ടുപിടിച്ചാലും ഒരു കോടതിയിൽ നിവൃത്തി സമ്പാദിക്കുന്നതിന്നു വഴിയില്ലെന്നു കണ്ടു ചില പാഠങ്ങൾ പഠിച്ചു സ്വസ്ഥനായിരുന്നു.

ശങ്കു ചവിട്ടുവണ്ടിയിൽ കയറി അതിവേഗത്തിൽ പോകുന്ന പോക്കിൽ വഴിയിലുണ്ടായിരുന്ന ഒരു ഷാപ്പിൽ കയറി വേഷം ഒന്നു മാറാൻ നിശ്ചയിച്ചു. നമ്പൂരിമട്ടിൽ പാവുമുണ്ടുമാത്രം ഉടുത്തിരുന്നതിനെ മാറാതെ ഒരു മിനിട്ടുപോലും കഴിച്ചുകൂട്ടുന്നതിന്നു് ആയാൾക്കു മനസ്സുസന്തോഷമുണ്ടായിരുന്നില്ല. തന്റെ കയ്യശത്തിൽ മുണ്ടുകൾ വേണ്ടതുണ്ടെങ്കിലും ആ സ്ഥാനംവരെ പാവുമുണ്ടുമാത്രം ഉടുത്തു യാത്രചെയ്വാൻ ക്ഷമയുണ്ടായില്ല. ഒരു കോടിമലമൽമുണ്ടു

വാങ്ങി ഉടക്കണമെന്നു തീച്ചയാക്കി, ഷാപ്പെത്തിയപ്പോൾ വണ്ടിയെ ഷാപ്പിനുള്ളിൽ കയറിവെയ്ക്കാൻ ശ്രമിച്ചപ്പോൾത്തന്നെ പുറത്തു വെച്ചാൽ മതി എന്നു ഷാപ്പുകാരൻ പറഞ്ഞതുകൊണ്ടു ചക്രനേമിയിൽ നിറച്ചിട്ടുണ്ടായിരുന്ന കാറിനെ തുറന്നുവിട്ടു കാറു നിറയ്ക്കാനുള്ള കുഴലിനെ കയ്യിലെടുത്തു ഷാപ്പിനകത്തു കടന്നു. ഷാപ്പുകാരനോടു വണ്ടിയെ നോക്കിക്കൊള്ളാനും ഏല്പിച്ചു. ഷാപ്പിനകത്തു കടന്നു നോക്കിയപ്പോൾ അടിക്കുപ്പായങ്ങളും കോട്ടുകളും കാൽച്ചട്ടകളും തനിക്കു പാകത്തിൽ അവിടെ വിൽപ്പാനുണ്ടായിരുന്നു. തനിക്കു വേണ്ടതെല്ലാം വാങ്ങി ധരിച്ചു. അടുത്തു വേറെ ഒരു ഷാപ്പിൽനിന്നു് ഒരു വാച്ചും ചങ്ങലയും വാങ്ങി. പൂണ്ണവസ്ത്രവാനായാൽ ഭാണ്ഡം ചുമന്നു നടക്കാൻ തരമില്ലല്ലോ. താനൊളിച്ചുവെച്ചിട്ടുള്ള മാറാപ്പിലെ വസ്ത്രങ്ങളെ ഇട്ടു പൂട്ടുന്നതിനായി നല്ലൊരു പെട്ടിയും പൂട്ടും വാങ്ങി. ജീർണ്ണിച്ചുകിടക്കുന്ന ക്ഷേത്രത്തിൽനിന്നും ഭാണ്ഡം എടുക്കുന്നതിനു രാത്രിയല്ലാതെ സൌകര്യമില്ലാഞ്ഞതിനാൽ അതുവരെ സമയം കളയുന്നതിനും പെട്ടിയേയും ചവിട്ടുവണ്ടിയേയും കൊണ്ടുപോകുന്നതിനും ഉദ്ദേശിച്ചു കാളവണ്ടിയിൽ യാത്രചെയ്യാൻ തീച്ചയാക്കി. ഹോട്ടലിൽ ഊണുകഴിഞ്ഞ ഉടനെ തനിക്കൊരു കാളവണ്ടി വേണമെന്നു ശങ്കു പറഞ്ഞപ്പോൾ ഷാപ്പിൽനിന്നു ഹോട്ടലിലേയ്ക്കു പെട്ടി എടുത്തുകൊണ്ടുപോയ കൂലിക്കാരൻ താൻ ഒരു കാളവണ്ടിക്കാരനാണെന്നും മൈൽ ഒന്നിനു രണ്ടണവീതം വാടക കൊടുക്കാമെന്നുണ്ടെങ്കിൽ താൻ പോയി വണ്ടി കൊണ്ടുവരാമെന്നും പെട്ടി എടുത്ത കൂലിക്കു പകരം ഹോട്ടലിൽനിന്നു് ഒരുനേരത്തെ ഊണ കൊടുപ്പിച്ചാൽ മതി

യെന്നും പറഞ്ഞു. ശങ്കുവിന്നു് ഈ എഴുപ്പാട്ട വളരെ സമ്മ
തമായി. താൻ ഇന്ന ദിക്കിലേയ്ക്കാണു് പോകുന്നതെന്നു്
ആരോടും പറവാൻ ശങ്കു ഒരുക്കമുണ്ടായിരുന്നില്ല. വണ്ടി
വാടക തീർച്ചയാക്കുമ്പോൾ ഇന്ന ദിക്കിലേയ്ക്കാണെന്നു പറ
യേണ്ടാവശ്യമില്ലാതെ വന്നതിനാലും താൻതന്നെ പോയി
വണ്ടി അന്വേഷിക്കേണ്ടിവരാതെ കഴിഞ്ഞതിനാലുമാണു്
ശങ്കുവിന്നു സന്തോഷമായതു്. കൂലിക്കാരനും ഹോട്ടലിൽ
ഊണു കഴിച്ചു ശങ്കു മുറുക്കുന്നതിലകത്തു പോയി നല്ലൊരു
വണ്ടി കൊണ്ടുവന്നു. പെട്ടിയേയും ചവിട്ടുവണ്ടിയെയും
കാളവണ്ടിയിൽ കയറ്റി താനും കയറി വണ്ടിയിൽ കിട
ന്നു. ശങ്കുവിന്റെ ഇഷ്ടമറിഞ്ഞു തെയ്യാറാക്കിയതുപോലെ
ആ വണ്ടിയിൽ ധാരാളം വയ്ക്കോലിട്ടു് ഒരു മെത്തപ്പായ
യും കമ്പിളിയും വിരിച്ചിരുന്നു, എന്നു മാത്രമല്ല വേണ്ട
പ്പോൾ ഇരുതലയും മറയ്ക്കുന്നതിന്നു രണ്ടു മറയും ഉണ്ടായി
രുന്നു. ശങ്കു കയറിക്കിടന്ന ഉടനെ വണ്ടിയുടെ ഉള്ളിൽ
പൊടി വരാതിരിപ്പാൻ മറയ്ക്കുന്നതാണു് നല്ലതെന്നു വ
ണ്ടിക്കാരൻ പറഞ്ഞപ്പോൾ മനസാ ശിരഃകമ്പംചെയ്തു മറ
യ്ക്കാൻ പറഞ്ഞു പോകേണ്ട വഴി പറഞ്ഞുകൊടുത്തു. ശങ്ക
രത്തെ വീടിന്നു സമീപമെത്തിയാൽ താനറങ്ങീട്ടുണ്ടെ
ങ്കിൽ വിളിച്ചുണർത്തേണമെന്നും തനിക്കു ബദ്ധപ്പാടില്ലാ
ത്തതിനാൽ ഉറക്കത്തിന്നു വിഘ്നം വരാത്ത വിധത്തിൽ വ
ണ്ടി നടത്തിയാൽ മതിയെന്നും ഉപദേശിച്ചു ശങ്കു സമാ
ധാനത്തോടുകൂടിക്കിടന്നുറങ്ങി. ശങ്കരത്തെ വീടിന്നു സമീ
പമെത്തിയപ്പോൾ നേരം ഏകദേശം മൂന്നു നാഴിക രാ
ത്രിയുണ്ടു. വണ്ടിക്കാരൻ ശങ്കുവിനെ വിളിച്ചുണർത്തി എത്തേ
ണ്ട ദിക്കിലെത്തി എന്നു പറഞ്ഞു. വണ്ടിയിൽനിന്നിറ

ങ്ങിനോക്കിയപ്പോൾ ജീർണ്ണിച്ചുകിടക്കുന്ന ക്ഷേത്രത്തിൽനി
ന്നു കാൽ നാഴിക ദൂരത്താണു് വണ്ടി നിത്തിയിരിക്കുന്ന
തെന്നു ശങ്കുവിനു മനസ്സിലായി. 'വണ്ടി ഇവിടെത്തന്നെ
നില്ക്കട്ടെ. എന്റെ ഒരു മാറാപ്പുണ്ടു്. അതു ഞാൻ എടുത്തു
കൊണ്ടുവരാം. ഇനിയും രണ്ടുമൂന്നു നാഴിക ദൂരം പോക
ണം' എന്നു പറഞ്ഞു ശങ്കു മാറാപ്പെടുക്കാൻ നടന്നു. ഇ
പ്പോൾ കാലിൽ ബൂട്സിട്ടിട്ടുണ്ടായിരുന്നതിനാൽ വഴി
യിൽക്കൂടി നടക്കാതെ ശങ്കു പറമ്പിൽക്കൂടി നടന്നു. 'ഉ
പാനദ്ഗൂഢപാദസ്യ നന്നു ചമ്മാവൃതേവ ഭൂഃ' കാട്ടു പിടി
ച്ചു കിടക്കുന്ന പറമ്പിൽകൂടി ഇഴജാതികളേയുംകൂടി ഭയ
പ്പെടാതെ ആ ക്ഷേത്രത്തിന്നുള്ളിൽ കടന്നു താൻ മാറാപ്പു
വെച്ച ഭിക്കിൽ ചെന്നു നോക്കിയപ്പോൾ മാറാപ്പിനെ അ
വിടെക്കണ്ടില്ല. ക്ഷേത്രം അതുതന്നെയാണെന്നു നാലുപു
റവും നോക്കി ഒരിക്കൽക്കൂടി ഉറപ്പു. 'എന്നെപ്പറ്റിച്ചു വി
രുതനാരെടാ!' എന്നു വിചാരിച്ചുകൊണ്ടു ക്രോധത്തോടെ നി
ന്നു. അതുവരെ തന്റെ ഉള്ളിലുണ്ടായിരുന്ന തെമ്പൊന്നു
ശമിച്ചു. ഇരുട്ടത്തു കൊണ്ടു അടിയാണെന്നു തന്നോടുതന്നെ താൻ പറഞ്ഞു വണ്ടിക്കലേയ്ക്കു വന്നു. വണ്ടിയെ നി
ത്തിയ ഭിക്കിൽ കണ്ടില്ല. വണ്ടി പോകുന്ന ശബ്ദം കേൾ
ക്കാമോ എന്നു ചെവിടോർത്തുനോക്കി. നിശ്ശബ്ദം. ശങ്കു
വിന്റെ അഹംഭാവം നിശ്ശേഷം പോയി. മറുള്ളവർക്കു
പാഠം പഠിപ്പിപ്പാൻ മേന്മ നടിച്ചു പുറപ്പെട്ട തനിക്കു പി
ണഞ്ഞതിനെപ്പറ്റി ആലോചിക്കുന്തോറും താൻ എത്ര
യോ പോരാത്തവനാണെന്നും താൻ ധരിച്ചിരിക്കുന്നേ വേ
ഷത്തിനു തനിക്കർഹതയില്ലെന്നും ബുദ്ധിയിലും സാമർത്ഥ്യ
ത്തിലും താൻ എത്രയോ താഴ്ന്ന പടവിലാണെന്നും തോ

ന്നി, നമ്മുടെ കഥാനായകൻ ഉയരം ചുരുങ്ങി ഏകാകി
യായി നിരത്തുവഴിയിൽക്കൂടി നടന്നു. പണവും ആഭര
ണവും പെട്ടിയിൽ വെയ്ക്കാൻ തോന്നാഞ്ഞതു നല്ല കാലം
എന്നൊരു സമാധാനം മാത്രമേ ഉണ്ടായിരുന്നുള്ളു.

അദ്ധ്യായം ൭

തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തുലോം വടക്കു
ഭാഗത്തു മലയാറ്റൂരിന്നും പെരുമ്പാവൂരിന്നും മദ്ധ്യത്തി
ലായിട്ടും 140-ാമത്തെ നാഴികക്കല്ലിന്നു നേരുകണ്ടു കിഴ
ക്കായിട്ടും കല്ലു് എന്നു പേരായ ഒരു പ്രദേശവും ക്ഷേത്രവു
മുണ്ടെന്നു തീർത്ഥയാത്രക്കാക്കെല്ലാം അറിവുള്ളൊരു വിഷ
യമാണല്ലോ. ഈ പ്രദേശത്തിന്നു കിഴക്കുഭാഗം നോക്കി
യാൽ നോട്ടമെത്തുന്നവരെ കുടിയിരിപ്പുകളും സാധാരണ
കേരളഭൂമിയിൽ കാണുന്ന താലത്തിക്കും കാണാത്ത മരുഭൂ
മിയാണു്. വടക്കും പടിഞ്ഞാറും തെക്കും ഭാഗങ്ങളിൽ
വളരെ ഉയരമില്ലാത്തതും തൊട്ടാൽവാടി എന്ന ചെടി
കൊണ്ടു പുതച്ചിരിക്കുന്നതുമായ കുന്നുകളാണു്. കല്ലുക്ഷേ
ത്രത്തിൽ ഒരു ഭഗവതിയെ പ്രതിഷ്ഠിച്ചിട്ടുണ്ടു്. ആ ക്ഷേ
ത്രത്തിന്റെ മതിലുകളോ എന്നു തോന്നുമാറുള്ള മുൻപറ
ഞ്ഞ കുന്നുകളുടെ മദ്ധ്യത്തിൽ നല്ല തണലുള്ള വൃക്ഷങ്ങളു
ള്ള ഒരു കുന്നിന്റെ മുകളിലാണു് ഭഗവതിയെ പ്രതിഷ്ഠി
ച്ചിട്ടുള്ളതു്. അല്പകാലത്തിന്നുമുമ്പു കല്ലുഭഗവതിയുടെ ഈ
രൂപ്പു് ഇപ്പോഴത്തേക്കാൾ അത്ഭുതകരമായിരുന്നു. സുമാർ
16 കോൽ നീളവും 12 കോൽ വീതിയും ആറേഴുകോൽ

ഘനവുമുള്ള ഒരു കരുമ്പാറക്കല്ലിനെ ആ ഭഗവതിയുടെ ദീ
പ്തചൈതന്യംകൊണ്ടു കാലില്ലാത്ത കുടയായി അവലം
ബമില്ലാതെ നിത്തിയിരിക്കയാണെന്നത്രേ ആ ദേവ്യാരാ
ധന ചെയ്യുന്ന ഹിന്ദുക്കളുടെ വിശ്വാസം. ഇങ്ങിനെ കാ
ണുന്ന പാറക്കല്ലു നിരാസ്പദമായി നില്ക്കുന്നതോ അല്ലയോ
എന്നു പരീക്ഷിക്കാൻ തുനിയുന്നതു ദേവീഭക്തിവിശ്വാസ
ചാഞ്ചല്യവിഹീനമാകയാൽ ഇതു കാണ്മാനും ആരാധി
പ്പാനും പോകുന്നവർ മൻപറഞ്ഞ അന്ധവിശ്വാസത്തെ
മൂഢ്വാധികം ദൃഢീകരിച്ചു സാക്ഷിതെളിവു സുലഭമാക്കുകയ
ല്ലാതെ അവരുടെ നേത്രേന്ദ്രിയം സത്യജ്ഞാനത്തിനു സ
ഹായിക്കാറില്ല. ഈ ഭഗവതി വിധവയല്ലെങ്കിലും എ
ന്നും ഒരുനേരക്കാരിയാണു്. ഉച്ചപ്പൂജ കഴിഞ്ഞു ക്ഷേത്ര
ത്തിൽ നിന്നു ശാന്തിക്കാരൻ പോയാൽ പിറ്റെ ദിവസം
പൂജാസമയത്തല്ലാതെ അവിടെ മാനുഷപ്രവേശം പാടുള്ള
തല്ലത്രേ.

ഈ ക്ഷേത്രത്തിന്റെ വിജനപ്രദേശസ്ഥിതിയും ഇ
തിന്നടുത്തു സല്പസംഖ്യ മാത്രമുള്ളതായ ജനങ്ങളുടെ വി
ശ്വാസവും നല്ലൊരു ലാക്കാണെന്നു വിചാരിച്ചു കള്ളന്മാ
രുംകവച്ചുക്കാരും സായന്തനസമയത്തും രാത്രിയിലും അവി
ടെ സഭകൂടുക പതിവുണ്ടു്. അതിൽ ഒരു സംഘക്കാർ
കുറെ അധികം കാലമായി ധനപുഷ്ടിയാട്ടുകൂടി വർദ്ധിച്ചു
വരുന്നുണ്ടു്. ആ സംഘം ഉണ്ടായതിന്നുശേഷം അതി
ന്റെ സ്ഥിതിയെപ്പറ്റി പൊല്ലീസ്സുകാക്കു് അറിവു കിട്ടു
കയോ കാലഗതന്മാരൊഴികെ വല്ലവരും അവരിൽ ആരെ
എങ്കിലും പിടിക്കുവാൻ ശ്രമിക്കുകയോ ഉണ്ടായിട്ടില്ല. അ
തു വിചാരിച്ചു തങ്ങളുടെ സ്ഥിതി വെളിപ്പെടാതിരിപ്പാ

വള്ള മുൻകരുതലുകളിൽ ആ സംഘക്കാരെ വീഴ്ചയും വരാറില്ല. സംഘാധിപൻ മരിച്ചാൽ പിന്നെ ഒരാളെ നിശ്ചയിക്കുന്നതു കല്ലുഭഗവതിയുടെ സന്നിധിയിൽവെച്ചു വേണമെന്നു സംഘത്തിൽ ഒരു ചട്ടമുണ്ടു്. ആ സന്ദർഭത്തിൽ ഭഗവതിക്കായി ഒരു വഴിപാടും കഴിക്കാറുണ്ടു്. ഭഗവതിക്കു് ഇങ്ങിനെ കോഴ കൊടുക്കുന്നതുകൊണ്ടാണു് സംഘം നശിക്കാതേയും ശിക്ഷ അനുഭവിക്കാതേയും നിലനിന്നുവരുന്നതെന്നു സംഘത്തിലെ ഭൂരിപക്ഷക്കാർ വിശ്വസിക്കുന്നുണ്ടു്. താഴ്ന്ന തരക്കാരായ മനുഷ്യർക്കെന്നപോലെ യഥോചിതം വഴിപാടു് എന്നു പറയുന്ന കോഴ കൊടുത്താൽ മോഷണം പിടിച്ചുപറി മുതലായ ദുഷ്കർമ്മങ്ങളാൽ കാലയാപനം ചെയ്യുവരുന്നവർക്കുകൂടി ദൈവസഹായമുണ്ടാകുമെന്നു വിശ്വസിക്കുന്നവർ ഇതരമതക്കാരിലുമുണ്ടെന്നു ചരിത്രങ്ങളിൽ കാണുന്നുണ്ടു്. ദൈവത്തിനെ മാനുഷീകരിക്കുകയോ മറ്റു വിധത്തിൽ പദവി താഴ്ത്തുകയോ ചെയ്യുന്നതു കഠോരകുറമാണെന്നു ദൈവം വിചാരിച്ചാൽ ശിക്ഷാഹ്നരല്ലാത്ത മതക്കാർ എത്രയും ദുർല്ലഭം. ഈ സംഘത്തിലെ സംഘാധിപൻ മരിക്കയും കല്ലുക്ഷേത്രത്തിൽവെച്ചു സംഘം കൂടി ശങ്കുവിനെ സംഘാധിപനായി തിരഞ്ഞെടുക്കുകയും ചെയ്തു. ശങ്കു സംഘത്തിൽ ചേർന്നതിനുശേഷം മറ്റുള്ളവർക്കു് ഉപദേശം ചെയ്തയല്ലാതെ താൻതന്നെ ഒരു കളവും ചെയ്തിട്ടില്ലാത്തതിനാൽ മോഷണപ്രവൃത്തിയിൽ ശങ്കുവിന്റെ സാമർത്ഥ്യം വെളിപ്പെട്ടുകണ്ടല്ലാതെ സംഘാധിപത്യം കൊടുക്കാൻ പാടില്ലെന്നു് ഒരാൾ ആക്ഷേപിച്ചു. ഈ ആക്ഷേപത്തെ സഫീകരിപ്പാൻ നിരായുധനായും നിസ്സഹായനായും നിസഹനായും ശങ്കു പുറപ്പെട്ടുപോ

യി മൂന്നു ദിവസത്തിനുള്ളിൽ ചെയ്യുന്നതായ മോഷണ പ്രവൃത്തികളുടെ ഗുണദോഷംപോലെ സംഘാധിപത്യം കൊടുക്കേണ്ടതാണെന്നു തീർച്ചയാക്കി. ആ നിശ്ചയമനുസരിച്ചു ചെയ്തിട്ടുള്ള കളവുകളുടെ വൃത്താന്തമാണ് ഇതുവരെ പറഞ്ഞതു്.

മൂന്നാമത്തെ ദിവസം രാത്രി ശങ്കുവിന്റെ വരവും കാത്തുകൊണ്ടു കല്ലുക്ഷേത്രത്തിൽ സംഘക്കാരെല്ലാം തെയ്യാറായിരുന്നു. ഒരു സമയം ശങ്കുവിനു കളവു ശീലമില്ലെങ്കിൽ വല്ല അപകടത്തിലും ചെന്നുചാടി തനിക്കും സംഘത്തിനും ആപത്തു വലിച്ചിട്ടുമെന്നു ഭയപ്പെട്ടും വേണ്ടിവന്നാൽ സഹായങ്ങൾ ചെയ്യുന്നതിനും ശങ്കുവിന്റെ പിന്നാലെത്തന്നെ ശങ്കു അറിയാതെ സംഘക്കാർ ആളുകളെ അയച്ചിട്ടുണ്ടായിരുന്നു. അന്നിക്കരയ്ക്കുള്ള വഴിയും അന്നിക്കരയിലുള്ള പ്രത്യേകതകളും പറഞ്ഞു കൊടുത്താളും പുതുമാപ്പിളയുടെ മോതിരം തട്ടിക്കൊണ്ടു പോയപ്പോൾ ശങ്കുവിനെ അനേഷിച്ചു് ആളുകളെ അയയ്ക്കാതെ പൊല്പീസ്സ്റ്റേഷനിലേയ്ക്കു പോകുന്നതിനും പുതുമാപ്പിളയ്ക്കു് ഉപദേശം കൊടുത്തവരും പെട്ടി ചുമന്നുകൊണ്ടു പോയി വണ്ടിക്കാരനായി ചവിട്ടുവണ്ടിയും പെട്ടിയും കൊണ്ടോടിപ്പോയവരും സംഘം വക ആൾക്കാരായിരുന്നു. പെട്ടിയും ചവിട്ടുവണ്ടിയും കല്ലുക്ഷേത്രത്തിലെത്തിയപ്പോൾ ഏകദേശം ഇന്നാ നേരത്തു നമ്മുടെ കഥാനായകൻ കല്ലുക്ഷേത്രത്തിലെത്തുമെന്നു സംഘക്കാർ ഊഹിച്ചു കാത്തിരിക്കയായിരുന്നു. ശങ്കു ചെയ്തിരുന്ന കളവുകളെപ്പറ്റി അപ്പപ്പോൾ സംഘത്തിലേയ്ക്കറിവു കിട്ടിയിരുന്നതുകൊണ്ടു ശങ്കുവിന്റെ മോഷണസാമർത്ഥ്യത്തെപ്പറ്റി ആശ്ചര്യപ്പെടുകയും സ

ന്തോഷിക്കയും അപ്പപ്പോൾ സംഘക്കാർ ചെയ്യുകഴിഞ്ഞതി
രിക്കുന്നു. എങ്കിലും ചില കളവുകളെ സംബന്ധിച്ചു സം
ഘക്കാരിൽ ചിലക്കു് ആക്ഷേപങ്ങൾ ഉണ്ടായിരുന്നതിനാ
ലും തനിക്കു ശ്രേയസ്കരമായിട്ടുള്ള സംഭവങ്ങൾ മാത്രം പ
റഞ്ഞു മറവുള്ളതിനെ മറച്ചുവെച്ചു സംഘത്തെ വഞ്ചിക്കു
മോ ഇല്ലയോ എന്നു പരീക്ഷിപ്പാനും ഉണ്ടായ വൃത്താന്ത
ങ്ങളെല്ലാം ശങ്കുതന്നെ പറഞ്ഞു കേൾക്കണമെന്നു സംഘ
ക്കാർ ഉൽക്കണ്ഠയോടുകൂടി ആഗ്രഹിച്ചുകൊണ്ടിരിപ്പായി
രുന്നു. ഒടുവുകൊണ്ടു തനിക്കു പിണഞ്ഞ ഘോരാപത്തെ
പ്പറ്റി നിനച്ചു നിനച്ചു് ഉന്മേഷമില്ലാതെ നടക്കുകയാൽ
ശങ്കു കല്ലിൽ എത്താൻ കുറെ അധികം നേരം വേണ്ടിവ
ന്നു. കല്ലുക്ഷേത്രത്തിന്റെ കീഴക്കെ നടയിലുള്ള കുളത്തി
ന്നു സമീപം ജനങ്ങളുടെ അന്ധവിശ്വാസത്തിന്നനുസരി
ച്ചു കുറുത്ത വസ്ത്രവും വലിയ ദംഷ്ട്രങ്ങളും കയ്യിൽ വാളും
കനൽക്കണ്ണും മറവുമായി ഭയാനകവേഷത്തിൽ ഒരു ശരീര
ത്തെ കെട്ടിയുണ്ടാക്കി അതിന്നുള്ളിൽ ഒരാൾ സംഘം പി
രിയുന്നതുവരെ കാവലിരിക്ക പതിവായിരുന്നു. അജ്ഞാ
തസഹായികളായി ശങ്കുവിനെ തുടർന്നുപോയവർ മടങ്ങി
വന്നു പറഞ്ഞ വർത്തമാനങ്ങൾ ഒന്നും ഈ കാവല്ക്കാരൻ
അറിഞ്ഞിരുന്നില്ല. ശങ്കു കല്ലിലേയ്ക്കു മടങ്ങിച്ചെന്നതു
നേർവഴിക്കുതന്നെ ആയിരുന്നു. നോക്കിയാൽ കാണത്തക്ക
സമീപത്തിൽ ശങ്കു എത്തിയപ്പോൾ കാലുറയും ബൂട്ട്സും
കുപ്പായവും തൊപ്പിയും കണ്ടു പൊല്ലീസ്സുകാരനാണെന്നു
ഭയപ്പെട്ട മുറപ്രകാരം കാവല്ക്കാരൻ സംഘത്തിലേയ്ക്കു മുന്ന
റിവു കൊടുത്തു. ഭയങ്കരമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചും
അട്ടഹാസങ്ങൾ ചെയ്തും വരുന്നവനെ ഭയപ്പെടുത്തിനോ

ക്കി. ക്ലേസലില്ലാതെ ശങ്കു മുന്നോട്ടതന്നെ നടക്കുന്നതു കണ്ടപ്പോൾ മറ്റപ്രകാരം രണ്ടാമത്തെ അറിവു കൊടുത്തു. ആൾ ഒന്നേ ഉള്ളൂ എന്നും അറിവു കൊടുത്തു. അധികബലമുണ്ടെങ്കിൽ കൂടി കളിക്കേണമെന്നും കുറഞ്ഞ ബലമാണെങ്കിൽ എതുക്കേണമെന്നുമാണു് സംഘത്തിലെ നിശ്ചയം. രണ്ടാമത്തെ അറിവു കിട്ടിയപ്പോൾ എതുക്കാൻ സന്നദ്ധന്മാരായി ആയുധപാണികളായി നിന്നു. ശങ്കു ഏകദേശം അടുത്തപ്പോൾ കടത്തി വിടാനുള്ള ആടയാളവാക്കു പറഞ്ഞു. ആടയാളവാക്കു കേട്ടാൽ മൻപറഞ്ഞ രൂപത്തിന്റെ ഉള്ളിൽനിന്നു കാവല്ക്കാരൻ പുറത്തു വരേണമെന്നു ചട്ടമുണ്ടെങ്കിലും ശങ്കു പുറത്തു പോയിരിക്കുന്നതുകൊണ്ടു വല്ലവരുടെ കയ്യിലും പിടികിട്ടി ആടയാളവാക്കു പബ്ലിക്കായിട്ടുണ്ടെങ്കിലോ എന്നു ഭയപ്പെട്ടു് ആ ഭ്രതം ഭ്രതമായിട്ടതന്നെ നിന്നതല്ലാതെ അതിനുള്ളിലുള്ളവൻ പുറത്തു വന്നില്ല. 'എന്താ ചട്ടപ്രകാരം പുറത്തു വരാത്തതു്?' എന്നു ശങ്കു ചോദിച്ചുംകൊണ്ടു മുന്നോട്ടതന്നെ നടന്നു. ശങ്കുവിന്റെ കയ്യിൽ തോക്കും ഇല്ലെന്നറിയത്തക്കവണ്ണം സമീപത്തായിരുന്നതിനാലും കച്ച കേട്ടപ്പോൾ ശങ്കുവാണെന്നറിഞ്ഞതുകൊണ്ടും കാവല്ക്കാരൻ ഉടനെ പുറത്തു വന്നു. ശത്രുവല്ലെന്നറിയും കൊടുത്തു. അതിനുശേഷം ശങ്കു കയറിച്ചെന്നു ഭക്ഷണം കഴിച്ചു വർത്തമാനം പറയാനാരംഭിച്ചു. "ഞാൻ ചില ചില്ലറക്കളവു ചെയ്തു് അധികാരികളുടെ കയ്യിൽ പിടിപെടാതെ മടങ്ങി എത്തിയ ഒരു മിടുക്കല്ലാതെ ഈ സംഘത്തിന്റെ അധിപതിയായിരിക്കാൻ മാത്രം യോഗ്യത എനിക്കില്ലെന്നു് എനിക്കിപ്പോൾ ബോദ്ധ്യം വന്നിരിക്കയാൽ ഉണ്ടായ സംഗതികളെ വിസ്തരിച്ചു

പറഞ്ഞു കാലം കളയുന്നതിനു ഞാനിപ്പോൾ വിചാരി
ക്കുന്നില്ല.'' എന്നാണു് എട്ടത്ത എടുപ്പിലേ ശങ്കു പറഞ്ഞ
തു്. 'യോഗ്യൻ!', 'അതിയോഗ്യൻ', 'സത്യവാൻ' എന്നി
ങ്ങനെയുള്ള ശബ്ദങ്ങളെക്കൊണ്ടു് ആ പ്രദേശം നിറഞ്ഞു.
ശങ്കുവിനെക്കുഴിച്ചാൽ പിന്നെ സംഘക്കാക്കു് സമ്മതനായി
ട്ടുള്ള മനുഷ്യൻ ഇട്ടീണാൻ നായരായിരുന്നു.

ഇട്ടീണാൻ—പരീക്ഷിക്കാൻവേണ്ടിയാണു് നിങ്ങളെ ആ
യച്ചതെങ്കിലും പരിചയക്കുറവുകൊണ്ടോ കഷ്ടകാലം
കൊണ്ടോ വല്ല കളവും വെളിപ്പെട്ട പോല്ലീസ്സുകാരു
ടെ കയ്യിലകപ്പെട്ടാൽ അതു സംഘത്തിലേയ്ക്കു മുഴുവൻ
ആപത്തായി വരുമെന്നു ഭയപ്പെട്ട ഞങ്ങൾ നിങ്ങടെ
പിന്നാലെ ആളുകളെ അയച്ചിരുന്നു. നിങ്ങൾ മോ
തിരം ചതിച്ചു വാങ്ങിയ കേസ്സിൽ ആ ചെറുപ്പക്കാ
രൻ നിങ്ങളെത്തേടി വന്നാലോ എന്നു വിചാരിച്ചു്
അയാളെ പോല്ലീസ്സ്റ്റേഷനിലേയ്ക്കയയ്ക്കാൻ ഞങ്ങടെ
ആൾക്കാരൻ അല്പം ശ്രമിച്ചിട്ടുണ്ടു്. പിന്നെ കുഴപ്പമാ
ണു് അന്നിക്കരയിലെ വർത്തമാനങ്ങളെല്ലാം നിങ്ങളോ
ടു പറഞ്ഞുതന്നതു്. പണിക്കരുടെ കുതിരമേൽ കയറി
പ്പോയതു് ആയാൾ ഒട്ടുംതന്നെ ആലോചിക്കാത്ത രഃ
സ്യകൃതയായി. അയാൾ അതിനെപ്പറ്റി വളരെ ശ്ലാ
ഘിച്ചു പറഞ്ഞു. ആ പണിക്കരെ എന്തു ചെയ്തു എന്നു
നിങ്ങൾ അറിഞ്ഞില്ലല്ലോ. അവിടെ ഉണ്ടായിരുന്ന കു
ള്ളുഷാപ്പിൽ പോയപ്പോൾ അതിൽ അയാളുടെ അനു
ന്തിരവൻ കുറെ കൂട്ടി വെള്ളം കൂടിക്കുന്നതു കണ്ടു കള്ളു
കുടിക്കയാണെന്നു വിചാരിച്ചു പണിക്കർ കുറെ ലഹ
ള കൂട്ടി. അയാളുടെ അനന്തിരവന്റെ ചങ്ങാതിമാർക്കു്

ആയാളെ എങ്ങനെയാണു് ശിക്ഷിക്കേണ്ടതെന്നാലോചനയായപ്പോൾ കെട്ടിയിട്ട കള്ളുകൊണ്ടഭിഷേകം ചെയ്യാൻ നമ്മുടെ ആൾ ഉപദേശിച്ചു. അവർ അതുതന്നെ ചെയ്തു. പ്ലാക്കാപ്പിള്ളിയിൽ നിങ്ങൾ രാത്രിസമയത്തു പോയിട്ടു ചെയ്ത പ്രവൃത്തികൾ മുഴുവനും ഇവിടെ അറിഞ്ഞു കിട്ടി. അതു പേരെ ഒരാൾ മുഖാന്തരമാണു്. അവിടെ നിങ്ങൾ ചെയ്ത പ്രവൃത്തിയിൽ ഏതാനും ചില ആക്ഷേപങ്ങളുണ്ടു്.

ശങ്കു—എന്തിലാണാക്ഷേപം?

ഇട്ടി—നാണുവിന്റെ മരുമകനാണെന്നു പറഞ്ഞതിൽ ആദ്യം വിഷ്ണുയായല്ലോ. പിന്നെ മകളുടെ സംബന്ധക്കാരൻ എന്നു പറഞ്ഞതു് എന്തോ ഭാഗ്യവശാൽ ഫലിച്ചു എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. നാണുവിന്റെ മകളുടെ സ്വഭാവത്തറവും ആ സ്ത്രീക്കണ്ടായിരുന്നുവെങ്കിൽ പിന്നെ നിങ്ങളെന്താ നിലകരുതിയിരുന്നതു്?

ശങ്കു—കളിസ്ഥലയിൽ ഉണ്ടായിരുന്ന മകളാണെന്നു പറയാനാ വിചാരിച്ചിരുന്നതു്.

ഇ—സമർത്ഥൻ! സമ്മതിച്ചു. നിങ്ങൾ മഹാവിരുതൻതന്നെ. പിന്നെ ഒരാക്ഷേപമുണ്ടു്. ഇച്ചിക്കാവമ്മയോടു് ആഭരണം വാങ്ങിയ ഘട്ടത്തിൽ കോട്ടയിലെ സ്ത്രീ അതാ നില്ക്കുന്നു എന്നു നിങ്ങൾ പറഞ്ഞതനുസരിച്ചു് ആ സ്ത്രീതന്നെ ആഭരണവും കയ്യിലെടുത്തു വന്നതായിരുന്നുവെങ്കിൽ നിങ്ങളുടെ കള്ളി വെളിച്ചത്താകില്ലേ?

ശങ്കു—അങ്ങനെ കൂടെപ്പുറപ്പെട്ടാൽ ഞാൻ മുമ്പിൽ നടന്നു് "ഈ ചില്ലറ സംഖ്യയ്ക്കു നിങ്ങളെക്കൊണ്ടു് ഇത്ര

വിലപിടിച്ച പണ്ടം പണയം വെയ്പിക്കുന്നതു ശരിയല്ലെന്നു വിചാരിച്ചു് ഇച്ചിക്കാവമ്മയ്ക്കു് ഉറുപ്പിക മടക്കി കൊടുത്തു പണ്ടം എടുപ്പിച്ചു കൊണ്ടുവന്നിട്ടുണ്ടു്. പത്തിന്നു കാൽ പലിശ നിങ്ങൾ ആ സ്ത്രീക്കു കൊടുക്കാൻ നിശ്ചയിച്ചതു് എനിക്കു തന്നാൽ മതി. എനിക്കു പണ്ടം ഒന്നും പണയവും തരേണ്ടാവശ്യമില്ല. നിങ്ങൾ ഇപ്പോൾ സംസാരിച്ചുകൊണ്ടിരുന്ന സ്ത്രീ അറിയാതെ പണ്ടം മടക്കിവാങ്ങിക്കൊള്ളു" എന്നു പറയാനാണു് ഞാൻ നിശ്ചയിച്ചിരുന്നതു്.

ഇ—ബലേ! സമ്മതിച്ചു. ഇനിയൊരാക്ഷേപമുള്ളതു് എന്തെന്നാൽ കുഞ്ഞിക്കാവമ്മ നിങ്ങടെ കയ്യിൽ താക്കോലും മുണ്ടും തന്നതിന്നു പകരം അവരുടെ വീട്ടിലുള്ള കുട്ടികളുടെ ആരുടെയെങ്കിലും കയ്യിൽ കൊടുത്തയച്ചിരുന്നാലോ?

ശ—ആ കുട്ടികളും എത്തുന്നതിന്നുമുമ്പു ഞാൻ അന്നാടകടക്കും.

ഇ—ശരി. ഇതിന്നു വല്ല കുതലും ഉണ്ടായിരുന്നുവോ എന്നറിയാനാണു് ചോദിച്ചതു്. മാറാപ്പിനെ ആക്ഷംപോകത്തക്ക സ്ഥലത്തു വെച്ചാൽ ചിലപ്പോൾ കിട്ടാതാകുമെന്നും വണ്ടിക്കാരനെ വിശ്വസിച്ചുപോയാൽ ചിലപ്പോൾ ചതി പിണയുമെന്നും പാഠങ്ങൾ നിങ്ങൾ പഠിച്ചുവല്ലോ.

ശ—ആ രണ്ടു കാര്യത്തിലും ചതി പിണഞ്ഞതുകൊണ്ടു് എനിക്കു വളരെ മൌഢ്യമുണ്ടു്. ക്ഷേത്രത്തിൽ പാമ്പിനെ ഭയപ്പെട്ടിട്ടെങ്കിലും ആരും കടക്കില്ലെന്നു ഞാൻ വിചാരിച്ചു. കൂലിക്കാരൻ വണ്ടിക്കാരനായി വന്നതു

കൊണ്ടു സാധാരണ വണ്ടിക്കാരെ സംശയിക്കുംപോ
ലെ അവനെ സംശയിക്കാൻപാടില്ലെന്നും എനിക്കു
തോന്നി.

ഇ—നിങ്ങൾ വിചാരിച്ചതിൽ ഒട്ടും തെറ്റില്ല. ആ ക്ഷേ
ത്രത്തിൽ നിങ്ങളെപ്പോലെയുള്ള കള്ളനല്ലാതെ ആരും
പോകയില്ല. നമ്മുടെ കൂട്ടത്തിൽ ചിലർ അവിടെ
പ്പോയി കുളിവിലിരുന്നിട്ടുണ്ടു്. സാധാരണ വണ്ടിക്കാ
ക്കു് അതു ധൈര്യവും ഉണ്ടാകയില്ല. മാറാപ്പു മോഷ്ടി
ച്ചതു നമ്മുടെ ആൾതന്നെയാണു്. അതിനെപ്പറ്റി
ക്കൊണ്ടുവരാൻ നിങ്ങൾ ബുദ്ധിമുട്ടുമെന്നു വിചാരിച്ചു്
അല്പം നേരംപോക്കായി അങ്ങിനെ ചെയ്തതാണു്. വ
ണ്ടി നമ്മുടെ സ്വന്തം വണ്ടിയാണു്. ഇരുപുറവും മറ
യുണ്ടായിരുന്നതും അതുകൊണ്ടു താഴ്ത്തിയിടാനും വണ്ടിക്കാ
രൻ അഭിപ്രായപ്പെട്ടതു് ആരും കാണാതിരിക്കാനുദ്ദേ
ശിച്ചിട്ടാണു്. വണ്ടിയെ ഷാപ്പിൽചെന്നു നിങ്ങൾ ഉ
ള്ളിലേയ്ക്കു പോകുമ്പോൾ കാറു പുറത്താക്കിയതും അതു
നിറയ്ക്കുന്ന കുഴൽ കയ്യിൽ കൊണ്ടുപോയതും എന്തുകൊ
ണ്ടും ഉചിതമായി. അല്ലെങ്കിൽ ആ കൂലിക്കാരൻ അതിനേ
യുംകൊണ്ടു് ഇവിടെ എത്തുമായിരുന്നു. രാമൻകുട്ടിമേ
നോൻറെ കൂടെ നമ്മുടെ ഒരാൾ വണ്ടി കയറിപ്പോയി
ട്ടുണ്ടു്. അയാൾ മടങ്ങിവരുമ്പോൾ ആ സാധുവിനു
സംഭവിച്ചതെന്തെല്ലാമെന്നായിയാം. പിന്നെ ഒരാൾക്കു
പറ്റിയതു നിങ്ങൾ വേഷം മറയ്ക്കാതെ പകൽനേരത്തു്
ഈ ദിക്കുകളിലെല്ലാം പോയതുകൊണ്ടു് ഇനി അവി
ടെപ്പോകാൻ തരമില്ലല്ലോ എന്നാണു്.

ശ—ഞാൻ അപ്പോൾ മറന്നുന്നതു മേലിൽ മറച്ചാൽ മതി എന്നു വിചാരിച്ചിട്ടാണു്.

ഇ—അതും ശരിതന്നെ. ആക്ഷേപങ്ങൾക്കു നിങ്ങൾ പറഞ്ഞ സമാധാനങ്ങളെക്കൊണ്ടും നിങ്ങളുടെ കളവുകളുടെ രസികതകൊണ്ടും ഈ സംഘത്തിന്നു് അധിപനായിരിക്കാൻ നിങ്ങളെപ്പോലെ ആരും ഇല്ലെന്നു് എനിക്കു ബോദ്ധ്യമായി. ഇനി സംഘത്തിന്റെ അഭിപ്രായം പോലെ.

ഇട്ടീണാൻ ഇതു പറഞ്ഞപ്പോൾ, ഇട്ടീണാൻ ചെയ്ത ആക്ഷേപങ്ങളിൽ അധികരിച്ചു തങ്ങൾക്കു് ആക്ഷേപങ്ങളൊന്നുമില്ലെന്നും ശങ്കുവിന്നാധിപത്യം കൊടുക്കുന്നതു് എതൃയും യുക്തമായിട്ടുള്ളതാണെന്നും സംഘക്കാരെല്ലാവരും പറഞ്ഞു. അപ്പോൾമുതല്ക്കു നമ്മുടെ കഥാനായകൻ കള്ളൂർസംഘത്തിന്റെ അധിപനായി വരികയും ചെയ്തു.

ഈ സംഘത്തിലെ അധിപനു് ഇന്ദ്രപദവിയാണു്. സംഘാധിപന്റെ കല്പന ലംഘിച്ചവൎക്കു മരണംവരെയുള്ള ശിക്ഷകൊടുപ്പാൻ സംഘാധിപനധികാരമുണ്ടു്. സംഘംവക മുതലിൽനിന്നു സംഘാധിപന്റെ ഇഷ്ടംപോലേയും ആവശ്യംപോലേയും നാലിൽ ഒരു ഭാഗം മുതൽ ചിലവു ചെയ്യാം. സംഘത്തിലുള്ള നാലുപേർ എപ്പോഴും സംഘാധിപന്റെ ദേഹരക്ഷയ്ക്കും ശുശ്രൂഷയ്ക്കും സംഘാധിപന്റെ കൂടെ നടക്കണം. നമ്മുടെ കഥാനായകന്റെ ബുദ്ധിവൈശിഷ്ട്യത്തിലുള്ള ബഹുമാനംകൊണ്ടു് ഇട്ടീണാൻ ശങ്കുവിന്റെ സഹചരനായിരിക്കാൻ കാംക്ഷിക്കയും ശങ്കു സന്തോഷത്തോടുകൂടി അനുവദിക്കയും ചെയ്തു. പിന്നെ സംഘം കൂടുന്നതു പിന്നത്തെ മാസത്തിൽ തൃശ്ശിവപേരൂ

രിന്നു പടിഞ്ഞാറുള്ള വിലങ്ങൻകുന്നിന്മേൽ ആദ്യത്തെ ഞായറാഴ്ച രാത്രി പതിനൊന്നുമണിക്കെന്നു തീർച്ചയാക്കി സംഘം പിരിഞ്ഞു.

സംഘാധിപത്യം കിട്ടിയതുകൊണ്ടു സന്തോഷകരമായ സംഭാഷണങ്ങൾ ചെയ്തു യാത്രാദുഃഖം കളയാമെന്നു വിചാരിച്ചു ശങ്കുവിന്റെ കൂടെപ്പുറപ്പെട്ട ഇട്ടീണാൻ ഏകദേശം ഒരു നാഴികദൂരം നടക്കുന്നതുവരെ നിശ്ശേഷം മൌനിയായി ശങ്കു നടക്കുന്നതു കണ്ടു പലതും ആലോചിച്ചു. ശങ്കു ഒന്നും മിണ്ടാതെ നടക്കുന്നതു് അധിപന്റെ സ്ഥാനവലിപ്പത്തിനുചിതമായ ഗൌരവംനിമിത്തമാണെന്നും മേലിൽ സംഭാഷണാദികളിൽ യഥോചിതം ഗൌരവഭാവം ദീക്ഷിക്കാഞ്ഞാൽ ശങ്കുവിന്റെ അപ്രീതി സമ്പാദിക്കേണ്ടിവരുമെന്നും ഇട്ടീണാൻ വിചാരിച്ചു.

ഇട്ടീണാൻ—എന്താ കുറേ നേരമായി മനസ്സിനു് അല്പം പോലും ഉന്മേഷമില്ലാത്തപോലെ നടക്കുന്നതു്? മനസ്സിനു സുഖക്കേടുണ്ടാക്കുന്നതായ വല്ലതുമുണ്ടെങ്കിൽ അതു നീക്കി സുഖമുണ്ടാക്കുന്നതു് എന്റെ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു ചോദിക്കയാണു്. സ്ഥാനവലിപ്പം മറന്നു പണ്ടത്തേപ്പോലെ സ്വാതന്ത്ര്യത്തോടുകൂടി സംസാരിക്കുന്നതല്ല.

ശങ്കു—എന്റെ മനസ്സിനെ വേദനിപ്പിക്കുന്ന കാരണത്തിനെ നശിപ്പിക്കാനോ എന്റെ ആഗ്രഹങ്ങളെ സാധിപ്പിച്ചു സന്തോഷത്തെ വരുത്തുന്നതിനോ നിങ്ങൾ വിചാരിച്ചാൽ കഴിയുമെന്നു് എനിക്കു തോന്നിയിരുന്നുവെങ്കിൽ ഈ ചോദ്യത്തിന്നിടവെയ്ക്കയില്ലായിരുന്നു. നിവൃത്തിക്കുള്ള സർവ്വ ദ്വാരങ്ങളും അടഞ്ഞിരിക്കുന്ന ഒരു ദുർഘട

ത്തിലാണു് ഞാൻ ചെന്നുചാടീട്ടുള്ളതു്. ഇതു് എന്റെ മരണത്തിന്നുള്ള വഴിയാണെന്നു തോന്നുന്നു.

ഇട്ടീ—ഒരു വിഷയത്തിലും നിങ്ങളോളം അറിവു് ഈ സംഘത്തിൽ ആർക്കുമില്ല. കളവിന്റെ കാര്യത്തിൽ എനിക്കു നിങ്ങളേക്കാൾ സാമർത്ഥ്യവും നിപുണതയും ഉണ്ടെന്നു ഞാൻ വിചാരിച്ചിരുന്നു. കഴിഞ്ഞ നാലു ദിവസങ്ങൾക്കുള്ളിൽ നടന്ന സംഭവങ്ങളാൽ ആ വിഷയത്തിലും നിങ്ങൾ എന്നേക്കാൾ യോഗ്യനാണെന്നു് എനിക്കു ബോദ്ധ്യം വന്നിട്ടാണു് ഭൃത്യനായിരിപ്പാൻ ഞാൻ ആഗ്രഹിച്ചതു്. അങ്ങിനെയുള്ള ഞാൻ പറയുന്ന വാക്കുകൾ അഹംകാരംകൊണ്ടാണു് എന്നു നിങ്ങൾ വിചാരിക്കില്ലെങ്കിൽ ഈ ദുഃഖം കളയാമെന്നു് എനിക്കു് ഉറപ്പു തോന്നുന്നതെങ്ങിനെയാണെന്നു പറയാം.

ശങ്കു—തോന്നുന്നതു പറഞ്ഞുകൊള്ളൂ. സംഘാധിപത്യം കിട്ടിയതുകൊണ്ടു ശങ്കുവിന്നു ഭേദഗതി വന്നിട്ടില്ല. വഴക്കുകയുമില്ല. ഞാൻ കരിക്കൽ സ്നേഹിച്ചു് എന്റെ ഹൃദയത്തിൽ ഒരു സ്ഥാനം കൊടുത്തവരെ ആ സ്ഥാനത്തിൽനിന്നിളക്കാൻ എന്റെ പ്രകൃതിക്കു് എളുപ്പത്തിൽ സാധിക്കുന്നതല്ല. അതുകൊണ്ടു സംഘാധിപത്യത്തെ സൂചിപ്പിച്ചു് ഇനിമേലിൽ നിങ്ങൾ ഒരോന്നിങ്ങിനെ പറയാതിരുന്നാൽക്കൊള്ളാം.

ഇട്ടീ—ആവശ്യംപോലെ കയ്യിൽ പണമുണ്ടായിരിക്കുക, എന്തു ചെയ്യാനും മടിയില്ലാത്ത സമർത്ഥന്മാർ കൂട്ടിച്ചാൽ കേൾക്കാനുണ്ടായിരിക്കുക, കൂട്ടിക്കുന്നാൾക്കു വേണ്ടേടത്തോളം അറിവും ബുദ്ധിയും ഉണ്ടായിരിയ്ക്കുക, എന്നിട്ടും ആരോ കായ്ങ്ങൾ കൈവന്നില്ലല്ലോ എന്നു വിചാരി

ച്ച വ്യസനിക്കുന്നതു ഭോഷത്വമാണെന്നു് എനിക്കു തോ
ന്നുന്നു.

ശ—ഇപ്പോൾ നിങ്ങൾ പറഞ്ഞതെല്ലാം ഇവിടെ ഉണ്ടെ
ങ്കിലും എന്റെ മനസ്സിൽ വളരെ സുഖക്കേടുണ്ടു്. അ
തു ഞാൻ ഭോഷനായതുകൊണ്ടാണെന്നു് എനിക്കു തോ
ന്നുന്നതുമില്ല.

ഇട്ടീ—അങ്ങിനെ അസാദ്ധ്യമായിട്ടൊരു കായ്യമുണ്ടെന്നു നി
ങ്ങൾ പറഞ്ഞു കേട്ടാൽത്തന്നെ ഞാൻ വിശ്വസിക്കുല്ല.

ശ—എന്നാൽ കേട്ടുകൊള്ളു. നിങ്ങളോടല്ലാതെ വേറെ ഒ
രാളോടു പറയാനും ഞാൻ കണ്ടില്ല.

ഇട്ടീ—എന്നോടു പറഞ്ഞാൽ അപ്പോൾമുതല്ലു കായ്യം
സാധിച്ചതായി വിചാരിച്ചുകൊള്ളു. അതു സാധിച്ചു
ല്ലാതെ ഇട്ടീണാൻ പുരുഷനായി ഭൂമിയിൽ ജീവിച്ചി
രിക്കയില്ല. കല്ലുഭഗവതി അറികെ സത്യം.

ശ—സാഹസമായി സത്യം ചെയ്യരുതു്. ഞാൻ പറയാൻ
പോകുന്ന കായ്യം നിങ്ങളാൽ സാദ്ധ്യമാണെന്നു തോന്നു
ന്നില്ല.

ഇട്ടീ—സാഹസമോ സാമർത്ഥ്യമോ എന്നു് അനുഭവംകൊണ്ടു
കാണിച്ചുതരാം. നിങ്ങൾ അസാദ്ധ്യമാണെന്നു വിചാ
രിച്ചു വിട്ടൊഴിച്ചിട്ടുള്ള കായ്യം ഞാൻ രണ്ടു ദിവസം
കൊണ്ടു നിങ്ങൾ അറിയാതെ സാധിപ്പിച്ചിട്ടുണ്ടു്. നി
ങ്ങൾ എന്നെ അത്ര നിസ്സാരനായി വിചാരിക്കേണ്ട.

ശ—എന്തിനാ വളരെ വാദിക്കുന്നതു്? സപ്പണ്ണമോ പിച്ച
ളയോ എന്നു് ഉരച്ചുനോക്കിയാൽ അറിഞ്ഞുകൂടേ? എ
ന്റെ കായ്യം പറയാം. ഞാൻ കസവുമുണ്ടു വിറ്റു് ഉ
റുപ്പികയാക്കാൻ അന്നിക്കരയ്ക്കു പോയപ്പോൾ കോട്ടയി

ലെ കുഞ്ഞിക്കാവിനെക്കണ്ടു വളരെ മോഹിച്ചിട്ടുണ്ടു്. ആ സ്ത്രീരത്നം എന്റെ ഭാര്യയായി വന്നില്ലെങ്കിൽ വിചാരംകൊണ്ടു മനസ്സുകേടു ഞാൻ മരിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. സ്ത്രീകളിൽ എനിക്കു് ഒട്ടുംതന്നെ ഭ്രമമുണ്ടായിരുന്നില്ല. സ്ത്രീകളെപ്പറ്റി ദൂഷ്യം പറവാൻ തുടങ്ങിയാൽ മൂന്നു ദിവസം വിടാതെ പ്രസംഗിപ്പാൻ എന്റെ കയ്യിൽ കോപ്പുണ്ടു്. എന്റെ പാണ്ഡിത്യം മുഴുവനും പരോപദേശത്തിന്നു മാത്രമേ ഉപകരിക്കുള്ളു എന്നുള്ളതു് എനിക്കനുഭവമായി. എപ്പോൾ എനിക്കു മോഹം തോന്നിയോ അപ്പോൾമുതല്ക്കു് അതിനെ നശിപ്പിക്കാനുള്ള യത്നം ഞാൻ ചെയ്തുതുടങ്ങി. മുറിക്കുന്തോറും അമച്ചുവരുന്ന ചില വൃക്ഷങ്ങളെപ്പോലെ ആ മോഹം എന്റെ ഉള്ളിൽ കിടന്നു വളർന്നു കാടുപിടിച്ചിരിക്കുന്നു.

ഇ—മൂന്നു ദിവസത്തിനുള്ളിൽ ആ സ്ത്രീയെ നിങ്ങൾ ഇരിക്കുന്ന ദിക്കിൽ കൊണ്ടുവന്നുതരാം, മതിയോ?

ശ—ഭോഷ! അതിനെന്തു പ്രയാസം? ഞാൻ അങ്ങോട്ടു കാമിക്കുമ്പോലെ ആ സ്ത്രീ എന്നെ കാമിക്കണം. സ്ത്രീപുരുഷസംയോഗത്തിൽ അങ്ങിനെയല്ലെങ്കിൽ എന്താ ഒരു സുഖം?

ഇ—അതും സാദ്ധ്യമല്ല. "ആടിടുന്നവനിലും പാടിടുന്നവനിലും ശ്രുതമാം നാരീവൃത്തം മാന്യുന്നവനിലും കണ്ട ഭ്രഷണമെല്ലാമണിയുന്നവനിലും കണ്ടാൽ നല്ലവനിലും കേളിയുള്ളവനിലും ഉണ്ടാകുമല്ലോ മധുവാണികൾക്കുരാഗം" അങ്ങിനെ നോക്കിയാലും കാര്യം സാദ്ധ്യമാകാം. ധനസമൃദ്ധിയുണ്ടായി ബ്രഹ്മസൃഷ്ടിയിൽ ഒരു

വിധം വിശ്വസിയ്ക്കുന്ന പുരുഷനെ യത്നിച്ചാൽ വശം വരാത്ത പെണ്ണില്ല. പക്ഷേ കുറച്ചു കാലതാമസം വന്നു എന്നു വരാം.

ശങ്കു — അവർ വലിയൊരു തറവാട്ടുകാരു്. ഞാനോ കട്ട നടക്കുന്നവൻ. ഞാൻ ഈ കളവെല്ലാം അവിടെച്ചെയ്തിട്ടു് ആ സ്ത്രീയെ സംബന്ധം ചെയ്യാൻ ആലോചിച്ചാൽ സാധിക്കുമോ? നിങ്ങൾ കുട്ടികളെ സമാധാനിപ്പിക്കുമ്പോലെ എന്നെപ്പറഞ്ഞു സമാധാനിപ്പിക്കാൻ പുറപ്പെടുന്നതു കഷ്ടമാണു്.

ഇ — ലോകപരിചയം എനിക്കു നിങ്ങളേക്കാൾ ഉണ്ടു്. "ധനവാൻ, ബലവാൻ, ലോകേ ധനാൽ ഭവതി പണ്ഡിതഃ" സംഘത്തിന്റെ ധനപുഷ്ടി ആ ധനത്തിന്റെ ഉല്പത്തിയുടെ കേടെല്ലാം തീർക്കും. നാട്ടുകാരിൽ വളരെ ധനികന്മാരായി കാണുന്നവരുടെ ചരിത്രം സൂക്ഷിച്ചുനോക്കിയാൽ ആ ധനം സമ്പാദിച്ചതിന്റെ മാർഗ്ഗത്തിൽ ചളി കാണാത്തതു വളരെ ദുർല്ലഭം. വിശ്വാസവഞ്ചന ഒട്ടുംചെയ്യാത്ത ധനികനെ ഞാൻ കണ്ടിട്ടില്ല. നിങ്ങളുടെ കാര്യത്തിൽ എനിക്കു വളരെ പ്രയാസം തോന്നുന്നില്ല. പക്ഷേ വാഴയ്ക്കു കുല വന്നപോലെ ഈ കാര്യം നേടുന്നതോടുകൂടി സംഘവും നശിക്കും. ഇനി ഈ സംഘം നശിക്കുന്നതാണു് നല്ലതു്. ഇതിലുള്ളവരെല്ലാം പരമാനന്ദമായി കഴിയാനുള്ള സ്വത്തു സംഘത്തിലേയ്ക്കുണ്ടു്. പിന്നെയും കട്ടും പിടിച്ചുപറിച്ചും ഉപജീവിക്കേണ്ടാവശ്യമെന്തു്? ഞാൻ ചെയ്ത സത്യം വെറുതേ പോകില്ല. നിങ്ങൾ ഒരു കാര്യം പ്രത്യേകിച്ചു

ചെയ്യേണ്ടതുണ്ട്. അതെന്തെന്നാൽ മനസ്സിനു് എ
പ്പോഴും ആഹ്ലാദമായും ഈ കായ്യ്സംബന്ധമായി നാം
ആലോചിക്കുന്നതും പ്രവത്തിക്കുന്നതും സംഘക്കാരെ
അറിയിക്കാതെയും എന്നോടാലോചിക്കാതെ കണ്ണും പ്ര
വത്തിക്കാതേയും കൂടേ നാം ഇരിക്കണം. ശേഷമെല്ലാം
ദൈവഗതിപോലെ വരും.

ശ—ഈ സംഘത്തിൽ ചേരുകനിമിത്തം എന്റെ കീത്തി
ക്കും ആത്മാവിനും പറ്റീട്ടുള്ള മലത്തെ ക്ഷാളനം ചെ
യ്യുന്നതിനുള്ള മാർഗ്ഗം ഞാൻ ആലോചിച്ചുവരുന്ന മ
ദ്ധ്യത്തിലാണു് സംഘാധിപൻ മരിച്ചതും ഞാൻ ഈ
പ്രവൃത്തികളെല്ലാം ചെയ്യേണ്ടിവന്നതും. അതുകൊണ്ടു
ജന്മാന്തരകമ്മപരിപാകമോ ഈശ്വരേച്ഛയോ ഞാൻ
വിചാരിക്കുന്നതുപോലെയല്ലെന്നു സ്പഷ്ടമായില്ലേ? ദൈ
വഗതിക്കു് എതിരായി പുറപ്പെടുന്നതു ബുദ്ധിയുള്ളവ
ക്കു ചേർന്നതല്ലല്ലോ.

ഇ—നിങ്ങൾ ഈ സംഘത്തിൽ ചേരേണ്ടിവന്ന സന്ദർഭങ്ങ
ളെപ്പറ്റി ആലോചിക്കുമ്പോൾ എനിക്കും അങ്ങിനെ
തോന്നുന്നുണ്ടു്. എന്നാൽ അതിനുമുമ്പുള്ള നിങ്ങളുടെ
അനുഭവങ്ങളും ഇങ്ങനെ ദുർവൃത്തനായിവന്നതിനുശേ
ഷമുണ്ടായ ഗുണങ്ങളും ഈ ദുർവൃത്തിക്കുള്ള പ്രതിഫല
വും എല്ലാംകൂടി ആലോചിച്ചുനോക്കുമ്പോൾ ഓരോ
കായ്യസാദ്ധ്യത്തിനുവേണ്ടി ദൈവം ഓരോന്നു പ്രവത്തി
പ്പിക്കയാണെന്നേ വരുള്ളു. അവശ്യം ചെയ്യേണ്ടതായി
വരുന്നു എല്ലാ പ്രവൃത്തിയും ദൈവം വരുത്തീട്ടു വരുന്ന
താണെന്നു വിചാരിക്കാതെ കഴിയില്ല. അങ്ങിനെ വി
ചാരിക്കുമ്പോൾ തല്മൂലം കത്തവ്യമായി കാണുന്ന കാ

മ്മത്തിൽനിന്നു പിൻവാങ്ങുന്നതാണു് ശരിയല്ലാത്ത നടപടി. തത്വങ്ങളെപ്പറ്റി സംഭാഷണം ചെയ്യുന്നു മതി. കുഞ്ഞിക്കാവിന്റെ വിശേഷഗുണങ്ങൾ മുരച്ചിക്കുള്ളതുകൊണ്ടാണുള്ളതോ അല്ലയോ എന്നു പരീക്ഷിച്ചുനോക്കുക.

ശ—യത്തിക്കാതെ എന്തായാലും ഇരിക്കില്ല. മൂന്നു കുട്ടി നടക്കുന്നവനെ ആരെങ്കിലും സംബന്ധത്തിനെടുക്കുമോ? അങ്ങനെയുള്ളവനല്ലെന്നു ധരിപ്പിക്കണം.

ഇ—അതു കൂടെ ചാതുര്യത്തോടുകൂടി ചെയ്യണം. കളവിന്റെ ചളി കുഴകിക്കളയാൻ യത്നിക്കുന്നതോടുകൂടി സാധാരണയിൽ കവിഞ്ഞ യോഗ്യതയുള്ള പുരുഷനാണെന്നുകൂടി ധരിപ്പിക്കണം. അതെങ്ങനെയാണു് വേണ്ടതെന്നു നിങ്ങൾ ആലോചിച്ചു ചെയ്താൽ മതി. ഞാൻ ചിലതെല്ലാം പ്രവർത്തിക്കാൻ പോകുന്നുണ്ടു്. നിങ്ങളും വെറുതെ ഇരിക്കാൻ പാടില്ല. അടിക്കടി കണ്ടും ഇപ്പുങ്ങൾ പ്രവർത്തിച്ചും യോഗ്യതകൾ വെളിപ്പെടുത്തിയും കൃത്രിമ സ്നേഹം ഉത്പാദിക്കാനുണ്ടല്ലോ. അതെല്ലാം നിങ്ങൾതന്നെ ചെയ്യേണ്ടതാണു്.

ഈ സംഭാഷണത്തിനുശേഷം ശങ്കുവും ഇട്ടീണനും തമ്മിൽ യാത്ര പറയാതെ ചിന്താമഗ്നരായി യഥാസ്ഥാനങ്ങളിലേയ്ക്കു പോയി. രാത്രിസമയങ്ങളിൽ അന്നിക്കരയിൽ സഞ്ചരിക്കാനുള്ള സൌകര്യത്തെ അവലംബിച്ചു രണ്ടുപേരും മാറോന്നു പ്രവർത്തിക്കേണ്ടതിനെപ്പറ്റി ആലോചിച്ചുകൊണ്ടു നടന്നു. ഈ വിഷയത്തെപ്പറ്റിയുള്ള ചിന്തകൾ ഇപ്പോൾ വർദ്ധിച്ചിരിക്കയാണെങ്കിലും ദുഃഖങ്ങളെ, നിഷ്പ്രയാസത്തോടുകൂടി സ്നേഹിക്കുന്ന ഒരുവൻ പങ്കുകൊള്ളാനുണ്ടെങ്കിൽ ആ ദുഃഖങ്ങൾ സഹനീയങ്ങളായി വരു

ന്നതിനപ്രകാരമാണെന്നുള്ള അനുഭ്രതിയുണ്ടായി ശങ്കുചി
ന്നു പൂർവ്വാധികം ഉന്മേഷമുണ്ടായി. ഇട്ടീണാൻനായക്കു മ
നസ്സിൽ വലുതായ ഭാരവും തോന്നി.

അദ്ധ്യായം വ

ശങ്കുചിന്റെ മോഷണസാമർത്ഥ്യം പ്രകടിച്ചന്നു രാ
ത്രിയിൽ ഹൃദ്യവ്യയായ പാറുക്കുട്ടിയമ്മയ്ക്കു നിദ്രയുണ്ടാ
യില്ല. പണ്ടം വീണ്ടെടുക്കുന്നതിനുള്ള പണം കയ്യിലു
ണ്ടെന്നുള്ള സമാധാനത്താലും തിളച്ചുപൂളുന്ന തന്റെ
യൌവനത്താലും സുഖസുഷുപ്തിക്കു വിഘ്നമില്ലാതിരുന്ന കു
ഞ്ഞിക്കാവു പതിവുപോലെ അന്തിയാമാദ്ധ്യത്തിൽ ഉണ
ർന്നപ്പോൾ പാറുക്കുട്ടിയമ്മ വിളക്കിനെ നോക്കിക്കൊണ്ടു
ചിന്താമഗ്നയായിരിക്കുന്നതു കണ്ടു.

കു—സ്ഥലം മാറിക്കിടന്നതുകൊണ്ടു ചേച്ചിക്കു് ഉറക്കം സു
ഖമായില്ലാ, ഇല്ലേ ചേച്ചീ!

പാ—ഉറക്കം ഉണ്ടായതേ ഇല്ല.

കു—ആ പിടിച്ചാൻ മൂണ്ടു കൊണ്ടുപോയതു്, മുതൽ കിട്ടാ
നാണു്. താക്കോൽ കൊണ്ടുപോയി ചേച്ചീടെ ഉറക്കം
കളഞ്ഞിട്ടെന്താണാവോ ലാഭം?

പാ—അകത്തെ പൂട്ടതന്നെ മാറണം. കള്ളന്റെ കയ്യിൽ
താക്കോലുള്ള പൂട്ടുണ്ടായിട്ടു് എന്താ ഉറപ്പു്?

കു—ആ താക്കോലുംകൂടി കൊണ്ടുപോയതുകൊണ്ടു് ആ പി
ടിച്ചാൻ കളവുചെയ്തതല്ലെന്നാണു് എനിക്കു തോന്നുന്നതു്.

പാ—താക്കോൽ കയ്യിലുണ്ടായിരുന്നാൽ എപ്പോഴെങ്കിലും

ആരെക്കൊണ്ടെങ്കിലും അകം തുറപ്പിച്ചുകൂടേ? ഇവിടെയുള്ള വാലിയക്കാരെ വല്ലവരേയും സ്വാധീനം വെച്ചാൽ നമ്മുടെ അകത്തുനിന്നും സാമാനങ്ങളും ആഭരണങ്ങളും ഒന്നൊന്നായി കട്ടകൊണ്ടുപോകാമല്ലോ.

കൃ—ശരിതന്നെ. ഇന്നുതന്നെ കൊല്ലനെ വരുത്തി അകം തുറപ്പിച്ചു പൂട്ടു മാറി ഉണ്ടാക്കാൻ ഏല്പിക്കണം. കൊല്ലനെ ഏല്പിച്ചുകൊടുത്താൽ വേഗത്തിൽ കിട്ടില്ല. പൂട്ടുണ്ടാക്കിക്കിട്ടുന്നതുവരെ അകത്തിന്നു കാവലിരിക്കുന്നതും എളുപ്പമായ പണിയല്ല. കാരണവരോടു പറകയാണു് നല്ലതു്. അല്ലെങ്കിൽ അത്ര വേഗം കിട്ടില്ല.

പാ—പണ്ടം എടുത്തുകൊണ്ടു വരട്ടെ. ഉരുപ്പിക കൊണ്ടുവാ.

കുഞ്ഞിക്കാവു പോയി ഉരുപ്പിക വെച്ചിരിക്കുന്ന പാത്രം എടുത്തുനോക്കി. അരയ്ക്കാലും കാലുമായി പാത്രം സാമാന്യം നിറഞ്ഞിരിക്കുന്നതിനെക്കണ്ടു സന്തോഷിച്ചു. പതിനെട്ടുരുപ്പികയുടെ ചില്ലറ അതിൽനിന്നെടുത്തതിനാലുള്ള പള്ളം കണ്ടപ്പോൾ അല്പം സുഖമില്ലായ്മ തോന്നി. പണം ചില്ലറയായിക്കണ്ടപ്പോൾ അതിനെ ചിലവുചെയ്യുന്ന കായ്ത്തിൽ പാടുകെട്ടിയമ്മയ്ക്കും വളരെ സുഖക്കേടുണ്ടായി. വിഷു സമീപിച്ചിരുന്നതുകൊണ്ടു പണ്ടം കാണാഞ്ഞാൽ വീട്ടുകാരും നാട്ടുകാരും ചെയ്യുന്ന ചോദ്യങ്ങൾക്കു സമാധാനം പറയേണ്ടിവരുന്നതിനേയും ശേഖരമേനോൻ അറിയാതെ അദ്ദേഹത്തിന്റെ കയ്യിൽനിന്നു് ഈ സംഖ്യ പറ്റുന്നതിനു വേണ്ടുന്ന കാലദൈഗ്ല്യത്തേയും ഓർത്തു വലിയ വിഷമിക്കുന്നതിനേയും ഈ പണം കുഞ്ഞിക്കാവിന്റെ പാത്രത്തിൽ പലിശയില്ലാതെ കിടക്കുന്നതിനേ-

യും എല്ലാംകൂടി ആലോചിച്ചപ്പോൾ ഈ സംഖ്യ അന്ന ജാതിയുടെ കയ്യിൽനിന്നൊട്ടുമന്നതിലുണ്ടായിരുന്ന മടി നിശ്ശേഷം നശിച്ചു.

പണവുംകൊണ്ടു പാറുക്കുട്ടിയമ്മ കുന്നത്തു ചെന്നപ്പോൾ ക്ഷേത്രത്തിലെ ശാന്തിക്കാരൻ എമ്പ്രാന്തിരിയും ഇച്ചിക്കാവുംകൂടി ചില വഴിപാടുകൾ കഴിക്കേണ്ട കാര്യത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. എമ്പ്രാന്തിരി കേൾക്കെ താൻ പത്തുപതിനേഴുറുപ്പിക പണ്ടം പണയംചെയ്തു വാങ്ങിയ സംഗതിയെപ്പറ്റി പറയുന്നതിനു ലജ്ജയുണ്ടായിരുന്നു. എമ്പ്രാന്തിരിയായിട്ടുള്ള കാര്യം കഴിഞ്ഞാൽ ഉടനെ അകായിലേയ്ക്കു വരേണമെന്നു പറഞ്ഞു പാറുക്കുട്ടിയമ്മ ഉള്ളിലേയ്ക്കു കടന്നു. തന്നോടു കോട്ടയിലെ പാറുക്കുട്ടിയമ്മകൂടി കടം വാങ്ങുന്നുണ്ടെന്നും എമ്പ്രാന്തിരി അറിയേണമെന്നുള്ള പൊങ്ങച്ചം ഇച്ചിക്കാവിനും ഉണ്ടായിരുന്നു. അതുനിമിത്തം അകത്തേയ്ക്കു വരാൻ പാറുക്കുട്ടിയമ്മ പറഞ്ഞതിനു താഴെ കാണുംപ്രകാരം ഇച്ചിക്കാവു മറുപടി പറഞ്ഞു.

ഇച്ചി—അതെ! അതെ! (ഇന്നലത്തെപ്പോലെ) ഉറുപ്പിക കടം വാങ്ങി പണ്ടവും പണയം തന്നു പടികടക്കുമ്പോഴെയ്ക്കു് ഉറുപ്പിക വേറെ കിട്ടി പണ്ടം മടക്കിത്തരൂ എന്നു പറഞ്ഞു മേടിച്ചുകൊണ്ടു പോകാനല്ലേ വിളിക്കുന്നതു്? ഈ കളിക്കല്ല ഇച്ചിക്കാവിരിക്കുന്നതു്.

എമ്പ്രാന്തിരി കേൾക്കെ ഇങ്ങിനെ പറഞ്ഞതിൽ പാറുക്കുട്ടിയമ്മയ്ക്കു വളരെ നീരസമായി. കുറച്ചു കരുതലില്ലാഞ്ഞിട്ടല്ലേ ഈ നാണക്കേടിന്നിടവന്നതു്? ചെറ്റ തറ

ചാടിയായാലും തറവാടി ചെറ്റയായാലും പന്തീരാണ്ടെ
യ്ക്ക ഭേദഗതി വരില്ലെന്ന കാരണവന്മാർ പറയുന്നതെത്ര
ശരി? ഇവളുടെ പണമെവിടെ? എന്റെ സ്ഥിതി എവി
ടെ? എന്തുണ്ടായിട്ടെന്താ? ഈ മാനക്കേടനുഭവിക്കേണ്ടി
വന്നില്ലേ? കുഞ്ഞിക്കാവിനെപ്പോലെയുള്ള ബുദ്ധി എനി
ക്കു തോന്നിയില്ലല്ലോ. രണ്ടും ഒരു വയറ്റിൽനിന്നു ജനി
ച്ചു. ബുദ്ധിക്കും തന്റേടത്തിനും എത്ര വ്യത്യാസം? എ
ന്നിങ്ങിനെ തന്നെത്താൻ നിന്ദിച്ചു മനസാ ദുഃഖിച്ചു.

പാ—ഒരു രാത്രി കഴിഞ്ഞാലെന്താ, ഒരു നാഴികയേ കഴി
ഞ്ഞുള്ളു എന്നാലെന്താ? നിങ്ങൾക്കു് ഒരു മാസത്തെ
പലിശ തരാൻ തയ്യാറുണ്ടു്. എത്ര വലിയവക്കം ത
ല്ക്കാലം മുട്ടു വരും. അതിനെ നാട്ടിലൊക്കെ കൊട്ടിയ
റിയിച്ചു നടക്കാറില്ല. എടവാട്ട ചെയ്തേടത്തോളം മ
തിയായി. അഭ്യുദിക വേഗം എടുത്തുകൊണ്ടുവരൂ. പ
ണം ഇതാ എണ്ണി വാങ്ങിക്കൊള്ളൂ.

ഇച്ചു—അതാണിപ്പോൾ കേമമായതു്. ഈ ഉസ്സാമത്ഥ്യ
വും ഉരുട്ടും പെരട്ടും ഒന്നും ഇച്ചുക്കാവിനോടു പറഞ്ഞില്ല.
അതൊക്കെ കോട്ടയിലെ മതിലിന്നുള്ളിൽ. ആട്ടെ, എ
ന്റാന്തിരി ഉണ്ടായതു നന്നായി.

പാ—പണയം വെച്ച പണ്ടം വീണ്ടെടുക്കുന്നതിലെന്താ
ഉരുട്ടും പെരട്ടും ഉസ്സാമത്ഥ്യവുമുള്ളതു്? ഇയ്യമ്മ പറയു
ന്നതിന്റെ അർത്ഥം വല്ലതും എന്റാന്തിരിക്കു മനസ്സി
ലായോ? എനിക്കൊന്നും മനസ്സിലാകുന്നില്ല.

ഇ—എന്റാന്തിരിയും കേട്ടോളൂ. ഇന്നലെ വൈകുന്നേരം
ഈ അമ്മ വേറൊരാളേയും കൂട്ടിക്കൊണ്ടുവന്നു 17½ക.

വേണമെന്നും പത്തിനു കാൽ പലിശ തരാമെന്നും ഒരു സ്റ്റിക പണയം തരാമെന്നും പറഞ്ഞു് ഉറുപ്പിക വാങ്ങിക്കൊണ്ടുപോയി. ഞാൻ അസ്റ്റിക്കയും പതക്കവും മടിയിൽ കെട്ടി അടുക്കളെസ്സു പോയതേ ഉള്ളു. അപ്പോഴെസ്സു് ഈ അമ്മടെ കൂടെ ഉണ്ടായിരുന്നാൽ പന്നു് ഉറുപ്പിക വേറെ കിട്ടി എന്നു പറഞ്ഞു് അതും തന്നു പണ്ടവും കൊണ്ടുപോയി. ഈ അമ്മ അതാ അവിടെ കോരാത്തെ പടിക്കൽ നിന്നിട്ടാണു് ആളെ അയച്ചതു്. പണ്ടവുംകൊണ്ടു് അയാളും ഈ അമ്മയുംകൂടി പോകുന്നതും ഞാൻ കണ്ടു. ഇപ്പോൾ നേരംപോക്കായിട്ടായിരിക്കാം, പണ്ടം തരണം എന്നു മുഖത്തു നോക്കി പറഞ്ഞില്ലേ? ഇതൊന്നും ഇച്ചിക്കാവിനോടു പറഞ്ഞില്ല. അഞ്ചാറു കൊല്ലമായി കൊടുത്തുവാങ്ങൽ തുടങ്ങീട്ടു്. ഒരെഴുത്തും കുത്തും ഒന്നുമില്ലാതെ എത്രയോ പണ്ടം ഞാൻ പണയം വാങ്ങീട്ടും കൊടുത്തിട്ടുണ്ടു്.

പാ—നിങ്ങൾ പറഞ്ഞപ്പോൾ നേരംപോക്കാണെന്നു ഞാൻ വിചാരിച്ചു. ഇങ്ങിനെയൊക്കെയാണുണ്ടായതെങ്കിൽ ആ കള്ളൻ നിങ്ങളെ പറഞ്ഞു. ചേനക്കത്തി ഇവിടെ വെച്ചു മറന്നുപോയി, ഒരോട്ടത്തിനൊടുത്തുകൊണ്ടുവരാമെന്നു പറഞ്ഞിട്ടാണു് ആയാൾ നിങ്ങടെ അടുക്കൽ വന്നതു്. അമ്പട ചിരുത!

ഇച്ചി—നിങ്ങൾ എന്താ എന്നെപ്പറഞ്ഞു എന്നു പറയുന്നതു്? എന്റെ പണം ശരിയായി കിട്ടീട്ടേ ഞാൻ പണ്ടം കൊടുത്തുള്ളു. നിങ്ങൾക്കല്ലേ പണ്ടം പോയതു്?

പാ—പണ്ടം പോയാൽ നിങ്ങൾ എനിക്കു വില തരണം. പഴയ പണ്ടത്തിനു പകരം പുതിയതു്. അല്ലാതെ എനിക്കെന്താ ചേതം?

ഇച്ചി—നിങ്ങൾ ആളയച്ചു പണ്ടവും മേടിച്ചുകൊണ്ടു പോയിട്ടു ഞാൻ അതിന്റെ വില തരണമെന്നു പറഞ്ഞാൽ കിട്ടുമോ?

പാ—ഞാൻ തന്ന പണ്ടം നിങ്ങൾ എനിക്കുതന്നെ മടക്കിത്തരണ്ടേ? വല്ലവരും വല്ല നൊണയും പറഞ്ഞു നീങ്ങടെ കയ്യിൽനിന്നു പണ്ടം കൊണ്ടുപോയാൽ നിങ്ങടെ ചുമതല പോകുമോ? 400ക. എണ്ണിത്തന്നോളൂ.

ഇച്ചി—400ക! നാലു കാശു് ഇച്ചിക്കാവു തന്നിട്ടു കാണില്ല. നിങ്ങടെ ഉസ്സാമത്ത്യമൊക്കെ കോട്ടയിൽ. അതാ, അവിടെ.

പാ—നിങ്ങൾ തരില്ലെങ്കിൽ കോടതികളില്ലേ? അന്യായം കൊടുത്തു വസൂലാക്കും.

ഇച്ചി—വിധിക്കുന്ന മുൻസീപ്പിനു് അതു അറിഞ്ഞുകൂടേ? നിങ്ങൾ കൂടെക്കൂട്ടിക്കൊണ്ടുവന്ന ആളെത്തന്നെ അയച്ചാൽ ആരാണു് വിശ്വസിക്കാത്തതു്?

പാറുക്കുട്ടിയമ്മ ഇതിനു യാതൊരു മറുപടിയും പറഞ്ഞില്ല. വ്യവഹാരം കൊടുത്താൽ ആഭരണത്തിന്റെ വില കോടതിച്ചിലവോടുകൂടി വസൂലാകുമെങ്കിലും പാറുക്കുട്ടിയമ്മ അന്നു വ്യസനിച്ചപോലെ വ്യസനിച്ചിട്ടുമില്ല, അതു ചേദനസഹിച്ചു് ഒരു പാഠം പഠിച്ചിട്ടുമില്ല. അന്യന്റെ വസ്തു കണ്ടപ്പോൾ അതു തനിക്കു വേണമെന്നാഗ്രഹിച്ചതുതന്നെ സ്ത്രീചാപല്യം. പുരുഷന്മാർ മുഖാന്തരമേ

വാങ്ങുന്നതല്ലാതെ താൻതന്നെ വാങ്ങാൻ നിശ്ചയിച്ചതു കോട്ടയിലെ വീട്ടിൽ പണ്ടില്ലാത്ത നടപടിയാണു്. ചില്ലറ സംഖ്യയ്ക്കു് അധികം വിലചിടിച്ചു പണ്ടം പണയം വെച്ചതും തൊറു്. പണ്ടത്തിന്റെ വിലയും തരവും കാണിച്ചു് ഇച്ചിക്കാവിനോടു് ഒരു കുറിപ്പെങ്കിലും വാങ്ങാഞ്ഞതു് അതിലും അബദ്ധം. എന്നിട്ടോ? കടംവാങ്ങിയ പണം പോയി. അതിന്നു വാങ്ങിയ മുണ്ടും പോയി. പണയംവെച്ച അസ്ഥികയും പോയി. പോരെങ്കിൽ അകത്തെത്താക്കോലും കള്ളന്റെ കയ്യിലായി. ഇങ്ങിനെയുള്ള വിചാരങ്ങളാൽ താൻ ശുദ്ധമേ കൊള്ളരുതാത്തവളാണെന്നു വിചാരിച്ചു.

പാറുക്കുട്ടിയമ്മ മടങ്ങിച്ചെന്ന കോട്ടയിലെ പടിപ്പുര കയറുമ്പോൾ കുഞ്ഞിക്കാവു് ഒരു തൂണും ചാരി കോലായിൽ നില്ക്കുന്നുണ്ടായിരുന്നു. അറുജന്തിയുടെ മുഖത്തു നോക്കുന്നതിന്നു പാറുക്കുട്ടിയമ്മയ്ക്കു വൈമനസ്യമുണ്ടായിട്ടും ഒരു നോട്ടം നോക്കി. തത്സമയം കുഞ്ഞിക്കാവിന്റെ ദൃഷ്ടികൾ പാറുക്കുട്ടിയമ്മയുടെ മുഖവികാരങ്ങളിൽ പതിയാതെ കയ്യിൽനിന്ന മടിയിലേയ്ക്കും മടിയിൽനിന്ന കയ്യിലേയ്ക്കും ചലിച്ചുകൊണ്ടിരുന്നതിനാൽ ഒരു മിടിനേരം പാറുക്കുട്ടിയമ്മയ്ക്കു മനസ്സമാധാനമുണ്ടായി. ഉടൻ തന്നെ 'അസ്ഥിക കിട്ടിയില്ലേ?' എന്നു കുഞ്ഞിക്കാവു ചോദിച്ചപ്പോൾ ആ മനസ്സമാധാനം മൌഢ്യത്തിന്നു വഴി വിലക്കിക്കൊടുത്തു. ചോദ്യത്തിന്നു് ഉത്തരം പറയാതെ അല്പം വിറച്ചുകൊണ്ടിരുന്ന തന്റെ കൈകൊണ്ടു കുഞ്ഞിക്കാവിന്റെ കയ്യിൽ പിടിച്ച കോലായിന്റെ തെക്കെത്തലയ്ക്കു കൂട്ടിക്കൊണ്ടുപോയി.

ചാ—അസ്സലിക പോയല്ലോ കുഞ്ഞിക്കാവേ! എനിക്കി പ്പോൾ തുങ്ങിച്ചാവാൻ തോന്നുന്നു. ഇതെന്തൊരു ഗ്രഹപ്പിഴയാണു്? ഈ കള്ളൻ എന്താ ചെയ്തിരിക്കുന്നതു് മനസ്സിലായോ? (കുഞ്ഞിക്കാവിന്റെ മുഖം കുനു വാടി) ഞങ്ങൾ കുന്നത്തുനിന്നു കോരാത്തെ പടിവരെ വന്നപ്പോൾ 'പോക്കത്തി കുന്നത്തുവെച്ചു മറന്നു. ഇതാ ഒരു നിമിഷംകൊണ്ടു പോയി എടുത്തു കൊണ്ടുവരാം' എന്നു പറഞ്ഞു് ഓടിപ്പോയി. അവന്റെ കയ്യിൽ ഞാൻ കൊടുത്തിരുന്ന ഉറുപ്പിക ഇച്ചിക്കാവിന്റെ കയ്യിൽ കൊടുത്തു പണ്ടം കസ്തൂലാക്കി. പിന്നെ ക്ലസൽക്കൂടാതെ എന്റെ കൂടെത്തന്നെ വന്നു ഞാൻ കൂലിച്ചിരുന്ന കൂളക്കടവിൽക്കൂടി നടന്നു് അകത്തെത്താക്കോലും മോഷ്ടിച്ചു നിന്നെത്തോല്പിച്ചു മുണ്ടും മോഷ്ടിച്ചുകൊണ്ടുപോയിരിക്കയാണു്. ഇത്ര ധൈര്യവും സാമർത്ഥ്യവുമുള്ള ഒരു കള്ളനെ ഞാൻ കഥകളിൽക്കൂടി കേട്ടിട്ടില്ല.

കുഞ്ഞിക്കാവിന്റെ നാവിൽനിന്നു് ഒരു ശബ്ദവും പുറപ്പെട്ടില്ല. പ്രമാണത്തിൽ അധികരിച്ച നാലിരട്ടി നീളത്തിൽ ഒരു നെടുവീർപ്പിട്ടു. ചെടി കേട്ട വിരണ്ടപോലെ ചക്രവാകങ്ങൾ ഒന്നു പറന്നു് അവിടെത്തന്നെ ഇരുന്നു. എൾപ്പൂവിന്നിരുപുറവും പതിറ്റടിപ്പൂ വിരിഞ്ഞു. താമര കൂമ്പിത്തുടങ്ങി. തിങ്കൾക്കലയിൽ അമൃതബിന്ദുക്കൾ കിനിഞ്ഞു മുതിർന്നു മുഴുത്തു. ഹൃദയം പൊട്ടിത്തെറിച്ചു പുറത്തു ചരക്കാനെന്നപോലെ ഉള്ളിൽനിന്നു മുട്ടിത്തുടങ്ങി. പിപാസയുണ്ടായിരുന്നില്ലെങ്കിലും തൊണ്ട വരണ്ടു. ഭ്രകമ്പം കൊണ്ടസ്ഥിവാരം തകർന്നിട്ടുള്ള പുരയിരിക്കുമ്പോലെ കു-

ഞ്ഞിക്കാവിന്റെ ശരീരം കീഴ്പോട്ടുവീണു. ഉണ്ടികക്കാരന്റെ കയ്യിൽനിന്നു മറെക്കയ്യിലേയ്ക്കുതിച്ചീഴുന്ന ഉറപ്പിക്കയട്ടിപോലെ ആ ശരീരം ഭിത്തിയാൽ താങ്ങപ്പെട്ടു മടക്കിനുമേൽ മടക്കായി നിന്നടത്തമന്നു.

ജ്യേഷ്ഠത്തിയും അനുജത്തിയും പെട്ടെന്നു ചിന്തയാൽ തന്നിൽത്താൻ മുങ്ങിയിരുന്നതുകൊണ്ടു പരസ്പരം പാരവശ്യത്തെ ശ്രദ്ധയോടെ കണ്ടറികയോ ഹേതുവിനെപ്പറ്റി നിനയ്ക്കയോ ചെയ്തില്ല. പാറുക്കുട്ടിയമ്മയുടെ മനോവികാരങ്ങൾക്കു പ്രത്യക്ഷഹേതുവുണ്ടു്. കുഞ്ഞിക്കാവിനുണ്ടായ വികാരങ്ങൾ മുഴുവനും ആ ഹേതുവിന്റെ സന്തതിയായിരിപ്പാൻ വഴിയില്ല. സൌഭാഗ്യസമ്പത്സമൃദ്ധിയുള്ള പുരുഷന്മാരെ പലരേയും കണ്ടും കേട്ടും പരിചയമുണ്ടായിട്ടും ഇതുവരെ ജനിക്കാത്ത മാനസവികാരം ഒരിക്കൽ മാത്രം അപൂർണ്ണദൃഷ്ടിക്കു ഗോചരമായി ഭവിച്ച തസ്കരന്റെ മേൽ ഉണ്ടായതായിരിക്കുമോ എന്നു ശങ്കിക്കുന്നതിനു കാര്യകാരണന്യായത്തിൽ ഇതേവരെ ഉള്ളിൽ കടന്നിട്ടുള്ള ബോധപ്രകാരം കാരണത്തിനു തികവുപോരെന്നു തോന്നുന്നു. ദാമ്പത്യയോഗത്തിനു ബ്രഹ്മവിധിയുള്ളവർ തമ്മിൽ പരസ്പരം അനുരാഗം ഉത്ഭവിക്കുന്നതു പ്രായേണ കാരണം മതിയായിട്ടില്ലെന്നു് അനുഭവമുള്ളവനേ അറിഞ്ഞുകൂടൂ. 'സഖ്യവും വിവാഹവും വ്യവഹാരവും തനിക്കൊക്കുമൊട്ടാകി ജാത്യമുള്ളവരോടു വേണം' എന്നു പരോപദേശം ചെയ്യുന്നതിനുള്ള പാണ്ഡിത്യം എല്ലാവക്കും കാണുന്നുണ്ടു്. താനനുപദേശിക്കുന്ന വാക്കുകളാൽ ഘോഷിക്കപ്പെടുന്ന ധർമ്മത്തെ സ്വാനുഷ്ഠാനംകൊണ്ടു് ആചാരമാർഗ്ഗദർശിയായിരിക്കുന്ന മഹാൻ എങ്ങാനുമൊന്നുണ്ടായിരിക്കുമെന്നു പറ

യാനേ ഭവിച്ചാന്തങ്ങളുള്ളൂ. നിത്യാനുഭവത്തിൽ രാജകന്യ കയെ സേവകനും നീചനെ കുലീനയും ദരിദ്രയെ ധനിക നും ധനികയെ ദരിദ്രനും സുന്ദരിയെ ഹീനാംഗനും ആ ഭാസനെ സുന്ദരിയും ജാതികുലാദിഭേദങ്ങൾ നിഃശ്ശേഷം മറ ന്നു കാമിച്ചുകാണുന്നതിന്നവധിയില്ല. യദൃച്ഛാദൃഷ്ടിയായി ഒരു ദിവസം കണ്ട ശങ്കുവിൽ കുഞ്ഞിക്കാവിന്നും ആ സ്ത്രീ യിൽ ശങ്കുവിന്നും പ്രേമം അങ്കുരിച്ചതും ആയതു് ഉള്ളിൽ കിടന്നു വളർന്നു രണ്ടുപേരേയും പരസ്പരം അറിയാതെ ദുഃഖിപ്പിക്കുന്നതും പൂർവ്വകർമ്മവാസനാബലംകൊണ്ടെന്നല്ലാ തെ കാരണാന്തരം പറവാൻ ആർക്കും സാദ്ധ്യമല്ല. ഇങ്ങി നെ ഉത്ഭവിക്കുന്ന ബന്ധം ദാമ്പത്യത്തിൽ കലാശിക്കാതെ വലതും കാണുന്നതുകൊണ്ടു ഭാര്യാഭർത്താവെന്ന നിലയിൽ ഈ ജന്മത്തിലിരിക്കുന്നതുള്ള വിധിബലംകൊണ്ടാണിങ്ങി നെ പ്രേമങ്ങൾ ഉത്ഭവിക്കുന്നതെന്നും പറഞ്ഞുകൂടാ. മനു ഷ്യന്റെ ഗതികൾ വിചാരിക്കുന്തോറും അസ്പഷ്ടമായിട്ടേ വരുന്നുള്ളൂ.

കു—ചേച്ചി കൊടുത്ത സാധനം ചേച്ചീടെ കയ്യിലല്ലാതെ വല്ലവരുടേയും കയ്യിൽ കൊടുത്തു എന്നു പറഞ്ഞാൽ മതിയെങ്കിൽ ആക്കാണിങ്ങിനെ പറയാൻ വയ്യാത്തതു്? ശുദ്ധമായി വെച്ചിരിക്കാൻ ഇനി സ്വപ്നത്തിൽപ്പോലും വിചാരിക്കേണ്ട. ഇപ്പോൾത്തന്നെ പോയി കാരണവ രോട് പറയൂ. ഇത്ര ധൈര്യത്തോടുകൂടി കക്കുന്നവൻ യ ഥാർത്ഥത്തിൽ കള്ളനായിരിക്കയില്ല. കണ്ടുപിടിച്ചാലും കക്കാൻവേണ്ടി ചെയ്തതല്ലെന്നു് എല്ലാവരും വിചാരിക്ക ത്തക്ക സ്ഥിതിയിലുള്ളവനേ ഇത്ര ധൈര്യം വരൂ. അ സ്സ്ഥിക പോകില്ലെന്നാണു് എനിക്കു തോന്നുന്നതു്.

പാ—നിനക്കണ്ടോ ഭ്രാന്തു്? അസ്ഥിക പോയതുതന്നെ. ഇനി അതിന്റെ വിലയെങ്കിലും കിട്ടുമോ എന്നു നോക്കണം. കാരണവരോടു പറവാൻ നാണക്കേടാകുന്നു. വിഷുവിനു വരുമ്പോൾ പറയാം.

കു—ജ്യേഷ്ഠൻ വിഷുവിനു വരുമോ ആവോ!

പാ—പോയിട്ടു കുറെ ദിവസമായില്ലേ. വരാതിരിക്കില്ല.

കാരണവരോടു പറയാനുള്ള മടികൊണ്ടു ശേഖരമേനോൻ വരുന്നതുവരെ ക്ഷമിച്ചിരിക്കാൻ പാറുക്കുട്ടിയമ്മ നിശ്ചയിച്ചു. വിലയെങ്കിലും കിട്ടാറുള്ള വഴി നോക്കുന്ന കായ്യം ശേഖരമേനോന്റെ വരവുവരെ നീട്ടിവെച്ചതു കുഞ്ഞിക്കാവിനു സമ്മതമായില്ല. കാരണവരോടു പറയേണ്ട കായ്യം ജ്യേഷ്ഠത്തിയും അനുജത്തിയും തമ്മിൽ വാദിച്ചുകൊണ്ടു മൂന്നു ദിവസം കഴിഞ്ഞു. ശേഖരമേനോൻ വിഷുകഴിഞ്ഞു് അഞ്ചെട്ടു ദിവസം കഴിഞ്ഞേ വരുള്ളു എന്ന വർത്തമാനം കിട്ടി. അതു നീട്ടിവെയ്ക്കുന്ന കായ്യം പാറുക്കുട്ടിയമ്മയ്ക്കു സമ്മതമായിരുന്നില്ല. കാരണവരോടു പറയുകതന്നെ എന്നു നിശ്ചയിച്ചു പാറുക്കുട്ടിയമ്മ കാരണവരുടെ അടുക്കൽ പോയി പൂച്ച കയറുമ്പോലെ നിശ്ശബ്ദമായി കോണി കയറി. കാരണവർ ഉള്ളിൽനിന്നു നോക്കിയാൽ മുഖത്തിന്റെ വലത്തെപ്പകുതി മാത്രം കാണാവുന്ന മട്ടിൽ മറഞ്ഞുനിന്നു് ഒന്നു ചുമച്ചപ്പോൾ കാരണവർ തിരിഞ്ഞു നോക്കി.

കാ—ആരാതു്?

പാ—ഞാനാണു്

കാ—(കുച്ചകൊണ്ടോളെ മനസ്സിലാക്കി) പാറുക്കുട്ടിയോ?

പാ—അതെ.

കാ—ഉം?

പാ—എന്റെ കാലദോഷംകൊണ്ട് എനിക്കൊരു ബുദ്ധി മോശം വന്നു. അമ്മാമ എനിക്കു മാപ്പു തന്നു് എന്നെ രക്ഷിക്കണം. ഇപ്പോൾത്തന്നെ വേണ്ടതിലധികം ശിക്ഷ ഞാൻ അനുഭവിച്ചുകഴിഞ്ഞു.

കാ—എന്താ തറവാട്ടിന്റെ മാനമൊക്കെ വിറ്റു തിന്നുവോ? എന്താ പിണഞ്ഞതു്?

പാ—ഒരു കുസവുമുണ്ടു കുണ്ടിട്ടെനിക്കാശ തോന്നി. എന്റെ കല്യാണിക പണയംവെച്ചു കുന്നത്തെ ഇച്ചീക്കാവിനോടു പണം കടം വാങ്ങി. ഇപ്പോൾ പണം കൊണ്ടുപോയി കൊടുത്തപ്പോൾ അണ്ടിക തരുന്നില്ല. അന്യായം കൊട്ടക്കാൻ പറയുന്നു.

കാ—ആവു! അതുയല്ലേ ഉള്ളൂ? പണ്ടം താരാതിരിക്കാൻ കാരണം?

പാ—മുണ്ടു തന്നവന്നു ഞാൻ വില കൊടുത്തപ്പോൾ അവൻ ആ പണം കൊണ്ടുപോയി ഇച്ചീക്കാവിന്റെ കയ്യിൽ കൊടുത്തു ഞാൻ തരാൻ പറഞ്ഞു എന്നു നൊണ പറഞ്ഞു പണ്ടം വാങ്ങിക്കൊണ്ടുപോയതുത്രെ.

കാ—വിലയും തരില്ലെന്നു പറഞ്ഞുവോ?

പാ—അന്യായം കൊടുത്താലും തരില്ലെന്നു പറഞ്ഞു.

കാ—നീ പണ്ടം പണയംവെയ്ക്കുന്നതു് ആരെങ്കിലും കണ്ടിട്ടുണ്ടോ? പണ്ടം പണയം വാങ്ങി എന്നു് അവൻ സമ്മതിക്കുന്നുണ്ടോ?

പാ—പണയം വെയ്ക്കുമ്പോൾ ആരും ഉണ്ടായിരുന്നില്ല. ആരും അറിയരുതെന്നു ഞാൻ വിചാരിച്ചിട്ടുമുണ്ടായി

രുന്നു. പക്ഷേ ഇതൊക്കെ അവൾ എന്റെ്രാന്തിരിയോട്ട പറഞ്ഞിട്ടുണ്ടു്.

കാ—എന്റെ്രാന്തിരിയോട്ടു് എന്നാണു് പറഞ്ഞതു്?

പാ—പണയംവെച്ചതിന്റെ പിറേ ദിവസം ഞാൻ പണവുംകൊണ്ടു പോയി. അന്നാണു് എന്റെ്രാന്തിരിയോടു പറഞ്ഞതു്. ഇന്നാള്ള രണ്ടുമൂന്നു ദിവസമായി.

കാ—എന്നിട്ടെന്തേ പൈന്നോടിതുവരെ പറയാഞ്ഞതു്?

പാ—വിഷുവിനു വരുമ്പോൾ പറയാമെന്നു വിചാരിച്ചു. അമ്മാമ ശകാരിച്ചാലോ എന്നു പേടിച്ചാണു് പറയാഞ്ഞതു്.

കാ—ഇപ്പോൾ പേടി ഇല്ലാതായോ?

പാ—അമ്മാമ ചെയ്യുന്നതൊക്കെ സഹിച്ചാലും പണ്ടം കിട്ടിയാൽ മതി എന്നായി.

കാ—ഇപ്പോളെങ്കിലും പറയാൻ തോന്നിയല്ലോ. ആകുന്നതു നോക്കട്ടെ. ഇവിടെ പുരുഷന്മാരില്ലാതായോ? നീ തന്നെ പണ്ടം പണയംവെയ്ക്കാനും പണം കടംവാങ്ങാനും പോയതുകൊണ്ടുള്ള ശിക്ഷ അനുഭവിച്ചില്ലേ? ഇനിയെങ്കിലും ഉണർവ്വുണ്ടായാൽ വേണ്ടില്ല.

പാ—ഇനി മേലിൽ ഇങ്ങനെ വരില്ല.

കാ—ഞാൻ ഒന്നു പറഞ്ഞുനോക്കട്ടെ. പണ്ടത്തിന്റെ വിലയ്ക്കു വ്യവഹാരം കൊടുക്കേണ്ടിവരും. വേറെ വല്ലതും പറയാനുണ്ടോ?

പാ—ഉവ്വു്. ഞാൻ വങ്കുളത്തിൽ കുളിക്കാനിറങ്ങിയപ്പോൾ കരയിൽ അകത്തെത്താക്കോൽ വെച്ചു വെള്ളത്തിലിറങ്ങി. ആ കള്ളൻ അതിനെ കട്ടുകൊണ്ടുവന്നു

കുഞ്ഞിക്കാവിന്റെ കയ്യിൽക്കൊടുത്തു് ആ മുണ്ടിനെ ഒരാൾക്കു കാണിക്കാൻ ഞാൻ തരാൻ പറഞ്ഞു എന്നു പറഞ്ഞു വാങ്ങിക്കൊണ്ടു പോയി. എന്റെ മുണ്ടും പോയി. പണവും പോയി. പണ്ടവും പോയി. താക്കോലും പോയി.

കാ—അമ്പാ! ഇവൻ വല്ലാത്ത കള്ളനായിരിക്കുന്നവല്ലോ. ആട്ടെ, നീ വ്യസനിക്കേണ്ട.

കാരണവർ ശകാരിക്കാതെ അനുകൂലവാക്കു പറഞ്ഞപ്പോൾ പാറുക്കുട്ടിയമ്മയുടെ മനസ്സൊന്നു തണുത്തു. കോണി കയറിയപോലെയല്ല ഇറങ്ങിയതു്. ഇറങ്ങുന്ന ശബ്ദം കേട്ട കുഞ്ഞിക്കാവു് എതിരേല്ക്കാനെന്നപോലെ ജ്യേഷ്ഠത്തിയുടെ അടുക്കൽ ചെന്നു. ആഭരണം കിട്ടിയപോലുള്ള സന്തോഷത്തോടുകൂടി കാരണവരായുണ്ടായ സംഭാഷണം മുഴുവനും പാറുക്കുട്ടിയമ്മ കുഞ്ഞിക്കാവിനോടു പറഞ്ഞു. ഇതു കേട്ടിട്ടും കുഞ്ഞിക്കാവിന്റെ മൌഢ്യം തെളിഞ്ഞില്ല.

കാരണവർ നാരായണമേനോൻ ഒരെഴുത്തുകടലാസ്സു് എടുത്തു പാറുക്കുട്ടി അസ്സികൊണ്ടു ചോദിച്ചപ്പോൾ ഇച്ചിക്കാവു് എന്താ പറഞ്ഞതു് എന്നു താഴെ എഴുതി അയയ്ക്കേണമെന്നു് ആവശ്യപ്പെട്ടു് എഴുന്നാന്തിരിക്കു് ഒരെഴുത്തെഴുതി ഒരാളുടെ കയ്യിൽ കൊടുത്തയയ്ക്കാനുദ്ദേശിച്ചു് ആ എഴുത്തും ഒരു പെൻസിലും കയ്യിലെടുത്തു താഴത്തേയ്ക്കിറങ്ങി. അപരിചിതനായ ഒരു പുരുഷൻ കോലായിൽ നില്ക്കുന്നതു കണ്ടു. കത്തിരകൊണ്ടു ചെട്ടിക്കുമ്മു ചൊട്ടച്ചാൺ നീളത്തിൽ പുരുണ്ടു പപ്പടകപ്പുല്ലുപോലെ പടന്നു നില്ക്കുന്ന കുടുമയും, കാതിൽ മൂന്നു ജോടി തദ്രാക്ഷക്കുടുക്ക

രും, അരയിൽ തോത്തുമുണ്ടു ചുളുക്കിക്കെട്ടിയ ഒരു കെട്ടുമായി ജാപ്പാൻ വാണ്ണീഷുപോലെ കറുത്തു മിന്നുന്ന ഒരാളായിരുന്നു.

നാരാ—ആരു?

പുതിയ മനുഷ്യൻ—ഇവിടെയെന്തോ ബദ്ധപ്പാടുള്ളപോലെ തോന്നുന്നു. അനവസരത്തിൽ എന്റെ കായ്യം പറയുന്നില്ല. തല്ക്കാലത്തെ ബദ്ധപ്പാടു കഴിഞ്ഞ ഉടനെ അറുവാടമുണ്ടെങ്കിൽ അറിയിക്കാം.

നാരാ—ഒരാൾക്കു ഒരെഴുത്തയയ്ക്കേണ്ട ബദ്ധപ്പാടേ ഉള്ളു.

പു-മ—ഞാൻതന്നെ കൊണ്ടുപോയി കൊടുക്കാം.

നാരാ—എന്താ പേരു?

പു-മ—കൃഷ്ണൻ എന്നാണു. നായരാണു.

നാരാ—എന്ത്രാന്തിരിയെ അറിയുമോ?

കൃ-നാ—ചോദിച്ചറിഞ്ഞുകൊള്ളാം.

നാരാ—എന്നാൽ ഈ എഴുത്തു കൊണ്ടുപോയി എന്ത്രാന്തിരീടെ കയ്യിൽ കൊടുത്തു മറുപടി ഇതിൽത്തന്നെ എഴുതി വാങ്ങിക്കൊണ്ടുവരണം. എന്ത്രാന്തിരിക്കു എഴുതാൻ വയ്യെങ്കിൽ നിങ്ങൾ എഴുതി കൊപ്പിടുവിച്ചു കൊണ്ടുവരണം.

കൃഷ്ണൻനായർ പോയി അരമണിക്കൂറിലകത്തു മറുപടി വാങ്ങിക്കൊണ്ടുവന്നു. താഴെ കാണിക്കുന്ന കണ്ണാടകമലയാളത്തിലായിരുന്നു മറുപടി:

"ഒരു ദിവസം സായങ്കാലം അഡ്ഡിക അടവുഇട്ടു പാരുക്കുട്ടി ഫടിനെട്ടു ത്രഭാ കൊണ്ടുപോയി. ഫത്തു ത്രഭായികെ കാൽത്രഭാ ബഡ്ഡി കൊടുക്കാം പറഞ്ഞു സല്ലട്ടരം പോയി

കൂഡ ബണ്ണവനെ അയച്ചു. അവൻ ആഭരണ ബന്ന കൊ
ണ്ടുപോയി. അമ്മ അതു നിക്കണ്ണു ആഭരബന്തു തരാൻ പ
റഞ്ഞു. ആഭരണ കൊട്ടത്തു. ത്രുഭോ ബാങ്ങി. ഇത്രതന്നെ ഇ
ച്ചിക്കാവു പറഞ്ഞു."

മൈത്തൻ (ഒപ്പ്)

കൃഷ്ണൻനായർ വളരെ വേഗത്തിൽ എഴുത്തു കൊണ്ടു
പോയി കൊടുത്തു മറുപടി വാങ്ങിക്കൊണ്ടു വന്നതിൽ
നാരായണമേനോൻ വളരെ സന്തോഷിച്ചു. ഇപ്പോൾ ത
നീക്കു തിരക്കൊന്നുമില്ലെന്നും കൃഷ്ണൻനായർക്കു പറയാനുള്ള
തു പറയാമെന്നും നാരായണമേനോൻ അനുവദിം കൊ
ടുത്തു.

കൃഷ്ണൻനായർ—എന്റെ വീട്ടു കൊച്ചിശ്ശീമ അഡ്ഡരാണു്.
ഞങ്ങടെ തറവാട്ടിന്നു് ഒരു മനസ്സലെ വക നിലം കാ
ണമുണ്ടായിരുന്നു. ഞങ്ങൾ ആ ഭൂമിയിൽ പ്രയത്നം
ചെയ്തു് ആറാഴ്ചകളും മറവും ഉണ്ടാക്കി. അനുഭവം തുട
ങ്ങിയപ്പോൾ ജന്മി വസ്തു ഒഴിപ്പിച്ചു കൊണ്ടുപോയി.
ആറാഴ്ചകൾക്കു വില വെയ്ക്കാൻ ഒരു കമ്മീഷണർ വന്നു.
ആയാൾ ജന്മിയുടെ പക്ഷം ചേരിഞ്ഞു ഞങ്ങൾക്കു കി
ട്ടാനുള്ള സംഖ്യ വളരെക്കുറച്ചു. നിലം ഒഴിഞ്ഞു കൊ
ടുത്തതിൽപ്പിന്നെ ഞങ്ങടെ തറവാട്ടിൽ ചിലവിന്നു
തികയാതായി. കൃഷി ചെയ്യുന്ന കാലത്തു് ഒഴിവുള്ള
പ്പോൾ കുറെ സംസ്കൃതം പഠിച്ചു് ആ വിദ്യകൊണ്ടു പു
റമേ പോയി സഞ്ചരിച്ചു വല്ലതും വയറുപ്പിഴപ്പിന്നു സ
മ്പാദിക്കാമെന്നു വിചാരിച്ചിട്ടാണ്മൽ ഞാൻ പുറപ്പെട്ട
വന്നതാണു്. ഇവിടെ വന്നാൽ സംസ്കൃതവിദ്യാത്ഥിക

ളെ കിട്ടുമെന്നും മയ്യാടയായി ശമ്പളം തരുമെന്നും ചി
ലരൊക്കെപ്പറഞ്ഞു. ഇനി ഇവിടത്തെ ഇഷ്ടം.

നാരാ—നിങ്ങൾ സംസ്കൃതത്തിൽ എത്രത്തോളം പഠിച്ചി
ട്ടുണ്ട്?

കു-നാ—സാധാരണയായി നാട്ടിൽ നടപ്പുള്ള കാവ്യങ്ങ
ളൊക്കെ നോക്കീട്ടുണ്ട്. രഘുവംശം മാഘം നൈഷ
ധം ഭട്ടികാവ്യം ചമ്പുക്കൾ നാടകങ്ങൾ അലങ്കാരഗ്ര
ന്ഥങ്ങൾ ഇതുകളൊക്കെ നോക്കീട്ടുണ്ട്.

നാരാ—ഇവിടെ കുഞ്ഞിക്കാവു് എന്നൊരു കുട്ടിക്കാണു് കു
റെ വാസനയുള്ളതു്. എന്തോ ഒരു ചമ്പു വായിക്കണം
എന്നു പറയുന്നതു കേട്ടു. ആരെടാ അവിടെ? കുഞ്ഞി
ക്കാവിനെ വിളിക്കു്.

കുഞ്ഞിക്കാവു വന്നു നില്ക്കുന്നതെന്നേ വാതിലിന്റെ
തഴതിന്റെ ശബ്ദംകൊണ്ടു നാരായണമേനോൻ അറി
ഞ്ഞു. ഏതു ചമ്പുവാണു് വായിക്കുന്നതെന്നു നാരായണ
മേനോൻ ചോദിക്കയും ഭോജചമ്പു സുന്ദരകാണ്ഡമാണെ
ന്നു വാതലിന്നു പിന്നുറത്തുനിന്നു മറുപടി കേൾക്കയും
ചെയ്തു. പഠിപ്പിക്കാൻ ആൾ വേണമോ എന്നു ചോദിച്ച
തിന്നു വേണമെന്നു മറുപടി പറകയും ചെയ്തു.

നാരാ—കൃഷ്ണൻനായക്കു ശമ്പളം എത്ര വേണം?

കു-നാ—ഈ നില വരുമെന്നാലോചിക്കാതെ നല്ലൊരു ത
റവാട്ടിൽ സംബന്ധം തുടങ്ങീട്ടുണ്ടു്. ആവകച്ചിലവി
ന്നുള്ളതു കിട്ടിയാൽക്കൊള്ളാമെന്നുണ്ടു്.

നാരാ—അതെത്രയുണ്ടാകും?

കു-നാ—നാട്ടുനടപ്പുപ്രകാരം ഏകദേശം ഇന്നതു വേണമെ
ന്നിവിടെയ്ക്കുറിഞ്ഞുകൂടാ?

നാരാ—നാട്ടിൽ പലവിധം നടപടിയുണ്ട്. ചില ദിക്കിൽ എണ്ണയും തുണിയും പൊറിച്ചടയ്ക്കയും മാത്രം മതി. ചില ദിക്കിൽ ഒരു പൈപോലും ഭർത്താവിന്റെ കയ്യിൽനിന്നു വാങ്ങാറില്ല. ചില ദിക്കിൽ കീറിയാലും ഇല്ലെങ്കിലും ആറുമാസം കൂടുമ്പോൾ ഈരു മുണ്ട് ഈരു ഒന്നര ഈരു പാവുമുണ്ട് എന്നൊക്കെ കണക്കുണ്ട്. ചില വീട്ടിൽ അയൽപക്കത്തുള്ള വീട്ടിലേക്കാൾ കാണക്കാശുള്ള പണം കൂടുതലാൽ ആ കായകൊണ്ട് ഏറെ കിട്ടുന്നതുമുണ്ട്. നിങ്ങടെ ഭാഗ്യവീട്ടിലെ നടപടി ഏതിൽ ചേർന്നതാണെന്നു നിങ്ങൾതന്നെ പറയണം.

കൃ-നാ—സംബന്ധക്കാരനെ മുടിക്കാൻ തുനിഞ്ഞിട്ടുള്ള കൂട്ടത്തിലല്ല. കൊടുത്തതു വാങ്ങും. ഒന്നും ചോദിക്കാറില്ല. വസ്ത്രംകൂടി സംബന്ധക്കാരൻ അറിഞ്ഞു വാങ്ങിക്കൊടുക്കണം. കൊടുത്താലും ഇല്ലെങ്കിലും ആദരവിനു കുറവില്ല. കൊടുക്കുന്ന സംബന്ധക്കാരനും കൊടുക്കാൻ തുണിയില്ലാത്തവനും ആ തറവാട്ടിൽ പദവിക്കു വ്യത്യാസമില്ല.

നാരാ—ഇതു് അപൂർവ്വമാണു്. അങ്ങിനെയാണെങ്കിൽ നമുക്കാണു് ചുമതല. ഒന്നിനും കുറവില്ലാതെ എത്തിക്കണം. മാസം 15ക. വീതം കിട്ടിയാൽ മതിയല്ലൊ?

കൃ-നാ—മതിയാകും.

നാരാ—ഇവിടെനിന്നു ചിലവു കഴിച്ചു 8ക. കുഞ്ഞിക്കാവിന്റെ വകയായി തരാം. വിന്നെ പുറമെ കൂട്ടികൊണ്ടു ഇവിടെ വന്നുപഠിച്ചുപോകാൻ വിരോധമില്ലാത്തവർ ഉണ്ടു്. ഏകദേശം 10ക.യുടെ വക കിട്ടും. പോരേ?

നിങ്ങളുടെ കയ്യിലുള്ള വിദ്യയ്ക്ക് ഇതിലധികം കിട്ടണം. കാലം ഇപ്പോൾ അനുകൂലിച്ചിട്ടല്ല. ഇംഗ്ലീഷില്ലാഞ്ഞാൽ വിലയില്ല. സംസ്കൃതത്തിൽ അഭിരുചി കുറഞ്ഞുവരുന്നു.

കു-നാ—സംഖ്യ ഇവിടുന്നു ദയയോടുകൂടി എന്തുണ്ടാക്കിത്തരുന്നുവോ അതുകൊണ്ടു സന്തോഷിക്കാം. അങ്ങിനെ കിട്ടുന്നതു് എന്റെ അറിവിന്റെ വിലയായിട്ടല്ല ഞാൻ വിചാരിക്കുന്നതു്. എനിക്കു സംഭവിച്ചിട്ടുള്ള ദാരിദ്ര്യത്തിന്റെ നിവൃത്തിക്കായി ഇവിടുന്നു ചെയ്യുതരുന്ന സഹായം എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു.

നാരാ—എന്നാൽ കൂളിച്ചു് ഊണു കഴിക്കു. ചുരുക്കത്തിലൊരു സംസ്കൃതപാഠശാല നമുക്കിവിടെ തുടങ്ങാം.

കൃഷ്ണൻനായർ കോട്ടയിലെ വീട്ടിൽ താമസം തുടങ്ങി. ആ വീട്ടിൽത്തന്നെ നാലു കുട്ടികൾ അവരുടെ അമ്മുന്റെ ചിലവിൽ സംസ്കൃതം പഠിക്കാൻ നിശ്ചയിച്ചു. കുട്ടിക്കൊരുറുപ്പിക വീതം ശമ്പളവും നിശ്ചയിച്ചു. നാലു കുട്ടികൾ ഓരോ ശ്രുത ശമ്പളമായി വന്നുചേർന്നു.

നാരായണമേനോൻ അന്നേദിവസം ഊണുകഴിഞ്ഞതിന്റെ ശേഷം കുന്നത്തെ വീട്ടിൽ ചെന്നു് അവിടത്തെ കാരണവരായി അസ്സികയുടെ കായ്ക്കുത്തെപ്പറ്റി സംസാരിച്ചു. താൻ ചേരിന്നു മാത്രം കാരണവരാണെന്നും ആ വീട്ടിൽ സ്ത്രീനായകത്വം തുടങ്ങീട്ടുണ്ടെന്നും അവരോടു നേരിട്ടു സംസാരിക്കേണ്ടതാണെന്നും കുന്നത്തെകാരണവൻ കിട്ടുമേനോൻ പറഞ്ഞു. നാരായണമേനോൻ ഇച്ചിക്കാപിനോടു നേരിട്ടു സംസാരിച്ചു. വ്യവഹാരം കൊടുക്കാതെ കായ്ക്കുമൊന്നും ഏശില്ലെന്നു കണ്ടു. നാരായണമേനോൻ ആ വഴി

ക്കേ അടങ്കാപ്പിട്ടങ്കാ അയ്യങ്കാരുടെ അട്ടുക്കൽ ചെന്നു വ്യവഹാരം ആലോചിച്ചു. എസ്രാന്തിരിയോട് എഴുത്തു വാങ്ങിയതിൽ അയ്യങ്കാർ നാരായണമേനോനെ വളരെ ശ്ലാഘിച്ചു പറഞ്ഞു. ഉടനെ ഗുമസ്ഥനെ വിളിച്ചു ലായർനോട്ടീസ്സയയ്ക്കാൻ ഏല്പിച്ചു. ഗുമസ്ഥൻ നോട്ടീസ്സു തെയ്യാറാക്കി. കൊപ്പിടാൻ കൊണ്ടുവന്നതോടുകൂടി നാരായണമേനോനും കുറെ ബില്ലും കൊണ്ടുവന്നു കൊടുത്തു.

ലായർനോട്ടീസ്സയയ്ക്കാൻ വക്കീൽഫീസ്സ്	5	0	0
എഴുത്തുകൂലി	0	1	0
തപാൽകൂലി	0	0	6
റജിസ്ട്രി ഫീസ്സ്	0	2	0
കടലാസ്സുചിലവു്	0	0	2
നാരായണമേനോനു കൈവഴി അറിവു കൊടുപ്പാൻ ഗുമസ്ഥന്റെ കയ്യിൽ അഡ്വാൻസ്	0	2	0
ആകെ	5	5	8

5 ക. 5 ണ. 8 പൈസ്സ അഞ്ചുകാലേ അരയ്ക്കാൽ തരണ്ടു എന്നു ഗുമസ്ഥൻ പറഞ്ഞപ്രകാരം നാരായണമേനോൻ അഞ്ചുറുപ്പിക ആറണ കയ്യിൽ കൊടുത്തു. ഈ സംഖ്യ കൊടുത്തു എന്നു നാരായണമേനോൻ അയ്യങ്കാരോടു പറഞ്ഞപ്പോൾ അദ്ദേഹം ഗുമസ്ഥനെ വിളിച്ചു നാരായണമേനോനോട് അങ്ങിനെയൊന്നും കണിശമായി കണക്കു പറയാൻ പാടില്ലെന്നും വ്യവഹാരത്തിന്റെ അവസാനത്തിൽ വല്ലതും സമ്മാനമായി തന്നാൽ വാങ്ങുന്നതല്ലാതെ മറു കക്ഷിക്കാർക്കു ബിൽ കൊടുക്കുന്നതു മാതിരി മേലിൽ ചെയ്യരുതെന്നും ഗൌരവമായി പറഞ്ഞു. ഇതു കേട്ടപ്പോൾ

ഫീസ്സു കൊയ്യുമെന്നും താൻ കൊടുത്തതിൽനിന്നു വല്ലതും മടക്കിക്കിട്ടുമെന്നും നാരായണമേനോൻ വിചാരിച്ചു. ഇതൊക്കെ അയ്യങ്കാരുടെ പൊടിക്കയ്യാണെന്നറിഞ്ഞതില്ല. കുറേനേരം അവിടെ ഇരുന്നിട്ടും മടക്കിക്കൊടുക്കാഞ്ഞപ്പോൾ തല്ക്കാലം മടക്കിക്കിട്ടില്ലെന്നു വിചാരിച്ചു നാരായണമേനോൻ യാത്ര പറഞ്ഞു പിരിഞ്ഞു.

പിറേ ദിവസം കാലത്തു് ഇച്ചിക്കാവിനു ലായർ നോട്ടീസ്സു കിട്ടി. കുന്നത്തെ വീട്ടിന്റെ തൊട്ടു കിഴക്കേ തു വക്കീൽ ആനപ്പട്ടരുടെ മഠമാണു്. പാറുക്കുട്ടിയമ്മ ഉറുപ്പിക കൊണ്ടുപോയി കൊടുത്തു പണ്ടം ചോദിച്ച ദിവസംതന്നെ വത്തമാനങ്ങളെല്ലാം ഇച്ചിക്കാവു് ആനപ്പട്ടരോട പറഞ്ഞിട്ടുണ്ടായിരുന്നു. നോട്ടീസ്സു കിട്ടിയപ്പോൾ അതു കൊണ്ടുപോയി കാണിച്ചു. എസ്സ്വാന്തിരി കേൾക്കെ പണ്ടം പണയം വാങ്ങിവെച്ച വിവരം ഇച്ചിക്കാവു പറഞ്ഞു എന്നു് ആദ്യം ആനപ്പട്ടരോട പറഞ്ഞിരുന്നില്ല. പണ്ടം പണയം വെച്ചിട്ടേ ഇല്ലെന്നു വാദിക്കാനാണു് അദ്ദേഹം നിശ്ചയിച്ചിരുന്നതു്. പണയം വാങ്ങിവെച്ചതു് എസ്സ്വാന്തിരിയോട സമ്മതിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ ആനപ്പട്ടരുടെ ധൈര്യം ഇളകി.

ആന—അന്ത എസ്സ്വാനോട ശൊന്നതിലെ താൻ നീ കെട്ടായി. ഇനി അവനുക്കഞ്ചോ പത്തോ കൂട്ടത്തു കാലെപ്പിടിച്ചുക്കൊ. അവൻ കയ്യിലെ വന്താൽ കേസ്സു ജയിക്കലാം. ഇല്ലാട്ടാൽ നാനൂറു രൂപ തൊലഞ്ചുപോം. കണ്ണാലെ കണ്ടവൻ അന്തത്തിരുടൻ കരുത്തുൻതാനെ? അവൻ വെളിയിലെ വരുവും മാട്ടാൻ. അന്ത എസ്സ്വാൻ കേട്ടു

പണത്തെക്കുട്ടത്തു കൈവശപ്പെട്ടത്തിനാൽ അയ്യങ്കാരെ മിഴിമിഴി എന്നു മിഴിക്കുവെപ്പോൻ. വ്യവഹാരത്തിലെ ഉന്നൊട്ട ലോഭമൊന്നും നടവാതു്.

ഇച്ചി—എന്ത്രാന്തിരി സ്വാധീനം വന്നില്ലെങ്കിൽ എന്താ സാമി വഴി?

ആന—പണത്തുക്കുമേലെ പരന്തും പറക്കാതെടി. നീ കരു ശുവന്ത നാണിയത്തെക്കുട്ടത്തനുപ്പു്. അതെ വാങ്കിവെയ്ച്ചാല്ലു്. കായ്മൊന്നും അന്നെയ്ച്ചു ശൊല്ല വേണ്ടാം. അതെ അവൻ ശിലവാക്കുവാൻ. അതുക്കപ്പറ കായ്മം ശൊല്ലലാം. അന്ത ശമയത്തിലെ അവനക്കു പൊയി ശൊല്ല മനസ്സില്ലാട്ടാലും പവൻ തിരുമ്പിക്കുട്ടുകിറതുക്കു കയ്യിലെ ഇരാതു. ശൊന്നപടി കേൾപ്പാൻ. അവൻ പൊയ്മം ശൊല്ലവേണ്ടാം. സാക്ഷി സമൻ വരപോതു ഇന്ത ഊരിലെ ഇരുക്കപ്പെടാതു്.

ആനപ്പട്ടരുടെ ഉപദേശപ്രകാരം ഇച്ചിക്കാവു് ഒരു പവനെടുത്തു് എന്ത്രാന്തരിക്കയച്ചു. അതു് എന്ത്രാന്തിരിക്കുള്ളതാണെന്ന മാത്രം പറഞ്ഞയച്ചു. എന്ത്രാന്തിരി അതു വാങ്ങി ഇച്ചിക്കാവിന്റെ വക പലേ വഴിപാടുകളും താൻ കഴിച്ചതിനു പ്രതിഫലമായി അയച്ചതായിരിക്കുമെന്നു വിചാരിച്ചു സന്തോഷിച്ചു. അന്നു രാത്രി ഭാര്യവീട്ടിലേയ്ക്കു പോകുമ്പോൾ എന്ത്രാന്തിരി പവനേയും കൊണ്ടുപോയി ഭാര്യയ്ക്കു സമ്മാനമായി കൊടുത്തു.

പിറ്റേ ദിവസം ഇച്ചിക്കാവു തൊഴാൻ പോയപ്പോൾ പവൻ കിട്ടിയോ എന്നും അതിനെ എന്തു ചെയ്തു എന്നും ചോദിച്ചു. എന്ത്രാന്തിരിയുടെ ഭാര്യയ്ക്കു കൊടുത്തു എന്നു

റിഞ്ഞപ്പോൾ ഇനി കായ്യം പറയാമെന്നു നിശ്ചയിച്ചു് ഇച്ചിക്കാവു വ്യവഹാരത്തിന്റെ വർത്തമാനമെല്ലാം പറഞ്ഞു. ഇവർ തമ്മിൽ സംസാരിക്കുന്നതു് അമ്പലത്തിൽ പ്രദക്ഷിണം ചെയ്കൊണ്ടിരുന്ന കൃഷ്ണൻനായർ കേട്ടു. പണ്ടു കണ്ടിട്ടില്ലാത്തതുകൊണ്ടു് ഇച്ചിക്കാവു കൃഷ്ണൻനായരെ ശങ്കിച്ചില്ല. എഴുത്തു കൊടുത്തിട്ടുള്ള വിവരം എമ്പ്രാന്തിരി ഇച്ചിക്കാവിനോടു പറഞ്ഞപ്പോൾ ആ സ്ത്രീയുടെ ഉള്ളൊന്നു കത്തി. കൃഷ്ണൻനായരേയും സ്വാധീനം ചെയ്യാൻ തീച്ചയാക്കി. എമ്പ്രാന്തിരി കൃഷ്ണൻനായരെ വിളിച്ചു് ആയാൾ എഴുത്തു കൊണ്ടുപോകാനുണ്ടായ സംഗതി എന്താണെന്നും മറ്റും ചോദിച്ചു മനസ്സിലാക്കി. ചുരുക്കിപ്പറയുന്നതാണെങ്കിൽ ആ എഴുത്തിനെ മോഷ്ടിച്ചു നശിപ്പിക്കാൻ കൃഷ്ണൻനായക്കു് ഒരു പവൻ കയ്യൂലി കൊടുക്കാമെന്നു കരാറു ചെയ്തു. കൃഷ്ണൻനായർ അമ്പലത്തിൽനിന്നു മടങ്ങിപ്പോകുന്നതിനുമുമ്പു് ഇച്ചിക്കാവു വീട്ടിലുള്ള മടങ്ങിച്ചെന്നു പവൻ കൊടുത്തയച്ചു. കൃഷ്ണൻനായർ അതും വാങ്ങി കോട്ടയിലേയ്ക്കു ചെന്നു സ്വാമിഭക്തിയോടുകൂടി ഉണ്ടായതൊക്കെപ്പറഞ്ഞു. തന്നെസ്സേവിക്കാൻ തുടങ്ങിയ പ്രാരംഭത്തിൽത്തന്നെ ഇരുപ്പും സ്വാമിഭക്തി കാണിച്ചതിൽ നാരായണമേനോനു വളരെ സന്തോഷമുണ്ടാകയും കൃഷ്ണൻനായർ തറവാട്ടുകാരൻതന്നെയാണെന്നു ബോദ്ധ്യം വരികയും ചെയ്തു.

അതിനുശേഷം ഇച്ചിക്കാവു് ആനപ്പട്ടരുടെ മഠത്തിൽ ചെന്നു് എമ്പ്രാന്തിരിയെ സ്വാധീനിച്ചതും എഴുത്തു നശിപ്പിക്കാൻ കൃഷ്ണൻനായക്കു കയ്യൂലി കൊടുത്തതും എല്ലാം പറഞ്ഞു. ഇതെല്ലാം കേട്ടപ്പോൾ കള്ളവാദം വാദിച്ചതി

ന്നു ക്രിമിനൽകേസുംകൂടി വരുമോ എന്നു ആനപ്പാട്ടക്കു ഭയമായി. നാരായണമേനോൻ നല്ല കായ്യസ്ഥനാണെന്നും മുൻകരുതലുള്ളവനാണെന്നും ആനപ്പാട്ടർ മുമ്പുതന്നെ അറിയുന്നതുകൊണ്ടും എഴുത്താനോട്ട രേഖ വാങ്ങിയതിന്റെ ഉദ്ദേശം പ്രത്യക്ഷമാകകൊണ്ടും കൃഷ്ണൻനായർമുഖാന്തരം അതിനെ നശിപ്പിക്കാനുള്ള ശ്രമം വൃഥാ യത്നമാണെന്നു കണ്ടു. ഉടനെ അദ്ദേഹം എഴുത്താന്തിരിക്കാളയച്ചു; എഴുത്താന്തിരി വന്നു.

ആന—എന്താ നിങ്ങൾ എഴുതി അയച്ചതു്?

എഴുത്താൻ—ഇച്ചിക്കാവു പറഞ്ഞതു മാത്രം എഴുതി.

ആ—എന്തിനാണെഴുതിയതു്?

എഴുത്താൻ—നാരായണമേനോൻ ശോടിച്ചു് എഴുത്തയച്ചു. അതിൽതന്നെ മരുമ്പടി എഴുതാൻ പറഞ്ഞിട്ടുണ്ടു്. പെനിശൽ കോൽ അമ്പന്റെ കയ്യിൽ ഇരുന്നു. അടുമ്പാങ്ങി ആ എഴുത്തിൽതന്നെ എഴുതി.

ആന—ഇച്ചിക്കാവേ! ഉൻകായ്യമെല്ലാം ഗോപിതാൻ. അന്ത നാരായണമേനോൻ ഉപായമെന്നാ നിനച്ചിരുക്കുറായ്? എഴുത്താനോട്ട കഴുത്തിലെ ശുരുക്കുപ്പോട്ട വെച്ചിരുക്കിറാൻ. അന്ത എഴുത്തെ ആരുക്കാവതു തിരുടക്കിടക്കുമോ? അവനുക്കും ഇവനുക്കും കൂടത്ത ത്രുപയെല്ലാം തിരുമ്പിവാങ്കി കായ്യം മദ്ധ്യസ്ഥനായി തീത്തുക്കോ. ഇല്ലാട്ടാൽ കോടതിച്ചെലവു പെരുകനെ നഷ്ടം വരും.

ഇച്ചി—സാമി പറഞ്ഞിട്ടല്ലേ ഞാൻ പണം കൊടുത്തതു്? ഇപ്പോൾ എന്താ ഇങ്ങിനെ പറയുന്നതു്?

ആന—ഇതുക്കള്ളെ അന്ത നാരായണമേനോൻ എഴുത്താ

നോട്ട രേഖ വാങ്കിന സമാചാരം എനക്കുത്തരിയാലെയെ. അവനാക്കും പുത്തിശാലി. പെൻസിൽ ഇല്ലാത്തെ കാരണം ചൊല്ലി എഴുതാമിലിരുക്കവേണ്ടാമെന്നു മിന്നയെ കരുതി പെൻസിൽകൂടി അനുപ്പിയിരുക്കിറാൻ. എനക്കു മിന്നയെ തെരിയും കടന്ത ബുദ്ധി.

ഇച്ചിക്കാവമ്മ എമ്പ്രാന്തിരിയോട്ട പവൻ മടക്കി ച്ചോദിച്ചപ്പോൾ അതു തനിക്കുള്ളതാണെന്നു പറഞ്ഞിട്ടല്ലേ തന്നതു് എന്നും ചിലവായിപ്പോയി എന്നും എമ്പ്രാൻ പറഞ്ഞു. കൃഷ്ണൻനായരോട ചോദിച്ചപ്പോൾ ആയാൾ പണം മടക്കിക്കൊട്ടക്കില്ലെന്നതന്നെ പറഞ്ഞു. രണ്ടു സംഖ്യയും ഇരിമ്പുകടിച്ച വെള്ളമെന്നു വിചാരിച്ചു് ഇച്ചിക്കാവമ്മ മദ്ധ്യസ്ഥം പറഞ്ഞുതീക്കാൻ യത്നിച്ചുതുടങ്ങി. അസ്തികയുടെ വിലയിൽ പണിക്കുലി 50ക. നീക്കി 350ക. ഇച്ചിക്കാവമ്മ പാറുക്കുട്ടിയമ്മയ്ക്കു കൊടുപ്പാൻ മദ്ധ്യസ്ഥന്മാർ വിധിച്ചു. ആ സംഖ്യ നാരായണമേനോൻ റൊക്കം വാങ്ങി പാറുക്കുട്ടിയമ്മയ്ക്കുവേണ്ടി രശീതി കൊടുത്തു. അന്യായമായ പലിശ വാങ്ങുന്നതുകൊണ്ടും പുരുഷന്മാർമുഖാന്തരം കാര്യങ്ങൾ ചെയ്യാതെ പെൺമുപ്പായി ഓരോന്നു പ്രവർത്തിക്കുന്നതുകൊണ്ടും ഇങ്ങിനെ നഷ്ടം വന്നതാണെന്നു നാട്ടുകരെല്ലാം പറഞ്ഞുവെങ്കിലും ഇച്ചിക്കാവു് അതിനെ ലവലേശം ഗണിക്കാതെ ഈ നഷ്ടം അധികപലിശ വാങ്ങി ഭർത്തിയാക്കാൻ നിശ്ചയിച്ചു.

നാരായണമേനോൻ പാറുക്കുട്ടിയമ്മയെ വിളിച്ചു 5ക. 6നേ. തന്റെ കയ്യിൽനിന്നു ചിലവായിട്ടുള്ളതു താഴാട്ടുവക പണമാണെന്നും അതു കഴിച്ചു ബാക്കിയേ കൊ

ട്ടുള്ളു എന്നും പറഞ്ഞു. ബാക്കി സംഖ്യ റൊക്കം കൊടുത്തു.

തന്റെ സ്വന്തം മരുമകൾക്കുവേണ്ടി ഈ സ്വല്പസംഖ്യ ചിലവാക്കിയതിനു് ഇത്രയും കണിശമായി കണക്കു പറഞ്ഞു പിടിച്ചുവെച്ചതു് ഉചിതമായില്ലെന്നു വിചാരിക്കുന്നവരുണ്ടായിരിക്കാം. കാരണവസ്ഥാനം കിട്ടുന്നതു പ്രായേണ പതിനൊന്നാമേടത്തു നില്ക്കുന്ന ശുക്രന്റെ ദശാകാലത്തിലോ ചാരവശാൽ ശനി മൂന്നിൽ കടന്നു മൂടിച്ചുടന്ന സമയത്തിലോ ആയിരിക്കുമെന്നാണു് ജനങ്ങൾ പറഞ്ഞുവരുന്നതു്. നാരായണമേനോന്റെ അഭിപ്രായം ജന്മാന്തരങ്ങളിൽ ചെയ്തിട്ടുള്ള പാപകർമ്മങ്ങളുടെ പരിപാകകാലത്തേ തറവാട്ടിൽ കാരണവനാകുള്ളു എന്നാണു്. അറുന്തിരവനായിരിക്കുമ്പോൾ കാരണവരുടെ ദുശ്ശീലവുകളേയും സ്വാർത്ഥമായ പ്രവൃത്തികളേയുംപറ്റി നാട്ടുമുഴുവൻ ആക്ഷേപിച്ചു നടക്കയും ആ കാരണവസ്ഥാനം തനിക്കു കിട്ടുമ്പോൾ പലർക്കും അവകാശമുള്ള പൊതുസ്വത്തിനെയാണു് താൻ വ്യാപരിക്കുന്നതെന്നുള്ളതു നിശ്ശേഷം മറന്നു തനിക്കിഷ്ടമുള്ള കുടുംബജനങ്ങൾക്കും മക്കളോടു സംബന്ധമുള്ള മരുമക്കൾക്കും തന്റെ ഭാര്യയോടു താല്പര്യമുള്ളവർക്കും സർവ്വാഭീഷ്ടങ്ങളേയും സാധിപ്പിച്ചുകൊടുത്തു ശേഷിച്ചുള്ളവർക്കു് അത്യാവശ്യമായ ചിലവിനു കൊടുക്കുന്നതിൽകൂടി അരിഷ്ടിപ്പിച്ചുമാണു് പഠിച്ചറിവുള്ളവരാണെന്നു നടിച്ചു നടക്കുന്നവർകൂടി ചെയ്യുന്നതു്. നാരായണമേനോൻ കാരണവരായതിനുശേഷം ആവക പക്ഷഭേദങ്ങളൊന്നും കാണിച്ചിട്ടില്ല: സാധാരണ കുടുംബങ്ങളിൽ കാരോരുത്തർക്കാവശ്യമുള്ളതു കാരണവരോടു വാങ്ങുന്നതു് അ

മ്മായിമുഖാന്തരമാണു്. നാരായണമേനോൻ തന്റെ ഭാ
ര്യയ്ക്കു് ആ കയ്യൊന്നും കൊടുത്തിട്ടില്ല. അതെല്ലാം തറവാ
ട്ടിലമ്മമുഖാന്തരമാണു് കോട്ടയിൽവീട്ടിൽ നടന്നുവരുന്ന
തു്. സാധാരണ കാരണവന്മാരെല്ലാം 'സമ്പന്നമാകുംവ
ണ്ണം തനിക്കു ഭുജിക്കേണം' എന്നുള്ള വിചാരക്കാരാണു്. ആ
നാട്ടനടപ്പനുസരിച്ചു വല്ല ഭക്ഷണസാധനവും കാരണവ
ക്കു പ്രത്യേകം ഉണ്ടാക്കിയതായി നാരായണമേനോൻ അ
റിഞ്ഞാൽ അതിനെ താൻ അനുഭവിക്കാറില്ല. കുറച്ചേ
ഉള്ളൂ എങ്കിൽ കുട്ടികൾക്കാണു് മെച്ചം. പല രകുതങ്ങളു
മുള്ള മലയാളത്തറവാട്ടുകളിൽ ക്ഷണകാലമെങ്കിലും ഒരുമ
യോടിരിക്കുന്നതു് അത്ഭുതമാണു്. രക്ഷിക്കാൻ പുമതലയു
ള്ളപോലെ ശിക്ഷിക്കാൻ അധികാരമുണ്ടെങ്കിലും മലയാ
ളത്തറവാട്ടുകളിൽ ഭിണ്ഡാപായം മത്സരത്തിനു ബീജ
മാണു്. തറവാട്ടിലുള്ള ഒരുവൻ തന്റെ ഇഷ്ടത്തെ ബഹു
മാനിച്ചില്ലെന്നു പറഞ്ഞു തറവാട്ടുസ്വത്തിന്മേൽ അവനു
ള്ള അവകാശത്തെ മറന്നു പ്രവർത്തിക്കുന്നതു് അനീതി
യാണു്. ഇങ്ങിനെയെല്ലാം നാരായണമേനോൻ ധരിച്ചിരി
ക്കുമ്പോലെ ഓരോ ദേശത്തിൽ ഓരോ കാരണവനെങ്കി
ലും ധരിച്ചിരുന്നാൽ മലയാളികളുടെ ഇടയിൽ ഇത്ര ദുർവ്യ
വഹാരവും അക്ഷേമവും ഉണ്ടാകുമായിരുന്നില്ല.

അകം തുറക്കാൻ പാടില്ലാത്തതുകൊണ്ടുള്ള ബുദ്ധിമു
ട്ടു സഹിക്കാൻ വയ്യാതായി. പാറുക്കുട്ടിയമ്മ ഒരു കരുവാനെ
കൊണ്ടുവന്നു കഴിയുന്ന യത്നം ചെയ്തു. അസാധാരണമാ
യ യുക്തി പ്രയോഗിച്ചിട്ടുള്ള ഇരട്ടപ്പൂട്ടായതുകൊണ്ടു കരു
വാന്റെ തുറവുകോൽ തുറക്കാൻ ഉപയോഗപ്പെട്ടില്ല. അ

ടയാളമെടുത്തു് ഒരു താക്കോലുണ്ടാക്കിക്കൊണ്ടുവരാൻ കരു
വാൻ ഏറു മൻകൂറായി നാലണയും വാങ്ങിക്കൊണ്ടുപോ
യി. താക്കോലും മറ്റും ഉണ്ടാക്കുന്നതിനു നാട്ടുനടപ്പുപ്രകാ
രമുള്ള കൂലി വളരെ കുറവാകയാൽ കരുവാൻ താക്കോലു
ണ്ടാക്കിക്കൊടുക്കുന്നതു് ആഠത്തരംപോലെയാണു്. വസ്ത്രാ
ലങ്കാരങ്ങളിൽ പ്രത്യേകം നിഷ്ഠയുള്ള പാറുക്കുട്ടിയമ്മയ്ക്കു്
ആവക കുറ്റംതന്നെ വിഷുവിനൊടുക്കാൻ പാടില്ലെന്നു വ
ന്നതിൽ വളരെ മൌഢ്യമുണ്ടായിരുന്നു. കണ്ണാഭരണത്തി
ന്റെ വില നിയ്മ്പം കിട്ടിയതിനാലുള്ള സന്തോഷത്തെ
ഈ മൌഢ്യം ബാധിക്കയാൽ മുഖപ്രസന്നത പോയി കു
ടുംബക്കാരുടെ ഹേതുപ്രശ്നങ്ങൾക്കു് ഉത്തരം പറയേണ്ടതാ
യി വന്നു.

സന്തോഷസന്താപങ്ങൾക്കുള്ള കാരണങ്ങൾ പ്രായേ
ണ അവിതർക്കിതസംഭവങ്ങളായിട്ടാണു് വരാറുള്ളതു്. കോ
ട്ടയിലെ വീട്ടിൽ അന്നാദിവസം ഒരു തപാൽശിപായി
വരുമെന്നു് ആർ വിചാരിച്ചു? ആ ശിപായി വന്ന കയ
റിയ ഉടൻതന്നെ പുരുഷന്മാരെ അന്വേഷിക്കാതെ കു
ഞ്ഞിക്കാവമ്മയെ അന്വേഷിക്കുമെന്നാർ വിചാരിച്ചു? ആ
സ്ത്രീ ജനിച്ചതിനുശേഷം തപാൽമാർഗ്ഗമായി ഒരെഴുത്തോ
ബങ്കിയോ മണിയാർഡറോ ആരും അവക്കയച്ചിട്ടില്ല.
ആ സ്ത്രീക്കു് എന്നു മാത്രമല്ല കോട്ടയിലെ സ്ത്രീകൾക്കു്
ആർക്കും തപാൽമാർഗ്ഗമായി ഒന്നും നേരിട്ടയച്ചു കാണാറി
ല്ല. തിന്നുകൊള്ളട്ടെ എന്നു വിചാരിച്ചു് അപ്പം പിടി
ച്ചെറിഞ്ഞു കൊടുക്കുമ്പോൾ ഭയപ്പെട്ടോടുന്ന കാക്കയെപ്പോ
ലെ തപാൽശിപായി കുഞ്ഞിക്കാവമ്മയെ അന്വേഷിച്ച
പ്പോൾ എന്തോ എന്നു പേടിച്ചു് ആ സ്ത്രീ അകായിലേ

സ്സ് ഒരോട്ടം ഓടി. ഒരു തപാൽശിപായി വന്നു വിളിക്കു
ന്നു എന്നു ജ്യേഷ്ഠത്തിയോടു പറഞ്ഞപ്പോൾ പാറുക്കുട്ടിയ
മ്മ ഉമ്മറത്തു ചെന്നു. കുഞ്ഞിക്കാവമ്മസ്സു് ഒരു ബങ്കിയു
ണ്ടെന്നു തപാൽശിപായി പറഞ്ഞു. ബങ്കി എന്നാൽ എ
ന്താണെന്നു പാറുക്കുട്ടിയമ്മസ്സു മനസ്സിലായില്ല. തപാൽ
ശിപായി കുഞ്ഞിക്കാവമ്മ ഒപ്പിട്ടു കൊടുക്കേണ്ടതായ ഒരു
പുസ്തകവും കടലാസ്സും എടുത്തുവെച്ചപ്പോൾ പാറുക്കുട്ടിയ
മ്മസ്സു വളരെ സംശയമായി. ഒപ്പിട്ടു കൊടുക്കാമോ എന്നു
കാരണവരോടു ചോദിച്ചു. കുഞ്ഞിക്കാവിനു ബാങ്കിടയാ?
എന്നു കാരണവർ ചോദിച്ചപ്പോൾ ഇതെന്തോ അപമാ
നകരമായിട്ടുള്ളതെന്നും എല്ലാ വിപത്തും തനിക്കു വരു
ള്ളൂ എന്നും മറ്റും വിചാരിച്ചു കുഞ്ഞിക്കാവു് ഒരു മൂക്കിൽ
പോയി ഇരുന്നു കരച്ചിലായി. ഒപ്പിട്ടു കൊടുത്തു ബങ്കി
വാങ്ങിയതിനുശേഷം ആക്കും അതിനെ എടുക്കാൻ ധൈ
ര്യമുണ്ടായില്ല. "നിങ്ങളെന്താ ഇത്ര പേടിക്കുന്നതു്? ബ
ങ്കി പൊളിച്ചുനോക്കിയാൽ എന്താണെന്നറിയാമല്ലോ"
എന്നു തപാൽശിപായി പറഞ്ഞുകൊണ്ടു പുറത്തേസ്സു പോ
യപ്പോൾ പൊളിച്ചുനോക്കേണ്ട ഒരു സാധനമാണെന്നു് ഇ
വിടെ ഉള്ളവർക്കു മനസ്സിലായി. ഒരു സ്ത്രീ ബങ്കി എടുത്തു
മണത്തുനോക്കി. മറെറാരമ്മ അതിനെ കുലുക്കി നോക്കി.
പിന്നെ ഒരമ്മ അതിനെ നുള്ളിനോക്കി. ഇതിന്നിടയിൽ
ചില കുട്ടികൾ വന്നെത്തിനോക്കി "ഞാനും കണ്ടു, ഇത്ര
നീളമുണ്ടു്", എന്നു പറഞ്ഞുംകൊണ്ടു് ഓടിപ്പോയി. ഒട
വിൽ ഈ ബങ്കിയെ കാരണവരുടെ അടുക്കൽ കൊണ്ടു
പോയി. നാരായണമേനോൻ ബങ്കി പൊളിച്ചു. ഒരു ത
കരപ്പെട്ടിയിൽ കീറത്തുണികൊണ്ടു പൊതിഞ്ഞിട്ടുള്ള ഒരു

പൊതിയും കുഞ്ഞിക്കാവിനു മേൽവിലാസം വെച്ചു കുറെഴുത്തും കണ്ടു. തുണിപ്പൊതിയിൽ അകത്തിന്റെ താക്കോലായിരുന്നു. എഴുത്തിന്റെ മേൽവിലാസം കുഞ്ഞിക്കാവിനായിരുന്നതിനാൽ നാരായണമേനോൻ വായിക്കാതെ കുഞ്ഞിക്കാവിനു കൊടുത്തു. കുഞ്ഞിക്കാവു് അതു വായിക്കുമ്പോൾ മുഖപ്രസാദമുണ്ടാകുന്നതു നാരായണമേനോൻ നോക്കി മനസ്സിലാക്കി. 'എനിക്കു കേൾക്കാമെങ്കിൽ ഉറക്കെ വായിക്കു' എന്നു നാരായണമേനോൻ പറഞ്ഞപ്പോൾ കുഞ്ഞിക്കാവു് ആ എഴുത്തിനെ നാരായണമേനോന്റെ കയ്യിൽ കൊടുത്തു. താഴെ കാണുന്നതായിരുന്നു എഴുത്തിലെ വാചകം:

'താക്കോലിന്റെ വില ഇരുമ്പിന്റെ വില മാത്രമല്ല. കൂളിക്കുമ്പോൾ കൂടയിൽവെച്ചു് അനേകം സാധനങ്ങൾ സ്ത്രീകൾ കൂടയാറുണ്ടു്. മേലിൽ സൂക്ഷിക്കേണമെന്നു ജ്യേഷ്ഠത്തിയോടു പറയു.'

എന്തോ അത്യാശ്ചര്യമായ ഒരു കാഴ്ച കാണാൻ വന്നവനില്ലുമ്പോലെ ആ വീട്ടിലുള്ള സ്ത്രീകളും കുട്ടികളും ഉമ്മറത്തു ചെന്നു നിന്നിരുന്നു. എഴുത്തിലെ വാചകവും താക്കോൽ അയച്ചു കൊടുത്തതും ആലോചിച്ചു നാരായണമേനോൻ വളരെ ആശ്ചര്യപ്പെട്ടു.

നാ—മേ—കുഞ്ഞിക്കാവും ഈ കള്ളനുമായി മുമ്പു കണ്ടുപരിചയമുണ്ടോ?

കു—ഇല്ല.

നാ—മേ—പിന്നെ എന്തുകൊണ്ടാ ബങ്കി കുഞ്ഞിക്കാവിനായച്ചിട്ടുള്ളതു്?

പാ—ഞങ്ങളാരും അവനെക്കണ്ടിട്ടമില്ല, കേട്ടിട്ടമില്ല. താക്കോലും മുണ്ടും കക്കെ കട്ടകൊണ്ടുപോയിട്ട കുഞ്ഞിക്കാവായി മുമ്പു പരിചയമുള്ളപോലെ എഴുതിയതു് അവന്റെ അഹമ്മതിയാണു്. ഇങ്ങനെ അപമാനിക്കാൻ ആളുകൾ തുനിഞ്ഞാൽ എങ്ങനെയാണു് നാട്ടിൽ കുടിയിരിക്കുക?

നാ-മേ—ഇപ്പോൾ എന്താ അപമാനിച്ചതു്? എഴുത്തിലെ ഉപദേശം പാറുക്കുട്ടി പഠിക്കേണ്ടതാണു്. അതു പാറുക്കുട്ടിക്കയയ്ക്കാതെ കുഞ്ഞിക്കാവിനയച്ചതു് എന്താണെന്നേ എനിക്കു മനസ്സിലാകാഞ്ഞുള്ളു. അവൻ കണ്ടാൽ യോഗ്യനാണോ?

പാ—കണ്ടാൽ നല്ലൊരു തറവാട്ടുകാരനാണെന്നേ തോന്നുള്ളു.

നാ-മേ—(എന്തോ ആലോചിച്ചിട്ടു്) അതിനു പാറുക്കുട്ടിടെ താക്കോൽ മോഷ്ടിക്കയും പിന്നെ ഇങ്ങനെ മടക്കിക്കൊടുക്കയും ചെയ്യണോ? നന്നെച്ചെറുപ്പമാണോ?

പാ—വളരെ ചെറുപ്പമല്ല. പത്തുമുപ്പതു വയസ്സാകും. എന്നല്ല, അവൻ സംസാരിച്ചടത്തോളം വളരെ ഗൌരവമായിട്ടേ സംസാരിച്ചിട്ടുള്ളു.

നാ-മേ—എന്റെ ബുദ്ധിയിൽ തെളിച്ചമില്ല. കുഞ്ഞിക്കാവു കുറെ സൂക്ഷിച്ചിരിക്കണം. ദുഷ്പേരുണ്ടാകാൻ വളരെക്കുറച്ചു മതി കാരണം. അവനും കുഞ്ഞിക്കാവുമായി വല്ലതും സംസാരിച്ചുവോ?

കു—താക്കോലിതാ എന്നു പറഞ്ഞു കോലായിൽനിന്നു കൈ നീട്ടിക്കാണിച്ചു. ഇങ്ങോട്ടിട്ടേയ്ക്കു എന്നു ഞാൻ പ

റഞ്ഞപ്പോൾ എനിക്കും അമ്മയും പെങ്ങളുമുണ്ടെന്നോ മറേറാ പറഞ്ഞു താക്കോൽ ഇട്ടതരികയും ചെയ്തു.

നാ—മേ—വേഷം മാറി വന്നാളാണെന്നു തോന്നുന്നു.

താക്കോൽ കിട്ടിയതുകൊണ്ടു പാറുക്കുട്ടിയമ്മയ്ക്കു കള്ളന്റെ മേൽ അല്പം സന്തോഷം തോന്നി. സ്ത്രീകളെല്ലാം വടക്കു പുറത്തു കൂടി.

പാ—അവനു് ഈ താക്കോൽകൊണ്ടെന്താ കായ്ക്കും? ഇതില്ലാഞ്ഞാൽ ഞാൻ വളരെ ബുദ്ധിമുട്ടുകയും ചെയ്യും. അതുകൊണ്ടതന്നെയായിരിക്കാം മടക്കിത്തന്നതു്.

കുഞ്ഞി—ഇതൊരു കളവല്ല എന്നു് എനിക്കപ്പോൾത്തന്നെ തോന്നി. ആ വിദ്വാനെക്കണ്ടാലും കട്ട നടക്കുന്ന കള്ളനാണെന്നു് ആരും പറയില്ല.

പാ—എന്നാൽ താക്കോൽ അയച്ചുപോലെ പണ്ടവും മുണ്ടും അയച്ച തരായിരുന്നില്ലേ? എനിക്കു് ആ മുണ്ടു പോയതിലുള്ള വയറുകത്തൽ ഇനിയും മാറീട്ടില്ല. വിഷുവിനുടുത്തു ഞെളിയാമെന്നൊക്കെ വിചാരിച്ചിരുന്നു. ദുഷ്ടൻ അതിനെ കട്ടുകൊണ്ടുപോയില്ലേ?

കുഞ്ഞി—ചേച്ചിക്കു് ഉടുക്കേണ്ടാവശ്യം വരുമ്പോൾ മുണ്ടും കിട്ടും.

പാ—പൊട്ടിക്കാളീ! മനപ്പാൽ കുടിച്ചിരുന്നോ. ആരേണത്തിന്റെ വില എനിക്കു കിട്ടിക്കഴിഞ്ഞു. വിഷുവിനുടുക്കത്തക്കവണ്ണം മുണ്ടും കിട്ടിയാൽ—അയ്യ! എനിക്കവൻ കട്ടുകൊണ്ടുപോയതിലുള്ള സുഖക്കേടൊക്കെപ്പോകും. തരാനാണോ കള്ളന്മാർ കട്ടുകൊണ്ടുപോകുന്നതു്? മഹാപാപീ! ആണുങ്ങൾക്കെന്തിനാണീ മുണ്ടു്?

വത്രു കുഞ്ഞിക്കാവേ, അകം തുറന്നു നോക്കീട്ടു കുറെ ദിവസമായില്ലേ? ഒന്നു തുറന്നുനോക്കുക.

പാറുക്കുട്ടിയമ്മയും അറുജുത്തിയുംകൂടി അകം തുറന്നു. ജനലുകളും തുറന്നു. കട്ടിളയിൽ നോക്കിയപ്പോൾ കിടയ്ക്കയിൽ കടലാസ്സുകൊണ്ടു രണ്ടു പൊതി ഇരിക്കുന്നതു കണ്ടു. അകം പൂട്ടുമ്പോൾ അതുകൾ അവിടെ ഉണ്ടായിരുന്നില്ലെന്നു പാറുക്കുട്ടിയമ്മയ്ക്കു നല്ല ഓർമ്മയുണ്ടു്. അടുത്തു ചെന്നു നോക്കിയപ്പോൾ ഒന്നിൽ പാറുക്കുട്ടിയമ്മയ്ക്കു് എന്നും മറേതിൽ കുഞ്ഞിക്കാവമ്മയ്ക്കു് എന്നും മേൽവിലാസം എഴുതിയിരിക്കുന്നു. ഇതെന്തൊരാശ്ചര്യം! പൊതി അഴിച്ചുനോക്കിയപ്പോൾ ഒന്നു പാറുക്കുട്ടിയമ്മ വാങ്ങിയ മുണ്ടും മറേതു് അതിന്റെ ഇണമുണ്ടുമാണു്. പാറുക്കുട്ടിയമ്മയുടെ മുണ്ടിന്റെ അലക്കിനേക്കാൾ മറേ മുണ്ടിന്റെ അലക്കു നന്നായിരുന്നു. കുഞ്ഞിക്കാവിന്റെ മുണ്ടിന്റെ മടക്കിനുള്ളിൽ ഒരെഴുത്തുണ്ടായിരുന്നു. ഇതായിരുന്നു എഴുത്തിൽ:

"ഈ ജാതിയിലുള്ള മുണ്ടുടുക്കാൻ ജേഷ്ഠത്തിയേക്കാൾ നിങ്ങൾക്കാണു് യോഗ്യതയുള്ളതു്. മുണ്ടു വാങ്ങാൻ നിങ്ങടെ കയ്യിൽ പണമില്ലാത്തതുകൊണ്ടാണു് വാങ്ങാത്തതു് എന്നറിഞ്ഞു നിങ്ങളെ താല്പര്യമുള്ള ഒരാൾ ഇതിനു വില കൊടുത്തിരിക്കുന്നു. അന്യൻ വാങ്ങിയ മുണ്ടു് ഉടുക്കാൻ നിങ്ങൾക്കു വളരെ വിരോധമുണ്ടെങ്കിൽ ഇതിനു വീല കൊടുത്താൾ കേവലം അന്യനല്ലെന്നു നിങ്ങൾ അറിയുന്നതുവരെ വെച്ചിരിക്കു."

പാ—ഇതെന്തൊരാശ്ചര്യം! അകത്തിനുള്ളിൽ മുണ്ടെങ്ങിനെ വന്നു? ഇത്രനാളുകൾ ഈ വീട്ടിനുള്ളിലിരിക്കെ ഈ അകത്തിനുള്ളിൽ എങ്ങിനെ കള്ളൻ കടന്നു? അന്യ

ന്റെ അകത്തു കടന്നാൽ കള്ളൻ വല്ലതും കട്ടുകൊണ്ടു പോകയാണു് ചെയ്യാറുള്ളതു്. ഇവിടെ കള്ളൻ കടന്നാൽ വല്ലതും ഇങ്ങോട്ടു തരികയാണു്! ഇതെന്തൊരു കാലം? എന്തായാലും ഇവിടെ കള്ളന്മാക്കു കടന്നുപോകാൻ പ്രയാസമില്ലെന്നു കണ്ടു സ്ഥിതിക്കു് ഈ വീട്ടിനുള്ളിൽ എങ്ങിനെ കടിയിരിക്കും? പെട്ടിയിൽനിന്നു വല്ല പണ്ടങ്ങളും കട്ടുകൊണ്ടുപോയിട്ടുണ്ടോ എന്നു നോക്കട്ടെ.

എന്നു പറഞ്ഞു പാറുക്കുട്ടിയമ്മ താക്കോലെടുത്തു് ആഭരണപ്പെട്ടി തുറന്നു നോക്കി. അത്യാശ്ചര്യം! അസ്തിപ്രകയും കരഴത്തുപെട്ടിയിൽ ഇരിക്കുന്നു. പേറെ ഉണ്ടായിരുന്ന വിലപിടിച്ച ആഭരണങ്ങൾ ഒന്നും പോയിട്ടുമില്ല. അകം മുഴുവനും നോക്കി. യാതൊരു സാധനവും കളവു പോയിട്ടില്ല.

എഴുത്തിലെ വാചകം:—

"എത്ര സൂക്ഷിച്ചാലും കട്ടുകൊണ്ടുപോകാൻ മിടുക്കുള്ള കള്ളന്മാർ ഇവിടങ്ങളിൽ സഞ്ചരിക്കുന്നുണ്ടെന്നു നിങ്ങൾക്കു ബോധ്യം വരാനാണു് ഇങ്ങിനെ ചെയ്തതു്. അന്നേദിവസം നിങ്ങടെ കൂടെ വന്ന മനുഷ്യൻ ഇച്ചിക്കാവമ്മയുടെ കയ്യിൽനിന്നും പണ്ടം തട്ടിക്കൊണ്ടു പോയതു രണ്ടാളേയും കൊണ്ടു പഠിപ്പിക്കാനും മറ്റും ഉദ്ദേശിച്ചാണു്. വിലപിടിച്ച ആഭരണങ്ങൾ പണയം വെയ്ക്കുമ്പോളും വാങ്ങുമ്പോളും രേഖകൾ വാങ്ങുന്ന നടപടി ഈ പ്രദേശങ്ങളിൽ നിർബ്ബന്ധം ഇല്ലാതായിരിക്കുന്നു. അതു് എത്രയും ആവശ്യമായിട്ടുള്ളതാണെന്നു് ഇപ്പോൾ നിങ്ങൾക്കു ബോധ്യമാ

വന്നിരിക്കുമെന്നു വിശ്വസിക്കുന്നു. നാഗരികത്വം വർദ്ധിക്കുന്തോറും കളവു ചെയ്യുന്നതിൽ യുക്തിയും ധൈര്യവും വർദ്ധിച്ചുവരുന്നുണ്ടു്; കണ്ടാൽ കള്ളനാണെന്നു ലവലേശം തോന്നാത്തവരാണു് വലിയ കള്ളന്മാർ. ഇച്ചിക്കാവമ്മയ്ക്കു കുറെ പണച്ചിലവു വന്നിട്ടുണ്ടു്. ദുരാഗ്രഹത്തിനും സ്ത്രീനായകത്വത്തിനും അത്ര ശിക്ഷ മതി. ഈ ആഭരണത്തിന്റെ വില നിങ്ങൾ വാങ്ങിയതു മടക്കിക്കൊടുക്കുമല്ലോ.

കസവുമുണ്ടിൽ കുഞ്ഞിക്കാവമ്മയ്ക്കു നിങ്ങളെപ്പോലെത്തന്നെ ആഗ്രഹമുണ്ടു്. ഉടുക്കാനുള്ള യോഗ്യതയും അധികമുണ്ടു്. ഒരു ഭർത്താവില്ലാത്തതുകൊണ്ടും അതുപോലെ സ്നേഹിക്കുന്നവരില്ലാത്തതുകൊണ്ടും ആഗ്രഹം ഒതുക്കിവെച്ചിരിക്കയാണു്. മുണ്ടിനുള്ള വില കൊടുത്തു. അതു നിങ്ങളിൽനിന്നു കിട്ടേണമെന്നുള്ള വിചാരമില്ല."

പാ—ഇതെന്തൊരു കൊടുമ? ആ കള്ളനു കുഞ്ഞിക്കാവിന്റെ മേൽ ആഗ്രഹമുണ്ടെന്നുള്ളതു പ്രത്യക്ഷം. കട്ട നടക്കുന്നവൻ കൊതിച്ചിട്ടെന്തു കായ്മ?

എന്നിങ്ങിനെയെല്ലാം ആലോചിച്ചു് ഉണ്ടായ സംഭവം നാരായണമേനോനോടു പറയാൻ തീച്ചയാക്കി പാറുക്കുട്ടിയമ്മ മകളിലേയ്ക്കു പോയി. എല്ലാംകൂടി ഒരു പരിഭ്രമം എന്നല്ലാതെ ഇതെല്ലാം എന്താണെന്നു് ആ സ്ത്രീക്കു മനസ്സിലായില്ല. കുഞ്ഞിക്കാവിന്റെ ഉള്ളിൽ അഗ്നിപർവ്വതങ്ങളുടെ ഉള്ളിലെന്നപോലെ എന്തെല്ലാമോ കിടന്നു് ഉരുകി മറിയുന്നു. ഇതെല്ലാം കേട്ടപ്പോൾ നാരായണമേനോനും ഭ്രാന്തനെപ്പോലെ കുറെനേരം മിണ്ടാതിരുന്നു. നാരായണമേനോൻ കൃഷ്ണൻനായരെ വിളിച്ചു.

നാ-മേ—കേട്ടില്ലേ കൃഷ്ണൻനായരേ?

കൃ-നാ—കേട്ടു. വളരെ ആലോചിക്കാനുണ്ടു്.

നാ-മേ—ആലോചിച്ചിട്ടു് എനിക്കൊരു പിടിത്തവും കിട്ടുന്നില്ല. ഒരു കള്ളൻ വന്നു മുണ്ടും താക്കോലും അസ്ത്രികയും കട്ടുകൊണ്ടുപോയി. അതെല്ലാം ഇതാ മടക്കിത്തന്നിരിക്കുന്നു. ജനനശേഷം ഇങ്ങിനെ ഒരു ദിക്കിലും സംഭവിച്ചതായി ഞാൻ കേട്ടിട്ടില്ല. ഈ ജനങ്ങൾ ഈ വീട്ടിലിരിക്കുമ്പോൾ അകത്തു കടന്നു പെട്ടി തുറന്നു് അസ്ത്രികയും എഴുത്തും അതിൽ വെച്ചു പോകാൻ പുറമെയുള്ളവനു് എളുപ്പത്തിൽ സാധിക്കയില്ല. കള്ളന്മാരുടെ ഒറുകാർ വല്ലവരും ഈ വീട്ടിൽ ഉണ്ടായിരിക്കുമെന്നേ ഊഹിപ്പാൻ വഴിയുള്ളൂ.

കൃ-നാ—ഇവിടുന്നു പറഞ്ഞതു ശരിയാണു്. കേവലം അന്യൻ എന്നു പറയാൻ ഇവിടെ ഞാനല്ലാതെ ആരുമില്ല. ഞാൻ എത്രതന്നെ നിരപരാധിയായാലും എന്നെ നിങ്ങൾ സംശയിക്കുന്നതിൽ എനിക്കു പരിഭവിപ്പാൻ തരമില്ല.

നാ-മേ—ഇപ്പോൾ നിങ്ങളെ സംശയിച്ചതുകൊണ്ടു വിളിച്ചു ചോദിച്ചതല്ല. നിങ്ങളും ഈ വീട്ടിലിരിക്കുന്നതുകൊണ്ടു് ഇതെങ്ങിനെ സംഭവിച്ചു എന്നുള്ളാലോചന ചെയ്വാൻ നിങ്ങളും ചുമതലക്കാരനാണു്.

കൃ-നാ—ഇവിടുന്നാലോചിച്ചിട്ടു കിട്ടാത്ത കാര്യത്തിൽ ഞാൻ ആലോചിച്ചിട്ടെന്താ ഫലം? ഈ ദിക്കിലേയും ഈ വീട്ടിലേയും ആളുകളേയും മറ്റും, ഇവിടുന്നറിയുംപോലെ ഞാനറിയില്ലല്ലോ.

നാ–മേ—നിങ്ങൾ ആലോചിച്ചതേ ഇല്ലേ?

കു–നാ—ആലോചിക്കാഞ്ഞിട്ടല്ല. എന്റെ ആലോചനയിൽ പരസഹായംകൂടാതെ ഒരു കള്ളനും ഇതു സാദ്ധ്യമല്ലെന്നു തോന്നുന്നില്ല. അകത്തിന്റെ താക്കോൽ കള്ളന്റെ കയ്യിലുണ്ടു്. വല്ലവിധവും ഈ വീട്ടിനുള്ളിൽ കടന്നുകൂടിയാൽ എല്ലാവരും ഉറങ്ങുന്ന സമയത്തു് അകം തുറക്കാനും ഇതെല്ലാം ചെയ്യാനും വളരെ പ്രയാസമില്ല. എനിക്കാകപ്പാടെ ആപത്തിന്നിടയിൽ ഒരു ഭാഗ്യമുണ്ടായിട്ടുള്ളതു് ഒന്നും കളവുപോകാത്തതാണു്. വല്ലതും കളവു പോയിട്ടുണ്ടെങ്കിൽ ഈ വീട്ടുകാർ ഒന്നും സംശയിച്ചില്ലെങ്കിലും പൊല്ലീസ്സുകാർ സംശയിക്കും. ഒന്നും പോകാഞ്ഞതു് ഈശ്വരകൃപ.

നാ–മേ—ഇപ്പോൾ നിങ്ങളെ സംശയിക്കാൻ വഴിയുണ്ടെന്നുള്ളതു നിങ്ങൾക്കുതന്നെ ബോദ്ധ്യമല്ലേ? ഞാനോ ഇവിടെ വേറെ വല്ലവരുമോ സംശയിച്ചാൽ യാതൊരു സുഖക്കേടും വിചാരിക്കരുതു്.

ഈ സന്ദർഭത്തിൽ തപാൽശിപായി കടന്നുവന്നു. നാരായണമേനോനു് ഒരു എഴുത്തുണ്ടായിരുന്നു. അതു വാങ്ങി വായിച്ചുനോക്കി.

"നിങ്ങളുടെ അകായിൽ വിളക്കും ആളും ഇല്ലാഞ്ഞതിനാൽ അകം തുറന്നു സാമാനങ്ങൾ വെച്ചിട്ടു പോരാൻ തരംകിട്ടിയതാണു്. സകല ആളുകളും വടക്കുപുറത്തായിരുന്നു. ഊണിന്റെ തിരക്കായിരിക്കാം. വിളക്കില്ലാത്ത സ്ഥിതിക്കു വാതിലെങ്കിലും അടച്ചിട്ടു പോകേണ്ടതായിരുന്നു. മേലിൽ സൂക്ഷിക്കാൻ പറയുമല്ലോ."

ഇങ്ങിനെ ആയിരുന്നു എഴുത്തു്. ഇന്നാൾ അയയ്ക്കുന്നതെന്നു് എഴുത്തിൽ എഴുതീട്ടുണ്ടായിരുന്നില്ല. എഴുത്തിലെ വിവരം കൃഷ്ണൻനായരെ വായിച്ചുകേൾപ്പിച്ചു. രണ്ടുപേർക്കും സമാധാനമായി. ഉണ്ണാൻ വടക്കുപുറത്തു പോകുമ്പോൾ അകായിലെ വാതിലുകൾ അടയ്ക്കാറില്ലെന്നും ചിലപ്പോൾ വിളക്കുംകൂടി വടക്കുപുറത്തേയ്ക്കു കൊണ്ടുപോകാറുണ്ടെന്നും കൃഷ്ണൻനായർ പറഞ്ഞു. ഈ വിവരങ്ങളെല്ലാം കൃഷ്ണൻനായർ സ്ത്രീകളോടു പറഞ്ഞപ്പോൾ എല്ലാവരുടേയും പരിഭ്രമം തീർന്നു.

അദ്ധ്യായം ൻ

ദാസിയോടു മുക്കാനും വാങ്ങി കൂസൽകൂടാതെ ശങ്കുപ്പാക്കാപ്പിള്ളിയിൽനിന്നു പോയി കുറേ നേരം കഴിഞ്ഞപ്പോൾ കല്യാണിയമ്മ മുണ്ടെടുത്തു പെട്ടിയിൽ വെയ്ക്കാൻ വിചാരിച്ചു വെച്ചേടത്തു പോയി നോക്കി. മുണ്ടു കാണാൻ തരമില്ലല്ലോ. സാധാരണ മനുഷ്യരുടെ പതിവുപോലെ വെയ്ക്കാത്ത സ്ഥലങ്ങളിലും നോക്കി. മുണ്ടു പോയി എന്നു തീർച്ചയായി. ശുണ്ഠിയും വ്യസനവും കൂടെസമയത്തുണ്ടായി. ഊഹാപോഹങ്ങൾ വഴി തെറ്റിച്ചു. ജനലിന്നു നേരെ പുറത്തു കോലായിൽ കിടന്നിരുന്ന ദാസിയെ സംശയിച്ചു. ജനൽ തുറന്നും കിടക്കുന്നു. അവളല്ലാതെ മറാരും മോഷ്ടിക്കാൻ സംഗതിയില്ലെന്നു തീർച്ചയാക്കി. അവൾ ഭൈവങ്ങളെപ്പിടിച്ചു് ആണയിട്ടു നിഷേധിച്ചതെല്ലാം നൊണയാണെന്നു തീർച്ചപ്പെടുത്തി. അ

വിധം ചെയ്യാത്തതായ കുറ്റംകൊണ്ടു കൂലി കഴിച്ചു ശമ്പളം കൊടുക്കാതെ പിരിച്ചയച്ചു. അഞ്ചെട്ടു മാസം എല്ലുമുറിയെ ദാസ്യപ്രവൃത്തി ചെയ്തതിനു കിട്ടിയ ഫലം!

വിഷു സമീപിച്ചപ്പോൾ വെളുത്തേടൻ നാണു തീർത്ഥയാത്ര കഴിഞ്ഞു മടങ്ങി. സ്വസ്ഥാനത്തെത്തുന്നതിനു മുമ്പുതന്നെ പ്ലാക്കാപ്പിള്ളിക്കു പോകുന്നതിനു സൌകര്യമുണ്ടായിരുന്നതിനാൽ അവിടെച്ചെന്നു കല്യാണിയമ്മയെക്കണ്ടു.

കല്യാ—നാണു ഇത്ര വേഗം മടങ്ങിയോ?

നാണു—വിചാരിച്ചപോലെ മടങ്ങാൻ സാധിച്ചില്ല. മനുഷ്യന്റെ എല്ലാക്കാര്യവും ഇങ്ങനെതന്നെ. നാമൊന്നു വിചാരിക്കും; ദൈവം വേറെ ഒന്നു വരുത്തും.

കല്യാണി—ഇത്ര വേഗം മടങ്ങിവരുന്നതാണെങ്കിൽ മരുമകന്റെ കയ്യിൽ അലക്കാൻ കൊടുക്കാൻ പറഞ്ഞയയ്ക്കേണ്ടിയിരുന്നില്ല.

നാണു—ഏതു മരുമകന്റെ കയ്യിൽ? നാണു ഒന്നും പറഞ്ഞയച്ചില്ലല്ലോ?

കല്യാ—നീ പറഞ്ഞയച്ചു എന്നു പറഞ്ഞു നിന്റെ മരുമകൻ ഇവിടെ വന്നു് അഴുക്കു കൊണ്ടുപോയി.

നാണു—നാണുവിന്നു് ഒരു മരുമകനുണ്ടാകാൻ ഭാഗ്യമുണ്ടായിട്ടില്ലെന്നു് അമ്മയ്ക്കറിഞ്ഞുകൂടേ?

കല്യാ—ഇതേമാതിരി ഞാനും പറഞ്ഞു. അവൻ മരുമകനാണെന്നു പറഞ്ഞപ്പോൾ കാളീടെ മകനല്ല നാണുന്റെ മകളുടെ സംബന്ധക്കാരനാണെന്നു പറഞ്ഞു. അ

തെനിക്ക നിശ്ചയവുമില്ല. പിന്നെയും വിശ്വസിക്കത്തക്കതായി പലതും പറഞ്ഞു. ഞാൻ അലക്കാനും കൊടുത്തു.

നാണ—നാണുന്റെ മകൾക്ക പന്ത്രണ്ടേ വയസ്സായിട്ടുള്ളു. പട്ടന്മാരെപ്പോലെ ഇത്ര ചെറുപ്പത്തിൽ ഒരു പുരുഷനെ പിടിച്ചുകൊടുക്കുന്ന പതിവു ഞങ്ങളുടെ ജാതിയിലില്ല. ഏതോ ഒരു കള്ളൻ വന്നു പറഞ്ഞുകൊണ്ടുപോയി എന്നാണു തോന്നുന്നതു്.

കല്യാ—എന്നാൽ അവൻ കള്ളനാണു്. അഴുക്ക മുഴുവനും പോയ കൂട്ടത്തിൽ വിചാരിക്കാം. നീ അലക്കിക്കൊണ്ടുവന്നതിൽ ഒരു കസവുമുണ്ടു് ഇവിടെ പാത്തിരുന്ന ദാസി കട്ടുകൊണ്ടുപോയി. രണ്ടു കോടിമുണ്ടു കള്ളന്റെ കയ്യിലുമായി. ഇനി ഒന്നു ഉള്ളു. ഒക്കെക്കൂടി നൂറിലധികം ഉറുപ്പിക നഷ്ടമായി!

നാണ—അമ്മയ്ക്കങ്ങനെ ഈ പോയത്തം പറഞ്ഞോ?

കല്യാ—അവനെ ആദ്യം സംശയിച്ചതന്നെ ബുദ്ധിയില്ലായ്മയായി എന്നാണെനിക്ക തോന്നിയതു്. നിനക്ക തരാനുള്ള കൂലി ബാക്കി ഇത്രയാണെന്നും എത്ര കസവുമുണ്ടു ഞാൻ വാങ്ങീട്ടുണ്ടെന്നും അതിന്റെ വിലയിന്നതാണെന്നും നീ ഭരണിക്ക പോയതും മടങ്ങിവന്നിട്ടു് അലക്കാൻ കൊണ്ടുപോകാമെന്ന നിശ്ചയിച്ചതും വിശേഷിച്ചു് (ആ! നിന്റെ മേൽ വലിയൊരു കുറ്റമുണ്ടു്) വെറുതിലത്തുപ്പായ മുണ്ടു് എനിക്ക കൊണ്ടുവന്ന തരാമോ നാണു? അമ്പലത്തിൽ ഉടുത്തുകൊണ്ടു പോകേണ്ടതല്ലേ? നിനക്കിത്ര അറിഞ്ഞുകൂടേ?

നാണ്—പൊറിലത്തുപ്പായതും മറും നാണ കൊണ്ടുവന്നതരില്ല. കാലും മുഖവും കഴുകി ഭസ്മക്കുറിയിട്ടല്ലാതെ നാണ മടക്കിത്തല്ലാനിരിക്കാറില്ല. ഇതാരോ പറഞ്ഞു. ഇനി വ്യസനിച്ചിട്ടെന്താ കായ്യം? നാണ ഇപ്പോൾ പോകട്ടെ.

കല്യാ—കൊണ്ടുപോയതു കള്ളനാണെങ്കിൽ ഇനി ഉടുക്കാനുള്ളതെല്ലാം കോടി വാങ്ങീട്ടവേണം.

നാണ ഓരോന്ന വിചാരിച്ചുകൊണ്ട് അന്നിക്കരയ്ക്കു നടക്കുമ്പോൾ കല്യാണിയമ്മയെ തോല്പിച്ച കള്ളൻ ശങ്കുവായിരിക്കുമെന്ന തോന്നി. ശങ്കുവിനോട് വേണ്ടതും വേണ്ടാത്തതും താൻ പറയുകകൊണ്ടാണ് കള്ളനു കക്കാൻ തരം കിട്ടിയതെന്ന നാണ ധരിച്ചുവെങ്കിലും തന്റെ കൂടെപ്പിറപ്പായ അതിരോഷണം ഒരു ദോഷമാണെന്ന വിചാരിച്ചില്ല. വിഷുത്തലേന്നാളായതുകൊണ്ടു കോട്ടയിലെ വീട്ടിൽ അലക്കു കൊണ്ടുപോയി കൊടുക്കേണ്ടതാണല്ലോ. അതിനു വേണ്ട ശ്രമങ്ങൾ ചെയ്തു. വിഷുവിനു തലേദിവസം നാണ കോട്ടയിലെ വീട്ടിൽ ചെന്ന കൊടുത്തുമടങ്ങിപ്പോയ മദ്ധ്യത്തിൽ പ്ലാക്കാപ്പിള്ളിയിൽ ഒരു കള്ളൻ ചെന്ന മണലിൽ വിരിച്ചിരിക്കുമ്പോൾ പാറുക്കുട്ടിയമ്മ കണ്ടു ചോദിച്ച കസവുമുണ്ടും മറും കൂട്ടികൊണ്ടുപോയി എന്നും മറും പറഞ്ഞു. നാണ വരുന്നതിനുമുമ്പ് ഒരുവിധം സമാധാനത്തോടുകൂടിയിരുന്ന പാറുക്കുട്ടിയമ്മയുടെ മനസ്സു പിന്നെയും ഇളകി. കുത്തിക്കോവിന്റെ ചില വികാരങ്ങൾക്കു ഭംഗം എന്താണെന്ന കാണാൻ ആക്കം കഴിഞ്ഞില്ല. "കസവുമുണ്ടു കൂട്ടികൊണ്ടുവന്ന മുണ്ടാണോ ചോ

ച്ചി?'' എന്നു രണ്ടുമൂന്നു തവണ ചോദിച്ചു. ചിലപ്പോൾ കോപവും ചിലപ്പോൾ ലജ്ജയും ചിലപ്പോൾ ദുഃഖവുമായി ആ സുന്ദരിയുടെ മുഖത്തിന്റെ ചന്തം കെടുത്തു.

കുഞ്ഞിക്കാവിന്റെ മുഖം മങ്ങിത്തുടങ്ങിയതുപോലെ അന്നിക്കരയിലെ ആകാശത്തിലും മേഘങ്ങൾ നിറഞ്ഞു മൂടലുണ്ടായിരുന്നു. നാണു കോട്ടയിൽ വന്നു മുണ്ടുകട്ട മുതലാണെന്നു വിളമ്പിയതിന്റെ പിറ്റേദിവസം വിഷുവായിരുന്നു. വലിയൊരു തളികയിലരിയും വെള്ളരിക്ക ചെറുനാരങ്ങ വഴുതിനിങ്ങ പഴം എന്നീ നാലു സാധനങ്ങളും ഒരു നാളികേരത്തിന്റെ രണ്ടു മുറിയിലും രാജമാഷവും കണിക്കൊന്നപ്പൂവും ഒരു നോട്ടത്തിനു കാണുമാറായി. നവരത്നങ്ങളും നവധാന്യങ്ങളും എല്ലാം ചേരുന്നപടി രചിച്ചുവെച്ചും അലങ്കരിയ വസ്ത്രം ഞൊറിഞ്ഞല്പം വിടത്തി മദ്ധ്യത്തിൽ ഒരു ഉപ്പണവും അതിനു മുമ്പിൽ രാമായണഗ്രന്ഥം മലത്തിവെച്ചതും ഇരുന്നു നോക്കുന്നവനു് എതിരിലാകത്തക്കവണ്ണം വെച്ചും ഒരുക്കൂട്ടീട്ടുള്ളതാണു് അന്നിക്കരയിലെ കണി. വഷ്ടാരംഭദിവസം ഉണ്ടാകുന്ന ഫലം അവസാനംവരെ ഉണ്ടാകുമെന്നുള്ള വിശ്വാസത്തിനാലാണു് മലയാളികൾ വിഷുസംക്രമദിവസം രാത്രി ഉണർന്നു കൺമിഴിച്ചു മറ്റൊന്നിലും നോക്കാതെ കാലും മുഖവും കഴുകി ഭസ്മം ധരിച്ചു് അലക്കിയ മുണ്ടുടുത്തു തപ്പിത്തടഞ്ഞു കണിയുടെ മുമ്പിൽ ചെന്നിരുന്നു കണിയിൽ നോക്കുന്നതു്. അന്നേദിവസം വല്ലതും കിട്ടിയാൽ സംവത്സരാവസാനംവരെ ലാഭമുണ്ടാകുമെന്നുള്ള വിശ്വാസത്തിനാലാണു് വിഷുക്കണിനട്ടം എന്നു പേരായ ഒരു സമ്മാനം

കാരണവന്മാർ അനന്തിരവന്മാക്കും അച്ഛൻ മക്കൾക്കും കൊടുക്കുക പതിവായിട്ടുള്ളതു്.

അന്യമുഖാവലോകനത്തേക്കാൾ തന്റെ മുഖം നോക്കുന്നതു ശുഭകരമാണെന്നു വിചാരിച്ചിട്ടാണല്ലോ കണിയിൽ കണ്ണാടി വെയ്ക്കുന്നതു്. നാണം വന്നു പറഞ്ഞ വത്തമാനത്താൽ കലങ്ങിക്കൊണ്ടിരിക്കുന്ന തന്റെ മുഖം ആദ്യമായി കാണുന്നതു ശുഭമായി വരില്ലെന്നു വിചാരിച്ചു കുഞ്ഞിക്കാവു് അന്നേദിവസം കണ്ണാടി നോക്കാതെയാണു് കണികണ്ടതു്. വിഷുദിവസം സൂര്യാസ്തമനംവരെ മൂടലായിരുന്നു; കുഞ്ഞിക്കാവിന്റെ മുഖത്തിന്നും.

അസ്തമനത്തിന്നുശേഷം സാധാരണ പതിവുപോലെ അന്നിക്കരയിലുള്ള ജനങ്ങളെല്ലാം അവരവരുടെ വീടുകളിൽ പോയി വങ്കുളത്തിന്റെ ഭാഗത്തുള്ള വാതിലുകളും ജനലുകളും തുറന്നു് അത്താഴത്തിന്നും ഉറക്കത്തിന്നും ശ്രമങ്ങൾ തുടങ്ങി. ചീരുക്കളായ ഫലിനങ്ങളും മുയലുകളും മലഞ്ചെരിവുകൾ വിട്ടു് അന്നിക്കരമദ്ധ്യത്തിലുള്ള വയലുകളുടെ വരമ്പുകളിൽ മനസ്സമാധാനത്തോടുകൂടി ലാത്താൻ തുടങ്ങി. ക്ഷീണമൊഴികെയുള്ള പക്ഷികളെല്ലാം അന്നിക്കരക്കാരെപ്പോലെതന്നെ തരുകോടരങ്ങളിൽ അധിവാസം തുടങ്ങി. ഉന്നതങ്ങളായ മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന അന്നിക്കരയിൽ ഇരുൾ നിറഞ്ഞപ്പോൾ ആ പ്രദേശം ക്ഷണദാഗണികയുടെ മഷിയളക്കുന്നപോലെ നേത്രാനന്ദകരമായിരുന്നു. വലത്തുകയ്യിൽ ഒരു കയ്ത്തോക്കും ഇടത്തുകയ്യിൽ വിദ്യുച്ഛക്തികൊണ്ടുള്ള ഒരു പന്തവും ചിടിച്ചു തലതാഴ്ത്തിക്കണ്ണു തുറിച്ചുനോക്കി നടന്നും ചില

പ്പോൾ കൊള്ളിപ്പിശാചിനെപ്പോലെ വമ്പിലേയ്ക്കു തിരി
ച്ചു വൈദ്യതപ്പന്തം മിന്നിച്ചും മനുഷ്യവർഗ്ഗത്തിൽ ഏകൻ
മാത്രം ആ പാടത്തു നടന്നിരുന്നു. ആയാൾ വങ്കുളത്തിലെ
ത്തിയപ്പോൾ വെള്ളത്തിലിറങ്ങി ആ കുളത്തിലുണ്ടായിരു
ന്ന ഒരു വെറിയ പാറയുടെ മേലിരുന്നു. വൈദ്യുതപ്പന്ത
ത്തെ കോട്ടയിലേയ്ക്കു തിരിച്ചു മൂന്നു മിന്നൽ മിന്നിച്ചു.
കോട്ടയിലെ വീട്ടിൽനിന്നു് ഒരു തിപ്പെട്ടിക്കോൽ കത്തി
യടങ്ങി. കോട്ടയിലെ വീട്ടിൽനിന്നു് ഒരാൾ ഇറങ്ങി വങ്കു
ളത്തിലേയ്ക്കു നടക്കുന്നു. വങ്കുളത്തിന്റെ കരയിൽനിന്നു്
'ആമ്പൽ' എന്നൊരു ശബ്ദവും ആ ശബ്ദംതന്നെ ഒരു പാ
റയിൽ ചെന്നലച്ചു മാറ്റൊലിയായി പുറപ്പെട്ടപോലെ
വങ്കുളത്തിലെ ഒരു പാറയിൽനിന്നു് 'ആമ്പൽ' എന്ന ശ
ബ്ദവും കേട്ടു.

ശങ്കുവും കൃഷ്ണൻനായരുമായിരുന്നു.

ശങ്കു—എന്താ വരാൻ പറഞ്ഞതു്?

കൃഷ്ണ—ഇവിടെ കായ്മൊക്കെത്തകരാറായി. ഒരു വെളു
ത്തേടൻ നാണു ഇന്നലെ വന്നു മുണ്ടു പ്ലാക്കാപ്പിള്ളിലെ
യാണെന്നും കട്ട മുതലാണെന്നും ആ മുണ്ടു വില്പാൻ
കൊണ്ടുവന്നവൻ മഹാകള്ളനാണെന്നും പറഞ്ഞു. ഇ
വിടെ തലയും തിരിഞ്ഞു. പക്ഷേ വ്യസനത്തിന്റെ
കൂടെയാണു് വെറുപ്പിനെ കണ്ടതു്.

ശങ്കു—ഇതു മുമ്പിൽക്കൂട്ടി കണ്ടു പ്രവർത്തിക്കാമായിരുന്നു.
അല്പം തൊറിപ്പായി. ഇനി എന്താ നിവൃത്തി?

കൃഷ്ണൻ—ഇനി എന്തു ചെയ്താലും കായ്മുണ്ടെന്നു തോന്നു
ന്നില്ല. ഇതു വലിയൊരു ചളിതന്നെ.

ശങ്കു—അങ്ങിനെ വിചാരിക്കേണ്ട. ഉദ്യമംകൊണ്ടു സാധിക്കാത്തതു് ഒന്നുമില്ല. സംശയത്തിന്നിടകൊടുക്കാതെ കഴിയുന്ന യത്നം ചെയ്ക.

കൃഷ്ണ—ഞാൻ എന്താ ചെയ്യേണ്ടതു് എന്നുള്ളതിലാണെനിക്കുപദേശം വേണ്ടതു്.

ശങ്കു—അതു സമയോചിതംപോലെ തനിക്കു തോന്നുമെന്നുള്ള വിശ്വാസത്തിന്മേലല്ലേ തന്നെ അയച്ചിരിക്കുന്നതു്.

കൃഷ്ണ—അങ്ങിനെ ചെയ്യേണ്ടതു ചെയ്യുന്നുണ്ടു്. ഉദ്ദിഷ്ടഫലപ്രാപ്തി വേഗത്തിൽ കാണാതാകുമ്പോൾ പ്രയോഗസാമർത്ഥ്യം പോരാഞ്ഞിട്ടോ എന്നു തോന്നുകയാണു്.

പിന്നെക്കാണാമെന്നു പറഞ്ഞു ശങ്കുവും കൃഷ്ണൻനായരും തമ്മിൽ പിരിഞ്ഞു. ശങ്കു പ്ലാക്കാപ്പിള്ളിക്കാരുടെ മുണ്ടെല്ലാം സംഘത്തിൽനിന്നലക്കിയതിനെ കണക്കുപോലെ എണ്ണിക്കെട്ടി. കുറവുള്ള കുസവുമുണ്ടിന്നു വിലയും കൊടുത്തു സംഘത്തിലെ കുട്ടൻ എന്ന ഒരു സരസനെ അയച്ചു. അവൻ പ്ലാക്കാപ്പിള്ളിയിൽ ചെന്നു കല്യാണിയമ്മയെക്കണ്ടു.

കുട്ടൻ—നിങ്ങടെ വെളുത്തേടൻ നാണുവിന്റെ ഇല്ലാത്ത മരുമകന്റെ ആളാണു്. നിങ്ങൾ കളവുപോയി എന്നു പറഞ്ഞ മുണ്ടുകൾ അലക്കിക്കൊണ്ടു ചെന്നിരിക്കയാണു്.

കല്യാ—അവൻ നാണുന്റെ മരുമകൻതന്നെയാണോ?

കുട്ടൻ—ഇപ്പോൾ നാണു പറയുന്നതു് അല്ല എന്നല്ലേ?

നിങ്ങളും അല്ല എന്നു വിചാരിച്ചുകൊള്ളിൻ. പക്ഷേ നിങ്ങൾ മുണ്ടു കളവുപോയി എന്നും മറും പറയേണ്ടാ വശ്യമില്ല. ഒരു കസവുമുണ്ടു പേരെ ഒരാൾ എടുത്തിട്ടു വില തന്നയച്ചിട്ടുണ്ടു്. നിങ്ങൾക്കു മുണ്ടുതന്നെ വേണമെങ്കിൽ ഏതു വിധവും കൊണ്ടുവന്നു തരാം.

കല്യാ—എനിക്കു വില കിട്ടിയാലും മതി.

കല്യാണിയമ്മ കണക്കു കൊണ്ടുവന്നു നോക്കിയപ്പോൾ എല്ലാം കൃത്യമായിരിക്കുന്നു. കുട്ടൻ മുണ്ടിന്റെ വിലയും എണ്ണിവെച്ചു. അലക്കുകൂലി ആവശ്യമില്ലെന്നും അതു കല്യാണിയമ്മയോടു വാങ്ങിയാൽ അതിനുവേണ്ടി നൊണ പറഞ്ഞു വന്നാളാണെന്നു നാണു വന്നു പറയുമെന്നും കുട്ടൻ പറഞ്ഞപ്പോൾ കല്യാണിയമ്മ പരിഭ്രമിച്ചുവശായി. വളരെക്കാലമായി പരിചയിച്ചറിഞ്ഞിട്ടുള്ള നാണുവിനേയോ വിശ്വസിക്കേണ്ടതു് കഴുത്തറുത്തുകാണിക്കുന്ന കൺകെട്ടുകാരനേയോ? എന്തായാലും തന്റെ മുതലൊന്നും പോകാതെ കഴിഞ്ഞുവല്ലോ എന്നു വിചാരിച്ചു സന്തോഷിച്ചു. ബാക്കിയെല്ലാം വിചാരിയാതെ തിരിയെ കിട്ടിയപ്പോൾ ദാസി കട്ടകൊണ്ടു പോയതുംകൂടി കിട്ടിയാൽ കൊള്ളാമെന്നാഗ്രഹമായി.

കല്യാ—എടോ വെളുത്തേടൻ! ഇതിന്റെ ഇണമുണ്ടു് ഇവിടെ പാത്തിരുന്ന ഒരു ദാസി കട്ടകൊണ്ടുപോയി. വല്ല വഴിയും അലക്കാൻ തന്നാൽ കണ്ടുപിടിക്കണം.

കുട്ടൻ—നിങ്ങൾ കൊടുത്തതല്ലേ? മുണ്ടു സ്വാധീനത്തിൽ വന്നിട്ടുണ്ടു്. കട്ട മുതലാണെന്നറിഞ്ഞില്ല. വില കിട്ടിയാൽ മതിയെങ്കിൽ ഞാൻ വാങ്ങിത്തരാം. കൂട്ടവും

വ്യവഹാരവുമുണ്ടെങ്കിൽ എന്നെക്കൊണ്ടൊന്നും കഴി
യില്ല.

കല്യാ—വെറുതെ പോയി എന്നു വിചാരിച്ചുകൊണ്ടിരി
ക്കുമ്പോൾ വില തരാമെന്നു പറഞ്ഞാൽ ആരെങ്കിലും
വേണ്ടാ എന്നു പറയുമോ? വില കിട്ടിയാൽ മതി.

കുട്ടൻ—എന്നാൽ ഇതാ പിടിക്കിൻ. ആരെങ്കിലും ഇതി
നെപ്പറ്റിച്ചോദിച്ചാൽ ഞാൻ വിലയ്ക്കു വിറ്റതാണെന്നു
മാത്രമേ പറയാവൂ.

കല്യാ—പറയുള്ളൂ. വില കൊണ്ടുവാ.

കുട്ടൻ വില എണ്ണിക്കൊടുത്തു. താൻ തുമ്പുണ്ടാക്കി
ക്കൊടുത്തതിനു സമ്മാനം വേണമെന്നാവശ്യപ്പെട്ടു. കു
ല്യാണിയമ്മ എട്ടണ കൊടുത്തു. കിട്ടിയതു കല്യാണമെ
ന്നു വിചാരിച്ചു കുട്ടൻ അതു വാങ്ങി. വല്ലവരും ചോദി
ച്ചാൽ താൻ വിലയ്ക്കു വിറ്റതാണെന്നു മാത്രമേ പറയുള്ളൂ
എന്നു പിന്നെയും ശട്ടംകെട്ടി കുട്ടൻ പ്ലാക്കാപ്പിള്ളിയിൽ
നിന്നു പോയി. കുറെ സമയം കുട്ടനു് ഈ സംഖ്യ കിട്ടാ
തെയാണു് വന്നതെങ്കിൽ തിരിയെക്കൊടുക്കേണമെന്നു ശ
ട്ടംകെട്ടി. ഇങ്ങിനെ ശട്ടംകെട്ടിയതു കുട്ടൻ കേവലം ഒരു
മദ്ധ്യസ്ഥനാണെന്നു വിചാരിക്കാൻവേണ്ടി ചെയ്തതാണെ
ന്നു പ്രത്യക്ഷമാണല്ലോ. കുട്ടൻ പ്ലാക്കാപ്പിള്ളിയിൽനിന്നു
പിരിഞ്ഞുപോയതിന്റെ ശേഷം കല്യാണിയമ്മയ്ക്കു് എ
ന്തോ നിധി കിട്ടിയപോലുള്ള സമാധാനമായി.

—:o:—

അദ്ധ്യായം ൫൦

പാറുക്കുട്ടിയമ്മ—കേട്ടില്ലേ കുഞ്ഞിക്കാവേ ഇത്രയൊക്കെ ലഹള യുണ്ടാക്കിയ മുണ്ട പ്ലാക്കാപ്പിള്ളിയിൽനിന്നു കട്ടുകൊണ്ടു പോയതാണത്രേ. ഒന്നിനു രണ്ടു്! അവനു് എത്തായാലും വെറുതെ കിട്ടിയതല്ലേ?

കു—എനിക്കു നാണു പറയുന്നതു് അത്ര വിശ്വാസമായി തോന്നുന്നില്ല. കട്ട മുതലാണെങ്കിൽ നമുക്കു വെറുതെ തരണമെന്നുണ്ടോ? തനിക്കുതന്നെ വേണമെന്നു വിചാരിച്ചിട്ടല്ലേ കൊടുക്കണതു്?

പാ—ഇവിടുന്നു കൊണ്ടുപോയതെല്ലാം മടക്കിത്തന്നതു കൊണ്ടു മുതലിന്നത്രേ ആശ്രമമുള്ള കള്ളനല്ല.

കു—അതു മാത്രമോ? കള്ളൻ അകത്തു കടന്നിട്ടില്ലേ? പെട്ടി തുറന്നിട്ടില്ലേ? ആഭരണം ഒന്നെങ്കിലും പോയിട്ടുണ്ടോ?

പാറു—കട്ട മുതലല്ലെന്നു വിചാരിക്കുന്നതായാലും ഇവിടെ ഇയ്യിടയിൽ ഉണ്ടായ മാതിരി ലോകത്തിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? പക്ഷേ ഉണ്ടായിരിക്കാം. ലോകത്തിൽ നടക്കുന്നതു് അന്നാക്കരയിലിരിക്കുന്ന നമ്മളെന്തറിയും? ഇങ്ങിനെയൊക്കെ ഉണ്ടായതു നമുക്കു പുതിയ സംഭവമാണു്. ഒരു പ്രവൃത്തിയുടേയും ഉദ്ദേശം ശരിയായി വെളിപ്പെടുന്നില്ല. നമുക്കു പാഠം പഠിയാൻവേണ്ടി ഒരാൾ ഈ കളവുകളെല്ലാം ചെയ്യുമോ? അയാൾ എന്തിനൊരിക്കൽ കട്ടു? പിന്നെ എന്തിനു മടക്കിത്തന്നു? ആൾമാറാമായി നിന്നൊക്കുണ്ടറിയാൻ പുണ്യവനായിരിയ്ക്കുമോ എന്നു ഞാൻ ശങ്കിക്കാതിരുന്നില്ല.

ആന്തരത്തിൽ നിന്നെ ഭർത്താവായി വരാൻ വിചാരി ക്കുന്നവൻ ഒരു മഹാകള്ളനാണെന്നു നിന്നെ ആദ്യം ധരിപ്പിക്കാൻ നോക്കുമോ?

കു—കണ്ടുപിടിച്ചാലോ എന്നുള്ള ഭയം ആയാൾക്കു് ഒരു പ്രവൃത്തിയിലും കാണുന്നില്ല. കള്ളനല്ലെന്നു് എനിക്കു ചിന്നോയും തോന്നുന്നു.

പാ—എന്നോട്ടു നൊണ പറയരുതു്. നിയ്യും അപരനുമായി വല്ല സംഭാഷണവും നടന്നിട്ടുണ്ടോ?

കു—ഉണ്ടായതൊക്കെ ഞാൻ അന്നുതന്നെ, ചേച്ചിയോട്ടു പറഞ്ഞില്ലേ?

പാറു—ചില നോട്ടങ്ങളും ഭാവങ്ങളും ഒക്കെ ഇല്ലേ? അങ്ങിനെ വല്ലതും ഉണ്ടായിട്ടുണ്ടോ?

കു—ആ കളരിയിൽ ഞാൻ അഭ്യസിച്ചിട്ടില്ല. (ചിരിച്ചു)

പാറു—ഇതൊക്കെ പെണ്ണായി ജനിച്ചാൽത്തന്നേ ഉണ്ടാകുന്നതാണു്. ആരും പഠിപ്പിക്കേണ്ടാവശ്യമില്ല. ആരും പഠിപ്പിക്കാറുമില്ല. ആദ്യം നിന്നെ ആശയുണ്ടായിരുന്നില്ലെന്നും പിന്നെ ഉണ്ടായതാണെന്നും അതിൽ എന്തോ നീ അനുകൂലമായി പ്രവർത്തിച്ചിട്ടുണ്ടെന്നും തോന്നുന്നു.

കു—മനഃപൂർവ്വമായി ഞാൻ ഒന്നും ചെയ്തിട്ടില്ല.

പാറു—നിന്റെ മനസ്സിൽ തോന്നിയതിനെ നീ മറയ്ക്കാൻ ശ്രമിച്ചിട്ടുണ്ടോ?

കു—അതും ഇല്ല.

പാറു—എന്നാൽ അതു മതി. നിന്റെ മനസ്സിലുള്ളതു മുഖം നോക്കിയാൽ എനിക്കറിയാം. അതുപോലെ ആ

യാൾ യോഗ്യനാണെന്നു നിനക്കു തോന്നിയതിനെ ആ
യാൾ നിന്റെ മുഖം നോക്കി വായിച്ചിട്ടുണ്ടാകും.

കു—അങ്ങിനെ ചെയ്യുന്നതായാൽ അതു ഞാൻ വിചാരി
ച്ചാൽ തടുക്കാൻ കഴിയുന്നതല്ലല്ലോ.

ചാ—നീ വിചാരിച്ചാൽ തടുക്കാൻ കഴിയുമെന്നോ തടുക്കാ
തിരുന്നു എന്നോ ഞാൻ കുറ്റം പറയുന്നില്ല. നിനക്കു
ആയാളെപ്പറ്റി എത്രത്തോളം തോന്നി എന്നറിയാൻ
വേണ്ടി ചോദിച്ചതാണു്.

കു—ചേച്ചി അതും മുഖം നോക്കി വായിച്ചുകൊള്ളൂ.

ചാറു—അതും ചെയ്യു. എന്നിട്ടും മഹായോഗ്യന്മാരെല്ലാം
കിട്ടില്ലെന്നു വിചാരിച്ചു ശമിച്ചിരിക്കുമ്പോൾ യോഗ്യത
യുള്ള എന്റെ അനുജത്തിയ്ക്കു ഒരു കള്ളന്റെ മേൽ
ആശ ചെല്ലില്ലെന്നു വിചാരിച്ചാണിരിക്കുന്നതു്.

കു—കള്ളന്റെ മേൽ ആശ ചെന്നിട്ടില്ല.

ചാറു—പിന്നെ എന്തിനാ തരം കിട്ടുമ്പോളെല്ലാം അവൻ
കള്ളനല്ല എന്നു നീ പറയുന്നതു്?

കു—ഇപ്പോൾ ചേച്ചിക്കെന്താ ബോദ്ധ്യം? ആ ബോദ്ധ്യം
എനിക്കു കുറെ നേരത്തെ ഉണ്ടായി? അത്രമാത്രമേ ഉള്ളൂ.

ചാറു—അതങ്ങിനെ നേരത്തെ ഉണ്ടാവാനുള്ള കാരണത്തി
ലാണെനിക്കു വ്യസനം.

കു—യോഗമില്ലാത്തതിൽ മനസ്സു ചെല്ലില്ല. മനസ്സു ചെ
ന്നാൽ അതു യോഗമാണെന്നു വിചാരിക്കയല്ലാതെ മ
റ്റെന്തു നിവൃത്തി?

ചാറു—ആഭിജാത്യംകൊണ്ടും മറ്റും നമുക്കു യോജിപ്പില്ലാ
ത്ത വിഷയത്തിൽ മനസ്സു ചെല്ലാതിരിക്കുന്നതു വളച്ചു

പോലെയിരിക്കും. നിന്റെ മനസ്സു ദുസ്സംസർഗ്ഗത്തിലേയ്ക്കായാൽ അതിന്റെ കുറ്റം എനിക്കാണു്.

കു—'സത്സംഗകാംക്ഷ വിചികിത്സിതങ്ങളിൽ ചിത്തവൃത്തിയതുതാൻ പ്രമാണമാം' അല്ലാതെ മനുഷ്യനു മറ്റൊന്നാശ്രയം? ഒരാളോടു ചോദിച്ചു നടക്കാമെന്നു വിചാരിക്കുന്നപക്ഷം അന്യനു കായ്കാകായ്കോപദേശം ചെയ്യുന്നതിനു യോഗ്യതയുള്ളവർ അന്നിക്കരയിൽ ആയിരത്തിലൊന്നു്. അതിൽത്തന്നെ തന്റെ കായ്കംപോലെ മനസ്സിരുത്തി ദീർഘാലോചന ചെയ്യുന്നവർ ഉണ്ടോ എന്നതുതന്നെ സംശയമാണു്. അതിനുംപുറമെ നമ്മുടെ കായ്കയും സ്ഥിതിയും നമ്മെപ്പോലെ വേറേ ആൾക്കു അറിഞ്ഞുകൂടാ. ഈ സ്ഥിതി മറ്റൊരാൾക്കു വന്നാൽ എന്തു ചെയ്യേണമെന്നു നാം ഉപദേശിക്കുമോ അതുതന്നെ നാം പ്രവർത്തിക്കുന്നതു പരോപദേശലാഭത്തിനായി വിചാരിച്ചു എടുക്കുന്നതിലും നല്ലതാണു്.

പാ—അവൻ കള്ളനോ നാണംകൊണ്ടു പറഞ്ഞതോ എന്നൊക്കപ്പത്തിൽ അറിയാൻ വഴിയുണ്ടായിരിക്കേ സംശയം എന്തിനു വെച്ചിരിക്കുന്നു? ഈ മുണ്ടുകളും കൊട്ടത്തു പ്ലാക്കാപ്പിള്ളിക്കു് ഒരാളെ അയച്ചാൽ സകലവർത്തമാനവും കിട്ടും. ഒരെഴുത്തയച്ചു നോക്കട്ടെ.

എന്നു പറഞ്ഞു പാറുക്കുട്ടിയമ്മ എഴുത്തെഴുതാൻ ശ്രമം തുടങ്ങി. കുഞ്ഞിക്കാവിന്റെ ഹൃദയം കുറെ വേഗത്തിൽ അടിച്ചുതുടങ്ങി. ഇതെന്തിനു്? കള്ളനായാൽ മനസ്സിൽനിന്നു സകല വിചാരവും നേത്തേ കളയാം. കള്ളനല്ലെങ്കിൽ ഇപ്പോൾ ഇടയ്ക്കിടെ അനുഭവിച്ചുവരുന്ന പ്രേ

മലഹരിയിൽ നിബ്ബാധമായി കിടന്നുരുളാം. കായ്യം ഇ
ങ്ങിനെയാണെങ്കിലും പ്രകൃത്യാ കാതരമായ മനസ്സിന്നു
ഒരു വൃഥാഭയം. എഴുത്തിലെ വാചകം ഇങ്ങിനെയായി
രുന്നു.

ശ്രീ അന്നിക്കര

ഇതുസഹിതം അയയ്ക്കുന്ന രണ്ടു കസവുമുണ്ടുകൾ രണ്ടു
വഴിക്കു് ഇവിടെ കിട്ടിയതാണു്. ഇതുകൾ നിങ്ങടെ കു
ളവു പോയ മുണ്ടുകളാണെന്നു കേട്ടു. അതു വാസ്തവമാണെ
ങ്കിൽ ഈ മുണ്ടുകളെ വാങ്ങിവെച്ചു വിവരത്തിന്നു ഒരു
മറുപടി തന്നാൽ മതി. കട്ട മുതലല്ലെങ്കിൽ ആ വിവരം
മറുപടിയിൽ എഴുതി മുണ്ടുകളെ മടക്കി അയയ്ക്കുവാനപേക്ഷ.

പാറുക്കുട്ടി.

കട്ട മുതലല്ല. മുണ്ടുകളുടെ വില ഞാൻ
വാങ്ങിപ്പോയി. ഇനി നിങ്ങൾതന്നെ
ഉടുത്തുകൊള്ളുവിൻ. —കല്യാണി.

ഇവിടെനിന്നയച്ച എഴുത്തിൽത്തന്നെ കല്യാണിയ
മ്മ തൽക്ഷണം മറുപടി അയച്ചു. ഈ മറുപടി കണ്ട
പ്പോൾ കുഞ്ഞിക്കാവിന്നു് അളവറ്റ സന്തോഷമുണ്ടായി.
മറുപടി സന്തോഷപ്രദമായിരുന്നുവെങ്കിലും പാറുക്കുട്ടിയ
മ്മയ്ക്കു കുഞ്ഞിക്കാവിന്റെ സന്തോഷാധിക്യം മഹാശല്യ
മായിരുന്നു.

പാറു—നിനക്കെന്തോ കുഞ്ഞിക്കാവേ ഇത്ര സന്തോഷം?

കു—അതോ, ചേച്ചി എപ്പോഴും പറയാറില്ലേ ഞാൻ ആ
ളെ അറിയാൻ ബുദ്ധിയില്ലാത്തവളാണെന്നു്? ഇ
പ്പോൾ ഞാൻ പറഞ്ഞതല്ലേ ശരിയായതു്?

പാറു—നിനക്കു പ്രത്യേകിച്ചു വല്ല കാരണവും ഉണ്ടായിരിക്കും. ഏതാ കണ്ടു?

കു—പ്രത്യേകിച്ചു് ഒരു കാരണവുമില്ല. ഉണ്ടെങ്കിൽ ഞാൻ പറയാതെതന്നെ ചേച്ചി അറിയും; പറയാഞ്ഞാലും ചേച്ചി മുഖം നോക്കി വായിക്കുമല്ലോ.

പാറു—വരാം ഫലം വഴിയിൽ തങ്ങില്ല. ദൈവം വരുത്തുന്നതൊക്കെ നല്ലതാണെന്നു സമാധാനിച്ചു സഹിക്കേണ്ടതാണ്. മിക്ക സംഭവങ്ങളും ഭാവിച്ചപോലെയല്ലല്ലോ ഭവിക്കുന്നതു്. യൌവനവും ധനസമ്പത്തിയും നാട്ടിൽ പ്രമാണിത്തവും മികന്ന സൌന്ദൎയ്യവും കൊടുത്തു വളരെ ശ്രദ്ധയോടെ സൃഷ്ടിച്ചതായി കാണുന്ന എന്റെ ഭാഗ്യത്തിക്കു കള്ളരിൽ അനുരാഗം ചെല്ലാനാണ് ശിരസ്സിലെഴുത്തെങ്കിൽ അതു ഞാൻ വിചാരിച്ചാൽ തടുക്കാൻ കഴിയുമോ? എല്ലാം കുലദൈവങ്ങൾ കാത്തു രക്ഷിക്കട്ടെ. കുഞ്ഞിക്കാവേ! ഒരുത്തനെ ഭൎത്താവായി എടുക്കുന്നതിന്നുമുമ്പെ, സന്തതി ഉണ്ടായാൽ നന്നായിരിക്കുമോ, ഉണ്ടാകുന്ന സന്താനങ്ങളെ രക്ഷിപ്പാൻ ശക്തിയുള്ളവനോ, നിത്യസുഖത്തിന്നു ഹാനിയുണ്ടോ എന്നിങ്ങിനെ മൂന്നു കാൎയ്യങ്ങൾ വെടിപ്പായി ആലോചിച്ചിട്ടു ബുദ്ധിയുള്ളവർ പ്രവൎത്തിക്കുള്ളു. കണ്ടാൽ നന്നു് എന്നു വിചാരിച്ചു ചാടുന്ന പെണ്ണുങ്ങൾക്കു പാററയുടെ ഗതിയാണു്. ഇത്രമാത്രമേ ബുദ്ധിയുള്ളവൎക്കു പറഞ്ഞുകൊടുക്കേണ്ടാവശ്യമുള്ളു. ആലോചിച്ചു ചെയ്തു കൊള്ളൂ.

കോട്ടയിലെ വീട്ടിൽ അനവധി ജനങ്ങളുണ്ടായിരിക്കെ ആരുമറിയാതെ ശരം പാറുക്കുട്ടിയമ്മയുടെ അകത്തു

കടന്നുപോയപോലെ കുഞ്ഞിക്കാവുംകൂടി അറിയാതെ ആ സ്ത്രീയുടെ അകത്തുംകൂടി പ്രവേശിച്ചു; പുറത്തേയ്ക്കു പോകേണ്ട ഭാവമില്ലെന്നു മാത്രമേ വ്യത്യാസമുള്ളൂ. ബുദ്ധിയുണ്ടെങ്കിൽ ആലോചിച്ചു പ്രവർത്തിക്കേണ്ടതാണെന്നു ജ്യേഷ്ഠത്തി പറഞ്ഞ വാക്കിന്റെ ഗൌരവത്തെപ്പറ്റി ആലോചിക്കുന്നതിനുമുമ്പായി അവയ്ക്ക് ഇത്രയല്ലേ വിരോധമുള്ളൂ എന്നതിലേയ്ക്കാണ് വിചാരം തിരിഞ്ഞതു്. "കളവിന്റെ ചളി നല്ലൊരു ചളിയാണു്. അതൊന്നല്ലാതെന്താകുറവു്? കണ്ടാൽ ഒരു കലയുള്ളപോലെ തോന്നുന്ന മനുഷ്യൻ ഉപായക്കാരനായിരിക്കില്ല. കണ്ടപ്പോൾ മനസ്സിൽ പതിഞ്ഞ രൂപം എപ്പോഴും വ്യക്തമായി ശോഭിച്ചുകൊണ്ടിരിക്കുന്നു. അതെന്താണു്? അതിനുമുമ്പു് എത്രാളെ കണ്ടു? വിമ്പെത്രാളെക്കണ്ടു? അപ്പോൾ ഇതാണു് യോഗമെന്നു വിചാരിക്കണം." എന്നിങ്ങിനെയുള്ള മനനമഗ്നയായി കുഞ്ഞിക്കാവിരിക്കുമ്പോൾ വെളുത്തേടൻ നാണു വന്നു.

നാണു—അമ്മേ, നാണു ഒരബദ്ധം ചെയ്തു.

കുഞ്ഞി—എന്താതു്?

നാണു—മുണ്ടു കളവുപോയതാണെന്നു പറഞ്ഞില്ലേ?

കുഞ്ഞി—ഉവ്വു്.

നാണു—നാണു പറഞ്ഞതു ശരിയല്ല.

കുഞ്ഞി—അതു ഞങ്ങൾക്കു മനസ്സിലായി. ഞങ്ങൾ ഒരേ ഴത്തെഴുതി ചോദിച്ചു. അതിന്റെ മറുപടികൊണ്ടു കാര്യം ശരിയായറിഞ്ഞു.

നാണു—പിന്നെ ഇവിടത്തെ താക്കോലും മുണ്ടും കൊണ്ടുപോയാൾ കള്ളനാണെന്നു പറഞ്ഞില്ലേ?

കുഞ്ഞി—ഉവ്വ്.

നാണു—അതു് കട്ടും ശരിയല്ല. അദ്ദേഹം മഹായോഗ്യൻ മഹാധനികൻ, മഹാവിദ്വാൻ. നാണു ആളെ അറിയാതെ പറഞ്ഞുപോയതാണു്.

കുഞ്ഞി—ഇപ്പോൾ എങ്ങിനെയാണറിഞ്ഞതു്?

നാണു—അതൊക്കെ നിങ്ങൾക്കറിഞ്ഞിട്ടുകാര്യമെന്താണു്? ആൾ നല്ല യോഗ്യനാണു്. അമ്മയ്ക്കു ചേരുന്നാളാണു്.

കുഞ്ഞി—ഫഃ വികൃതി പറയുന്നോ?

നാണു—നാണു പറഞ്ഞതു നൊണയോ സത്യമോ എന്നു് ഉടനെ അറിയാം.

കുഞ്ഞി—എങ്ങിനെയാണു് ഉടനെ അറിയുന്നതു്?

നാണു—അതിപ്പോൾ പറയുന്നില്ല.

കുലകന്യകമാക്കു കൂടപ്പിറപ്പായ ലജ്ജ കുഞ്ഞിക്കാവിന്നു കുറഞ്ഞൊന്നുമല്ല ഉണ്ടായിരുന്നതു്. കുഞ്ഞിക്കാവിനോടു നാണു സംസാരിക്കുമ്പോൾ മറു വല്ലവരും കേൾക്കാനുണ്ടായിരുന്നുവെങ്കിൽ നാണു പച്ച പറഞ്ഞതിന്നുശേഷം രണ്ടു ചോദ്യോത്തരങ്ങൾ ഉണ്ടാകില്ലായിരുന്നു. വേറെ ആരുമില്ലാഞ്ഞിട്ടും വിജനസ്ഥലത്തു പോയി ശൃംഗാരലഹരിയിലായി വിചാരിച്ചുകൊണ്ടിരിപ്പാൻ കുഞ്ഞിക്കാവിനുണ്ടായിരുന്ന ഉൽകണ്ഠനിമിത്തം ആ സ്ത്രീ മൌനിയായി നാണുവിന്റെ സാമീപ്യം ദ്വേഷംകൊണ്ടു വെടിഞ്ഞു. ജന്മചരിത്രത്തിൽ ഏറ്റവും മുഖ്യമായ വിവാഹകാര്യത്തെപ്പറ്റി ഇഷ്ടാനുസരണം പറഞ്ഞതു് എത്രയോ നിസ്സാരനായ വെളുത്തേടൻ നാണുവാണെങ്കിലും കുഞ്ഞിക്കാ

ചിന്റെ ഹൃദയത്തിൽ ആയതു് അടുത്തു സംഭവിക്കുമെ
ന്നു് അതിനധികാരികൾ പായുമ്പോലെ തോന്നിയതു്
എങ്ങനെയാണെന്നും മാനുഷപ്രകൃതിജ്ഞന്മാരോ തത്ത്വ
ജ്ഞാനികളോ വിചാരിച്ചറിയേണ്ടതാണു്. ജനബാധയി
ല്ലാത്തതായ ഒരു മൂലയിൽ കുഞ്ഞിക്കാവു ചെന്നിരിപ്പാ
യി. നാണു കോട്ടയിലെ വീട്ടിൽനിന്നു പോകയും ചെയ്തു.
കുഞ്ഞിക്കാവും വെളുത്തേടൻ നാണുവും തമ്മിലുണ്ടായ
സംഭാഷണം ആരും കേട്ടിട്ടില്ലെന്നു് അവർ രണ്ടുപേരും
വിചാരിച്ചപോലെയല്ലായിരുന്നു വാസ്തവം. നാണു പന്നു
കയറിയമുതൽ പോകുന്നതുവരെ കുഞ്ഞിക്കാവു ചെയ്തതും
പറഞ്ഞതും ഭാവിച്ചതും കണ്ണൊഴിയാതെ കൃഷ്ണൻനായരു
ടെ മനസ്സിൽ പതിഞ്ഞിട്ടുണ്ടു്. താൻ അജ്ഞാതസാക്ഷി
യായതുകൊണ്ടു വേണ്ടവണ്ണം മുഖവികാരങ്ങളെ നോക്കി
അറിവാൻ സാധിച്ചില്ലെന്നു മാത്രമേ ഒരു കുറവുള്ളു. പ്ലാ
ക്കാപ്പിള്ളിക്കല്യാണിയമ്മയുടെ മറുപടിയിലും നാണുചി
ന്റെ നടപടിയിലും ഏതാണ്ടൊരു സമർത്ഥൻ യവനിക
യ്ക്കുള്ളിൽ നിന്നു പ്രയോഗിക്കുന്നുണ്ടെന്നുള്ളതു സംഭവങ്ങ
ളെപ്പറ്റി വിചാരിക്കുന്തോറും വികസിച്ചുകണ്ടു എന്നോട
ത്തോളമല്ലാതെ, ഈ സംഭവങ്ങളെല്ലാം ഒരു സ്നേഹിതനു
വേണ്ടി നിരന്തരയത്നം ചെയ്തുകൊണ്ടിരിക്കുന്ന ഇട്ടീണാ
ന്റെ ചെപ്പടിവിദ്യകളാണെന്നു കൃഷ്ണൻനായർ അറി
ഞ്ഞില്ല. അന്നിക്കാദേശത്തിൽ മഹാകള്ളനായി പ്രഥമ
പ്രവേശം ചെയ്തു് അരനാഴികകൊണ്ടു പല ഇന്ദ്രജാലങ്ങ
ളും ചെയ്തു് ആകീർത്തി അഭിച്ചുകൊണ്ടിരുന്ന ശങ്കു ആ
രോ ഒരു മഹാനാണെന്നും കുഞ്ഞിക്കാവെന്ന സ്ത്രീയാ

ത്തെക്കണ്ടറിഞ്ഞുപോകാൻ വേഷച്ചുന്നനായി വന്നവനാ
ണെന്നും ഒരു ജനശ്രുതി അന്നിക്കര മുഴവൻ വ്യാപിച്ചതി
ന്നുള്ള കാരണം ഇട്ടീണാനാണെന്നുള്ളതും കൃഷ്ണൻനായർ
അറിഞ്ഞില്ല. ഭാഗ്യവശാൽ ഇങ്ങനെ ചില ദൈവസഹാ
യങ്ങളുംകൂടിയുണ്ടെന്നും കൃഷ്ണൻനായർ ഇട്ടീണാനോട് പ
റഞ്ഞപ്പോൾ ആ ദൈവസഹായം തന്റെ പ്രവൃത്തികളു
ടെ ഫലപ്രാപ്തിയാണെന്ന കണ്ടു് ഇട്ടീണാൻനായക്ക് മേ
ല്പോട്ട യത്നം ചെയ്യുന്നതിന്നുന്മേഷമുണ്ടായി. അന്നു രാത്രി
തന്നെ ശങ്കുവും ഇട്ടീണാനും കൃഷ്ണൻനായരും അന്നിക്കര
യിൽ കൂടിക്കണ്ടു ചിലതെല്ലാം ചെയ്യാൻ നിശ്ചയിച്ചു.
പ്രേക്ഷണത്തിന്നും ഗൂഢഭാഷണത്തിന്നും ശ്രമിക്കേണ്ട
ഫലമായി എന്നു തീച്ചപ്പെടുത്തി. ഒരു ദൂരദർശിനിയന്ത്രം
ഇട്ടീണാൻ കൃഷ്ണൻനായരുടെ കയ്യിൽ കൊടുത്തയച്ചു. കൃ
ഷ്ണൻനായർ അതിനെ കോട്ടയിൽ കൊണ്ടുവന്നു ദൂരെക്കി
ടക്കുന്ന പലതും വ്യക്തമായി ഓരോരുത്തർക്കു കാണിച്ചു
കൊടുത്തു വിനോദിപ്പിച്ചു. ദൂരദർശിനിക്കുഴൽ കോട്ടയി
ലെ വീട്ടിൽ കൃഷ്ണൻനായർ കൊണ്ടുചെന്നതിന്റെ പി
റേന്നു വൈകുന്നേരം നായർ കുഞ്ഞിക്കാവിനോട് ഒരു
വർത്തമാനം പറഞ്ഞു.

കൃ—ഇപ്പോൾ അന്നിക്കര മലമുകളിൽചെന്നു സവ്വകലാ
നിപുണന്മാരുടെ വനഭോജനമുണ്ടെന്നു് ഒരാൾ പറ
ഞ്ഞു. ആ ദൂരദർശിനികൊണ്ടു് അതൊക്കെ എനിക്കൊ
ന്നു കാണണമെന്നുണ്ടു്.

കുഞ്ഞി—നോക്കിയാൽ കാണുമെങ്കിൽ എനിക്കും കാ
ണണം.

കു—കഴൽ എടുത്തുകൊണ്ടുവന്നു. സ്ഥലം നോക്കി മനസ്സി
ലാക്കിയെയ്യട്ടെ.

കുഞ്ഞി—സ്ഥലത്തിനെന്താ അടയാളം?

കു—പന്തലും മറ്റും ഇട്ട് അലങ്കരിച്ചിട്ടുണ്ടാകും.

കുഞ്ഞിക്കാവു കഴൽ കൊണ്ടുവന്നു കൊടുത്തു. കൃഷ്ണൻ നായർ മുകളിൽ പോയി കുഞ്ഞിക്കാവിന്റെ അകത്തിന്റെ സമീപമുള്ള ഒരു ജനലിൽ കഴലിനെ വെച്ചു പന്തലിട്ടിരിക്കുന്ന സ്ഥലം കണ്ടുപിടിച്ചു. കഴലിനെ ആ സ്ഥിതിയിൽത്തന്നെ അനക്കാതെ വെച്ചു കുഞ്ഞിക്കാവിനോട്ടു നോക്കിക്കൊണ്ടിരിപ്പാനും ജനങ്ങൾ കൂട്ടുന്നതു കണ്ടാൽ തന്നെ അറിയിക്കാനും പറഞ്ഞു. ജനങ്ങൾ കൂടിത്തുടങ്ങുമ്പോൾ കൊടി കാട്ടാമെന്നു നിശ്ചയിച്ചിരുന്നതിനാൽ കുഞ്ഞിക്കാവു പറയാതെതന്നെ കൃഷ്ണൻനായർക്ക് അറിയാമായിരുന്നു. എന്നിട്ടും അറിയിക്കേണമെന്നു കുഞ്ഞിക്കാവിനെ ഏല്പിച്ചതു് ആ സ്ത്രീയെ പരീക്ഷിപ്പാൻവേണ്ടിയാണു്. കുഞ്ഞിക്കാവു നോക്കാൻ തുടങ്ങി. ഒരു പന്തലിട്ടലങ്കരിച്ച സ്ഥലത്തു വരുന്നവക്കിരിക്കാനായി തളിരുള്ള വൃക്ഷങ്ങളിൽനിന്നു തഴ കടിച്ചിട്ടിരിക്കുന്നു. പന്തലിൽ ആസ്ഥാനമാണെന്നു വിചാരിക്കാവുന്നൊരിടത്തു തളിരുകളിട്ടു കിടയ്ക്കുപോലെ ഉണ്ടാക്കീട്ടുള്ളതിനു പുറമെ മുകളിൽ പുഷ്പങ്ങളും വിരിച്ചിരിക്കുന്നു. ആളുകൾ ഓരോരുത്തരായി പന്തലിൽ വന്നിരുന്നുതുടങ്ങി. പിന്നെ മേലെല്ലാം ചന്ദനം പൂശി ഒരു കസവുവേഷ്ടിയും ചുമലിൽ ഇട്ട് ഒരാളും ആയാളുടെ പിന്നാലെ തോർത്തുമുണ്ടരയിൽ കെട്ടി വായപൊത്തിക്കൊണ്ടു നാലാളുകളുംകൂടി പന്തലിലയ്ക്കു വരു

ന്നതു കണ്ടു. ആ പ്രധാനി പന്തലിൽ എത്തിയപ്പോൾ അവിടെ ഇരുന്നിരുന്നവരെല്ലാം എഴുന്നീറ്റു. പന്തലിലുണ്ടായിരുന്ന ഒരാൾ ക്ഷണിച്ചുകൊണ്ടുപോയി ആ പ്രധാനിയെ പുഷ്പതല്പത്തിലിരുത്തി. പിന്നെ എല്ലാവരും ഇരുന്നു. ആ പ്രധാനി എപ്പോൾ കുഞ്ഞിക്കാവിന്റെ ദൃഷ്ടിമാർഗ്ഗത്തിൽ എത്തി, അസ്തമിച്ചുകൊണ്ടിരുന്ന ദിനകരന്റെ സ്വർണ്ണവർണ്ണമായ കിരണങ്ങളിൽ കളിച്ചപോലെ ശോഭിച്ചുവോ അപ്പോൾ കുഞ്ഞിക്കാവാരംഭിച്ച നയനകുസുമാർച്ചന നിർവ്വിഘ്നമായി നടന്നു. ആ കാഴ്ചയാലുണ്ടായ നേത്രാനന്ദലഹരിയിൽ കൃഷ്ണൻനായർ തന്നെ ഏല്പിച്ച കാര്യം കുഞ്ഞിക്കാവു മറന്നു. ചേച്ചിടെ കൂടെ പോകുമ്പോൾ തന്നെത്തിരിഞ്ഞുനോക്കിയ അദ്ദേഹമായിരിക്കുമോ എന്നു കുഞ്ഞിക്കാവിനു് ആദ്യത്തെ നോട്ടത്തിൽത്തന്നെ തോന്നി. അതിനുശേഷം ഓക്കെ ഓക്കെ തന്റെ ഹൃദയത്തിലിരിക്കുന്നതിനെ കൂടലിൽക്കൂടി കാണുകയാണെന്നറിഞ്ഞു. ശങ്കുവിന്റെ കളേബരത്തിലണിഞ്ഞിരുന്ന ചന്ദനം ധാരാളമായി കുറിയിട്ടതായിരിക്കാമെങ്കിലും കുഞ്ഞിക്കാവിനു തോന്നിയതങ്ങിനെയല്ല. ചന്ദനാദിശീതളപദാർത്ഥങ്ങളെ ദേഹത്തിൽ തേയ്ക്കുന്നതും പുഷ്പതല്പസേവയും മന്മഥന്റെ അതിക്രമശമനത്തിന്നായിക്കൊണ്ടു ചെയ്തതായിരിപ്പാൻ കുഞ്ഞിക്കാവു് ആഗ്രഹിച്ചു. അതുകൊണ്ടു് ആ കണ്ട പുഷ്പതല്പത്തിൽ ശങ്കു ഇരിക്കുന്നതു ശരശയനമാണെന്നു വിചാരിച്ചു. ശങ്കുവിന്റെ മാറിടത്തിൽനിന്നു കണ്ണെടുപ്പാൻ കുഞ്ഞിക്കാവിനു വളരെ നേരം വേണ്ടിവന്നു. അധികസമയം വേണ്ടിവന്നതു മാറിടത്തിന്റെ സ്ഥലപ്പരപ്പുകൊണ്ടു മാത്രമല്ല നേത്രങ്ങളെ വഴിനടത്തിയിരുന്ന ഹൃദ

യത്തിനു് ആ മാറിടത്തിൽ ചില ദിക്കിൽ ഉരുകിപ്പോ
കേണ്ടതായും ചില ദിക്കിൽ ഒട്ടിപ്പിടിക്കേണ്ടതായും വന്ന
തുകൊണ്ടാണു്. കുഞ്ഞിക്കാവിന്റെ ഹൃദയംതന്നെ മറന്നു്
ഇപ്രകാരം വളരെ നേരം ലയിക്കുകയാൽ ജനങ്ങൾ കൂടി
തുടങ്ങിയാൽ കൃഷ്ണൻനായരെ അറിയിക്കാമെന്നു പറഞ്ഞ
പ്രകാരം ചെയ്തില്ല. ജനങ്ങൾ കൂടിത്തുടങ്ങിയ സമയം
കൊടിക്കുറ പൊങ്ങിക്കണ്ടതുകൊണ്ടു കൃഷ്ണൻനായർ അറി
ഞ്ഞുവെങ്കിലും തന്നോടു കുഞ്ഞിക്കാവു പറയുമോ ഇല്ലയോ
എന്നു പരീക്ഷിയ്ക്കാൻവേണ്ടി താൻ ഒന്നും അറിഞ്ഞില്ലെ
ന്ന നാട്യത്തിന്മേൽ ഇരുന്നു. കുഞ്ഞിക്കാവിങ്ങിനെ നോ
ക്കിക്കൊണ്ടിരിക്കുന്നതിനുമുമ്പു് എല്ലാവരും ആ സ്ഥലത്തു
നിന്നു പിരിഞ്ഞു. ഇതും കൃഷ്ണൻനായർ അറിഞ്ഞുവെങ്കി
ലും അറിയാത്ത ഭാവം നടിച്ചു. കുഞ്ഞിക്കാവു് ഒന്നും മി
ണ്ടാതെ നോട്ടം അവസാനിപ്പിച്ചു പോകയും ചെയ്തു. കു
ഞ്ഞിക്കാവിന്റെ മൌനത്തിൽനിന്നു് ആ സ്ത്രീയുടെ ഹൃദ
യത്തിൽ മന്മഥപ്രവേശമുണ്ടായിട്ടുണ്ടെന്നു കൃഷ്ണൻനായർ
അനുമാനിച്ചു. കുഞ്ഞിക്കാവു് അവിടെനിന്നു പോയി തേ
ടിപ്പിടിച്ചതു് ആ വീട്ടിലെ ഒരു വിജനസ്ഥലമാണു്. ഹൃദ
യത്തിലിരിക്കുന്ന രൂപത്തെപ്പറ്റി ആപാദചൂഡം മനസാ
വണ്ണിക്കുമ്പോൾ വിചാരിച്ചു നാണിച്ചും തന്റെ മനോരാ
ജ്യം സഫലമായില്ലെങ്കിലോ എന്നു ഭയപ്പെട്ടും തന്റെ മ
നസ്സു പ്രവേശിച്ചതു് ആദ്യം തോന്നിയപോലെ അപാത്ര
ത്തിങ്കലല്ലല്ലോ എന്നു സന്തോഷിച്ചും ചിന്താമഗ്നയായി
രുന്നു.

അതിനുശേഷം അടുത്തൊരു രാത്രിയിൽ ശങ്കുവും
ഇട്ടീണാനും കൃഷ്ണൻനായരുംകൂടി വങ്കുളത്തിന്റെ പായ്

ടെ മകളിൽവെച്ചു് ഓരോരുത്തരുടെ യത്നത്തിന്റെ ഫ
ലപ്രാപ്തി എത്രയുണ്ടെന്നു് അളവെടുത്തു. ഇട്ടീണാന്റെ
ശ്രമം മുഴുവനും ശങ്കു അറിഞ്ഞിരുന്നില്ല. കുഞ്ഞിക്കാവി
ന്റെ ഹൃദയത്തെ കച്ചകെട്ടിച്ചുവിട്ടി ഉഴിഞ്ഞു ശങ്കുവിനെ
കാമിക്കുമാറാക്കിയതിൽ ശങ്കുവിനു് എത്രത്തോളം ആന
ന്ദമുണ്ടായിരുന്നുവോ അതിൽ എത്രയോ അധികം ശക്തി
യോടുകൂടി ഇട്ടീണാനോടുള്ള സ്നേഹവും കൊഴുത്തു. അന്നി
ക്കരയിലുള്ള തറവാട്ടുകളിൽ പ്രമാണികളുടെ പദവിയി
ലിരിക്കുന്ന കോട്ടയിലെ വീട്ടിലെ കന്യകാരത്നത്തിനെ
കട്ടുനടക്കുന്നവൻ കാമിച്ചു എന്നിങ്ങിനെ മഹാനന്തജ്ഞനി
തവിസ്മയത്തോടുകൂടി പ്രഥമകാലങ്ങളിൽ പ്രസ്താവിച്ചുവ
ന്നിരുന്ന വിഷയം സുഖസാദ്ധ്യമായി കണ്ടതിനാൽ ഹ
ഠാഭാഷണത്തിനുള്ള വഴി നോക്കേണ്ടതാണെന്നില്ലാവണ്ണം
കൂടി തീച്ചയാക്കി. സംഭാഷണം ചെയ്യുന്നതുകൊണ്ടുള്ള സ
മീപത്തിൽവെച്ചു കണ്ടുമുട്ടുന്നതിനുംകൂടി തരമില്ലാതെയാ
ണല്ലോ തല്ക്കാലത്തെ സ്ഥിതി. സാധാരണ വിടന്മാരെ
പ്പോലെ വെള്ളം കുടിയ്ക്കണമെന്നോ ഒരു മരുന്നു പറിയ്ക്കാ
നുണ്ടെന്നോ അവിടെ ഇല്ലാത്താളെ കാണേണമെന്നോ
പറഞ്ഞു് ആ വീട്ടിൽ ചെന്നാൽ കൂടി അപരിചിതന്മാ
രോടു സംഭാഷണം ചെയ്യാൻ നാണിക്കുന്നതാണു് കുഞ്ഞി
ക്കാവിന്റെ സ്വഭാവം. കുഞ്ഞിക്കാവു കിടക്കുന്നതു മുക
ളിൽ കിഴക്കുവടക്കേ മൂലയിലുള്ള മുറിയിലാണു്. ഒരു
ദാസിയും കാവലുണ്ടു്. ആ ദാസിയെ അകറ്റാൻ കൃഷ്ണൻ
നായരാൽ സാദ്ധ്യമാണെങ്കിലും മുൻകൂട്ടി അറിവു കൊടു
ക്കാതെ ആ മുറിക്കകത്തു ശങ്കു പ്രവേശിച്ചാൽ കുഞ്ഞിക്കാ

യ പേടിച്ച് അരണ്ടപോകാനാണ് എളുപ്പം. അതുകൊ
ണ്ട തമ്മിൽ കാണണ്ണ കായ്യത്തെപ്പററി കുഞ്ഞിക്കാവിനാ
ട് ഒരെഴുത്തുമൂലം ചോദിച്ചറിയേണമെന്ന തീച്ചയാക്കി.
കൃഷ്ണൻനായരെ കോട്ടയിലേയ്ക്ക പറഞ്ഞയച്ച കടലാസ്സും
പെൻസിലുംകൊണ്ടുവരുവിച്ച് ഒരെഴുത്തെഴുതി ആരും കാ
ണാതെയും കുഞ്ഞിക്കാവുകൂടി അറിയാതെയും എത്തിച്ച
കൊടുപ്പാൻ കൃഷ്ണൻനായരെ ഏല്പിച്ചു. താഴെ കാണിക്കും
പ്രകാരമായിരുന്ന എഴുത്തിലെ വാചകം.

"ഞാൻ വൈരാഗ്യത്തോടുകൂടിയായിരിക്കുന്നാ മദ്ധ്യേ
വണ്ണിച്ചുകേട്ടപ്പോൾ കാണേണമെന്ന തോന്നി. കണ്ടപ്പോൾ
അതിലും കവിഞ്ഞു തോന്നി. മനസ്സിനെ ഒതുക്കിനാക്കി. ഒ
തുങ്ങുന്നില്ല. രമിപ്പാനോ മരിപ്പാനോ എന്ന ഭവതിയുടെ
ഹൃദയം അറിഞ്ഞാൽ നിശ്ചയിക്കാം. തമ്മിൽ ഒന്ന കാ
ണേണമെന്നാഗ്രഹമുണ്ട്. അതിന്നു് അനുമതി തരുന്ന
പക്ഷം ആരും അറിയാതെ രാത്രിസമയത്തു് അകത്തിന്ന
ള്ളിൽ എത്തിക്കൊള്ളുകയും പോയ്ക്കൊള്ളുകയും ചെയ്യാം.
അതിൽ വല്ല അപകടവും വന്നാലോ എന്ന ഭയപ്പെടുന്നാ
തു് എന്നെ അപമാനിക്കുകയാണു്. അനുവാദമുള്ളപക്ഷം
അതു കാണിച്ചു് ഒരു മറുപടി എഴുതി തെക്കുപുറത്തുള്ള മാ
വിൻചുവട്ടിൽ കിടക്കുന്ന കല്ലിന്റെ അടിയിൽ വെച്ചാൽ
ഞാൻ അറിഞ്ഞുകൊള്ളാം. അകത്തെത്തഴുതിടാഞ്ഞാൽ
മതി. ദാസി അകലണം.

എന്ന വസ്തുചോരൻ."

ഈ എഴുത്തു കുഞ്ഞിക്കാവിരിക്കുന്ന ദിക്കിൽ കിടക്കു
ന്നതു കണ്ടു് ആ സ്ത്രീ എടുത്തു വായിച്ചു. താൻ കാമി

ച്ചിരിക്കുന്ന പുരുഷന്റെ അനുകൂലമായ ലേഖനമായതു കൊണ്ടു് അതിരില്ലാത്ത സന്തോഷമുണ്ടായി. എങ്കിലും ഗൂഢമായി പരപുരുഷനായിട്ടുള്ള സംഭാഷണാദികൾ എത്ര വലിയ തെറ്റായി വരുമോ എന്നുള്ള ഭയംകൊണ്ടു് ആ കന്യകയ്ക്കു സർവ്വാംഗകമ്പോദയമുണ്ടായി. ഇത്രത്തോളം ഒരു പുരുഷനുമായി അടുത്തിട്ടുള്ളതുതന്നെ വലിയ തെറ്റാണെന്നു ഭയപ്പെട്ടിരിക്കെ തന്റെ ശയനഗൃഹത്തിൽ ആ പുരുഷനെ പ്രവേശിക്കാൻ എങ്ങിനെ അനുവദിയ്ക്കും തന്റെ വീട്ടിലായതുകൊണ്ടും ഭയപ്പെടേണ്ട എന്നെഴുതീട്ടുള്ളതുകൊണ്ടും ചാരിത്രശുദ്ധിക്കു ന്യൂനത ഒന്നും വരുമായിരിക്കില്ല. എങ്കിലും ഇങ്ങിനെ ഒക്കെ സാധാരണ സംഭവിക്കാറില്ലാത്തതുകൊണ്ടു പ്രവൃത്തിയിൽ അനിവ്വാച്യമായ ഒരു ഭയം. പ്രകൃത്യാ ബലഹീനയായതുകൊണ്ടു് ഒന്നിനും ഉറയ്ക്കുന്നതുമില്ല. തന്റെ പ്രാണനാഥനെ തന്നെക്കാണാൻ എത്ര ആഗ്രഹമുണ്ടോ അതിലിരട്ടി ആഗ്രഹം തനിക്കുണ്ടു്. എന്തു വേണ്ടു എന്നിങ്ങിനെ ആലോചിച്ചു വളരെ നേരം ചിന്താകലുഷമായി പ്രകൃതിഭേദത്തോടുകൂടി അങ്ങുമിങ്ങും നടന്നു കഴിച്ചു. ഒടുവിൽ ഇങ്ങിനെ മറുപടി എഴുതി.

"കാണാൻ എനിയ്ക്കും വളരെ ആഗ്രഹമുണ്ടു്. പക്ഷേ രാത്രിസമയത്തു് എന്റെ അകത്തു പ്രവേശിക്കുന്നതു് എന്തുകൊണ്ടും അനുചിതമാണു്. അതുകൊണ്ടു് അതു പാടില്ല."

ഈ എഴുത്തിനെ മാവിന്റെ ചുവട്ടിലുള്ള കല്ലിനടിയിൽ ആരും കാണാതെ വെയ്ക്കുകയും ആയതു കൃഷ്ണൻനായർ വഴിക്കു ശങ്കുവിനു കിട്ടുകയും ചെയ്തു. അന്നു രാത്രിതന്നെ കുഞ്ഞിക്കാവിന്റെ അകത്തു പ്രവേശിപ്പാൻ ശങ്കു തീർച്ചയാക്കുകയും ചെയ്തു.

ഈ വിഷയത്തിൽ സ്ത്രീകൾക്കു് അശിക്ഷിതപാടവം ഉണ്ടെന്നുള്ളതു കുഞ്ഞിക്കാവിന്റെ കാര്യത്തിൽ വെളിപ്പെട്ടു. ഊണു കഴിഞ്ഞു കിടക്കാൻ പോകുന്ന സമയം ദാസിയെ ശകാരിക്കാൻ ഒരു വഴിയുണ്ടാക്കിത്തീർത്തു് അനിഷ്ടം സൂചിപ്പിക്കുന്ന ചില വാക്കുകളെ പറഞ്ഞു ദാസി എത്തുന്നതിനു മുമ്പെ കുഞ്ഞിക്കാവു് അകത്തു കടന്നു വാതിലടച്ചു. ദാസി വാതിലടച്ചു കണ്ടപ്പോൾ ഇന്നെങ്കിലും സ്വാതന്ത്ര്യത്തോടുകൂടി കിടന്നുറങ്ങാമല്ലോ എന്നു പറഞ്ഞു താഴത്തു ചെന്നു കിടന്നു.

കുഞ്ഞിക്കാവിനുറക്കം വരുന്നില്ല. വരേണ്ട എന്നൊഴുതിയതുകൊണ്ടും താഴത്തെ വാതിൽ അടച്ചിട്ടുള്ളതുകൊണ്ടും വരില്ല എന്നു തോന്നി. ഉടനെതന്നെ വന്നാലോ എന്നു തോന്നി. ആ തോന്നലോടുകൂടി അകത്തെ വാതിലിന്റെ തഴുതു നീക്കിവെച്ചു പോയി മലർന്നു കിടന്നു. വരാൻ തരമില്ല, വരികയുമില്ല എന്നു തോന്നി. മനസ്സിലെ ഉഷ്ണംപോലെ ശരീരത്തിനും വളരെ ഉഷ്ണം തോന്നി. ഒരു ജനലുള്ളതു വങ്കുളം കാണുന്നതാണു്. അതു തുറക്കാൻ ധൈര്യമില്ല. മാറത്തുണ്ടായിരുന്ന മുണ്ടുകൊണ്ടു കുറെ വീശി. കുറെ കണ്ണടച്ചും കുറെ കണ്ണടയ്ക്കാതേയും കിടന്നു മനസ്സിനെ പല മാർഗ്ഗങ്ങളിൽ സഞ്ചരിപ്പിച്ചു. വരേണ്ട എന്നൊഴുതിയതു തെറ്റായി എന്നു തോന്നി. വന്നാൽ നന്നായിരുന്നു എന്നും തോന്നി.

തത്സമയം തന്റെ അകത്തിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽനിന്നു് ഒരു വിദ്യുത്തുണ്ടായി. അരയ്ക്കു മേല്പോട്ടു നഗ്നയായി മലർന്നുകിടക്കുന്ന തന്നെ കാൽചട്ടയും കൂപ്പാ

യവും ധരിച്ചിരിക്കുന്ന ഒരു പുരുഷൻ കണ്ടു എന്നമാത്രം പ്രജ്ഞയുണ്ടായി. അതോടുകൂടി മോഹാലസ്യവുമായി. വൈദ്യുതപ്രഭം ശങ്കു പിന്നെയും മിന്നിച്ചുനോക്കി. ആ ദ്യത്തെ മിന്നലിൽ കണ്മിഴിച്ചു കണ്ട കുഞ്ഞിക്കാവു ചൈതന്യമില്ലാതെ കണ്ണടച്ചു കിടക്കുന്നതു കണ്ടപ്പോൾ ഇടി വെട്ടി മരിച്ചുപോ എന്നു തോന്നി. ശങ്കുവിന്റെ വയറൊന്നു കാളി. ഒരു ചെപ്പുകുടത്തിൽ വെള്ളമുണ്ടായിരുന്നതു കൊണ്ടു ശങ്കു അതിൽ നിന്നു കുറെ കയ്യിലെടുത്തു മുഖത്തു തളിക്കയും ആ കുട്ടിളിൽ കിടന്നിരുന്ന മുണ്ടെടുത്തു ശങ്കു കുഞ്ഞിക്കാവിനെ തൊടാതെ ദേഹം മറയ്ക്കുകയും ചെയ്തു. കാഴ്ചയ്ക്ക് ആ ദേഹത്തിൽ മുണ്ടുണ്ടായി എന്നു മാത്രമല്ലാതെ ശങ്കുവിന്റെ മനസ്സിൽ ആ ശ്രുപത്തിനു യാതൊരു മറവും ഉണ്ടായിരുന്നില്ല. വെള്ളം തളിച്ചു് അല്പനേരം കഴിഞ്ഞപ്പോൾ കുഞ്ഞിക്കാവിനു പ്രജ്ഞയുണ്ടായി. മുണ്ടു മാറ്റിടാൻ ബദ്ധപ്പെട്ടപ്പോൾ ആയതു മാറ്റുതന്നെ കിടക്കുന്നതു കണ്ടു സന്തോഷിച്ചു.

കുഞ്ഞി—രാത്രിസമയത്തു് ഒരു കന്യകയുടെ അകത്തു സമ്മതംകൂടാതെ പ്രവേശിക്കുന്നതു യോഗ്യതയാണോ? ധർമ്മമാണോ?

ശങ്കു—അതിനാൽ ആ കന്യകയ്ക്കു വരുന്ന സകല കേടുകളും തീർക്കാൻ ശക്തനായുള്ളവൻ അങ്ങിനെ പ്രവേശിക്കുന്നതിൽ അയോഗ്യതയുമില്ല; അധർമ്മവുമില്ല.

കുഞ്ഞി—കുറ്റം അറിയാത്തൊരു കുട്ടിയായിരിക്കുന്ന ഞാൻ ഒരു പുരുഷനെ അകത്തു കടത്തി രാത്രിയിൽ സംഭോഷണം ചെയ്തു എന്നു നാട്ടുകാരറിഞ്ഞാൽ പിന്നെ ഞാൻ

ഇരിക്കുന്നതിനേക്കാൾ മരിക്കയാണു് നല്ലതു്. ഈ നട പടിദുഷ്യത്തിന്റെ കേടു് എങ്ങിനെയാണു് തീക്കാൻ വിചാരിക്കുന്നതു്?

ശങ്കു—ഗാന്ധർവ്വവിവാഹത്തെ അവലംബിച്ചു് അതിന്റെ ചട്ടി കളയും. നാഗരികത്വം വർദ്ധിച്ചിട്ടുള്ള രാജ്യങ്ങളിൽ ഗാന്ധർവ്വവിധിയെ മാത്രമേ സ്വീകരിച്ചിട്ടുള്ളു.

കുഞ്ഞി—ഒന്നു ചോദിക്കട്ടെ? സ്വതേ കള്ളനോ, കള്ളന്റെ വേഷം കെട്ടിയതോ?

ശങ്കു—സ്വതേ കള്ളനായിട്ടുള്ളവൻ ഇത്ര വലിയ വീട്ടിൽ പാണിഗ്രഹണത്തിനു കൊതിക്കുമോ?

കുഞ്ഞി—സ്വതേ കള്ളനല്ലെങ്കിൽ ഉണ്ണുകിടക്കുന്നേ ഞാൻ അറിയാതെ അകത്തെ വാതിൽ തുറന്നു പൂവ്വു സ്ഥിതിയിൽ അടച്ചു് ഇങ്ങിനെ നില്ക്കുവാൻ സാധിക്കുമോ?

ശങ്കു—അതിനു സ്വതേ കള്ളനാകേണമെന്നില്ല. കള്ളന്റെ തൊഴിൽ അറിഞ്ഞിരുന്നാൽ മതി. അതെനിക്കറിയാമെന്നു പലേതിലും കണ്ടില്ലേ?

കുഞ്ഞി—സ്വതേ കള്ളനല്ലെങ്കിൽ കട്ടനടന്നു വെറുതെ തന്നെയും അന്യനേയും കെടുക്കാൻ ആരെങ്കിലും തുനിയുമോ?

ശങ്കു—ഞാൻ ചെയ്തേടത്തോളം പ്രവൃത്തികൊണ്ടു മതിയായ കാരണമുണ്ടു്. അതു് അല്പം ദീർഘിച്ച കഥയാണു്. അതിനു സംഗതിവരുന്ന കാലത്തു വിവരമായി പറയാം. ഇപ്പോൾ പറയില്ല. അതിനുള്ള കാലം വരുന്നതു

വരെ ജനങ്ങൾ കള്ളനാണെന്നതന്നെ വിചാരിച്ചുകൊള്ളട്ടെ.

കുഞ്ഞി—താഴത്തെ വാതിൽ അടച്ചിരിക്കുമ്പോൾ എങ്ങിനെ ഇവടെ എത്തി?

ശങ്കു—അതിന്നുമാത്രം കള്ളത്തൊഴിലറിയാമെന്നു പറഞ്ഞില്ലേ?

കുഞ്ഞി—അങ്ങിനെ ഒന്നും പറഞ്ഞാൽ സമ്മതിക്കില്ല. ഏതുവിധത്തിലാണു് കടന്നതെന്നു് അറിഞ്ഞേ കഴിയൂ.

ശങ്കു—എന്റെ സഹായിയായിട്ടൊരാൾ ഇവിടെ ഉണ്ടു്. അയാൾ തുറന്നതന്നു.

കുഞ്ഞി—ആരാണു് ആ സഹായി?

ശങ്കു—കൃഷ്ണൻനായരാണു്.

കുഞ്ഞി—എന്നാൽ അയാൾ മഹാസമർത്ഥനാണു്. അപ്പോൾ ഞാനീ പ്രവൃത്തി ചെയ്യുന്നതു് അയാൾ അറിഞ്ഞു എന്നു വന്നു.

ശങ്കു—അയാൾ അറിയാത്തതു് ഒന്നുമില്ല. അയാളെ എപ്രയും വിശ്വസിക്കാം. ലവലേശം പുറത്തു വരില്ല.

കുഞ്ഞി—എന്നെ എന്തിനാണു് കാണേണമെന്നു പറഞ്ഞതു്? എനിക്കിങ്ങിനെ ഒരെഴുത്തെഴുതാൻ എങ്ങിനെയാണു് ധൈര്യമുണ്ടായതു്?

ശങ്കു—എത്രയോ സുന്ദരിമാരായ കന്യകമാരെ ഞാൻ കണ്ടിട്ടുണ്ടു്. കണ്ട മാത്രയിൽ ഇവിടെ ഉണ്ടായപോലെ അനുരാഗോദയം ഉണ്ടായിട്ടേ ഇല്ല. മനസ്സിനെ ഞാൻ കഴിയുന്നതും നിഗ്രഹിച്ചുനോക്കി. ഒതുക്കാൻ ശ്രമിക്കു

ന്തോറും പ്രേമത്തിന്റെ ശക്തി വർദ്ധിച്ചിട്ടാണു് കണ്ടതു്. അപ്പോൾ ഇതു് ഈശ്വരകല്പിതമാണെന്നു ബോദ്ധ്യം വന്നു. ഇങ്ങോട്ടനുരാഗമുണ്ടെങ്കിൽ കുറേക്കാലം സുഖിച്ചിരിക്കാനുള്ള യോഗമാണെന്നും ഇല്ലെങ്കിൽ ക്ഷണത്തിൽ മരിക്കാനുള്ള യോഗമാണെന്നും തീർച്ചയായി. പിന്നെ അധൈര്യത്തിനെന്താ അവകാശം?

തത്സമയത്തിൽ താഴത്തെത്തളത്തിൽനിന്നു 'ഹരി നാരായണ ഗോവിന്ദ!' എന്നും മറ്റും ഈശ്വരസ്തുതി കേട്ടപ്പോൾ തറവാട്ടിലമ്മ നാലാംയാമത്തിലുണർന്നിരിക്കയാണെന്നു കുഞ്ഞിക്കാവിനു മനസ്സിലായി. അവരറിയാതെ അകത്തുള്ള പുരുഷൻ എങ്ങിനെ പുറത്തു പോകും? ഭയാവേശംകൊണ്ടു കുഞ്ഞിക്കാവിന്റെ ദേഹം മുഴുവനും കുനുവിറച്ചു. കൃഷ്ണൻനായർ ആ സമയം താഴത്തായിരുന്നു. ആ യാളുടെ സഹായംകൊണ്ടു തറവാട്ടിലമ്മയുടെ കണ്ണു മറിക്കാമായിരുന്നു. കോണി ഇറങ്ങുന്ന ശബ്ദം കേട്ടാൽ തറവാട്ടിലമ്മ അറിയും. താഴത്തിറങ്ങാതെ കൃഷ്ണൻനായരോടു് ഒന്നും പറയാനും തരമില്ല. ആരും ഒന്നും പറഞ്ഞുകൊടുക്കാതെ കൃഷ്ണൻനായരുടെ ബുദ്ധിയിൽ തോന്നി വല്ല പ്രയോഗവും ആയാൽ ചെയ്താൽ ഒരുവിധം പുറത്തു ചാടാം എന്നുള്ള ഘട്ടത്തിലായി. കൃഷ്ണൻനായരുടെ ബുദ്ധിയിൽ തന്നെത്താൻ വല്ലതും വിളയുമോ ഇല്ലയോ എന്നു ശങ്കിച്ചുകൊണ്ടു വളരെ നേരം ഇരിക്കാനിടയുണ്ടായില്ല. വീട്ടിന്റെ പടിഞ്ഞാറെ ഭാഗത്തു മുറ്റത്തു നിന്നിരുന്ന പ്ലാവിൽ ഒരു കെട്ടു മുള ചാർത്തിവെച്ചിട്ടുണ്ടായിരുന്നു. കൃഷ്ണൻനായർ മെല്ലെ പുറത്തു പോയി അതിനെ താഴത്തു തള്ളിയിട്ടു.

"എന്താ വലിയൊരു ശബ്ദം കേട്ടതു്" എന്നു ചോദിച്ചും കൊണ്ടു് ആയാൾ തറവാട്ടിലമ്മയുടെ സമീപത്തെത്തുകയും ചെയ്തു. അകായിൽ കൊളുത്തിവെച്ചിരുന്ന വിളക്കും എടുത്തുകൊണ്ടു തറവാട്ടിലമ്മയും കൃഷ്ണൻനായരും പടിഞ്ഞാറെ പുറത്തേയ്ക്കു പോയി. പോകുന്ന പോക്കിൽ ഒരു സ്മൃതി ചൊല്ലുകയാണെന്നുള്ള ഭാവത്തിൽ പുറത്തു പോകാൻ ഇതാണവസരം എന്ന സംസ്കൃതത്തിൽ പറഞ്ഞും കൊണ്ടാണു് കൃഷ്ണൻനായർ പോയതു്. കൃഷ്ണൻനായർ പറഞ്ഞില്ലെങ്കിലും ആ തക്കം ശങ്കു കളയില്ലായിരുന്നു. താഴത്തു് ഇരുട്ടും ആളില്ലായ്കയും സംഭവിച്ച തരം നോക്കി ശങ്കു കോട്ടയിൽനിന്നു പുറത്തേയ്ക്കു പോയി. ശങ്കു പോയി എന്നു കണ്ടപ്പോൾ കുഞ്ഞിക്കാവിന്നു് അനിവാര്യമായ ഒരു മനഃസമാധാനമുണ്ടായി. പക്ഷേ പിന്നീടുണ്ടായ ആലോചനകൾനിമിത്തം അന്നു പുലരുന്നതുവരെ നിദ്ര പ്രവേശിച്ചില്ല. ശങ്കുവിന്റെ ഊരും പേരും സ്ഥിതിയും എല്ലാം ചോദിച്ചറിയേണമെന്നു കുഞ്ഞിക്കാവു വിചാരിച്ചിരുന്നു. അതൊന്നും സാധിക്കാഞ്ഞതിലുണ്ടായ കുണ്ഠിതത്തോടുകൂടിയാണു് നേരം പുലർത്തിയതു്. രാത്രി മുഴുവൻ നിദ്രയില്ലാതിരുന്നതുകൊണ്ടു തന്റെ മുഖത്തിൽ ക്ഷീണം കണ്ടു വല്ലവരും വല്ലതും ചോദിച്ചാലോ എന്നു വിചാരിച്ചു് അതിനൊരു ശാന്തിയായി പ്രാതഃസ്നാനം കഴിക്കാനും ക്ഷേത്രത്തിൽ പോകാനും നിശ്ചയിച്ചു നേരം പുലർന്നു.

ധർമ്മശാസ്ത്രങ്ങളെ നിർമ്മിച്ചിട്ടുള്ളവർ മനുഷ്യരായ നാം ചെയ്യുന്ന കർമ്മങ്ങളെ പുണ്യമെന്നും പാപമെന്നും വിഭജിച്ചു് അതുകളുടെ ഫലാനുഭൂതി ഇന്നവിധമാണെന്നു

ചിചരിച്ചിട്ടുണ്ടല്ലോ. പുണ്യാനന്തരം പാപം, പാപാനന്തരം പുണ്യം എന്നിങ്ങിനെ ഒരു ക്രമത്തെ അനുസരിച്ചായിരിക്കില്ല ജന്മാന്തരകർമ്മരചന; എങ്കിലും സുഖസ്യാനന്തരം ദുഃഖം ദുഃഖസ്യാനന്തരം സുഖം എന്നുള്ള ഒരു ക്രമം അനുഭവത്തിൽ കാണുന്നുണ്ട്. അങ്ങിനെ വരുന്നതുകൊണ്ട് സുഖാനുഭവത്തിന്റെ സൌഖ്യവും ദുഃഖാനുഭവത്തിന്റെ വേദനയും മനുഷ്യൻ പൂർത്തിയായി അനുഭവിക്കുന്നുണ്ട്. ഇപ്രകാരം അനുഭവങ്ങളുടെ തികവിനുവേണ്ടി കർമ്മഫലദാതാവായ സർവ്വേശ്വരൻ രചിച്ചിട്ടുള്ളതായിരിയ്ക്കാം, നവയൌവനപ്പുളപ്പുള്ള കാമിജനങ്ങൾക്കു "സംഗമാഭ്യാസനപടവി കലർന്നുള്ള സൌഖ്യാതിരേക"ത്തിന്റെ വിളയാട്ടമായ രഹസ്സല്ലാപസുഖപരതി. ആ സല്ലാപവിച്ഛിത്തിനും അതിനെ പിന്തുടരുന്ന വിരഹദുഃഖത്തിനും കണ്ടകതപം പോരാത്തപോലെ ചിന്താമാത്രേണ വെറുത്തു സർവ്വാംഗം തരിക്കുമ്മക്ക വൈരൂപ്യകുക്ഷികളായി സംഗമത്തിനു യോഗം വരുന്നതുപോലെ മറ്റൊരു സങ്കടവുമില്ല.

നേരം പുലർന്നപ്പോൾ കുന്തിക്കാവു വങ്കുളത്തിൽ പോയി കുളിച്ചു് അമ്പലത്തിൽ ചെന്നു തൊഴുതുകഴിഞ്ഞപ്പോൾ പ്രസാദമാണെന്നും പറഞ്ഞു ശാന്തിക്കാരൻ കൊടുത്ത ഒരു രോജാപ്പൂവിനെ, കാണികളുടെ കണ്ണു പറിക്കുത്തക്കവണ്ണം മനോഹരമായവിധത്തിൽ പിന്നുറത്തുലത്തിയിട്ടിരുന്ന തന്റെ മുടിനടുവിൽ ബന്ധിച്ച മറ്റു യുവതികളെപ്പോലെ പുറമുള്ളവരെ നോക്കിയില്ലെന്നുള്ള ഭാവത്തിൽ കണ്ണിന്റെ കോണുകൊണ്ടു നോക്കാതെ, തന്റെ

പ്രാണപ്രിയസമാധിയിൽ മന്ദയാനം ചെയ്യുന്നതിനെ ക്ഷേത്രദ്വാരത്തിൽ നിന്നിരുന്ന ചിത്രൻനമ്പൂതിരി യദ്ദൃച്ഛയായി കണ്ടു. ഇവൾ കമിഴ്ന്നുവീഴാത്തതെന്തുകൊണ്ടാണെന്നു ചിന്തിച്ചുകൊണ്ടു നില്ക്കുമ്പോൾ അമ്പലം കടന്നു പുറത്തു പോയവളുടെ പിമ്പുറം കണ്ടു സംശയനിവൃത്തി വന്നതോടുകൂടി നമ്പൂതിരിക്കു് അഞ്ചമ്പന്റെ അഞ്ചമ്പുകളും ഏറു് അടിമയ്ക്കടിമയായി അല്പനേരം മുമ്പുപോയ മനസ്സിനെപ്പിന്തുടർന്നു ചിത്രന്റെ ശരീരവും കോട്ടയിലെ വീട്ടിലെത്തി.

ചിത്രൻനമ്പൂരി കോട്ടയിലെ വീട്ടുകാരുടെ സകല സമ്പത്തിനും ഹേതുവായ ഭ്രമപത്തിനു ജന്മിയാണു്. ഇല്ലത്തു മൂത്താളല്ലെങ്കിലും സകല കൈകാര്യവും ഇദ്ദേഹത്തിനാണു്. ഇദ്ദേഹത്തിനു 35 വയസ്സേ ആയിട്ടുള്ളുവെങ്കിലും കണ്ടാൽ നാല്പതിലധികം മതിക്കാവുന്ന കഷണ്ടിയും കടവയറും നരയുമുണ്ടു്. മൂത്താളിരിക്കെ ഇദ്ദേഹത്തിനു കൈകാര്യം കിട്ടിയതു് ഉറുമ്പു കൊണ്ടുപോകുന്ന അരിമണി തട്ടിപ്പറിക്കുന്ന പിശുക്കനായതുകൊണ്ടാണെന്നു ലോകപ്രസിദ്ധിയുണ്ടു്. കൈചീനമാത്രനായിരിക്കുന്നതു നല്ല നമ്പൂരിത്തമാണെന്നു നാട്ടുകാക്കൊരു വിചാരമുണ്ടു്. ചിത്രൻനമ്പൂരിയെ എല്ലാവരും എപ്പോഴും നല്ല നമ്പൂരിയായിട്ടേ വിചാരിച്ചുവരാറുള്ളൂ. സംബന്ധം ഉണ്ടാക്കുന്നതിലുള്ള ചിലവിനെ ഭയപ്പെട്ടു് ഇദ്ദേഹം സംബന്ധം എങ്ങും തുടങ്ങില്ലെന്നു വിചാരിച്ചു് ഇദ്ദേഹത്തിന്റെ സംബന്ധത്തെപ്പറ്റി ആരും ആലോചിക്കാറില്ല.

വലിയ ജന്മിയായതുകൊണ്ടും ആ ദേശത്തുള്ളവരെല്ലാം തന്റെ കുടിയാനവന്മാരായതുകൊണ്ടും ഇദ്ദേഹം ആ

ങ്ങടേയും ഭവനത്തിൽ കയറിച്ചെല്ലുവാറില്ല. അപൂർവ്വഗമനം ഹേതുവായിട്ട് ആദരവിനഷ്ടനായ ഇദ്ദേഹത്തിന്റെ ആ ഗമനം കോട്ടയിലെ വീട്ടുകാർക്ക് ഒരു മഹോത്സവംപോലെ ആയിരുന്നു. കോട്ടയിലെ വീട്ടിലുണ്ടായിരുന്ന സ്ത്രീകളും പുരുഷന്മാരും ഞാൻ ഞാൻ മുമ്പിലെന്ന തിരക്കി ഉപചാരങ്ങളാരംഭിച്ചു. പുറത്തെങ്ങാണ്ടോ പോയിരുന്ന കാരണവൻ നാരായണമേനോൻ എഴുന്നള്ളത്തിന്റെ വൃത്താന്തം കേട്ട് ഓടിക്കിതച്ചെത്തി. തോർത്തുമുണ്ടയിൽ കെട്ടിവായ പൊത്തി ഉള്ളംകൈയിനുള്ളിൽ അടിയൻ എന്നാൻ എന്ന തകൃതി കൂട്ടിക്കൊണ്ടു നാരായണമേനോൻ നമ്പൂരിയുടെ തിരുമുമ്പിൽ വന്നുനിന്നു.

നാരായണമേനോൻ—(കിതച്ചുംകൊണ്ട്) ഇന്ന്—അടിയൻ ഉണർന്നപ്പോൾ—കണ്ട കണ്ണികൊണ്ട് എന്തോ വലിയൊരു ഭാഗ്യം വരുന്നുണ്ടെന്നു തീർച്ചയാക്കി. അതു് ഇതാണെന്നറിഞ്ഞില്ല.

ചിത്രൻ—നാരായണനു ജ്യോത്സ്യനുണ്ടോ?

നാ—മേ—ആ ശാസ്ത്രം പഠിക്കാൻ അടിയങ്ങൾക്ക് അധികാരമില്ലല്ലോ.

ചിത്രൻ—പിന്നെ എങ്ങനെയാ നാരായണൻ നമ്മുടെ വിചാരം അറിഞ്ഞതു്?

നാ—മേ—തിരുവുള്ളത്തിലുദിച്ച കരുണയൊന്നും അടിയങ്ങൾ അറിഞ്ഞിട്ടില്ല. കൃപ്പമാടത്തിൽ ഇപ്പോഴുണ്ടായ തൃപ്പാദസ്പർശം ഒന്നിനെ മാത്രമേ അടിയൻ ഉദ്ദേശിച്ചു വിടകൊണ്ടിട്ടുള്ളൂ.

ചിത്രൻ—അല്ല-ല്ല-ല്ല. എന്തൊണ്ടൊക്കെ നീ അറിഞ്ഞിട്ടു

ണ്ടെന്നന്ന്യാ നിരീക്കേണ്ടതു്. അല്ലെങ്കിൽ 'വലിയൊരു ഭാഗ്യം' എന്നു നീ പറവാൻ സംഗതിയില്ല.

നാ-മേ—സത്യമായിട്ടും അടിയൻ അറിഞ്ഞിട്ടില്ല.

ചിരുതൻ—എന്നാൽ, ട്ടൊ നാരാണാ, വലിയൊരു കുണ്ണനമുക്കു തോന്നീട്ടില്ലെന്നില്ല. നീ മഹാ സമർത്ഥനാ—നീ അറിഞ്ഞു എന്നാ നമുക്കു തോന്നിയതു്.

നാ-മേ—തിരുവുള്ളത്തിലുണ്ടാകുന്ന വിചാരങ്ങളും അടിയങ്ങളും എങ്ങിനെ അറിയും? അരുളിച്ചെയ്യുതന്നെ കേൾക്കണം.

ചിരുതൻ—നാം പറഞ്ഞില്ലേ? നാരാണനെറ ആഗ്രഹം നമ്മെക്കൊണ്ടു പഠയിയ്ക്കണമെന്നന്ന്യാ?

നമ്പൂതിരിയുടെ ഭൃത്യൻ ഗോവിന്ദൻ കൂടെ എത്തീട്ടുണ്ടായിരുന്നു. ശൂദ്രന്മാക്കു നല്ല നാമധേയം നമ്പൂരിമാർ സഹിക്കാറില്ല. ഗോവിന്ദനെറ പേർ, ഇല്ലത്തു താമസം തുടങ്ങിയമുതൽ 'കോന്തൻ' എന്നായി. ചിരുതൻനമ്പൂരി ഗോവിന്ദനെ, കൂടെ കൂട്ടിക്കൊണ്ടുനടക്കുന്നതു് അദ്ദേഹം ചോദിക്കുമ്പോഴെല്ലാം മുറുക്കാൻ കൊടുക്കാനാണു്. നമ്പൂരിയുടെ ഒരു ചെല്ലപ്പെട്ടി കോന്തനെറ കയ്യിലുണ്ടെങ്കിലും വെറിലയും മറ്റും നമ്പൂരി കാര്യം കൊടുത്തു വാങ്ങാറില്ല. വല്ലവരും നാട്ടുമര്യാദപ്രകാരം മുറുക്കാൻ ക്ഷണിച്ചാൽ അതിൽനിന്നു കിട്ടുന്നേടത്തോളം പിന്നെയ്ക്കു കരുതുന്നതു കോന്തനെറ ചുമതലയാണു്. 'കോന്താ മുറുക്കാൻ' എന്നു നമ്പൂരി പറഞ്ഞപ്പോൾ അവൻ ചെല്ലം തുറന്നു മുറുക്കാനുണ്ടാക്കാൻ ഭാവിച്ചു. നാരായണനുമന്നോൻ വെറിലത്താലവും കൊണ്ടുവന്നു വെച്ചു.

ചി—ടാ-കോന്താ-കഴതേ! നാറാണന്റെ കൂപ്പമാടത്തിൽ വന്നിട്ട നമ്മുടെ ചെല്ലത്തിൽനിന്നു മുറുക്കുന്നതു നാറാണനു സുഖാവില്ല. എന്നല്ല നമ്മുടെ കയ്യിലുള്ളതു താലത്തിലെ കോപ്പിനോളം നന്നായിരിക്കയില്ല.

എന്നു പറഞ്ഞു നമ്പൂരിതന്നെ താലം എടുത്തുവെച്ചു മുറുക്കാൻ തുടങ്ങി.

ചിത്ര—മുറുക്കുന്നു കൂട്ടത്തിൽ എന്തിനാ ലേഹ്യം?

നാ-മേ—ലേഹ്യമല്ല. പുകയില വെടിപ്പായി അരിഞ്ഞു് ഇടിച്ചതാണു്. എല്ലാ മരുന്നുകളും ചേത്തിട്ടുണ്ടു്.

ചി—ഇടിച്ച പുകല നാം മുക്കീട്ടുണ്ടു്. പക്ഷേ ഇത്ര പൊടിയായി അരിഞ്ഞു കണ്ടിട്ടില്ല. ഇത്ര മരുന്നും ചേത്തിക്കണ്ടിട്ടില്ല. എന്തിനാ ഇത്ര മരുന്നു ചേത്തുന്നതു്?

നാ-മേ—പല്ലിനും തൊണ്ണിനും കേട പറാതിരിക്കാനാണു്.

ചി—എന്നാൽ ഈ മരുന്നു നമുക്കു വളരെ ആവശ്യമാണു്. കോന്താ, ഇതെടുത്തു നമ്മുടെ ചെല്ലത്തിൽ വെച്ചേയ്ക്കു. കോന്തൻ മഹാ കഴതയാ. നാറാണൻ കൊറെ ഇടിപ്പിച്ചു നമുക്കു് എത്തിച്ചതരണം. അവനുണ്ടാക്കാൻ അറിഞ്ഞുകൂടാ.

നാ-മേ—റാൻ.

ഈ സന്ദർഭത്തിൽ കൃഷ്ണൻനായർ തിരുമുമ്പിൽ വന്നു ഹൃദയത്തിന്നു നേരെ കൈകൂപ്പി മൂന്നുവട്ടം തൊഴുതു.

ചി—കൃഷ്ണൻ-നായരിക്കോ പോരു്?

നാ-മേ—ഇപ്പോൾ തിരുമനസ്സിലേയ്ക്കാണു് ജ്യോത്സ്യർ ഉള്ളതായി കാണുന്നതു്.

ചി—ഹ: ഹ: ഹ! എന്താ നാറാണാ കുറിക്കു കൊണ്ടതാ?

നാ—മേ—റാൻ. മുമ്പു തുക്കണ്ണാത്തിട്ടുണ്ടോ?

ചി—അതൊന്നുമല്ല. ട്ടൊ നാറാണ! കൃഷ്ണന്റെ കാരണവൻ ഉചിതജ്ഞനാ ഹ: ഹാ:—കട്ട രസായി.

നാ—മേ—അലക്കിയ മുണ്ടുടുത്തു കുട്ടിയെ എടുത്തു മടിയിൽ വെച്ചപ്പോൾ തോന്നിയ പേരായിരിക്കാം.

കൃ—നാ—ഇവിടെക്കു് എന്നൊടുള്ള താല്പര്യംകൊണ്ടു് അങ്ങിനെയൊക്കെത്തോന്നുന്നതാണു്. അല്ലാതെ എന്നൊക്കണ്ട മാത്രയിൽ ഭഗവാന്റെ സ്മൃതിയുണ്ടാകത്തക്കവണ്ണം ആ ദിവ്യരൂപത്തോടു സാദൃശ്യമുണ്ടെന്നു് എന്നൊപ്പറ്റാ തള്ളയ്ക്കുകൂടി തോന്നില്ല.

ചി—സരസ! സരസ! കൃഷ്ണന്റെ എവിടെയാ?

കൃ—നാ—അടിയന്റെ കൂപ്പുമാടം അഡ്യാരാണു്.

ചി—ഇവിടെ എന്താ?

കൃ—നാ—ഇവിടെ കുട്ടികളെ സംസ്കൃതം പഠിപ്പിക്കയാണു്.

ചി—സംസ്കൃതം ഇപ്പോ അധികം—ണ്ടോ?

കൃ—നാ—അധികമൊന്നുമില്ല. കുട്ടികളെ പഠിപ്പിക്കാൻ മാത്രം ചില കാവ്യങ്ങളും നാടകങ്ങളും നോക്കീട്ടുണ്ടു്.

ചി—ആരൊക്കെയാ പഠിക്കുന്നതു്?

കൃ—നാ—ഇവിടെ കുഞ്ഞിക്കാവു് എന്നൊരു സ്ത്രീയാണു് പ്രധാനമായി പഠിക്കുന്നതു്.

ചി—നാം ഇന്നു കാലത്തു കണ്ട സ്ത്രീയാണോ?

കൃ—നാ—അതെങ്ങിനെയാണു് അടിയൻ അറിയുന്നതു്. തുക്കൺപാത്തതു് ആരെയാണെന്നു് അടിയനോടാരും പറഞ്ഞിട്ടില്ല.

ചി—ആ സ്ത്രീതന്നെയാ, നമുക്കൊട്ടും സംശയമില്ല. അതുകൊണ്ട നമുക്കൊന്നും വിരോധമില്ല. മൂപ്പിലേയ്ക്ക് ഇനി എങ്ങിനെയാണാവോ? 'ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ' എന്നുള്ളതു പുരുഷന്മാക്കാണ്. പുല്ലിംഗമായിട്ടല്ലേ പറഞ്ഞതു്. 'ശൂദ്രി' എന്നോ 'ശൂദ്രച്ചി' എന്നോ പറഞ്ഞിട്ടില്ല. പേരെ കുറ്റംകൂടി ഉണ്ട്. ഏതില്ലത്തെ അടിയാരായിട്ടുള്ള ശൂദ്രൻ എന്നു പറഞ്ഞിട്ടില്ല. അതുകൊണ്ട മൂപ്പിനു് ആക്ഷേപിച്ചാൽ ന്യായം പറഞ്ഞു കഴിച്ചുകൂട്ടിക്കാം. ഇക്കാലത്തു് ഇങ്കിളീഷുംകൂടി ധാരാളമായിത്തുടങ്ങി എന്നൊക്കെയാണ് കേൾക്കുന്നതു്. കൃഷ്ണനു് ഇങ്കിളീഷുണ്ടോ, എങ്ങനെയാ?

കൃ—നാ—ഉണ്ടെന്നു പറയാൻ മാത്രം ഇല്ല. ഇല്ലെന്നു പറയാൻതക്കവണ്ണം ഇല്ലായ്മയും ഇല്ല. എന്നാലൊട്ടുണ്ടോ? ഇല്ലെതാനും—എന്നു പറഞ്ഞ കൂട്ടത്തിൽ കുറച്ചുണ്ട്.

ചി—എന്നാൽ വാസ്തവം പറയട്ടെ കൃഷ്ണാ! കണ്ടാൽ ഒട്ടും ഉണ്ടെന്നു തോന്നില്ല.

നാ-മേ—കണ്ടതല്ല കാര്യം. ഇംഗ്ലീഷിൽ കൃഷ്ണൻനായക്ക് ആവശ്യത്തിനു വേണ്ട അറിവുണ്ട്. സംസ്കൃതത്തിൽ ഈ പ്രദേശത്തുള്ളവരേക്കാൾ അറിവുണ്ടെന്നാണു് അടിയൻ മനസ്സിലാക്കീട്ടുള്ളതു്.

ചി—ന്നാൽ അസാരം അബദ്ധായി. ആദ്യം നമ്മെ തൊഴുതപ്പോൾ ഏതാണ്ടൊക്കെ അറിവുള്ളവനാണെന്നു നിരീച്ചു. നാറാണൻ അത്ര നോക്കീലെന്നായിരിക്കുമോ? ഹൃദയത്തിനു നേരായിട്ടാണു് കൈ കൂപ്പിയതു്. ബ്രാഹ്മണരെ തൊഴുമ്പോൾ അങ്ങനെയാണു് വേണ്ടതു്

തു്. ക്ഷത്രിയനെ തൊഴുമ്പോൾ വായസ്സു നേരായിട്ടാ കൈ കൂപ്പേണ്ടതു്. ദേവന്മാരെ തൊഴുമ്പോൾ ശിരസ്സി ന്നു മുകളിലായിട്ടും. സംസ്കൃതം ക്ഷു-ണ്ടെന്നു് ഇതുകൊ ണ്ടൊക്കെ ഊഹിക്കാം. ഇങ്കിളീഷില്ലെന്നു തോന്നിയതു പുകയും പൊടിയും ഇല്ലാത്തതുകൊണ്ടാണു്. മൊട്ടത്ത ലയും മുട്ടിങ്കൽവെച്ചു കൈ മുറിഞ്ഞ കപ്പായവും കണ്ടാ ലും മതിയായിരുന്നു. അതു കണ്ടില്ലെന്നുമാത്രമല്ല റെ റിയിൽ കുറിയും കണ്ടു. പിന്നെ നമ്മുടെ ഊഹ ത്തിൽ തെറ്റു പറയാമോ, നാറാണാ?

നാ-മേ—കൃഷ്ണൻനായരുടെ കായ്ത്തിൽ കണ്ടതല്ല കാഴ്ച എന്നു് അടിയൻ പിടികൊണ്ടില്ലേ? സരസ്വതീനദിയു ടെ കൂട്ടത്തിലാ. അന്തസ്സലിലയാണെന്നു് ഇറങ്ങിനോ ക്കുമ്പോൾ മാത്രമേ അറിയുള്ളൂ.

ചി—ഇപ്പോൾ കുഞ്ഞിക്കാവിനെ എന്താ പഠിപ്പിക്കു ന്നതു്?

കൃ-നാ—ഭോജചമ്പുവാണു്. അതു് ഇന്നത്തോടെ കഴി ഞ്ഞു. നാളെമുതല്ലു ശാകുന്തളം നാടകം വായിക്കാനാ ണു് നിശ്ചയിച്ചിട്ടുള്ളതു്.

ചി—ഓഹോ! അപ്പോൾ നാംനിമിത്തം അതിന്നു മുടക്കം വരുന്നുണ്ടു്, അല്ലേ?

കൃ-നാ—ഇവിടത്തെക്കൊണ്ടു വിഷ്ണും എങ്ങനെയാണു് വ രുന്നതെന്നു് അടിയനു മനസ്സിലായില്ല.

ചി—ഇല്ലല്ലല്ല. അതിനുള്ള നിവൃത്തിയും നമുക്കു തോന്നീ ട്ടുണ്ടു്.

കൃ-നാ—വിഷ്ണും വരുന്നതെങ്ങനെയാണെന്നറിഞ്ഞിട്ടു വേ ണ്ടേ നിവൃത്തിമാർഗ്ഗം ചിന്തിക്കാൻ?

ചി—അതോ? ഇല്ലത്തു കൊണ്ടുപോയി പാപ്പിക്കാമെന്നാ നിരീക്കുന്നതു്. ഇവിടെ ഇട്ടേച്ചുപോകുമ്പോൾ കായ്ത്തിരക്കുകൊണ്ടു നമുക്കു നിത്യം എത്താൻ കഴിഞ്ഞു എന്നു വരില്ല. പ്രസവിക്കുന്നതുവരെ ഇല്ലത്തുതന്നെ ഇരിക്കട്ടെ.

കു-നാ—ഇക്കഥയൊന്നും അടിയൻ അറിഞ്ഞിട്ടില്ല.

ചി—നാറാണൻ നടേ ചോദിച്ചപ്പോൾ നമുക്കൊരു കരുണ തോന്നീട്ടുണ്ടെന്നു പറഞ്ഞതു നീ കേട്ടില്ലായിരിക്കുമോ?

നാ-മേ—ഇതാണു് തോന്നിയ കരുണ എന്നു് അടിയനും അറിഞ്ഞില്ല.

സംബന്ധകായ്ക്കുള്ളും മറ്റും താനറിയാതെ പെണ്ണുങ്ങൾ തീച്ചയാക്കിത്തുടങ്ങിയോ എന്നു വിചാരിച്ചു നാരായണഭൂമനോൻ സ്ത്രീകളുടെ നേരെ മനസ്സിൽ ഒന്നു കുത്തി. അകായിൽ കടന്നു് അന്വേഷിച്ചപ്പോൾ തറവാട്ടിലമ്മയോ മറ്റു സ്ത്രീകളോ ചിത്രൻനമ്പൂതിരിയുടെ സംബന്ധാലോചനയെപ്പറ്റി യാതൊന്നും അറിഞ്ഞിട്ടില്ലെന്നു മനസ്സിലായി. എന്നുമാത്രമല്ല ചിത്രൻനമ്പൂതിരിയുടെ സംബന്ധം കാരണവർ ഉറപ്പിക്കുന്നപക്ഷം കുഞ്ഞിക്കാവു വല്ലവിധവും ആത്മഹത്യ ചെയ്യുമെന്നു പറഞ്ഞിട്ടുള്ളതായും മനസ്സിലായി. നമ്പൂതിരിയുടെ ഇഷ്ടത്തിനും വിരോധം പറയുന്നാ കായ്യം സ്മരിക്കാൻ പാടില്ലാത്തവിധം അദ്ദേഹത്തിനു കടപ്പെട്ടിട്ടുള്ളതായിട്ടാണു് കോട്ടയിലെ വീട്ടുകാരുടെ ഇരിപ്പു്. ആകപ്പാടെ ഈ സന്ദർഭത്തിൽ എങ്ങിനെയാണു് പ്രവർത്തിക്കേണ്ടതെന്നുള്ള ആലോചനയോടുകൂടി പുറത്തേയ്ക്കു വന്ന നമ്പൂരിയുടെ അടുക്കൽ പോയി.

നാ-മേ—സംബന്ധകാര്യം എപ്പോഴാണു് തിരുമനസ്സുകൊണ്ടു തീർച്ചയാക്കിയതു്? ആരോടാണു് ആലോചിച്ചതു്?

ചി—ഇന്നു കാലത്തു നാം ഉറച്ചിട്ടുള്ളു. ആരോടും ആലോചിച്ചിട്ടില്ല.

നാ-മേ—കുഞ്ഞിക്കാവിനു സമ്മതമില്ലെന്നാണു് കേട്ടതു്.

ചി—പലഹാരത്തിനോടു ചോദിച്ചിട്ടാരെങ്കിലും പലഹാരം തിന്നാറുണ്ടോ? എന്നു മാത്രമല്ല, ഇതിന്റെ ഗുണദോഷം അറിയാൻമാത്രം കുഞ്ഞിക്കാവിനു ബുദ്ധിശക്തിയുണ്ടോ? നമുക്കെന്താ കുറവു്? കുഞ്ഞിക്കാവിന്റെ കാര്യത്തിൽ നാം കുട്ടം ലോഭിക്കാൻ വിചാരിക്കുന്നില്ല. കച്ചയ്ക്കു ജഗന്നാഥൻതന്നെ വേണമെങ്കിൽ വാങ്ങിക്കൊടുക്കാം. അകത്തുള്ളാളുകൾക്കു വിരോധമില്ലെങ്കിൽ ചെട്ടിച്ചികളുടെ കുപ്പായവും വാങ്ങിക്കൊടുക്കാം. ഇന്നു വൈകുന്നേരം നാം വരും എന്നു പറയൂ.

നാ-മേ—മറന്നാൽ ആയാൽക്കൊള്ളാമെന്നുണ്ടു്.

ചി—ശുഭസ്യ ശീഘ്രം, നാരാണാ.

നാ-മേ— അടിയങ്ങൾക്കു് ഇതു വലിയൊരടിയന്തരമാണു്.

ചി—എന്നുമുതല്ക്കാണിതൊരു വലിയ അടിയന്തരമായതു്? നായന്മാക്കു കെട്ടുകല്യാണമാണു് വലിയ അടിയന്തരം. അപ്പോൾ താലി അറുത്താൽ പിന്നെ കിടപ്പിന്റെ വട്ടം ഇഷ്ടംപോലെ ആവാം. ശാസ്ത്രവും ആചാരവും നമുക്കറിഞ്ഞുകൂടേ?

നാ-മേ—അതിനെപ്പറ്റി ഇപ്പോൾ വാദിച്ചിട്ടാവശ്യമില്ല. കെട്ടുകല്യാണം നിരത്ഥമായിട്ടുള്ളതാണെന്നും അ

തിന്നു പണം ചിലവു ചെയ്യുന്നതു ദോഷത്രമാണെന്നും പുടമുറിക്കല്യാണമാണു് പ്രധാനമായിട്ടുള്ളതെന്നും അടിയങ്ങളുടെ സംഘത്തിൽ ഏപ്പെട്ടുപോയി. അതിനു നുസരിച്ചില്ലാതെ അടിയങ്ങൾക്കു നടക്കാൻ പാടില്ല. അതിനു വട്ടംകൂട്ടുന്നതിനു രണ്ടു ദിവസം വേണം. അതാണു് മറന്നാൽ മതി എന്നു് അടിയൻ പിടികൊണ്ടതു്.

ചി—ഇന്നു വേണമെന്നാണു് നാം തീച്ചയാക്കിയതു്.

നാ-മേ—അടിയങ്ങൾക്കു് ഇത്ര സങ്കടമായിട്ടു വേറെ കുന്നമില്ല.

ചി—ആഘോഷങ്ങൾ പതിവായിട്ടുണ്ടെങ്കിൽത്തന്നെ നായന്മാർ സംബന്ധം ചെയ്യുമ്പോൾ മാത്രമേ ഉള്ളു. നമ്പൂരിമാരും മറ്റും കിടപ്പിന്റെ വട്ടം ആലോചിക്കുമ്പോൾ യാതൊരാഘോഷവുമുണ്ടാകാറില്ല.

നാ-മേ—അങ്ങിനെ കല്പിക്കുന്നതു സങ്കടമാണു്.

ചി—നാറാണന്റെ ഇഷ്ടത്തിനു മറന്നാളെയ്ക്കില്ലാ, അതിന്റെ പിറന്നാളെയ്ക്കും നീട്ടിവെയ്ക്കാം. ഒട്ടും വ്യസനിക്കേണ്ട. എന്നാൽ മറന്നാൾ.

ചിരുൻനമ്പൂരി കോട്ടയിലെ വീട്ടിൽനിന്നു നാരായണനമനോടു യാത്രയും പറഞ്ഞു പുറപ്പെട്ടു. കുഞ്ഞിക്കാവിനു ബോധ്യമല്ലെന്നു കേട്ടതുകൊണ്ടു് അദ്ദേഹത്തിനു് അല്പം സുഖക്കേടുണ്ടായിരുന്നു. ക്ഷൌരം ചെയ്തിട്ടു കൃത്രിമ വൃത്തത്തിലാക്കി കുഴിയുന്നതും സുന്ദരനാകേണമെന്നു മനസ്സുകൊണ്ടു തീച്ചയാക്കി. കുഞ്ഞിക്കാവിനെ ഇല്ലത്തു കൊണ്ടുവന്നിരുത്താൻ സ്ഥലമേതാണെന്നുള്ള ആലോച

നായി. പടിപ്പുരമാളികയിൽ ഒരു കയറുകട്ടിൽ കൊണ്ടുപോയി ഇട്ടു. പുമരിൽ പുണ്ണാമ്പു തേച്ചു നിലത്തു കണ്ടും കുഴിയുമുള്ളതിനെ മണ്ണിട്ടിഴക്കി വെടിപ്പാക്കാൻ കല്പന കൊടുത്തു. കിടക്കാൻ ഇല്ലത്തുള്ള മെത്തപ്പായയ്ക്കു നീളം കുറവായിരുന്നതിനാൽ അതിന്മേൽ വെളുത്ത കമ്പിളി ഒന്നു വിരിക്കാൻ നിശ്ചയിച്ചു. തട്ടിന്മേൽ നാരായണപ്പക്ഷി കൂട്ടു കൂട്ടിയിരിക്കുന്നതിനെ നശിപ്പിക്കുന്ന കായ്ത്തിലും പേട്ടാളന്റെ കൂട്ടു കളയുന്ന കായ്ത്തിലും വലിയ നമ്പൂരിയും അകത്തുള്ളവരും വിരോധം പറഞ്ഞു. പക്ഷേ മൺപുമരു വെച്ചു ചെറുതായി ഒരു പുര കെട്ടിയാലും വിരോധമില്ലെന്നാണു് വലിയ നമ്പൂരിയുടെ അഭിപ്രായം.

ഇല്ലത്തു മരാമത്തിനുള്ളാലോചനകൾ ഇങ്ങിനെ നടക്കുന്നു. ചിത്രൻനമ്പൂരിയുടെ സംബന്ധമാണെന്നു പറഞ്ഞു് അദ്ദേഹത്തിന്റെ കുടിയാനവന്മാരോടു് ഒരു നെട്ടമ്പുരയ്ക്കും കോട്ടയിലെ വീട്ടുപുറവും പന്തലിനും സാമാനങ്ങൾ വാങ്ങിക്കൊണ്ടുപോയി നാരായണമേനോൻ നെടുമുര കെട്ടിക്കുകയും പന്തലിടുവിക്കുകയും ചെയ്തു. സദ്യയ്ക്കുള്ള ഏർപ്പാടുകളെല്ലാം ഒന്നൊന്നായി ഒരുങ്ങിത്തുടങ്ങി. ആ പ്രദേശത്തുള്ള നാട്ടുനടപ്പുപ്രകാരം പുടമുറിക്കല്യാണത്തിനു ക്ഷണിച്ചാൽ അകം വിതാനിക്കുന്നതിനു് അവരവരുടെ കയ്യശമുള്ള സാധനങ്ങളേയുംകൊണ്ടേ പോയ്ക്കൂടാ എന്നൊരു നിശ്ചയമുണ്ടു്. ഈ നടപടിപ്രകാരം വിതാനസാമഗ്രികൾ കൊണ്ടുപോകുന്നതിൽ താൻ കൊണ്ടുപോയിക്കൊടുത്ത സാധനങ്ങൾ മറുള്ളവയേക്കാൾ മെച്ചമാണെന്നു കേൾപ്പാൻ അവിടങ്ങളിലുള്ള സ്ത്രീജനങ്ങൾ തമ്മിൽത്ത

മ്മിൽ സ്പർദ്ധയുമുണ്ടു്. ഇപ്രകാരം വന്നുചേന്നിട്ടുള്ള സാ
ധനങ്ങളെക്കൊണ്ടു വിതാനിച്ചുതുടങ്ങി. കട്ടിളയിൽ അഞ്ചു
കിടയ്ക്ക മേല്ക്കുമേൽ വിരിച്ചു. അരുകിൽ നോക്കിയാൽ
അഞ്ചു വണ്ണങ്ങളായ കിടയ്ക്കകളാണെന്നറിയാം. ഓട്ടുപാ
ത്രങ്ങളുടെ സമൃദ്ധിയെ സൂചിപ്പിക്കുമാറു കട്ടിളയുടെ കീഴിൽ
സകലവിധമായ പാത്രങ്ങളും രചിച്ചുവെച്ചു. രാമായണം
ഭാരതം ഭാഗവതം എന്നീ പുരാണകഥകളെ പടങ്ങളെഴു
തിക്കാണിച്ചിട്ടുള്ള മേലാപ്പു കെട്ടി. അതിൽ അതിഭംഗി
യായി രസമണികൾ തൂക്കി. മേലാപ്പിൽ ഇടയ്ക്കിടെ ചെ
റുതരം ഗ്ലോപ്പുകൾ തൂക്കി അതുകളിൽ ചെറുതരം മെഴു
ത്തിരി കത്തിച്ചു. കട്ടിൽപ്പുറത്തലയിൽ കൃഷ്ണലീലകളെ പ
ടമെഴുതിക്കാണിച്ചിട്ടുള്ള ശീലകൊണ്ടുള്ള ചെറുമേലാപ്പു
കെട്ടി മൂന്നു ഗ്ലോപ്പും തൂക്കി. പച്ചനിറത്തിലുള്ള കൊ
തുവലകൊണ്ടു കട്ടിൽ മൂടി. എല്ലാറ്റിലും മുകളിലുള്ള കി
ടയ്ക്കയിൽ ചുളുക്കില്ലാതെ മഞ്ഞപ്പട്ടു വിരിച്ചു. പട്ടുകൊ
ണ്ടുള്ള തലയണകളും ചാരുതലയണകളും വെച്ചു. പുമ
രിൽ ഒരു വരി വലുതായ കല്ലുണ്ണാടികളും അതിനു മുക
ളിൽ ഒരു വരിയായി അതിഭംഗിയുള്ള ചിത്രക്കണ്ണാടിക
ളും തൂക്കി. പട്ടുപ്പായകളുടെ സമൃദ്ധി കാണിക്കാനോ എ
ന്നു തോന്നുംവണ്ണം പലതരം വിശേഷപ്പെട്ട പായകളെ
മടക്കിത്തൂക്കി. അതിനു മുകളിൽ അലക്കിയ കസവുമു
ണ്ടുകൾ മടക്കലയാതെയും കസവുകളുടെ പുഷ്ടി കാണത്ത
ക്കവിധത്തിലും ഇടവിടാതെ തൂക്കി. അതിനു മീതെ തങ്ക
ച്ചായമിട്ട കൂടുകളുള്ള കണ്ണാടികളെ ഒരു വരിയായിത്തൂ
ക്കി. അതിനു മുകളിൽ ഓട്ടുകൊണ്ടുള്ള പെറാില ചുരു
ട്ടിവെച്ചു കൊടുക്കാനുദ്ദേശിച്ചുണ്ടാക്കീട്ടുള്ളവയും അല്പചന്ദ്രാ

കാരത്തിലുള്ളവയുമായ വെറ്റിലക്കോലുകളെ തൂക്കി. ചന്ദനത്തിരി മുതലായ സുഗന്ധസാധനങ്ങളെ പുകച്ചു. വെള്ളികൊണ്ടുള്ള കളഭക്കിണ്ണത്തിൽ കളഭവും വെള്ളിത്താലത്തിൽ തളിരായിട്ടുള്ള വെറ്റിലയും കരയാമ്പൂ ഏലത്തരിലവംഗം ജാതിക്കായ ജാതിപത്രി കസ്തൂരി എന്നീ സാധനങ്ങളും, പച്ചക്കർപ്പൂരം ചേർത്തി സുഗന്ധപ്പെടുത്തിയ ചുണ്ണാമ്പും പുകയിലമരുന്നുകളും ചേർത്തി ഇടിച്ചു പച്ചപ്പഴ ചേർത്തി സുഗന്ധപ്പെടുത്തിയ പുകയിലയും മാരോ ചെറിയ വെള്ളിക്കിണ്ണങ്ങളിലാക്കി ആ താലത്തിന്മേൽ വെച്ചു. പഴുക്കതരങ്ങുകളഞ്ഞതും വെട്ടിയതും, കളിയടയ്ക്കയിൽ കറുത്ത കളി ചേർത്തു് മാമം വിതറി ഉണക്കിയതൊരുവകയും ചുവന്നകളിയടയ്ക്ക ഇടിച്ചു പൊടിയാക്കി സുഗന്ധദ്രവ്യങ്ങൾ ചേർത്തു് എണ്ണ പുരട്ടിയ 'അടയ്ക്കപ്പൊടി' ഒരു വകയും, കളി ചേർത്താതെ വെറുതെ വേവിച്ചുണക്കിയ കൊട്ടപ്പാക്കു് ഒരു വകയും, താംബൂൽബിഹാർ എന്ന പേരായി വെറ്റിലയിൽ തേച്ചു തിന്നുന്ന ഒരു സുഗന്ധസാധനവും പല്ലിൽ കറ പറ്റാതെ ചുണ്ടും നാവും മാത്രം വളരെ ഭംഗിയിൽ ചുവക്കുന്നതിന്നുണ്ടാക്കീട്ടുള്ള 'രക്തദാധരി' എന്നൊരു മരുന്നും ആ വെള്ളിത്താലത്തിൽ വെച്ചു. 'സുഗന്ധത്തട്ടു്' എന്ന പേരായി വെള്ളികൊണ്ടുണ്ടാക്കീട്ടുള്ള ഒരു പാത്രത്തിൽ മൈസൂർ വില്ല, അത്തർ, പനിനീർ, അമ്പർ മുതലായ സുഗന്ധസാധനങ്ങൾ സമൃദ്ധിയായി വെച്ചു.

ഒരിടത്തിൽ നാലഞ്ചു യുവതികൾകൂടി കുഞ്ഞാലിക്കുഞ്ഞിന്റെ ഭാഗ്യത്തെപ്പറ്റിയും ദമ്പതിമാരുടെ കാഴ്ചയിലുള്ള ചേർച്ചയെപ്പറ്റിയും കുഴത്തിലുകിയും കാതും തലയും

ആട്ടിയും കയ്യും കലാശവും കാണിച്ചും പുലമ്പിയിരുന്നു. പിന്നെ ഒരു ദിക്കിൽ അതിഗംഭീരമുഖഭാവങ്ങളോടുകൂടിയിരിക്കുന്ന കുഞ്ഞിക്കാവിനെ ചങ്ങാതിപ്പെൺകിടാങ്ങൾ ചുറ്റും വളഞ്ഞു കൂലുക്കിക്കുലുക്കി ചിരിച്ചുംകൊണ്ടു നില്ക്കുന്നു. മുറത്തും അഞ്ചാറു കുട്ടികൾ കൂടി ഒരു പന്തലിട്ടു പുടമുറിക്കല്യാണത്തിനെ അഭിനയിക്കുന്നു.

കൊട്ടംകാറും കോളുംനിമിത്തം വങ്കടൽമദ്ധ്യത്തിൽ നിലവിട്ടു വളരെപ്പൊങ്ങി നുരച്ചുമറിയുന്ന തിരമാലകളാൽ അങ്ങോട്ടും ഇങ്ങോട്ടും തട്ടി അലയ്ക്കപ്പെട്ട പത്തേമാരിപോലെ പുടമുറി അടിയന്തരത്താൽ അത്യുത്സാഹം നിറഞ്ഞു മദിച്ചും ഘോഷിച്ചും ബദ്ധപ്പെട്ടും നടക്കുന്നു. സ്ത്രീപുരുഷന്മാരുടെ ഇടയിൽ ഇരിപ്പാൻ ഇടവും ഒഴിപ്പാൻ മാർഗ്ഗവും കാണാതെ മനസാ മുറവിളികൂട്ടുന്ന കുഞ്ഞിക്കാവിന്റെ മനസ്സിലെ വികാരങ്ങളെപ്പറ്റി ആരും പറഞ്ഞാലും അറിയില്ല, പറയാനും അറിയില്ല. ആട്ടിനോടു ചോദിച്ചിട്ടല്ല കൂട്ടരയ്ക്കുന്നതെന്നു പറഞ്ഞുംകൊണ്ടു നടത്തിവരുന്ന പുടമുറിയുടെ വൃത്താന്തം തന്റെ പ്രാണപ്രിയന്നറിവുകൊടുക്കാൻ കൃഷ്ണൻനായരോടപേക്ഷിക്കുന്നതിന്നുറച്ചു പല വട്ടം അരികത്തു ചെന്നുവെങ്കിലും, കുലസ്ത്രീകൾക്കു സഹജമായും കുഞ്ഞിക്കാവിന്നു പ്രത്യേകിച്ചും ഉള്ള ലജ്ജയുടെ നിഴലിൽ ആ സ്ത്രീ പറവാൻ വിചാരിച്ച വാക്കുകൾ നിശ്ശ്വേഷം അലിഞ്ഞുപോയി. ഓരോ നോക്കുമാത്രം നോക്കിപ്പോയതല്ലാതെ ഒന്നും പറവാൻ സാധിച്ചില്ല. കൃഷ്ണൻനായരാകട്ടെ, കാലതാമസം നിവൃത്തിനാശകരമാണെന്നറിഞ്ഞുതിട്ടും കുഞ്ഞിക്കാവിന്റെ മനോവികാരങ്ങളെ കാരോന്നായി പിടിച്ചെടുക്കുന്നതിന്നു ചൂണ്ടലിട്ടും

കൊണ്ടിരിക്കുന്നു. കുഞ്ഞിക്കാവു് എന്തോ പറയാനെന്നു ള്ള ഭാവത്തിൽ തന്റെറ അടുക്കൽ വന്നു് ഒന്നും പറയാതെ മാരോ നോട്ടം മാത്രം നോക്കിപ്പോകുന്നതു കണ്ടിട്ടും ആ സ്ത്രീയുടെ ഹൃദയത്തിലുള്ള വിചാരത്തെപ്പറ്റി ഒന്നും അറിയാത്തപോലെ കൃഷ്ണൻനായർ നടിച്ചു് ആ സാധു സ്ത്രീയെ കൂടെ കഷ്ടപ്പെടുത്തി. എന്തു വന്നാലും പറകയ ന്നെ എന്നുറച്ചു പിന്നെ ഒരിക്കൽ കുഞ്ഞിക്കാവു് അരികത്തു ചെന്നു് ഒന്നും പറവാൻ കഴിയാതെ പഴയ പടിക്കു നോക്കിക്കൊണ്ടു നില്ക്കുന്നതു കണ്ടു കൃഷ്ണൻനായക്കു കരുണയുണ്ടായി 'ഇപ്പോൾ അറിയിക്കാം' എന്നു പറഞ്ഞു. ഒരു വാക്കുപോലും പറയാതിരിക്കെ തന്റെറ ഉള്ളിൽ കിടന്നു വീർക്കുന്ന അഭിപക്ഷയെ അറിഞ്ഞു മറുപടി പറഞ്ഞപ്പോൾ തനിക്കുണ്ടായ സന്തോഷത്തേയും, പരേംഗിതജ്ഞാനത്തിൽ കൃഷ്ണൻനായർ പ്രകടിപ്പിച്ച നൈപുണ്യത്തെ താൻ വളരെ ബഹുമാനിക്കുകയും അഭിനന്ദിക്കുകയും ചെയ്തിട്ടുള്ളതിനേയും, ദൃഷ്ടാന്തപ്പെടുത്തുന്നതായി കൈകൂപ്പി ഒന്നു തൊഴുക മാത്രം ചെയ്തു കുഞ്ഞിക്കാവു് അന്തർദ്ധാനം ചെയ്തു.

ശങ്കുവിന്നു വർത്തമാനം അറിവു കൊടുപ്പാൻ കൃഷ്ണൻനായർ കോട്ടയിലെ വീട്ടിൽനിന്നു പുറത്തു പോയി. നഷ്ടമായ സമയം ഗതിവേഗത്തിൽ സമ്പാദിക്കാൻ വിചാരിച്ചു് അതിവേഗത്തിൽ നടന്നു. ഒന്നരണ്ടു നാഴികയ്ക്കുള്ളിൽ സാധാരണയിൽ എത്രയോ ചുരുങ്ങിയ സമയംകൊണ്ടു നടന്നുകഴിഞ്ഞു. പക്ഷേ പിന്നെ മുന്നോട്ടു് ഒരടി വെയ്ക്കാൻ വയ്യാതായി. അമാന്തിച്ചിരുന്ന കാര്യമെല്ലാം കെട്ടുപോയി എന്നു വിചാരിച്ചു വ്യസനിച്ചു് ഒരു വൃക്ഷത്തിൻകീ

ചുവട്ടിൽ പോയിരുന്നു വിശ്രമിച്ചു. വൃക്ഷമുവട്ടിൽ പോയപ്പോൾ ഒട്ടുംതന്നെ കണ്ണുകാണാത്തവിധത്തിൽ ഇരുട്ടുണ്ടായിരുന്നു. നടക്കുമ്പോൾ കാൽവരാതായമുതല്ലു തന്റെ യാത്ര നിഷ്ഫലമായി പന്നതിനേയും സംബന്ധം നടന്നുപോയാൽ കുത്തിക്കാവു് ആത്മഹത്യ ചെയ്യാതിരുന്നാൽതന്നെ ഈ ബന്ധത്താൽ അനുഭവിക്കേണ്ടിവരുന്ന നിത്യദുഃഖത്തേയും, ശങ്കുവിന്റെ ഇമ്മാഭംഗത്തേയും, സമയത്തിനുതകാത്ത തന്റെ ജീവിതത്തേയും പറ്റി ആലോചനകളും, ആ വിജനസ്ഥലത്തെ പിടിച്ചുപറിക്കാൻ ഒരു സങ്കേതസ്ഥലമാക്കിയിരിക്കുന്നു എന്നു തനിക്കുറപ്പുണ്ടായിരുന്നതിനാൽ തല്ക്കാലം ഉണ്ടായ ഭയവും കൃഷ്ണൻനായരുടെ മനസ്സിനെ അല്പം വേദനിപ്പിച്ചു.

ഏതേതു കായ്ക്കുള്ളെ ദൂരേ ഒഴിക്കേണമെന്നു മനുഷ്യൻ വിചാരിച്ചു തന്റെ കമ്മങ്ങൾക്കു വഴി വെട്ടുന്നുവോ ആ വഴിതന്നെ ആ കായ്മായി ഒഴിച്ചാലൊഴിയാത്തവിധം കൊണ്ടല്ലുന്നതിനും എളുപ്പവഴിയായിത്തീരും. വിധിവിഹിതം നടന്നുപോകുന്നതു ബുദ്ധിമാക്കെല്ലാം അനുഭവസിദ്ധമാണു്. കള്ളന്മാരേയും പിടിച്ചുപറിക്കാരേയും ഒഴിക്കുന്നതിനായി ഏതൊരന്ധകാരത്തെ കൃഷ്ണൻനായർ ആശ്രയിച്ചുവോ ആ തിമിരത്തിൽവെച്ചു് ഒത്തുകൂട്ടുന്നതിനു ചില പിടിച്ചുപറിക്കാർ നിശ്ശബ്ദമായി അടുത്തടുത്തു ചെല്ലുന്നുണ്ടായിരുന്നു. കൃഷ്ണൻനായർ മാത്രം വിചാരത്തിൽ മുങ്ങിയിരുന്നതിനാൽ താനിരിക്കുന്ന വൃക്ഷത്തിന്റെ ചുവട്ടിലേയ്ക്കു ചെല്ലുന്ന കള്ളന്മാരുടെ കാൽശബ്ദം കൃഷ്ണൻനായർ കേട്ടില്ല. ഇരുട്ടു് അധികമായി ഉണ്ടായിരുന്നതിനാലും ആ ഇരുട്ടും കൃഷ്ണൻനായരുടെ കറുപ്പുമായിട്ടുള്ള അഭേ

ടംകൊണ്ടും ഇങ്ങനെ ഒരുവൻ ഇരിക്കുന്നുണ്ടെന്നു കള്ളന്മാർ അറിഞ്ഞില്ല. കീഴ്സ്ഥലത്തിൽ കള്ളന്മാർ സംഭാഷണം ചെയ്യുന്നതിനെ കൃഷ്ണൻനായർ കേട്ടപ്പോൾ കുറെ ഭയപ്പെടായ്കയില്ല. കള്ളന്മാരിൽ ഒരുവൻ കൃഷ്ണൻനായരെ കണ്ടു. ഇരുട്ടിന്റെ കുറിയാണെന്നു വിചാരിച്ചു പിന്നെ അതു ശ്രദ്ധവെച്ചില്ല. കാലക്രമംകൊണ്ടു കണ്മിഴികൾ ഇരുട്ടിനിണങ്ങിവന്നപ്പോൾ ഒരു പുരുഷൻ ഇരിക്കയാണെന്നറിഞ്ഞു. "കൂട്ടരേ അബദ്ധം പിണഞ്ഞു. നാം പറഞ്ഞതെല്ലാം കേട്ടുകൊണ്ടു് ഇതാ ഒരു മനുഷ്യൻ ഇരിക്കുന്നു." എന്നു പറഞ്ഞതോടുകൂടി ആ കള്ളൻ കൃഷ്ണൻനായരുടെ കഴുത്തിൽ കൊടിലുകൊണ്ടെന്നപോലെ പിടിച്ചു. "ഇവന്റെ കഥ ഇപ്പോൾത്തന്നെ കഴിക്കണം" എന്നാണു് പിന്നെപ്പറഞ്ഞതു്. വിപത്തിങ്കൽ ധൈര്യം കൃഷ്ണൻനായർക്കു സഹജസ്വഭാവമായിരുന്നതിനാൽ ആയാൾ ഒട്ടും ഭയം പുറത്തു കാണിച്ചില്ല. "കൊന്നിട്ടു യാതൊരു കായ്വുമില്ല" എന്നു മാത്രം കൃഷ്ണൻനായർ പറഞ്ഞു. തത്സമയം വിദ്യുച്ഛക്തികൊണ്ടുള്ള പന്തത്തിന്റെ വെളിച്ചം കൃഷ്ണൻനായരുടെ മുഖത്തെ വെളിപ്പെടുത്തി. ആ കള്ളനു കൃഷ്ണൻനായരെ മനസ്സിലായി. കൃഷ്ണൻനായർ കള്ളനെ അറിഞ്ഞതുമില്ല.

കള്ളൻ—താൻ കൃഷ്ണൻനായരല്ലേ?

കൃ-നാ—അതേ. അതു നിങ്ങൾ എങ്ങനെ അറിഞ്ഞു?

കള്ളൻ—തന്റെ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞുകൊൾക്കാൻ തനിക്കു് ആയുസ്സു നീളം പോരാ. തന്നോടു ചോദിക്കുന്നതിനുത്തരം പറയാൻ മാത്രമേ സമയമു

ള്ളൂ. താൻ ഈ സമയത്തു് ഇവിടെ ഇരിക്കാൻ കാരണമെന്താ?

കു-നാ—വഴി നടന്നുണ്ടായ ക്ഷീണം തീർക്കാൻ ഇരുന്നതാണു്.

കള്ളൻ—എവിടെയ്ക്കാ പോകുന്നതു്?

കു-നാ—അതു ഗോപ്യമാണു്.

കള്ളൻ—പറയാഞ്ഞാൽ ഈ വാളിന്റെ വായ അല്പം മുന്നോട്ടു സഞ്ചരിക്കും.

എന്നു പറഞ്ഞു കഴുത്തിന്നരികത്തായി വാൾ പിടിച്ചു.

കു-നാ—കാരണമില്ലാതെ മനുഷ്യനെക്കൊല്ലുന്നു ദുഷ്ടൻ! നിന്റെ കയ്യാലാണു് എനിക്കു മരിക്കാൻ യോഗമെങ്കിൽ അതു് എന്റെ സകായ്മകളെല്ലാം നിരുന്നാട്ടു പറഞ്ഞിട്ടു വേണോ? കൊല്ലുന്നതാണെങ്കിൽ കൊന്നോ.

കള്ളൻ—ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറയുമ്പോൾ കൊല്ലാൻ പാടില്ലാത്തവനാണെന്നു വന്നാലോ? അതുകൊണ്ടു് ഉത്തരം പറയുന്നതാണു് നല്ലതു്. എന്നാൽ പക്ഷേ ജീവിക്കാം.

കു-നാ—വിശ്വാസവഞ്ചന ചെയ്തു ജീവിക്കാൻ എനിക്കാഗ്രഹമില്ലാ.

കള്ളൻ—തന്നെ ആരാണു് വിശ്വസിച്ചിരിക്കുന്നതു്?

കു-നാ—അന്യനെക്കൊല്ലാൻ മടിയില്ലാതെ നില്ക്കുന്ന തനിക്കു് ഇതെല്ലാം കേട്ടിട്ടെന്തു കാര്യം?

രണ്ടാംകള്ളൻ—ഇത്ര മരണഭയമില്ലാത്ത കഴുവേറി ആരെടാ? എന്നാൽ ഒന്നരിഞ്ഞുവിട്ടു്.

കു-നാ—നിങ്ങളൊക്കെ ആണുങ്ങളാണെങ്കിൽ ആയുധം

എട്ടക്കുന്നപക്ഷം എനിക്കും ആയുധം തന്നും, എനിക്കു് ആയുധം തരാത്തപക്ഷം നിങ്ങൾ ആയുധം എട്ടക്കാതെയും കാരോരുത്തരായി എന്നോടു യുദ്ധംചെയ്തു ജയിച്ചതിന്നശേഷമാണു് കൊല്ലേണ്ടതു്.

രണ്ടാംകള്ളൻ—എന്നാൽ ആയുധം കൂടാതെ ഇവന്റെ കയ്യിൽ എന്തുണ്ടെന്നു നോക്കട്ടെ.

എന്നു പറഞ്ഞു കള്ളൻ കൃഷ്ണൻനായരുടെ അരികത്തെത്തി. കൃഷ്ണൻനായർ ഇടത്തുകാൽ മുമ്പിൽ ഊന്നി വലത്തുകാൽ പിന്നാക്കം നീട്ടി. ഇടത്തുകൈ കാലിന്റെ മുട്ടിൽ ഊന്നി രണ്ടാംകള്ളൻ കൃഷ്ണൻനായർ ഊന്നിയ കാലിന്റെ ഉറപ്പു പരിശോധിക്കാൻ തന്റെ ഇടത്തുകാൽ കൊണ്ടൊരു തട്ടും കയ്യിന്റെ ബലം പരീക്ഷിക്കാൻ കയ്യിലേയ്ക്കു പിന്തിരിഞ്ഞു വലത്തുകാൽകൊണ്ടൊരു തട്ടും തട്ടി. രണ്ടാമത്തെത്തട്ടിന്നു കൃഷ്ണൻനായരൊന്നു പിൻവാങ്ങി. കള്ളന്റെ കാൽ നിജസ്ഥിതിയിൽ എത്തുന്നതിന്നുമുമ്പായി വലത്തുകാൽ മുന്നോട്ടൊരടിവെച്ചു് ഇടങ്കാൽവെച്ചു് അരക്കെട്ടിൽ പിടിച്ച വലത്തോട്ടൊന്നു വീശി. കള്ളൻ കയ്യും കാലും കുത്തി പൂച്ച വീഴുമ്പോലെയാണു് വീണതെങ്കിലും ആ വീഴ്ചയുടെ വേഗം തീരുന്നതിന്നുമുമ്പു കൃഷ്ണൻനായർ പിടിച്ച മലത്തിയിട്ടു. ഈ തോൽമ കണ്ടപ്പോൾ ആദ്യത്തെക്കള്ളൻ കൊണ്ടേറു. ഒരു മിടി നേരംകൊണ്ടു കൃഷ്ണൻനായർ മലന്നുവീണു. കൃഷ്ണൻനായരുടെ നെഞ്ഞത്തിരിക്കാൻ കള്ളൻ കാൽ ചെച്ചപ്പോൾ കൃഷ്ണൻനായർ കള്ളന്റെ കാൽക്കുട്ടിൽ ചവുട്ടി. തൽക്ഷണം ഭൂമി വിട്ടുപൊന്തിയ കാൽകളെ പിടിച്ച കൈകൊണ്ടും ചവു

ട്ടിയ കാൽകൊണ്ടും മന്നോങ്ങി കള്ളനെ എറിഞ്ഞു. കള്ളൻ നാലഞ്ചു കോൽ ദൂരെപ്പോയി വീണു.

ഈ സമയത്തു വൈദ്യതപ്പന്തം മിന്നിച്ചുനോക്കിയ കള്ളൻ സമീപത്തു വന്ന കൃഷ്ണൻനായരെ എഴുനീല്പിച്ചു.

കള്ളൻ—എടോ കൃഷ്ണൻനായരേ, താൻ കോട്ടയിലെ വീട്ടിൽനിന്നാണു് പുറപ്പെട്ടതെന്നും ശങ്കുവിനെത്തേടിപ്പോകയാണെന്നും ഇവിടെ എനിക്കുമാത്രം അറിയാം. ഞാൻ തന്റെ ബന്ധുവാണു്, ശത്രുവല്ല. താൻ പോകുന്ന ദിക്കിൽ ശങ്കു ഇല്ല. അതുകൊണ്ടു വല്ല കാര്യവുമുണ്ടെങ്കിൽ എന്നോടു സകാര്യമായി പറഞ്ഞേയ്ക്കു.

കൃ-നാ—നിങ്ങളുടെ പ്രവൃത്തി നോക്കുമ്പോൾ നിങ്ങൾക്കു പലേ ദിക്കിലും ഒറ്റുകാരുണ്ടായിരിക്കണം. ഞാൻ കോട്ടയിലെ വീട്ടിൽനിന്നാണു് പുറപ്പെട്ടതെന്നറിയാൻ നിങ്ങൾക്കു് ഒരു പ്രയാസവുമില്ല. പിന്നെ ഞാൻ ശങ്കുവിന്റെ ശത്രുക്കാരനാണെന്നറിഞ്ഞാൽ ആയാളെത്തേടിപ്പോകയാണെന്നും ഊഹിക്കാം. ഇത്രമാത്രം പറഞ്ഞതിനെക്കൊണ്ടു ശങ്കുവിന്റെ സകാര്യങ്ങൾ നിങ്ങളോടു പറയാൻ എനിക്കു് അധികാരമായോ എന്നു സംശയമുണ്ടു്. വിശ്വാസത്തിന്നായി ഇനിയും വല്ല സംഗതികളും പറയണം.

കള്ളൻ—മൂന്നാൾകൂടി വങ്കുളത്തിലെ പായയിൽവെച്ചു കൂടിയതു് കാര്യമുണ്ടോ?

കൃ-നാ—ഇട്ടീണാൻനായരോ?

ഇട്ടീണാൻ—ഇത്ര നേരം ഒട്ടും അറിഞ്ഞില്ലേ?

കൃ-നാ—ഒച്ച എങ്ങിനെ ഇത്ര ഭേദപ്പെട്ടു?

ഇട്ടീണാൻ—എപ്പോഴും ഒരേ കച്ചയായാൽ പിന്നെ എനി ക്കു് കളിവിലിരിക്കാൻ തരമുണ്ടോ?

കു-നാ—ഇത്ര വേഗത്തിൽ ഈ മീശ എങ്ങിനെ വളർന്നു?

ഇട്ടീണാൻ—ഈ മീശ വിചാരിക്കുമ്പോൾ വരികയും പോകയും ചെയ്യുന്നതാണു്.

കു-നാ—നിങ്ങൾ എന്താ ഈ കള്ളന്മാരോടുകൂടി സംസർഗ്ഗം ചെയ്യുന്നതു്?

ഇട്ടീണാൻ—തല്ക്കാലം ഇവരുടെ സഹായം ആവശ്യമാണു്. എന്താ കുഞ്ഞിക്കാവിന്റെ വർത്തമാനം പറയൂ.

കു-നാ—നാളെ കുഞ്ഞിക്കാവിനു ചിത്രൻനമ്പൂരിയുടെ സംബന്ധം തീർച്ചയാക്കി കുറുക്കുകൂട്ടിക്കഴിഞ്ഞു. ആ സ്ത്രീക്കു് അത്ര വലിയ സങ്കടമായിരിക്കുന്നു.

ഇട്ടീണാൻ—ആ സ്ത്രീക്കു് ഉള്ളിൽ കൊണ്ടിട്ടുള്ള വിരോധമുണ്ടോ?

കു-നാ—ഉണ്ടെന്നാണു് എന്റെ ബോദ്ധ്യം. മുടക്കാൻ ഒരു വഴിയും കണ്ടെത്തുമില്ല.

ഇട്ടീണാൻ—എന്നാൽ ഉടനെ പോയി സമാധാനിപ്പിക്കൂ. നാളെ സംബന്ധം നടക്കില്ലെന്നു പറയൂ. പക്ഷേ അങ്ങിനെ നടക്കില്ലെന്നു കുഞ്ഞിക്കാവു് അറിഞ്ഞതായി ലവലേശം പുറത്തു കാണരുതു്.

കു-നാ—എനിക്കു് ഇന്നത്തെ സംഭവങ്ങളെല്ലാം കണ്ടു വലിയ പരിഭ്രമമായിരിക്കുന്നു. ഓടി എത്താൻ പുറപ്പെട്ട ഞാൻ വാടിത്തളർന്ന മരച്ചുവട്ടിലിരുന്നതും അവിടെത്തന്നെ കവച്ചുകാർ വന്നുനിന്നതും അവരുടെ കൂട്ടത്തിൽ നിങ്ങളെ കണ്ടതും വൃഥാ വഴി നടക്കാതെ കാര്യസാദ്ധ്യ

മായതും കഥ കഴിക്കാൻ പുറപ്പെട്ടവർ ബന്ധുക്കളായി കലാശിച്ചതും എല്ലാം സപ്നമോ മായയോ എന്റെ ബുദ്ധിഭ്രമമോ എന്തായിരിക്കുമെന്നു വിചാരമായിത്തുടങ്ങി.

ഇട്ടീണാൻ—ഇതെല്ലാം ദൈവഗത്യാ വന്നിട്ടുള്ളതാണു്. കുഞ്ഞിക്കാവിനെ ശങ്കു അല്ലാതെ മറ്റൊരു പുരുഷൻ സ്പർശിച്ചാൽ പിന്നെ ഞാനും താനും എന്തിനാ ജീവിച്ചിരിക്കുന്നതു്?

കു-നാ—എങ്ങിനെയാണു് നിശ്ചയം മുടക്കാൻ ഭാവിച്ചിട്ടുള്ളതു്?

ഇട്ടീണാൻ—അതൊക്കെ വെളിപ്പെടുത്തീട്ടെന്തു കായ്യം? വല്ലവിധത്തിലും കായ്യം സാധിക്കണം.

കു-നാ—ആകട്ടെ, നടക്കില്ലെന്നു വിശ്വസിച്ചു ഞാൻ ഇരിക്കട്ടെ?

ഇട്ടീണാൻ—ഇട്ടീണാൻ ജീവിച്ചിരിക്കുന്നുവെങ്കിൽ നടക്കില്ല. ഇപ്പോൾത്തന്നെ മരിച്ചുപോകുന്നതായാൽ എന്തോ. രണ്ടു നാഴിക കഴിഞ്ഞിട്ടാണു് മരിക്കുന്നതെങ്കിലും നടക്കാതെ കഴിച്ചുകൊള്ളാം.

ഈ സംഭാഷണം കഴിഞ്ഞശേഷം കുഞ്ഞൻനായർ കോട്ടയിലെ വീട്ടിലേയ്ക്കു പോയി. കള്ളന്മാരും ഇട്ടീണാനും എന്തു ചെയ്യു എന്നതു വഴിയേ അറിയാം. കുഞ്ഞൻനായർ ഇട്ടീണാൻനായരെ കള്ളന്മാരുടെ സംഘത്തിൽ കണ്ടതുകൊണ്ടു പലതും ആലോചിച്ചുകൊണ്ടാണു് നടന്നതു്. ശങ്കുവും കള്ളന്മാരുടെ കൂട്ടത്തിലാണോ? കലാശത്തിൽ താൻ കള്ളന്മാക്കു് ഒരു മറുക്കാരനായിട്ടാണോ സംഭവിച്ചിട്ടുള്ളതു്? അങ്ങിനെയാണെങ്കിൽ കഴിയുന്ന വേഗത്തിൽ ഈ

ബന്ധം വേർപെടുത്തണം. എന്നിങ്ങിനെ ആലോചിച്ചു കൊണ്ടു കോട്ടയിലെ വീട്ടിൽ എത്തി. കുഞ്ഞിക്കാവിനെ സ്വകാര്യമായി കണ്ടു സംബന്ധം നടക്കില്ലെന്നും പക്ഷേ അതറിഞ്ഞതായി നടിക്കരുതെന്നും പറഞ്ഞു.

അദ്ധ്യായം ൧൧

കൃഷ്ണൻനായർ പിരിഞ്ഞുപോയതിന്നുശേഷം ഇട്ടീണാനും സംഘക്കാരുംകൂടി ആലോചിച്ചു, സംബന്ധത്തിന്നു പോകാൻ നല്ലൊരു മഞ്ചൽ അയയ്ക്കേണമെന്നു ചിരുതൻനമ്പൂരി എഴുതിയതായി ഒരു കള്ളെഴുത്തുണ്ടാക്കി നാരായണമേനോന്റെ കയ്യിൽ കൊടുപ്പാനും, ഈ കൂട്ടത്തിൽ ഒരാൾ അതു കേട്ടു നില്ക്കുന്നവനാണെന്നു നടിച്ചു മഞ്ചൽക്കാരെ ഉണ്ടാക്കാൻ ഏല്പിക്കയും ചെയ്തു; നമ്പൂരിയെ എടുത്തുകൊണ്ടുപോയി കളിവിൽ പാപ്പിച്ചു സംബന്ധം മുടക്കണമെന്നു തീർച്ചയാക്കി.

ചിരുതൻനമ്പൂരിയുടെ കള്ളെഴുത്തുണ്ടാക്കാൻ ഒരു പ്രയാസവുമില്ലാത്തപോലെയാണല്ലോ കള്ളന്മാർ സംസാരിച്ചതു്. അവർ പറഞ്ഞതു വാസ്തവമാണു്. നാട്ടുവാഴികളുടെ ഇടയിൽ ഒരു നടപടിയുണ്ടു്. എന്തെന്നാൽ എഴുത്തും മറ്റും വായിക്കാൻ ശീലമുണ്ടെങ്കിലും തന്നെ സമയംപോലെ വായിച്ചു കേൾപ്പിക്കാൻ ഒരാളെ നിശ്ചയിക്കുന്നതും തനിക്കു് എഴുതാൻ ശീലമുണ്ടെങ്കിലും തന്റെ കല്പനയ്ക്കു മറെറാരാൾ എഴുതിയതാണെന്നു കാണിക്കുന്നതും മറെറാ

രുവനും എളുപ്പത്തിൽ അനുകരിക്കാൻ പാടില്ലാത്തവിധം കൊപ്പിടാൻ ശീലമുണ്ടെങ്കിലും സ്ത്രീ എന്നും കൊപ്പിടുന്നതും യോഗ്യതയാണെന്നു ധാരണയുണ്ട്. നാട്ടുവാഴിസ്ഥാനമാനങ്ങൾ ഒന്നുമില്ലാതെ പണംകൊണ്ടു തിളയ്ക്കുന്ന ചിലരും ഈ നടപടിയെ ആചരിച്ചു തങ്ങൾക്കു സ്ഥാനമാനങ്ങൾ ഉണ്ടെന്നു നടിച്ചുവരാറുണ്ട്. ഈ കൂട്ടത്തിലാണു ചിത്രൻനമ്പൂരി. ഒരു പനയോലത്തുണ്ടിൽ ഇട്ടീണാൻ ചിത്രൻനമ്പൂരിയുടെ കൈഴുത്തുണ്ടാക്കി ഒരുവന്റെ കയ്യിൽ കൊടുത്തയച്ചു. നാരായണമേനോൻ എഴുത്തു വാങ്ങി വായിച്ചുനോക്കി. എഴുത്തിൽ വ്യാജമുണ്ടോ എന്നുള്ള ശങ്കയ്ക്ക് അവകാശവും ഉണ്ടായിരുന്നില്ല. സംശയിച്ചിരുന്നാലും എഴുത്തു നമ്പൂരിയുടേതല്ലെന്നു തീർച്ചയാക്കാൻ മതിയായ കാരണവുമില്ലായിരുന്നു. മഞ്ചൽക്കാരെ ഉണ്ടാക്കാമെന്നും എഴുത്തു കൊണ്ടുപോയവൻ ഏറെപ്പോൾ നാരായണമേനോൻ വളരെ സന്തോഷത്തോടെ സമ്മതിച്ചു. ഇട്ടീണാന്റെ കൂട്ടരിൽ ആറുപേർ മഞ്ചലും കൊണ്ടുചെന്നു. പതിവുകാർ വന്നിരുന്നാൽ കൊടുക്കേണ്ടിവരുന്ന ഭക്ഷണവും കൂലിയും ലാഭമായി എന്നു വിചാരിച്ചു നമ്പൂരി സന്തോഷിച്ചു.

ആ ദിവസം നമ്പൂരിക്കു നേരം പോകാതെ ഒരു നേരംപോക്കുണ്ടായി. നേരം പോകാതായപ്പോൾ ആദിത്യനു വിഗതിയാണെന്നു വിചാരിച്ചു ഗണിതം പഠിക്കുന്ന കുട്ടികളോടു് ആ മാസത്തിൽ ആദിത്യന്റെ വിഗതി എത്രയാണെന്നു ചോദിച്ചു. ആദിത്യനു വിഗതിയില്ലെന്നു കുട്ടികൾ പറഞ്ഞപ്പോൾ അവർക്കു് അറിഞ്ഞുകൂടായ്കയും ആശാൻ പഠിപ്പിക്കായ്കയുമാണെന്നു തീർച്ചപ്പെടുത്തി ആ

ശാനേയും കുട്ടികളേയും ശകാരിച്ചു. സന്ധ്യാവന്ദനം ചെയ്തു സന്ധ്യയെ വന്ദിച്ചു. വിളക്കു കൊളുത്തി പകലിനെ രാത്രീകരിച്ചു. കോട്ടം തീർത്തു കൂടുമ കെട്ടി കോടിപ്പാവു മുണ്ടു് ഏറാപ്പിട്ടു. ഉടുത്ത മുണ്ടിനു മേലെ അരപ്പട്ടപോലെ ഒരു ഈട്ടവരി പൊൻനൂലും അണിഞ്ഞു. കനിഷ്ഠികയിലും അനാമികയിലും തർജ്ജനിയിലും രത്നഖചിതങ്ങളായ മോതിരങ്ങൾ അണിഞ്ഞു. ചെല്ലം നിറച്ചു കോന്തനോടു് എടുക്കാൻ പറഞ്ഞു. നമ്പൂരി പോയി മഞ്ചലിൽ കിടന്നു. വാഹകന്മാർ ഉത്സാഹത്തോടുകൂടി മൂളിക്കൊണ്ടു വേഗം നടന്നു. ചുമട്ടുവിറകാണു് ശകുനമായി വന്നതു്. ദുഷ്കുനദോഷനിവാരണത്തിന്നായി വഴിയിൽ ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നു പന്ത്രണ്ടു പ്രാണായാമം ചെയ്തു ശിവനെ സ്മരിച്ചു രണ്ടാമതും മഞ്ചലിൽ കയറിക്കിടന്നു. അപ്പോൾ കണ്ട ശകുനം ഇടത്തു കയ്യിൽ മൺപാത്രത്തിൽ എണ്ണയും എടുത്തു വലത്തു കൈകൊണ്ടു വടി കുത്തി കൂടിച്ചു് ഈറനോടെ എന്തോ ആപത്തുണ്ടായതു നിനച്ചു കണ്ണുനീർ ഒഴുക്കിക്കൊണ്ടു വരുന്ന ഒരു വിധവയായിരുന്നു. പിന്നെയും ദുർന്നിമിത്തമായല്ലോ എന്നു പറഞ്ഞു പിന്നെയും നമ്പൂരി പ്രാണായാമത്തിന്നൊരുമ്പെട്ടു. പിടിമൊന്തയും വെള്ളവും എടുക്കാൻ മറന്നിട്ടാണു് ശകുനപ്പിഴ കാണുന്നതെന്നു് ഒരു വാഹകൻ പറഞ്ഞപ്പോൾ ശരിയാണെന്നു നമ്പൂരിക്കു തോന്നി. അതിനെ എടുത്തുകൊണ്ടു് ഓടിവരാൻ കോന്തനോടു കല്പിച്ചു നമ്പൂരി മഞ്ചലിൽത്തന്നെ കയറിക്കിടന്നു. കോന്തൻ പോയിട്ടു കുറച്ചുനേരമേ ആയിരുന്നുള്ളൂ എങ്കിലും നമ്പൂരിക്കു വളരെ നേരമായപോലെ തോന്നി. വേഗം എത്താത്തതിനു് കീടനോടത്തു കീ

ടനു കോന്തനെ ശകാരം തുടങ്ങി. വാഹകന്മാർ കോന്ത
നെ അകററാൻ ഇതേ തരമെന്നു വിചാരിച്ചു കോന്തൻ ഈ
താ വന്നെത്തിപ്പോയി എന്നൊരു നൊണയും പറഞ്ഞു മ
ഞ്ചൽ എടുത്തു നടന്നുതുടങ്ങി. നമ്പൂരി വാഹകന്മാരോ
ട ശകുനം നോക്കാൻ പറഞ്ഞു. വാഹകന്മാരിൽ ആക്കും
നല്ല ശകുനമെന്താണെന്നു നിശ്ചയമുണ്ടായിരുന്നില്ല. ഏ
തൊക്കെയാണു് നല്ല ശകുനമെന്നു് അവർ നമ്പൂരിയോട്ട
തന്നെ ചോദിച്ചു മനസ്സിലാക്കി. പിന്നെയും ദുശ്ശകുനം
വന്നതിനെ മറച്ചുവെച്ചു് ആകാശത്തിൽ രണ്ടു ഗരുഡനെ
ക്കണ്ടു എന്നു നൊണ പറഞ്ഞു. ഈ നൊണ കേട്ടപ്പോൾ
നമ്പൂരിക്കു വളരെ സന്തോഷമായി.

ചി—ഹും! അങ്ങിനെയല്ലാതെ വരില്ല. നാം കിടപ്പിന്റെ
വട്ടം ആലോചിച്ചിട്ടു് ഒരു ശൂദ്രസ്ത്രീക്കു സമ്മതമല്ലാതെ
വരുമോ?

വാഹകൻ—തിരുമേനിക്കു സംശയം ഒട്ടും വേണ്ട. അവ
ക്കെല്ലാം വലിയ സന്തോഷമാണു്. അവിടത്തെ ആ
ഘോഷങ്ങൾ കണ്ടുകൊണ്ടു അടിയങ്ങൾ കണ്ടുവല്ലോ.

ചി—ബാക്കിയുള്ളവക്കെല്ലാം ഇതുപോലെ വല്യതായിട്ടൊരു
ഭാഗ്യം വേറെ ഇല്ലെന്നുള്ളതു് ബോധ്യമാണു്. ആ സ്ത്രീ
യിന്റെ കായ്ത്തിലേ നമുക്കു സംശയമുള്ളൂ. രതിരഹസ്യ
ത്തിൽ നമ്മെപ്പോലെ ആക്കാണറിയൂ? എല്ലാംകൊണ്ടും
ഞങ്ങൾ തമ്മിൽ ചേച്ചുയുണ്ടെന്നു കണ്ടിട്ടാണു് നാം ഉ
റച്ചതു്. ഇനി സമ്മതമല്ലാതെ വരുന്നതു് അവളുടെ നി
ർഭാഗ്യം.

ഈ വിഷയത്തെപ്പററി നമ്പൂരി ഓരോന്നാലോചി
ച്ചുകൊണ്ടു കിടക്കുമ്പോൾ വാഹകന്മാർ വഴി തെററിച്ചു.

അധികദൂരം പോയതിന്നുശേഷമേ നമ്പൂരിക്കു് ആ വഴി യായി പരിചയക്കുറവു തോന്നിയുള്ളു.

ചി—എടാ! ഇതല്ലല്ലോ വഴി.

വാഹകൻ—റാൻ. ഇതും ഒരു വഴിയാണു്.

ചി—എന്തിനാ ഈ വഴിയിൽക്കൂടി പോകുന്നതു്?

വാഹകൻ—മറെ വഴിയിൽ അഞ്ചാറു കുടികളിൽ നട പ്പുദീനമുണ്ടു്.

ചി—ഇതു നാം അറിഞ്ഞില്ല. എന്തായാലും ഈ വഴി വളരെ വളപ്പാണു്. മറേ വഴിയാണെങ്കിൽ ഈ നേ രംകൊണ്ടു് അവിടെ എത്തായിരുന്നു.

വാഹകൻ—കുറെ വളച്ചാലും നടപ്പുദീനത്തിനെ ഭയപ്പെ ടേണ്ടേ? തിരുമേനി ഇനിയും നൂറുകൊല്ലം ഇരുന്നാലല്ലേ അടിയങ്ങൾക്കു സമ്മാനങ്ങൾ കിട്ടുള്ളു.

ചി—ആ വഴിക്കു പോകാത്തതു നന്നായി. ഇതു കുറെ വ ളപ്പുള്ള വഴിയായതുകൊണ്ടു കുറെ വേഗം നടക്കണം. കോന്തൻ മുറുക്കാൻ.

കുറച്ചുകൂടി ദൂരം പോയപ്പോൾ മുറുക്കാൻ കിട്ടാതെ നമ്പൂരിക്കു വളരെ കോപമുണ്ടായി കോന്തനെ ശകാരം തു ടങ്ങി.

വാഹകൻ—കോന്തൻ മുറുക്കാനുണ്ടാക്കാൻ തിരുമേനി കല്പി ച്ചപ്പോൾ വഴിയിൽ ഇരുന്നതാണു്. മഞ്ചലിന്നടുത്തെ ത്തിട്ടില്ല.

ചി—അവൻ ശുദ്ധമേ കഴുതയാണു്. മഞ്ചൽ കുറെ നി ല്ക്കട്ടെ. അവൻ വന്നെത്തട്ടെ.

വാഹകൻ—(രഹസ്യമായി) ഇവിടെ നില്ക്കാൻ പാടില്ല. പിടിച്ചുപറിക്കാരുള്ള ദേശമാണു്.

ചി—എന്നാൽ നിങ്ങൾ മൂളരുതു്.

വാഹകൻ—റാൻ, കല്പനപോലെ.

ചി—എന്തായാലും നില്ക്കാതെ കഴികയില്ല. കോന്തൻ തന്നെ പെട്ടാലും പറയില്ല.

വാഹകൻ—ഇല്ല, ഇനി അല്പമായാൽ അപകടസ്ഥലം കടക്കും.

നമ്പൂരി ഒന്നും ശബ്ദിക്കാതെ ഭയാകുലനായി കുറെ നേരം കിടന്നു. വാഹകന്മാർ ഒരു കാട്ടിന്റെ മദ്ധ്യപ്രദേശമെത്തി. മഞ്ചലിന്റെ തല താഴ്ത്തി.

വാഹകൻ—തിരുമേനി! എഴുന്നെള്ളാം.

ചി—എത്തിയോ?

വാഹകൻ—റാൻ.

ചിത്ര—എടാ, ഇവിടെ പടിപ്പുരയും മറ്റും കാണുന്നില്ലല്ലോ.

വാഹകൻ—റാൻ. ഇവിടെ പടിപ്പുരയില്ല.

ചി—പിന്നെ എന്താ നീ ഇവിടെ ഇറങ്ങാൻ പറയാൻ?

വാ—തിരുമേനി ഇറങ്ങേണ്ടതു് ഇവിടെയാണു്.

ചി—എടാ, പറഞ്ഞു പറഞ്ഞു മഞ്ചലിന്റെ തല താഴ്ത്തിയോ? ഇവിടെ എങ്ങിനെയെടാ ഇറങ്ങുന്നതു്?

വാ—മഞ്ചത്തണ്ടിൽ പിടിച്ചു മുള്ളില്ലാത്ത ദിക്കിൽ തൂക്കാൽ വെച്ചാൽ മതി.

ചി—എന്തെടാ, നിങ്ങൾ നമ്മെ ചെണ്ട കൊട്ടിച്ചുവോ?

വാ—റാൻ. ചെണ്ട ഇവിടെ ഇല്ല.

ചി—ഇവിടെ ഇറങ്ങീട്ടു നാം എന്തു ചെയ്യും? എവിടെ സ്സാണു് പോകേണ്ടതു്? എവിടെയാണു് വീടു്?

വാ—ഇവിടെ അടി ഇരുത്തിയാൽ മതി. അതാ കാണുന്ന ഹ്രഷ്ടു് എഴന്നെള്ളാം. അവിടെ ഇഷ്ടംപോലെ ഇരിക്കാം.

ചി—എടാ, ഇവിടെയ്ക്കു നാം തപസ്സിനു വന്നതാണോ? കോന്തനെവിടെ? നമുക്കു മുറുക്കേണമല്ലോ.

വാ—കോന്തൻ കോന്തന്റെ പാട്ടിൽ പോയി. തിരുമേനി കുറെ മുറുക്കാതിരിക്കണം.

ചി—എന്തെടാ നിങ്ങൾക്കു ഭ്രാന്തുണ്ടോ? ഇവിടെ കൊണ്ടുവന്നിറക്കിയതെന്തിനെടാ?

വാ—ഇല്ല, തിരുമേനി, അടിയങ്ങൾക്കു ഭ്രാന്തില്ല. ഇപ്പോൾ എതായാലും ഹ്രഷയിലേയ്ക്കല്ലേ എഴന്നെള്ളുന്നതു്? ആനയും മോതിരങ്ങളും ആവശ്യമില്ല. അതുകൾ അഴിച്ചും ഊരിയും തരണം. അടിയങ്ങൾ സൂക്ഷിച്ചുകൊള്ളാം. ഹ്രഷയിലിരിക്കുന്നാൾക്കു നല്ല മുണ്ടുകളും ആവശ്യമില്ല. അടിയങ്ങളുടെ തോത്തുമുണ്ടു വാങ്ങി ഉടുത്തു തിരുമേനി ഉടുത്ത മുണ്ടുകൾ തരണം.

ചി—എടാ, ഇനി അതും വേണോ? നിങ്ങൾ പിടിച്ചുപറിക്കാരാണെന്നു നാം അറിഞ്ഞതേ ഇല്ല. കഴവേറി കോന്തനും നമുക്കു സഹായത്തിനില്ലല്ലോ. നിങ്ങൾ നമ്മെ കോട്ടയിലെ പീട്ടിൽ കൊണ്ടുപോയി പിടണം. നിങ്ങൾക്കെല്ലാം മതിയായ സമ്മാനം തരാം.

വാ—തിരുമേനിക്കു മഞ്ചൽ ചുമക്കാൻ അറിയാമോ എന്നു നോക്കട്ടെ. വെറും മഞ്ചൽ ചുമന്നാൽ മതി. അതാ കാണുന്ന തീക്കുത്തുന്ന സ്ഥലംവരെ കൊണ്ടുപോയി വെച്ചാൽ മതി. ചുമൽ കാട്ടു.

ചി—നമ്മുടെ കയ്യിൽ ഇത്ര മുതലുണ്ടായിട്ട നമ്മെക്കൊണ്ടു മഞ്ചൽ ചുമപ്പിക്കാമോ? നാം ബ്രാഹ്മണനല്ലേ? എന്തെടാ, നീ ഒന്നും അറിഞ്ഞുകൂടാത്തവനെപ്പോലെ സംസാരിക്കുന്നതു്? നിങ്ങൾ എല്ലാവരുംകൂടി നമ്മെ ഉപദ്രവിക്കാൻ ഭാവം ഉണ്ടോ?

വാ—മോതിരവും നൂലും തന്നു പറഞ്ഞതും എല്ലാം കേട്ടാൽ ഞങ്ങൾ ഉപദ്രവിക്കയില്ല.

ചി—അതു തരുവയ്ക്കുകിലോ?

വാ—അതു് അടിയങ്ങൾ അഴിച്ചെടുക്കും.

ചി—നാം സമ്മതിച്ചില്ലെങ്കിലോ? എന്നു മാത്രമല്ല മോതിരം തിട്ടങ്ങി ഇട്ടതാ. നമുക്കു് ഊരിയാൽ കിട്ടില്ല.

വാ—അടിയങ്ങൾ തിരുമേനിയെ ഒരു മരത്തോടു കെട്ടിയിട്ടു് അഴിച്ചെടുത്തുകൊള്ളാം.

ചി—നോ! ഒഷ്ടന്മാരേ. പക്ഷേ ആർക്കു് ഓരോ മോതിരം തരാം. കോട്ടയിലെ വീട്ടിൽ ഇന്നെത്തിക്കോ?

വാ—കോട്ടയിലും കിടങ്ങിലും ഒന്നും എത്തിക്കാൻ കഴിയില്ല. ആഭരണങ്ങൾ എല്ലാം അഴിച്ചുതരൂ.

ചി—നമ്മെ കോട്ടയിലേ വീട്ടിൽ എത്തിച്ചാൽ തരാം.

വാഹകന്മാർ എല്ലാവരുംകൂടി നമ്പൂരിയെ പിടിച്ചു് ആഭരണങ്ങളും മുണ്ടും അഴിച്ചെടുത്തു.

ചി—എടോ കള്ളൻ! ആ മുണ്ടിന്റെ കോന്തലയ്ക്കൽ ഒരു മൈസൂർ വില്ല മടിഞ്ഞുകെട്ടീട്ടുണ്ടു്. അതു കുഞ്ഞിക്കാവിനുള്ളതാ. എന്നാലും അതിന്റെ വിലകൊടുത്തീട്ടുപോ.

വാ—കുഞ്ഞിക്കാവുമ്മയ്ക്കു ഞങ്ങൾ എത്തിച്ചുകൊടുക്കാം. തിരുമേനി കുറെ ദിവസം ഈ ഗ്രഹയിൽ എഴുന്നെള്ളി

ത്താമസിക്കണം. കഞ്ഞിവെച്ചു കുടിക്കാനുള്ള അരി
ടിയങ്ങാം എത്തിച്ചുതരാം.

ചി—നമ്മെ ഇങ്ങിനെ കഷ്ടപ്പെടുത്തീട്ടു നിങ്ങൾക്കെന്ത
കായ്യം? നിങ്ങൾക്കു മുതലല്ലേ ആവശ്യമുള്ളൂ? അതു
മ്മുടെ കയ്യിലുള്ളേടത്തോളം നിങ്ങൾ കഷ്ടപ്പെടുത്തി. ഇ
നമ്മെ വിട്ടയയ്ക്കരുതേ?

ചാ—തിരുമനസ്സിലെ സംഘസ്ഥാലോചനയാണു് ഈ അ
പത്തൊക്കെ വലിച്ചിട്ടതു്.

ചി—അതു വേണ്ടാ എന്നു വെയ്ക്കാമല്ലോ. എന്നാൽ നമ്മെ
വിട്ടയക്കരുതേ?

ചാ—അതു് ഇപ്പോൾ പറഞ്ഞിട്ടു കായ്യമില്ല. കുറെ ദിവ
സം തിരുമേനി ഇവിടെ വിരുന്നു പാർക്കണം. തിരുമേ
നിക്കു വെച്ചുണ്ണാനുള്ള ചട്ടിയും കലവും ഇപ്പോൾ എ
ത്തും. കിടക്കാൻ വളരെ ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു പായ
കൊണ്ടുവന്നു തരാം.

ചി—നമുക്കു കുളിക്കാനും സന്ധ്യാവന്ദനത്തിന്നും എവിടെ
യാ സ്ഥലം? എത്ര ദിവസം ഇങ്ങിനെ ഇരിക്കണം?

ചാ—ഇവിടെ പാർക്കുന്ന കാലം കുളിയും ജപവും പിന്നെ
ഒരിക്കലുണ്ടു നീട്ടിവെയ്ക്കണം. ജാതകം എത്ര വയസ്സുവ
രെ എഴുതീട്ടുണ്ടു്?

ചി—ഉഷ്ടാ! അങ്ങിനെ ഒന്നും നമ്മോടു പറയരുതു്. നമ്മെ
കൊന്നിട്ടു ഒരു കായ്യവുമില്ല. കൊല്ലരുതു്. ബ്രഹ്മഹത്യ
വലിയൊരു പാപമാണു്. പഞ്ചമഹാപാപത്തിൽ ഒ
ന്നാണു്.

ചാ—തിരുമേനി ജീവിച്ചിരുന്നിട്ടെന്താ കായ്യം? സാധു

ക്കൾക്കു് ഉപദ്രവമല്ലാതെ ഇതുവരെ ഒരുപകാരവുമുണ്ടായിട്ടില്ല.

ചി—നീ പറഞ്ഞതു വാസ്തവമാണു്. നാം ആക്കെങ്കിലും വല്ല ഉപകാരവും ചെയ്തിരുന്നുവെങ്കിൽ അവരെങ്കിലും സഹായിക്കാരുണ്ടാകുമായിരുന്നു.

വാ—തിരുമേനിയെ എങ്ങിനെയാണിവിടെനിന്നു വിട്ടയയ്ക്കുക? പുറത്തു പോയാൽ അടിയങ്ങൾ ഇങ്ങിനെയെല്ലാം ചെയ്തുവെന്നു് എല്ലാവരോടും പറയില്ലേ? അതു കേട്ടു പൊല്ലീസ്സുകാർ അന്വേഷണം തുടങ്ങിയാൽ അടിയങ്ങൾക്കു ശല്യമായില്ലേ?

ചി—പക്ഷേ നാം ആരോടും പറയുന്നില്ല. സത്യം ചെയ്യാം. എന്നാൽ വിട്ടയച്ചുകൂടേ?

വാ—സത്യം ചെയ്തിട്ടും സത്യഭംഗം വരുത്താൻ തിരുമേനി തുനിഞ്ഞാൽ അടിയങ്ങൾ കഷ്ടത്തിലാവില്ലേ?

ചി—കുറെ ദിവസം കഴിഞ്ഞു വിട്ടയച്ചാലും വർത്തമാനം വെളിയിലാകില്ലേ?

വാ—അതുകൊണ്ടാണു് അടിയൻ ജാതകം എതുവരെ എഴുതീട്ടുണ്ടെന്നു ചോദിച്ചതു്. ആകപ്പാടെ നോക്കുമ്പോൾ ഇനി തിരുമേനീടെ ബാക്കിയുള്ള ജീവകാലം ഈ ഗ്രഹയിൽത്തന്നെ കഴിച്ചുകൂട്ടണം. ബ്രഹ്മഹത്യ പാടില്ലെന്നു തിരുമേനിതന്നെ കല്പിച്ചില്ലേ? അടിയങ്ങൾ എത്ര കാലം കാത്തുനിന്നു ബുദ്ധിമുട്ടുണ്ടെന്നറിയാനാണു് ചോദിച്ചതു്.

ചി—അപ്പോൾ നമ്മെ ഇനി വിട്ടയയ്ക്കാതിരിക്കാനാണോ നിങ്ങടെ ആലോചന?

വാ—റാൻ.

ചി—ഈ കഷ്ടം അനുഭവിയ്ക്കുന്നതിനേക്കാൾ തൂങ്ങിമരിക്കുന്നതാണു് നല്ലതു്. നാം അങ്ങിനെ ചെയ്യണോ?

വാ—അങ്ങിനെ ചെയ്താൽ നന്നായിരുന്നു. എത്ര കഷ്ടം അനുഭവിച്ചാലും പിന്നെയും ജീവിച്ചിരിക്കേണമെന്നല്ലേ അധികം ജനങ്ങളും ആഗ്രഹിക്കാറുള്ളതു്? എന്നു മാത്രമല്ല, തൂങ്ങിമരിക്കുന്നതു മഹാപാപമാണെന്നും പറഞ്ഞുകേൾക്കുന്നുണ്ടു്.

ചി—എന്തു പാപമായാലും നാം അങ്ങിനെ ചെയ്യാൻ ആലോചിക്കുന്നുണ്ടു്. എന്നാൽ നിങ്ങൾക്കും കാവൽനിന്നു ബുദ്ധിമുട്ടാതെ കഴിയുമല്ലോ.

വാ—അതു ശരിയായിട്ടുള്ളാലോചനയാണു്. ബ്രാഹ്മണനായി ജനിച്ചിട്ടു നിത്യകർമ്മങ്ങൾ ഒന്നും ചെയ്യാതെ ഇരിക്കുന്നതിനേക്കാൾ മരിക്കുന്നതാണു് നല്ലതു്.

ചി—എന്നാലും ഒരു യാത്ര ഇല്ലത്തേയ്ക്കു വേണ്ടിവരും. പൊന്മുപ്പട്ടരു മുവ്വായിരം ഉറുപ്പിക വാങ്ങിക്കൊണ്ടുപോയി. അതിനു രേഖ ഒന്നും വാങ്ങീട്ടില്ല. പിന്നെ ഇട്ടിരാമന്റെ തറവാട്ടുകായ്ക്കും രാജിയാക്കിയതിനു 500ക. പ്രതിഫലം തരാമെന്നു വെച്ചിട്ടുണ്ടു്. അതും വാങ്ങണം.

വാ—ഇതൊക്കെ ചെയ്തിട്ടെന്താ കായ്ക്കും? മരിക്കുമ്പോൾ ഈ പണമൊന്നും കൊണ്ടുപോകാൻ സാധിക്കില്ലല്ലോ.

ചി—നമ്മുടെ നുലും മോതിരങ്ങളും നീ മരിക്കുമ്പോൾ കൊണ്ടുപോകില്ലെന്നു നിനക്കറിയാം. പിന്നെ എന്തിനാ പിടിച്ചു പറിച്ചതു്?

വാ—അടിയൻ ഇനിയും ഇരിക്കും. ഇരിക്കുന്നകാലം അനുഭവിക്കാനാണു് ആ നൂലും മോതിരങ്ങളും.

ചി—ഹാ ദുഷ്ടാ! നാം മരിക്കാറായി എന്നു തീച്ചയാക്കിയോ?

ഇതിന്നു വാഠകൻ മറുപടി പറഞ്ഞില്ല. മൂന്നു പേരെ നമ്പൂരിക്കു കാവൽ നിൎത്തി ശേഷമുള്ളവരെല്ലാം ആ കാട്ടു വിട്ടു പോയി.

അദ്ധ്യായം ൧൨

ചിത്രൻനമ്പൂരിയുടെ സംബന്ധാഘോഷത്തിന്റെ ദീപാവലിപ്രഭനിമിത്തം സൂൎയ്യാസ്തമനമായിട്ടും കോട്ടയിലെ വീട്ടിൽ അന്ധകാരപ്രവേശമുണ്ടായില്ല. അന്നിക്കരയിലെ പ്രധാനവീട്ടുകളിലുള്ള തൂക്കുവിളക്കുകളും നിലവിളക്കുകളും കോട്ടയിലെ വീട്ടിന്റെ അകത്തും പുറത്തുമായി നിരന്നിരുന്നു. പടിപ്പുരമുതൽ നാലുകെട്ടിന്റെ നടവരെ തൂക്കുവിളക്കുകളും താമരപ്പൂമാലകളും ഇടകലൎന്നു തൂക്കിയിരുന്നതിനാൽ ഒരു നോട്ടത്തിന്നു കോട്ടയിലെ വീടു് ഒരു ക്ഷേത്രമാണെന്നും അന്നേദിവസം നിറമാലയാണെന്നും തോന്നും. ആ വീട്ടിലെ പുറത്തളത്തിൽ ബന്ധുജനങ്ങളും നാട്ടിൽ പ്രമാണിത്തമുള്ള വയസ്സന്മാരും പട്ടപ്പായകളിലിരുന്നു് ഏലാദിയോഗത്തോടുകൂടി വെള്ളിത്താലങ്ങളിൽ അവിടവിടെയായി വെച്ചിരുന്ന താംബൂലം മുറുക്കി വധൂവരന്മാരുടെ ഭാഗ്യഭാഗധേയത്തെപ്പറ്റി പ്രശംസിച്ചുകൊണ്ടിരുന്നു. ചോരത്തിളപ്പുകൊണ്ടു് ഒരു ദിക്കിൽ ഇരിക്കുകൊള്ളാത്ത യുവാക്കളിൽ ചിലർ വാസ്തവത്തിൽ ശ്രമക്കാരായും ചിലർ ശ്രമക്കാരാണെന്നു നടിച്ചും മറു ചി

ലർ എന്തോ ഗൌരവമുള്ള കാര്യത്തിനെന്നപോലെ അച്ചാലുമിച്ചാലും ബദ്ധപ്പെട്ട നടന്നും കോട്ടയിലെ പീട്ടിൽ പുരുഷചൈതന്യം പ്രത്യക്ഷമായിരുന്നു.

പുടമുറിക്കു വിതാനിച്ചുചെച്ചിരുന്ന മുറിയിലും അതിനു തൊട്ടു പുറത്തുള്ള തളത്തിലുമായി സ്ത്രീജനങ്ങൾ നിറഞ്ഞിരുന്നു. വാർദ്ധക്യത്താൽ തടിയും മൂക്കുമായി ഒന്നിച്ചു ഘ്രാണദോഷം തുടങ്ങീട്ടുള്ള വൃദ്ധസ്ത്രീകൾ തപ്പിത്തടഞ്ഞു കുഞ്ഞിക്കാവിന്റെ സമീപം ചെന്നു നെറുകയിൽ കൈവെച്ചു് അനുഗ്രഹിച്ചു മടങ്ങിവന്നിരുന്നു രാമനാമത്തിൽ രമിച്ചിരുന്നു. താരുണ്യം നിശ്ശേഷം നശിക്കുന്നതിനുമുമ്പു തല നരച്ചു മൂക്കിന്നിരുപുറത്തും ചുളുക്കു വന്നു കവിളൊട്ടിയിരുന്ന ചിലർ നരയൊളിപ്പിച്ചു തല മിനുക്കി കാതിൽ തോടയിട്ടും പൊട്ടിന്മേൽ പൊട്ടിട്ടും ചവിതതാം ബൂലത്തള്ളൽകൊണ്ടു കവിൾ നിറവാൻ്ം കണ്ണാടി നോക്കിത്തനിക്കായ വയസ്സിനെ മനസാ പിന്നാക്കം നടന്നും വിനോദിച്ചുകൊണ്ടിരുന്നു. കണ്ണാടി നോക്കി തന്റെ മുഖവും കുഞ്ഞിക്കാവിന്റെ മുഖവും തമ്മിലുള്ള വ്യത്യാസത്തെ നിസ്സാരമാക്കി, ചിത്രൻനമ്പൂതിരിയുടെ ധനവ്യഷ്ടിക്കു കുഞ്ഞിക്കാവിനോളം തനിക്കും അർഹതയുണ്ടെന്നു മനസ്സിനെ ബോദ്ധ്യപ്പെടുത്തി ലലാടലേഖകനായ പിതാമഹനെക്കുറിച്ചു പറയുന്ന യുവതീജനങ്ങളും, അത്രത്തോളം ധനികനല്ലെങ്കിലും രൂപലാവണ്യത്തിൽ തന്റെ ഭർത്താവു് എത്രയോ മെച്ചമാണെന്നു സമാധാനിച്ചു. ഗർവ്വത്തിൽ കുറവില്ലാതെ കയ്യും കലാശവും കഴുത്തുവെട്ടുമായി സംഭാഷണം ചെയ്യുന്ന യുവതികളും, കണ്ണെഴുതിപ്പൊട്ടുതൊട്ട വെറിലതിന്നു ചുണ്ടും നാവും ചുവന്നുള്ള ചന്തമാ

യി എന്നു സന്തോഷിച്ചു തനിക്കും ഇങ്ങനെ ഒരു ദിവസം ഉണ്ടാകുമെന്നു വിചാരിച്ചു ലജ്ജിച്ചുകൊണ്ടു തല താഴ്ത്തി കൂടക്കൂടെ തോന്നുന്ന കുട്ടിക്കളിയെ മനസ്സിലൊതുക്കി യുവതിയാണെന്നു ഭാവിക്കുന്ന പെൺകിടാങ്ങളും, 'വിദ്യാധനം സർവ്വധനാൽ പ്രധാന'മെന്നുള്ളതുകൊണ്ടു കുഞ്ഞിക്കാവിനെ ഭാഗ്യഹീനയായി വിചാരിക്കുന്ന വിദ്വാന്മാരുടെ ഭാര്യമാരും, എനിക്കു തലയധികമുണ്ടെന്നും, എനിക്കു മുലയധികമുണ്ടെന്നും, എനിക്കു ബുദ്ധി അധികമുണ്ടെന്നും, എനിക്കു സംഗീതമുണ്ടെന്നും മറ്റും മെച്ചം നടിച്ചു് അതാണു് മറ്റെല്ലാറ്റിലും പ്രധാനമെന്നു വാഗ്വാദം ചെയ്യുന്ന ചില യുവതികളും, ഒരു പെണ്ണായാൽ സംഗീതമാണു് വേണ്ടതെന്നും അതല്ല സാഹിത്യമാണു് വേണ്ടതെന്നും അതുമല്ല രണ്ടും ഉണ്ടായിരിക്കേണമെന്നും അതൊന്നുമല്ല ഇക്കാലത്തു് ഇംഗ്ലീഷാണു് വേണ്ടതെന്നും വാദപ്രതിവാദം ചെയ്യുന്ന യുവതികളും അടയിൽ തേനീച്ചകളെന്നപോലെ മാളികമുകളിൽ നിറഞ്ഞിരുന്നു.

അത്തർ, അമ്പർ, മൈസൂർവില്വ മുതലായ സ്വദേശീയസുഗന്ധവസ്തുക്കളും ഗംഗാ, കനംഗാ, ലാവെണ്ടർ, ചെറിബ്ലൂസം മുതലായ വിദേശീയസുഗന്ധവസ്തുക്കളും സ്ത്രീജനങ്ങളുടെ ദേഹത്തിലും വസ്ത്രങ്ങളിലും ലോഭമില്ലാതെ പ്രയോഗിച്ചിരുന്നതുകൊണ്ടു മാളികമുകളിലുള്ള വായുവിനെ ശ്വസിച്ചതിനുശേഷം കീഴ്പോട്ട വന്നവക്കു താഴത്തു വെള്ളിപ്പാത്രങ്ങളിൽ കൂട്ടിവെച്ചിരുന്ന കളഭക്കൂട്ടു വെറും വെള്ളത്തിൽ ചാലി കലക്കിയപോലെ നിസ്സംശയമായിത്തോന്നി.

ഏകദേശം അഞ്ചു നാഴിക രാത്രിയായപ്പോൾ നെട്ടമുഖയിൽ സംഗീതം തുടങ്ങി. പ്രസിദ്ധന്മാരായ ഗായകന്മാരെ വരുത്തുന്നതിനു കാലം പോരാഞ്ഞതിനാൽ ആ പ്രദേശത്തുണ്ടായിരുന്ന മൂന്നാലു പാട്ടുകാരിൽനിന്നു ചിലരെത്തിരഞ്ഞെടുത്താണു് കച്ചേരി കൂട്ടിയിരുന്നതു്. കേൾക്കാനുള്ളവരിൽ സംഗീതപരിജ്ഞാനമുള്ളവർ അധികമുണ്ടായിരുന്നില്ലെങ്കിലും ലയകരമായ സംഗതികൾ പാട്ടുകാരന്റെ കണ്ഠത്തിൽനിന്നു പുറപ്പെട്ടാൽ ശിരഃകമ്പംകൊണ്ടും ബാലെ കൊടുത്തും ആഭിനന്ദിക്കുന്നതിനു പലരുമുണ്ടായിരുന്നു. ലയകരമല്ലാതെ ഗായകന്റെ സ്വധർമ്മവും വൈദഗ്ധ്യവും പ്രകടിപ്പിക്കുന്ന സംഗതികളോടൊപ്പം അംഗങ്ങൾ തൊലിച്ചുപോകത്തക്ക ശക്തിയോടുകൂടി ഗായകൻ തകൃതികൂട്ടുമ്പോഴും സഭയിലുള്ളവർ ശാന്തരായിരുന്നു. ചിരുതൻനമ്പൂരി വാനപ്രസ്ഥനാകേണ്ട സമയമായപ്പോൾ ജനങ്ങൾക്കു സംഗീതത്തിലും മറ്റുമുള്ള ശ്രദ്ധ പോയി കൂട്ടംകൂട്ടമായി പുറത്തു വന്നു മഞ്ചൽ വരുന്ന മൂളൽ കേൾക്കുന്നുണ്ടോ എന്നു നോക്കിത്തുടങ്ങി.

ചിരുതൻനമ്പൂരി വാനപ്രസ്ഥം തുടങ്ങിയതിനെപ്പറ്റി അറിവുള്ളവർക്കു കോട്ടയിലെ വീട്ടിലുള്ളവരുടെ കരുക്കളും പരിഭ്രമങ്ങളും കേൾക്കുമ്പോൾ വളരെ ദയ തോന്നുന്നുണ്ടല്ലോ. ചതുശ്ശാസ്ത്രപണ്ഡിതനായാലും തന്റെ കണ്ണുകളുടെ നോട്ടത്തിന്റെ സീമയ്ക്കപ്പുറം സംഭവിക്കുന്നതിനെക്കുറിച്ചു് അറിവാൻ കഴിയാതിരിക്കുമ്പോൾ അവരുടെ വിഭ്രമവും ഗജേന്ദ്രനെപ്പോലെയുള്ള തലയെടുപ്പും വാശുറ്റോടിയും എത്ര ഫാസ്യകരം?

തന്റെ മുതുകത്തു കരു വന്നാൽ കാണാവുന്നതാകാത്ത

നമ്മുടെ രണ്ടു കണ്ണുകളെക്കൊണ്ടു് എത്രതന്നെ കാണാം? ഇനിയത്തെ നിമിഷത്തിൽ തലയിൽ കല്ലു വീണു മരിക്കാൻ പോകുന്നതിനെ അറിയാതെ ഭാവികാലത്തെ അനുഭവത്തിനു കഴുതി മഹായത്നം ചെയ്യുന്ന മനുഷ്യൻ എത്ര ദയനീയൻ?

നിനച്ച നേരത്തു നമ്പൂരിയുടെ വരവു കാണാതായപ്പോൾ നോക്കിവരുന്നതിനു നാരായണമേനോൻ ചില ഭൃത്യന്മാരെ അയച്ചു. അവരിൽ വിളക്കു കയ്യിൽ എടുത്തവൻ പടിപ്പുര നട ഇറങ്ങുമ്പോൾ നട കഴിഞ്ഞു എന്നു വിചാരിച്ചു കാൽ വെയ്ക്കുകയും അതുനിമിത്തം കമിഴ്ന്നു വീണു കയ്യിലെ റാന്തൽ ഉടഞ്ഞുപോകയും ചെയ്തു. ആ സംഭവത്തിനെ കുറിച്ചുനിമിത്തമായി ഗണിക്കാതെ അവൻ പിന്നേയും പോയി. റാന്തൽ ഉടച്ചതിനുള്ള ശകാരങ്ങളും കേട്ടുകൊണ്ടാണു് പോയതു്. കുറെ ദൂരം പോയപ്പോൾ ആരുടേയോ കുതിരമേൽ വരുന്നതു കണ്ടു നമ്പൂരിയുടെ മഞ്ചലാണെന്നു തെറ്റിദ്ധരിച്ചു് ആയാൾ ബദ്ധപ്പെട്ടു മടങ്ങിച്ചെന്നു 'മഞ്ചൽ അടുത്തെത്തി' എന്നു പറഞ്ഞു. കുറേ നേരത്തേയ്ക്കു് എല്ലാവർക്കും സന്തോഷവും കുഞ്ഞിക്കാവിനു വ്യസനവുമായിക്കഴിഞ്ഞു. നടക്കില്ലെന്നു കൃഷ്ണൻനായർ പറഞ്ഞതിനെ വേദവാക്യംപോലെ വിശ്വസിച്ചിരിക്കുന്ന മദ്ധ്യേ മഞ്ചൽ അടുത്തെത്തി എന്നു കേട്ടപ്പോൾ കുഞ്ഞിക്കാവിനുണ്ടായ പരിഭ്രമവും വ്യസനവും ഭോഷ്യവും കൃഷ്ണൻനായരുടെ ആശ്ചര്യവും അധികം കാണാഞ്ഞതുകൊണ്ടു വ്യാഖ്യാനത്തിനു വിഷയമായില്ല. ആ ഭൃത്യൻ മഞ്ചൽ കണ്ടിക്കിൽനിന്നു കോട്ടയിലെ വീടുവരെ സമയ

ത്തിൽ വളരെ അധികംനേരം കാത്തിരുന്നിട്ടും വന്നെത്താ
ഞ്ഞയാൽ നാരായണമേനോനു് ആ ഭൃത്യന്റെ നേരെ പ
തിവിൽ കവിഞ്ഞ കോപമുണ്ടായി അവനെ പിടിച്ചു ര
ണ്ടുമൂന്നു പ്രഹരിച്ചു. സത്യം പറഞ്ഞിട്ടും പ്രഹരം കിട്ടി
യതു നാരായണമേനോന്റെ കഥയില്ലായ്മകൊണ്ടാണെ
ന്നും അവിടെനിന്നു താമസം മാറേണമെന്നും അവൻ ആ
ദ്യം വിചാരിച്ചുവെങ്കിലും താൻ അന്യനെ സേവിച്ചു ക
ഴിയാൻ തുടങ്ങിയമുതല്ക്കുള്ള സംഭവങ്ങളെ ഒന്നൊന്നായി
ഓർമ്മവെച്ചപ്പോൾ ഏതു യോഗ്യന്റെ ഭൃത്യനായിരുന്നാ
ലും ഇങ്ങിനെ സംഭവിക്കാറുണ്ടെന്നു കണ്ടു തന്നെത്താൻ
സമാധാനിച്ചു. മഞ്ചൽ വരുന്നതു കണ്ടതു സത്യമാണെ
ന്നും അതു നമ്പൂരിയുടേതാണെന്നു വിചാരിച്ചുറച്ചതാണു്
തെറ്റെന്നും ഭൃത്യൻ പറയാൻ വിചാരിച്ചുവെങ്കിലും അതു
പറഞ്ഞാൽ ഉരുട്ടും പെരട്ടും പറയുന്നതാണെന്നു വിചാരി
ച്ചു് അതിനും പ്രഹരം കിട്ടുമോ എന്നു ഭയപ്പെട്ടു് അടി
കിട്ടിയതിനെ ആക്ഷേപംകൂടാതെ കൊണ്ടു. അന്യാശ്ര
യത്തിൽ കഴിയുമ്പോൾ കേവലം അനീതിയായി അനുഭ
വിക്കേണ്ടിവരുന്ന സങ്കടങ്ങൾക്കു് അതിരുമില്ല; അളവു
മില്ല.

നേരം പുലച്ചുക്കുറായിട്ടും നമ്പൂരിയുടെ വരവു കാ
ണാതായപ്പോൾ അവിടെ കൂടിയവർ സദ്യയ്ക്കു് ഇല വെ
യ്ക്കാത്തതിനെപ്പറ്റി പിറുപിറുത്തുതുടങ്ങി. നമ്പൂരിയുടെ
നേരെയുണ്ടായ കോപത്തെ ഉള്ളിൽ ഒതുക്കി നാരായണ
മേനോൻ അവരോടു നല്ലവാക്കു പറകയും മാപ്പു ചോദിക്ക
കയും ചെയ്തു. ഇനി കാത്തിരിക്കയല്ലെന്നു വിചാരിച്ചു്
എല്ലാവരും ഭക്ഷണം കഴിച്ചു. നാരായണമേനോൻ അയ

ച്ചവരിൽ ചിലർ നമ്പൂരിയുടെ ഇല്ലത്തു ചെന്നു് അവിടെനിന്നു ചിത്രൻനമ്പൂരി നേരത്തേ പുറപ്പെട്ടപോയ വർത്തമാനം അറിഞ്ഞു വന്നു പറഞ്ഞപ്പോൾ എല്ലാവരും ചിത്രൻനമ്പൂരിയുടെ നേരെ ഉണ്ടായിരുന്ന കോപം പോയി ആ ബ്രാഹ്മണനെന്തോ ആപത്തുനേരിട്ടിരിക്കുമെന്നും മറും ആലോചിച്ചു വ്യസനിച്ചുതുടങ്ങി. നാരായണമേനോൻ വളരെ മൌഢ്യത്തോടുകൂടി ഭക്ഷണം കഴിയ്ക്കാതെ പോയിക്കിടന്നു. ക്ഷണിച്ചു വന്നവരിൽ ചിലർ അവിടെത്തന്നെ കിടന്നല്പം ഉറങ്ങാൻ ശ്രമിച്ചു. മറു ചിലർ ഈ പുതുവർത്താനം എല്ലാവരോടും പറയുന്നതിനു കോട്ടയിലെ വീട്ടിൽനിന്നു മടങ്ങി. നേരം പുലർന്നു വെളുത്തിട്ടും നാടൊക്കെ പരന്നതോടുകൂടി ചിത്രൻനമ്പൂരിയെക്കാണാതായ വർത്തമാനവും ദിഗന്തങ്ങളിലെത്തി.

കൃഷ്ണൻനായർ—കാര്യം ഞാൻ പറഞ്ഞപോലെ വന്നില്ലേ?

കുഞ്ഞിക്കാവു്—നമ്പൂരി എവിടെപ്പോയി?

കൃ-നാ—എനിക്കറിഞ്ഞുകൂടാ.

കു—കൊന്നിരിക്കുമോ?

കൃ-നാ—അതു ചെയ്തിട്ടുണ്ടാകയില്ല.

കു—പിന്നെ എന്താ ചെയ്തതു്?

കൃ-നാ—എന്താണെന്നൊന്നിക്കറിവില്ല.

കു—നടക്കില്ലെന്നു നിങ്ങൾ എന്തു കണ്ടിട്ടാണു് പറഞ്ഞതു്?

കൃ-നാ—നടക്കില്ലെന്നു് ഒരാൾ ഏറുപറഞ്ഞു.

കു—ആര ആരാണു്?

കൃ-നാ—നിങ്ങൾ അറിയില്ല.

കു—ബ്രഹ്മഹത്യ വന്നാൽ വളരെ കഷ്ടമായി.

കൃ-നാ—അതൊരിക്കലും സംഭവിച്ചിരിക്കില്ല.

അദ്ധ്യായം ഏഴ്

"മികഞ്ഞ ഞാനിയും മറക്കുമോ മക്കൾമേൽ കാതൽ?"

കുട്ടികൾക്കു ചോറൂണിന്നു ചുട്ടികെട്ടിയപ്പോലെ മല
ഞ്ചരിവിൽ വള്ളിയെ അവലംബിച്ചു നിന്നിരുന്ന വിക്രമ
ന്റെ ചരിത്രശേഷം എന്താണെന്നു പറയാതെ ഈ പുസ്ത
കത്തിലെ വിഷയം പൂർത്തിയാകില്ലല്ലോ. വിക്രമൻ തന്റെ
തല്ക്കാലസ്ഥിതിയെപ്പറ്റി ആലോചിച്ചു മനം കലങ്ങുന്നു മ
ദ്ധ്യത്തിൽ അത്യത്ഭുതം ജനിപ്പിക്കുന്നതായൊരു കാഴ്ച ക
ണ്ടു പരിഭ്രമിച്ചു. സൌന്ദര്യത്തിലും ഭോഗകാന്തിയിലും ശ
രീരസൌഷ്ഠവത്തിലും ഞാൻ ഞാൻ മീതെ എന്നു സ്പർദ്ധി
ക്കുന്ന പതിനൊന്നു തരുണിമാരൊന്നിച്ചു മേൽകഴുകുന്നതിനു
തോട്ടിലേയ്ക്കു പോകുന്നതു കണ്ടു. വിക്രമൻ തന്റെ കണ്ണുക
ളെ വിശ്വസിച്ചില്ല. മനുഷ്യവാസത്തിനുള്ള ഭവനങ്ങ
ളൊന്നും ദൃഷ്ടിയിൽ പെടാത്തതിനാൽ നിർജ്ജനപ്രദേശമാ
ണെന്നു തീർച്ചപ്പെട്ടുത്തിയ ദിക്കിൽ ഈ താരുണ്യസമൂഹം
പ്രത്യക്ഷമായി കണ്ടതു സത്യമോ മൈത്യമോ എന്നു നി
ർണ്ണയിക്കാൻ കഴിയാതെ കുഴങ്ങി. കുറെ ആലോചിച്ച
പ്പോൾ തനിക്കു ചിത്തഭ്രമമില്ലെന്നു തോന്നിയതുതന്നെ
മറ്റാന്തന്മാർക്കു സാധാരണയായി തോന്നുമ്പോലെ ആയിരി
ക്കുമോ എന്നുകൂടി ശങ്കിച്ചുതുടങ്ങി. ചെറുപ്പകാലങ്ങളിൽ
യക്ഷികളുടെ വൃത്താന്തം മുത്തവർ പറഞ്ഞുകേട്ടതിനെ
കെട്ടുകഥയാണെന്നു പാശ്ചാത്യവിദ്യാഭ്യാസകാലത്തു വി
ചാരിച്ചതെല്ലാം ഭോഷത്വമാണെന്നു അരക്ഷണം വിചാ
രിച്ചുപോയി. താൻ കണ്ട സ്ത്രീസമൂഹം കളീച്ചുചിരിച്ചു

തോട്ടിൽ പോയി ഒരു മണൽത്തിട്ടിൽ ആഭരണങ്ങളെല്ലാം അഴിച്ചുവെച്ചു് അരയ്ക്കു മേല്പോട്ടു നഗ്നമാരായി ജലക്രീഡ ചെയ്യുന്നതിനെ നോക്കി ക്ഷണനേരം മറ്റെല്ലാം മറന്നു് ആനന്ദിച്ചുകൊണ്ടിരിക്കയായിരുന്നു. പാതിവ്രത്യചിന്ത കൂടിയില്ലാത്ത പുംശ്ചലികളാണെങ്കിലും പരപുരുഷനിഷേധത്തെ അസഹ്യമാനനെപ്പോലെ ഗോവിന്ദൻ എന്നു പേരായ ഒരുവൻ വിക്രമനെക്കണ്ടു് അല്പനേരം പുരികം ചുളുക്കി നോക്കിയതിന്നുശേഷം 'ഇവനാരെടാ' എന്നു ചോദിച്ചു. ഒച്ച കേട്ട വഴിക്കു വിക്രമൻ തിരിഞ്ഞുനോക്കിയപ്പോൾ ദുഷ്ടശത്രുനായ ഗോവിന്ദനെക്കണ്ടു.

വി—ഇവിടെനിന്നു കീഴ്പ്പോട്ടിറങ്ങാൻ ഒന്നു സമ്മതിക്കാമോ?

ഗോ—തനിക്കിവിടെ വരാൻ തോന്നിയതു് അരി ഒടുങ്ങീട്ടാണു്. എങ്കിലും ഒരു കോണി വെച്ചുതരാം.

ഗോവിന്ദൻ കോണി വെച്ചുകൊടുത്തു. മുട്ടിയാരിൽ ചവിട്ടാതിരിപ്പാൻ ഇന്ന വഴിയ്ക്കിറങ്ങണമെന്നു ഗോവിന്ദൻ വഴി കാണിച്ചുകൊടുത്തപ്രകാരം വിക്രമൻ താഴത്തെത്തി. ഗോവിന്ദൻ വിക്രമനെക്കൊണ്ടു തോക്കു താഴെ വെപ്പിച്ചു. ഗോവിന്ദന്റെ അരയിൽ ഒരു ചരടിൽ കെട്ടിയിരുന്ന ഒരു ചെറിയ കുഴൽ ആയാൾ ഊതി. അതിന്റെ ശബ്ദം കേട്ട ഉടൻതന്നെ ആയുധപാണികളായ നാലു പേർ വിക്രമനെ വളഞ്ഞു.

ഗോ—താൻ ആരാണു്? എന്താണിവിടെ വരാൻ കാരണം?

വി—ഞാൻ ഒരു നായരാണു്. കുടുംബക്കാരുടേയും കൂടെ

പ്പിറന്നവരുടേയും ക്രൂരതയും സ്നേഹമില്ലായ്മയും സഹിക്കാൻ വയ്യാതെ അവരോടുകൂടി സഹവാസം ചെയ്യുന്നതിനേക്കാൾ സിംഹം പുലി ചെന്നായ ഘോരസർപ്പം എന്നീ ജന്തുക്കളോടുകൂടി വിപിനവാസം ചെയ്യുന്നതാണു് നല്ലതെന്നു തോന്നി വീടും നാടും വിട്ടു വന്നവനാണു്. ഈ സ്ഥലത്തു വന്നതു വിചാരിക്കാതെയാണു്.

ഗോ—ഒന്നും വിചാരിക്കാതെ നടക്കുന്നാൾ ഇത്രയും കഷ്ടപ്പെട്ടു് ഇറങ്ങാൻ സംഗതിയില്ല. താൻ പറഞ്ഞതിനെ ഞാൻ വിശ്വസിക്കുന്നില്ല.

വി—അസത്യമായ വാക്കു ഞാൻ പറഞ്ഞിട്ടില്ല. പറകയുമില്ല.

ഗോ—ഇങ്ങനെ ഒരു സ്ഥലമുണ്ടെന്നു് എങ്ങനെ അറിഞ്ഞു?

വി—ഇങ്ങനെ ഒരു സ്ഥലമുണ്ടെന്നു് ഇവിടെ വന്നു കണ്ടപ്പോൾ മാത്രം അറിഞ്ഞു. ഈ സ്ഥലത്തിനെപ്പറ്റിയോ ഇവിടെ ആളുകളുണ്ടെങ്കിൽ അവരെപ്പറ്റിയോ എനിക്കു യാതൊരറിവും ഇല്ല.

ഗോ—സ്ത്രീകൾ കൂളിക്കുന്നതിനെ നോക്കിക്കൊണ്ടിരുന്നില്ലേ?

വി—അങ്ങോട്ടു നോക്കിയപ്പോൾ സ്ത്രീകൾ കൂളിക്കുന്നതു കണ്ടു. അതു നോക്കിക്കൊണ്ടിരുന്നതു മന്മഥവികാരംകൊണ്ടല്ല. ഈ പ്രദേശം കണ്ടാൽ ജനങ്ങളുള്ള സ്ഥലമാണെന്നു തോന്നില്ല. വീടുകളും കണ്ടില്ല. അങ്ങനെയിരിക്കെ അതിസുന്ദരിമാരായ സ്ത്രീസമൂഹത്തെ കണ്ടപ്പോൾ യക്ഷികളോ ദേവസ്ത്രീകളോ എന്നൊക്കെ വിചാരിച്ചു് ആശ്ചര്യത്തോടുകൂടി നോക്കിയതാണു്.

ഗോ—ഈ സുന്ദരിമാരെക്കണ്ടിട്ടു തനിക്കു് ഒട്ടും മോഹം ജനിച്ചില്ലേ?

ചി—നിങ്ങൾക്കു സൌന്ദര്യമായി തോന്നുമ്പോലെ എനിക്കു തോന്നില്ല.

ഗോ—എന്താ, താൻ ഞങ്ങളെപ്പോലെ മനുഷ്യനല്ലെന്നായിരിക്കുമോ?

ചി—മനുഷ്യൻ മനുഷ്യൻതന്നെ. എന്നാൽ ജ്ഞാനി എന്നും അജ്ഞാനി എന്നും രണ്ടു വകക്കാരുണ്ടു്. നിങ്ങളെല്ലാം ബാഹ്യം കണ്ടു ഭ്രമിക്കുന്നവരാണു്. ഞാൻ തത്വം ആലോചിക്കുന്നവനാണു്.

ഗോ—തത്വം ആലോചിക്കുന്നവന്റെ കണ്ണിനു ഭംഗിയായിട്ടുള്ളതു് അഭംഗിയായി തോന്നുമോ?

ചി—കാമികൾക്കും ജ്ഞാനികൾക്കും തോന്നലിനു വളരെ വ്യത്യാസമുണ്ടു്.

"മുഖം ദുർഗ്ഗന്ധനീരാഢ്യം ചന്ദ്രവദ്ഭാതി കാമിനഃ
അക്ഷിണീ മലസമ്പൂർണ്ണേ പദ്മപത്രോപമേ യഥാ
കടാക്ഷാ വാമനേത്രാണാം നരകഗ്രാമമാർഗ്ഗണാഃ
പുഷ്പാണീവ പ്രമത്തസ്യ കാമിനോ ഭാന്തി സർവ്വദാ
നാസികാശ്ലേഷ്മണോ മാർഗ്ഗഃ പയോവദ്ഭാതി കാമിനഃ
അധരഃ പായുസദൃശോ മധുരോ ഭാതി കാമിനഃ
കേശാസ്ഥമസ്സമാ അസ്യാ നേത്രാപ്യായനകാരിണഃ
മാംസഗ്രന്ഥിസ്തനൌ തദ്വദ്ധേമകുംഭൌ സുപൂരിതൌ
അമൃതേനേവ നിർഭ്രാതഃ കാമിനോ നിജദോഷതഃ
ഉദരം മാംസളം ചാസ്യാ നിർമ്മാംസമഥവാ പുനഃ
ശവസ്യകരോദരസകാരാം വിൺമൂത്രാദ്യാലയഃ പരഃ
ഭാതി കാമഗ്രഹാത്തസ്യ സദാനന്ദസ്യ കാരണം

സ്ഥിജൌ പായുനദീതീരഭ്രതേ വിഷ്ഠാനഃലേപിതേ
പീവരേ ജഘനം രമ്യം നിർഭാത ഇതി കാമിനഃ
ഭഗന്ദരസമോ യോനിർമൂത്രഗന്ധവിദൂഷിതാ
കാമിനഃ സ്വസ്ഥസദൃശീ പ്രതിഭാതി വിമോഹിതഃ
ഏകമൂവ്വാടികൌ പാദാവസ്ഥിസ്തൂണൌ ച മാംസ
സ്നായുരംഭാസമൌ ഭാതഃ കാമിനോ നിജദോഷതഃ(ളൌ
പുരുഷസ്യ യഥാകാമാന്നാരീ ഭാത്യമൃതോപമാ
നായ്യാ അപി തഥാ കാമാൽ പുമാനമൃതതാം വ്രജേൽ.''

ഗോ—അന്യോപദേശത്തിന്നു സാമർത്ഥ്യമുള്ളവർ നിങ്ങളെപ്പോലെ പലരേയും കണ്ടിട്ടുണ്ടു്. നല്ല പെണ്ണിനെക്കണ്ടാൽ മുനിമാരുംകൂടി മോഹിച്ചിട്ടുണ്ടെന്നു പുരാണങ്ങളിൽ പറയുന്നു.

ഖി—വൈരാഗ്യം ഇന്നതാണെന്നറിഞ്ഞവരും യഥാർത്ഥ വൈരാഗ്യമുള്ളവരും തമ്മിലുള്ള വ്യത്യാസം ലോകത്തിൽ കാണേണ്ടതാണു്. വാക്കുകൊണ്ടു പരോപദേശപാണ്ഡിത്യം മാത്രമുള്ളവരെന്നും സ്വാനുഷ്ഠാനംകൊണ്ടുപദേശിക്കുന്നവരെന്നും രണ്ടു ജാതി ജ്ഞാനികളുണ്ടു്. വാക്കുകൊണ്ടു മാത്രം വൈരാഗ്യമുള്ളവരുടെ കഥയാണു് നിങ്ങൾ പറഞ്ഞതു്. അനുഷ്ഠാനത്തിൽ വൈരാഗ്യമുള്ളവരുടെ കഥയാണു് ഞാൻ പറയുന്നതു്. അതിരിക്കട്ടെ. ഇവിടെ വീടുകളൊന്നും കാണുന്നില്ലല്ലോ. നിങ്ങൾ എവിടെയാണിരിക്കുന്നതു്? ഞാൻ കണ്ട സ്ത്രീകൾ ആരാണു്?

ഗോ—ഞങ്ങൾ ഗുഹകളിലാണു് പാർക്കുന്നതു്. ആ സ്ത്രീകളെ എല്ലാം ഞങ്ങൾ ഇവിടെ കൊണ്ടുവന്നു പാപ്പിച്ചിട്ടുള്ളതാണു്.

ഖി—നിങ്ങൾക്കുപജീവനത്തിന്നുള്ള മാർഗ്ഗം നായാട്ടോ കൃഷിയോ എന്താണു്?

ഗോ—ആവശ്യത്തിലധികം ധനമുള്ളവരുടെ കയ്യിൽനിന്നു കട്ടും തട്ടിപ്പറിച്ചുമാണു് ഞങ്ങൾ ഉപജീവിക്കുന്നതു്. ഇതുരയും ജനബാധയില്ലാത്ത വനമദ്ധ്യമായ ഈ കള്ളിമുൾക്കാട്ടിൽ ഞങ്ങൾ കുടിപാർക്കുവാനുള്ള കാരണം പോലീസ്സുകാരെ ഭയപ്പെട്ടിട്ടാണു്! നിങ്ങൾക്കിവിടെ വരാൻ തോന്നിയതു നിങ്ങടെ അരി ഒട്ടുങ്ങീട്ടാണെന്നു ഞാൻ പറഞ്ഞതു വെറുംവാക്കല്ല. ഞങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിക്കു് ഇവിടെ വന്നു കണ്ടവരെ വെളിക്കു വിട്ടയച്ചാൽ ഞങ്ങളെല്ലാം തടവിൽ പാർക്കേണ്ടിവരും. അതുകൊണ്ടു് ഇവിടെ വൽപ്പവരെ ഉടൻതന്നെ കൊല്ലേണമെന്നാണു് ഞങ്ങളുടെ സംഘത്തിലുള്ള നിശ്ചയം. നിങ്ങൾ ജ്ഞാനിയായതു വളരെ നന്നായി. മുമ്പൊരാൾ ഇവിടെ വന്നിട്ടു ഞങ്ങൾ കൊല്ലാൻ ഭാവിച്ചപ്പോൾ മരണഭയംകൊണ്ടു കരഞ്ഞും കാൽപിടിച്ചും ഞങ്ങളെ കുറെ ബുദ്ധിമുട്ടിച്ചു. നിങ്ങൾ വേദാന്തിയായതുകൊണ്ടു മരണത്തിൽ ഭയമുണ്ടാകയില്ലല്ലോ.

ഖി—മരണത്തിൽ എനിക്കു് ഒട്ടുംതന്നെ ഭയമില്ല. പക്ഷേ ഞാൻ നഗരത്തിലേയ്ക്കു പോകയോ നിങ്ങളെപ്പറ്റി അറിവു കൊടുക്കുകയോ സംഭവിക്കാത്തതാണു്. അതുകൊണ്ടു നിങ്ങൾ എന്നെ കൊല്ലേണ്ട എന്നു ഞാൻ അപേക്ഷിക്കുന്നില്ല.

ഗോ—നിങ്ങൾ അങ്ങനെ അപേക്ഷിച്ചാലും ഞങ്ങൾക്കു വിട്ടയയ്ക്കാൻ തരമില്ല. ഞങ്ങളെപ്പറ്റി നിങ്ങൾ അറിവു കൊടുക്കില്ലെന്നു പറഞ്ഞുവല്ലോ. നിങ്ങൾ പുറമെ

എഴു
1955
കോട്ട

സഞ്ചരിക്കുമ്പോൾ നിങ്ങളെ വല്ല പൊല്ലീസ്സുകാരും പിടിച്ചു് ഈ പ്രദേശങ്ങളിൽ വല്ല കള്ളന്മാരും കൂടി വിലിരിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ നിങ്ങൾ എന്തു പറയും?

വി—ഞാൻ സത്യം പറകയില്ല.

ഗോ—അതുതന്നെ കൊല്ലാതിരിക്കാൻ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞതു്.

ഇത്രത്തോളം സംഭാഷണം ചെയ്തപ്പോൾ മേൽക്കുഴകി മടങ്ങുന്ന സ്ത്രീകൾ സമീപത്തെത്തി. വിക്രമന്റെ സൌന്ദര്യം കണ്ടു് എല്ലാ സ്ത്രീകളും ഒരുപോലെ മോഹിച്ചിട്ടുണ്ടായിരുന്നു. അതിൽ ഒരു സ്ത്രീ ഗോവിന്ദൻ ഒടുവിൽ പറഞ്ഞതു കേട്ടുംകൊണ്ടാണു് വന്നതു്. വിക്രമനെ കൊല്ലാതിരിയ്ക്കാൻ വല്ല മാർഗ്ഗവുമുണ്ടെങ്കിൽ അതു നോക്കേണമെന്നു് ആ സ്ത്രീ പറഞ്ഞു.

വിക്രമന്റെ പ്രിയപുത്രനായ ചന്ദ്രശേഖരൻ ആഭരണങ്ങളണിഞ്ഞു് ഒരു പട്ടിക്കുട്ടിയെ കളിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കവിൾ തണ്ടുംകൂടി ഒട്ടത്തക്കവണ്ണം ഞെക്കിപ്പിടിച്ചു കുട്ടിയെ കട്ടുകൊണ്ടുപോയ കള്ളൻ ഗോവിന്ദനായിരുന്നു. ചന്ദ്രശേഖരന്റെ സൌന്ദര്യവും ശീലഗുണവുമാണു് അവനെ മരണത്തിൽനിന്നു രക്ഷിച്ചതു്. കഠിനഹൃദയനായ കള്ളൻ ഗോവിന്ദനുകൂടി ചന്ദ്രശേഖരനെ ലാളിക്കാൻ തോന്നി എന്നു പറയേണ്ടതു. ആഭരണത്തിലുള്ളാഗ്രഹംകൊണ്ടാണു് ഗോവിന്ദൻ ഈ കഠിനക്രിയ ചെയ്തതെങ്കിലും ചന്ദ്രശേഖരനെ നിമിഷനേരവും അരുമതോന്നുകയാൽ ആഭരണങ്ങളൊന്നും അവന്റെ ദേഹത്തിൽനിന്നഴിച്ചില്ല.

ജീവപര്യന്തം തടവിൽ പാർക്കുന്നതുപോലെ കള്ളിമുള്ളിലിരിക്കേണ്ട യോഗം വന്നണഞ്ഞിട്ടുള്ള കാമിനിമാരുടെ ബന്ധനപ്രാപ്തിക്കു സൌന്ദര്യമാണു് ഹേതു. ഇവർക്കു്, പരസ്പാപഹരണം ചെയ്യുപജീവിക്കുന്നവർക്കു പെണ്ണിരിക്കാൻ യോഗം വന്നു എന്നു മാത്രമല്ല ആ ദുഷ്ടന്മാരുടെ നിർബന്ധത്താൽ മച്ചിയാകാനുള്ള മരുന്നും കഴിക്കേണ്ടിവന്നു. നാട്ടിലിരിക്കുന്ന പെണ്ണുങ്ങളുടെകാര്യം മറ്റു വിഷയങ്ങളിൽ സൌഖ്യത്തോടുകൂടിയാണു് കള്ളിമുള്ളിൽ പെണ്ണുങ്ങളെ പാർപ്പിച്ചിട്ടുള്ളതെങ്കിലും സന്തതിയില്ലാഞ്ഞുള്ള ദുഃഖം അവരെയെല്ലാം കഠിനമായി ബാധിച്ചിരുന്നു.

ഗോവിന്ദൻ ചന്ദ്രശേഖരനെ മോചിപ്പിച്ചുകൊണ്ടു കള്ളിമുള്ളിൽ പോയപ്പോൾ ആ സ്ത്രീകൾക്കെല്ലാം അളവറ്റ സന്തോഷമുണ്ടായി. പേരില്ലാത്തവർ ആരെങ്കിലും പെറ്റ കുട്ടികളെ വളർത്തിയാണല്ലോ താന്താങ്ങളുടെ ശിശുപോഷണവാസനയ്ക്കു തീരകൊടുക്കുന്നതു്. പെറ്റു പെറ്റു പൊള്ളയായവർ കണ്ടാലും, കുറച്ചെങ്കിലും അരുമിക്കുത്തക്ക ഗുണസമ്പന്നനായ ചന്ദ്രശേഖരനെ കള്ളിമുള്ളിലുള്ള മച്ചികൾക്കു വളർത്താൻ കിട്ടിയപ്പോൾ അവർക്കു വന്ധ്യാതാപംകൊണ്ടുള്ള ദുഃഖം വളരെ ശമിച്ചു. പെറ്റ മാതാവിനെ പിരിയുന്നതു കുട്ടികൾക്കു വലുതായ സങ്കടമാണെങ്കിലും ആ പെറ്റ മാതാവിനെക്കവിച്ചുവെയ്ക്കുന്ന വാത്സല്യമുള്ള പതിമൂന്നു പോറ്റുമാതാക്കന്മാർ കൊണ്ടാടിയതുകൊണ്ടു കുട്ടിക്കു ദുഃഖമേ ഉണ്ടായിരുന്നില്ല.

മേൽക്കഴുകിവന്ന സ്ത്രീകളിലൊരുവൾ ഒരു നിവൃത്തിയുണ്ടെങ്കിൽ വിക്രമനെ വധിക്കാതെ കഴിക്കേണമെന്നു പ

റയാനുള്ള കാരണം വിക്രമന്റെ രൂപം ചന്ദ്രശേഖരനെപ്പോലെയായിരുന്നതുകൊണ്ടാണു്. വിക്രമനെ വളഞ്ഞിരുന്ന നാലുപേരും ഗോവിന്ദനുംകൂടി കുറെ നേരം ആലോചിച്ചിട്ടും വധം കഴിക്കാൻ വഴിയില്ലെന്നു തീച്ചയാക്കിയപ്പോൾ 'ഇദ്ദേഹത്തെക്കൊല്ലുന്നതും എന്റെ ശ്രീശേഖരന്റെ കഴുത്തറുക്കുന്നതും ഒരുപോലെ തോന്നുന്നു. നിങ്ങൾക്കു് എന്നെ സ്നേഹമുണ്ടെങ്കിൽ ഇദ്ദേഹത്തെ കൊല്ലരുതു്' എന്നു് ഇടനെഞ്ചു പൊട്ടിക്കൊണ്ടു് ആ സ്ത്രീ പിന്നേയും അപേക്ഷിച്ചു. വിക്രമൻ ആ സ്ത്രീയുടെ മുഖത്തു നോക്കിക്കൊണ്ടു മോഹാലസ്യമുണ്ടായി ഇടിവെട്ടുകൊണ്ടപോലെ മലന്നുവീണു. ഉടനെ ആ സ്ത്രീ അരികത്തു ചെന്നു താങ്ങിപ്പിടിച്ചു് ഈറനായിരുന്ന തന്റെ തോർത്തുമുണ്ടുകൊണ്ടു വിക്രമന്റെ മുഖത്തു പൊടിഞ്ഞിരുന്ന വിയർപ്പുതുള്ളികളെത്തുടച്ചു്, ആ മുണ്ടുകൊണ്ടുതന്നെ വീശിക്കൊടുത്തു. കുറച്ചുനേരം കഴിഞ്ഞപ്പോൾ വിക്രമനു ബോധമുണ്ടായി.

വി—എന്റെ ചന്ദ്രശേഖരൻ ജീവിച്ചിരിക്കുന്നുണ്ടോ?

സ്ത്രീ—സുഖമായിരിക്കുന്നുണ്ടു്. ഞാനാണു് വളർത്തുന്നതു്.

വി—ക്ഷുദ്രരേ! അവനെ ഒന്നു കാണുന്നതുവരെ എന്നെ കൊല്ലാതിരിക്കാൻ ഞാൻ അപേക്ഷിക്കുന്നുണ്ടു്.

വിക്രമൻ ചന്ദ്രശേഖരന്റെ അച്ഛനാണെന്നുള്ളതു് എല്ലാവർക്കും മനസ്സിലായി. സ്ത്രീകളിൽ രണ്ടുമൂന്നു പേർ ഓടിച്ചെന്നു ചന്ദ്രശേഖരനെ എടുത്തുകൊണ്ടുവന്നു. വിക്രമൻ കുട്ടിയെ മാറിയെടുത്താലിംഗനംചെയ്തു. കുട്ടിക്കു പരിചയക്കുറവുണ്ടായിരുന്നതിനാൽ അത്ര സന്തോഷം കണ്ടില്ല. കുട്ടിയെ സ്ത്രീകളുടെ കയ്യത്തിൽത്തന്നെ കൊട്ട

ത്തു. ചന്ദ്രശേഖരനെ ഈ ബന്ധനത്തിൽനിന്നു വേർപെടുത്തി വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗത്തിലാക്കുന്നതുവരെ ജീവിച്ചിരിക്കണമെന്നു വിക്രമനു് ആഗ്രഹം ജനിച്ചു. തന്നെ വളഞ്ഞിരുന്ന കാലദൂതന്മാരോടു് അല്പകാലത്തേയ്ക്കുകൂടി ജീവനെ യാചിച്ചു. അവിടെ ഉണ്ടായിരുന്ന പുരുഷന്മാരെല്ലാം വിക്രമന്റെ കഥ കഴിക്കേണമെന്നതന്നെ തീർച്ചപ്പെടുത്തി. സ്ത്രീകളെല്ലാം ഒരിക്കലും കൊല്ലാൻ പാടില്ലെന്നു ശാഠ്യംപിടിച്ചു. ആർ പിടിച്ച കള്ളിയിലാണു് കലാശിച്ചതെന്നു പറയേണ്ടതില്ലല്ലോ. കള്ളന്മാരുടെ കൂട്ടത്തിൽ ചേർന്നു് അഞ്ചുകൊല്ലം അവരുടെ തൊഴിലിൽ കൂടുന്നപക്ഷം വിക്രമനെ ഭയപ്പെടേണ്ടാവശ്യമില്ലെന്നും അങ്ങിനെ ഖരാർ ചെയ്യാൻ വിക്രമനു മനസ്സുണ്ടെങ്കിൽ കൊല്ലരുതെന്നും അതിലിടയ്ക്കു വിക്രമൻ ഖരാറിനെ ലംഘിക്കാതിരിക്കാൻ ചന്ദ്രശേഖരനെ ജാമ്യം കൊടുക്കേണമെന്നും ഖരാർ ലംഘിച്ചാൽ ആ കുട്ടിയുടെ കഴുത്തറുക്കുമെന്നും തീർച്ചപ്പെടുത്തി.

ചി—നിങ്ങടെ കൂട്ടത്തിൽകൂടി ഒന്നോ രണ്ടോ കളവിൽ ചേർന്നാൽ ഞാനും കുറക്കാരനാകുമല്ലോ. അഞ്ചു കൊല്ലം എന്നെക്കൊണ്ടു കളവു ചെയ്യിച്ചിട്ടു നിങ്ങൾക്കെന്താ കായ്യം? ചന്ദ്രശേഖരനെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ വൃഥാ കാലതാമസം വരുത്തുന്നതു പെടിപ്പല്ല. അതുകൊണ്ടു നിങ്ങടെ തൊഴിൽ എന്നെക്കൊണ്ടു ചെയ്യിക്കുന്നതു രണ്ടു കൊല്ലത്തിലധികരിക്കാതിരുന്നാൽ ക്കൊള്ളാം.

ഗോ—ചന്ദ്രശേഖരന്റെ കുട്ടിക്കാലം മുഴവനും ഇവിടെക്കഴിയേണമെന്നാണു് സ്ത്രീകളുടെ താല്പര്യം.

വി—അഞ്ചുവയസ്സുവരെ മാത്രമേ കുട്ടിക്കാലമുള്ളൂ. ഇനി രണ്ടു കൊല്ലം കഴിയുന്നതിന്നുമുമ്പുതന്നെ അവന്നു് അഞ്ചുവയസ്സു തികയും.

ഗോ—രണ്ടു കൊല്ലമാക്കാനുള്ള കായ്മത്തെപ്പറ്റി എല്ലാവരോടും ആലോചിക്കട്ടേ.

വിക്രമന്റെ കായ്മത്തെപ്പറ്റി കള്ളന്മാരിൽ കള്ളിടിഞ്ഞിത്തിൽ അന്നുണ്ടായിരുന്നവരും സ്ത്രീകളുംകൂടി ആലോചിച്ച വിക്രമൻ പറഞ്ഞപ്രകാരംതന്നെ തീർച്ചയാക്കി. അന്നു രാത്രി ഭക്ഷണസമയമാകുന്നതുവരെ വിക്രമൻ ചന്ദ്രശേഖരനെക്കണ്ടുംകൊണ്ടു സ്ത്രീകളുടെ ഗൃഹയിൽ ഇരുന്നു. ചന്ദ്രശേഖരനെ അധികവാത്സല്യത്തോടുകൂടി പോറ്റിയവളും വിക്രമന്നു മോഹാലസ്യമുണ്ടായപ്പോൾ താങ്ങിപ്പിടിച്ച ശുശ്രൂഷിച്ചവളുമായ സ്ത്രീ ആ കുട്ടിയുടെ മാതാവിന്റെ മറുപടവികളെ കാംക്ഷിക്കുന്നതായി വിലാസാദികളാൽ വിക്രമനെ അറിയിച്ചു. വേറെ ഒരു പുരുഷനാണെങ്കിൽ അങ്ങോട്ടു പ്രാർത്ഥിക്കുമായിരുന്നു. വിക്രമന്നു വിഷയാസക്തിയില്ലാതിരുന്നതിനാൽ ഭാവംകൊണ്ടും വാക്കുകൊണ്ടും താൻ ഒരു രാപനാണെന്നറിയിച്ചുവെങ്കിലും ആ സ്ത്രീയെ ബാധിച്ചിരുന്ന മന്മഥവികാരം വിക്രമൻ വഴങ്ങാത്തതിൽ വർദ്ധിക്കയല്ലാതെ കുറഞ്ഞില്ല. വിക്രമനെ കാംക്ഷിച്ചിരുന്ന മറ്റു തരുണിമാരും യഥാശക്തി യത്നിച്ചുനോക്കാഞ്ഞുയില്ല. ചന്ദ്രശേഖരനെക്കണ്ടപ്പോൾ അപമൃത്യു ഭവിച്ച തന്റെ ഭാര്യയുടെ കാമ്മയുണ്ടാകയാൽ ദുഃഖത്താൽ മനസ്സുരുകിക്കൊണ്ടിരുന്നതിനാൽ കള്ളിടിഞ്ഞിത്തിലെത്തരുണിമാരുടെ ശൃംഗാരചേഷ്ടകളെല്ലാം അനവസരംഹേതുവായിട്ടു ജാത്യാന്ധന്റെ മുമ്പിൽ പ്രയോഗിച്ചുപോലെ നിഷ്ഫലമായി ഭവിച്ചു. വ

ശീകരിക്കാൻ സ്ത്രീകളുടെ യത്നങ്ങളും വിക്രമന്റെ വൈമനസ്യവും തമ്മിൽ എതിർത്തുംകൊണ്ടിരിക്കട്ടെ.

മനുഷ്യൻ സന്ദർഭങ്ങളുടെ പാവയാകയാൽ വിക്രമൻ അഗ്നിസാക്ഷിയായി സത്യംചെയ്ത കള്ളന്മാരുടെ കൂട്ടത്തിൽ ചേർന്നു. വർത്തമാനങ്ങൾ പറയുന്ന കൂട്ടത്തിൽ തന്റെ ചരിത്രം ഒന്നൊഴിയാതെ കൂട്ടരോട് പറഞ്ഞു. കള്ളന്മാരുടെ കൂട്ടത്തിൽ വിക്രമനു സംഭവിച്ചപോലുള്ള ഉദ്ദ്യോഗം സംഭവിച്ചിട്ടുള്ളവർ പലരുമുണ്ടായിരുന്നു. വിക്രമനായിട്ടുള്ള പരിചയം വർദ്ധിച്ചുവന്നതോടുകൂടി കുണ്ഡിലെ സ്ത്രീകളെ ഒന്നു ശിക്ഷിക്കേണമെന്നു് അവർക്കു തോന്നി. ഒരു ദിവസം നാലുപേർ ചേർന്നു വേഷം മാറിപ്പോയി ചെയ്തിട്ടുള്ള പ്രഹരത്തെപ്പറ്റിയാണു് മുന്നൊരദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളതു്. അടി കൊണ്ടതിന്റെശേഷം വിക്രമന്റെ തറവാട്ടിലേയ്ക്കുണ്ടായ ഗ്രഹണത്തെപ്പറ്റി അടിച്ചവരറിഞ്ഞുവെങ്കിലും ആ ഗ്രഹണഫലത്തെപ്പറ്റിയോ അടിയെപ്പറ്റിയോ ആരും വിക്രമനോടു പറഞ്ഞില്ല. അതിനുള്ള കാരണമെന്തെന്നാൽ കള്ളന്മാർക്കു വിക്രമനോടുള്ള രഞ്ജിപ്പു നിമിഷംപ്രതി ഏറിയേറി വന്നതുകൊണ്ടു് അയാൾ സംഘത്തിൽനിന്നു വേർപിരിഞ്ഞു പോകുന്നതു വലിയ വേർപാടായിത്തോന്നുകയും തറവാട്ടു പൂർവ്വസ്ഥിതിയിലായെന്നു കേട്ടാൽ വിക്രമൻ വനവാസംമതിയാക്കാനിടയുണ്ടെന്നു വിചാരിക്കുകയും ചെയ്തതുകൊണ്ടത്രേ വിക്രമനെ കൊല്ലുവാൻ ഓങ്ങിനിന്നിരുന്നവർ കാലക്രമത്തിൽ വിക്രമന്റെ ഇഷ്ടത്തിനു വേണ്ടതെല്ലാം ചെയ്യാൻ ഒരുക്കമുള്ളവരായിത്തീർന്നതു്. താൻ സംഘാധിപനല്ലെന്നു മാത്രമേ ഉള്ളൂ. അന്നുള്ള സംഘാധിപനുംകൂടി വിക്രമന്റെ അഭിപ്രായപ്രകാരമേ നടക്കാറുള്ളൂ.

അദ്ധ്യായം ൮൪

ചിത്രൻനമ്പൂരിയുടെ സംബന്ധം ശിവരാത്രിപോ
ലെ അവസാനിച്ചിട്ട നാലേ ദിവസമായിട്ടുള്ളൂ. നമ്പൂരി
യും മഞ്ചലും മാർഗ്ഗമദ്ധ്യത്തിൽ അന്തർദ്ധാനം ചെയ്തതി
ന്റെ കാരണം ഇനിയും വെളിപ്പെട്ടിട്ടില്ല. കോട്ടയിലെ
വീട്ടുകാർക്ക് സംഭവിച്ച മനോഭംഗത്തെപ്പറ്റി ഒരു ദിവസം
മാത്രമേ ആ നാട്ടുകാർ പ്രസ്താവിച്ചുള്ളൂ. നമ്പൂരിയെപ്പറ്റി
അങ്ങിനെയല്ലതാനും. അദ്ദേഹത്തെ മഞ്ചലോടുകൂടി കാ
ണാതായ സംഭവത്തിന്റെ പുതുമകൊണ്ടും ധനബാഹുല്യ
ത്താൽ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടായിരുന്ന പ്രാധന്യം
കൊണ്ടും രണ്ടുപേർതമ്മിൽ കണ്ടാൽ അദ്ദേഹത്തെപ്പറ്റി
അനേഷിക്കാറുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ സംബന്ധാലോഷത്തിനുവേണ്ടി
അതിപ്രയത്നം ചെയ്ത നാരായണമേനോൻ പണിചെയ്തി
ച്ച നെടുമ്പുരയെ കഴിയുന്ന വേഗത്തിൽ പൊളിച്ചു നീക്ക
ണമെന്നും, അന്യന്മാരുടെ വിളക്കു മുതലായതു മടക്കി
കൊടുക്കേണമെന്നും, അതുകളെ കോട്ടയിലെ വീട്ടിൽ കാ
ണുംതോറും മനസ്സിനു ശല്യമാണെന്നും ബന്ധുക്കൾ ഉപ
ദേശിച്ചതിനെ നാരായണമേനോൻ ഗൌനിച്ചില്ല. ആ
ദ്യദിവസം കഴിഞ്ഞതിനുശേഷം മൂന്നുനാലു ദിവസം പല
തിനെപ്പറ്റിയും അപൂർണ്ണമായി ചിന്തിച്ചുകൊണ്ടു ചിന്താ
മഗ്നനായിത്തന്നെ നാരായണമേനോൻ മുഖം വെളിയിൽ
കാണിക്കാതെ കഴിച്ചുകൂട്ടി. മാനുഷബുദ്ധിക്കു സഹജമാ
യ വിസ്മൃതികൊണ്ടും ദുഃഖത്തെക്കുടഞ്ഞു കളഞ്ഞു സുഖം
തേടുന്നതിനു പ്രകൃത്യാ ജന്തുക്കൾക്കുള്ള സാമർത്ഥ്യംകൊ

ണ്ടും ദുഃഖമൂലങ്ങളായ വ്രണങ്ങളെ ആറുന്നതിന്നും വട്ടക്ക
ളെക്കൂടി മറയ്ക്കുന്നതിന്നും കാലത്തിന്നുണ്ടെന്നു പറയുന്ന ശ
ക്തികൊണ്ടും ചിത്രൻനമ്പൂരിയുടെ സംബന്ധം നടക്കാ
തിരുന്നതുകൊണ്ടുള്ള അപമാനത്തെ നാലു ദിവസംകൊ
ണ്ടു സഹിക്കത്തക്ക നിലയാക്കി വീട്ടിന്റെ പടിപ്പുരവിട്ട
റോട്ടുവക്കത്തോറം നാരായണമേനോനെ നടക്കാറായി. അ
ഞ്ചാംദിവസം വൈകുന്നേരം താഴക്കാൽക്കുട്ടയും എടുത്തിൽ
തിരുകി ഒരു തോൽത്തുമുണ്ടു പുതച്ചു കൈ രണ്ടും പിന്പോ
ട്ടു കെട്ടി എന്തോ ഗൌരവമായി ആലോചിക്കുമ്പോലെ
തലയും താഴ്ത്തി നാരായണമേനോൻ നിരത്തുവക്കുവരെ ന
ടന്നു. നിരത്തുവഴിയിലെത്തി വടക്കോട്ടു നോക്കിയപ്പോൾ
ആ പ്രദേശങ്ങളിൽ സാധാരണ കാണാറില്ലാത്ത ഒരു ജാ
തി കുതിരവണ്ടിയിൽ രണ്ടുപേർ വരുന്നതു കണ്ടു. വണ്ടി
യിൽ വലത്തുഭാഗത്തു് ഇംഗ്ലീഷുമട്ടിൽ കുപ്പായവും കാൽ
ചട്ടയും ബൂട്സും സാപ്പന്മാരുടെ തൊപ്പിയും ധരിച്ചു് ഒരു
കറുത്ത മനുഷ്യനും ഇടത്തുഭാഗത്തു ഭസ്മക്കുറിയിട്ടു രുദ്രാക്ഷ
മാല കഴുത്തിലിട്ടു് ഒരു വേഷ്ടി എറാപ്പിട്ടു വെളുത്ത ശരീ
രമുള്ള ഒരു പിൻകുടുമക്കാരനും ഇരിക്കുന്നുണ്ടായിരുന്നു. നാ
രായണമേനവന്റെ സമീപത്തെത്തിയപ്പോൾ വണ്ടി നി
ന്നു. വണ്ടിയുടെ പിമ്പുറത്തിരുന്നിരുന്ന ഒരു ഭൃത്യൻ ഇറ
ങ്ങി. 'കോട്ടയിലെ വീട്ടിലല്ലേ' ഇതിലെതന്നെയല്ലേ വ
ഴി' എന്നു നാരായണമേനോനോടു ചോദിച്ചു. അതു എ
ന്നു മറുപടി പറഞ്ഞതോടുകൂടി വണ്ടിയിലിരിക്കുന്നവരാരാ
ണെന്നു നാരായണമേനോൻ ചോദിച്ചു. ആ ഭൃത്യൻ അ
തിന്നു മറുപടി പറയാതെ തിരിഞ്ഞു വണ്ടിക്കുൾ ചെന്നു

വായ പൊത്തി 'ഇവിടെത്തന്നെയാണിറങ്ങേണ്ടതെന്നു പറഞ്ഞു. ത്രിജഗദ്ദീപശാസ്ത്രികളും ഡാക്ടർ ഖിസ്സനുമായിരുന്ന വണ്ടിയിൽ. രണ്ടുപേരേയും നാരായണമേനോൻകണ്ടു പരിചയമില്ല. ഡാക്ടർ ഖിസ്സൻ നാരായണമേനോന്റെ മുഖത്തു നോക്കിയപ്പോൾ ഒരു സലാം കൊടുത്തു. ശാസ്ത്രികൾ മുഖത്തു നോക്കിയില്ല. ഡാക്ടർ ഖിസ്സൻ കുറഞ്ഞൊന്നു തലയാട്ടി 'ആ കാണുന്നതല്ലേ കോട്ടയിലെ വീട്?' എന്നു ചോദിച്ചു. അതേ എന്നു പറഞ്ഞതോടുകൂടി അവിടേയ്ക്കാണോ പോകുന്നതെന്നു നാരായണമേനോൻ ചോദിച്ചു. അതിനു മറുപടിയായി 'യസ്' എന്നു ഡാക്ടർ ഖിസ്സൻ പറഞ്ഞു. ശാസ്ത്രികൾ ആനക്കൊമ്പുകൊണ്ടു കടയുള്ള ഒരു മെതിയടിയിട്ടിരുന്നു. പിടിത്തലയ്ക്കൽ വെള്ളികെട്ടിയ ഒരു മലാക്കാച്ചൂരലും കയ്യിലുണ്ടായിരുന്നു. ശാസ്ത്രികളും ഡാക്ടർ ഖിസ്സനും പ്പം നടന്നു. ഇവരെ ഉപചരിക്കുന്നതിന്നായി നാരായണമേനോൻ മുമ്പിലും നടന്നു. നാരായണമേനോൻ മുമ്പിൽ ചെന്നു ഒരു കസേരി എടുത്തു കോലായിലും ഒരാമണപ്പുലക തളത്തിലും ഇട്ടു. പെറിലത്താലത്തിൽ മുറുക്കാനുള്ള വട്ടങ്ങൾ ഒരുക്കി ആമണപ്പുലകയുടെ നേരെ വെച്ചു. രണ്ടുപേരും യഥാസ്ഥാനങ്ങളിൽ ഇരുന്നു. ശാസ്ത്രികൾ നാരായണമേനോനെ ആപാദചൂഡം ഒന്നു നോക്കി.

ശാസ്ത്രി—നിങ്ങൾതന്നെയാണോ ഈ വീട്ടിലെ കാരണവൻ?

നാ—മേ—അതേ.

ശാസ്ത്രികൾ—ഇവിടെ വന്നിരിക്കു.

നാ-മേ—അങ്ങയുടെ ഒപ്പം ഇരിക്കാനുള്ള യോഗ്യത എ നിക്കില്ല.

ശാസ്ത്രികൾ—കോട്ടയിലെ കാരണഭൂസ്ഥാനവും ഇതേവ രെ കണ്ടേടത്തോളം ബുദ്ധിവൈശിഷ്ട്യവും വകതിരി വും ഉള്ള ഒരാളുടെ സമക്ഷത്തിൽ മീതെ ഒന്നും ഞാൻ അഹ്നിക്കുന്നില്ല.

നാ-മേ—യോഗ്യന്മാക്ക് വിനയം സഹജമാണ്.

ശാസ്ത്രികൾ—വലിയൊരു വാദപ്രതിവാദത്തിനും ഇതി നെ ഒരു വിഷയമാക്കേണ്ട. നിങ്ങൾ ഇരിക്കാഞ്ഞാൽ എനിക്കും ഡാക്ടക്കും മനസ്സിനു സുഖമില്ല. എന്താ ഡാക്ടരേ?

ഡാക്ടർ—സംശയമുണ്ടോ. ഇതൊക്കെ പഴയ നടപടി യാണ്. നിങ്ങൾ നിന്നു കഷ്ടപ്പെടുന്നതുകൊണ്ടു ഞ ങ്ങൾക്ക് ഒരുവിധത്തിലും ഉള്ളതിലധികം യോഗ്യത കിട്ടില്ല. നിങ്ങൾ ഇരുന്നതുകൊണ്ട് ഒന്നും പോകാനും ഇല്ല.

നാ-മേ—ഞാൻ ഇരിക്കുന്നതാണ് സന്തോഷമെങ്കിൽ ഇ രിയ്ക്കേണ്ടതു് എന്നെ മറയാണല്ലോ. നിങ്ങൾ രണ്ടാളേ യും ഞാൻ ഇതിനു മുമ്പു കണ്ടിട്ടില്ല. ആരാണെന്നും ഞാൻ ചെയ്യേണ്ടതു് എന്താണെന്നും അറിഞ്ഞാൽ ക്കൊള്ളാം. നിങ്ങൾ കുറെ ദൂരത്തുനിന്നു വന്നിട്ടുള്ളതു കൊണ്ടു ദാഹശമനത്തിനു കാപ്പിയോ മറേറാ തന്നാൽ സ്വീകരിക്കുന്നതിനു വിരോധമുണ്ടോ? സ്വാമിക്കു കൂടി ക്കാൻ അടുത്തു കുളമുണ്ട്.

ഡാക്ടർ—കാപ്പി തന്നാൽ ഞാൻ കുടിക്കാം. ശാസ്ത്രികൾ ക്കു ദിവസം ഒരു നേരമേ ആഹാരമുള്ളു. അതിനിട

യിൽ ജലപാനംകൂടി ഇല്ല. അതിരിക്കട്ടെ. ഞങ്ങൾ ദൂരത്തുനിന്നു വരുന്നവരാണെന്നു നിങ്ങൾ എങ്ങിനെ അറിഞ്ഞു?

നാ-മേ—കുതിരയുടെ ക്ഷീണം കണ്ടറിഞ്ഞതാണു്.

ഡാക്ടർ—ഞങ്ങൾ വന്ന കാര്യം പറയാം. പൂവകത്തു വിക്രമൻനായരെ കേട്ടിട്ടുണ്ടോ?

നാ-മേ—കേട്ടിട്ടുണ്ടു്. എം. എ. പാസ്സായി എന്നും ക്ഷയരോഗം പിടിച്ചു എന്നും പിന്നെ എവിടേയ്ക്കോ നാടുവിട്ടു പോയി എന്നും കേട്ടിട്ടുണ്ടു്.

ഡാക്ടർ—അദ്ദേഹം ഇയ്യിടയിൽ മടങ്ങി വന്നു. അദ്ദേഹത്തിന്റെ കാരണവരായിരുന്ന ഉക്കണ്ണനുണ്ണിനായർ എന്റെ അളിയനായിരുന്നു. അദ്ദേഹവും പൂവകത്തെ വീട്ടിലുണ്ടായിരുന്ന മറ്റു ജനങ്ങളും പ്ലേഗുബാധയാൽ മരിച്ചു. എല്ലാ സ്വത്തിനും വിക്രമൻനായർ അധികാരിയായി വന്നു.

നാ-മേ—എല്ലാവരും അങ്ങിനെ മരിക്കാനെന്തു കാരണം?

ഡാക്ടർ—കാരണം ഞാൻ പറഞ്ഞാൽ ഓരം ചേർന്നു പറഞ്ഞതാണെന്നേ വരൂ. അതുകൊണ്ടു് ആ കാര്യം ശാസ്ത്രികൾ പറയട്ടെ.

ശാസ്ത്രികൾ—താൻതന്നെ ഓരം പറയാതെ പറയൂ.

ഡാക്ടർ—എന്നാൽ പറയാം. വിക്രമൻനായരുടെ കാരണവൻ ഉക്കണ്ണനുണ്ണിനായർ എന്റെ സഹോദരി കുമുദത്തിന്റെ ഭർത്താവായിരുന്നു. ആദ്യകാലത്തു് അധികവും എന്റെ വീട്ടിലായിരുന്നു പാർത്തിരുന്നതു്. അങ്ങിനെ സുഖമായിരിക്കുമ്പോൾ എന്റെ അമ്മയായിട്ടു തെറ്റി പൂവകത്തു ചെന്നു താമസമാക്കി. അന്നുമുതൽ

ക്കു് അദ്ദേഹത്തിന്നു സൈരക്കേടും രോഗങ്ങളും അപകീർത്തിയും ജനവിരോധവുമേ ഉണ്ടായിട്ടുള്ളൂ. കുടുംബത്തിനെ വളരെ സ്നേഹിച്ചിരുന്നു. കുടുംബക്കാരോ ഭക്ഷണംകൂടി സമയത്തിന്നു കൊടുത്തിരുന്നില്ല. കുടുംബം എന്നു പ്പറഞ്ഞതു് ആരാറുണ്ടാക്കിയ മക്കളെ നോക്കിയവക്കു് ഇതുതന്നെയാണു് ഒടുവുകൊണ്ടറുഭവം.

നാ-മേ—എന്നു നിങ്ങൾ ശപിക്കുകയോ? അതോ അങ്ങിനെയേ വരാൻ തരമുള്ളൂ എന്നോ?

ഡാക്ടർ—ഞാൻ ശപിക്കയല്ല. ഈ വയസ്സിലകത്തു് ഞാൻ മറിച്ചു കണ്ടിട്ടില്ല.

നാ-മേ—നിങ്ങൾക്കു് എത്ര വയസ്സായി? എവിടെയെല്ലാം സഞ്ചരിച്ചിട്ടുണ്ടു്.

ഡാക്ടർ—വയസ്സു മുപ്പത്തിമൂന്നായി. മദിരാശിവരെ പോയിട്ടുണ്ടു്. മലയാളത്തിലും തിരുവിതാംകൂറിലും അധികം സഞ്ചരിച്ചിട്ടില്ല.

നാ-മേ—കീഴക്കൻദിക്കിൽ മരുമക്കത്തായക്കാരും ഇല്ല.

ശാസ്ത്രികൾ—ആരംഭിച്ച വൃത്താന്തം തുടരട്ടെ.

ഡാക്ടർ—അദ്ദേഹത്തിന്നു് എത്ര ഭക്ഷിച്ചാലും ക്ഷണംകൊണ്ടു വിശക്കുന്നതായ ഒരു രോഗവും പിടിച്ചു. ആകപ്പാടെ വെറുപ്പുകൊണ്ടു രാമേശ്വരം കാശി മുതലായ പുണ്യസ്ഥലങ്ങളിലേയ്ക്കു പോകാൻ നിശ്ചയിച്ചു പുറപ്പെട്ടു. രാമേശ്വരത്തു പോകുന്ന വഴിക്കു മധുരയിൽവെച്ചു കയ്യിലുണ്ടായിരുന്ന പണം കളവുപോയി. പണം അയച്ചുകൊടുക്കാൻ എനിക്കെഴുത്തു വന്നു. ഒരാഴ്ചക്കകം നൂറുറുപ്പിക കടം വാങ്ങി ഞാൻ അയച്ചു. പണം അവിടെ എത്തുന്നതിന്നുമുമ്പു് അദ്ദേഹം പ്ലേഗു പിടിച്ചു

മരിച്ചു. ഇവിടെ ഒക്കെ നടക്കാറുള്ള ഒരു കാശിവാസി യുടെ കൂടെയാണു പോയതു്. പ്ലേഗുദീനമായതുകൊണ്ടു കാശിവാസിയെ അടുത്തു പോവാൻ സക്കാരുദ്യോഗ സ്ഥന്മാർ അനുവദിച്ചില്ലത്രേ. എന്തു വേണ്ടു? അദ്ദേഹം വളരെ കഷ്ടപ്പെട്ടു മരിച്ചു. മരിക്കുന്നതിന്നുമുമ്പു് അദ്ദേഹം കുറെ പണം കുഴിച്ചിട്ടിരുന്നതു് എടുത്തുകൊള്ളാൻ കുമുദത്തിന്നു് ഒരെഴുത്തെഴുതി കാശിവാസിയുടെ കയ്യിൽ കൊടുപ്പിച്ചു. ആയാൾ ഇവിടെ വന്നപ്പോൾ പൂവകത്തുവീട്ടുകാർ ആ എഴുത്തിനെ അടക്കിവെച്ചു. മുതൽ അപഹരിച്ചു. അതോടുകൂടി അവരെല്ലാം പ്ലേഗു പിടിച്ചു മരിച്ചു. ഏകനായി ശേഷിച്ച വിക്രമൻനായക്കു് ഒരു സംബന്ധമുണ്ടാക്കിയാൽക്കൊള്ളാമെന്നാലോചനയുണ്ടു്. നിങ്ങടെ മരുമകൾ കുഞ്ഞിക്കാവിന്റെ കായ്ത്തെപ്പറ്റി ആലോചിക്കാനാണു് ഞങ്ങൾ വന്നതു്. ഇദ്ദേഹം വിക്രമൻനായരുടെ ഒരു ത്രിജഗദ്ദീപശാസ്ത്രികളാണു്.

നാ-മേ—സ്വാമീ, സാഷ്ടാംഗനമസ്കാരം. ആളെ അറിയാഞ്ഞതിനാൽ ആതിഥ്യം കുറഞ്ഞുപോയതാണു്. എല്ലാം ക്ഷമിച്ചു് അനുഗ്രഹിക്കണം.

എന്നു പറഞ്ഞു ശാസ്ത്രികളുടെ പാദത്തിങ്കൽ നമസ്കരിച്ചു. "ഉപര്യുപരി മംഗളം ഭവതു" എന്നു ശാസ്ത്രികൾ അനുഗ്രഹിക്കയും ചെയ്തു.

ശാസ്ത്രികൾ—ഇതിലും മീതെ എന്താ ഉപചാരം വേണ്ടതു്?

ന-മേ—ഒരോലഞ്ഞൂണ്ടിൽ എഴുതി അയച്ചാൽ ഇഷ്ടംപോ

ലെ നടക്കുന്ന ഇക്കാര്യത്തെ ഹേതുവാക്കി ഈ വീട്ടിനെ തുപ്പാദസ്പർശംകൊണ്ടു പരിശുദ്ധമാക്കാൻ തിരുവുള്ളമുണ്ടായതു ഞങ്ങടെ ഭാഗ്യമാണു്. എന്നതന്നെയല്ല അടുത്ത ഭാവിയിൽ ഞങ്ങൾക്കെല്ലാം ഉണ്ടാകാൻ പോകുന്ന മംഗളത്തെ സൂചിപ്പിക്കുന്നതാണു് ഈ വരവു് എന്നുംകൂടി എനിക്കു തോന്നുന്നു. എന്നാണു് വേണ്ടതെന്നു സ്വാമി കല്പിച്ചാൽ അന്നാസ്സു നടത്താം.

ഡാക്ടർ—പേരെ ഒരു കാര്യംകൂടിയുണ്ടു്. വിക്രമൻനായർക്കു് ഈ നാട്ടന്നെ വിട്ടുപോകേണ്ടതായ്യന്നിരിക്കുന്നു. ആയാൾക്കു യൂറോപ്പിൽ മാസം 150 പവൻ ശമ്പളമുള്ളതായ ഒരു ഉദ്യോഗം കിട്ടിയിരിക്കുന്നു. ഇപ്പോടെ 15000 പറ നെല്ലു പാട്ടത്തിനുള്ള ജന്മവസ്തുക്കളുണ്ടു്. അതു നിങ്ങൾ കൈകാര്യം ചെയ്തു രക്ഷിച്ചാൽക്കൊള്ളാമെന്നുണ്ടു്. യൂറോപ്പിലേയ്ക്കു നിങ്ങടെ മരുമകളെ കൂട്ടിക്കൊണ്ടുപോകുന്നതിനു വിരോധമുണ്ടോ എന്നുകൂടി അറിയണം.

നാ-മേ—കപ്പൽ കയറുന്നതുകൊണ്ടു ജാതിഭ്രംശം വരുമോ ഇല്ലയോ എന്നു സ്വാമിക്കറിയാമല്ലോ. അതിവിടുന്നു കല്പിക്കുമ്പോലെ ചെയ്യാം.

ശാസ്ത്രികൾ—കപ്പൽ കയറിയാൽ ജാതിഭ്രംശം വരേണമെന്നില്ല.

നാ-മേ—എന്നാൽ കൊണ്ടുപോകുന്നതിനും വിരോധമില്ല.

വിക്രമന്റെ സംബന്ധക്കാര്യത്തെപ്പറ്റി സംസാരിച്ചേടത്തോളം നിർവ്വിഘ്നമായി കണ്ടപ്പോൾ ശാസ്ത്രികൾ

ആലോചനയായി. രോഗംകൊണ്ടും വെറുപ്പുകൊണ്ടും ദുഃ
ഖംകൊണ്ടും കാട്ടുകയറിപ്പോയ തന്റെ പ്രിയ ശിഷ്യൻ
പുത്രനോട്ടുടി മടങ്ങിവന്നിരിക്കുന്നു എന്നും ഉടനെ ശീമ
യ്ക്കു പോകുമെന്നും കേട്ടപ്പോൾ അളവില്ലാതെ സന്തോഷി
ച്ചു തന്റെ അനുഗ്രഹം കൊടുക്കുന്നതിന്നായി തൽക്ഷ
ണം പുറപ്പെട്ടുപോകുന്ന വഴിയിൽവെച്ചു ശിഷ്യനെ കാ
ണ്ടെത്തി മഠത്തിലേയ്ക്കുതന്നെ തിരിയെ വന്നു വർത്തമാന
ങ്ങളെല്ലാം ചോദിച്ചറിഞ്ഞ കൂട്ടത്തിൽ കുഞ്ഞിക്കാവിനെ
ഭാര്യയായി സ്വീകരിക്കാൻ പോകുന്നതിനെപ്പറ്റിപ്പറ
ഞ്ഞപ്പോൾ നിമിത്തങ്ങളാലും മറ്റും വലുതായൊരു വി
ഘ്നം കണ്ടതിനെ തീർക്കാൻ വേണ്ടിയാണു് ശാസ്ത്രികൾത
ന്നെ പുറപ്പെട്ടതു്. നാരായണമേനോൻ സംബന്ധത്തി
ന്നും ശീമയ്ക്കുപോകുന്നതിന്നും സമ്മതം കൊടുത്തപ്പോൾ
വിഘ്നം എന്തായിരിക്കും വിഘ്നമെന്നാലോചനയായി.

നാരായണമേനോൻ അകായിൽ ചെന്നു ത്രിജഗദ്ഗു
രുശാസ്ത്രികളുടെ മാഹാത്മ്യത്തെപ്പറ്റിയും അദ്ദേഹം വ
ന്ന കാര്യത്തെപ്പറ്റിയും സ്ത്രീജനങ്ങളോടു പറഞ്ഞപ്പോൾ
ചിത്രൻനമ്പൂരിയുടെ സംബന്ധം മുടങ്ങിയതു നന്നായി
എന്നൊല്ലാവർക്കും തോന്നി. ഒരാപത്തു വന്നതു ദൈവഗ
ത്യാ ഒഴിഞ്ഞുപോയതിൽ സന്തോഷിച്ചുകൊണ്ടിരിക്കുന്ന
കുഞ്ഞിക്കാവിനു് ഈ വർത്തമാനം കേട്ടപ്പോൾ ഇതു് അ
ത്രവേഗം ഒഴിയുന്നതല്ലെന്നു തോന്നി മുഖം കറുത്തു. ക
ണ്ണിൽനിന്നു ധാരധാരയായി കണ്ണീർ വീണു. കുഞ്ഞിക്കാവു
കരയുന്ന വിവരം എങ്ങനെയോ ശാസ്ത്രികൾ അറിഞ്ഞു.
പെണ്ണിന്റെ ഹൃദയത്തിൽ കള്ളൻ കടന്നിട്ടുണ്ടാകുമെ
ന്നു് അപ്പോൾ മാത്രമേ ശാസ്ത്രികൾക്കു തോന്നിയുള്ളൂ. ഇ

ത്രയും നല്ലൊരാലോചന വന്നിരിക്കുമ്പോൾ കരയുന്ന തന്റെ അനുജത്തിയുടെ നേരെ പാറുക്കുട്ടിയമ്മയ്ക്ക് അന്നുണ്ടായ കോപത്തിന്നതിരില്ല. എത്ര അടക്കീട്ടും അടങ്ങാതെ കുഞ്ഞിക്കാവിന്റെ മുഖത്തു നോക്കി കൂടെക്കൂടെ പല്ലുകടിച്ചു തുറിച്ചുനോക്കി ആ സ്ത്രീ കുഞ്ഞിക്കാവിനെ അധികം കരയിച്ചു.

ശാസ്ത്രികളും ഡാക്ടർ ഖിസ്സനും നാരായണമേനോനുംകൂടി പിറ്റേദിവസത്തെയ്ക്ക് പുടമുറി നിശ്ചയിച്ചു. കുഞ്ഞിക്കാവു കഴുത്തിൽ കയറു കെട്ടി മരിക്കാനും നിശ്ചയിച്ചു. കായ്മം തീർച്ചയാക്കി ഡാക്ടരും ശാസ്ത്രികളും മടങ്ങിപ്പോകാൻ പുറപ്പെട്ടു. ഹൃദയത്തിൽ കുള്ളൻ കടന്ന കുഞ്ഞിക്കാവിനെ ഒന്നനുഗ്രഹിക്കേണമെന്നുള്ള വിചാരത്തിന്മേൽ ശാസ്ത്രികൾ നാരായണമേനോനെ വിളിച്ചുകൂട്ടി പുറത്തേയ്ക്കു വരുമോ, ഞാൻ അകായിലേയ്ക്കു പോകേണമോ എന്നു ചോദിച്ചു. ഇതിനു മറുപടിയായി അവർ നാണംകൊണ്ടും പേടികൊണ്ടും പുറത്തേയ്ക്കു വരില്ലെന്നു പാറുക്കുട്ടിയമ്മ അകായിൽനിന്നു പറഞ്ഞു. ശാസ്ത്രികൾ വരുന്നുണ്ടെന്നും മുമ്പുഖം കാണിക്കാതെ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിക്കേണമെന്നും പാറുക്കുട്ടിയമ്മ കുഞ്ഞിക്കാവിനോടു പറഞ്ഞു. ശാസ്ത്രികളുടെ മാഹാത്മ്യത്തെപ്പറ്റി കുഞ്ഞിക്കാവു യാതൊന്നും അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നാൽക്കൂടി തനിക്കിഷ്ടമില്ലാത്ത ഒരുവനെ സംബന്ധത്തിനാക്കാൻ ഒരുമ്പെട്ടവന്നു ഏകസംഗതി കൊണ്ടുതന്നെ അദ്ദേഹത്തെ വെറുത്തിരിക്കയാൽ നിന്ദിക്കാനൊരുക്കമായിരുന്നു. ശാസ്ത്രികളുടെ കാൽ പിടിക്കേ

ണമെന്നു പാറുക്കുട്ടിയമ്മ പറഞ്ഞപ്പോൾ ജ്യേഷ്ഠത്തിയാ
ണു് തന്നോടു പറയുന്നതെന്നുംകൂടി കുഞ്ഞിക്കാവു മാനു്
"കണ്ട പീപ്പട്ടരുടെ കാൽ പിടിക്കാൻ പോയിതന്നെ
കുത്തിക്കൊള്ളു" എന്നു പറഞ്ഞു. തത്സമയം ശാസ്ത്രികൾ
സമീപത്തെത്തിയിരുന്നില്ലെങ്കിൽ പാറുക്കുട്ടിയമ്മ കുഞ്ഞി
ക്കാവിനെ കലശലായി പ്രഹരിക്കുമായിരുന്നു. ഇംഗ്ലീഷുമ
രുന്നിൽ തീപ്പിടിച്ചപോലെ കത്തിക്കാളിയ കോപത്തെ
പാറുക്കുട്ടിയമ്മ ഒരുവിധം അടക്കി "പേടികൊണ്ടും നാ
ണംകൊണ്ടും കൂടി പോണ്ടുന്ന ഉപചാരം ചെയ്യാതിരുന്നാൽ
ടയപോട്ടുകൂടി ക്ഷമിക്കണം. അവളുടെ മനസ്സിൽ എ
ന്തൊക്കെയോ വിചാരമുണ്ടു്. അതൊക്കെ നീങ്ങി സത്സ്വ
ഭാവമുണ്ടാവാൻ പ്രത്യേകം അനുഗ്രഹിക്കണം" എന്നു ശാ
സ്ത്രികളോടു പാറുക്കുട്ടിയമ്മ പറഞ്ഞു. പോറെ ഒരു പുരുഷ
നിൽ പ്രേമത്തോടുകൂടി ഇരിക്കയാണെന്നും അന്യനെ ഭ
ർത്താവാക്കാനാലോചിച്ചുകൊണ്ടുവന്ന തന്നെക്കൂടി അതുനി
മിത്തം വെറുത്തിട്ടുണ്ടെന്നും ശാസ്ത്രികൾ മനസ്സിലാക്കി.
ശാസ്ത്രികൾ കുഞ്ഞിക്കാവു കമിഴ്ന്നുകിടക്കുന്ന കട്ടിലിന്നരി
കത്തു ചെന്ന നെറുകയിൽ കൈവെച്ചു 'വത്സേ' എന്നു
വിളിച്ചപ്പോൾ കുഞ്ഞിക്കാവു തിരിഞ്ഞു മുഖത്തു നോക്കുക
യും ഉടനെ പരിഭ്രമത്തോടുകൂടി എഴുനീറു മുട്ടുകുത്തി പാ
ദത്തിങ്കൽ നമസ്കരിക്കുകയും ചെയ്തു. "ഇഷ്ടഭർത്താവിനോ
ടത്യന്തം രഞ്ജിപ്പോടുകൂടി അതിവാല്ക്യംവരെ അഷ്ടൈ
ശ്വര്യത്തോടുകൂടി ഇരുന്നു് അഷ്ടദിക്പാലന്മാരെപ്പോലെയു
ള്ള പുത്രന്മാരേയും പ്രസവിച്ചു് അരുന്ധതിയെപ്പോലെ വാ
ഴുന്നതിന്നു സർവ്വേശ്വരൻ കടാക്ഷിക്കട്ടെ" എന്നു ശാസ്ത്രി
കൾ അനുഗ്രഹിച്ചു കഴിയുന്നതുവരെ കുഞ്ഞിക്കാവു നമസ്കാ

രിച്ചുകൊണ്ടുതന്നെ ഇരുന്നു. നമസ്കരിച്ചെഴുനീറ്റപ്പോൾ കുഞ്ഞിക്കാപ്പിന്റെ മുഖത്തു വിളങ്ങിയിരുന്ന പ്രസന്നത കണ്ടു പാറുക്കുട്ടിയമ്മ വളരെ സന്തോഷിച്ചു. നിന്ദിക്കാൻ ഒരുമ്പെട്ടിരുന്നവൾ നന്ദിച്ചതും സംബന്ധാലോചനയാൽ ദുഃഖിച്ചിരുന്നവൾ സന്തോഷിച്ചതും ശാസ്ത്രികളുടെ തപോബലംകൊണ്ടാണെന്നറിയാതെ മനസ്സിലെന്തൊണ്ടായിരുന്നാലും മുഖപ്രസാദത്തോടുകൂടി ശാസ്ത്രികളെ താൻ പറഞ്ഞപോലെ വന്ദിച്ചുവല്ലോ എന്നു വിചാരിച്ചു. ഉള്ളിലൊതുങ്ങാതെ തള്ളിത്തള്ളിപ്പുറത്തുവന്ന സഹോദരീസ്നേഹത്താൽ അനന്തജ്ഞതിയെ ശാന്തമായി ആലിംഗനം ചെയ്തു. അമ്മയോടുകൂടിത്തല മിനുക്കിക്കൊട്ടത്തു് "ഇവിടുന്നങ്ങോട്ടു നിനക്കു ഭാഗ്യകാലമാണു്. വർത്തമാനം പറഞ്ഞിരിക്കാൻ ഇടയില്ല. ഇവരൊക്കെപ്പോയാൽ ഞാൻ കൂടി വരാം. ഇവിടെത്തന്നെ ഇരുന്നോ" എന്നു പറഞ്ഞു. കുഞ്ഞിക്കാപ്പിന്റെ മനോഗതി തീരെ മാറിപ്പോയി. ശങ്കുവിന്റെ സംബന്ധം പിറേദിവസത്തേയ്ക്കു തീർച്ചയാക്കിയാൽ എത്ര സന്തോഷമുണ്ടാകുമോ അത്ര സന്തോഷമുണ്ടായി. കുട്ടനാടക്കുന്നവനിൽ ചെന്ന പ്രേമം വിശിഷ്ടനായ വിക്രമനിലായിക്കാണാമെന്നു വിചാരിച്ച പാറുക്കുട്ടിയമ്മയ്ക്കു് ഒരിടത്തിരിക്കാനും നില്ക്കാനും വയ്യാത്ത വിധത്തിൽ സന്തോഷമുണ്ടായി. ശാസ്ത്രികളുടെ മാഹാത്മ്യമോ നാരികളുടെ ചാപല്യമോ? കുഞ്ഞിക്കാപ്പിനെ വിശ്വസിച്ചിരിക്കുന്ന ശങ്കുവിന്റെ പ്രേമവും പ്രയത്നവും എല്ലാം സഫലപ്രായമായി.

കാരണവന്മാർ ബോധിച്ചപോലെ ഒരു പുരുഷനെ സംബന്ധത്തിനു നിശ്ചയിച്ചാൽ അതിനു വിരോധം പറയാതെ സ്ത്രീ അവനെ സ്വീകരിച്ചുകൊള്ളണമെന്നുള്ള

അധികാരത്തെ നിന്ദിച്ചും തനിക്കിഷ്ടമില്ലാത്ത ഒരു പുരുഷനെ തന്റെ അറ്റുകുത്തു വരുവാൻ അനുവദിക്കുന്നതിന്റെ അഹമ്മതിയെ വിചാരിച്ചു കോപിച്ചും താൻ കാമിച്ചു മനസാ വിവാഹം ചെയ്തിരിക്കുന്ന പുരുഷൻ ജീവനോടിരിക്കുമ്പോൾ അന്യപുരുഷസ്പർശം നിന്ദ്യമായ വ്യഭിചാരമാണെന്നും അതു ചെയ്യുന്നതിനുള്ള നിത്യസങ്കടത്തെ ആലിംഗനം ചെയ്യുന്ന പരഗതി മുടക്കുന്നതിനെക്കാൾ ആത്മഹത്യ ചെയ്യുന്നതു വളരെ ഗൌരവം കുറഞ്ഞ പാപമാണെന്നും മറും വിചാരിച്ചുകൊണ്ടു കുഞ്ഞിക്കാവു കിടക്കുമ്പോളാണു് പാറുക്കുട്ടിയമ്മ ചെന്നു ശാസ്ത്രികളെ വന്ദിക്കാൻ പറഞ്ഞതു്. കുഞ്ഞിക്കാവിന്റെ മനസ്സിൽ ഈവിധം വിചാരമുള്ളതിനെയാണു് എന്തോ വലുതായൊരു വിപ്ലവമെന്നു ശാസ്ത്രികളുടെ ദൃഷ്ടിയിൽ കണ്ടതു്. അദ്ദേഹത്തിന്റെ തപോബലത്താൽ നിന്ദിക്കാൻ ഭാവിച്ചപ്പോൾ താനറിയാതെ വന്ദിച്ചു. ദുഃഖിച്ചുകൊണ്ടിരുന്നവൾ സന്തോഷിച്ചു.

ഒരിക്കൽ ഇച്ഛാഭംഗം വന്നതിനെ തീർത്തുകൂടാവണ്ണം ഘോഷമായി നടത്തേണമെന്നു വിചാരിച്ചു പിറ്റേ ദിവസം കോട്ടയിലെ വീട്ടിൽ കൂടിയ ജനത്തിനു കണക്കില്ല. അവസരത്തിനൊത്തവിധം പ്രവർത്തിക്കാറുള്ള സാമർത്ഥ്യം നാരായണമേനോനുണ്ടായിരുന്നതുകൊണ്ടു് സദ്യ മുതലായതു് ഒരു കുറവുമില്ലാതെ നടന്നു. വിളക്കുകളെല്ലാം കൊളുത്തി സംഗീതം ആരംഭിച്ചു. വന്നവരെല്ലാം ഓരോ സ്ഥലങ്ങളിൽ ഒതുങ്ങി ഇരുന്നേ ഉള്ളൂ. അപ്പോഴെയ്ക്കു കുതിരവണ്ടികളും കുതിരപ്പട്ടാളംപോലെ അശ്വാരൂഢന്മാരായി കുറെ ആളുകളും വരുന്നുണ്ടെന്നു വർത്തമാനം കിട്ടി. തേൻകൂട്ടിൽ തീക്കോച്ചിയപോലെ കോട്ടയിൽ വീട്ടിൽ ശബ്ദകോലാഹലം തുടങ്ങി.

എന്തെല്ലാമോ വിചാരിച്ചു കോട്ടയിലെ ചീട്ടിൽ കടന്നു ചെന്നിട്ടു വിചാരിച്ചപോലെ ഒന്നും സാധിക്കാതെ പെട്ടിക്കു വീരേണ്ടതിനെപ്പറ്റി ആലോചിച്ചുകൊണ്ടു തലയും താഴ്ത്തി നിസ്സഹായനായി ശങ്കു നടന്നു. തന്റെ ജീവചരിത്രത്തിലെ ഏടൊന്നു മറിക്കേണമെന്നറച്ചു. കതിനക്കുട്ടത്തിൽ തീപ്പെട്ടിപോലെ തസ്കരസംഘത്തിന്റെ വൃത്താന്തങ്ങളെ പൊല്ലീസ്സുകാർക്കു് അറിവുകൊടുക്കുകയോ കാട്ടുകള്ളന്മാരെ പിടിക്കാനുപായത്താൽ പഞ്ചസാരയാക്കി ജനസമുദായത്തിൽ കലക്കുകയോ താൻമാത്രം കുതറിച്ചാടി കൂട്ടിച്ചു കുറിയിട്ടു നടക്കുകയോ എന്താ ചെയ്യേണ്ടതെന്നറച്ചിട്ടില്ലെന്നു മാത്രമേ ഉള്ളു. ആലോചനയും ആലോചിക്കുന്നവനും ശരിയായി നടന്നില്ല. തന്റെ നടപടിയിൽ തെറ്റിയ വഴി നന്നാക്കാനുള്ളാലോചനയിൽ വഴി തെറ്റിയതിലുള്ള അലങ്കാരത്തെപ്പറ്റി വിനോദിച്ചുകൊണ്ടു കുറെ നേരം പിന്നോട്ടു നടന്നു. ഇങ്ങിനെ പിന്നോട്ടു നടക്കേണ്ടതായി വന്നതു് അടുത്ത ഭാവിയിൽ കുത്തുമായ കുമ്മത്തിന്റെ പുരോഗാമിയായ നിമിത്തമായെട്ടു ചതിയിൽ കിടക്കുന്നോ സംഘക്കാരായ നായ്ക്കളെ ഉറക്കത്തിൽ തല്ലിക്കൊല്ലുന്നതിൽ നീതികേടില്ലെന്നു മനസ്സാക്ഷിയെ സമാധാനിപ്പിച്ചു. പലരോടും നിനയാതെ കരുകായ്യും തുടങ്ങൊല്ല എന്നുള്ള വിധിയുടെ വ്യത്യസ്തങ്ങളിലൊന്നാണിക്കായ്യമെങ്കിലും ഇട്ടീണാനോട്ടുകൂടി പ്രവർത്തിച്ചാൽ മാത്രമേ എല്ലാം സഫലമാകുള്ളു എന്നു തോന്നി. "പണ്ടു മുളൈപ്പുതരിശിയെ ആനാലും വിണ്ടുമി ഴോനാൽ

മുളയാതാം" എന്നുള്ളതു ശരിയാണു്. എത്ര സാമർത്ഥ്യമുള്ളവനായാലും ഒരു തുണയില്ലാതെ ഒരു കാര്യത്തിന്നും പുറപ്പെടരുതു്. മടിരാശിക്കു പോകേണ്ടതായി ഒരു തിട്ടക്കം വന്നു സംഭവിച്ചു. മടങ്ങിവന്നതിന്നുശേഷം ഇട്ടീണാനോടു് ഇക്കാര്യത്തെപ്പറ്റി സംസാരിക്കാമെന്നു തീർച്ചയാക്കി. മടിരാശിക്കു് അടിയന്തരമായി പോകേണ്ടിവന്നിരിക്കുന്നു എന്നും നാലഞ്ചു ദിവസത്തിനകം മടങ്ങിവന്നതിന്നുശേഷം തമ്മിൽ കാണേണ്ടാവശ്യമുണ്ടെന്നും ഇട്ടീണാനു് ഒരു കുറിപ്പയച്ചു ശങ്കു മടിരാശിക്കു പോയി. അങ്ങിനെ പോയിരിക്കുന്ന മദ്ധ്യത്തിലാണു് കൃഷ്ണൻനായർ ചിരുതൻനമ്പൂരിയുടെ സംബന്ധത്തെപ്പറ്റി അറിയിക്കാൻ പുറപ്പെട്ട മാർഗ്ഗമദ്ധ്യത്തിൽ പിടിച്ചുപറിക്കാരെ കണ്ടുമുട്ടിയതും അവരിൽ ചിലരെല്ലാംകൂടി സംബന്ധം മുടക്കിയതും.

ശങ്കു മടിരാശിയിൽനിന്നു മടങ്ങിവന്നു. ഇട്ടീണാനനുമായി കണ്ടുമുട്ടി.

ശങ്കു—എന്താ വിശേഷവർത്തമാനം വല്ലതുമുണ്ടോ?

ഇട്ടീ—ഉണ്ടു്.

ശങ്കു—എന്താ?

ഇട്ടീ—നിങ്ങൾ പോയതിന്റെശേഷം കുഞ്ഞിക്കാവിന്റെ ഒരു സംബന്ധാഘോഷമുണ്ടായി.

ശങ്കു—കോട്ടയിലെ കുഞ്ഞിക്കാവിന്റേയോ?

ഇട്ടീ—അതെ. നിങ്ങളെ പാവക്കളി കളിപ്പിക്കുന്ന ആ കുഞ്ഞിക്കാവിന്റെതന്നെ.

ശങ്കു—എന്നു്?

ഇട്ടീ—നിങ്ങൾ പോയതിന്റെ മൂന്നാംപക്കമാണെന്നു തോന്നുന്നു.

ശങ്കു—സംബന്ധക്കാരൻ ആര്?

ഇട്ടീ—ചിരുൻനമ്പൂരി.

ശങ്കു—കുഞ്ഞിക്കാവു ജീവനോടെ ഉണ്ടോ?

ഇട്ടീ—ഉവ്വ്.

ശങ്കു—ശ്രദ്ധിനൊണ. ഉള്ള വത്തമാനം വല്ലതുമുണ്ടെങ്കിൽ പറയു.

ഇട്ടീ—നൊണയാ? പച്ചപ്പരമാത്ഥം.

ശങ്കു—അതുമാത്രം ഞാൻ വിശ്വസിക്കില്ല. ഞാൻ ജീവനോടിരിക്കുമ്പോൾ കുഞ്ഞിക്കാവു് അന്യന്റെ ഭാര്യയായിരിക്കയില്ല.

ഇട്ടീ—ഭോഷ! ഈ പെണ്ണുങ്ങളെ നിങ്ങളല്ലാതെ ആരെങ്കിലും ഇത്ര വിശ്വസിക്കുമോ?

"കാളക്കൂടവിഷത്തെയും നമ്പലാം
ആറെയും പെരുങ്കാറെയും നമ്പലാം
കൊലമാമദ ആനെയെയെ നമ്പലാം
കൊല്ലും വേങ്ങപ്പുലിയേയും നമ്പലാം
കാലനാർ വിട്ടം ഭൂതരെ നമ്പലാം
കള്ളർ മറവർ തിരുടരെ നമ്പലാം
ശേലൈ കെട്ടിന മാതരെ നമ്പിനാൽ
തെരുവിൽനിൻറുതായങ്കിത്തപിപ്പരെ"

എന്നു കേട്ടില്ലയോ?

ശങ്കു—അതും അതിലും സരസമായ അനേകപദ്യങ്ങളും എനിക്കു തോന്നും. സ്നേഹത്തിനു പാത്രങ്ങളല്ലാത്തവരില്ലെന്നല്ല ഞാൻ പറയുന്നതു്. നായന്മാരുടെ ഇടയിൽ സ്ത്രീപുരുഷന്മാരുടെ ഇഷ്ടാനിഷ്ടങ്ങളും നോക്കാതെ

കെട്ടിവിടുന്നതുകൊണ്ടാണു് അധികവും കെട്ടുപോകുന്നതു്. ലോകത്തിൽ സ്വേച്ഛപ്രകാരം നടക്കേണ്ട വല്ല കായ്യവുമുണ്ടെങ്കിൽ അതു വിവാഹമാണു്. നായന്മാരുടെ തറവാട്ടുകളിൽ പഠിപ്പും പരിഷ്കാരവുമുള്ളവർകൂടി പെണ്ണിനോടാലോചിക്കാതെ പുരുഷനെ നിശ്ചയിക്കയും പുരുഷന്റെ മനസ്സിനു വിരോധമായി പെണ്ണിനെ എടുക്കുകയും ചെയ്യു് അനിവാച്യമായ നിത്യാനന്ദമുണ്ടാകേണ്ട കായ്യത്തിൽ അതിദുസ്സഹമായി ശയ്യാശല്യം വെച്ചുകെട്ടി അന്യഥാ അമൃതസമാനമായി വരുന്ന ദാമ്പത്യസൌഖ്യത്തെ പടിപ്പുറത്താക്കി ഒളിപുരുഷനേയും പുംശ്ചലികളേയും അരങ്ങേറിവിടുകയാണു് ചെയ്യുന്നതു്! എന്റേയും കുഞ്ഞിക്കാവിന്റേയും സ്ഥിതി അങ്ങിനെയൊന്നുമല്ലല്ലോ.

ഇട്ടീ—സംബന്ധാലോചനയുണ്ടായി എന്നു ഞാൻ പറഞ്ഞതു നൊണയല്ല. പക്ഷേ നിങ്ങടെ ഭാഗ്യംകൊണ്ടു സംബന്ധം നടന്നില്ല.

ശങ്കു—നടക്കാതിരിക്കാൻ കാരണം?

ഇട്ടീ—നമ്പൂരി ഇല്ലത്തുനിന്നു പുറപ്പെട്ടു. പക്ഷേ കോട്ടയിലെ വീടെത്തിയില്ല.

ശങ്കു—നമ്പൂരി ചത്തുപോയോ?

ഇട്ടീ—ചത്തില്ല. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും.'

ശങ്കു—പിന്നെ എന്തുകൊണ്ടാണു് എത്താഞ്ഞതു്?

ഇട്ടീ—സംബന്ധത്തിന്റെ തലേദിവസം വർത്തമാനം നിങ്ങളെ അറിയിക്കുന്നതിനു കുഞ്ഞിക്കാവു പറഞ്ഞയച്ചപ്രകാരം കുഞ്ഞൻനായർ പുറപ്പെട്ടു പോകുന്ന വഴിക്കു്

ഒരു മരച്ചുവട്ടിൽവെച്ചു ഞങ്ങൾ കണ്ടെത്തി. ഞാനും മറ്റും വർത്തമാനം ചോദിച്ചറിഞ്ഞു. നമ്മുടെ കൂട്ടരിൽ ചിലർ നമ്പൂരിയുടെ മഞ്ചൽ ചുമക്കാൻ പോയി. കോട്ടയിലെ വീട്ടിലാക്കുന്നതിനു പകരം കാട്ടിലെ ഗുഹയിലെത്തിച്ചു. നമ്പൂരി അവിടെ പാർത്തുവരുന്നു. പോലീസ്സറിഞ്ഞു നമ്പൂരിയെ പല ദിക്കിലും തേടിനടക്കുന്നു. ഇങ്ങിനെയാണു് മുടങ്ങിയതു്. അല്ലാതെ നിങ്ങടെ പെണ്ണിന്റെ ഉറപ്പല്ല.

ശങ്കു—താൻ ചെയ്തതു വലിയ കയ്യായിപ്പോയി. എങ്കിലും അങ്ങിനെ ചെയ്തില്ലെങ്കിൽ ആ സ്ത്രീ തൂങ്ങിമരിക്കുമായിരുന്നു.

ഇട്ടീ—തൂങ്ങിമരിക്കാൻ പോയി കയറിന്നു മിനുസം പോരാതെ കഴുത്തിൽ കെട്ടാതിരിക്കും. പ്രവൃത്തി കഠിനക്കയ്യാണെന്നെനിക്കറിയാം. എന്നാൽ അതല്ലാതെ മറ്റൊരു വഴി എന്റെ നിളമില്ലാത്ത ബുദ്ധിക്കു തോന്നിയില്ല.

തസ്കരസംഘത്തിന്റെ ഉന്മൂലനാശം വരുത്താൻ ഉറച്ചിരുന്ന ശങ്കുവിന്റെ നിശ്ചയം ഇട്ടീണ്ടാൻ പറഞ്ഞ വർത്തമാനം കേട്ടപ്പോൾ വെള്ളത്തിലിട്ട ശർക്കരപോലെ അലിഞ്ഞുപോയി. ചിന്താഭാരത്താൽ ചുമലിൽനിന്നുരുണ്ടു വീഴാറായപോലെ തൂങ്ങിയ തന്റെ തലയെ ഇടത്തുകൈകൊണ്ടു മുട്ടുകൊടുത്തു നിത്തി. ദുഷ്ടമൃഗങ്ങളാലെന്നപോലെ ദുഷ്ടജനങ്ങളാലും ജനസമുദായത്തിനു ചില വിഷയങ്ങളിൽ ഉപകാരമുണ്ടാകുമെന്നും, താൻ വിചാരിച്ചപോലെ പ്രവർത്തിച്ചിരുന്നാൽ കീരിയെക്കൊന്ന ബ്രാഹ്മണിയെ

പ്പോലെ ആകുമായിരുന്നു എന്നും തോന്നി. താൻ അന്നു കാലത്തു ഭാവിച്ചപോലെയല്ല വന്നു ഭവിച്ചതു്. മനുഷ്യർക്കെല്ലാം സന്ദർഭങ്ങൾക്കനുസരിച്ചു കമ്മങ്ങൾ ചെയ്യേണ്ടിവരുന്നു. സന്ദർഭങ്ങളോ ഒന്നുംതന്നെ മനുഷ്യനുണ്ടാക്കിത്തീർക്കുന്നതുമല്ല. യോഗ്യനായി സൌഖ്യം അനുഭവിക്കുന്നവൻ തന്റെ യോഗ്യതയ്ക്കും സൌഖ്യത്തിനും താനാണു് കർത്താവെന്നു വിചാരിക്കുന്നതും, ചെയ്യുന്ന പ്രവൃത്തികളെല്ലാം നിർഭാഗ്യവശാൽ നിഷ്ഫലമായിപ്പോയി ദുഃഖിക്കുന്നതും മഹാമൂഢത്വംതന്നെ. വിധിവിഹിതം ബുദ്ധിരനുസരതി.

ശങ്കു ഇങ്ങിനെയുള്ള വിചാരങ്ങളാൽ കുറെനേരം മൌനിയായിരുന്നു. തസ്കരസംഘത്തിൽനിന്നു വേർപെട്ട തല്ക്കാലം നേരിട്ടിരിക്കുന്ന ഗൃഹസ്ഥാശ്രമത്തിലിരിക്കാൻ വിചാരിക്കുന്നുണ്ടെന്നു ഇട്ടീണാനോടു പറഞ്ഞു. ഇട്ടീണാൻ അതേവരെ അങ്ങിനെ ആലോചിച്ചിട്ടില്ലായിരുന്നു എങ്കിലും ശങ്കുവിനെ പിരിഞ്ഞിരിക്കുന്ന കാര്യം ആലോചിക്കുകൂടി വയ്യാതിരുന്നതിനാൽ ശങ്കു പറയുമ്പോലെ പ്രവർത്തിക്കാമെന്നു വാദത്തം ചെയ്തു കൂട്ടുസ്വത്തെല്ലാം ഭാഗിച്ചെടുത്തു കാടുവിട്ടു് എല്ലാവരും നാട്ടിൽ വന്നു മര്യാദക്കാരായിരിക്കേണമെന്നും ശങ്കു അഭിപ്രായപ്പെട്ടു. ഭാഗിച്ചാൽ ഓരോരുത്തർക്കും സൌഖ്യമായി കഴിഞ്ഞുകൂടാൻ തക്ക സ്വത്തുണ്ടാകയാൽ ശങ്കു പറയുമ്പോലെ പ്രവർത്തിക്കുന്നതിനു സംഘത്തിലുള്ളവർക്കു വലിയ വിരോധമുണ്ടാകില്ലെന്നും അതു ചെയ്യാൻ താൻ മറ്റുള്ളവരെ സമ്മതിപ്പിക്കാമെന്നും ഇട്ടീണാൻ പറഞ്ഞു. ശങ്കുവും ഇട്ടീണാനുംകൂടി സംഘക്കാരെയെല്ലാം വിളിച്ചുകൂട്ടി സ്വത്തുക്കൾ കണക്കെടുത്തു ഭാഗിച്ചു.

ഹൃദയയിൽ പാക്കുന്ന നമ്പൂരിയെ എന്താ ചെയ്യേണ്ട തെന്നാലോചിക്കാൻ എല്ലാവരുംകൂടി നമ്പൂരി ഇരിക്കുന്ന കാട്ടിൽ ചെന്നു. അന്യനെ കാമിച്ചിരിക്കുന്ന സ്ത്രീയെ സംബന്ധം ചെയ്വാനാലോചിച്ചതുകൊണ്ടാണു് ഈ ആപത്തെല്ലാം സംഭവിച്ചതെന്നും ഇനി ആ കാര്യത്തിൽ ആഗ്രഹം വെയ്ക്കില്ലെന്നും ഇങ്ങിനെ കാട്ടിൽ വസിപ്പിച്ച വത്തമാനം പുറത്തു പറകയില്ലെന്നും സത്യം ചെയ്താൽ വിട്ടയയ്ക്കാമെന്നും നമ്പൂരിയോടു പറഞ്ഞു.

നമ്പൂരി—നമ്മുടെ സംബന്ധം അവർക്കു വലിയ അനുഗ്രഹമാണെന്നു നാറാണൻ പറഞ്ഞുവല്ലോ.

ശങ്കു—നാരായണമേനോൻ അങ്ങിനെ വിചാരിച്ചിട്ടുണ്ടായിരിക്കാം. ആ സ്ത്രീയുടെ ഹൃദയം തിരുമനസ്സറിഞ്ഞുവോ?

നമ്പൂരി—സ്ത്രീകൾക്കു് അത്രയൊക്കെ സ്വാതന്ത്ര്യം കൊടുക്കാൻ പാടുണ്ടോ? നമ്മുടെ ഇല്ലത്തുള്ള സ്ത്രീകൾക്കുടി ഇത്ര സ്വാതന്ത്ര്യമില്ല.

ശങ്കു—നായന്മാരുടെ ഇടയിൽ സ്ത്രീക്കു സമ്മതമില്ലാത്ത സംബന്ധം നടക്കാതായിത്തുടങ്ങി.

നമ്പൂരി—നമ്മെ അങ്ങിനെ സമ്മതമല്ലാതെ വരാൻ കാരണമില്ലല്ലോ. അവളുടെ സൌന്ദര്യത്തിനു തക്കയോഗ്യത നമുക്കല്ലാതെ ആക്കാണിവിടെ ഉള്ളതു്? പത്തോനൂറോ കൊടുക്കാറും നമുക്കല്ലേ ത്രാണിയുള്ളു.

ശങ്കു—വാസ്തവത്തിൽ സമ്മതമില്ലാത്തതുകൊണ്ടാണു് ഈ വനവാസം സഹിക്കേണ്ടിവന്നതെന്നു് ഇനിയും തിരുമേനി ധരിച്ചില്ലേ?

നമ്പൂരി—അതിനാണോ നിങ്ങളൊക്കെക്കൂടി നമ്മെ ചെണ്ടകൊട്ടിച്ചതു്? നാം അങ്ങിനെയല്ല നിരീച്ചതു്. നിങ്ങൾ കാട്ടുകള്ളന്മാരാണെന്നും നമ്മുടെ മോതിരങ്ങളും നൂലും തട്ടിപ്പറിക്കാൻ നമ്മെ ഇവിടെ കൊണ്ടുവന്നതാണെന്നും നിരീച്ചു.

ശങ്കു—ഞങ്ങൾ കാട്ടുകള്ളന്മാരും മറ്റുമല്ല. തിരുമേനിയേക്കാൾ സത്തും അറിവും ഉള്ളവരാണു്. തിരുമേനിയുടെ ബുദ്ധിയില്ലായ്മയൊണ്ടു് ഒരു സ്ത്രീക്കു നേരിട്ട ആപത്തൊഴിക്കാൻവേണ്ടി സംബന്ധം മുടക്കിയതാണു്.

നമ്പൂരി—എന്നാൽ നമ്മുടെ നൂലും മോതിരങ്ങളും തരുന്നതേ?

ശങ്കു—അതെല്ലാം തരുന്നതിനു വിരോധമില്ല. ഈ സംഭവങ്ങളൊന്നും പുറത്തു പറയാതിരിക്കണം.

നമ്പൂരി—അതെക്കെ മടക്കിത്തരികയാണെങ്കിൽ എങ്ങിനെ വേണമെങ്കിൽ അങ്ങിനെ ചെയ്യാം. സത്യം ചെയ്യാം.

ശങ്കു—കുഞ്ഞിക്കാവിന്റെ സംബന്ധം ഒഴികെ തിരുമേനിക്കു വല്ല ആഗ്രഹവുമുണ്ടെങ്കിൽ ആളെക്കൊണ്ടോ പണംകൊണ്ടോ സാധിക്കാവുന്നതാണെങ്കിൽ അതും സാധിപ്പിച്ചുതരാം.

നമ്പൂരി—ആ സംബന്ധം നമുക്കത്ര കാര്യമല്ല. അതു തീച്ചയാക്കിയതിനുശേഷം അതുനിമിത്തമുണ്ടാകുന്ന ചിലവു നോക്കിയപ്പോൾ ആലോചിച്ചതു് അബദ്ധമായി എന്നു നമുക്കു തോന്നായ്കയില്ല. നമ്മുടെ ആഗ്രഹം നിനക്കു സാധിപ്പിക്കാമോ? അഥവാ ഇനിയും ചെണ്ടകൊട്ടിക്കാൻ പറയുന്നതോ?

ശങ്കു—ഇപ്പോൾ തിരുമേനി അനുഭവിച്ച കഷ്ടങ്ങളെല്ലാം നിശ്ശേഷം മറന്നു് ഒട്ടും ആക്ഷേപിക്കാതിരിക്കാമെങ്കിൽ അവിടത്തെ ആഗ്രഹം എന്തായാലും സാധിപ്പിച്ചു തരാം.

നമ്പൂരി—സൂക്ഷിച്ചു പറഞ്ഞോ. കായ്യം വെളിച്ചത്തു പറയുമ്പോൾ പണം കുറെ ചിലവാകും.

ശങ്കു—നാല്പതിനായിരം രൂപവരെ തിരുമേനിയുടെ ആഗ്രഹം സാധിക്കാൻ ചിലവിടാനൊരുക്കമുണ്ടു്.

നമ്പൂരി—ഹരഹര നാല്പതിനായിരം! ഛെ ഒരിക്കലും ഇല്ല. നീ പറഞ്ഞതെല്ലാം നമ്മെ ചെണ്ടകൊട്ടിക്കാനാണു് സംശയമില്ല.

ശങ്കു—കയ്യിൽ എണ്ണിത്തരാം.

നമ്പൂരി—നമുക്കതൊന്നും വേണ്ട. കാശിക്കു പോയാൽ ക്കൊള്ളാമെന്നുണ്ടു്. വിശേഷിച്ചു് ഇവിടെ നിത്യവൃത്തിയെല്ലാം ഉപേക്ഷിച്ചിരുന്നതിനു കാശിക്കു പോകാതെ കഴികയില്ല. അതിനു 100ക. വേണ്ടിവരും.

ശങ്കു 1000ക.യുടെ കുറി നോട്ടെടുത്തു കയ്യിൽ കൊടുത്തു.

ശങ്കു—ഇതു തിരുമേനിയുടെ കയ്യിൽ ഇരിക്കട്ടെ. അവിടത്തെ സ്ഥിതിക്കു മൂന്നാംക്ലാസ്സുവണ്ടിയിൽ പോകരുതു്. ഇന്നുതന്നെ പുറപ്പെടാം. ആ പ്രദേശങ്ങളിൽ പരിചയമുള്ള രണ്ടാളുകളെ ഭൃത്യന്മാരായി കൂടെ അയച്ചുതരാം. ഇല്ലത്തു പോകാതെ ഇവിടുന്നു നേരിട്ടു പോകണം.

നമ്പൂരി—ഇതാ, ഇങ്ങിനെതന്നെ പുറപ്പെടാം. നമ്മെ ചെണ്ടകൊട്ടിച്ചതെല്ലാം സപ്നമാണെന്നു വിചാരി

ക്കാം. എടോ തന്നെ നിയ്യ് എന്നു വിളിച്ചതു് അബദ്ധമായോ? മുഷിയരുതേ.

ശങ്കു—അതിനൊന്നും വിരോധമില്ല. ഇവരൊക്കെക്കൂടി തിരുമേനിയെ കഷ്ടപ്പെട്ടുത്തിയതിനുള്ള സുഖക്കേടു തീർന്നുവോ?

നമ്പൂരി—ഇതുപോലെ രണ്ടുമാസം കഷ്ടപ്പെട്ടാലും 1000ക. കിട്ടുമോ? അസാരം ഭയം ഉണ്ടായിരുന്നു. ഇങ്ങിനെ വന്നു കടാശിച്ചതു് ഈശ്വരകൃപ. താൻ ഏതാ? മനസ്സിലായില്ലല്ലോ.

ശങ്കു—അതു മനസ്സിലാക്കീട്ടു് അവിടേയ്ക്കാവശ്യമില്ല. അവിടുന്നു വഴിയാത്രയ്ക്കു വേണ്ടുന്ന സാമാനങ്ങൾ എല്ലാം ഇന്നു വൈകുന്നേരം ഒരുങ്ങും. ഇനി സമയംപാകം വേണ്ടേ. വഴിയാത്രയ്ക്കു് ഒരു പാചകനെ കൂടെക്കൂട്ടിക്കൊണ്ടു പോകുന്നതുല്ല നല്ലതു്. അതിനൊരു നമ്പൂരിയെത്തന്നെ ശട്ടംകെട്ടാം. ഒരു തിരുമൽപ്പാടും കൂടെ ഇരിക്കട്ടെ. ഒരു സമയം അന്യദേശത്തു പോകുമ്പോൾ ഒരാൾക്കു ദീനം പിടിച്ചാൽ ബുദ്ധിമുട്ടുതുല്ലോ.

നമ്പൂരി—താൻ വട്ടംകൂട്ടുന്നതു കാണുമ്പോൾ നാം തിരുവിതാംകൂർ മഹാരാജാവാണെന്നു തോന്നും. അത്രയ്ക്കൊന്നും നമുക്കു കോപ്പില്ല.

ഏകദേശം രണ്ടു നാഴിക പകലുള്ളപ്പോൾ നമ്പൂരിക്കു യാത്രയ്ക്കു വേണ്ടുന്ന കോപ്പുകളെല്ലാം ഒരുക്കി അഞ്ചെട്ടു കുകാരും കൂടെ കൊണ്ടുവന്നു. ഇരിക്കാൻ തുണികൊണ്ടുള്ള ചാരുകസേരി, കിടക്കാൻ തുണികൊണ്ടുള്ള കട്ടിൽ—കിടയ്ക്കു—തലയണകൾ, വെയ്ക്കാൻ അലുമിനിയംകൊണ്ടുള്ള പാത്രങ്ങൾ, മൂടിക്കാൻ പുകയില ഇടിച്ചതും നീറടയ്ക്കയും ചു

ണ്ണാനും, വഴിയിൽ ദാഹമുണ്ടായാൽ കുടിക്കുന്നതിനു ചെ
റുനാരങ്ങസ്സത്തും സുവ്വത്തും, ഉടുക്കാൻ കോടി മലമൽ
4 കുത്തു്, പാവുമുണ്ടു രണ്ടു കുത്തു്, തോർത്തുമുണ്ടലക്കിയതു
40, പുതയ്ക്കാൻ കാശ്മീർ സാൽവ, പുതിയമാതിരി ചൂട്ടു
പ്പു്, വിദ്യുച്ഛക്തികൊണ്ടുള്ള വിളക്കുകളും പന്തങ്ങളും എ
ന്നിങ്ങിനെ ഒരു മനുഷ്യന്നാവശ്യമുള്ള സകല സാധനങ്ങ
ളും വന്നെത്തി. ഇതുയും ആളുകൾ ആവശ്യമില്ലെന്നു ന
മ്പൂരി അടിക്കടി പറഞ്ഞതു ചിലവിനെ ഭയപ്പെട്ടിട്ടാണു്.
കൂടെപ്പോകുന്നവർക്കു ചിലവിനു വേണ്ടുന്നതു് അവരവരു
ടെ കയ്യിലുണ്ടെന്നും തനിക്കു വേണ്ടതെല്ലാം തെയ്യാറാക്കി
ക്കൊടുക്കുന്നതിനു് ഒരു ഭൃത്യനെ ഏല്പിച്ചു ചിലവിനു വേ
ണ്ട സംഖ്യ അവന്റെ കയ്യിൽ കൊടുത്തിട്ടുണ്ടെന്നും ത
ന്റെ കയ്യിലുള്ള ആയിരം ശ്രുച തന്റെ ഇഷ്ടംപോലെ
ചിലവാക്കാനാണെന്നും മനസ്സിലായപ്പോൾ നമ്പൂരിക്കു
സന്തോഷംകൊണ്ടു ചിത്തഭ്രമമായി. പിന്നെ ശങ്കുവിനെ
കണ്ടപ്പോൾ 'നിങ്ങൾ' എന്നു വിളിച്ചു എന്നു മാത്രമല്ല
മുമ്പിൽ ഇരിക്കാൻ ആസനവാടവും ചോദിച്ചു.

നമ്പൂരി—നിങ്ങൾ ആരോ ഒരു മഹാപുരുഷനാണു്. ഞാൻ
കഥയില്ലാതെ ശ്രീ ഒക്കെ അബദ്ധം പ്രവർത്തിച്ചു. അ
തൊക്കെ ക്ഷമിക്കണം. എന്തു കുറ്റിക്കാവു്, ഏതു കു
റ്റിക്കാവു്. ഞാൻ അതൊക്കെ മറന്നു. ഇതു ഒരുക്ക
ങ്ങളോടുകൂടിയുള്ള ഒരു കാശിയാത്ര രാജാക്കന്മാർക്കുകൂടി
സാധിക്കില്ല. ഇതോടുകൂടിത്തന്നെ രാമേശ്വരം പോക
ന്നതിനു വിരോധമുണ്ടോ?

ശങ്കു—തീവണ്ടിയാത്രയിൽ 100വീതം നാഴികയ്ക്കു പോ
യാൽ ഇറങ്ങിത്താമസിക്കുന്നതിനു നല്ല വീടുകൾ തെ

യ്യാറാക്കുന്നതിന്നാളെ അയച്ചുകഴിഞ്ഞു. വേണ്ട ഒത്താ
ശകൾ ചെയ്യുന്നതിന്നു് അതാതു സ്ഥലത്തുള്ള പ്രമാ
ണികൾക്കു കമ്പിയും അയച്ചുകഴിഞ്ഞു. രാമേശ്വരത്തേ
ക്കും അയച്ചിട്ടുണ്ടു്. തിരുമേനി ഓരോ സ്ഥലത്തു ചെ
ല്ലുമ്പോൾ അവിടങ്ങളിലുള്ള വിശേഷങ്ങളെല്ലാം കാ
ണിച്ചുതരുന്നതിന്നു രണ്ടു കുതിരപൂട്ടിയ വണ്ടിയും, കാ
ണിച്ചു തരാനുള്ള ആളും തെയ്യാറായിരിക്കും.

നമ്പൂരി—ഇതെന്തൊരു ഭാഗ്യം! ഞാൻ നല്ല കുതിരവണ്ടി
യിൽ തന്നെ കയറീട്ടില്ല. ഇനി ഒന്നു പറയാം. ഞാൻ
ഒരു ബ്രാഹ്മണനാണു്. എനിക്കു ബ്രഹ്മതേജസ്സോ തപ
സ്സോ വല്ലതും ഉണ്ടെങ്കിലും ഇല്ലെങ്കിലും നിങ്ങൾക്കു
ദീർഘായുസ്സും നിത്യസൌഖ്യവും സർവ്വശക്തനായ
ദൈവം തരട്ടേ. എന്നെ ഇതിന്നു മുമ്പു് അല്പം കഷ്ട
പ്പെടുത്തിയതിന്നു് എന്റെ മനസ്താപം ആക്കും ഏല്പാ
തിരിക്കട്ടെ. ഇനി ഒന്നുകൂടിപ്പറയാം. എനിക്കു് ഇ
തൊന്നും വിശ്വാസമാകുന്നില്ല. ചിലപ്പോൾ ഇതൊ
ക്കെ ഇന്ദ്രജാലമായിരിക്കുമോ എന്നു തോന്നുന്നു. ചില
പ്പോൾ സ്വപ്നമാണെന്നു തോന്നുന്നു. ചിലപ്പോൾ എ
നിക്കു ചിത്തഭ്രമമാണെന്നു തോന്നുന്നു. സാവകാശ
ത്തിൽ ആലോചിച്ചു നോക്കുമ്പോൾ ഈ യാത്രയ്ക്കു നാല
യ്യായിരം രൂപ ചിലവുണ്ടാകണം. അത്ര വലിയ
സംഖ്യ ഒരാൾ ചിലവു ചെയ്തു് എന്നെ കാശിക്കയ
യ്ക്കുമോ?

ശങ്കു—അയ്യായിരമല്ല. ആകെ ഏഴായിരം രൂപ ഇതി
ലേയ്ക്കായി ഞാൻ കൊടുത്തിട്ടുണ്ടു്. ഇതു കുഞ്ഞിക്കു
വിന്റെ വകയാണു്.

നമ്പൂരി—കുഞ്ഞിക്കാവിനു് ഇത്രയൊന്നും പണമില്ലല്ലോ.

ശങ്കു—കുഞ്ഞിക്കാവിനെ വിവാഹംചെയ്യാൻ പോകുന്നതു ഞാനാണു്. ആ സ്ത്രീക്കവേണ്ടി ഞാൻ ചിലവുചെയ്യുന്നതാണു്. അങ്ങിനെ ചെയ്യുന്നതു് അവിടേയ്ക്കു മനസ്താപം ഇല്ലാതിരിക്കാനാണു്.

നമ്പൂരി—ഞാൻ സംബന്ധം ചെയ്താൽക്കൂടി കാശിയാത്രയ്ക്കുള്ള ചിലവു ചെയ്യുമാറുണ്ടു കുഞ്ഞിക്കാവിനെ ഭാര്യയായി കൊടുക്കും. എനിക്കു കിടപ്പിനൊരു വട്ടം എന്നല്ലാതെ അതൊരു വിവാഹമല്ല. അതിനു് ഇത്രയൊന്നും ചിലവാക്കേണ്ടാവശ്യമില്ല. അപ്പോൾ ഞാനിതൊക്കെ സത്യമാണെന്നു വിശ്വസിക്കട്ടേ? എനിക്കു് അസാരം ചിത്തഭ്രമമുണ്ടോ?

ശങ്കു—ഇനി തിരുമേനിക്കു പുറപ്പെടാം. മഞ്ചൽ ചുമക്കാനുള്ളവർ അതാ വരുന്നു.

നമ്പൂരി—ട്ടൊ. വസ്തുത പറകയാണെങ്കിൽ മഞ്ചല്ക്കാർ എന്നു വിചാരിക്കുമ്പോൾ ഉള്ളൊന്നു കുത്തുന്നു. ചെണ്ടകൊട്ടിക്കാനല്ല, അതെയോ?

ശങ്കു—ഇതാ തിരുമേനിയുടെ മോതിരങ്ങളും രത്നം മുണ്ടുകളും.

നമ്പൂരി—ഹരഹര! ഹരഹര! സത്യംപോലെ ഇരിക്കുന്നുവല്ലോ. എനിക്കിത്ര ഭാഗ്യമോ? ചെണ്ടകൊട്ടിക്കയാണെങ്കിൽത്തന്നെ എന്താ? എനിക്കു ഭ്രാന്തുണ്ടോ? ഉണ്ടെങ്കിൽ പറയണം. എജമാനൻ എന്നോടു മുഷിയരുതു്.

ശങ്കു—ഭ്രാന്തില്ല. സന്തോഷാധിക്യംകൊണ്ടു മനസ്സൊന്നിളകീട്ടെന്നോക്കിത്തോന്നുന്നതു്. അതു വണ്ടിയിൽ കയറുമ്പോൾ മാറിപ്പോകും.

നമ്പൂരിക്കു് അപ്പോൾ ഭ്രാന്തുതന്നെയായിരുന്നു. ഓമ്മയില്ലാതേയും സ്വാദറിയാതേയും ഭക്ഷണം കഴിച്ചു പുറപ്പാടായപ്പോൾ കൂപ്പായം എന്തെങ്കിലും കൊണ്ടിടേണമെന്നു ശങ്കു നിർബ്ബന്ധിച്ചു.

നമ്പൂരി—ട്ടൊ. വാസ്തവം ട്ടൊ. ഇതിൽ മുമ്പു കടന്നു കൂടീട്ടില്ല. ചെണ്ടകൊട്ടിക്കാനാണോ?

ശങ്കു—ഒന്നാംക്ലാസ്സു വണ്ടിക്കാണു് ശീട്ടു വാങ്ങാൻ എല്പിച്ചിട്ടുള്ളതു്. അതിൽ വലിയ വലിയ സായ്പന്മാരുണ്ടാകും. അവരുടെ ഇടയിൽ കൂപ്പായമില്ലാതെ ഇരിക്കുന്നതു പോരായ്മയാണു്.

നമ്പൂരിയെ വളരെ പ്രയാസപ്പെട്ടു കൂപ്പായം ഇടുവിച്ചു. കൂപ്പായം ഇടുമ്പോൾ തല കീഴായി ഇട്ടും മറും കൊണ്ടു ചിരിക്കാൻ വകയുണ്ടാക്കി ഒരുവിധം പരിഷ്കൃതാകൃതിയാക്കി മഞ്ചലിൽ കയറ്റി. ചവിട്ടുവണ്ടിയിൽ ശങ്കുവും കൂടെപ്പുറപ്പെട്ടു. തീവണ്ടിയിൽ ഒന്നാംക്ലാസ്സു വണ്ടി കണ്ടു നമ്പൂരി വളരെ പരിഭ്രമിച്ചു. ശങ്കു കൂടെക്കയറി ഇന്നിന്നതു് ഇന്നിന്നതിനുള്ളതാണെന്നു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. ഭാഗ്യവശാൽ ഒന്നാംക്ലാസ്സുവണ്ടിയിൽ ആരും ഉണ്ടായിരുന്നില്ല. ഇരിക്കാൻ പറഞ്ഞപ്രകാരം. ഇരുന്നപ്പോൾ മെത്തയിലെ വില്ലിന്റെ മയംകൊണ്ടു താണുപോകാൻ തുടങ്ങിയപ്പോൾ തന്നെ വീഴ്ത്താനുള്ള പണിയാണെന്നു വിചാരിച്ചു നമ്പൂരി എണീറ്റു. പിന്നെ എത്ര പറഞ്ഞിട്ടും ഇരിക്കാൻ വിശ്വാസമില്ലാതായി. ശങ്കു ഇരുന്നു കാണിച്ചുകൊടുത്തപ്പോൾ സമാധാനമായി. കിടപ്പുയിലെ പ്രയോഗത്തെപ്പറ്റിയും വണ്ടിയിലുള്ള സൌകര്യ

ങ്ങളെപ്പറ്റിയും അത്യന്തം ആശ്ചര്യപ്പെട്ട് മാരോന്നു പറഞ്ഞുതുടങ്ങി. ഇതിൽ അപരിചിതനാണെന്നു് അന്യനെ അറിയിക്കുന്നതു കുറച്ചിലാണെന്നു പറഞ്ഞു മനസ്സിലാക്കി വേണ്ടുന്ന ഉപദേശങ്ങളെല്ലാം കൊടുത്തു ശങ്കു വണ്ടിയിൽനിന്നിറങ്ങി. നമ്പൂരിയും കൂടെ ഇറങ്ങി ശിരസ്സിൽ കൈവെച്ചു ശുദ്ധമനസ്സോടുകൂടി ഒന്നനുഗ്രഹിച്ചു. വണ്ടി ഇല്ലിക്കാറായപ്പോൾ നമ്പൂരിയെ വണ്ടിയിൽ കയറിച്ചു യാത്ര പറഞ്ഞു ശങ്കു പിരിഞ്ഞു. ഇവിടെ ഇങ്ങനുള്ള പാപാചാരത്തിൽ വെറുപ്പു പിടിച്ചിട്ടോ എന്നു തോന്നുംവണ്ണം തുപ്പിക്കൊണ്ടു വണ്ടി നീങ്ങുകയും ചെയ്തു.

അദ്ധ്യായം ഏന്ന

സംബന്ധക്കാരനും സംഘവും അടുത്തെത്തിയെന്നവർത്തമാനം കേട്ടപ്പോൾ കോട്ടയിലെ വീട്ടിൽ കൂടിയിരുന്ന നാട്ടുകാരെ വളപ്പോടുകൂടി എടുത്തു കിഴക്കോട്ടു കൊട്ടിയപോലെ എല്ലാവരും പടിക്കലെത്തി. വിളക്കുകളെല്ലാം ഉറക്കമുണർന്നു് ഒന്നു മിഴിച്ചുനോക്കി. വീട്ടിലെ വാതായനങ്ങൾ സ്ത്രീമുഖങ്ങളാൽ കോക്കിട്ടപോലെ അടഞ്ഞു. പടിപ്പുരയ്ക്കൽ നിന്നിരുന്നവരും വന്നിരുന്നവരും കൂടിക്കലർന്നു നെടുമ്പുരയ്ക്കു വന്നു. അങ്കണോദയംകൊണ്ടു സൂര്യനെയെന്നപോലെ റാന്തൽവിളക്കുകൊണ്ടു വിക്രമന്റെ പ്രവേശത്തെ എല്ലാവരും അനുമാനിച്ചു. വിക്രമനും ചങ്ങാതിയായി വന്ന ഡാക്ടർ [illegible]സ്സനും പേരെ കരാളും ഉള്ളിൽ കടന്നു ചാരുകസേരകളിൽ ഇരുന്നു. ആ മൂന്നു പേരും അവി

ടെ കൂടിയിരുന്ന ജനങ്ങളുടെ ദൃഷ്ടിക്കു കേന്ദ്രമായി ഭവിച്ചു. ആ മൂന്നുപേരും ഭൂരമാതിരി വസ്ത്രം ധരിച്ചിരുന്നു. ശാസ്ത്രികളുടെ പ്രഭയാഗത്താൽ തന്റെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന ശങ്കുവിനെ തല്ക്കാലം മറന്നു തന്റെ വരനായി വരാൻ പോകുന്നവനെ കുഞ്ഞിക്കാവു നോക്കിയപ്പോൾ ശങ്കുവിനെക്കണ്ടു. തല്ക്കാലം വിസ്മൃതിവന്നിരുന്ന പ്രേമം ശങ്കുവിന്റെ മുഖദർശനത്താൽ അതിശക്തിയോടുകൂടി ഓമ്മവന്നു. എത്ര ദൃഷ്ടിച്ചു കേട്ടാലും ശങ്കുവിനോടുകൂടി അവിടെനിന്നു പുറത്തുപോകാൻ കുഞ്ഞിക്കാവുറച്ചു. വീട്ടിനു മറുപുറത്തു വന്നു് ഈ ആപത്തിൽനിന്നു തന്നെ തൽക്ഷണം രക്ഷിക്കണമെന്നു് ഒരു കടലാസിൽ എഴുതി ശങ്കുവിന്റെ കയ്യിൽ കൊടുക്കാൻ കുഞ്ഞിക്കാവു കൃഷ്ണൻനായരെ തേടിപ്പിടിച്ചു. കൃഷ്ണൻനായർ എഴുത്തുകൊണ്ടുപോയി ശങ്കുവിന്റെ കയ്യിൽ കൊടുത്തു. മറുപടി എഴുതാൻ പെൻസിൽ കൃഷ്ണൻനായർ കൊണ്ടുപോയി കൊടുത്തു. വിക്രമൻനായർ തന്നെക്കാൾ വളരെ യോഗ്യനാണെന്നും അദ്ദേഹത്തിനെ ഭർത്താവായി സ്വീകരിക്കുന്ന കാര്യത്തിൽ ഇതുത്തോളം കരുക്കളും കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഇനി വല്ല വഷളത്തരവും പ്രവർത്തിക്കുന്നതു തനിക്കും വീട്ടുകാർക്കും എന്നെന്നേക്കുമുള്ള ദുഷ്കീർത്തിയാണെന്നും ഇനി ശങ്കു വിനെപ്പറ്റി വിചാരിക്കുകയേ ചെയ്യരുതെന്നും ശങ്കു മറുപടി അയച്ചു.

അതുകഴിഞ്ഞു് അല്പനേരംകൂടി പനിനീർമഴ കൊണ്ടതിനുശേഷം വരനെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി എഴുത്തിന്റെ മറുപടി വായിച്ചു വല്ലാതെ ഭവിച്ചു കുഞ്ഞിക്കാവു മുകളിൽ ഒരു മൂലയിൽ ഇരുട്ടത്തുപോയി കണ്ണീർ

വാങ്ങുകൊണ്ടിരുന്നു. ഭക്ഷണം നേരത്തെ കഴിഞ്ഞിരുന്നതു കൊണ്ടു് അവിടെനിന്നിളകേണ്ടാവശ്യം ഉണ്ടായിരുന്നില്ല.

വെറിലവെച്ചു ദക്ഷിണകളും സമ്മാനവസ്ത്രങ്ങളും തിരുതകൃതിയായി കഴിഞ്ഞതിന്നുശേഷം എല്ലാവരും ഭക്ഷണത്തിന്നൊരുങ്ങി. സദ്യവട്ടം കേമമായിരുന്നു. പരിയായുന്നവരെല്ലാം കോട്ടയിലെ വീട്ടിൽനിന്നു സദ്യയുടെ ഗുണങ്ങളെ വണ്ണിച്ചുകൊണ്ടു പുറത്തിറങ്ങി. അകത്തു പോയിരുന്ന വരനെ സ്ത്രീജനങ്ങൾ പോയിനോക്കി മടങ്ങി. പാറുക്കുട്ടിയമ്മയ്ക്കു മാത്രം വരനെ മുഖപരിചയമുള്ളതുപോലെ തോന്നി. കുഞ്ഞിക്കാവിനെ അകത്തേയ്ക്കയച്ചു് ഓട്ടക്കണ്ണിട്ടുനോക്കിയപ്പോൾ ശങ്കുവിനെപ്പോലെ തോന്നി. നന്നായി നോക്കിയപ്പോൾ ശങ്കുതന്നെ, സംശയമില്ല. അതുതന്നെ അന്നു വന്ന വരൻ.

ശങ്കു മദിരാശിക്കു പോയിരുന്നതു ശീമയ്ക്കു് ഒരു മറുപടിക്കമ്പി അയയ്ക്കാനായിരുന്നു. ശങ്കുവിനെ വളരെ സ്നേഹിച്ചിരുന്ന സായ്പു് ശീമയിൽ പോയി എത്തിയമുതൽ അയാൾക്കു തക്കതായ ഒരുദ്യോഗം കൊടുപ്പിക്കുന്നതിന്നു യത്നിച്ചിരുന്നു. മാസത്തിൽ 150 പവൻ ശമ്പളമുള്ള ഒരു സംസ്കൃതാദ്ധ്യാപകനായിരിക്കാൻ മനസ്സുണ്ടോ എന്നാണപേക്ഷിച്ചറിയാൻ ശങ്കുവിന്റെ ഒരു സ്നേഹിതന്നു് ആ സായ്പിന്റെ കമ്പിയുണ്ടായിരുന്നു. അതിന്നു മറുപടി അയച്ചവന്നതിന്നുശേഷമാണു് തസ്കരസംഘത്തെ ഉടച്ചതും നമ്മുടെ കാശിക്കയച്ചതും ത്രിജഗദ്ദീപശസ്ത്രികളേയും ഡാക്ടർ ഖിസ്സനേയും അയച്ചു സംബന്ധം ആലോചിച്ചതും സംബന്ധം മേൽപ്പറഞ്ഞപ്രകാരം നടന്നതും.

ഡാക്ടർ ഖിസ്സൻ പലേ തന്ത്രങ്ങൾ പ്രയോഗിച്ചിട്ടും ചിലവിന്നുകൂടി സമ്പാദ്യമില്ലാതെ ബുദ്ധിമുട്ടി. വിക്രമനു നല്ല സ്ഥിതിയായപ്പോൾ മടികൂടാതെ അഭയംപ്രാപിച്ചു് രക്ഷപ്പെടുകയും ചെയ്തു. ശീമയ്ക്കു പോകുമ്പോൾ ഇവിടെയുള്ള സ്വത്തുക്കളെ ഏല്പിച്ചുകൊടുക്കുകയോ തന്നോടുംകൂടി ശീമയ്ക്കു കൂട്ടിക്കൊണ്ടുപോകുകയോ ചെയ്യേണമെന്നുപേക്ഷിച്ചുകൊണ്ടു കൂടി. ശീമയ്ക്കു പോകുന്നപക്ഷം വിക്രമന്റെ പ്രധാനഭൃത്യന്റെ നിലയിൽ ഇരിക്കാമെന്നു ഖിസ്സൻ സമ്മതിച്ചു. കൂട്ടിക്കൊണ്ടുപോകാനും നിശ്ചയിച്ചു.

കള്ളർസംഘത്തിലെ സ്വത്തുക്കളെല്ലാം ഭാഗിച്ചെടുത്തപ്പോൾ ശങ്കുവിന്റെ ഓഹരിക്കു് 50,000ക.യുണ്ടായിരുന്നു. അതിൽനിന്നു 7000ക. നന്മൂരിക്കും 3000ക. കൃഷ്ണൻനായക്കും കൊടുത്തു. ബാക്കിയുള്ളതിൽനിന്നു താൻ മോഷണം ചെയ്ത വീടുകളിൽ പോയി കുന്നിരുട്ടി പ്രതിഫലം കൊടുത്തു തൃപ്തിപ്പെടുത്തുന്നതിനും ചന്ദ്രശേഖരനെ രക്ഷിച്ചതിനു പ്രതിഫലമായി ആ സ്ത്രീകൾക്കു 1000ക. വീതം കൊടുക്കുന്നതിനും ശിഷ്ടമുള്ളതു് അനുഭവിച്ചുകൊള്ളുന്നതിനും ഇട്ടീണാനെ ഏല്പിച്ചു.

വിക്രമനും കുഞ്ഞിക്കാവുംകൂടി ജർമ്മനിയിൽ പോയി ഇന്നും സുഖമായിരിക്കുന്നു.

GOVERNMENT HIGH & TRAINING SCHOOLS
KOTTAYAM.
KERALA STATE

അപ്പന്റെ മകൾ	മൂത്തിരിങ്ങോട്ട്
അമൃതകുമാരി (ഡി.)	കുഞ്ഞിരാമപ്പിഷാരടി
ആപ്പിൾപ്പൂമൊട്ട്	എ. ബാലകൃഷ്ണപ്പ
ഇണയും പ്രാവും	സ്വാമി ബ്രഹ്മവ്രതൻ
ഇരട്ടാക്കുക	വേർക്കോസ്
ഉമപ്പെണ്ണ്	ഡി. സരസ്വതി
ഊർമ്മിള	സീതാദേവി
ഒരു സ്ത്രീയുടെ ജീവിതം	മോപ്പസാങ്ങ്
കളിത്തോഴി	ചങ്ങമ്പുഴ
കാൻഡീഡ്	വോൾട്ടയർ
കേരളസിംഹം	കെ. എം. പണിക്കർ
കൊന്തയിൽനിന്നു കരിശിലേയ്ക്ക്	മുണ്ടശ്ശേരി
ഗോദാനം	പ്രേംചന്ദ്
ചഞ്ചലകുമാരി	ബങ്കിംചന്ദ്രചാറ്റർജി
ചുവന്ന കയിര	വിവ: കെ. പി. ശങ്കരൻ
ചേച്ചി	ജൈനേന്ദ്രകുമാർ
ചേൽക്കാശ്	മാക്സിംഗോർക്കി
ജീവിതനിഴൽപ്പാടുകൾ	ബഷീർ
തലയോട്ട്	തകഴി
തറവാട്ടമ്മ	ശരച്ചന്ദ്രചാറ്റർജി
തൊട്ടിയുടെ മകൻ	തകഴി
ത്രായസ്	അനാറോളും ഫ്രാൻസ്
ദിവാന്റെ പുത്രി	രമേശചന്ദ്രദത്ത്
ദേവദാസ്	ശരച്ചന്ദ്രചാറ്റർജി
നിർമ്മല	പ്രേംചന്ദ്
പതിതപങ്കജം	തകഴി
പരമാർത്ഥങ്ങൾ	,,
പരിമള (ഡി.)	പി. ടി. കുഞ്ഞുണ്ണിനായർ
പാർട്ടി കോമ്രേഡ്	യശ്പാൽ
പുതുശ്ശേരിനമ്പൂരിപ്പാടു	